

# വള്ളത്തോൾ

# കത്തുകൾ

സപ്തകം രണ്ട് ○ പുസ്തകം മൂന്ന്

# വള്ളത്തോൾ കത്തുകൾ

സർദാർ കെ. എം. പണിക്കർക്ക്
മഹാകവി അയച്ച 203 കത്തുകൾ

Digitized By Kerala Sahitya Akademi

(Malayalam)
**Vallathol Kathukal**
Letters
Compiled and Edited
by Kavalam Narayana Panicker
Rights reserved
Cover Design: Sankarankutty
First Published December 1978
Printed at D. C. Press Kottayam
Publishers:
D. C. BOOKS. KOTTAYAM - 686 001
Kerala State, India

Rs. 15.00

S No. 182 dcb 167 My. 14.7-2500-1278

Digitized By Kerala Sahitya Akademi

# വള്ളത്തോൾക്കത്തുകൾ

സമാഹരണം

കാവാലം നാരായണപ്പണിക്കർ

ഡി.സി.ബുക്സ് കോട്ടയം

1978

Digitized By Kerala Sahitya Akademi



കെ. എം. പണിക്കർ

ഇംഗ്ലീഷിലും മലയാളത്തിലും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ സാഹിത്യകാരനും, ചരിത്രപണ്ഡിതനും, രാജ്യതന്ത്രജ്ഞനുമായിരുന്ന സർദാർ കെ. എം. പണിക്കർ (മാധവപ്പണിക്കർ) 1894–ൽ കാവാലത്ത് ജനിച്ചു. ഓക്സ്ഫോർഡിൽ വിദ്യാഭ്യാസം. എം. എ., ബാർ–അററ്–ലാ ബിരുദങ്ങൾ നേടി. കാശ്മീർ, പാട്യാല, ബിക്കാനീർ എന്നീ നാട്ടുരാജ്യങ്ങളിൽ ഉപദേഷ്ടാവും മന്ത്രിയും ദിവാനുമായി പ്രവർത്തിച്ചു. യു. എൻ.–ൽ ഇന്ത്യൻ പ്രതിനിധിയായി. ചൈന, ഫ്രാൻസ്, ഈജിപ്ത് എന്നീ രാജ്യങ്ങളിൽ അംബാസഡറായി സേവനം അനുഷ്ഠിച്ചു. കേരളസാഹിത്യ അക്കാദമിയുടെ ആദ്യത്തെ പ്രസിഡണ്ട്. ജമ്മു–കാശ്മീർ, മൈസൂർ എന്നീ സർവ്വകലാശാലകളുടെ വൈസ്ചാൻസലർ. 1963–ൽ അന്തരിച്ചു.



വള്ളത്തോൾ

വാല്മീകിരാമായണം, ഋഗ്വേദം, ശാകുന്തളം തുടങ്ങിയ പരിഭാഷകളും 11 ഭാഗങ്ങളുള്ള സാഹിത്യമഞ്ജരിയുമുൾപ്പെടെ തൊണ്ണൂറോളം കൃതികളുടെകർത്താവായ വള്ളത്തോൾ നാരായണമേനോൻ 16–10–1878–ൽ ജനിച്ചു. ഗുരുകുലസമ്പ്രദായമനുസരിച്ച് വിദ്യാഭ്യാസം. 1895 മുതൽ കവിതയെഴുത്തു തുടങ്ങി. ആത്മപോഷിണിയുടെ പത്രാധിപരായി. 1927–ൽ കലാമണ്ഡലം സ്ഥാപിച്ചു. ഫ്രാൻസ്, ഇംഗ്ലണ്ട്, ഇററലി, റഷ്യ, ചൈന എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. കേരള സാഹിത്യ അക്കാദമി ഉപാദ്ധ്യക്ഷനും കേന്ദ്ര സാഹിത്യ അക്കാദമി അംഗവുമായി. കവിതിലകൻ, കവിസാർവ്വഭൗമൻ എന്നീ ബിരുദങ്ങളും രാഷ്ട്രപതിയിൽനിന്നു പത്മഭൂഷണബഹുമതിയും നേടി. 13–3–1958–ൽ അന്തരിച്ചു.

Digitized By Kerala Sahitya Akademi

# പ്രസാധകക്കുറിപ്പ്

മഹാന്മാരുടെ കത്തുകൾക്ക് സാഹിത്യകൃതികളേക്കാൾ മൂല്യം കല്പി ക്കാറുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ നെപ്പോളിയന്റെ എട്ടു കത്തുകൾ 1933-ൽ ലണ്ടനിൽ ലേലംചെയ്യപ്പോൾ ഇരുപതിനായിരം പവൻ വില നൽകാൻ ആളുണ്ടായി. ഏതൊരാളുടെയും വികാരവിചാരങ്ങൾ കലവറ യില്ലാതെ പ്രകാശിതമാകുന്നത് വ്യക്തിപരമായ കത്തുകളിലാണ്. പ്രമുഖവ്യക്തികളുടെ കത്തുകൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുന്ന സമ്പ്ര ദായവും പാശ്ചാത്യരാജ്യങ്ങളിലുണ്ട്. ഇന്ത്യയിൽ ജവാഹർലാൽനെഹ്റു എഡിററ്ചെയ്തു പ്രകാശിപ്പിച്ച 'പഴയ കത്തുകളുടെ ഒരു കൂട്ടം' പ്രസിദ്ധ മാണ്.

എന്നാൽ മലയാളത്തിൽ കത്തുകളുടെ സമാഹാരമായി പുറത്തുവരുന്ന ആദ്യത്തെ ഗ്രന്ഥമാണ് 'വള്ളത്തോൾകത്തുകൾ.' 1929 മുതലുള്ള 28 വർഷത്തിനിടയ്ക്കു മഹാകവി വള്ളത്തോൾ സർദാർ കെ. എം. പണിക്കർക്ക് അയച്ച ഇരുന്നൂറിൽപരം കത്തുകൾ ഇതിൽ ഉൾപ്പെടുന്നു. വള്ളത്തോളും കെ. എം. പണിക്കരും പലതരത്തിലും അവിസ്മരണീയരായ വ്യക്തി കളാണല്ലോ. അവരുടെ സുദീർഘവും സുദൃഢവുമായ സൗഹൃദബന്ധത്തി ലേക്കും അവരുടെ വ്യക്തിത്വങ്ങളിലേക്കും വെളിച്ചം വീശുന്നവയാണ് ഈ കത്തുകൾ; മഹാകവിയുടെ നർമ്മബോധവും ശൈലിയുടെ മാധുര്യവും ഈ കത്തുകളിലും തെളിഞ്ഞു കാണാം. മാത്രമല്ല, അദ്ദേഹത്തിന്റെ ജീവി തത്തിലെ നിരവധി സംഭവങ്ങളിലേക്കും ഇവ ഉൾക്കാഴ്ച നൽകുന്നു.

ഈ കത്തുകൾ ക്രമീകരിച്ച് പ്രസിദ്ധീകരണത്തിനു തയ്യാറാക്കിയത് പ്രശസ്ത സാഹിത്യകാരനും കെ. എം. പണിക്കരുടെ അനന്തരവനുമായ കാവാലം നാരായണപ്പണിക്കരാണ്. അദ്ദേഹത്തിനു നന്ദി പറഞ്ഞു കൊള്ളുന്നു.

*കോട്ടയം*

*ഡിസംബർ 23–1978*

Digitized By Kerala Sahitya Akademi

കേന്ദ്ര സാഹിത്യ അക്കാദമി ചെയർമാൻ

***ഡോ. ഉമാശങ്കർ ജോഷി***

1978 ഡിസംബർ 23–ന് കോട്ടയത്തുവച്ച്
ഈ പുസ്തകം പ്രകാശനംചെയ്തു.

Digitized By Kerala Sahitya Akademi

# ആമുഖം

മഹാകവി വള്ളത്തോരം എന്റെ അമ്മാവനായ സർദാർ കെ. എം. പണിക്കർക്കയച്ച കത്തുകരം സഹൃദയസമക്ഷം അവതരിപ്പിക്കാൻ അതിയായ സന്തോഷമുണ്ട്. 1963-ൽ ഞാനും ശ്രീ ജോസഫ് മുണ്ടശ്ശേരിയും ഒന്നിച്ച് മൈസൂറിൽവച്ച്, അന്ന മൈസൂർ സർവ്വകലാശാലയിൽ വൈസ്ചാൻസലറായിരുന്ന അമ്മാവനെ ചെന്നകണ്ടപ്പോരം, ഈ കത്തുകളും, മററു പല സാഹിത്യസുഹൃത്തുക്കളും അയച്ചിട്ടുള്ള കത്തുകളും, പിന്നീട പരിശോധിച്ച് പ്രസിദ്ധീകരിക്കുന്ന ചുമതല സസ്നേഹം എന്നെ ഏല്പിച്ചിരുന്നു. എന്നാൽ ഇതേവരെ അതിന്നു കഴിഞ്ഞില്ല. ഇപ്പോഴാകട്ടെ, സാഹിത്യവിഷയത്തിൽ തല്പരനും, ഇംഗ്ലീഷിൽ ഒരെഴുത്തുകാരനുമായ ശ്രീ മധുപണിക്കർ (സർദാർ പണിക്കരുടെ മകൻ) മലയാളം കത്തുകരം, കിട്ടിയിട്ടുള്ളവയെല്ലാം, എന്നെ ഏല്പിച്ചുതന്നു. വള്ളത്തോരംശതാബ്ദിയോടനുബന്ധിച്ച്, മഹാകവിയുടെ കത്തുകരം സമാഹരിക്കുവാൻ കഴിഞ്ഞതു് അങ്ങനെയാണ്. കുട്ടിക്കാലത്തു് മഹാകവിയോടൊപ്പം ചെറുതുരുത്തിയിൽ കുറെനാരം ഗുരുകുലവാസംപോലെ കഴിക്കാൻ ഇടവന്നിട്ടുള്ള എനിക്കു് ആത്മബന്ധപ്രേരിതമായ ഗുരുസ്മരണയായി ഈ ഗ്രന്ഥത്തെ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഒട്ടല്ല ചാരിതാത്ഥ്യം.

## മമതയുടെ കഥ

സർദാർ പണിക്കർ തന്റെ ആത്മകഥയിൽ മഹാകവിയുമായുള്ള അദ്ദേഹത്തിന്റെ സൗഹൃദത്തെപ്പററി ഇങ്ങനെ കുറിച്ചിട്ടുണ്ട്:

'പി. വി. കൃഷ്ണവാരിയരുടെ ആധിപത്യത്തിൽ കോട്ടയ്ക്കൽ നിന്നും പുറപ്പെട്ടുകൊണ്ടിരുന്ന 'കവനകൗമുദി'യിലാണ് ഞാൻ കവിതകരം പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയതു്. യുവാക്കന്മാരെ ഉത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ കാണിച്ചിരുന്ന വാരിയരുടെ ഉപദേശങ്ങരം എനിക്കു വലിയ സഹായവുമായിരുന്നു. 'കവനകൗമുദി'യിൽ കണ്ട 'ഒരു കത്തു്' അഥവാ 'രുഗ്മി

Digitized By Kerala Sahitya Akademi

യുടെ പശ്ചാത്താപം' എന്ന കൃതിയാണു് എന്നെ വള്ളത്തോൾ കവിതയിലേക്കു് ആകർഷിച്ചതു്. അതു വായിച്ച ഉടനെ, വള്ളത്തോളിന്റെ മററു കൃതികൾ വാങ്ങി അയച്ചുതരണമെന്നു ഞാൻ വാരിയർ അവർകളോടു് ആവശ്യപ്പെട്ടു. വള്ളത്തോൾ തന്നെയാണു് പുസ്തകങ്ങൾ അയച്ചു തന്നതു്. അങ്ങനെയാണു് ഞങ്ങൾ തമ്മിൽ ആദ്യമായി കത്തിടപാടുണ്ടായതു്.'

'ഒരു കത്തു്' എന്ന കവിതയുടെ രചനാകാലം 1914 ആണു്. ഏതാണ്ടു് ആ കാലം കഴിഞ്ഞ ഉടനെതന്നെ, ഓക്സു് ഫോഡ്് സർവ്വകലാശാലയിൽ പഠിച്ചിരുന്ന കെ. എം. പണിക്കരുമായുള്ള വള്ളത്തോളിന്റെ എഴുത്തുകുത്താരംഭിച്ചു. എന്നാൽ ആദ്യകാലത്തെ കത്തുകളെല്ലാം നഷ്ടപ്പെട്ടുപോയി. ഇവിടെ പ്രകാശിപ്പിക്കുന്ന കത്തുകൾ 1929മുതൽക്കുള്ളവയാണു്. ഏതാണ്ടു് 43 കൊല്ലത്തെ നീണ്ട സൗഹൃൽബന്ധത്തിൽ 28 സംവത്സരങ്ങൾ വ്യാപിച്ചുനില്ക്കുന്ന നിരന്തരമായ സമ്പർക്കത്തിന്റെ കഥ ഈ കത്തുകളിലുണ്ടു്. സാഹിത്യാടിസ്ഥാനത്തിൽ ആരംഭിച്ച പരിചയം, ലോഹ്യത്തിന്റെ അതിരും കടന്നു്, ഉററ ചങ്ങാത്തമായി തഴച്ചു വളരുന്നതു് ഇവിടെ കാണാം. വള്ളത്തോളിന്നു തിരിച്ചുകിട്ടിയ കത്തുകൾ സൂക്ഷിക്കപ്പെട്ടിട്ടില്ലെങ്കിലും, ഇവിടെ പ്രകാശിപ്പിക്കുന്ന 203 കത്തുകളിലൂടെ, ഈ രണ്ടു സുഹൃത്തുക്കൾ തമ്മിൽ നിലനിന്നിരുന്ന സ്നേഹബന്ധവും കർമ്മബന്ധവും സുവ്യക്തമാകുന്നുണ്ടു്. സാഹിത്യവിഷയത്തിലെന്നപോലെ, കലാമണ്ഡലപരിപോഷണത്തിലും, മാത്രമല്ല, മഹാകവിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൎത്തനങ്ങളിലും ഈ സൗഹൃദം പ്രബലമായ സ്വാധീനം ചെലുത്തിയിരുന്നു. 'കുറെ ദിവസങ്ങളായി താങ്കളുടെ കത്തു കിട്ടാത്തതുകൊണ്ടു് മനസ്സിന്നു് ഒരു മന്ദത തോന്നുന്നു,' എന്നു് ഒരു കത്തിൽ മഹാകവി തന്റെ ഒഴിച്ചുകൂടാനാവാത്ത മമതയെ കലവറയില്ലാതെ പ്രകടിപ്പിച്ചിരിക്കുന്നു. തന്റെ ജീവിതവും, ജീവിതവ്യഗ്രതകളും തുറന്നുകാണിക്കുന്ന ഈ രചനകളിൽ എവിടെയും സ്നേഹത്തിന്റേയും വിശ്വാസ്യതയുടേയും ഇളംചൂടു് അനുഭവപ്പെടുന്നു. മലയാളസാഹിത്യത്തിൽ സർദാറിന്നു് ഗുരുസ്ഥാനീയനായിരുന്നു വള്ളത്തോൾ. എന്നാൽ ഇരുവരും കൊള്ളകയും കൊടുക്കകയും ചെയ്തിരുന്നു. 'ചാടൂക്തിമുക്താവലി'യിലെ ഒരു ശ്ലോകത്തിൽ 'ഖല' ശബ്ദത്തേക്കാൾ ഉചിതത്വം 'കിതവ'ശബ്ദത്തിനാണെന്നു നിർദ്ദേശിക്കാൻ, എന്നപോലെ, 'പങ്കീപരിണയ'ത്തിൽ തന്റെ വകയായി ഒരു ശ്ലോകം എഴുതിച്ചേർക്കാനും വള്ളത്തോളിന്നു സ്വാതന്ത്ര്യമുണ്ടായിരുന്നു. ഒരു വീട്ടുകാരനെയോ, ജ്യേഷ്ഠഭ്രാതാവിനെയോ

Digitized By Kerala Sahitya Akademi

പോലെ, പലതും ആജ്ഞാപിക്കുവാൻ, കലാമണ്ഡലത്തിന്റെ ധനസമ്പാദനക്കാര്യത്തിൽ പ്രത്യേകിച്ചും,—വള്ളത്തോൾ മടിച്ചിട്ടില്ല; സ്വന്തം ജീവിതത്തേയും കർമ്മരംഗത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ തിരിച്ച് ഉപദേശം തിരക്കുകയും, പ്രശ്നങ്ങളുടെ കെട്ടഴിക്കാൻ സഹായം തേടുകയും ചെയ്യുന്ന കാര്യത്തിൽ അദ്ദേഹം ഒരിക്കലും മടിച്ചിട്ടില്ല. എത്രതന്നെ ചെറിയ പ്രശ്നങ്ങളിൽപ്പോലുമുള്ള തന്റെ പരിഭ്രാന്തിക്കു് ഉപശാന്തി, നിരന്തരമുള്ള കത്തുകളുടെ രചനയിലൂടെ, കണ്ടെത്തുംപോലെയാണു തോന്നുക.

## മതിപ്പിന്റെ അന്യോന്യത

കെ. എം. പണിക്കരുടെ മഹാകവിയിലുള്ള സ്വാധീനവും, അദ്ദേഹത്തോടുള്ള ബഹുമാനവും ഒട്ടും കുറവായിരുന്നില്ല. വള്ളത്തോളിനോടു് അദ്ദേഹത്തിനു് എത്രയധികം മതിപ്പാണുണ്ടായിരുന്നതെന്നു്, 'മഗ്ദലനമറിയ'ത്തിന്റെ ഇംഗ്ലീഷ്പരിഭാഷയ്ക്കദ്ദേഹം എഴുതിക്കൊടുത്ത മുഖവുരയിലെ ഈ പ്രസ്താവം തെളിവാണു്:

'കഴിഞ്ഞ നാല്പതിലേറെ കൊല്ലമായി മലയാളത്തിലെ ഏററവും ശ്രദ്ധേയനായ കവി മാത്രമല്ല, ദക്ഷിണദിക്കിലെ സാംസ്കാരികപ്രസ്ഥാനങ്ങളുടെ അംഗീകൃതനേതാവുകൂടിയാണു വള്ളത്തോൾ. കേരളകലാമണ്ഡലത്തിന്റെ സ്ഥാപകനും, ആചാര്യനും എന്ന നിലയിൽ, ഒരുകാലത്തു മലബാറിൽ പ്രചാരത്തിലിരുന്നതും, നാശോന്മുഖമായിത്തീർന്നിരുന്നതുമായ കഥകളി തുടങ്ങിയ നൃത്തനാടകരൂപങ്ങളുടെ പുനരുദ്ധാരണത്തിനു് ഉത്തരവാദി അദ്ദേഹമാണു്. മിക്കവാറും അദ്ദേഹത്തിന്റെ വ്യക്തിപരമായ മുൻകൈയും, നേതൃത്വവുംമൂലം മാത്രമാണെന്നു പറയാം, ഇന്നു കഥകളിപരിപാടികൾ ഡൽഹിയിലും, കല്ക്കത്തയിലും, ബോംബയിലും മാത്രമല്ല, ലണ്ടനിലും, പാരീസിലും, ന്യൂയോർക്കിലും കാണാൻ കഴിയുന്നതു്.'

വള്ളത്തോൾ രചന തുടങ്ങിവച്ച 'മലയാളം' എന്ന മഹാകാവ്യത്തിന്റെ കാര്യത്തിലും, അദ്ദേഹത്തിന്റെ എഴുതപ്പെടാത്ത ആത്മകഥയുടെ കാര്യത്തിലുംമററും കെ. എം. പണിക്കർ വള്ളത്തോളിനു നല്കിയിരുന്ന നിരന്തരവും നിർബ്ബന്ധപൂർണ്ണവും, നിർദ്ദേശയുക്തവുമായ പ്രേരണയുടെ ശബ്ദം ഈ കത്തുകളിൽ അങ്ങിങ്ങു മുഴങ്ങുന്നുണ്ടു്. 'മലയാള'രചന മഹാകവി തന്റെയുള്ളിൽ താലോലിച്ചിരുന്ന അന്ത്യകാലസ്വപ്നമായിരുന്നു.

Digitized By Kerala Sahitya Akademi

പ്രസിദ്ധീകരണം ഒരിക്കലും ഉദ്ദേശിച്ചിരിക്കാൻ ഇടയില്ലാത്ത ഈ കത്തുകളെ, മലയാളത്തിൽ അപൂർവമായിമാത്രം കാണാൻ കഴിയുന്ന വ്യക്തിസൗഹൃദത്തിന്റെ കാവ്യമായി വിശേഷിപ്പിക്കാം. വള്ളത്തോളിന്റെ കവിതയിൽപ്പോലും കാണാത്ത ചില തലങ്ങളിലേക്ക്, ജീവിതവ്യാകുലതയുടെ ചിത്രങ്ങൾ പ്രതിഫലിപ്പിച്ചുകൊണ്ട്, ഇതിലെ കവിത വ്യാപരിക്കുന്നു. സമഗ്രമായ ഒരു സാഹിത്യരൂപത്തിന്റെ മേന്മ ഇത്തരം കത്തുകൾക്ക കൈവരുന്നത്, അവയെ ചൈതന്യധന്യമാക്കുന്ന ആത്മാർത്ഥത കൊണ്ടുതന്നെയാണ്. ഒരാൾ മറ്റൊരാൾക്കയച്ച ഏതാനും കത്തുകൾ, എന്നതിലും ഉപരിയായി ഇവയ്ക്കു സമഗ്രതയുണ്ടാകുന്നതു് ഈ അർത്ഥത്തിലാണ്. കലാമണ്ഡലത്തിനും, വള്ളത്തോൾഗ്രന്ഥാലയത്തിനുമുള്ള ദ്രവ്യസമ്പാദനമാണു കൂടുതൽ കത്തുകളിലേയും പ്രതിപാദ്യമെങ്കിലും, അതിന്നിടയിൽ സാഹിത്യപരമായ ചർച്ചകളും സുലഭമായി സ്ഥാനം പിടിച്ചിരിക്കുന്നു. സംസ്കൃതത്തിലും മലയാളത്തിലുമുള്ള അനേകം കൃതികളേയും ഗ്രന്ഥകാരന്മാരേയും കുറിച്ച് വള്ളത്തോളിനുള്ള അഭിപ്രായം പ്രകടമാക്കുന്ന അനേകം സന്ദർഭങ്ങൾ ഉടനീളം കാണാം. അനർഗ്ഗളമായി ഒഴുകുന്ന ഗദ്യശൈലി, പദ്യകാരനായ വള്ളത്തോളിൽ പ്രകൃത്യാ പരിലസിക്കുന്ന പാത്രാവിഷ്കാരചാതുരി, ഉക്തിവൈചിത്ര്യം ഇവയെല്ലാം നിറഞ്ഞു കാണുന്ന ഈ കത്തുകൾക്കു് ഒരു കഥാകാവ്യം വായിച്ചുപോകുന്ന സുഖമുണ്ട്. ഈ കത്തുകളിലൂടെ ഉരുത്തിരിയുന്ന കുറെ തൂലികാചിത്രങ്ങളുണ്ട്. പല സുഹൃത്തുക്കളേപ്പററിയുമുള്ള ക്ഷണമാത്രചിത്രങ്ങൾ ചിലപ്പോൾ നർമ്മരസം ചാലിച്ചും, മററു ചിലപ്പോൾ പരിഭവം കലർത്തിയും, ചുരുക്കം ചിലപ്പോൾ കടുത്ത അമർഷകലുഷമായും ഈ കത്തുകളിൽ വരച്ചിരിക്കുന്നു. വള്ളത്തോൾക്കവിതകളിൽ തിളങ്ങുന്ന ശബളാഭമായ വ്യക്തിത്വം ഭാവരസവൈചിത്ര്യത്തോടു കൂടി ഇവിടെയും കാണാം. അദ്ദേഹത്തിനു പ്രിയംകരമായിരുന്ന കഥകളിയിലെ മിനുക്ക്, പച്ച തുടങ്ങിയുള്ള വേഷങ്ങളെപ്പോലെ ഈ കത്തുകളിൽ തിരനോക്കുകയും, ഗോഗ്വാ വിളിക്കുകയും കലാശംചവിട്ടുകയും ചെയ്യുന്ന പ്രഭുക്കന്മാരേയും നാട്ടുരാജാക്കന്മാരേയും നമുക്കു കാണാൻ കഴിയുന്നു. വ്യംഗ്യമര്യാദ അതിലംഘിക്കാതെയുള്ള വ്യക്തിപരാമർശങ്ങളും, സാഹിത്യവാദപ്രതിവാദങ്ങളെപ്പററിയുള്ള സൂചനകളും വള്ളത്തോളിന്റെ പ്രത്യേകതയാണ്; ഉള്ളൂരിനെ തട്ടുന്നതിലും, നാലപ്പാടനെ വെ

Digitized By Kerala Sahitya Akademi

ട്ടുന്നതിലും, മാരാരെ കൊട്ടുന്നതിലും, മുണ്ടശ്ശേരിയെ മുട്ടുന്നതിലും എല്ലാം ചിലപ്പോഠം ആവേശവും വാശിയും വിടാറില്ലെങ്കിലും.

## കഥകളിയുടെ കേളിക്കൊട്ടു്

വടക്കേ ഇന്ത്യയിലെ ബിക്കാനീർ, പട്ടിയാലാ, തുടങ്ങിയ നാട്ടുരാജാക്കന്മാരേയും, മാർവാഡിപ്രഭുക്കന്മാരേയും പിടികൂടി കലാമണ്ഡലത്തിൻെറ മരാമത്തിനു പണം പിരിക്കുന്നതോടൊപ്പം, കഥകളിയുടെ കേളി ഭാരതത്തിലെങ്ങും മുഴക്കാനും തനിക്കു കിട്ടിയിരുന്ന ഒരവസരവും പാഴാക്കാതെ അദ്ദേഹം തീവ്രയത്നം ചെയ്തു. രാജകൊട്ടാരങ്ങളിൽ നടക്കുന്ന പള്ളിക്കെട്ടുകഠം, വിശിഷ്ടവിദേശാതിഥികളുടെ സന്ദർശനം, ഇതെല്ലാം നേരത്തെക്കൂട്ടി അറിഞ്ഞുവെച്ചു്, ആ സന്ദർഭങ്ങളിലെല്ലാം കഥകളിപരിപാടി നടത്താൻ ബന്ധപ്പെട്ടവരെ പ്രേരിപ്പിക്കുന്നതിൽ സദാ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. കലാമണ്ഡലത്തിനുവേണ്ടിയുള്ള നിരന്തരമായ പ്രവർത്തനങ്ങഠം സംഘടിപ്പിക്കുന്നതിലും, അതിൻെറ ഓരോ ഘട്ടത്തിലും താൻ ഉദ്ദേശിച്ചുവെച്ച വഴിയേ നീങ്ങുമ്പോഴുണ്ടാകുന്ന തടസ്സങ്ങഠം തരണംചെയ്യുന്നതിലും, അദ്ദേഹത്തിൻെറ മനസ്സു് ജാഗരൂകമായിരുന്നു. കലാമണ്ഡലത്തിനുവേണ്ടിയുള്ള ധനസമ്പാദനത്തിൽ എന്നപോലെതന്നെ, കഥകളിപ്രചരണത്തിലും, അദ്ദേഹം അതീവ പ്രാധാന്യം കല്പിച്ചിരുന്നു. നാട്ടുരാജ്യങ്ങളിലെ രാജസഭകളിലും, കലാരസികരടങ്ങുന്ന ഗൃഹസദസ്സുകളിലും, ഒരു നടനേയും അത്യാവശ്യമേളക്കാരേയുംകൊണ്ടു് കഴിച്ചുകൂട്ടിയിട്ടുള്ള പ്രകടനങ്ങഠം നമ്മുടെ കലയുടെ അപൂർവ്വസിദ്ധികഠം മറുനാട്ടുകാരെ ബോദ്ധ്യപ്പെടുത്തുവാൻ അത്യന്തം ഉപകരിച്ചിട്ടുണ്ടു്. 1936—ൽ കഥകളിസംഘവുമായി ഉത്തരേന്ത്യയിൽ നടത്തിയ പര്യടനത്തെപ്പററി അദ്ദേഹം ഒരു കത്തിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു: 'അവിടങ്ങളിൽ സ്വല്പം പഠിപ്പുള്ളവരെല്ലാം നമ്മുടെ ഈ പഴഞ്ചൻ പുറപ്പാടിനെ 'പരിഷ്കാരം തികഞ്ഞ ഒരു കലാവിദ്യ' എന്നു് ഏകകണ്ഠമായി പ്രശംസിക്കുകതന്നെയാണു് ചെയ്തതു്.'

കഥകളിക്കു കലാരസികരിൽനിന്നും കിട്ടുന്ന ആദരവു് തനിക്കു കിട്ടുന്ന ആദരവായി ഗണിക്കാനും, ഈ കലയെ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതു് തൻെറ ജീവിതവ്രതമായി മാററുവാനും, ഈ കലയുടെ അന്യാദൃശമായ

Digitized By Kerala Sahitya Akademi

മേന്മ ബോദ്ധ്യപ്പെടുത്തി. ധനികന്മാരുടെ പണസ്സഞ്ചികാം അഴിപ്പിക്കുന്നതു് നാടിന്റെ സാംസ്കാരികാഭിവൃദ്ധിയുടെ അവശ്യോപാധിയാണെന്നു് ആത്മാർത്ഥമായി വിശ്വസിക്കുവാനും അദ്ദേഹത്തെ ശക്തനാക്കിയ പ്രത്യേക ജീവിതസമീപനം ഒററ നോട്ടത്തിൽ, ഒരുവേള വിമർശിക്കപ്പെട്ടേക്കാം; പണമുള്ളവനെ പിഴിയാനുള്ള മടിയില്ലായ്കയെന്നു്. അദ്ദേഹത്തിനുതന്നെ ചില സമയങ്ങളിൽ, പണത്തിനുവേണ്ടി വല്ലാതെ കിഴിയുന്നതു് തന്റെ 'ദുര'കൊണ്ടല്ലേ എന്നു തോന്നിച്ചിരുന്നതു് അങ്ങനെതന്നെ പറയാൻ മടിയുണ്ടായിരുന്നില്ല. എന്നാൽ കലാമണ്ഡലത്തിലൂടെ തന്റെ നാടിന്റെ പരമ്പരാഗതമായ സാംസ്കാരികമൂല്യങ്ങളെ പുനഃപ്രതിഷ്ഠിക്കാൻ ശപഥമെടുത്ത ആ കലാസ്നേഹി, ലക്ഷ്യപ്രാപ്തിക്കുവേണ്ടി അനവരതം ലജ്ജവിട്ടു ശ്രമിക്കാനുള്ള ഉദ്ദേശശുദ്ധികൊണ്ടു് അനുഗൃഹീതനായിരുന്നു. താൻ വളത്തിക്കൊണ്ടുവന്ന കലാമണ്ഡലത്തെ കൊച്ചിഗവണ്മെൻറിലൂടെ പൊതുജനങ്ങാംക്കായി സമർപ്പിച്ചുകഴിഞ്ഞിട്ടും, ആ സ്ഥാപനവുമായുള്ള അദ്ദേഹത്തിന്റെ ഹൃദയബന്ധത്തിനു് ഒട്ടും തളർച്ച ബാധിച്ചില്ല. ഈ ഗ്രന്ഥത്തിൽ ചേത്തിട്ടുള്ള അവസാനത്തെ കത്തിൽ കലാമണ്ഡലം കോളേജാകുന്നതായുള്ള വാത്തയെപ്പറ്റിയുള്ള അഭിമാനകരമായ പ്രസ്താവത്തോടെയാണു് അദ്ദേഹം വിരമിക്കുന്നതു്.

## വള്ളത്തോളിന്റെ പണിപ്പുര

'മലയാളം' എന്ന മഹാകാവ്യത്തെക്കുറിച്ചു് പലയിടങ്ങളിലും കാണുന്ന പരാമർശങ്ങാം വള്ളത്തോളിന്റെ കാവ്യരചനാസമ്പ്രദായത്തെ വ്യക്തമാക്കുന്നവയാണു്. അദ്ദേഹത്തിന്റെ മനസ്സിനുള്ളിലെ പണിപ്പുരയിലേക്കുള്ള ദിങ്മാത്രദർശനമാണു് ഇവയിൽനിന്നും നമുക്കു കിട്ടുന്നതു്. ഇതിവൃത്തത്തെപ്പററിയുള്ള ദീഘകാലപഠനംകൊണ്ടു് മനസ്സിൽ ഒരു കൃതിയുടെ, മിക്കവാറും വിശദാംശങ്ങാംപോലുമടങ്ങിയ ഘടന, സ്വരൂപിച്ചെടുക്കുന്നതിന്റെ മാഗ്ഗങ്ങാം ഇവിടെ സ്പഷ്ടമായും കാണാം. 'മലയാള' മഹാകാവ്യത്തിന്റെ വിശദാംശങ്ങളെക്കുറിച്ചു് ഒരു കത്തിൽ അദ്ദേഹം ആരായുന്നതു നോക്കുക: 'മാനവേലിന്റെ സദസ്സിൽ ആളുകളുടെ വേഷം എങ്ങനെയായിരുന്നു, ആവോ? ഉടുപ്പു സാധാരണമായി എന്തു നിറത്തിലുള്ളതായിരിക്കാം? ഉപചാരരീതി എങ്ങനെ? പോർട്ടുഗീസുരാജാവിന്നു കിരീടം, ചെങ്കോൽ

Digitized By Kerala Sahitya Akademi

മുതലായവ ഉണ്ടായിരുന്നില്ലേ? കിരീടത്തിൻെറ മട്ടെങ്ങനെ? ഇന്ത്യൻകിരീടംപോലെ ആയിരിക്കാൻ സംഗതിയില്ലല്ലൊ.' ഇതുപോലെ മററനേകം സ്വന്തവും അന്യരുടേതുമായ കൃതികളെപ്പററി അങ്ങിങ്ങുള്ള സൂചനകൾ ശ്രദ്ധേയമാണ്. സ്വന്തം കൃതികളെപ്പററി ഇത്ര വിശദമായി മറെറങ്ങും വള്ളത്തോൾ പറഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല.

വള്ളത്തോൾക്കവിതയിൽ പലേടത്തും പരാമർശിക്കാറുള്ള കുടുംബജീവിതവും, കുടുംബസൗഭാഗ്യവും, ഗാർഹസ്ഥ്യാപദാനവും പ്രസിദ്ധിപെററതാണല്ലൊ. കാവ്യവിഷയമാകാറുള്ള ആ സങ്കല്പങ്ങളുടെ പ്രകടമായ വശം ഇവിടെ ആവിഷ്കൃതമായിരിക്കുന്നു. ഇവിടെ വികസിച്ചുനില്ക്കുന്ന മമതാബന്ധത്തിൻെറ ദൃഢതയെ കണക്കിലെടുത്തുകൊണ്ടുവേണം ഈ കത്തുകളെ സമീപിക്കാൻ. മഹാകവി വള്ളത്തോളിനെ പഠിക്കാൻ ഉദ്യമിക്കുന്ന ഗവേഷകനു്, അദ്ദേഹത്തിലെ മനുഷ്യനെ മനസ്സിലാക്കാനും, ഒപ്പം അദ്ദേഹത്തിൻെറ കാവ്യദർശനങ്ങൾക്കു പ്രേരകമായി വർത്തിച്ച ജീവിതസമീപനത്തെ ഗ്രഹിക്കുവാനും ഈ കത്തുകൾ ഏറെ സഹായകമാകും. മഹാകവി ഏറെനാൾ ഉള്ളിൽ വിചാരിച്ചുവെച്ച ആത്മകഥാരചന നടക്കാതെപോയെങ്കിലും, ഈ കത്തുകളിലൂടെ, അദ്ദേഹം സ്വന്തം കഥകൾ സത്യസന്ധമായി വർണ്ണിച്ചിരിക്കുന്നു. അതിനാൽ എഴുതപ്പെടാത്ത ആത്മകഥയുടെ എഴുതപ്പെട്ട പതിപ്പായി ഇവയെ പരിഗണിക്കാവുന്നതാണ്. ഒരുവേള, ആത്മകഥ എഴുതിയിരുന്നെങ്കിൽക്കൂടിയും, ഈ കത്തുകളിലെ കലവറയില്ലാത്ത ശബ്ദം അങ്ങനെതന്നെ നമുക്കു കേൾക്കാൻ കഴിയുമായിരുന്നോ എന്നു സംശയമാണ്. കത്തുകൾ മിക്കവാറും അങ്ങനെതന്നെ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്; ഇതിൽ എന്തെങ്കിലും സംവിധാനം നടത്തുന്നതു് ശരിയായിരിക്കയില്ല. വ്യക്തികളെക്കുറിച്ചുള്ള നിശിതവിമർശനങ്ങൾ വള്ളത്തോളിൻെറ ഉറച്ച അഭിപ്രായങ്ങളാകയാൽ, അവയെ പൊതിഞ്ഞുവെക്കുന്നതു ശരിയല്ലല്ലോ. വളരെ ചുരുക്കം ചില യിടങ്ങളിലുള്ള പരാമർശങ്ങൾമാത്രമേ ഒഴിവാക്കിയിട്ടുള്ളു.

കത്തുകൾ സമാഹരിക്കുന്നതിൽ എന്നെ സഹായിച്ച ശ്രീ മധുപണിക്കരോടും ഡാക്ടർ അയ്യപ്പപ്പണിക്കരോടും എനിക്കു കടപ്പാടുണ്ടു്. ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം ഏറെറടുത്ത ശ്രീ ഡി. സി. ക്കു് കൃതജ്ഞത.

തിരുവനന്തപുരം
20-8-1978

കാവാലം നാരായണപ്പണിക്കർ

Digitized By Kerala Sahitya Akademi

## 'ചാലയിൽ മാധവൻ'

*വള്ളത്തോൾ*

കേയം പണിക്കക്കെറുപതായ് പോൽ വയ—
സ്സീയിടവത്തിൽ—വർഷാരംഭമാസമേ,

മായൂരകേകയാലമ്മഹാന്റെ, പെരു—
ത്തായുസ്സു നേൎന്നു പൊഴിക്ക ഹർഷാശ്രു നീ.

എട്ടു ദിക്കും മുഴങ്ങിച്ചെൻ മലനാട്ടു
കൊട്ടട്ടെ, നവ്യാഭ്രമംഗളഭേരിയെ.

സ്പൃഷ്ടതാരുണ്യനാം സർദാർപണിക്കർതൻ
ഷഷ്ട്യബ്ദപൂർത്തേ ജയിക്ക ജയിക്ക നീ.

വിദ്യാൎത്ഥിയാമൊരു 'ചാലയിൽ മാധവൻ'
പത്രമൊന്നജ്ഞാതനാമെനിക്കാദ്യമായ്

ഇംഗ്ലണ്ടിൽനിന്നിങ്ങയച്ചതിമ്പംപെടും
കൺകൊണ്ടു വായിച്ചുനോക്കി ഞാൻ നണ്ണിനേൻ:

'ലണ്ടൻ കലാശാലയിങ്കൽ പഠിപ്പിപ്പ—
തുണ്ടായിരിക്കാമഹേതുവാം സ്നേഹവും.'

ഭാവിയാമന്യോന്യമൈത്രിതൻ ഭൂമണം
താവുമാ വെള്ളക്കടലാസെഴുത്തുടൻ

ഒട്ടു കസ്തൂരികച്ചാറു തളിച്ചു വെൺ—
പട്ടണിയിച്ചിതു മച്ചിത്തവൃത്തിയെ.

മുപ്പത്തിയേഴാണ്ടുമുൻപു യദൃച്ഛയാ
മൽപ്പാണി പൂക്ക മനോജ്ഞമക്കായിതം

---

സർദാർ പണിക്കരുടെ ഷഷ്ടിപൂർത്തിക്കു് മഹാകവി എഴുതിയ ആശംസ.

Digitized By Kerala Sahitya Akademi

ഇപ്പൊഴും വായിക്കുമാറുണ്ടിടയ്ക്കിടെ—
യ്ക്കുൽപ്പുളകാങ്കമായുരംക്കാമ്പുകൊണ്ടു ഞാൻ.

കാവ്യവിജ്ഞാനം സ്വശിഷ്യരിൽപ്പാകിയ
കാർഷികചര്യനാം കാളേജുപണ്ഡിതൻ

പത്തരമാററുള്ളൊരിംഗ്ലീഷിൽ നാട്ടാക്കു
പഥ്യങ്ങളാം ചൊല്ലിക്കൊടുത്ത പത്രാധിപർ

വത്സരാജൻപോലെ കാവ്യകൃത്തായ്, പ്രജാ—
വത്സലനാം മഹാരാജമന്ത്ര്യുത്തമൻ,

വൈവശ്യവൈശസം പിന്നിട്ട ഭാരത—
ഭൂവിൻ പ്രതിനിധി—യിങ്ങനെയിങ്ങനെ

മാതൃഭൂവാടിക്കു മഞ്ജിമാവേററിയ
മാധവകാലമായ് ചാലയിൽ മാധവൻ!

ഇംഗ്ലണ്ടിലാണന്നതാഭ്യാസമെങ്കിലും
ഇംഗ്ലീഷിലാണെഴുത്തേറെയെന്നാകിലും

തൻകേരളീയതയ്ക്കാംഗ്ലേയമഞ്ഞിനാൽ
തങ്കിയിട്ടില്ലാ വിളർപ്പു തരിമ്പുമേ.

ചീനത്തിരിക്കിലു,മീജിപ്തിൽ വാഴ്കിലും
നൂനമമ്മേരിക്കയിൽപോയ് വസിക്കിലും,

കേയംപണിക്കരെദ്ദേഹം ശ്വസിക്കുന്ന
വായുവീ വെണ്മഴമണ്ണിൻെറതന്നെയാം.

ദോഹദം കിട്ടിത്തഴയ്ക്കുന്ന കേരള—
സാഹിതീവല്ലിതന്നേതേതു ചില്ലമേൽ

പാടിപ്പറന്നു കളിച്ചീല, പാടവം
കൂടും പണിക്കർതൻ സുപ്രതിഭക്കിളി?

നാടകം, ഭാണം, ചരിത്ര,മാഖ്യായിക,
നാടൻകഥകളും, കാവ്യവും, ചമ്പുവും

പ്രൗഢപ്രസന്നമായെന്തെന്തെഴുതീല
നീടററ വേലയ്ക്കിടയ്ക്കുമീശ്ശക്തിമാൻ.

Digitized By Kerala Sahitya Akademi

രാഷ്ട്രീയതന്ത്രവിമർശനമെങ്ങുവാൻ?
പ്രേഷ്ഠസാഹിത്യവിഭാവനമെങ്ങുവാൻ?

എന്നാലിവ രണ്ടുമൊന്നും തമ്പിയു—
മെന്നപോലൊപ്പം രമിപ്പൂ പണിക്കരിൽ.

നൂതനനൂതനജ്ഞാനങ്ങളം നേടിയ—
ബ്ഭൂതിയാൽ സമ്പന്നമാക്കി സ്വഭാഷയെ

മാതൃകാഭൂതമേ, ദേശസേവോൽക്കരം
മാനുഷർക്കീ മലയാളിതൻ ജീവിതം.

Digitized By Kerala Sahitya Akademi

# തെക്കൻസഞ്ചാരം

വള്ളത്തോൾ

നാമനക്കാട്ടു് പി. ഒ.
വഴി, കുന്നംകുളം
26–11–1929

പ്രിയ സുഹൃത്തെ,

ഞാൻ നാലു ദിവസങ്ങൾക്കു മുമ്പേ തിരുവിതാംകൂറിൽനിന്നു തിരിച്ചെത്തിയപ്പോഴാണു് നിങ്ങളുടെ പതിനൊന്നാം തീയതിയിലെ എഴുത്തു കണ്ടതു്.

ഞങ്ങൾ തിരുവനന്തപുരത്തിന്നിപ്പുറം പല നാട്ടുമ്പുറങ്ങളിലുംകൂടി സഞ്ചരിക്കുകയുണ്ടായി. മിക്ക ദിക്കുകളിലും 'ഇനിയത്തെ ദിവാൻ കെ. എം. പണിക്കർതന്നെ' എന്നൊരു സംസാരം—ഒരു സസന്തോഷമായ മന്ത്രിക്കൽ—നടക്കുന്നുണ്ടു്. ഈ ലോകവാദം വാസ്തവമായി വരേണമെന്ന ആഗ്രഹം എനിക്കു്; ഇതിലേറും നാലപ്പാടനു്. അയാൾക്കു നിങ്ങളുടെ അതിഥിയായി 'ഭക്തിവിലാസം' എന്ന ആ രമ്യഹർമ്മ്യത്തിൽ നാലു ദിവസം താമസിച്ചേ കഴിയൂപോൽ!

'ധൂമകേതു' എന്ന പുസ്തകം ഞങ്ങൾ കണ്ടിട്ടില്ല. ആ പേർതന്നെ നിങ്ങളുടെ കത്തിൽനിന്നാണു മനസ്സിലായതു്. അച്ചടി കഴിഞ്ഞാൽ ബി. വി. ബുക്കുഡിപ്പോക്കാർ അയച്ചുതരുമായിരിക്കാം.

ഉള്ളൂർമഹാകവിയുടെ കൃതികളിൽ അപഹരണം വളരെയുണ്ടെന്നു് ചുരുക്കം ചില സൂക്ഷ്മദൃഷ്ടികൾ പതുക്കെ പറയുന്നില്ലെന്നില്ല. പത്തനംതിട്ടെ വെച്ചു് ഒരു സഹൃദയയുവാവു് 'ഉള്ളൂർക്കൃതികളിൽ വള്ളത്തോൾക്കൃതിച്ചുവ കുറച്ചൊന്നുമല്ലെന്നു്' അഭിപ്രായപ്പെടുകയുണ്ടായി. ഈ അഭിപ്രായം 'പിങ്ഗള'യെ സംബന്ധിച്ചേടത്തോളവും പരമാർത്ഥംതന്നെയോ എന്നു നിങ്ങളുടെ നിരൂപണദൃഷ്ടി നോക്കിയറിയുമെന്നു വിശ്വസിക്കുന്നു. എങ്ങനെയായാലും ആ ഉത്സാഹശീലനായ മഹാകവി തത്താദൃശമായ ജോലിത്തിരക്കിനിടയിൽ അനവധി കൃതികൾ എഴുതിവിടുന്നതു് അഭിനന്ദനീയംതന്നെ. 'മംഗളോദയം'മാസികയിലെ 'മൃണാളിനിയും' നിങ്ങൾ വായിക്കേണ്ടതാണു്. കേരളത്തിലെ പത്രലോകം മുഴുവനും ഐകകണ്ഠ്യേന വാഴ്ത്തിപ്പോരുന്ന ഉള്ളൂർക്കൃതികളെ നിങ്ങൾ ശ്രദ്ധിച്ചു വാ

*1915-ൽ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ പഠിക്കുമ്പോഴാണു് കെ. എം. പണിക്കർ വള്ളത്തോളുമായി കത്തിടപാടു തുടങ്ങിയതെങ്കിലും, 1929 വരെയുള്ള കത്തുകൾ കണ്ടുകിട്ടിയിട്ടില്ല. യാത്രാമദ്ധ്യേ ഉണ്ടായ കപ്പൽ അപകടത്തിൽ പല കത്തുകളും നഷ്ടപ്പെട്ടിരിക്കാം.*

Digitized By Kerala Sahitya Akademi

യിക്കുകയില്ലെങ്കിൽ, അതു കേരളസാഹിത്യത്തിൻപേരിൽ നിങ്ങൾക്കുള്ള അനാദരമായി വ്യാഖ്യാനിക്കപ്പെടുകയില്ലയോ?

ക്ഷേമേന്ദ്രൻെറ 'സമയമാതൃക' എന്ന പുസ്തകത്തെപ്പററി ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നില്ല. ആ പുസ്തകം നിങ്ങളുടെ അധീനതയിലുണ്ടെങ്കിൽ, എനിക്കയച്ചുതരുന്നതു് ഉപകാരമാണു്. വായിച്ചുകഴിഞ്ഞാൽ തിരികെ അയച്ചുതന്നുകൊള്ളാം.

ഡിസേംബറിൽ നിങ്ങൾ കൽക്കത്തയിൽ വരുന്ന അവസരത്തിൽ ഒരുപക്ഷേ, നാലപ്പാടനും കൽക്കത്തയിലുണ്ടായിരിക്കും. എന്നെയും കല്കത്തയിലേക്കു മാധവൻനായർ* ക്ഷണിച്ചിട്ടുണ്ടെങ്കിലും എനിക്കു ഷോടതിച്ചമതലനിമിത്തം വരുവാൻ സൗകര്യം കിട്ടുന്നതല്ല.

കമ്മീഷൻവകയായുള്ള നാലു ടിക്കററു് നിങ്ങളുടെ പേരെഴുതി നിങ്ങൾക്കയപ്പാൻ ആപ്പീസിൽ ഏർപ്പാടുചെയ്തിട്ടുണ്ടു്.

എനിക്കിപ്പോൾ തിരുവിതാംകൂർപര്യടനംകൊണ്ടുണ്ടായ ചെറിയ ഒരസ്വാസ്ഥ്യമല്ലാതെ മററു സുഖക്കേടൊന്നുമില്ല. കുടുംബത്തിനു കുശലം തന്നെ. ഞങ്ങൾ ആലപ്പുഴെ നിങ്ങളുടെ ജ്യേഷ്ഠൻെറ അടുക്കൽ രണ്ടുദിവസം താമസിക്കുകയുണ്ടായി. സകുടുംബനായ അദ്ദേഹവും കുശലിതന്നെ.

സ്വന്തം
വള്ളത്തോൾ

P.S. ലക്നോ സർവ്വകലാശാലയിൽ പ്രൊഫസർ വി. കെ. നന്ദനമേനവൻ നിങ്ങളുടെ ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മയെ പരിണയിപ്പാൻ തീർച്ചപ്പെടുത്തിയതായി ഞങ്ങൾ സസന്തോഷം അറിയുന്നു. ഈ ആനുരൂപ്യം തികഞ്ഞ ദാമ്പത്യത്തെ നിങ്ങളും അനുമോദിക്കുമല്ലൊ.

*(കത്തു് നമ്പർ 1)*

* *മാതൃഭൂമിയുടെ മാനേജിംഗ് എഡിററായിരുന്ന ശ്രീ വി. എം. നായർ*

# ധൂമകേതുവിൻെറ ഉദയം

വള്ളത്തോൾ

നാമനക്കോടു് പി. ഒ.
S. മലബാർ
10–1–1930

മാന്യ സുഹൃത്തേ,

3–ാം നു- ത്തെ എഴുത്തു് ഇന്നലെ കിട്ടി. എനിക്കീയിടെയായി ശരീരസുഖം ചുരുങ്ങിയിരിക്കുന്നു, ക്ഷീണവും വളരെയുണ്ടു്. മലദ്വാരത്തിനടുത്തുണ്ടായ ഒരു കുരുവിന്നാണു് ശസ്ത്രക്രിയ ഉണ്ടായതു്. അതിൻെറ ഉപദ്രവമെല്ലാം പത്തു ദിവസംകൊണ്ടു് ശമിച്ചു. കുരു അത്ര സാരമുള്ളതല്ലായിരുന്നു. ഇതെങ്ങനെയാണു് മുൻകൂട്ടി അറിയിക്കുക? കുരു പുറപ്പെട്ടു് ഒരു നാലഞ്ചു നാൾകൊണ്ടു് ഒരു പച്ചനെല്ലിക്കയോളം പോന്നപ്പോൾ ഒരു

Digitized By Kerala Sahitya Akademi

ഡോക്ടർ കീറിക്കളഞ്ഞു എന്നു മാത്രം. ശേഷിക്കാറവുതന്നെയാണ് എനിക്കിപ്പോൾ പ്രധാനമായിട്ടുള്ളതു്.

നിങ്ങൾ രണ്ടു വഷത്തേക്കു ഡൽഹിയിൽ താമസമാക്കിയ വിവരം കൽക്കത്തെയിൽനിന്നു ശ്രീമാൻ വി. മാധവൻനായർ നമ്മുടെ മാരാക്ക്* എഴുതിയിരുന്നു; അതിനു മുമ്പുതന്നെ പത്രങ്ങളിൽനിന്നു ഞാൻ അറിഞ്ഞിരിക്കുന്നു. നാലപ്പാടൻ ഇപ്പോൾ കൽക്കത്തെയിൽ എത്തിയിരിക്കും; നിങ്ങളെ കാണാൻ ഡൽഹിയിലേക്കു വരാതിരിക്കയില്ല. കലാമണ്ഡലം ഷോടതിയുടെ ചുമതലയില്ലായിരുന്നുവെങ്കിൽ, ഞാനും ഡൽഹിക്കു വരുമായിരുന്നു. ഷോടതിപ്പണം പകുതി (ഒരു ലക്ഷം) എങ്കിലും പിരിഞ്ഞു കഴിഞ്ഞിട്ടില്ല. അതിനാൽ നറുക്കെടുപ്പ് മേടം ഒടുവിലേക്കു നീട്ടിവെക്കേണ്ടിവന്നു. ഇതു കഴിഞ്ഞാൽ ഞാൻ ഡൽഹിയിലേക്കു വരാം. അവിടെ തണുപ്പു കുറഞ്ഞതും, ചൂടില്ലാത്തതുമായ കാലം ഏതാണെന്നറിയിക്കുമല്ലൊ.

നിങ്ങൾ നിമ്മിച്ച 'ധൂമകേതുവിന്റെ ഉദയം' യഥാത്ഥമായ മാത്താണ്ഡവർമ്മ ചരിത്രത്തിന്റേയും, അകൃത്രിമമായ ആഖ്യായികാസൗന്ദര്യത്തിന്റേയും കൂടി ഒരു ഉദയമാണെന്നു പറയേണ്ടിയിരിക്കുന്നു. സി വി രാമൻപിള്ള അവർകളാൽ നല്പപ്പെട്ട, താദൃശമായ ഉന്നതസ്ഥാനത്തിൽനിന്ന് ആ മഹാരാജാവിനു് എത്രയേറെ താഴത്തേക്കിറങ്ങേണ്ടിവരുമെന്ന്, ഈയിടെവെച്ച് ഇരുരാംക്കഴിയിൽനിന്നു കേറാൻ തുടങ്ങുന്ന തിരുവിതാംകൂർ ചരിത്രത്തോടു ചോദിച്ചാലേ ശരിക്കറിഞ്ഞുകൂടൂ. നിങ്ങൾക്കു ചരിത്രത്തിലും കേരളീയയുദ്ധരീതിയിലും, രാജതന്ത്രത്തിലും ഉള്ള പരിജ്ഞാനം ഈ ആഖ്യായികയെ ഏററവും ആകഷകവും ഏററവും കമനീയവുമായ ഒരു നിബന്ധമാക്കി തീത്തിരിക്കുന്നു. ഒറ്റഒററ ഇരിപ്പിലിരുന്നാണു ഞാൻ ഈ പുസ്തകം മുഴവൻ വായിച്ചതു്. പ്രധാനപാത്രങ്ങളെ എല്ലാംതന്നെ വായനക്കാരൻ ഒരിക്കലും മറന്നുപോകാത്ത മട്ടിലാക്കാൻ നിങ്ങൾ ചെയ്തിട്ടുള്ള ശ്രമം പ്രായേണ തികച്ചും ഫലിക്കുകതന്നെ ചെയ്തിരിക്കുന്നു. മറയ്ക്കപ്പെട്ടിട്ടില്ലാത്ത ഒരു സ്തനം കൊണ്ടു് അതിഥിയുടെ മുമ്പിൽ നിറകുടം വച്ചു മന്ദഹാസം തൂകി നില്ക്കുന്ന ആ കുഞ്ഞേലിയമ്മയെ നാലപ്പാടൻകൂട്ടർ സ്വപ്നം കണ്ടേക്കും!

ആ കൊച്ചിയിലെ കൊച്ചുതമ്പുരാനു് ഒരു ഉദ്യോഗം ഉണ്ടാക്കിക്കൊടുക്കണമെന്നു ഞങ്ങൾ അപേക്ഷിച്ചിരുന്നുവല്ലോ. അതു മറന്നുപോയോ? അദ്ദേഹം കാത്തിരിക്കയാണ്. ദയചെയ്ത് എത്രയും വേഗത്തിൽ അതു ശരിപ്പെടുത്തി കൊടുപ്പാൻ അപേക്ഷ.

നിങ്ങൾ അടുത്ത അവസരത്തിൽ സ്വദേശത്തേക്കു വരുന്നുണ്ടോ? ഉണ്ടെങ്കിൽ എന്നായിരിക്കും?

സ്വന്തം

വള്ളത്തോൾ

P. S. ഒന്നാമതായെഴുതേണ്ടിയിരുന്ന പ്രധാനകാര്യം ഒടുവിലെങ്കിലും എഴുതാൻ വിട്ടുപോയി: മദിരാശി ഗവണ്മെണ്ടിലെ ഒരു വലിയ ഉദ്യോഗസ്ഥനായ മാന്യന്റെ ഭാഗിനേയിയെ ഭർത്തുമതിയാക്കേണ്ടുന്ന ചുമതല (സ്നേഹംമൂലം)എന്നിൽ പതിഞ്ഞിരിക്കുന്നു. കുംഭകോണം സബ് കളക്ടർ ഉണ്ണിത്താൻ (ഐ. സി.എസ്സ്.) നിങ്ങളുടെ ഉററ സ്നേഹിതനല്ലയോ? ആ

* *കുട്ടിക്കൃഷ്ണമാരാർ*

Digitized By Kerala Sahitya Akademi

യുവാവിനെ ഈ സംബന്ധത്തിന്ന നിങ്ങൾ സ്വല്പം പ്രേരിപ്പിക്കമെങ്കിൽ, കാര്യം നടക്കുമെന്നാണ് എന്റെ അന്വേഷണത്തിൽ കിട്ടിയ അറിവ്. ബാലിക സുമുഖിയും പഠിപ്പുള്ളവളുമാണ്. തറവാട്ടും താണതല്ല. ഏതാണെന്നും മററും പിന്നാലെ അറിയിച്ചാൽ മതിയല്ലോ. ഉണ്ണിത്താന്റെ അച്ഛനോട് ഞാൻ എഴുതി ചോദിക്കയുണ്ടായി. മകന്റെ ഇഷ്ടം എനിക്കും ഇഷ്ടംതന്നെ എന്നാണ് തമ്പുരാന്റെ മറുപടി. ഒട്ടും വൈകാതെ ഉണ്ണിത്താനുമായി ഒരുകത്തിടപാട് നടത്തിനോക്കാനപേക്ഷ. എനിക്കാ കാര്യത്തിൽ വലിയ നിർബ്ബന്ധമുണ്ട്.

കുരു കീറി കിടപ്പായിപ്പോയതിനാൽ ഉള്ളൂർ-മള്ളൂർപ്രഭൃതികളാൽ തിരുവനന്തപുരത്തുവെച്ച് പൊടിപൂരമായി നടത്തപ്പെട്ട സാഹിത്യപരിഷത്തിന്നു പോകാൻ എനിക്കു തരപ്പെട്ടില്ല. ബ്രി. മലബാറിൽനിന്നു രണ്ടോ മൂന്നോ പേരേ പരിഷത്തിന്നു ചെന്നിരുന്നുള്ളുപോൽ. ശേഷം മറുപടിക്കുമേൽ

*(കത്ത് നമ്പർ 2)*

# ഉദ്യോഗാർത്ഥികൾക്കായി

വള്ളത്തോൾ

മുളങ്കുന്നത്തുകാവ്
21-10-1933

മാന്യ സുഹൃത്തേ,

താങ്കൾ മുകുന്ദരാജാവവർകൾക്കയച്ച എഴുത്തിൽനിന്നാണ്, താങ്കൾ ഇയ്യിടയിൽ സ്വദേശത്തു വന്നിരുന്ന വിവരം ഞാനറിഞ്ഞത്. മുൻകൂട്ടി അറിഞ്ഞിരുന്നു എങ്കിൽ, ഞാൻ ഈ ശുഭാവസരത്തെ വെറുതെ കളയാതെ താങ്കളെ വന്നു കാണുമായിരുന്നു. പോയ കാര്യം പോയല്ലോ.

മുകുന്ദരാജാവവർകളുടെ മകന് ഒരു ഉദ്യോഗം ശരിപ്പെടുത്തിക്കൊടുക്കണമെന്ന് അദ്ദേഹം താങ്കളോട് അപേക്ഷിച്ചിരുന്നുവല്ലോ. ആ അപേക്ഷയെ ഞാനും ആവർത്തിക്കുന്നു. എം. എ. ബിരുദധാരിയായ ആ യുവാവ് ഇപ്പോൾ ടാഗോറുടെ വിശ്വഭാരതിയിലാണ്. അയാൾക്കു നല്ല ബുദ്ധിയും സിഹിത്യരസികതയുമുണ്ട്. നാട്ടുരാജ്യങ്ങളിൽ എവിടെയെങ്കിലുമോ, ഇന്ത്യാഗവണ്മെണ്ടിലോ, നിങ്ങളുടെ കീഴിൽത്തന്നെയോ ഒരു തക്ക ഉദ്യോഗം അയാൾക്കു കഴിയുന്നേടത്തോളം വേഗത്തിൽ, ശരിപ്പെടുത്തിക്കൊടുക്കുന്നതിന് നിങ്ങൾ ഹൃദയപൂർവ്വം ശ്രദ്ധിച്ചേ കഴിയൂ.

ഇതുപോലെതന്നെ, കൊച്ചിയിലെ ഒരു വലിയ ജന്മിത്തറവാടായ ചോണ്ടത്തു വീട്ടിലെ വാസുദേവമന്നാടിയാർ എന്ന ചെറുപ്പക്കാരനും ഉദ്യോഗത്തിനുവേണ്ടി നിങ്ങളുടെ കരുണയെ കാംക്ഷിക്കുന്നു. ഇംഗ്ലണ്ടിൽ അഞ്ചുകൊല്ലം പഠിച്ച് വൈദ്യുതവിജ്ഞാനീയ(ഇലക്ട്രിക് എഞ്ചിനിയർ)ത്തിൽ വലിയ പരീക്ഷാവിജയം നേടിയിട്ടുള്ളാളാണു മന്നാടിയാർ. പ്രായം ഇരുപത്താറു വയസ്സായി, അദ്ദേഹം അഞ്ചാറു ദിവസങ്ങൾക്കുമുമ്പ് എന്റെ അടുക്കൽ വന്നിരുന്നു. ഞാൻ താങ്കളോടപേക്ഷിച്ച് കാര്യങ്ങൾ ശരിപ്പെടുത്താൻ ശ്രമിക്കാമെന്നു മനഃപൂർവ്വം ഏററിട്ടുമുണ്ട്. അതി

Digitized By Kerala Sahitya Akademi

നാൽ ഈ മിടുക്കന്മാരായ രണ്ടു യുവാക്കന്മാരേയും, ഞാനിതാ, എന്റെ സ്നേഹിതന്റെ മുമ്പിൽ കൊണ്ടു നിർത്തുന്നു.

വിവരങ്ങൾക്കൊക്കെ വിശദമായ മറുപടി തരുമല്ലൊ.

സ്വന്തം

വള്ളത്തോൾ

*(ഈ കത്ത് ശ്രീ.കുട്ടിക്കൃഷ്ണമാരാരുടെകൈപ്പടയിലാണെഴുതിയിരിക്കുന്നത്)*

*(കത്ത് നമ്പർ 3)*

# മലയേഷ്യയിൽനിന്നു മടങ്ങിയിട്ട്

വള്ളത്തോൾ

മുളങ്കുന്നത്തുകാവ്
12-11-1934

മാന്യമിത്രമെ,

താങ്കൾക്കു കുശലംതന്നെയാണല്ലോ. ഞാൻ കഴിഞ്ഞ ജൂൺ-ജൂലൈ-ആഗസ്റ്റ്-സപ്റ്റംബർ മാസങ്ങളിൽ കലാമണ്ഡലത്തിന്റെ മരാമത്തിന്നു കുറെ പണം സംഭരിപ്പാനായി മലയേഷ്യയിൽ പലേടത്തും സഞ്ചരിക്കയുണ്ടായി. കഴിഞ്ഞ ഒക്ടോബർ 9-ാംനു-യാണ് ഇവിടെ തിരിച്ചെത്തിയത്. മലയേഷ്യാസഞ്ചാരംകൊണ്ടു പണത്തെക്കാളധികം കിട്ടിയതു ശരീരാസ്വാസ്ഥ്യമാണ്. ഇപ്പോൾ ചികിത്സയിലിരിക്കയാണ്.

ഈ എഴുത്തു തരുന്ന ശ്രീമാൻ എം. ആർ. പണിക്കർ ബി. എ. എലിയങ്ങാട്ടിൽ മൂന്നാം രാജാവിന്റെ മകനും എനിക്കു പ്രിയപ്പെട്ട ഒരാളുമാണ്. ഈ യുവാവിന്നു നിങ്ങൾ കഴിയുന്ന വേഗത്തിൽ ഒരുദ്യോഗം കൊടുപ്പിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. നിങ്ങളുടെ അടുക്കൽ ബി. എ. ബിരുദധാരികളായ ഉദ്യോഗപ്രാർത്ഥികൾ എപ്പോഴുമുണ്ടായിരിക്കും, എന്നാലും ഈ ബി. എ.ക്കാരനെ വിശേഷാൽ ഗണിപ്പാൻ ദയവുണ്ടാകണം. കൂടുതൽ വിവരം പണിക്കർ അറിയിക്കും.

സ്വന്തം

വള്ളത്തോൾ

*(കത്ത് നമ്പർ 4)*

# കലാമണ്ഡലത്തിലേക്കു ക്ഷണം

വള്ളത്തോൾ

ചെറുതുരുത്തി,
19-12 1935

മാന്യ സുഹൃത്തെ,

മടക്കത്തിൽ താങ്കൾ ഇവിടെ ഇറങ്ങി കലാമണ്ഡലത്തിൽ ഒരുനാൾ താമസിക്കുമോ? താങ്കൾക്കു വേണമെങ്കിൽ കഥകളി കാണാം, മോഹി

Digitized By Kerala Sahitya Akademi

നിയാട്ടം കാണാം; ഞങ്ങറംക്ക വേണമെന്നുള്ളതുകൊണ്ടു, താങ്കളേയും കൺകളിരെ കാണാം.

കഴിഞ്ഞാണ്ടിലെന്നപോലെ, കാത്തിരുന്നു് ഒടുവിൽ ആശാഭംഗപ്പെടാനിടവരരുതേ! മറുപടി മടക്കത്തപാലിൽത്തന്നെ തരുവാൻ ദയയുണ്ടാകണം.

ഞാൻ കുറച്ചു സുഖക്കേടിലും ചികിത്സയിലുമാണു്; അതിനാലാണു്, താങ്കളെ കാണാൻ തീവണ്ടിയാപ്പീസിലേക്ക വരാഞ്ഞതു്.

അധികവിവരം കാഴ്ചയിൽ.

സ്വന്തം

വള്ളത്തോറം

*(കത്തു് നമ്പർ 5)*

# കളിയോഗവുമായി യാത്ര

വള്ളത്തോറം

ബാംഗ്ളൂർ
**8-1-1936**

പ്രിയ സുഹൃത്തെ

താങ്കറം രണ്ടാംതീയ്യതി അയച്ച എഴുത്തു് മുളങ്കുന്നത്തുകാവിൽനിന്നു് ഇന്നിവിടെ കിട്ടി. നമ്മറം തമ്മിൽ പിരിഞ്ഞ ദിവസം വൈകന്നേരംതന്നെ ഞങ്ങറം കലാമണ്ഡലം കളിയോഗത്തോടുകൂടി ഇങ്ങോട്ടു പോന്നു. ഷൊറണൂർവെച്ചു താങ്കളുടെ ജ്യേഷ്ഠനെ* കാണുകയുണ്ടായി. മൈസൂരും ഇവിടെയുമായി 4 കളി നടന്നു. കാണികളും പത്രങ്ങളും വളരെ വളരെ പ്രശംസിക്കുന്നു. എന്നാൽ പ്രശംസയുടെ പകുതിക്കെങ്കിലും പണം കിട്ടുന്നില്ല. നഷ്ടം തീരുവാൻ വഴി നോക്കുകയാണിപ്പോറം. ഇതേവഴി ബോംബയ്ക്കു പോകാനാണു് ആലോചന. ബോംബയ്ക്കു പോയില്ലെങ്കിൽ തന്നെയും മകരം 6-ാംനു-യ്ക്കു് നാട്ടിൽ തിരിച്ചെത്തുക സാദ്ധ്യമല്ലെന്നു തീർച്ചയായിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ ജ്യേഷ്ഠപുത്രീവിവാഹത്തിൽ സംബന്ധിക്കുവാൻ ഞങ്ങറംക്ക നിവ്വാഹമില്ലെന്നുള്ളതിൽ വലിയ വിഷാദമുണ്ടു്. ഈ വിവരം കാണിച്ചു ജ്യേഷ്ഠനും കത്തയയ്ക്കുന്നുണ്ടു്.

മോഹിനിയാട്ടക്കാരെ വിവാഹത്തിന്നയക്കുന്നതിൽ യാതൊരു വിരോധവുമില്ല. നേരെ മറിച്ചു് സന്തോഷമേ ഉള്ളു. എന്നാൽ തെല്ലൊരു വിഘ്നം പററുമോ എന്നു ഭയപ്പെടുന്നു. മോഹിനിയാട്ടക്കാരെ അതിനു് ഈ 10-ാംനു- കലാമണ്ഡലം വിടും. സേലത്തും മററുമായി മൂന്നുനാലാട്ടങ്ങറം നടത്താൻ ഒരു സ്ത്രീ ക്ഷണിച്ചതനുസരിച്ചാണു് പോകുന്നതു്. ആട്ടങ്ങറം ദൂരദൂര ദിക്കുകളിൽ വെച്ചാണു്; ഇടവിട്ടിടവിട്ടുമാണു്. അതിനാൽ മകരം 6-ാംനു-യ്ക്കു് അവർ തിരിച്ചു വന്നില്ലെന്നു വരാം. തിരിച്ചു വന്നാൽ ആലപ്പുഴയ്ക്കയച്ചുകൊള്ളാം. ഈ ആട്ടങ്ങറം 12-ാംനു- യോടുകൂടി അവസാനിക്കു

* *സർദാർ പണിക്കരുടെ ജ്യേഷ്ഠൻ ഡാക്ടർ കെ. പി. പണിക്കർ. ഇദ്ദേഹം കുറെക്കാലം കലാമണ്ഡലത്തിൻെറ ഡോക്ടറായിരുന്നിട്ടുണ്ടു്.*

Digitized By Kerala Sahitya Akademi

മെന്നായിരുന്നു ആദ്യനിശ്ചയം. പിന്നീട് ആ പ്രവർത്തകയായ ശ്രീമതി തീയ്യതി നീട്ടിവെച്ചുകളഞ്ഞു!

മോഹിനിയാട്ടം നിങ്ങളെ രസിപ്പിച്ചതിലും, അതിന്റെ അഭ്യുദയത്തിൽ നിങ്ങൾ ശ്രമിക്കുമെന്നു കാണുന്നതിലും ഞാൻ സമാശ്വസിപ്പിക്കുന്നു.

വള്ളത്തോളിന്റെ സ്നേഹം വെള്ളത്തിലെ പോളപോലെയല്ലെന്നുള്ള വാസ്തവം ബുദ്ധിമാനായ താങ്കളെ വിശേഷാൽ ധരിപ്പിക്കേണ്ടിവന്നതിൽ എനിക്കു വിസ്മയം തോന്നുന്നു.

ഞങ്ങൾ ബോംബയിൽ ചെന്നതിനുശേഷം വിവരങ്ങൾക്കു വീണ്ടും എഴുതാം.

സ്വന്തം

വള്ളത്തോൾ

*(കത്ത് നമ്പർ 6)*

# വിരക്തസൂക്തികൾ

വള്ളത്തോൾ

മുളങ്കുന്നത്തുകാവ്
18–10–1936

മാന്യ സുഹൃത്തേ,

താങ്കൾ 8–ാംനു–അയച്ച എഴുത്തും 'ചിന്താതരംഗിണി'യുടെ ഒരു പ്രതിയും നാലുനാൾക്കു മുമ്പേ ഇവിടെ കിട്ടി.

'ചിന്താതരംഗിണി' അന്നുതന്നെ ഞാൻ സകൗതുകം വായിച്ചു. ഈ തെളിവീയന്ന തരംഗിണിയുടെ കളശബ്ദമിളിതമായ പ്രവാഹവും അനുക്രമമായ പ്രാപ്യപദപ്രാപ്തിയും അത്യന്തം ഹൃദയസ്പൃക്കായിരിക്കുന്നു. താങ്കൾക്കു ജന്മസിദ്ധവും ചിരപരിശീലനത്താൽ വളർന്നുവന്നതുമായ കലാവാസനയുടെ ഒരു കമനീയസ്വരൂപമാണിത്.

ഇന്നത്തെ സ്ഥിതിക്കു് ഒരു മലയാളിക്കു് എത്രത്തോളം ഉയരാമോ, അത്രത്തോളം ഉയർന്ന നിലയിൽ, ദുഃഖങ്ങളുടെയോ ക്ലേശങ്ങളുടെയോ കഥപോലും കേൾക്കാതെ, സുഖസമ്പന്നനായി സ്ഥിതിചെയ്യുന്ന താങ്കളിൽ നിന്നു് ഇത്തരം വിരക്തസൂക്തികൾ വിനിർഗ്ഗളിച്ചതിൽ ചിലർ—വിശേഷിച്ചും 'കെ. എം. പണിക്കർക്കു ശൃംഗാരമേ ഉള്ളൂ' എന്നു ധരിച്ചുവച്ചിട്ടുള്ളവർ—വിസ്മയിക്കുകകൂടി ചെയ്തേക്കാം! കൈകൊണ്ടുണ്ടാക്കിയ കടലാസ്സിലാണു് അച്ചടി എന്നുള്ളതും പുസ്തകത്തിന്റെ പുതുമകളിലൊന്നുതന്നെ. താങ്കൾ കാര്യാന്തരവ്യഗ്രതയിലും കൈരളീപോഷണമെന്ന കർത്തവ്യത്തെ വിസ്മരിക്കാതിരിക്കുന്നതിൽ സന്തോഷിക്കുന്നവരായി എന്നെപ്പോലെ പലരുമുണ്ടാകും.

ഞങ്ങൾക്കെല്ലാം ഒരുവിധം ക്ഷേമംതന്നെ. അവിടെയും എല്ലാവർക്കും കുശലംതന്നെയാണല്ലോ. തത്ര ഭവതിയെ എന്റെ സസ്നേഹമായ അന്വേഷണം അറിയിപ്പാനപേക്ഷ.

സ്വന്തം

വള്ളത്തോൾ

*(കത്ത് നമ്പർ 7)*

Digitized By Kerala Sahitya Akademi

# മാരാരും ഒരവതാരികയും

വള്ളത്തോറം | മുളങ്കുന്നത്തുകാവ്
26-12-1936

പ്രിയ സുഹൃത്തെ,

താങ്കളം 12-ാംനു അയച്ച എഴുത്ത് ഇവിടെ കിട്ടിയിട്ട് അഞ്ചാറു ദിവസമായി. മറുപടി ധൃതിഹിക്കയയ്ക്കാഞ്ഞതു്, അതവിടെ എത്തുമ്പോഴേക്ക് താങ്കളം പുറപ്പെട്ടുകഴിഞ്ഞേക്കമെന്നു് കരുതിയിട്ടാണു്.

മാരാർ താങ്കളെ കളിയാക്കിയതു് എൻെറ ആജ്ഞയാലോ അനുമതിയോടുകൂടിയോ ആണെന്നു്, എത്രപേർ പറഞ്ഞുണ്ടാക്കിയാലും, അതു് വിശ്വസിപ്പാൻ തക്ക ബുദ്ധിഹീനനല്ല താങ്കളെന്നു് എനിക്ക തികച്ചും അറിയാം. പരമസ്നേഹിതാ! വള്ളത്തോറം അന്നും ഇന്നും വള്ളത്തോറം തന്നെയാണു്! താങ്കളെ മാത്രമല്ല, മാരാർ അപഹസിച്ചിട്ടുള്ളതു്. (ഉപനിഷത്തുകളെപ്പോലും പരിഹസിച്ചിട്ടുണ്ടു്!)

'ഒരല്ലലില്ലെങ്കിലെനിക്ക കല്ലാ-
യിരിക്കവാൻകൂടിയുമില്ല ബന്ധം;
മരിച്ചിടും മർത്ത്യതയെന്തിനാണു
കരഞ്ഞിടാനും കരയിച്ചിടാനും!'

എന്ന മനോഹരോദാരമായ ശ്ലോകത്തെ എടുത്തുകാട്ടി, തൽക്കർത്താവായ കേശവനേയും*, വൃന്ദാവനത്തിൽ ഒരു 'പിഞ്ചു പുല്ലായിപ്പിറക്കാവൂ ഞാൻ' എന്നിങ്ങനെ അക്രൂരനെക്കൊണ്ടു പറയിച്ചതിനെ സൂചിപ്പിച്ച് എന്നെയും പരിഹസിച്ചിട്ടുണ്ടു്. 'എന്നെ കളിയാക്കിയതു സഹിപ്പാൻ മനശ്ശക്തിയുള്ളവനാണു് ഞാൻ; നേരെ മറിച്ച് സഹിഷ്ണുത കുറഞ്ഞ കേശവനേയും മററും അപഹസിച്ച് വൃഥാ വൈരം വളർത്തേണ്ടിയിരുന്നില്ല.' എന്നു ഞാൻ മാരാരോട്ട് ഗുണദോഷം പറയുകയുണ്ടായി. അതിന്നയാറം പറഞ്ഞ മറുപടി ഏതാണ്ടിപ്രകാരമായിരുന്നു: 'കെ. എം. പണിക്കർ കണ്ണുനീർത്തുള്ളിയുടെ ഇംഗ്ലീഷ് തർജ്ജമയെ ഇടിച്ചു പറഞ്ഞതു മഹാരാജാസ് കോളേജ് മാസികപത്രത്തിൻെറ ഒരു ലക്കത്തിൽ ചേർത്തിരുന്നു. ആ അസൂയാജന്യമായ അഭിപ്രായം മാസികപത്രത്തിൽ പ്രസിദ്ധീകരിച്ചതു കേശവൻനായരുടെ മകനാണു്. അതിന്നു പ്രതികാരമായിട്ടാണു്, പണിക്കരേയും കേശവനേയും അധിക്ഷേപിച്ചിരിക്കുന്നതു്. വള്ളത്തോളിനെപ്പററി പറഞ്ഞതു് ഓക്കാതെയാണു്.'

താങ്കളെപ്പററിയുള്ള ഭാഗം അവതാരികയിലെഴുതിയതു് നാലപ്പാടൻെറ അടുക്കൽവെച്ചുതന്നെയാണു്; കേശവനേയും എന്നേയും സംബന്ധിച്ച ഭാഗം പിന്നീടെഴുതിച്ചേർത്തതാണെങ്കിലും, നാലപ്പാടനെ അറിയിച്ച് അനുമതി വാങ്ങിയതിനു ശേഷമാണു് അച്ചടിപ്പിച്ചതു് എന്നും മാരാർ എന്നോടു പറയുകയുണ്ടായി. നാലപ്പാടനോട്ട് നേരിട്ടു ചോദിപ്പാൻ

* *പ്രസിദ്ധ കവിയായ കററിപ്പുറത്തു കേശവൻനായർ*

Digitized By Kerala Sahitya Akademi

കഴിഞ്ഞില്ല. അദ്ദേഹത്തെ ഞാൻ കണ്ടിട്ട രണ്ടോളം സംവത്സരമായി; ഇക്കഴിഞ്ഞ ഒക്ടോബർമാസത്തിൽ മാധവൻനായരെ ഞാൻ തൃശ്ശൂർ റോഡിൽവെച്ച് യദൃച്ഛയാ കണ്ടെത്തി. അന്ന പകൽ ഞങ്ങൾ ഒന്നിച്ച് മാളികയിൽ കറൂർ നമ്പൂതിരിപ്പാടിന്റെ അതിഥികളായി താമസിക്കുകയും ചെയ്തു. വൈകുന്നേരമാണ വേർപിരിഞ്ഞത്. എന്നാൽ ഞങ്ങൾതമ്മിൽ ഈ അവതാരികയെക്കുറിച്ചൊന്നുംതന്നെ സംസാരിക്കുകയുണ്ടായില്ല. ഓർമ്മയില്ലാത്തതുകൊണ്ടല്ല, ഞാൻ ഒന്നും മിണ്ടാഞ്ഞത്; അസുഖകരങ്ങളായ വിഷയങ്ങളിൽ ചാടാതിരിപ്പാൻവേണ്ടിയാണ്*. നമ്മൾ മൂന്നപേരുടേയും പേർ അവതാരികയിൽ വെളിപ്പെടുത്തിയിട്ടില്ല.

താങ്കൾ സ്വദേശത്തുനിന്നും തിരിക്കുമ്പോൾ ഒരുനാൾ (കഴിഞ്ഞ ആണ്ടിലെന്നപോലെ ഒരു രാത്രി എങ്കിലും) എന്റെ അടുക്കൽ വന്ന താമസിക്കുന്നതു് സന്തോഷകരം മാത്രമല്ല, പ്രയോജനകരംകൂടിയാണ്; വളരെ ക്കാര്യങ്ങൾ മുഖദാവിൽ പറഞ്ഞു തീർക്കേണ്ടതുണ്ടു്.

ഞാൻ അടുത്ത ജനവരി 2-ാംനു- ഉച്ചയ്ക്കുശേഷം പാലായിലേക്ക പോകും; നാലാം തീയതി തിരിച്ചുവരും. അന്ന കലാമണ്ഡലംവക രണ്ടു മിററിങ്ങുണ്ടു്. 5-ാംനു- മംഗലാപുരത്തേക്ക പോകും; അവിടങ്ങളിൽനിന്നും രണ്ടുമൂന്നാഴ്ചവട്ടം കഴിഞ്ഞേ തിരികെ വരികയുള്ളു. അതിനാൽ, താങ്കൾ ഇവിടെ വരുന്നതു ജനവരി 2-ാംതീയതിക്ക മുമ്പാകണമെന്നപേക്ഷ.

എന്റെ തർജ്ജമയായ ശാകുന്തളത്തിന്റെ ഒരു പ്രതി പാരിതോഷികത്തേന അയയ്ക്കുന്നു. സദയം സ്വീകരിപ്പാനപേക്ഷ.

മറുപടി ഇന്നുതന്നെ അഞ്ചലിലയയ്ക്കണേ.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 8)*

# കലാമണ്ഡലം മരാമത്തിനെപ്പററി സ്വപ്നങ്ങൾ

വള്ളത്തോൾ

ചെറുതുരുത്തി
27-5-1939

പ്രിയപ്പെട്ട ശ്രീ. പണിക്കർ,

നമ്മുടെ ഡാക്ടർ അമ്പാടി ഇവിടെ ശ്രീ. കൊളാടി*യുടെ 'പത്മാലയ'ത്തിൽ വന്ന താമസിക്കുന്നുണ്ടു്; അദ്ദേഹം ഇന്നലെ വൈകുന്നേരം എന്റെ അടുക്കലും വന്നിരുന്നു. അദ്ദേഹത്തിൽനിന്നും താങ്കൾക്കും കുടുംബത്തിനും കുശലംതന്നെ എന്നറിഞ്ഞു സന്തോഷിക്കുന്നു. താങ്കളുടെ ഇപ്പോഴത്തെ മേൽവിലാസവും അദ്ദേഹം കുറിച്ചുതന്നു.

ഞാൻ രണ്ടുകൊല്ലമായി ചെറുതുരുത്തിക്കാരനായി തീൎന്നിട്ടു്; കാരണം, കലാമണ്ഡലം ഇങ്ങോട്ടു മാററിയതുതന്നെ. ഇവിടെ ഇപ്പോൾ കഥ

** കൊളാടി രാമൻമേനോൻ. ഇദ്ദേഹം കലാമണ്ഡലത്തിന്റെ ട്രഷറർ ആയിരുന്നു.*

Digitized By Kerala Sahitya Akademi

കളിയഭ്യാസത്തിന്നു പുറമെ പെൺകുട്ടികളെ നൃത്തമഭ്യസിപ്പിക്കലും നടന്നുവരുന്നുണ്ട്. ഒന്നാമത്തു് അഭ്യസിപ്പിക്കപ്പെട്ട തങ്കമണിയെ നർത്തകൻ ഗോപീനാഥൻ ഭാര്യയാക്കി തിരുവനന്തപുരത്തേക്കു കൊണ്ടുപൊയ്ക്കളഞ്ഞുവല്ലൊ. അവൾക്കു പകരം അഞ്ചാറു പെൺകുട്ടികളെ (രണ്ടുപേർ യുവതിമാരാണു്) അഭ്യസിപ്പിച്ചുപോരുന്നു. ഇവരുടെ നൃത്തം മദിരാശിയിലും ഊട്ടിയിലുംമററുമുണ്ടായതിൽ കാണികൾ നല്ല അഭിപ്രായംതന്നെയാണു പുറപ്പെടുവിച്ചതു്.

ഇവിടെ പ്രകൃതിസൗന്ദര്യമുള്ള പേരാററിൻതീരത്തു്, കൊച്ചി ഗവണ്മെണ്ടിൽനിന്നും വാങ്ങിത്തന്ന ആറോളം ഏക്കറുള്ള പറമ്പിൽ വേണ്ടുന്ന കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിലാണു് എൻെറ ഇപ്പോഴത്തെ പ്രധാന ശ്രമം. പലരുടേയും ധനസഹായംകൊണ്ടു പന്തീരായിരത്തോളം ഉറുപ്പികയുടെ മരാമത്തു നടത്തിക്കഴിഞ്ഞു; ഇരുപതിനായിരത്തോളം ഉറുപ്പികകൂടി ഉണ്ടായാലേ മരാമത്തു മുഴമിക്കുകയുള്ളു.

താങ്കൾ ഇതിൽ കുറഞ്ഞൊന്നു ശ്രദ്ധിക്കുമെങ്കിൽ എൻെറ ഈ കഷ്ടപ്പാടു നിഷ്പ്രയാസം ലഘൂകരിക്കാവുന്നതാണു്. ഇന്ത്യയിലെ മഹാരാജാക്കന്മാരിൽ ചിലരുടെ സന്നിധിയിൽ കഥകളിയോ ഡാൻസോ നടത്താൻ ഏർപ്പാടു ചെയ്യിച്ചാൽ കഴിഞ്ഞു. ബിക്കാനീർമഹാരാജാവിൻെറ മകൻെറ വിവാഹം അടുത്ത ഒക്ടോബറിലോ നവംബറിലോ ആണെന്നു് പത്രങ്ങളിൽ കണ്ടതായി ഓക്കുന്നു. ആ വിവാഹത്തിൻെറ ആഘോഷങ്ങളിൽ കലാമണ്ഡലംവക കഥകളിയോ ഡാൻസോ ഉൾപ്പെടുത്തിക്കുവാൻ താങ്കൾക്കു പ്രയാസമില്ലല്ലൊ. 1936–ൽ ബറോഡാമഹാരാജാവിൻെറ കൊട്ടാരത്തിൽ ഒരു കഥകളി ഉണ്ടായി; അദ്ദേഹത്തിനു് കാച്ചൊന്നുമല്ല രുചിച്ചതു്. അതു കഴിഞ്ഞതിൻെറ മൂന്നാം ദിവസം ബറോഡാകൊട്ടാരത്തിൽ ചെന്ന ബിക്കാനീർമഹാരാജാവിനോടു് ഗെയ്ക്ക്വാർ കഥകളിയെക്കുറിച്ചു ശ്ലാഘിച്ചു പറഞ്ഞതിനാൽ, ബിക്കാനീരിന്നു കഥകളി കാണ്മാൻ വളരെ കൗതുകം ജനിച്ചിട്ടുണ്ടെന്നു ഞാൻ സൂക്ഷ്മമായി അറിയും. അതിനാൽ അദ്ദേഹത്തിൻെറ സന്നിധിയിൽ കഥകളിയും ഡാൻസും നടത്തിക്കാൻ നിങ്ങളുടെ ഒരു നേരിയ പ്രേരണ ഉണ്ടായാൽ മതി. അതു കണ്ടാൽ അന്നവിടെ വിവാഹത്തിന്നു സന്നിഹിതരാകുന്ന മററു മഹാരാജാക്കന്മാരും കൗതുകികളായി തീരുന്നതും. അതിനാൽ ആ അവസരത്തെ പ്രയോജനമാക്കിത്തീക്കുന്നതിൽ താങ്കൾ ദയചെയ്യേണമെന്നു ഞാൻ അപേക്ഷിക്കുന്നു.

നിങ്ങൾ പണ്ടു കലാമണ്ഡലത്തിൽ വന്നപ്പോൾ, വടക്കേ ഇന്ത്യാക്കാരേയും മററും കഥകളി അത്ര ആകർഷിക്കുകയില്ലെന്നാണല്ലോ ഒരു പ്രതിബന്ധം പറഞ്ഞതു്. എന്നാൽ എൻെറ അനുഭവം നേരെ മറിച്ചാണു്; 1936–ൽ ഞാൻ കഥകളിയോഗത്തോടുകൂടി വടക്കേ ഇന്ത്യയുടെ പല ഭാഗങ്ങളിലും സഞ്ചരിക്കുകയുണ്ടായി. അവിടങ്ങളിൽ സ്വല്പം പഠിപ്പുള്ളവരെല്ലാം നമ്മുടെ ഈ 'പഴഞ്ചൻ പുറാട്ടി'നെ 'പരിഷ്കാരം തികഞ്ഞ ഒരു പ്രാചീനകലാവിദ്യ' എന്നു് ഏകകണ്ഠമായി പ്രശംസിക്കുകതന്നെയാണു ചെയ്തതു്.

താങ്കളുടെ 'ഭീഷ്മർ' എന്ന നാടകവും ഒരു മാസത്തിന്നു മുമ്പേ ഞാൻ സകൗതുകം വായിച്ചു. വീരരസത്തിന്നനുഗുണമായ പ്രൗഢിയും ഓജസ്സും ഈ ദൃശ്യകാവ്യത്തെ ഉൽകൃഷ്ടകോടിയിലെത്തിച്ചിരിക്കുന്നു. എന്നാൽ താങ്കൾ ഇന്നുവരെ എഴുതിയിട്ടുള്ള കൃതികളിൽവെച്ചു മികച്ചതേതാണെന്നു് എന്നോടാരെങ്കിലും ചോദിച്ചാൽ എൻെറ മറുപടി, 'കല്യാണമൽ' എന്നാ

Digitized By Kerala Sahitya Akademi

യിരിക്കും. മലയാണ്മയിൽ 'മാർത്താണ്ഡവർമ്മയ്ക്കുള്ള സ്ഥാനം ഏതോ അതി ന്നടുത്ത സ്ഥാനം ഈ ആഖ്യായികയ്ക്കാണെന്നു തീർച്ച പറയാം. ആ 'ഗുൽ നാര'യെ വരച്ച താങ്കളുടെ തൂലികയെ നിർമത്സരന്മാരായ സഹൃദയന്മാരൊ ക്കെ എന്നെന്നും മാനിക്കും. ഇതൊരു മുഖസ്തുതിയാണെന്നു കരുതിയേക്ക രുതേ.

എനിക്കു വളരെവളരെയുണ്ടു താങ്കളോടു പറയാൻ. തമ്മിൽ കണ്ടിട്ടു കാലം ഒട്ടേറെയായല്ലൊ. ഞാൻ അടുത്ത ജൂലായ്മാസത്തിൽ വീണ്ടും കൽക്കത്തയിലേക്കു പോയി എന്നു വരാം. നമ്മുടെ ശ്രീ. മുകുന്ദരാജാവും ഉണ്ടാകും. ആ യാത്രയിൽ ഞങ്ങാം ബിക്കാനീറിൽ വരട്ടെയോ? വന്നാൽ ഏതാനും മണിക്കൂറിടയെങ്കിലും താങ്കളുമായി സംസാരിക്കാൻ തരംകിട്ടി ല്ലയോ?

വിവരങ്ങാംക്കൊക്കെ മറുപടി കാത്തിരിക്കുന്നു.

സ്വന്തം

വള്ളത്തോാം

*(കത്ത് നമ്പർ 9)*

# വാർദ്ധക്യത്തിലേക്ക് ശീട്ട്

വള്ളത്തോാം

ചെറുതുരുത്തി

6-6-1939

പ്രിയ സുഹൃത്തെ,

താങ്കാം ഒന്നാംതീയതി അയച്ച സസ്നേഹമായ മറുപടി ഇന്നലെ കിട്ടി. ശ്രീ. മുകുന്ദരാജാവിനേയും കാണിച്ചു. എന്റെ അപേക്ഷയെ താ ങ്കാം കരുണാപൂർവ്വം കൈക്കൊണ്ടതിൽ ഞങ്ങാംക്കു കൃതജ്ഞതയും സന്തോ ഷവും ഉണ്ട്. അഥവാ, ശ്രീമാൻ കെ. എം. പണിക്കരോടു വള്ളത്തോാം നന്ദി പറയുന്നതു്, അയാാം അയാളോടുതന്നെ പറയുന്നതുപോലിരിക്കു മല്ലോ!

മരിച്ച ബറോഡമഹാരാജാവിന്റെ ശ്ലാഘ ബിക്കാനീർമഹാരാ ജാവിനു് കഥകളിയിൽ കൗതുകം ഉണ്ടാക്കിത്തീർത്തിട്ടുണ്ടു്. അതിനാൽ വിവാഹഘോഷങ്ങളുടെ പ്രസ്താവമുണ്ടാകുമ്പോാം, 'കലാമണ്ഡലം കഥ കളി'യെക്കുറിച്ചും അദ്ദേഹത്തിന്റെ അടുക്കൽ ഒരു സൂചന താങ്കാം ചെയ്തേ ച്ചാൽ മതിയാകും. വലിയ ശുപാർശി ഒന്നും വേണ്ടിവരില്ല. മൈസൂർ- ബറോഡാ കൊട്ടാരങ്ങളിൽ കഥകളി ഉണ്ടായതും വേണമെങ്കിൽ അദ്ദേഹ ത്തെ അറിയിക്കാം. എന്നാൽ, കഥകളിയേയും ക്ഷണിപ്പാൻ അദ്ദേഹം ആജ്ഞാപിക്കുമെന്നാണു് എന്റെ ആശ. അതല്ല നർത്തകീസംഘത്തെ ക്ഷണിപ്പിക്കുന്നതിലേ താങ്കാംക്കു താല്പര്യമുള്ളുവെങ്കിൽ, അതു മാത്രംകൊ ണ്ടും ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. ആ വിവാഹമഹോത്സവം ഏതു മാസ ത്തിലാണെന്നും, എത്ര ദിവസമുണ്ടാകുമെന്നും ഇപ്പോാംതന്നെ എന്നെ അ റിയിക്കുന്നതു പ്രയോജനകരമായിരിക്കും. ഞാൻ ബിക്കാനീറിലേക്കു വരു ന്നതു് എപ്പോഴാണെന്നു വഴിയേ അറിയിച്ചുകൊള്ളാം.

Digitized By Kerala Sahitya Akademi

കഴിഞ്ഞ നവംബർമാസത്തിൽ, എന്റെ ഷഷ്ടിപൂർത്തി കഴിഞ്ഞതും, ഞാൻ വാർദ്ധക്യത്തിലേക്ക ശീട്ടു മേടിച്ചതും വാസ്തവംതന്നെ. നിലമ്പൂർ വലിയരാജാവവർകളുടേയും മററും അഭിപ്രായത്താലും, എനിക്ക ധനശക്തിയും ഇവിടെ തക്ക സ്ഥലവുമില്ലായ്മയാലും, ഞാൻ ഒരൊററയാളെപ്പോലും ക്ഷണിക്കുകയുണ്ടായില്ല. അങ്ങനെ ഷഷ്ടിപൂർത്തി നിശ്ശബ്ദമായി കഴിക്കാനാണ് ഞാൻ കരുതിയതെങ്കിലും വളരെ മാന്യന്മാർ വന്നു ചേർന്നിരുന്നു. കലാമണ്ഡലംവാർഷികയോഗവും അന്നുമുതൽ മൂന്നു ദിവസമായിരുന്നു. ഒരു സ്മാരകഗ്രന്ഥം അച്ചടിച്ചു തുടങ്ങിയിട്ടുണ്ടെന്നും, പണമില്ലായ്കയാൽ മുടങ്ങിക്കിടക്കുകയാണെന്നും, ഷഷ്ടിപൂർത്തിക്കമ്മെററി സിക്രട്ടറി ഈയിടയിൽ പറയുകയുണ്ടായി; അതിലേക്ക താങ്കളും ഒരു 'മർമ്മസ്പൃക്കാ'യ ഉപന്യാസം കൊടുത്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

താങ്കളുടെ ഒരു മകറം കൽക്കത്തയിലുണ്ടെന്നു ഞാൻ അറിഞ്ഞുവെങ്കിലും, പോയിക്കാണാൻ എനിക്ക തരം കിട്ടിയില്ല. താങ്കളുടെ മക്കളിൽ ആരേയും ഞാൻ കണ്ടിട്ടില്ല. താങ്കളെത്തന്നെ വളരെക്കാലംകൊണ്ടേ ഞാൻ കണ്ടെത്താറുള്ളവല്ലൊ.

'മണ്ഡോദരി'യുടെ സ്വഭാവമാഹാത്മ്യം വാല്മീകി നമ്മെ ധരിപ്പിച്ചിട്ടുണ്ട്; മണ്ഡോദരിയെ അച്ഛൻ രാവണനു കൊടുത്തതും ഉത്തരരാമായണത്തിൽ വളരെ ചുരുക്കത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ, രാവണൻ മണ്ഡോദരിയെ കാട്ടിൽ എവിടെയോവെച്ചു കണ്ടെത്തിയെന്നും, തൽക്ഷണം അനുരക്തനായിത്തീർന്നുവെന്നും, ഒടുവിൽ മയനോട് അപേക്ഷിച്ചിട്ടാണ് അവളെ കൈക്കലാക്കിയത് എന്നും മററും കുറെ സവിസ്തരമായ ഒരു കഥ ഞാൻ ഏതോ ഒരു പുരാണത്തിൽ വായിച്ചിട്ടുള്ളതായി ഓർക്കുന്നു. അദ്ഭുതരാമായണത്തിലുള്ള മണ്ഡോദരീകഥ തീരെ അസ്വാഭാവികമാണ്.

എനിക്ക് എന്റെ നിത്യജലദോഷമല്ലാതെ മററു പറയത്തക്ക സുഖക്കേടൊന്നുമില്ല; ശക്തിക്ഷയം തെല്ലൊന്നു ബാധിച്ചിട്ടുണ്ട്.

താങ്കളുടെ ഭാര്യയ്ക്കും എന്റെ വന്ദനമുണ്ട്. അവരുടെ ശ്രേഷ്ഠഗൃഹണീത്വത്തെ ഡാക്ടർ അമ്പാടി തെല്ലൊന്നു സൂചിപ്പിച്ചതിൽ എനിക്ക വലിയ മനസ്സുഖം തോന്നി.

സ്വന്തം
വള്ളത്തോറം
*(കത്ത് നമ്പർ 10)*

# ഗുജറാത്തിലേക്ക്

വള്ളത്തോറം

ചെറുതുരുത്തി
10-6-1939

പ്രിയ സുഹൃത്തെ,

ഞാൻ ഈ ജൂൺമാസത്തിൽ ബോംബയിലേക്ക പോയാലോ എന്നു സംശയിക്കുന്നു. ബോംബയിലും അഹമ്മദാബാദിലുമുള്ള ധനികന്മാ

Digitized By Kerala Sahitya Akademi

രിൽനിന്നു് കലാമണ്ഡലംമരാമത്തിന്നു കുറേ പണം യാചിച്ചു ശേഖരിക്കുകയാണു് യാത്രയുടെ ഉദ്ദേശം. ഈയവസരത്തിൽ ബിക്കാനീറിലും വരട്ടെയോ? താങ്കൾ സ്വസ്ഥാനത്തുതന്നെയുണ്ടാകുമോ? ഉണ്ടാകുകയില്ലെങ്കിൽ, ആ വിവരം എന്നെ കമ്പിവഴിയായി അറിയിപ്പാൻ ദയയുണ്ടാകണം.

ഞാൻ ബിക്കാനീറിൽ എപ്പോൾ എത്തുമെന്നു് അഹമ്മദാബാദിൽനിന്നു കമ്പിവഴിയായി താങ്കളെ അറിയിച്ചുകൊള്ളാം.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 11)*

# മേനകയുടെ അതിഥി

വള്ളത്തോൾ

C/o Shri· Menaka·
Hamilton House·
Khandala
29-6-1939

പ്രിയ സുഹൃത്തെ,

ഞാൻ എന്റെ മൂത്ത മകനായ ബാലകൃഷ്ണനോടുകൂടി കഴിഞ്ഞ ശനിയാഴ്ച 24-ാം നം- ഇവിടെ എത്തിച്ചേർന്നു. ശ്രീ. മേനക*യുടെ അതിഥിയായി താമസിക്കുകയാണു്. ചുററും പച്ചപിടിച്ച മാമലകളുടെ നൈസർഗ്ഗികസൗന്ദര്യവും, ഇരുപത്തൊന്നുമുതൽ പതിമൂന്നുവരെ വയസ്സുള്ള പെൺകുട്ടികളുടെ നൃത്താഭ്യസനവും ശ്രീ. മേനകയുടെ സസ്നേഹമായ ഉപചാരവും ഈ പ്രദേശത്തിന്റെ സുഖകരത്വവും എന്നെ ആഹ്ലാദിപ്പിക്കുന്നുണ്ടു്.

ഞാൻ ബിക്കാനീറിലേക്കു് എപ്പോഴാണു വരേണ്ടതു്? താങ്കൾ സ്വസ്ഥാനത്തെത്തിയാൽ ഉടനടി വിവരം എന്നെ കമ്പിവഴിയായി അറിയിക്കണമെന്നപേക്ഷ. ഇന്നു ശ്രീ. മേനക താങ്കൾക്കു് ഒരു കമ്പി അയച്ചിട്ടുണ്ടു്.

ഞാൻ മററന്നാൾ രാവിലെ ബോംബയിലേക്കു പോകും. ബോംബയിൽനിന്നു് അഹമ്മദാബാദുവഴിയായി ബിക്കാനീറിലേക്കു വരാമെന്നു വിചാരിക്കുന്നു. അഹമ്മദാബാദിൽ സർ ചിനുഭായിയുടെ ഗൃഹത്തിൽ ഒന്നുരണ്ടുനാൾ താമസിച്ചുവെന്നു വരാം.

എന്റെ ബോംബെ മേൽവിലാസം താഴെ കാണിക്കാം.

20, Haji Chambers,
Brahman Wada Road,
Matunga (G·I·P·), Bombay·

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 12)*

* *കഥക് നൃത്തത്തിൽ പ്രസിദ്ധി നേടിയ മാഡം കർണൽ സോക്കിയാണു് മേനക എന്ന പേരിൽ അറിയപ്പെട്ട ഉത്തരേന്ത്യാക്കാരിയായ നർത്തകി. ഇവർ കഥകളിയിലും അഭ്യാസം നേടിയിരുന്നു.*

Digitized By Kerala Sahitya Akademi

# പണത്തിട്ടക്കത്തിൽ

വള്ളത്തോൾ | Baroda
14-7-1939

പ്രിയ സുഹൃത്തെ,

ഞാൻ ഇന്നലെ രാവിലെ ഇവിടെ എത്തി. താങ്കളുടെ എഴുത്ത് ദിവാനെ കണ്ടു കൊടുത്തു. മഹാരാജാവുമായി ആലോചിച്ച് നാലു ദിവസത്തിനുള്ളിൽ മറുപടി തരാമെന്നാണ് ദിവാൻ പറഞ്ഞത്. അദ്ദേഹം അപ്പോൾതന്നെ ഏർപ്പാടുചെയ്തതനുസരിച്ച് ഇന്നു രാവിലെ പത്തുമണിക്കു മഹാരാജാവിനെ കണ്ടു; നിലമ്പൂരിന്റെ എഴുത്തും കൊടുത്തു. ദിവാനുമായി ആലോചിക്കട്ടെ, എന്നാണു മഹാരാജാവിന്റെ മറുപടി. വീണ്ടും ദിവാനെ കണ്ടു; അപ്പോഴും മറുപടി ഇന്നലത്തേതുതന്നെ. 'എന്നാൽ ഞാൻ ഒരാഴ്ച വരെ ബോംബയിൽ കാത്തു താമസിക്കാം.' എന്നറിയിച്ചപ്പോൾ ദിവാൻ പറഞ്ഞത്, എന്റെ ബോംബെ മേൽവിലാസവും ചെറുതുരുത്തി മേൽവിലാസവും രണ്ടും സിക്രട്ടറിയെ ഏല്പിക്കാനാണ്. രണ്ടു മേൽവിലാസവും കൊടുക്കാൻ പറഞ്ഞതുകൊണ്ട് കാര്യം നീണ്ടുപോയേക്കുമോ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. എനിക്കു തിരിച്ചുപോവാൻ കുറച്ചല്ല തിടുക്കം. ഇവിടെനിന്നു പണം കിട്ടുമെന്ന ആശയാൽ കലാമണ്ഡലത്തിൽ മരാമത്തു തുടങ്ങിയിരിക്കുന്നു. കടുത്ത പണത്തിട്ടക്കത്തിലാണ് എന്റെ നില്പ്.

അതിനാൽ ഒട്ടും വൈകാതെ കാര്യം സാധിപ്പിക്കുന്നതിൽ താങ്കൾ ഒന്നുകൂടി ദയചെയ്യേ കഴിയൂ. ഈ എഴുത്ത് അവിടെ കിട്ടിയാൽ അതേ നിമിഷത്തിൽ 'വള്ളത്തോളിനു ഇരുപത്തയ്യായിരം ഉറപ്പികതന്നെ കഴിയുന്ന വേഗത്തിൽ കൊടുപ്പിക്കുമാറാകണം.' എന്ന ഒരു 'ചുട്ട' കമ്പി ദിവാനയയ്ക്കണമെന്നപേക്ഷ. ദിവാനും മഹാരാജാവും സംഖ്യ തീർച്ചപ്പെടാതെ വിഷമിക്കുകയാണെന്നാണ്, എനിക്കാകെപ്പാടെ തോന്നുന്നത്. അതുകൊണ്ടു താങ്കൾ മുറുകിപ്പിടിക്കുകതന്നെ വേണം. താങ്കളുടെ എഴുത്തു ദിവാനും, നിലമ്പൂരിന്റെ എഴുത്തു മഹാരാജാവും മാനിക്കാതിരിക്കയില്ലല്ലോ. മേൽ പറഞ്ഞപ്രകാരം ഒരു കമ്പി താങ്കൾ അയയ്ക്കുന്നത് ഒന്നുകൊണ്ടും അനുചിതമാകയില്ലെന്നാണ് എന്റെ അഭിപ്രായം. എനിക്കുവേണ്ടി താങ്കൾ ഇതിൽ സ്നേഹപ്രേരിതനായി കൈവെച്ച സ്ഥിതിക്കും, ഈ കിഴവൻ വള്ളത്തോൾ കിടന്നു കഷ്ടപ്പെടുന്ന സ്ഥിതിക്കും എങ്ങനെയെങ്കിലും കാര്യം സാധിക്കേണ്ടയോ? അതിനാൽ കമ്പി അയയ്ക്കുന്നതിൽ ഒട്ടും മടിക്കുകയും വൈകിക്കുകയും അരുതെന്നു വീണ്ടും ഞാനപേക്ഷിക്കുന്നു.

ഞാൻ ഇന്നു രാത്രി ബോംബയ്ക്കു തിരിക്കും. ദിവാൻ പണമയച്ചു തരുന്നതു കാത്ത് ഒരാഴ്ചകൂടി ബോംബയിൽ താമസിക്കുകയും ചെയ്യും. ദിവാനു കമ്പിയടിച്ച വിവരത്തിനും മറ്റും ഒരെഴുത്ത് ബോംബയ്ക്കയയ്ക്കുന്നതു് ഉപകാരം.

ശ്രീ സി. എസ്. ആംഗ്രേ മിനിഞ്ഞാന്നു ബോംബയിൽ എത്തിച്ചേരുമെന്നാണ് അന്വേഷണത്തിൽ അറിഞ്ഞത്. ഞാൻ ബോംബയിൽ

Digitized By Kerala Sahitya Akademi

എത്തിയാലപ്പോറം അദ്ദേഹത്തെ കാണാൻ ശ്രമിച്ചുകൊള്ളാം. അതിൽ മി. ബ്രൗൺ (Times of India) എന്നെ സഹായിക്കമെന്ന തോന്നുന്നു.

എൻെറ ബോംബെ മേൽവിലാസം താഴെ കാണിക്കാം. ശേഷം താങ്കളുടെ കത്തു കിട്ടിയതിനുമേൽ.

Block No. 19 — സ്വന്തം
Laxmi Nivas — വി. നാരായണമേനോൻ
Sivaji Park
Mahim – Bombay

P.S. ഡോക്ടർ സോക്കിയുടെ വാലിയക്കാർ മലമ്പനിയിൽ പെട്ടിരിക്കുന്നതുകൊണ്ടു ബോംബയിൽ എൻെറ താമസം ആർ. ജി. നായർ എന്ന ഒരു സ്നേഹിതൻെറ പാർപ്പിടത്തിലാക്കേണ്ടിവന്നു.

*(കത്ത് നമ്പർ 13)*

# ചുട്ട കമ്പിയോ കുളിർകമ്പിയോ

വള്ളത്തോറം — 19. Laxmi Nivas
Mahim-Bombay

പ്രിയ സുഹൃത്തെ,

ഞാൻ കഴിഞ്ഞ വ്യാഴാഴ്ച (13-ാം നം-) ബറോഡയിൽനിന്നയച്ച എഴുത്തു താങ്കറംക്കു കിട്ടിയില്ലായിരിക്കുമോ? ദിവാനുമായി ആലോചിച്ചു വേണ്ടതു ചെയ്യാമെന്നു ദിവാനും പറഞ്ഞു എന്നും, അതിനാൽ താങ്കറം 'വള്ളത്തോളിനു് 25,000 ക. തന്നെ കൊടുപ്പിക്കണ'മെന്ന ഒരു ചുട്ട കമ്പി കൃഷ്ണമാചാരി* അവർകറംക്കു് അപ്പോറംത്തന്നെ അയയ്ക്കുന്നതു് ഉപകാരമാവുമെന്നുമാണു്, ഞാനതിൽ എഴുതിയിരുന്നതു്. കമ്പി അയച്ച വിവരത്തിനു് ഒരു മറുപടി എനിക്കു ബോംബയിലേക്കയയ്ക്കണമെന്നും അപേക്ഷിച്ചിരുന്നു. താങ്കളുടെ മറുപടി കിട്ടിയിട്ടില്ല; ബറോഡയിൽ അനക്കവും കാണുന്നില്ല! അതിനാൽ വീണ്ടും ഈ എഴുത്തെഴുതി ശല്യപ്പെടുത്തുന്നതു് സദയം ക്ഷമിക്കുക.

'ചുട്ട' കമ്പി അയപ്പാൻ താങ്കറംക്കു വല്ല സങ്കോചവും തോന്നുന്നുണ്ടെങ്കിൽ, 'മഹാരാജാവിൻെറ സംഭാവനയും കാത്തു് വള്ളത്തോറം ബോംബയിൽത്തന്നെ താമസിക്കുന്നു,' എന്നൊരു 'കുളിർ'കമ്പി എങ്കിലും അയച്ചു്, എന്നെ സഹായിക്കണമെന്നപേക്ഷ. പ്രബലമായ ഒരു കത്തയച്ചാലും മതി. കത്തു പിറേറന്നു ബറോഡയിൽ കിട്ടുമല്ലോ. ഞാനൊരാഴ്ചവട്ടംകൂടി ഇവിടെ താമസിക്കാം. ദയചെയ്തു മറുപടി തരിക.

ശ്രീ. ആംഗ്രേ ഇവിടെയുണ്ടു്. എന്നാൽ പനിപിടിച്ചു കിടപ്പിലാണു്. ഈ ഒരാഴ്ചവട്ടത്തിനുള്ളിൽ കാണാൻ സാധിച്ചാലായി. എൻെറ തലയിലെഴുത്തു നോക്കു!

* *വി. ടി. കൃഷ്ണമാചാരി*

Digitized By Kerala Sahitya Akademi

തത്ര ഭവതിക്കും കുട്ടികൾക്കും കുശലംതന്നെയാണല്ലോ. എന്റെ അന്വേഷണം അവരെ അറിയിക്കുമല്ലോ.

സ്വന്തം
വി. നാരായണമേനോൻ.
*(കത്ത്നമ്പർ 14)*

## മടങ്ങുംമുൻപ്

വള്ളത്തോൾ

Park Street
Culcutta
8-8-1939

പ്രിയ സുഹൃത്തെ,

യദൃച്ഛയാ താങ്കളുടെ സഹയാത്രക്കാരനായിത്തീർന്ന ശ്രീ മുകുന്ദരാജാവിൽനിന്നു വിവരങ്ങളെല്ലാം ഇന്നലെ ഇവിടെ എത്തിച്ചേർന്ന ഞാനറിഞ്ഞു. അമ്മാമന്റെ പിണ്ഡമടിയന്തരവും മററും ഭംഗിയിൽ കഴിഞ്ഞുകൂടിയതിൽ സന്തോഷിക്കുന്നു. വീട്ടിൽ അമ്മയ്ക്കും മററും സുഖക്കേടൊന്നുമില്ലല്ലൊ.

ബറോഡ ആയിരം ഉറുപ്പികകൊണ്ടു കഴിച്ചാൽ മതിയോ? അയ്യായിരം ഉറുപ്പികയെങ്കിലും തരുമെന്നു താങ്കൾ ഊഹിച്ചിരുന്നുവല്ലോ. ഇനി മറെറാരു മാർഗ്ഗമുണ്ട്. ഈ ആയിരം ഉറുപ്പിക ഗവണ്മെണ്ടുവകയാണ്; ഹുസൂർ പൊളിററിക്കൽ സിക്രട്ടറിയാണ് ആയിരം ഉറുപ്പിക അനുവദിച്ചതായി എനിക്കു കത്തയച്ചിട്ടുള്ളത്. അതിനാൽ മഹാരാജാവിനെക്കൊണ്ടു വിശേഷാൽ സംഭാവന തരുവിക്കാൻ താങ്കൾ ദിവാനെ വീണ്ടും പ്രബലമായി പ്രേരിപ്പിച്ചു നോക്കണം. വലിയ ഒരു കാര്യം, നിലമ്പൂർ രാജാവും താങ്കളും ശിപാർശി ചെയ്തിരിക്കുക; എന്നിട്ടും മഹാധനികനായ ബറോഡാ മഹാരാജാവു വെറും ആയിരം തന്നതു് എങ്ങനെ പുറത്തുപറയും? അതിനാൽ താങ്കൾ ഒന്നുകൂടി ശ്രമിച്ചുനോക്കാതെ നിവൃത്തിയില്ല!

ഞാൻ ശ്രീ ആംഗ്രേയെ കണ്ട വിവരം ബോംബയിൽനിന്നു രണ്ടാമതു കാവാലത്തേക്കയച്ച എഴുത്തിൽ കാണിച്ചിരുന്നു. അദ്ദേഹത്തെ താങ്കൾ 15-ാംനു കാണുമല്ലോ. ആ അവസരത്തിൽ ഗ്വാളിയറിലെ ഉത്സവത്തിനു കളി ഉറപ്പിച്ച്, ഹുസൂർസിക്രട്ടറിയുടെ മറുപടി കഴിയുന്ന വേഗത്തിൽ കിട്ടുമാറാക്കണമെന്നപേക്ഷ. ഞാൻ ആംഗ്രേയുടെ ഉപദേശമനുസരിച്ചു ഹുസൂർസിക്രട്ടറിക്കയച്ച എഴുത്തിനു മറുപടി കിട്ടിയിട്ടില്ല. ഞങ്ങൾക്കു കാലേ ഏർപ്പാടുകൾ ചെയ്തുവെക്കാനുള്ളതുകൊണ്ടു തീർച്ചമറുപടി വൈകാതെ കിട്ടേണ്ടിയിരിക്കുന്നു.

ഉദയപ്പൂരിലെ കളി ഉറച്ചു കിട്ടുമെന്നുതന്നെ ആശിക്കുന്നു. സർ അക്ബർ ഹൈദ്രിയെ കാണുമ്പോഴും താങ്കൾ കലാമണ്ഡലത്തെ അനുസ്മരിക്കുമാറാകണം. എന്റെ ആശ പ്രധാനമായി ഹൈദരാബാദിനെത്തന്നെയാണു നോക്കിക്കൊണ്ടിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

ഞങ്ങഠം നാളെ മലബാറിലേക്ക മടങ്ങും. ഇതിന്റെ മറുപടി താങ്കഠം ശ്രീ ആംഗ്രേയെ കണ്ടതിനുശേഷം ചെറുതുരുത്തിക്കയച്ചാൽ മതി.

'സമയമാതൃക'യും 'കട്ടനീമത'വും ഞാൻ ബോംബയിൽനിന്നു വാങ്ങി. ഇപ്പോഠം 'കട്ടനീമതം' വായിക്കുകയാണ്. നല്ല നേരംപോക്കുള്ള പുസ്തകം.

സ്വന്തം
വള്ളത്തോഠം
*(കത്ത് നമ്പർ 15)*

# ഊന്നിശ്രമിക്കണം

വള്ളത്തോഠം

ചെറുതുരുത്തി
24-8-1939

പ്രിയ സുഹൃത്തെ,

ഹൈദരാബാദിലെ ഓറിയൻറൽ കോൺഫറൻസ് സിക്രട്ടറിയുടെ മറുപടി വ്യസനകരമായിരിക്കുന്നു. അവരുടെ പ്രോഗ്രാമെല്ലാം തീർച്ചപ്പെട്ടു പോയത്രെ. അതിനാൽ പുതിയ ഒരു സംഗതി പ്രോഗ്രാമിൽ ഉഠംപ്പെടുത്തുക സാദ്ധ്യമല്ലെന്നാണു മറുപടിയുടെ സാരം.

താങ്കഠം ദയചെയ്തു് ഏറ്റവും വേഗത്തിൽ അക്ബർഹൈദരിക്ക് ഒരു പ്രബലമായ കത്തയച്ചു കമ്മററിയെക്കൊണ്ടു പുനരാലോചനയ്ക്കുടപ്പിച്ചു്, നമ്മുടെ കഥകളികൂടി പ്രോഗ്രാമിൽ ചേർക്കുമാറാക്കണമെന്നപേക്ഷ. ഇങ്ങനെ ഊന്നിശ്രമിച്ചില്ലെങ്കിൽ, കലാമണ്ഡലത്തിന്നു് ഈ അഭ്യുദയകരമായ സന്ദർഭം തീരെ കൈവരാതെ പോകുമല്ലൊ.

ഞാൻ സിംലയ്ക്കയച്ച എഴുത്തു കിട്ടിയിരിക്കുമല്ലൊ. ശ്രീ ആംഗ്രേയെ കണ്ടില്ലേ? ഗ്വാളിയോറിലെ തീയതി തീർച്ചപ്പെട്ടുവോ?

ഞാൻ ബിക്കാനീറിലേക്ക വരുന്നതു് ഒക്ടോബറിലാണെങ്കിൽ നവംബർ ഒന്നാം തീയതിക്കു മുമ്പേ കലാമണ്ഡലം വാഷികോത്സവത്തിനായി തിരിച്ചുപോരേണ്ടിവരും. ദുർഗ്ഗാപൂജക്കാലത്തു മാർവാഡി പ്രഭുക്കന്മാർ ബിക്കാനീറിൽ വന്നുചേരുന്ന സമയത്താണു് ഞാൻ വരേണ്ടതെന്നാണു് തത്ര ഭവതി എന്നെ ധരിപ്പിച്ചിരിക്കുന്നതു്. ദുർഗ്ഗാപൂജക്കാലം ഒക്ടോബറിലായിരിക്കുമല്ലോ. ആ കാലത്തുതന്നെയല്ലേ ഞാൻ വരേണ്ടതു്? താങ്കഠം എഴുതിയിരുന്നതു് ഒക്ടോബറിലോ നവംബറിലോ വരണമെന്നാണ്. നവംബറിലാണെങ്കിൽ വാർഷികോത്സവം കഴിഞ്ഞാൽ വരാം. എപ്പോഠം വരണമെന്ന തീർച്ചവിവരം ആലോചിച്ചു മറുപടിയിൽ കാണിക്കുമല്ലൊ.

അക്ബർ ഹൈദരിക്കെഴുതാൻ ഒരു നിമിഷംപോലും വൈകിക്കരുതേ. ഒന്നോ, അരയോ മണിക്കൂർ ഇട കിട്ടിയാൽ ഒരു കഥ അരങ്ങത്തു പ്രദർശിപ്പിക്കാൻ സാധിക്കും. വെറും അര മണിക്കൂർകൊണ്ടാണു് വൈസ്രായിയെ മദിരാശിയിൽവെച്ചു 'രുഗ്മാംഗദചരിതം' മുഴുവൻ കാണിച്ചതു്. അദ്ദേഹം പരമസന്തുഷ്ടനാവുകയും ചെയ്തു.

Digitized By Kerala Sahitya Akademi

ഉദയപ്പൂരിലേക്കും മററും അയയ്ക്കേണ്ടതിന്നായി കഥകളിയെപ്പററി പ്രമാണികൾ തന്ന അഭിപ്രായങ്ങൾ ഇതോന്നിച്ചയയ്ക്കുന്നുണ്ട്. അവയെ അച്ചടിപ്പിക്കുക താങ്കൾതന്നെ അവിടെ കഴിക്കേണ്ടിയിരിക്കുന്നു.

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 16)*

# ഒരാൾ പിരിയുന്നു

വള്ളത്തോൾ

ഷൊർണ്ണൂർ
2nd Sept. 1939

പ്രിയ സുഹൃത്തേ,

ഞാൻ താങ്കൾക്ക് സിംലയ്ക്കയച്ച എഴുത്ത് കിട്ടിയില്ലെന്നുണ്ടോ? ശ്രീമാൻ ആംഗ്രേയെ സിംലയിൽവെച്ച് കണ്ടിരിക്കുമല്ലോ. ഗ്വാളിയോറി ലെ ഉത്സവത്തിൽ കലാമണ്ഡലം വക കഥകളിയോ ഡാൻസോ ഉൾപ്പെടു ത്തിക്കിട്ടുവാൻ ഞാൻ ബോംബയിൽ നിന്നു ഹുസൂർസിക്രട്ടറിക്കയച്ച എഴുത്തിന് മറുപടി ഇന്നുവരെ കിട്ടിയില്ല അതിനെപ്പററി ആംഗ്രേയും താങ്കളുമായി സംസാരിച്ചില്ലയോ?

ഹൈദരാബാദിലെ ഓറിയൻറൽ കോൺഫറൻസുസിക്രട്ടറിയുടെ മറുപടി അനുകൂലമല്ലെന്ന വിവരം ഞാൻ സിംലയ്ക്കയച്ച കത്തിൽ കാണി ച്ചിട്ടുണ്ട്. അതു ശരിപ്പെട്ടു കിട്ടുവാൻ താങ്കൾ അക്ബർഹൈദരിയെ ത്തന്നെ പിടികൂടുകയേ നിവ്വാഹമുള്ളൂ.

ഗ്വാളിയോറിലെ കാര്യം തീർച്ചപ്പെട്ടു കിട്ടാൻ തിടുക്കമായി. ഈ സെപ്തംബർ 14-ാംനു-യാണ് ഭാദ്രപദമാസം ആരംഭിക്കുന്നതെന്ന് നമ്മു ടെ പഞ്ചാംഗങ്ങളിൽ കാണുന്നു. ഇതു ശരിയാണെങ്കിൽ ഒന്നരയോളം മാസമേ ഇടയുള്ളുവല്ലോ.

നവരാത്രി ആരംഭിക്കുന്നതു് ഒക്ടോബർ 13-ാംനു-യും, അവസാനി ക്കുന്നതു് 22-ാംനു-യുമാണ്. ഈ കാലത്താണോ ഞാൻ ബിക്കാനീറി ലേക്കു വീണ്ടും വരേണ്ടതു്? ഇക്കാലത്തുതന്നെയാണു വരേണ്ടതെന്ന് തത്ര ഭവതി എന്നോടു് പറഞ്ഞതായി ഓക്കുന്നു. അക്കാലത്തു് ബിക്കാനീറി ലെ കാലാവസ്ഥ എങ്ങനെയിരിക്കും? ഞാൻ വന്നപ്പോഴനുഭവിച്ച കടും ചൂട് എന്നെ പേടിപ്പെടുത്തുന്നു!

എൻെറ അനുജൻ പ്രസിദ്ധകവി വള്ളത്തോൾ ഗോപാലമേനോൻ രണ്ടാഴ്ചവട്ടത്തിനുമുമ്പെ സ്വഗൃഹത്തിൽവെച്ച് മരിച്ചുപോയി! വയസ്സ് അൻപത്തേഴേ ആയിട്ടുള്ളൂ. വാസന തികഞ്ഞ ഒരു കവിയായിരുന്നു അയാൾ എന്നറിയാമല്ലോ. ഇങ്ങനെ 'വള്ളത്തോൾക്കമ്പിനി'യിൽനിന്ന് ഒരാൾ എന്നേക്കുമായി ഒഴിഞ്ഞുകഴിഞ്ഞു.

സമയം കിട്ടായ്കയാൽ 'കട്ടിനീമതം' വായിച്ചു കഴിഞ്ഞില്ല. എനി ക്കു പുസ്തകങ്ങൾ വായിപ്പാൻ സ്വാസ്ഥ്യം കിട്ടുക, താങ്കളുടെ അടുക്കൽ താ മസിക്കുമ്പോഴാണ്.

Digitized By Kerala Sahitya Akademi

വിവരങ്ങൾക്കൊക്കെ വിശദമായ മറുപടി കാത്തിരിക്കുന്നു. ഉദയപ്പൂരിലേക്കു കടലാസ്സുകളെല്ലാം അയച്ചുകഴിഞ്ഞിരിക്കുമല്ലോ

സ്വന്തം
വി. നാരായണമേനോൻ
(കത്ത് നമ്പർ 17)

# മാർവാറിധനികന്മാരെത്തേടി

വള്ളത്തോൾ

ചെറുതുരുത്തി
13th Sept. 1939

പ്രിയ സുഹൃത്തെ,

താങ്കളുടെ 9-ാംനു-ത്തെ എഴുത്ത് ഇന്നു കിട്ടി. ഹൈദരാബാദിൽ സമ്മേളനമുണ്ടാകുമെങ്കിൽ കഥകളിയുണ്ടാകുമെന്നു തീർച്ച. സന്തോഷകരം തന്നെ. എന്നാൽ സമ്മേളനമുണ്ടായില്ലെങ്കിലോ? നമുക്കു പണം കിട്ടാൻ പിന്നെ എന്തു ചെയ്യണം? ഉദയപ്പൂരിലെ വിവാഹം നീട്ടിവെച്ചുമെന്നു തന്നെയാണ് കരുതേണ്ടതു്.

ഗ്വാളിയോറിലെ കാര്യം ശരിപ്പെടാൻ ആംഗ്രേയു താങ്കൾ ഒന്ന് ഊന്നിയെഴുതിയാൽപ്പോരേ? എഴുതുകയാണെങ്കിൽ ഒട്ടും താമസിക്കരുതു്, രാഗപദമോസാരംഭം അടുത്തുവല്ലോ.

'ചാട്ടക്കതിമുക്താവലി' പേരുതന്നെ ചാരുതരമായിരിക്കുന്നു. ഞാനവിടെ വരുമ്പോൾ സകൗതുകം വായിക്കാമല്ലോ. എന്നാൽ ഞാനെന്നാണ് അവിടെ വരേണ്ടതെന്ന എന്റെ ചോദ്യത്തിനു താങ്കൾ മറുപടി എഴുതാഞ്ഞതു് മറവികൊണ്ടായിരിക്കും. ഒക്ടോബറിലോ നവംബറിലോ ഞാനവിടെ വരണമെന്നു വലിയ നിർബന്ധമുണ്ടെന്നു താങ്കൾ മുന്നെഴുത്തിൽ പറഞ്ഞിരുന്നുവല്ലോ. പൂജവെപ്പ് ഒക്ടോബർ മദ്ധ്യത്തിലാണ്. അക്കാലത്തുതന്നെ വരട്ടെയോ? അന്നു വരാനാണല്ലോ തത്ര ഭവതി എന്നോടു് ഉപദേശിച്ചിട്ടുള്ളതു്. അന്നു വന്നാൽ, താങ്കൾ കലാമണ്ഡലത്തിനുവേണ്ടി ആ മാർവാറിധനികന്മാരേ പിടികൂടാമോ? അതു ചെയ്താൽത്തന്നേ, നമ്മുടെ കാര്യം പകുതി ജയിച്ചു! താങ്കൾ ഇപ്പോൾ കലാമണ്ഡലത്തിന്റെ നേരെ കണ്ണുവെപ്പാൻ തുടങ്ങിയിട്ടുള്ളതിൽ ഞങ്ങൾക്കു വലിയ കൃതജ്ഞതയും സന്തോഷവുമുണ്ട്. എന്നാൽ അതൊട്ടൊക്കെ ഫലപ്പെടുന്നതുവരെ ഞാൻ താങ്കളെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും.

ഞാൻ ബിക്കാനീറിൽ വരേണ്ടതെന്നാണെന്നുള്ള വിവരത്തിനു മടക്കത്തപാലിൽത്തന്നെ മറുപടി തന്നേ കഴിയൂ. മുൻകൂട്ടി അറിയാഞ്ഞാൽ യാത്രയ്ക്കൊരുങ്ങുവാൻ ഞാൻ ബുദ്ധിമുട്ടിപ്പോകും. ഒക്ടോബറിന്റെ മദ്ധ്യത്തിലും നവംബറിലും ബിക്കാനീറിലെ കാലാവസ്ഥ എങ്ങനെയിരിക്കുമെന്നും അറിയാൻ ആഗ്രഹമുണ്ട്.

തത്ര ഭവതിക്കു് ഓപ്പറേഷൻ നവംബറിൽത്തന്നെയുണ്ടോ? അവർക്കു എന്റെ വന്ദനം ഞാൻ ഇതിലടക്കം ചെയ്യുന്നു.

സ്വന്തം
വി. നാരായണമേനോൻ
(കത്ത് നമ്പർ 18)

Digitized By Kerala Sahitya Akademi

# ധനികന്മാരുടെ കണ്ണു തുറപ്പിക്കാൻ

വള്ളത്തോൾ

ചെറുതുരുത്തി<br>ഷൊർണ്ണൂർ<br>26th Sept. 1939

പ്രിയ സുഹൃത്തെ,

9-ാംനു-ത്തെ എഴുത്തിനു ഞാനയച്ച മറുപടിക്കു് താങ്കളയച്ച മറുപടി ഇന്നലെ ഇവിടെ കിട്ടി.

നവംബർ 1-ാംനു- എന്റെ ജന്മനക്ഷത്രമാണു്. പണമില്ലായ്കയാൽ കലാമണ്ഡലത്തിന്റെ വാർഷികയോഗം അന്നുണ്ടായില്ലെന്നു വരാം. പിറന്ന നാൾ കഴിഞ്ഞാൽ ഞാൻ ബിക്കാനീറിലേക്കു പുറപ്പെട്ടുകൊള്ളാം. ഡൽഹിവഴിക്കാകാൻ നോക്കുകയും ചെയ്യുകൊള്ളാം. എന്നാൽ ആ വഴിയെ ഗ്വാളിയോറിലും പോകാമല്ലോ. ആംഗ്രേസ്സു് കാലേ കത്തയയ്ക്കാം.

എന്നാൽ മാർവാഡിപ്രഭുക്കന്മാരെ പാട്ടിലാക്കാൻ ഞാൻ മറ്റൊരു വഴി ആലോചിച്ചു. എന്റെ കൂടെ ഒരു നടനേയും ഒരു മദ്ദളക്കാരനേയും കൂട്ടിക്കൊണ്ടു വരിക; ആ നടനെക്കൊണ്ടു സദസ്സുകളിൽവെച്ചു് എന്തെങ്കിലും പ്രയോഗിപ്പിക്കുക. അതു് പഠിപ്പുള്ളവരുടെ ഹൃദയത്തെ ആകർഷിച്ചേക്കും. ഈ പ്രയോഗം താങ്കളുടെ മഹാരാജാവിന്റേയും, ഗ്വാളിയോർ, ബേനഗരം, ഹൈദരാബാദു് എന്നീ മഹാരാജാക്കന്മാരുടെ മുമ്പിലും ഒപ്പിക്കാവുന്നതാണു്. ഈ വഴി കൊള്ളാമെങ്കിൽ, ഞാൻ ഒക്ടോബറിൽ പൂജവെപ്പുകാലത്തുതന്നെ ബിക്കാനീറിൽ വന്നുചേരണമല്ലോ. ഇങ്ങനെയാണെങ്കിൽ, ആ വിവരത്തിനു് മടക്കത്തപാലിൽത്തന്നെ താങ്കൾ മറുപടി തരേണ്ടിയിരിക്കുന്നു.

ഹൈദരാബാദിൽനിന്നു് വലിയ തുക കിട്ടില്ലെന്നു് താങ്കൾ എഴുതീട്ടുള്ളതു് എന്നെ ആശാഭംഗത്തോടടുപ്പിക്കുന്നു. അക്ബർഹൈദരി നിങ്ങളുടെ മഹാസ്നേഹിതൻ, നൈസാമോ രണ്ടാമത്തെ കുബേരൻ. എന്നിട്ടും സംഖ്യ ചെറുതാവുകയോ? ഇതിൽ താങ്കൾ ഊന്നിപ്പിടിക്കുകതന്നെ വേണം. നമുക്കു് ഒരുലക്ഷം ഉറുപ്പിക ഒത്തു കിട്ടേണ്ടയോ?

ഞാൻ ഒരു നടനോടും മദ്ദളക്കാരനോടുംകൂടി പുറപ്പെടുകയാണെങ്കിൽ എനിക്കുള്ള കൂട്ടുകാരനടക്കപ്പടെ നാലുപേരുടെ വഴിച്ചെലവു പറ്റും; അതിനു തക്ക വരവുണ്ടാകുമെങ്കിലേ അങ്ങനെ പുറപ്പെട്ടുകൂടൂ എന്നറിയാമല്ലോ. ധനികന്മാരുടെ കണ്ണുതുറപ്പിക്കാൻ ഇങ്ങനെ ഒരു കലാപ്രദർശനം നടത്തുന്നതു് തുലോം ഉപകരിക്കും. താങ്കൾ ചുഴിഞ്ഞാലോചിച്ചു് തീർച്ചചെയ്തു് പ്രഥമസൗകര്യത്തിൽത്തന്നെ മറുപടി തരണമെന്നപേക്ഷ.

'രത്നാവലി' മുതലായവയുടെ കർത്താവായ ഹർഷചക്രവർത്തിയുടെ കൃതിയായി 'താപസവത്സരാജം' എന്നൊരു നാടകമുണ്ടെന്നു്, 'കുട്ടിനീമത'ത്തിന്റെ വ്യാഖ്യാനത്തിൽ ഒരേടത്തു കാണുന്നു. ആ പുസ്തകം എവിടെയുണ്ടു്? 'കുട്ടിനീമത'ത്തിൽ ഒരു മുന്നൂറു ശ്ലോകംകൂടി വായിപ്പാനുണ്ടു്. വഴിപോലെ വായിപ്പാൻ ഇട കിട്ടുന്നില്ല.

അവക്കു് ഓപ്പറേഷൻ നവംബറിൽത്തന്നെ ഉണ്ടോ?

സ്വന്തം<br>വി. നാരായണമേനോൻ<br>*(കത്തു് നമ്പർ 19)*

Digitized By Kerala Sahitya Akademi

# ഒരു ശുഭാവസരം

വള്ളത്തോൾ

ചെറുതുരുത്തി
ഷൊർണ്ണൂർ
28-9-1939

പ്രിയ സുഹൃത്തെ,

ഞാൻ 26-ാംനു- ഒരെഴുത്തു് താങ്കൾക്കയച്ചിട്ടുണ്ടു്. ആംഗ്രേസ്സു് ഇതൊന്നിച്ചു് എഴുത്തയയ്ക്കുന്നു. അതിന്റെ ഒരു പകപ്പു് ഇതാ. ഇതനുസരിച്ചു് താങ്കൾ ആംഗ്രേയോടു്പ്രബലമായ ഒരു ശുപാർശി ചെയ്യണമെന്നപേക്ഷ.

നവരാത്രിക്കാലത്തു് മാർവാഡിപ്രഭുക്കന്മാർ ബിക്കാനീറിൽ ഒത്തുകൂടുമല്ലോ. അവരിൽ നാലഞ്ചു മാന്യന്മാരുടെ ഗൃഹങ്ങളിൽവെച്ചു് ഓരോ പ്രൈവററു് കലാപ്രദർശനം നടത്തിക്കുകയാണെങ്കിൽ നമ്മുടെ ഉദ്ദേശസിദ്ധിക്കു് വളരെ എളുപ്പമുണ്ടാകും.

ഞാൻ ഒരു യുവനടനേയും മദ്ദളക്കാരനേയും കൊണ്ടുവരാം. ഇങ്ങനെ ഒരൊററ നടനെക്കൊണ്ടുള്ള നാട്യപ്രദർശനം കഴിഞ്ഞ ആഗസ്റ്റിൽ ബോംബയിൽവെച്ചു് (ഒരു ധനികന്റെ ഗൃഹത്തിൽവെച്ചു്) പ്രൈവററായി നടത്തപ്പെട്ടതിൽ വിജയമാണുണ്ടായതു്. ഒരു വിധം മനസ്സംസ്കാരമുള്ളവരെ ഇതു രസിപ്പിക്കുകതന്നെ ചെയ്യും. പോരാ, എങ്കിൽ, യുവതികളായ രണ്ടു നർത്തകികളെയും കൊണ്ടുവരാം. ആദ്യത്തെ നർത്തനം താങ്കളുടെ മഹാരാജാവിന്റെതന്നെ സന്നിധിയിൽവെച്ചാക്കിയാൽ അതുതന്നെ മതിയാകും, മാർവാഡിപ്രഭുക്കന്മാരെ പാട്ടിലാക്കാൻ. വേറെയും മൂന്നുനാലു മഹാരാജാക്കന്മാരുടെ അടുക്കൽ ഏർപ്പാടു ചെയ്യാൻ സമയവുമുണ്ടു്.

ഈ ഘോരായുദ്ധകാലത്തു് ഒരു വലിയ സെററിനെ ക്ഷണിപ്പാൻ മഹാരാജാക്കന്മാർ മടിച്ചേക്കും; നാലഞ്ചുപേർ മാത്രമുള്ള ഒരു സംഘമായാൽ അവർ കഷ്ടിച്ചു സ്വീകരിച്ചേക്കും.

ഒക്ടോബർ 13-ാംനു-യാണു് നവരാത്രി തുടങ്ങുന്നതു്. 15-ാംനു-യ്ക്കു് ഈ ചെറിയ നടസംഘത്തോടുകൂടി ഞാൻ ബിക്കാനീറിൽ എത്തിക്കൊള്ളാം. താങ്കൾ അനുവാദം തന്നേച്ചാൽ കഴിഞ്ഞു. ഒരു പുനരാലോചന കൂടി ചെയ്തു്, തീർച്ചമറുപടി മടക്കത്തപാലിൽത്തന്നെ അയയ്ക്കുമാറാകണം

സവ്വഥാ നമ്മുടെ കാര്യം നേടാൻ പററിയേക്കാവുന്ന ഒരു ശുഭാവസരമാണിതെന്നു ഞാൻ വിചാരിക്കുന്നു; ഇതു പഴാക്കിയാലോ?

സ്വന്തം
വി. നാരായണമേനോൻ

*(കത്തു് നമ്പർ 20)*

Digitized By Kerala Sahitya Akademi

# പ്രേരണയ്ക്കു പ്രേരണ

വള്ളത്തോൾ

ചെറുതുരുത്തി
18-10-1939

പ്രിയ സുഹൃത്തെ,

താങ്കൾ 13-ാംനു- അയച്ച എഴുത്തു് ഇന്നലെ കിട്ടി. രുഗ്മിണീദേവിയ്ക്കു് ഒരു ശുപാർശിക്കത്തിനായി അപേക്ഷക്കത്തയച്ചതിനു് അവർ മറുപടി തന്നതു്, ഡാക്ടർ ശിവകാമുവിനു് ഞാൻ നേരിട്ടെഴുതിയാൽ മതിയെന്നാണു്. ആ മറുപടിയോടുകൂടി ശിവകാമുവിനു് ഞാൻ എന്റെ ഉദ്ദേശങ്ങളെല്ലാം കാണിച്ചു് ഒരു കത്തയച്ചുകഴിഞ്ഞിരിക്കുന്നു. ഡാക്ടർ കസ്സിൻസിന്റെ ശുപാർശക്കത്തു കിട്ടാൻ ഞാൻ ശ്രമിക്കയുണ്ടായില്ല. അദ്ദേഹം എന്റെ ഉററ സ്നേഹിതൻതന്നെ; എന്നാൽ അദ്ദേഹത്തിൽനിന്നു് യഥാകാലം മറുപടി കിട്ടുക എളുപ്പമല്ല. ഏതാനും ദിവസങ്ങൾക്കുമുമ്പു് മറെറാരു കാര്യത്തിനായി ഞാനയച്ച എഴുത്തിനു് അദ്ദേഹം മറുപടി തന്നിട്ടില്ല; വളരെനാൾ കഴിഞ്ഞാൽ അയയ്ക്കുമായിരിക്കാം.

ഡാക്ടർ ശിവകാമു താങ്കൾക്കു് പരിചിതയല്ലയോ? അവരെ ഈ കലാമണ്ഡലകാര്യത്തിൽ ഒന്നു പ്രേരിപ്പിച്ചുകൂടെയോ? അവരുടെ മറുപടി കിട്ടിയിട്ടുവേണം എന്റെ യാത്രാദിവസം തീർച്ചപ്പെടുത്താൻ. മാർവാഡിപ്രഭുക്കന്മാർ വളരെപ്പേർ ബിക്കാനീറിൽത്തന്നെയുള്ള ഈ അവസരം പാഴാക്കാതെ നോക്കേണമെന്നു് എനിക്കാഗ്രഹമുണ്ടു്. അടുത്ത നവംബർ 15-ാംനു-ക്കും 20-ാംനു-ക്കും മദ്ധ്യേ ഇവിടെനിന്നു് പുറപ്പെടാനാണു് ഞാൻ ഏതാണ്ടു് നിശ്ചയിച്ചിരിക്കുന്നതു്.

ഞാനവിടെ വന്നാൽ ഒന്നാമതായി നൃത്തം നടത്തേണ്ടതു് മഹാരാജാവിന്റെ സന്നിധിയിൽത്തന്നെയാണു്. എന്നാലേ മാർവാഡിപ്രഭുക്കന്മാർ കണ്ണുതുറക്കുകയുള്ളു. മഹാരാജാവിനെ ഇതിൽ ശ്രദ്ധിപ്പിക്കാൻ താങ്കൾതന്നെ ഒരുങ്ങേണമല്ലോ, അതു കാലേ ചെയ്തുവെയ്ക്കണമെന്നപേക്ഷ.

ഹൈദരാബാദിൽ കോൺഫ്രൻസ് വേണ്ടെന്നു വെച്ചേയ്ക്കുമോ? തീർച്ച വിവരം കിട്ടിയോ?

ഞാൻ ബിക്കാനീറിലേക്കു വരുന്നവഴിക്കു് ഡൽഹിയിൽ ഒരു നൃത്തം നടത്തേണ്ടതിനു് എന്താണുപായം? ഇതിനെപ്പററി ഞാൻ റാവുബഹദൂർ, വി. പി. മേനോനു കത്തയച്ചതിൽ, കാലം നന്നല്ല എന്നാണു മറുപടി. മററാരെയെങ്കിലും പിടികൂടാനുണ്ടോ? മറുപടി കാക്കുന്നു. ഹൈസ്കൂൾസിക്രട്ടറിക്കു് വീണ്ടും അപേക്ഷ അയയ്ക്കുക എന്നാണു് മി. ആംഗ്രേയുടെ മറുപടി.

സ്വന്തം
വി. നാരായണമേനോൻ

*(കത്തു് നമ്പർ 21)*

Digitized By Kerala Sahitya Akademi

# പുറപ്പാടിൽ ശങ്ക

വള്ളത്തോൾ

ചെറുതുരുത്തി
30-10-1939

പ്രിയ സുഹൃത്തെ,

താങ്കൾ 26-ാംനു- അയച്ച കത്തു് ഇന്നുകിട്ടി. ഡാക്ടർ ശിവകാമുവിന്റെ മറുപടി ഇതുവരെ വന്നിട്ടില്ല. ആ സ്ത്രീ എന്റെ എഴുത്തിനെ അത്ര ഗണിച്ചില്ലായിരിക്കുമോ? ഡാക്ടർ കസിൻസ് എഴുത്തു തരുമായിരിക്കാം. എന്നാലതിന്നു വളരെ താമസം പിടിക്കും. ഞാൻ വളരെ ദിവസങ്ങൾക്കു മുമ്പയച്ച രണ്ടെഴുത്തുകൾക്കു മറുപടിയയച്ചിട്ടു രണ്ടാഴ്ചവട്ടമേ ആയിട്ടുള്ളു. രുഗ്മിണി മടിക്കുകയല്ല ചെയ്തതു്. എന്റെ കാര്യത്തിനു് അവരുടെ ശുപാർശി കൂടാതെതന്നെ അവരുടെ സോദരി ശ്രമിച്ചുകൊള്ളും എന്നർത്ഥത്തിൽ മറുപടി എഴുതിയിരിക്കുകയാണു്.

മി. രാമസ്വാമിമുതലിയാർക്കു് സർ ഷണ്മുഖം എഴുത്തു തരുമോ, ആവോ? ദിവാനാകകൊണ്ടു ശുപാർശിയെഴുതാൻ മടിച്ചേക്കും. ചോദിച്ചു നോക്കാമെന്നു മാത്രം

ഈ ശുപാർശിക്കത്തുകൾ കയ്യിലായാൽ മാത്രം പോരാ. ഞാനെത്ര പേരോടുകൂടിയ ഒരു നൃത്തസംഘത്തെക്കൊണ്ടു പുറപ്പെടാം എന്ന തീർച്ചവിവരത്തിനും മറ്റും രാമസ്വാമിമുതലിയാരുടെ പക്കൽനിന്നും, ഡാക്ടർ ശിവകാമുവിന്റെ പക്കൽനിന്നും മറുപടി കിട്ടുകകൂടി വേണം. അതിനു ശേഷമല്ലേ, നൃത്തസംഘത്തെയുംകൊണ്ടു പുറപ്പെടാൻ ധൈര്യപ്പെട്ടുകൂടൂ? മുമ്പത്തെപ്പോലെ ഞാൻ തനിച്ചു വരികയാണെങ്കിൽ പണം കിട്ടാൻ മാർഗ്ഗമൊന്നുമില്ലല്ലോ. ഈ സ്ഥിതിയിൽ എന്റെ പുറപ്പാടിനെപ്പററി ഞാനെന്താണു പറയേണ്ടതു്? ഒരു തീർപ്പും കിട്ടാതെ കുഴങ്ങുകയാണു്.

ഹൈദരാബാദിൽ കോൺഫറൻസുണ്ടോ? താങ്കൾക്കു തീർച്ചവിവരം വല്ലതും കിട്ടിയോ? ഇതറിയാനും ഉൽക്കണ്ഠയുണ്ടു്.

മറ്റെന്നാൾ കലാമണ്ഡലത്തിന്റെ വാർഷികയോഗമാണു്. ഇയ്യാണ്ടിൽ ഒരു ദിവസത്തെ ആഘോഷം മാത്രമേ ഉള്ളു. കടുത്ത ക്ഷാമം.

മടക്കത്തപാലിൽതന്നെ മറുപടിയയപ്പാൻ ദയയുണ്ടാകണം.

സ്വന്തം
വി. നാരായണമേനോൻ
(*കത്തു് നമ്പർ 22*)

Digitized By Kerala Sahitya Akademi

# കാര്യം ഊർദ്ധ്വമായി

വള്ളത്തോൾ

ചെറുതുരുത്തി
13-11-1939

പ്രിയ സുഹൃത്തെ,

താങ്കൾ 6-ാംനു- അയച്ച എഴുത്തു് 11-ാംനു- ഇവിടെ കിട്ടി.

ഡാക്ടർ ശിവകാമുവിൻെറ മറുപടിയും ഗ്വാളിയോറിലെ ഹുസൂർസെക്രട്ടറിയുടെ മറുപടിയും ഇതേവരെ കിട്ടിയിട്ടില്ല. ഹൈദരാബാദിലെ കാര്യം ഊർദ്ധ്വവുമായി. ഈ നിലയിൽ, യാതൊരു കരുവും കയ്യിലില്ലാതെ ഞാൻ ബിക്കാനീറിലേക്ക വരുന്നതിൻെറ ഫലം യാത്രാക്ലേശവും വലിയ വഴിച്ചെലവും മാത്രമാകയില്ലയോ? എന്നാലും, ഞാൻ വരികതന്നെ വേണമെന്നാണു് താങ്കളുടെ നിബ്ബന്ധമെങ്കിൽ മടികൂടാതെ പുറപ്പെടാം.

ഞാനടുത്ത വ്യാഴാഴ്ച (16-ാംനു-) ചെങ്ങന്നൂർ വഞ്ഞിപ്പുഴമഠത്തിൽ കുടിവെപ്പിന്നു പോകുന്നുണ്ടു്. ഇന്നലെ വഞ്ഞിപ്പുഴ ചീഫ് ഇവിടെ വന്നിരുന്നു. ചെങ്ങന്നൂരിൽ ഞാൻ നാലുനാൾ താമസിക്കും, മുകുന്ദരാജാവുമുണ്ടു്. ഞങ്ങൾ തിരുവനന്തപുരത്തു പോയി ഡാക്ടർ കസ്സിൻസിനെ കണ്ടു്, ശിവകാമുവിനു് ഒരു ശുപാർശിക്കത്തു കിട്ടുമോ എന്നു നോക്കാം. അതു കിട്ടിയെങ്കിൽ,എനിക്കു് ബിക്കാനീറിലേക്ക വരാൻ കുറെ ധൈര്യപ്പെടാമല്ലൊ. സർ സി. പി. യേയും കാണാൻ കരുതിയിട്ടുണ്ടു്.

അവക്കു് ഓപ്പറേഷൻ ഇപ്പോഴുണ്ടോ? എല്ലാക്കും സുഖംതന്നെയല്ലേ? ചൂടു വിട്ടുവോ? എപ്പോഴാണു് വലിയ തണുപ്പു തുടങ്ങുക?

ഇതിൻെറ മറുപടി ഞാൻ ചെങ്ങന്നൂരിൽനിന്നു് തിരിച്ചെത്തുമ്പോഴേക്കു് അയയ്ക്കുമല്ലോ.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 23)*

# വടക്കേഇന്ത്യൻയാത്രയുടെ പ്രശ്നങ്ങൾ

വള്ളത്തോൾ

ചെറുതുരുത്തി
26-11-1939

പ്രിയ സുഹൃത്തെ,

ഞാൻ തിരുവിതാംകൂറിൽ നിന്നു് ഇന്നലെ രാത്രിയിലാണു് തിരിച്ചു വന്നതു്. പോകുന്നതിന്നു മുമ്പ് ഞാനയച്ച എഴുത്തു് അവിടെ കിട്ടിയിരിക്കുമല്ലോ.

Digitized By Kerala Sahitya Akademi

ഗ്വാളിയോറിൽനിന്നു ഹ്രസ്സർസിക്രട്ടറിയുടെ മറുപടി കഷ്ടിപിഷ്ടിയായി കിട്ടിയെന്നു പറയാം. ഒരു കളിക്കു എത്ര ഉറുപ്പിക തരണമെന്നു ചോദിച്ചിരിക്കയാണു അതിൽ ചെയ്തിരിക്കുന്നതു. പ്രതിഫലം പറയാൻ വിചാരിക്കുന്നില്ലെന്നും, ഈ ഉൽകൃഷ്ടകലയിൽ മഹാരാജാവിൻെറ ദൃഷ്ടി പതിപ്പിക്കേണമെന്നേ ഉദ്ദേശമുള്ളുവെന്നും, വഴിച്ചെലവിന്നു വേണ്ടുന്ന ആയിരത്തഞ്ഞൂറു റുപ്പിക കിട്ടിയാൽ ഡാൻസുസംഘത്തെ കൊണ്ടുവരുവാൻ തയ്യാറാണെന്നും, ഞാൻ മറുപടി അയച്ചു. ഇതിൻവിധം തീർച്ചപ്പെടുത്തി, കഴിയുന്ന വേഗത്തിൽ മറുപടി അയപ്പിക്കുന്നതിനു താങ്കാം ആംഗ്രേസ്സു ഒന്നുകൂടി ഊന്നിയെഴുതുവാൻ ഒട്ടും വൈകിയ്ക്കരുതെന്നപേക്ഷ.

ഡാക്ടർ ശിവകാമുവിനുള്ള ശിപാർശിക്കത്തു ഡാക്ടർ കസ്സിൻസു മിനിഞ്ഞാന്നയച്ചിട്ടുണ്ടാവും. ആ കത്തു ഫലിച്ചുവെങ്കിൽ, ഞാൻ ബിക്കാനീറിലേക്കു വരുന്നതു ഡാൻസുസംഘത്തോടുകൂടിത്തന്നെയായിരിക്കും. അപ്പോാം താങ്കളുടെ മഹാരാജാവിൻെറ സന്നിധിയിലും ഒരു പ്രദർശനം നടത്തുന്നതിനു താങ്കാം ഏർപ്പാടു ചെയ്യുവെയ്ക്കുമെന്നു വിശ്വസിക്കുന്നു.

ഗ്വാളിയോർയാത്ര തീർച്ചപ്പെട്ടാൽ, ഡൽഹിയിൽ ഒന്നോ രണ്ടോ അരങ്ങു ശരിപ്പെടുത്താൻ ശ്രീ കെ. പി. എസു. മേനോൻ ശ്രമിക്കാമെന്നു ഇന്നലെ കോട്ടയത്തുവെച്ചു എന്നോടു വാഗ്ദാനം ചെയ്തിട്ടുണ്ടു.

ഹൈദരാബാദിൽ കോൺഫറൻസു വേണ്ടെന്നുവെച്ചുവെങ്കിലും അക്ബർഹൈദരിയെ ശ്രദ്ധിപ്പിച്ചു നൈസാമിൻെറ അടുക്കൽ ഒരരങ്ങു കളി നടത്തുന്നതു നല്ലതാണെന്നും കെ. പി. എസു. മേനോൻ അഭിപ്രായപ്പെട്ടു. അതിനു താങ്കാം കത്തെഴുതിയാൽ മതിയെന്നും അദ്ദേഹം പറഞ്ഞു. ഞങ്ങളുടെ മടക്കയാത്രയിൽ ഹൈദരാബാദിൽ പോകാമെന്നാശിക്കുന്നു. യുദ്ധത്തിനെ മുൻനിർത്തി ഒരൊഴികഴിവു എല്ലാവരും പറയും. അതുകൊണ്ടു നിർബന്ധംതന്നെ വേണം കാര്യസിദ്ധിക്കു, എന്നും മേനോൻ പറയാതിരുന്നില്ല.

താങ്കാം ആംഗ്രേസ്സും അക്ബർഹൈദരിക്കും കത്തുകളയച്ച വിവരത്തിനും മററും വിശദമായ മറുപടി തരുമാറാകണം.

ഏററവും അടുത്ത അവസരത്തിൽത്തന്നെ കലാമണ്ഡലത്തിനു വലിയ ഒരു തുക ഒത്തുകിട്ടാതെ നിവൃത്തിയില്ല; അതുവരെയും ഞാൻ താങ്കളെ ഉപദ്രവിച്ചുകൊണ്ടിരിക്കും!

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 24)*

# തണുപ്പു വിചാരിക്കുമ്പോൾ

വള്ളത്തോാം

ചെറുതുരുത്തി
11–12–1939

പ്രിയ സുഹൃത്തെ,

രണ്ടാഴ്ചവട്ടത്തിനു മുമ്പെ ഞാൻ താങ്കാംക്കു ഒരു കത്തയച്ചിരുന്നു, അതിനു താങ്കാം മറുപടി തന്നില്ല!

ഗ്വാളിയോറിൽ ഡാൻസു–കഥകളിസംഘം ചെല്ലേണ്ടതു ഫിബ്രു

Digitized By Kerala Sahitya Akademi

വരിമാസത്തിലാണെന്നു്, ഹസൂർസിക്രട്ടറി മറുപടി അയച്ചിരിക്കുന്നു; (തീയതി തീർച്ചപ്പെടുത്തിയിട്ടില്ല), ഫിബ്രവരിയിൽ ചെല്ലാമെന്നു ഞാൻ മറുപടിയും ഇന്നയച്ചു. ഇതോടുകൂടി ബിക്കാനീറിലും ഒന്നു രണ്ടു പ്രൈവറ്റുകളി തരപ്പെടുത്താൻ എന്താണു വഴി? ഡാക്ടർ കസ്സിൻസ്, ഡാക്ടർ ശിവകാമുവിനു രണ്ടുമൂന്നാഴ്ചവട്ടത്തിനു മുമ്പെ അയച്ച കത്തിനു ശിവകാമു മറുപടി അയച്ചിട്ടില്ല. ആ സ്ത്രീ ഇതിൽ ശ്രദ്ധ വെയ്ക്കില്ലായിരിക്കുമോ?

ബിക്കാനീർപാലസ്സിൽനിന്നു ഗോപിനാഥനു ഡാൻസുപ്രോഗ്രാം അയയ്ക്കാൻ എഴുത്തു വന്നതനുസരിച്ചു് അയാൾ പ്രോഗ്രാം അയച്ചുകഴിഞ്ഞിരിക്കുന്നുവത്രെ. ഇതിൽനിന്നു്, കല്യാണം നീട്ടിവച്ചിട്ടില്ലെന്നാണല്ലോ, ഊഹിക്കേണ്ടതു്. എന്നാൽ ഉദയപ്പൂരിൽനിന്നു് ഞങ്ങൾക്കു യാതൊരറിയിപ്പും കിട്ടിയിട്ടില്ലാത്തതിൽ ഞാൻ വ്യസനിക്കുകയും പരിഭ്രമിക്കുകയും ചെയ്യുന്നു. താങ്കൾ ദയചെയ്തു് വീണ്ടും പ്രബലമായ ഒരു കത്തയച്ചു്, ഉദയപ്പൂരിൽനിന്നുള്ള ക്ഷണം ഞങ്ങൾക്കു കിട്ടുമാറാക്കണമെന്നപേക്ഷ. ഒട്ടും അമാന്തിക്കരുതേ!

ഫിബ്രവരിയിൽ ഗ്വാളിയോർക്കുള്ള യാത്രയിൽ ഡൽഹിയിൽ ഒന്നു രണ്ടു പ്രൈവറ്റുകളി ഏർപ്പെടുത്താൻ ശ്രീ കെ. പി. എസ്. മേനോൻ (ഇപ്പോൾ കോട്ടയത്തു് സ്വഗൃഹത്തിലുണ്ടു്.) ശ്രമിക്കാമെന്നേററിട്ടുണ്ടു്. ഇതോടുകൂടി ഹൈദരബാദ്നൈസാമിന്റെ സന്നിധിയിലും ഒരു കളി തരപ്പെടുത്താൻ താങ്കൾ അക്ബർഹൈദരിയെ മുറുകെ പിടിക്കുക. അക്ബർഹൈദരിക്കു കത്തയയ്ക്കുകയും അടിയന്തരമായി ചെയ്യേണ്ടിയിരിക്കുന്നു.

ഈ കളികളൊക്കെ ഏർപ്പെടുത്തിക്കിട്ടുന്നതിനു്, ഓരോരുത്തരേയും ചെന്നു കാണുന്നതിനും മററുമായി ഞങ്ങളിൽ ഒരാൾ മുൻകൂട്ടി പുറപ്പെടണമോ? വേണമെങ്കിൽ ഞാൻതന്നെ പുറപ്പെടാം. എന്നാൽ, ഇപ്പോൾ അവിടങ്ങളിലെ കടുത്ത തണുപ്പു വിചാരിക്കുമ്പോൾ എനിക്കു നെഞ്ചുവിറ ഇല്ലായ്കയില്ല! എന്നാലും കാര്യസിദ്ധിക്കുവേണ്ടി, ക്ലേശം അനുഭവിച്ചുകൊള്ളാം.

താങ്കൾ ഒന്നാമതായി ചെയ്യേണ്ടതു് ഉദയപ്പൂരിലേക്കും അക്ബർ ഹൈദരിക്കും ഓരോ 'ചുട്ട' കത്തയയ്ക്കുകയാണു്.

ഞാനോ ശ്രീ മുകുന്ദരാജാവോ മുൻകൂട്ടി പുറപ്പെടണമെന്നാണു്, താങ്കളുടെ അഭിപ്രായമെങ്കിൽ, ഞങ്ങളിൽ ഒരാൾ ജനുവരി മദ്ധ്യത്തിൽ ഇവിടെനിന്നു പുറപ്പെട്ടുകൊള്ളാം.

വിവരങ്ങൾക്കൊക്കെ എത്രയും വേഗത്തിൽ മറുപടി അയപ്പാൻ ദയയുണ്ടാകണം.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 25)*

# നരേന്ദ്രസമ്മേളനം

വള്ളത്തോൾ

ചെറുതുരുത്തി
22-12-1939

പ്രിയ സുഹൃത്തെ,

ഒരാഴ്ചവട്ടത്തിനു മുമ്പെ ഞാൻ താങ്കൾക്കു് ഒരെഴുത്തു് അയച്ചിരുന്നു. അതു കിട്ടിയിരിക്കുമല്ലൊ. ഇതിനിടയിൽ താങ്കൾ ഇങ്ങോട്ടയച്ച എഴു

Digitized By Kerala Sahitya Akademi

ത്തിൽനിന്നു ബിക്കാനീറിലെ കടുത്ത ജലദുർഭിക്ഷം അറിഞ്ഞു വ്യസനിക്കുന്നു. ഇതുതന്നെയായിരിക്കുമോ, ഡോക്ടർ ശിവകാമു മറുപടി അയയ്ക്കാതിരുന്നതിനു കാരണം?

ഗ്വാളിയോറിൽനിന്നു തീയതി തിട്ടപ്പെടുത്തിയ കത്തു കിട്ടിയിട്ടില്ല. ഡൽഹിയിലേക്കു ശ്രീമാൻ കെ. പി. എസ്. മേനോൻ ലാലാ ശ്രീറാം എന്ന മാന്യനു ഒരു ശുപാർശക്കത്തു തന്നിട്ടുണ്ട്. ഈ ലാലാശ്രീറാം കൊച്ചി ദിവാൻ സർ ഷണ്മുഖത്തിന്റേയും സ്നേഹിതനാണ്. നമ്മുടെ ഡാൻസു കഥകളിസംഘം ഡൽഹിയിൽ ചെല്ലുന്നതു മാച്ച്മാദ്യത്തിൽ നരേന്ദ്ര സമ്മേളനക്കാലത്താണ് ഏറെ നല്ലതെന്നും, അന്നു താനും ഡൽഹിയിലുണ്ടാവുമെന്നും മററും സർ ഷൺമുഖം മിനിഞ്ഞാന്നു പറഞ്ഞു. ഗ്വാളിയോറിലെ കളി ഫെബ്രുവരി മദ്ധ്യത്തിൽവെച്ചു കിട്ടിയാൽ ഇതിനൊക്കെ സൗകര്യമായി. അതു് അങ്ങനെയാക്കി തീർക്കാൻ താങ്കൾ ഏററവും വേഗത്തിൽ മേജർ ആംഗ്രേയെ വേണ്ടുംവണ്ണം പ്രേരിപ്പിക്കുമാറാകണം.—ബിക്കാനീർമഹാരാജാവിന്റെ മുമ്പിലും ഒരു ഡാൻസ് നടത്തിച്ചുകൂടയോ? കഥകളി വേണ്ടെന്നു വെയ്ക്കാം.

നരേന്ദ്രസമ്മേളനക്കാലത്തു താങ്കളും ഡൽഹിയിൽ ഉണ്ടായിരിക്കുമല്ലോ. അക്ബർഹൈദരിയും അന്നവിടെ ഉണ്ടാവുമെന്നു വിശ്വസിക്കുന്നു. അപ്പോൾ താങ്കൾക്കു ഹൈദ്രിയെ വേണ്ടുവോളം പ്രേരിപ്പിക്കാം. അദ്ദേഹം ദയ ചെയ്താൽ നമുക്കു മെച്ചവുമായി.

ഉദയപ്പുരിലെ കഥയെന്താണ്? താങ്കൾ വീണ്ടും എഴുതിയില്ലയോ? ഈ ഗ്വാളിയോർയാത്രയിൽത്തന്നെ ഉദയപ്പൂരിലും ചെല്ലാൻ തരപ്പെടുത്തുക, താങ്കളുടെ ഒഴിച്ചുകൂടാത്ത ഭാരമാണ്.

കാശ്മീർമഹാരാജാവിന്റെ അടുക്കലും ഈ യാത്രയിൽതന്നെ പോകുവാൻ തരപ്പെടുത്തിവെയ്ക്കണം. അദ്ദേഹം താങ്കളുടെ സ്നേഹിതനാണല്ലോ. ഫിബ്രവരി മദ്ധ്യത്തിൽ വടക്കെ ഇന്ത്യയിൽ തണുപ്പു കുറെ ചുരുങ്ങില്ലയോ?

എല്ലാ വിവരങ്ങൾക്കും വിശദമായ മറുപടി എത്രയും വേഗത്തിൽ അയപ്പാൻ ദയയുണ്ടാകണം.

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 26)*

# എന്റെ ദുരം

വള്ളത്തോൾ
പ്രസിഡണ്ട്
കേരളകലാമണ്ഡലം

ചെറുതുരുത്തി
3-1-1940

പ്രിയ സുഹൃത്തേ,

താങ്കൾ ഡിസംബർ 29-ൽ അയച്ച എഴുത്ത് ഇന്നലെ കിട്ടി. അവിടങ്ങളിൽ അനാവൃഷ്ടി; ഡാക്ടർ ശിവകാമു മൗനം വിട്ടിട്ടുമില്ല.

Digitized By Kerala Sahitya Akademi

അതിനാൽ, ഞങ്ങൾ ഇപ്പോൾ ബിക്കാനീറിലേക്ക വരുന്നതു് നിഷ്പ്രയോജനമാകമല്ലോ. നാം തമ്മിൽ കാണുക ദൽഹിയിൽ വെച്ചാകാം; അന്നു 'മണ്ഡോദരി'യും 'ചാടുക്തിമുക്താവലി'യും വായിക്കാമെന്നാശിക്കുന്നു.

സർ വിജയരാഘവാചാരി ഉദയപ്പൂരിലെത്തിയിരിക്കുന്നു എന്നു് ഇന്നലെ പത്രത്തിൽ വായിച്ചു. അദ്ദേഹം കല്യാണം കഴിഞ്ഞ ചാജ്ജെടുക്കുള്ള എങ്കിലും, നമുക്കു് മുൻപേത്തെ ദിവാൻെറ തീപ്പിന്മേൽ പിടിച്ചു് കടന്നുകൂടാൻ നോക്കിക്കൂടെയോ? കഴിയുമെങ്കിൽ താങ്കൾ ഒന്നുകൂടി ശ്രമിച്ചുനോക്കേണമെന്നപേക്ഷ.

ഗ്വാളിയോറിൽ ചെല്ലുന്നതു് ഫിബ്രവരി 25-ാം തീയതിക്കും 30-ാം തീയതിക്കും മദ്ധ്യേയായാൽ മാർച്ചുമാസത്തിൻെറ ആരംഭത്തിൽ ദൽഹിയിൽ ചെന്നുചേരാമല്ലോ. ഇങ്ങനെയാക്കിത്തീക്കാൻ, താങ്കൾ ശ്രീമാൻ ആംഗ്രേയ്യോ, ഗ്വാളിയോറിലെ ഹസൂർസിക്രട്ടറിക്കോ ഒന്നു് ഊന്നിയെഴുതുന്നതു നന്നായിരിക്കും. എഴുത്തു് വേഗത്തിൽ അയയ്ക്കുകയും വേണം. ഗ്വാളിയോറിൽനിന്നു് തീയതി തീച്ചപ്പെടുത്തിയ കത്തു് ഇവിടെ കിട്ടിക്കഴിഞ്ഞിട്ടില്ല.

നരേന്ദ്രമണ്ഡലസമ്മേളനക്കാലത്തു് അക്ബർഹൈദരിയും ദൽഹിയിൽ വരില്ലയോ? അദ്ദേഹത്തെ താങ്കൾ പിടികൂടിയാൽ, ഞങ്ങൾക്കു് നൈസാമിൻെറ സന്നിധിയിലും പ്രവേശം കിട്ടാതിരിക്കയില്ല. ദൽഹിയിൽ വന്നുചേരുന്ന മഹാരാജാക്കന്മാരിൽ വളരെപ്പേർ താങ്കളുടെ സ്നേഹിതന്മാരായിരിക്കുമല്ലോ; അവരെക്കൊണ്ടു് ചെറിയചെറിയ ഓരോ സംഖ്യ സംഭാവന തരുവിച്ചാൽത്തന്നെ കലാമണ്ഡലത്തിലെ മരാമത്തിനു വേണ്ടുന്ന ഇരുപത്തയ്യായിരം ഉറുപ്പിക ഒത്തുകിട്ടുന്നതാണു്. താങ്കൾ മടികൂടാതെ മനസ്സുവെക്കണമെന്നുമാത്രം! ഒരുലക്ഷം ഉറുപ്പിക ഉണ്ടാക്കിത്തരാനാണു്, ഞാൻ താങ്കളോടു് സനിർബ്ബന്ധം അപേക്ഷിച്ചിരിക്കുന്നതെന്നു് സദയം ഓക്കമല്ലോ. സമ്മേളനക്കാലം ഇതിനു പററിയ ഒരവസരമാണു്. അതു പാഴാക്കിയേക്കരുതേ! ഗ്വാളിയോറിൽ പോകുന്നില്ലെങ്കിൽതന്നെയും, സമ്മേളനക്കാലത്തു് സംഘത്തോടുകൂടി ദൽഹിയിൽ ചെന്നെത്തുന്നമെന്നാണു്, എൻെറ ആന്തരമായ ആഗ്രഹം.

സംഘത്തിൽ ഇരുപത്തഞ്ചോളം ആളുണ്ടാവും. നാലുപേർ സ്ത്രീകളമാണു്. ഇവരെ ദൽഹിയിൽ എവിടെത്താമസിപ്പിക്കും? തക്ക ഒരു സ്ഥലം ഏപ്പെടുത്തിക്കിട്ടാൻ ആരോടാണു് അപേക്ഷിക്കേണ്ടതു്?

ഇതിൻെറ മറുപടി എഴുതുമ്പോൾ ഈ എഴുത്തു് വീണ്ടും വായിച്ചുനോക്കണം; ഇല്ലെങ്കിൽ എല്ലാ സംഗതികൾക്കും മറുപടിയായില്ലെന്നുവരാം!

താങ്കൾ ഈ എഴുത്തുകിട്ടിയാൽ ഒന്നാമതായി ചെയ്യേണ്ടതു ഗ്വാളിയോറിലേക്കു് കത്തയയ്ക്കുകയാണു്. ഉദയപ്പൂരിലേക്കും കത്തയയ്ക്കണമെന്നു് എൻെറ ഭര നിബ്ബന്ധിക്കുന്നു. ലാലാ ശ്രീരാം താങ്കൾക്കു് പരിചിതനാണെങ്കിൽ, അദ്ദേഹത്തിനു് താങ്കൾ ഒരു കത്തയച്ചാൽ, അദ്ദേഹം ഞങ്ങൾക്കു് താമസസ്ഥലം ഏർപ്പെടുത്തിത്തരികയുംമററും ചെയ്യില്ലയോ? എല്ലാ വിവരങ്ങൾക്കും വിശദമായ മറുപടി കൊതിക്കുന്നു.

ഭാര്യയെ എൻെറ വന്ദനം അറിയിക്കുക

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 27)*

Digitized By Kerala Sahitya Akademi

# ബോംബയിൽനിന്നു ക്ഷണം

വള്ളത്തോൾ

ചെറുതുരുത്തി
18-1-1940

പ്രിയ സുഹൃത്തേ,

താങ്കളുടെ എഴുത്ത് ഇന്നലെ കിട്ടി. ഇതിനിടയിൽ ബോംബയിൽ നിന്ന് നമ്മുടെ കഥകളിസംഘത്തിന് ഒരു ക്ഷണം കിട്ടിയിട്ടുണ്ട്. ഫിബ്രവരി 4-ന് ബോംബയിൽ എത്തിച്ചേരണമെന്നാണ് അതിൽ പ്രസ്താവിച്ചിട്ടുള്ളത്. ഗ്വാളിയോറിൽ ചെല്ലേണ്ടത് ഫിബ്രവരി ഒടുവിലത്തെ ആഴ്ചയിലാണ്. അതിനാൽ, ബോംബയിൽനിന്ന് ഗ്വാളിയോറിലേക്കു പോകാമെന്നു വിചാരിക്കുന്നു; ഗ്വാളിയോറിൽനിന്ന് മാർച്ച് ആരംഭത്തിൽ ഡൽഹിയിലേക്കും.

ഡൽഹിയിൽ, മദിരാശിഹോട്ടലിൽ താമസിക്കുകയാണെങ്കിൽ, ചെലവു വളരെ കൂടില്ലയോ? സംഘത്തിൽ പത്തിരുപത്തഞ്ചുപേരുണ്ടാവും. സ്വയംപാകമായി കൂടുകയാണ് സുഖവും ലാഭവും; ഞങ്ങൾ 1936-ൽ വടക്കെ ഇന്ത്യയിൽ സഞ്ചരിച്ചതു് അങ്ങനെയായിരുന്നു. വടക്കെ ഇന്ത്യയിലെ ഹോട്ടലുകളിലെ ഭക്ഷണം മലയാളികൾക്ക് ഒട്ടും രുചിക്കുകയില്ലല്ലോ. റാവുബഹദൂർ പങ്ങുണ്ണിമേനോന് ഇന്നൊരു കത്തയച്ചുനോക്കാം; അദ്ദേഹം തക്ക ഒരു സ്ഥലം ഏർപ്പെടുത്തിത്തന്നാലായി.

അക്ബർഹൈദരി ഡൽഹിയിൽ വരുമെന്നുതന്നെയാണ്, ഞാൻ അന്വേഷണത്തിൽ അറിഞ്ഞതു്. താങ്കൾക്ക് അക്കാലത്തു് വലിയ ജോലിത്തിരക്കുണ്ടാവാം. എന്നാലും ഞാൻ ഉപദ്രവിക്കാതിരിക്കയില്ല!

ഞങ്ങൾ ബോംബയ്ക്കു പോകുന്നതു് ഫിബ്രവരി 2ാം-നു-യായിരിക്കും. ബോംബയിൽ ഒന്നുരണ്ടാഴ്ചവട്ടം താമസിച്ചേക്കാം. എന്റെ ബോംബാ മേൽവിലാസം, ഞങ്ങൾ ബോംബയിൽ ചെന്നതിനുശേഷം അറിയിച്ചുകൊള്ളാം.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 28)*

# പബ്ലിക്കും പ്രൈവറ്റും കളികൾ

വള്ളത്തോൾ

ചെറുതുരുത്തി
16th Febr. 1940

പ്രിയ സുഹൃത്തേ,

ഞാൻ കളിയോഗത്തോടുകൂടി ഗ്വാളിയോറിലെത്തുക മാർച്ച് 3-ന് ആയിരിക്കും. അന്നേയ്ക്ക് ശ്രീമാൻ ആംഗ്രേയ്ക്കു കിട്ടത്തക്കവണ്ണം ഒരു പ്രബ

Digitized By Kerala Sahitya Akademi

ലമായ ശുപാർശിക്കത്തു് താങ്കറാം വീണ്ടും അയയ്ക്കുകവേണ്ടിയിരിക്കുന്നു; അതിൽ, മഹാരാജാവിനെക്കൊണ്ടു് ഒരു വലിയ സംഖ്യ സംഭാവനയായി തരുവിക്കാൻ ഊന്നിയെഴുതണം.

ഗ്വാളിയോറിൽനിന്നു് ഞങ്ങറാം 5-ാംനു-യോ 6-ാംനു-യോ ഡൽഹിയിൽ എത്തും. ഡൽഹി, പററിയാലാ, കാശ്മീർ എന്നിവിടങ്ങളിലും മററും പബ്ളിക്ക്കളികറാം നടത്തുവാൻ ഒരു ബംഗാളിമാന്യൻ ഏർപ്പാടു ചെയ്യവരുന്നുണ്ടു്. മഹാരാജാക്കന്മാരുടെ അടുക്കൽ പ്രൈവററുകളികറാം നടത്തുവാൻ താങ്കളും ഏർപ്പാടു ചെയ്യുതരണമെന്നപേക്ഷ. പററിയാലാമഹാരാജാവു് നിങ്ങറാക്ക തുല്യേം അധീനനാണല്ലോ; കാശ്മീരിലെ ദിവാൻ അയ്യങ്കാരും താങ്കളുടെ സ്നേഹിതനാണെന്നറിയുന്നു. കാശ്മീരംമഹാരാജാവിനുതന്നെ ഒരു ശുപാർശിക്കത്തു കിട്ടിയാൽ നന്നായിരുന്നു.

ഈ യാത്രയിൽ ഞങ്ങറാക്കു് ഹൈദരാബാദിലും പോകണം. അതിന്നു് താങ്കറാം അക്ബർഹൈദരിയെ പിടികൂടിയേ കഴിയൂ. അദ്ദേഹം ദൽഹിയിലുണ്ടാവുമല്ലോ. അക്ബർ ഹൈദരിക്കു് ഡോക്ടർ കസിൻസ് ഒരു കത്തയച്ചിട്ടില്ലാസ്സയില്ല

സർ വിജയരാഘവാചാരിയെ ഉദയപ്പൂരിലെ ദിവാനാക്കിയതുതന്നെ താങ്കളുടെ ശ്രമത്താലാണെന്നിരിക്കെ, അദ്ദേഹത്തെക്കൊണ്ടു് കളിയോഗത്തെ ഉദയപ്പൂരിലേക്ക ക്ഷണിപ്പിക്കാൻ താങ്കറാം ശ്രദ്ധിക്കാത്തതെന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല!

ഞങ്ങറാം ഇത്രയും ദൂരത്തേക്ക പുറപ്പെട്ട സ്ഥിതിക്കു് നിവൃത്തിയുള്ളേടത്തൊക്കെ പോകാൻ നോക്കേണ്ടയോ? ദയചെയ്യു് താങ്കളുടെ അന്തർഗതമെല്ലാം അറിയിക്കുക. ഒട്ടും വൈകരുതു്.

സ്വന്തം
വള്ളത്തോറാം
*(കത്തു് നമ്പർ 29)*

# യാത്രപുറപ്പെട്ടുന്നു

വള്ളത്തോറാം ചെറുതുരുത്തി
28th Feb. 1940

പ്രിയ സുഹൃത്തെ,

താങ്കളുടെ മറുപടി ഇന്നലെ കിട്ടി. ഗ്വാളിയോർമഹാരാജാവിൻെറ ക്ഷണനം കിട്ടിച്ചതു് താങ്കളാണു്. ആ ക്ഷണം അനുസരിച്ചു് ഗ്വാളിയോറിൽ പോകുന്ന സ്ഥിതിക്കു് അതോടുകൂടി ദൽഹി മുതലായ പ്രദേശങ്ങളിലും പോകുന്നതു് അത്ര ദോഷകരമാകുമോ? ഗ്വാളിയോറിലേക്കും അവിടെനിന്നു് ഇങ്ങോട്ടും ഉള്ള വഴിച്ചിലവു് സമ്മതിക്കപ്പെട്ടിട്ടുണ്ടു്. അങ്ങോട്ടുള്ള വഴിച്ചിലവു് അയച്ചുതരികയും ചെയ്യിരിക്കുന്നു.

ദൽഹിയിൽ കുറെ തിരക്കുണ്ടാകുമെന്നു് ഞങ്ങറാം ഓർക്കായ്കയില്ല. ഗോപിനാഥിൻെറ ഡാൻസും കലാമണ്ഡലത്തിൻെറതും ഒന്നല്ല; ഡാൻസു മാത്രമല്ല ഞങ്ങറാക്കു് കഥകളികൂടി ഉണ്ടുതാനും. അതിനാൽ ഗോ

Digitized By Kerala Sahitya Akademi

പിനാഥിന്റെ ഒരുകൾകൊണ്ട് കലാമണ്ഡലത്തിന് ഇടിവൊന്നും വരാനില്ല. പോരെങ്കിൽ ഗോപിനാഥൻ പബ്ലിക്ക് കളികൾക്കും ഞങ്ങൾ പ്രൈവാറ്റു കളികൾക്കുമാണ് ശ്രമിക്കുന്നത്.

മഹാരാജാക്കന്മാരുടെയും മററു ധനികന്മാരുടേയും അടുക്കലായി ഒരു പത്തു-പതിനഞ്ച് പ്രൈവററുകളികൾ കിട്ടിയാൽ ഇവിടെ മരാമത്തിനു വേണ്ടുന്ന ഇരുപതു്-ഇരുപത്തയ്യായിരം ഉറപ്പിക്കുകയില്ലയോ? താങ്കൾ മനസ്സിരുത്തിയാൽ പത്തു പ്രൈവററുകളി കിട്ടാതെയിരിക്കയില്ലെന്നാണ് എന്റെ വിശ്വാസം. പററിയാലയും, ഹൈദരാബാദും താങ്കൾക്ക് വിശേഷിച്ചും സ്വാധീനവുമാണ്.

ഞങ്ങൾ ഇന്നു വൈകുന്നേരം പുറപ്പെടുകയായി. മാർച്ച് 3-ന് ഗ്വാളിയോറിലെത്തും. ശിവപുരിയിലും ഗ്വാളിയോറിലുമായി ഏഴു പ്രൈവററുകളി നിശ്ചയിച്ചിട്ടുണ്ട്. അതു കഴിഞ്ഞ് 11-ാംനു-യ്ക്കോ 12-ാംനു-യ്ക്കോ ദൽഹിയിലെത്തും. താങ്കൾ അതിനുമുമ്പുതന്നെ ദൽഹിയിലെത്തുമല്ലോ. പ്രമാണികളോടൊക്കെ പ്രബലമായി ശുപാർശ പറവാൻ അമാന്തിക്കരുത്. ബാക്കിയെല്ലാം മുഖദാവിൽ പറയാം. താങ്കൾ ദൽഹിയിൽ എന്ന് എത്തുമെന്നും, എന്നു തിരിക്കുമെന്നും മുൻകൂട്ടി അറിയിച്ചാൽ നന്ന്. എന്റെ ഗ്വാളിയോർ മേൽവിലാസം താഴെക്കാണിക്കാം:

സ്വന്തം<br>
വള്ളത്തോൾ<br>
*(കത്ത് നമ്പർ 30)*

c/o Huzur Secretary<br>
Gwalior Durbar<br>
Gwalior

# മറുപടികളും കാത്ത്

വള്ളത്തോൾ

ക്യാമ്പ് ഡൽഹി<br>
15-3-1940

പ്രിയ സുഹൃത്തെ,

മിനിഞ്ഞാന്ന് വൈകുന്നേരംവരെ പട്യാലാമഹാരാജാവും സിക്രട്ടറിയും ന്യൂദൽഹിയിൽതന്നെയുണ്ടായിരുന്നു. അദ്ദേഹം തലേന്നു പോയി എന്ന് താങ്കൾ ധരിച്ചതു് കലാമണ്ഡലത്തിന്റെ ഭാഗ്യദോഷമായിരിക്കാം! എങ്ങനെയായാലും താങ്കൾ തന്ന എഴുത്തോടുകൂടി ഞങ്ങളുടെ ഒരപേക്ഷ സിക്രട്ടറിക്ക് ഇന്നലത്തെ തപാലിൽതന്നെ അയച്ചു.

ലാലാ ശ്രീരാം താങ്കളുടെ ഉററ സ്നേഹിതനാണെന്നും, താങ്കൾ ഒന്നു പ്രേരിപ്പിച്ചുവെങ്കിൽ അദ്ദേഹം ഒരു കളി നടത്തി സംഭാവന തരുവാൻ മടിക്കയില്ലായിരുന്നു എന്നും, താങ്കൾ ഒഴിഞ്ഞുനിന്നതെന്തുകൊണ്ടായിരിക്കുമെന്നും, ഇവിടെ ചില മാന്യന്മാർ പിറുപിറുക്കുന്നു!

അക്ബർഹൈദരിയെ ഇന്ന് ഉച്ചയ്ക്ക് ഒരു വിധത്തിൽ കണ്ടുപിടിച്ചു. അദ്ദേഹം ഇന്നുതന്നെ ഹൈദരാബാദിലേക്കു പോകയാണെന്നും ഡാൻസി

Digitized By Kerala Sahitya Akademi

ന്റെ മട്ടെല്ലാം കാണിച്ച് ഒരെഴുത്ത് ഹൈദരാബാദിലേക്ക് അയച്ചാൽ നൈസാമിനോട് ചോദിച്ച് മറുപടി തരാമെന്നുമാണ് മറുപടി പറഞ്ഞതു്. താങ്കൾ ഉടനടി ഒരെഴുത്ത് തപാൽവഴിക്ക് അക്ബർഹൈദരിക്ക് അയയ്ക്കുന്നതു് വളരെ പ്രയോജനകരമായിരിക്കും. അതിൽ ഗ്വാളിയോർ മഹാരാജാവു് ചെയ്തതുപോലെ ഞങ്ങളെ ക്ഷണിച്ചുവരുത്തി ഒന്നോ രണ്ടോ കളി നൈസാമിന്റെ സന്നിധിയിൽ കളിപ്പിച്ച് നൈസാമിനെക്കൊണ്ടു് ഒരു നല്ല സംഭാവന കൊടുപ്പിക്കണമെന്നു് ഊന്നി എഴുതണമെന്നുകൂടി ഞാൻ സനിർബ്ബന്ധം അപേക്ഷിക്കുന്നു.

ഹൈദരിക്ക് കത്തയച്ച വിവരത്തിനും മറ്റും ഒരെഴുത്ത് എനിക്കും സദയം അയയ്ക്കുമാറാകണം. പട്യാലയിൽനിന്നും ഹൈദരാബാദിൽനിന്നും മറുപടികൾ കിട്ടുന്നതും കാത്തു് ഇവിടെയോ സമീപത്തെങ്ങാനുമോ താമസിക്കാനാണ് ഞങ്ങൾ തീർച്ചപ്പെടുത്തിയതു്.

സ്വന്തം
വള്ളത്തോൾ
*(കത്ത്നമ്പർ 31)*

മേൽവിലാസം:
c/o Hotel Regal
Queens Road
Delhi·

# ഇടശ്ശേരി ചാട്ടുക്കീയും

വള്ളത്തോൾ

ക്യാമ്പ് ഡെൽഹി
18–3–1940

പ്രിയ സുഹൃത്തേ,

'ചാട്ടുക്തിമുക്താവലി' മിനിഞ്ഞാന്നും 15–ാംനു-ത്തെ എഴുത്ത് ഇന്നലെയും കിട്ടി. സമയക്കുറവുണ്ടെങ്കിലും, കൗതുകാതിരേകത്താൽ 'മുക്താവലി' മുഴുവനും വായിച്ചു.

> കെ. എം. കലാകാരവരൻ ചമച്ച
> 'ചാട്ടുക്തിമുക്താവലി' ചാർത്തിയാരേ,
> അപൂർവ്വമായോരൊളി മിന്നിടുന്നു-
> ണ്ടു,സ്മൗകഭാഷാഹൃദയാന്തരത്തിൽ.

'ബാലികാമതം' ഒരു പ്രതി കിട്ടിയേ കഴിയൂ.

ലാഹോറിലേക്കു ഞങ്ങൾ പോകുന്നതു മററന്നാൾ വൈകുന്നേരമാണ്. 21–ം 22–ം നു- കളിൽ അവിടെ നിശ്ചയിച്ചിട്ടുള്ള കളികൾ തന്റെ ആഭിമുഖ്യത്തിലാവാമെന്നു് സെക്കന്തർ ഹയാത്ത്ഖാൻ സദയം സമ്മതിച്ചതു് ഒരു ശുഭലക്ഷണമായി ഞാൻ ഗണിക്കുന്നു. താങ്കളുടെ ശുപാർശി തികച്ചും ഫലിച്ചതിൽ സന്തോഷം. ലാഹോറിലെ മററു സ്നേഹിതന്മാർക്കും താങ്കൾ പ്രബലമായ ശുപാർശിക്കത്തെയയ്ക്കുകതന്നെ വേണം. രണ്ടു പ്രൈവററുകളി കൂടി ലാഹോറിൽ കിട്ടണമെന്നു് ആശയുണ്ടു്. എഴുത്തുകൾ ഞാൻ നേരിട്ടു



Digitized By Kerala Sahitya Akademi

കണ്ടു കൊടുക്കുകയാണ് വേണ്ടതെങ്കിൽ അവ ഒന്നായി ഒരു കവറിലാക്കി ശ്രീ അമ്പാടി ഗോവിന്ദകുട്ടിമേനോന്നയച്ചാൽ മതി. അല്ലാത്തപക്ഷം ആ എഴുത്തുകൾ അയയ്ക്കപ്പെട്ട സ്നേഹിതന്മാരുടെ പൂർണ്ണ മേൽവിലാസം മറുപടിയിൽ കാണിച്ചേക്കുക. ഞാൻ അവരെ ചെന്നു കണ്ടുകൊള്ളാം. മറുപടി ഗോവിന്ദകുട്ടിമേനോന്റെ മേൽവിലാസത്തിൽ ലാഹോറിലേക്കു തന്നെ.

ഞാൻ രണ്ടുമൂന്നു നാൾ മുമ്പേ താങ്കൾക്കു് ഒരു കത്തയച്ചിരുന്നു. അതു കിട്ടിയോ? അതിൻപടി സർ അക്ബർ ഹൈദരിക്കു കത്തയച്ചുവോ?

. ലാലാശ്രീരാം യാതൊന്നും ചെയ്യാൻ തയ്യാറില്ല. ഡാക്ടർ പി. പി പിള്ള നിർവ്യാജമായി പ്രേരിപ്പിച്ചുവോ, ആവോ? പ്രേരിപ്പിച്ചു, ഫലിച്ചില്ല എന്നാണ് ഡാക്ടർ കൈമലത്തി പറയുന്നതു്.

ഹൈദരാബാദിൽ നിന്നും, പാററ്യാലയിൽ നിന്നും മറുപടികൾ കാത്തു താമസിക്കുകയാണ് ഞങ്ങൾ. ഇവിടത്തെ താമസം വലിയ ചെലവുണ്ടാക്കിത്തീർക്കുന്നു!

മോഹിനിയാട്ടം ശരിക്കു പഠിപ്പിക്കാൻ ഒരു വൃദ്ധനായ ആശാൻ* മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു അയാൾ കലാമണ്ഡലത്തിലുണ്ടു്. നമ്മുടെ കുട്ടികളെ യഥാവിധി പരിശീലിപ്പിക്കുന്നതിൽ ശ്രദ്ധവെച്ചു പോകുന്നുമുണ്ടു്.

ശിവകാമുവിനു കത്തയച്ചുകഴിഞ്ഞില്ല. നാളെ അയയ്ക്കാമെന്നു വിചാരിക്കുന്നു. ഒക്ടോബർ-നവംബറിൽ ഞങ്ങൾക്കു ബിക്കാനീറിലേക്കും, ഉദയപ്പൂരിലേക്കും, ജോധപ്പൂരിലേക്കും മററും വരുവാൻ വഴിയുണ്ടാക്കുന്നതിൽ താങ്കൾ ഉററു ശ്രമിക്കണമെന്നു വീണ്ടും ഞാൻ അപേക്ഷിക്കേണ്ടതില്ലല്ലോ.

ജൂലൈമാസത്തിൽ താങ്കൾ കലാമണ്ഡലത്തിൽ വരുമെന്നതു പരമസന്തോഷം.

സ്വന്തം
വള്ളത്തോൾ

P.S. 16-ാം നം- ത്തെ എഴുത്തും ഇന്നു കിട്ടി. കവികൾക്കു് അപ്പപ്പോഴത്തെ പ്രതിഭ പകർത്തുവാൻ—ശൃംഗാരമാകട്ടെ, വേദാന്തമാകട്ടെ—അധികാരമുണ്ടു്.

പാററ്യാലയിൽനിന്നും മറുപടി ഉടനടി കിട്ടുമാറാകാനപേക്ഷ. കളി കിട്ടാതിരിക്കില്ല എന്നതു ഞങ്ങളെ സമാശ്വസിപ്പിക്കുന്നു.

അക്ബർ ഹൈദരിക്കയച്ച എഴുത്തിൽ വൈദഗ്ദ്ധ്യായി അഭിനന്ദിച്ചതും മററും കാണിച്ചിട്ടുണ്ടു്. പരമേശ്വരയ്യർക്കു 'ഇന്നുതന്നേ എഴുതാം. ഹൈദരിക്കയച്ചുകഴിഞ്ഞ എഴുത്തിൽ താങ്കൾ എഴുതിയതിൻവണ്ണമല്ല, ഡോക്ടർ കസിൻസ് എഴുതിയിരുന്നതിൻവണ്ണമാണ് എഴുതിയിട്ടുള്ളതു് മേലിൽഅപേക്ഷ അയയ്ക്കുമ്പോൾ താങ്കൾ ഉപദേശിച്ച ഈ രീതിയിൽ എഴുതിക്കൊള്ളാം. സ്റ്റേററ്സ്മാനെ ആശ്രയിച്ചു നോക്കാം.

(*കത്തുനമ്പർ 32*)

* *കലാമണ്ഡലം കൃഷ്ണപ്പണിക്കർ*

Digitized By Kerala Sahitya Akademi

# അനിശ്ചിതാവസ്ഥ

ക്യാമ്പ്: ന്യൂ ദൽഹി
20-3-1940

വള്ളത്തോൾ
C/o Rao Bahadur V·P· Menon
No·1, Akber Road ›

പ്രിയ സുഹൃത്തെ,

ലാഹോറിലെ കളി പെട്ടെന്നു് വേണ്ടെന്നു വെച്ചുകളഞ്ഞു. തീയേറ്റർകാർക്കു് ഈ മാസത്തിൽ സൗകര്യമില്ലത്രെ. അതിനാൽ ഞങ്ങളുടെ പ്രോഗ്രാം വീണ്ടും അനിശ്ചിത സ്ഥിതിയിലായി. കൂട്ടത്തിൽ രണ്ടുമൂന്നു പേർക്കു് സുഖക്കേടും പിടിപെട്ടിരിക്കുന്നു. ആകപ്പാടെ കഷ്ടപ്പാടു് വർദ്ധിക്കുകയാണു്.

ഇന്നു ഞങ്ങൾ ന്യൂ ദൽഹിയിലെ ഒരു മലയാളിഹോട്ടലിലേക്കു് താമസം മാററുകയാണു്.

ഹൈദരാബാദിലേക്കു് പരമേശ്വരയ്യർക്കു് ഇന്നലത്തെ തപാലിൽ കത്തയച്ചിട്ടുണ്ടു്; താങ്കൾ നിർദ്ദേശിച്ചതിൻവണ്ണമാണു് കത്തു് എഴുതുന്നതു് എന്നും കാണിച്ചിട്ടുണ്ടു്. താങ്കൾ ഹൈദരിക്കു് വീണ്ടും എഴുതുകയുണ്ടായോ? പട്യാലയിൽ നിന്നുള്ള മറുപടിയും കിട്ടീട്ടില്ല. ഇതു രണ്ടും പ്രതീക്ഷിച്ചിട്ടാണു്, ഞങ്ങൾ ഇവിടെ താമസിക്കുന്നതെന്നറിയാമല്ലോ. കൊട്ടാരങ്ങളിൽനിന്നു് വേഗത്തിൽ മറുപടികിട്ടുക സാധാരണമല്ലെന്നു് ഞാൻ ഓർക്കായ്കയില്ല; എന്നാലും കഷ്ടനഷ്ടങ്ങൾ എന്നെ അക്ഷമനാക്കിത്തീർക്കുന്നു.

ദൽഹിയിൽ രഘുവീരസിംഗ് എന്നൊരു ധനികനുണ്ടു്. അദ്ദേഹം താങ്കൾക്കു് പരിചിതനോ സ്നേഹിതനോ ആണോ?

ഞാൻ മിനിഞ്ഞാന്നു് ഡാക്ടർ അൻസാരിയുടെ മകനെ ചെന്നു കണ്ടു. ആ സുശീലനായ യുവാവു് ഒരു പ്രൈവററുകളിക്കു് ശ്രമിച്ചുനോക്കാമെന്നു് ഏററിട്ടുണ്ടു്. ശ്രമം ഫലിക്കുമോ ആവോ? അദ്ദേഹത്തിനു് ലാഹോറിലും ഉണ്ടു് ചില സ്നേഹിതന്മാർ; അവരെയും പ്രേരിപ്പിക്കാമെന്നു് പറഞ്ഞിട്ടുണ്ടു്. എന്നാൽ ഞങ്ങളുടെ ലാഹോർയാത്ര ഈ മാസത്തിലുണ്ടാവുന്നതല്ലല്ലോ.

ഡാക്ടർ ശിവകാമുവിനു് കത്തയച്ചു കഴിഞ്ഞില്ല. രണ്ടുനാൾക്കുള്ളിൽ അയയ്ക്കും.

States man-ൽ ലേഖനം എഴുതിക്കുവാൻ ഒരാളെ കിട്ടിക്കഴിഞ്ഞിട്ടില്ല.

ഇന്നലെ സൗത്ത്ഇന്ത്യൻ അസോസിയേഷനിൽ നടന്ന കളിക്കു പോലും വളരെ കുറച്ചേ ആളുകളുണ്ടായിരുന്നുള്ളു.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 33)*

Digitized By Kerala Sahitya Akademi

# കഷ്ടി പിഷ്ടിയായി

വള്ളത്തോൾ

The South Indian Boarding House
Connaught Circus
New Delhi
24-3-1940

പ്രിയ സുഹൃത്തേ,

ഞാൻ രണ്ടുമൂന്നു ദിവസങ്ങൾക്ക് മുമ്പയച്ച എഴുത്ത് അവിടെ കിട്ടിയിരിക്കുമല്ലോ. ഞങ്ങൾ 20-ാം നു-മുതൽ താമസം ഇവിടെയാക്കി. ഇവിടെ ചെലവു കുറെ കുറയും; എന്നാലും ഒരമ്പതു റുപ്പിക നാൾതോറും വേണം! ഈ നിലയിൽ ഇവിടെ ഏറെനാൾ താമസിക്കാൻ കലാമണ്ഡലത്തിനു ശക്തിയില്ല. അതുകൊണ്ടു പട്യാലയിലും ഹൈദരാബാദിലും ഏപ്രിൽ 5-ാംനു- യോടുകൂടി കളികൾ നടക്കാൻ തരപ്പെടേണ്ടിയിരിക്കുന്നു. പട്യാല മഹാരാജാവ് 2-ാം നു- രാജധാനിയിൽ തിരിച്ചെത്തുമല്ലോ; തിരിച്ചെത്തിയാലപ്പോൾ അവിടെ കളി നടത്തുമാറാക്കിത്തീർക്കണം. അതു കഴിഞ്ഞാലുടൻതന്നെ ഹൈദരാബാദിലും. ഇതിനു താങ്കൾതന്നെ ഒന്നു കിണഞ്ഞു ശ്രമിക്കാതെ നിവൃത്തിയില്ല. രണ്ടിടത്തുനിന്നും മറുപടികിട്ടിയിട്ടില്ല. പരമേശ്വരയ്യർക്കും കത്തയച്ചു; അദ്ദേഹവും മറുപടി തന്നിട്ടില്ല.

അതിനാൽ, താങ്കൾ ദയ ചെയ്തു നാളെത്തന്നെ രണ്ടിടത്തേക്കും ഓരോ കമ്പി അയച്ചു മറുപടിക്കമ്പി വരുത്തി, വിവരം കമ്പിവഴിയായിത്തന്നെ എന്നെ അറിയിക്കണമെന്നപേക്ഷ. താങ്കളുടെ ആ കമ്പിമാത്രം കാത്തു കഷ്ടിപിഷ്ടിയായി നാലുനാൾകൂടി ഞാനിവിടെ കഴിച്ചുകൂട്ടാം. കമ്പിയടിക്കാനും വിവരം എന്നെ അറിയിക്കാനും ഒരൊററ നിമിഷംപോലും വൈകരുതേ! ചെലവിന്റെ ആധിക്യവും പണമില്ലായ്മയും കൂടി എന്നെ കുറച്ചൊന്നുമല്ല പരിഭ്രമിപ്പിക്കുന്നതു്. ആ പരിഭ്രമത്തിനു തെല്ലൊരു സംശാന്തി തരുന്നതു് 'പട്യാലയിൽ കളി കിട്ടാതിരിക്കില്ല' എന്ന താങ്കളുടെ ദൃഢവാചകമൊന്നുമാത്രമാണു്. വാസ്തവത്തിൽ ദിവസം നീണ്ടുപോയാൽ പട്യാലയിൽ നിന്നു കിട്ടുന്ന പണം ഹോട്ടലിൽ കൊടുക്കാനേ ഉണ്ടാവൂ എന്നുകൂടി താങ്കൾ ഓർമ്മമാറാകണം.

സ്വന്തം

വള്ളത്തോൾ

*(കത്ത് നമ്പർ 34)*

Digitized By Kerala Sahitya Akademi

# അല്പം ആശ്വാസവും നേരമ്പോക്കും

വള്ളത്തോൾ

The South Indian Boarding House
Connaught Circus
New Delhi
27-3-1940

പ്രിയ സുഹൃത്തെ,

ഒട്ടാശ്വാസമായി!

മിനിഞ്ഞാന്ന് അവിടെനിന്നയച്ച അക്ബർഹൈദരിയുടെ മറുപടിയും ഇന്നയച്ച കമ്പിയും ഇന്നുച്ചയ്ക്കും പിമ്പുമായി ഇവിടെ കിട്ടി. ഹൈദരിയുടെ കത്തിൽ ഞങ്ങൾ അങ്ങോട്ടു ക്ഷണിക്കപ്പെടുമെന്ന ഒരു സൂചന കണ്ടതിൽ സമാശ്വസിക്കുന്നു; ആ ക്ഷണം വേഗേന കിട്ടുമാറാകട്ടെ!

താങ്കളുടെ കമ്പിയനുസരിച്ച് പാട്യാലാ മിലിട്ടറി സിക്രട്ടറിക്ക് ഇന്നു ചെലവുവിവരം കാണിച്ച മറുപടി അയച്ചു. അങ്ങോട്ടും ഇങ്ങോട്ടും കൂടി യാത്രച്ചെലവ് (സമ്മാനങ്ങൾ കൊണ്ടുപോകാനുള്ള ചെലവുൾപ്പെടെ) 250.ക; പട്യാലയിൽ വെപ്പുമുണ്ണമായി 26 പേർക്കു താമസിപ്പാൻ തക്ക ഒരു വീടും ഭക്ഷണാദികൾക്ക് ദിവസംപ്രതി 80 ക.യും. ഈ ചെലവു മാത്രമേ കാണിച്ചിട്ടുള്ളു; പ്രതിഫലം അപേക്ഷിച്ചിട്ടില്ല. മൈസൂർ, ബറോഡ, ഗ്വാളിയോർ എന്നീ കൊട്ടാരങ്ങളിലും ഞങ്ങൾ പ്രതിഫലം അപേക്ഷിക്കുകയുണ്ടായില്ലെന്നും, കലാമണ്ഡലംകെട്ടിടംപണിക്കു പണം ശേഖരിക്കാൻ ശ്രമിക്കുകയാണിപ്പോൾ എന്നും, അതിലേക്കു മഹാരാജാവിന്റെ പ്രീതിയുണ്ടായാൽ മതി എന്നുമാണ്, സിക്രട്ടറിക്കുള്ള കത്തിന്റെ ചുരുക്കം; കളിത്തീയതി ഏതെന്നു കമ്പിവഴിയായി എന്നെ അറിയിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. മഹാരാജാവിനെക്കൊണ്ട് ഒരു നല്ലതുക സംഭാവനയായി തരുവിക്കുന്നതിനും താങ്കൾ യഥോചിതം പ്രേരിപ്പിച്ചുകൊള്ളുമല്ലോ. ഒരു മൂവായിരം രൂപ ആശിക്കാമോ? അത്രയും കിട്ടിയാൽ ദൽഹിയിൽ പാഴ്ചെലവായിപ്പോയ രണ്ടായിരത്തോളം നീക്കി 1000ക. മിച്ചം കിട്ടും.

ഹൈദരാബാദിലെ കളിത്തീയതിയും ഉടനെ തീർച്ചപ്പെടുമെന്ന് ആശിക്കുന്നു. ഹൈദരാബാദിലേക്കും താങ്കൾ കമ്പി അയച്ചിരിക്കുമല്ലോ.

നമ്മുടെ കെ. പി. എസ്. മേനോൻ ഭരതപ്പൂരിലേക്കുള്ള യാത്രയിൽ ഇവിടെ എത്തിയിട്ടുണ്ട്. അദ്ദേഹം ഇന്നു വൈകുന്നേരം ലാലാ ശ്രീരാമിനെ ഒന്നു നിർബ്ബന്ധിക്കാൻതന്നെ ഒരുങ്ങിയിരിക്കുന്നു. ഫലം എന്താകുമോ?

'ചാടുക്തിമുക്താവലി' നമ്മുടെ നർത്തകി ലക്ഷ്മി വായിക്കുന്നതു കണ്ടു. അവൾക്ക് അല്പാല്പമേ മനസ്സിലാകൂ. കൂടെക്കൂടെ ഓരോന്ന് എന്നോടു ചോദിക്കും; ഞാൻ പറഞ്ഞുംകൊടുക്കും. ഇതിനിടയിൽ. 'പൊടിപൊടിച്ചുള്ളോരു വീരായിതം' എന്തെന്നു ചോദ്യം വന്നു. ഞാൻ ആ സാധുപ്പെണ്ണിനോട് എന്തു പറയും? എന്നാൽ അവൾ വിടാതെ കൂടി. ഒടുവിൽ യഥാകഥഞ്ചിൽ ഞാൻ പറഞ്ഞുകൊടുത്തപ്പോൾ, അവൾ ചോദിക്കുകയാ

Digitized By Kerala Sahitya Akademi

ണ്ട്: 'മഹാന്മാർ ഇത്തരം വിചാരങ്ങരം പുറപ്പെടുവിക്കാമോ?' എന്ന്. ഇതായിരുന്നു എന്റെ മറുപടി: 'ഇത്തരം വിചാരങ്ങരം പുറപ്പെടുവിച്ചേ മഹാന്മാരാകൂ; നിനക്കെന്തറിയാം കുട്ടി!' അവരംക്ക് ആ ശ്ലോകം (കാര്യം മനസ്സിലായപ്പോരം) ഏറ്റവും രുചിച്ചു എന്നു തോന്നി. വെറും നേരംപോക്കിനായി ഈ സംഭവം എഴുതി എന്നേ ഉള്ളൂ. എനിക്ക് ഈ ലക്ഷ്മിയെക്കുറിച്ചു വളരെ സ്നേഹവും ദയയുമുണ്ട്. ഗതിയില്ലാത്ത ഒരു ആശാരിപ്പെൺകുട്ടിയാണിവരം. എന്റെ നിർബ്ബന്ധത്താലാണ് ഈ നൃത്താഭ്യസനത്തിൽ ഏർപ്പെട്ടതു്.

സ്വന്തം
നാരായണമേനോൻ

P. S. ആറുപേക്ക് രോഗം പിടിപെട്ടിരിക്കുന്നു. നർത്തകിമാരിൽ ഒരുവരംക്കു നീർപോളകം; മററന്നാളോ ഞായറാഴ്ചയോ കളിപ്പിക്കാം. ഫിഡിൽക്കാരനു മസൂരിതന്നെ; അയാളെ കളിപ്പിക്കാൻ ഒരാഴ്ചവട്ടംകൂടി കഴിയണമത്രെ. മദ്ദളക്കാരനു പനി, ശമിച്ചുതുടങ്ങി. ഇവർ മൂന്നുപേരും ആശുപത്രിയിലാണ്. ബാക്കി മൂന്നുപേർ (കഥകളിവേഷക്കാർ) ഹോട്ടലിൽത്തന്നെ കിടക്കുന്നു; എല്ലാവക്കും പനിതന്നെ. പാട്യാലയിൽ നിന്നും തീയതിതീച്ച് അറിയിക്കുമ്പോഴേക്കും ഇവർ സ്വാസ്ഥ്യം പ്രാപിക്കുമെന്ന്ആശിക്കാം, എന്നാൽ ഫിഡിൽക്കാരൻ അത്രവേഗത്തിൽ സുഖമടയുകയില്ല. ഒരു നർത്തകിയും, ഫിഡിൽക്കാരനുമില്ലാതെയാണ് ഇവിടെ സൗത്തിൻഡ്യൻക്ലബ്ബിൽ കളിനടന്നതു്.

ആകപ്പാടെ എന്റെ കഷ്ടപ്പാടു മൂർദ്ധന്യദശയിലെത്തിയിരിക്കുന്നതു നോക്കുക!

വള്ളത്തോരം
*(കത്തു്നമ്പർ 35)*

# ലാഹോർ പ്രോഗ്രാം ഉറച്ചു

വള്ളത്തോരം

The South Indian Boarding House
Connaught Circus
New Delhi
31-3-1940

പ്രിയ മിത്രമേ,

താങ്കരം 27-ാംനു- അയച്ച എഴുത്തോടുകൂടിത്തന്നെ ലാഹോറിലേക്കയച്ച എഴുത്തും ഇവിടെ വന്നു ചേർന്നു. 27-ാംനു- തന്നെ കമ്പി കിട്ടിയ വിവരവും മററും കാണിച്ച് ഞാൻ അയച്ച എഴുത്തു താങ്കരംക്കു കിട്ടിയിരിക്കുമല്ലൊ; മഹാരാജാവിന്റെ പ്രീതിമാത്രമാണു ഞങ്ങരംക്കുള്ള പ്രതിഫലം എന്നേ ഞാൻ മിലിട്ടറിസിക്രട്ടറിക്കുള്ള കത്തിൽ പ്രസ്താവിച്ചിട്ടുള്ളൂ; ഇതിൽ വൈഷമ്യമുണ്ടാകയില്ലെന്നു വിശ്വസിക്കുന്നു. ഭക്ഷണാദികരംക്ക് നാളൊന്നിൽ 80 ക.യല്ല 60 ക.യാണു കാണിച്ചിട്ടുള്ളതു്, താങ്കരം സിക്രട്ടറിക്കു

Digitized By Kerala Sahitya Akademi

കത്തയച്ചതിനു് അദ്ദേഹം മറുപടി തന്നിരിക്കമല്ലൊ. എന്നാൽ ഞങ്ങറംക്ക മറുപടിഒന്നും തന്നിട്ടില്ല.

ലാഹോറിൽനിന്നു് ഇന്നൊരെഴുത്തു കിട്ടി. ഏപ്രിൽമാസത്തിൽ 5-ം 6-ം തീയതികളിൽ മാത്രമേ തിയ്യേററിൽ ഒഴിവുള്ള ആ രണ്ടു ദിവസങ്ങളിലും കളി നടത്താമെന്നു സമ്മതിച്ചു് ഇന്നു കമ്പിയും അയച്ചു കഴിഞ്ഞു. അതനുസരിച്ചു നിവൃത്തിയുണ്ടെങ്കിൽ 3-ാംനു- വൈകുന്നേരംതന്നെ ലാഹോറിലേക്ക ഭാണ്ഡം മുറുക്കേണ്ടിയിരിക്കുന്നു. പാട്യാലായിലെ കളി ഏപ്രിൽ 7-ാംനു-യ്ക്കും 12-ാംനു-യ്ക്കും മദ്ധ്യേ നടത്തുമാറാകണമെന്നു അപേക്ഷിക്കുന്നതായ ഒരു കത്തു് ഇന്നത്തെ തപാലിൽ പട്യാലാ മിലിട്ടറി സിക്രട്ടറിക്കും ഞാൻ അയയ്ക്കുന്നുണ്ടു്. ഇതനുസരിച്ചു താങ്കളും ഒരു കത്തു് അദ്ദേഹത്തിന്നയച്ചു് കളിത്തീയതി 7-നും 12-നും മദ്ധ്യേ ആക്കിക്കേണമെന്നപേക്ഷ.

ലാഹോറിൽ താങ്കറം നിർദ്ദേശിച്ച മഹാന്മാരെയെല്ലാം ഞാൻ പോയി കണ്ടുകൊള്ളാം. എന്നാൽ സിക്കന്ദർ ഹയാത്ഖാനും, താങ്കളുടെ ലാഹോർ സ്നേഹിതന്മാരിൽ മികച്ച രണ്ടുമൂന്നുപേൎക്കും നേരിട്ടുകൊടുപ്പാൻ ഒരോ പ്രബലമായ ശുപാർശിക്കത്തു് ശ്രീ ഗോവിന്ദമേനോന്റെ മേൽവിലാസത്തിൽ ലാഹോറിലേക്കയയ്ക്കുന്നതു തുലോം പ്രയോജനകരമാകും. എഴുത്തുകളിലെല്ലാം എന്നെപ്പററിയും കലാമണ്ഡലത്തെപ്പററിയും അവർക്ക വലിയ മതിപ്പുണ്ടാകാൻ പററിയ വാചകങ്ങറം ഉറംപ്പെട്ടിരിക്കണമെന്നു ഞാൻ ഉപദേശിക്കേണ്ടതില്ലല്ലൊ. ഹയാത്ഖാന്നു ഞാൻ ഇന്നു് ഒരെഴുത്തയയ്ക്കുന്നുണ്ടു്. അതിൽ ഞാൻ 4-ാനു- ലാഹോറിൽ എത്തിയാൽ അന്നുതന്നെ അദ്ദേഹത്തെ കാണ്മാൻ അഭിലഷിക്കുന്നുണ്ടെന്നും അനുവാദം തരണമെന്നുമാണു് എഴുതിയിട്ടുള്ളതു്. ലാഹോറിൽ താങ്കറം നിർദ്ദേശിച്ച മാന്യന്മാർ സംഭാവന തരുവാൻ ത്രാണിയുള്ളവരല്ലയോ? ത്രാണിയുള്ളവർക്കും ത്രാണിയുള്ളവരെ പ്രേരിപ്പിക്കാൻ കഴിവുള്ളവർക്കുമാണു് താങ്കറം ഊന്നി എഴുതേണ്ടതു്.

സർ രാധാകൃഷ്ണൻ ഡൽഹിയിലുള്ള വിവരം ഇന്നലയേ ഞാൻ അറിഞ്ഞുള്ളു. ഇന്നദ്ദേഹത്തെ ചെന്നു കണ്ടു. ബിർളായെക്കൊണ്ടു് ഒരു സംഭാവന തരുവിക്കാമോ എന്നു ചോദിച്ചു. 'നേരിട്ടു പറയാൻ സമയമില്ല; (നാളെ അദ്ദേഹം പോവുകയായി) കത്തു തരാം' എന്നാണു് മറുപടി പറഞ്ഞതു്. കൽക്കത്തയിൽവച്ചായാൽ കൂടുതൽ സൗകര്യമുണ്ടാകും എന്നും പറയാതിരുന്നില്ല. ഫലിക്കുമോ, ആവോ. സർ രാധാകൃഷ്ണൻ എന്നെ വളരെ കേമമായി ഉപചരിച്ചതുകൊണ്ടു് അദ്ദേഹം ബിർളായോടു ശുപാർശി ചെയ്യാൻ മടിക്കുകയില്ല എന്നെനിക്ക തോന്നി. ശുപാർശ ഫലിക്കുമോ, ആവോ എന്നേ സംശയമുള്ളു. ബിർളയെ പിടിപ്പാൻ ആരാണു് ഏററവും കഴിവുള്ള ആറം?

ലാഹോറിൽ തരസ്സ് എന്ന തിയേററിലാണു് കളി. കളി എങ്ങനെ നടത്തും എന്നു് ഈശ്വരനെ അറിഞ്ഞുകൂടു. പാട്ടുകാർ ഇരുവരും നത്തകിമാരിൽ അമ്മിണി എന്ന കുട്ടിയും, കഥകളിവേഷക്കാർകുട്ടികറം രണ്ടു പേരും രോഗത്തിലും (മിക്കവൎക്കും പനിതന്നെ) ഹാസ്പിററലിലും ആണു്. അമ്മിണിക്ക രോഗം കഷ്ടിച്ചു ശമിച്ചു എന്നുപറയാം.

ഒരുതരം പനി ഇവിടങ്ങളിൽ വലിയ സുഖസ്ഥിതിയിലായിരിക്കുന്നവരെപ്പോലും പിടികൂടിക്കൊണ്ടു് എങ്ങും വ്യാപിച്ചു വരുന്നു. അതിനാൽ ഞങ്ങറംക്ക സ്വദേശത്തേക്ക പോകാൻ വലിയ വെമ്പലുണ്ടു്. എത്തു

Digitized By Kerala Sahitya Akademi

ചെയ്യട്ടെ? മഹാരാജാക്കന്മാർ ഇരുവരും ഞങ്ങളെ വിളിച്ചുകഴിഞ്ഞില്ലല്ലോ. സർവ്വഥാ ഭ്രഷ്ടിച്ചകാലം.

ഹൈദരാബാദിലെ മറുപടിയും ഇന്നുവരെ കിട്ടിയിട്ടില്ല. ശ്രീ പരമേശ്വരയ്യരും മൗനംതന്നെ ദീക്ഷിക്കുന്നു.

3-ാംനു ഇവിടെ കിട്ടത്തക്കവണ്ണം താങ്കൾ മറുപടി അയയ്ക്കുമല്ലൊ.

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 36)*

# ഹൈദ്രബാദ് യാത്രാപ്രശ്നം

വള്ളത്തോൾ

The South Indian Boarding House
Connaught Circus
New Delhi
2-4-1940

പ്രിയ സുഹൃത്തെ,

സർ, അക്ബർഹൈദരിയുടെ കത്തിന്റെ ഖണ്ഡത്തോടുകൂടിയ താങ്കളുടെ എഴുത്ത് ഇന്നിവിടെ കിട്ടി. മിനിഞ്ഞാന്ന് ഞാൻ അയച്ച എഴുത്ത് അവിടെയും കിട്ടിയിരിക്കുമല്ലോ.

സർ ഹൈദരിക്കു മുൻപയച്ച അപേക്ഷയിൽതന്നെ ചെലവുവിവരവും കളിവവിരവുമെല്ലാം കാണിച്ചിട്ടുണ്ട്. ഗ്വാളിയോറിൽനിന്ന് എന്തു തന്നുവെന്ന് അദ്ദേഹം മുഖദാവിൽ ചോദിക്കുകയും ചെലവെല്ലാം കഴിച്ച രണ്ടായിരം ഉറുപ്പിക തന്നുവെന്നു ഞങ്ങൾ മറുപടി പറകയും ചെയ്തതും അദ്ദേഹം മറന്നിരിക്കാം. വീണ്ടും വിവരമെല്ലാം കാണിച്ച് ഇന്നത്തെ തപാലിൽ അദ്ദേഹത്തിനെഴുതുന്നുണ്ട്. ഈ മാസത്തിന്റെ മധ്യത്തിൽ ഞാൻ സംഘത്തോടുകൂടി ഹൈദരാബാദിൽ എത്താനാണു വിചാരിക്കുന്നതെന്നും, അതിനുള്ള വഴിച്ചെലവു (സുമാർ എഴുന്നൂററമ്പതു റുപ്പിക) ഇങ്ങോട്ടയയ്ക്കാൻ കല്പനയാകേണമെന്നുംകൂടി ഇന്നത്തെ എഴുത്തിൽ കാണിച്ചിട്ടുണ്ട്. ഗ്വാളിയോറിൽനിന്നു വഴിച്ചെലവിൽ പകുതി മുൻകൂറായി ചെറുതുരുത്തിക്കയച്ചു തന്നിരുന്നു. എന്റെ കയ്യിൽ പണമില്ലതാനും. അതുകൊണ്ടാണ് വഴിച്ചെലവു മുൻകൂട്ടി ആവശ്യപ്പെട്ടത്. ഇതിൽ അനൗചിത്യമൊന്നുമില്ലെന്നു വിശ്വസിക്കുന്നു.

സർ ഹൈദരി താങ്കൾക്കെഴുതുന്ന എഴുത്തുകളിൽനിന്ന്, അദ്ദേഹം താങ്കളുടെ ഒരുററ സുഹൃത്താണെന്നു ധാരാളം വ്യക്തമാകുന്നുണ്ട്. അദ്ദേഹം താങ്കളുടെ പ്രീതിക്കുവേണ്ടി കലാമണ്ഡലത്തെ യഥോചിതം സഹായിക്കാൻ സന്നദ്ധമായിരിക്കുന്നു. ഈ ശുഭാവസരത്തിൽ താങ്കൾ ഒന്നു ഊന്നിപ്പിടിക്കുകതന്നെ വേണം. ഞങ്ങൾക്കു മരാമത്തിന്നു വേണ്ടുന്ന 25000 ഉറുപ്പിക നൈസാമിന്നു വെറും ഇരുപത്തഞ്ചുറുപ്പികയാണ്. അക്ബർ ഹൈദരിക്കു ഔദാര്യമുണ്ട്. താങ്കളെക്കുറിച്ച് വലിയ സ്നേഹവുമുണ്ട്. ഈ വന്ദ്യവൃദ്ധന്റെ അഭാവത്തിൽ നൈസാമിൽനിന്ന് ഒരു സംഭാവന

Digitized By Kerala Sahitya Akademi

നേടുക സുസാദ്ധ്യമാണോ? ഈവകയെല്ലാം താങ്കൾ വീണ്ടും സർ ഹൈദരിക്കു കത്തെഴുതുമ്പോൾ ഓർക്കുന്നതു നന്നായിരിക്കും.

നൈസാമിന്റെ മാത്രമല്ല, അദ്ദേഹത്തിന്റെ കീഴിലുള്ള പ്രഭുക്കന്മാരുടേയും ദൃഷ്ടിയിലും ഈ കലയെ പ്രദർശിപ്പിക്കാൻ എനിക്കാഗ്രഹമുള്ളതായും ഹൈദരിക്കുള്ള കത്തിൽ കാണിച്ചിട്ടുണ്ട്.

പട്യാലയിൽനിന്നു് മറുപടി ഇന്നും വന്നിട്ടില്ല. അവിടെ നിന്നും വഴിച്ചിലവു് മുൻകൂട്ടി അയച്ചുതരണമെന്നു് ഞാനാവശ്യപ്പെട്ടിട്ടില്ല; വഴിച്ചെലവു് ഇന്നതുവരുമെന്നു് കാണിച്ചിട്ടേ ഉള്ളു.

ഞങ്ങൾ ലാഹോറിലേക്കു് നാളെ വൈകുന്നേരം പോകുവാനാണുറച്ചിരിക്കുന്നതു്. താങ്കളുടെ ലാഹോർസ്നേഹിതന്മാർക്കുള്ള കത്തുകൾ ശ്രീ ഗോവിന്ദകുട്ടിമേനോന്റെ മേൽവിലാസത്തിൽ അയച്ചുതരുമല്ലോ.

കെ. പി. എസ് മേനോൻ നേരിട്ടു് അപേക്ഷിച്ചതും നിരസിക്കുക തന്നെയാണു് ലാലാശ്രീരാം ചെയ്തതു്.

സ്വന്തം
നാരായണമേനോൻ
(കത്തു് നമ്പർ 37)

# ഇടയ്ക്കു പാട്യാലയ്ക്കും

വള്ളത്തോൾ

The South Indian Boarding House
Connought Circus
New Delhi
3-4-1940

പ്രിയ സുഹൃത്തെ,

പാട്യാലയിൽനിന്നു് മാർച്ച് 30-ാം എഴുതിയ മറുപടി (മേൽവിലാസത്തിൽ ഡൽഹി എന്നുമാത്രം എഴുതിയതിനാലായിരിക്കാം) തിരിഞ്ഞു മറിഞ്ഞു് ഇന്നു വൈകുന്നേരമാണു് എന്റെ കയ്യിലെത്തിച്ചേർന്നതു്. പ്രതിഫലം ഇന്നതുവേണമെന്നു് തീർച്ച പറയണമെന്നും, മൈസൂറിൽ നിന്നും മററും എന്തു പ്രതിഫലം തന്നുവെന്നു് പറഞ്ഞാലും മതി എന്നുമാണു് സിക്രട്ടറിയുടെ മറുപടിയിലുള്ളതു്. മൈസൂറിൽനിന്നും സമ്മാനമേ കൊടുക്കുകയുണ്ടായുള്ളു, ബറോഡയിൽനിന്നു് ഒരു കളിക്കു് ആയിരത്തിഅഞ്ഞൂറും, ഗ്വാളിയോറിൽ രണ്ടു കളിക്കു് രണ്ടായിരവും തന്നു. ഈ വിവരം കാണിച്ചു് സിക്രട്ടറിക്കിതാ, മറുപടി അയയ്ക്കുന്നു. കളിത്തീയതി തീർച്ചപ്പെടുത്തിയിട്ടുള്ള എഴുത്തു് ലാഹോറിലേക്കയച്ചുതരണമെന്നും എഴുതിയിട്ടുണ്ടു്.

6-ം 7-ം തീയതികളിലാണു് ലാഹോറിലെ കളി. 9-ാംനു- പട്യാലയിൽ കളിനടത്താം. 9-ാംനു-യ്ക്കു ഞങ്ങളെ പട്യാലയ്ക്കു വിളിപ്പിക്കേണ്ടുന്നതിന്റെ ഭാരം താങ്കളിൽത്തന്നെ സമർപ്പിച്ചുകൊള്ളുന്നു.

15-ാംനു-യ്ക്കു ഹൈദരാബാദിലെത്തിച്ചേർന്നുകൊള്ളാമെന്നാണു് ഇന്നലെ വീണ്ടും ഹൈദരാബാദിലേക്കയച്ച എഴുത്തിൽ എഴുതിയിരിക്കുന്നതു്. പട്യാലയിലെ കളികഴിഞ്ഞു് ഹൈദരാബാദിലേക്കു പൊയ്ക്കളയാം.

Digitized By Kerala Sahitya Akademi

അവിടെനിന്നു സ്വദേശത്തേക്കും. ഇതുപ്രകാരം സാധിക്കാൻ താങ്കാം വീണ്ടും എഴുതേണമെന്നുണ്ടെങ്കിൽ, എഴുതുകതന്നെ വേണമെന്നപേക്ഷ.

ലാഹോറിലും കാലം നന്നല്ലെന്നു ശ്രീ ഗോവിന്ദകുട്ടിമേനോൻ പറയുന്നു. എന്നാലും സിക്കന്തർ ഹയാത്ത്ഖാനോടു കേറിയപേക്ഷിച്ച സ്ഥിതിക്കു് പോകാതിരുന്നുകൂടാ എന്നു താങ്കാംതന്നെ അഭിപ്രായപ്പെട്ടിരുന്നുവല്ലോ. അതുകൊണ്ടാണു്, പോവുകതന്നെയെന്നുറച്ചതു്.

താങ്കളുടെ ലാഹോർസ്നേഹിതന്മാർക്കുള്ള കത്തുകാം ശ്രീ. ഗോവിന്ദകുട്ടിമേനോന്റെ മേൽവിലാസത്തിൽ അയച്ചിരിക്കുമല്ലോ.

സ്വന്തം
നാരായണമേനോൻ
*(കത്തു്നമ്പർ 38)*

# ലാഹോറിൽ അപജയം

വള്ളത്തോാം
പ്രസിഡൻറു്
കേരളകലാമണ്ഡലം

10 Lodge Road
LAHORE

പ്രിയ സുഹൃത്തേ,

ഞാനും സംഘവും മിനിഞ്ഞാന്നു രാവിലെ ഇവിടെ എത്തി. അന്നുതന്നെ താങ്കളുടെ ഒരെഴുത്തും ഇവിടെ കിട്ടി.

സർ സിക്കന്തർ ഹയാത്ത്ഖാനെ കാണാൻ കഴിഞ്ഞില്ല. 'ഇന്നലെ രാവിലെ 10 മണിക്കു്' എന്നാണു് അദ്ദേഹത്തിന്റെ സിക്രട്ടറി ഫോണിൽ പറഞ്ഞതു്. എന്നാലയാാം അതദ്ദേഹത്തെ അറിയിക്കാഞ്ഞതുകൊണ്ടായിരിക്കാം, ആ സമയത്തു ചെന്നപ്പോാം സിക്രട്ടറിയെ കാണാൻ പറഞ്ഞു. സിക്രട്ടറിയെ കണ്ടെത്തിയതുമില്ല. ശിവശമ്മ 5 ക. 10 ണയുടെ ഒരു ടിക്കററു പത്തുറുപ്പികയ്ക്കു വാങ്ങി താക്കൂർദത്തു് ശമ്മ എന്നൊരാാംക്കു് ഒരു കത്തു തരികമാത്രം ചെയ്തു, താക്കൂർദത്ത് ശമ്മ അതിന്നുപോലും ഒരുങ്ങിയതുമില്ല! മി. ഗോകുലചന്ദു് നാരങ്ങ് അമ്പതുറുപ്പികയുടെ ഒരു ചെക്കു കൊണ്ടാണു കാര്യം കഴിച്ചതു്. ഗവണ്ണറുടെ സിക്രട്ടറിക്കു് കത്തയച്ചിട്ടേ ഉള്ളൂ. ഇന്നലെ തിയേററിൽ കളി ഉണ്ടായിട്ടു നാല്പതോളം ഉറുപ്പിക!

ശ്രീ നീലകണ്ഠപിള്ള ലാഹോർ വിട്ടിട്ടില്ല. അദ്ദേഹവും അമ്പാടിയും കൂടി ഒരു ചെറിയ പിരിവുനടത്താൻ ശ്രമിക്കുന്നുണ്ടു്. അതിന്റെ ഫലം നാളെ അറിയാം. മററന്നാാം പുലർച്ചയ്ക്കുള്ള വണ്ടിക്കു പട്യാലയിലേക്കു പോകാനാണു് ഞങ്ങാംനിശ്ചയിച്ചിട്ടുള്ളതു്. എന്നാൽ 'ഞങ്ങാം 9-ാംനവരട്ടയോ, എത്രനാാം അവിടെ താമസിക്കണം?' എന്നു ചോദിക്കുന്നതായ ഒരു കമ്പി ഇന്നലെ മിലട്ടറിസിക്രട്ടറിക്കയച്ചതിന്റെ തീർച്ചമറുപടി കിട്ടിയിട്ടില്ല; നാളെ തീർച്ചമറുപടിയയയ്ക്കാമെന്നുള്ള കമ്പി ഇന്നു കിട്ടിയിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

ലാഹോർയാത്രയും അപജയത്തിൽ കലാശിച്ചതിൽ എനിക്കു വലിയ മനോവേദനയൊന്നുമില്ല. നേരെ മറിച്ച് ഹൈദരാബാദിൽ നിന്നു മാർച്ച് 31-ാംനു ചെറുതുരുത്തിക്കയച്ചതും അവിടെ നിന്നു മടങ്ങി ഇന്നിവിടെ എത്തിയതും ഇതിലടക്കം ചെയ്യുന്നതുമായ എഴുത്ത് തുലോം വ്യസനകരമായിരിക്കുന്നു. ആ വന്ദ്യവൃദ്ധനായ ഹൈദരിയെ ചിലർ തെറ്റിദ്ധരിപ്പിച്ചു കളഞ്ഞു. കഥകളിസംഘത്തിന്നു പുറമെ ഒരു ഡാൻസു സംഘവും എന്റെകൂടെ ഉണ്ടെന്നും അതിന്റെ സ്വരൂപമെന്തെന്നും മറ്റും ഞാൻ രണ്ടുപ്രാവശ്യം ഹൈദരിക്കയച്ച എഴുത്തിൽ കാണിച്ചിട്ടുണ്ട്. അതും എന്റെ ദൽഹി മേൽവിലാസംപോലും, നോക്കാതെയാണല്ലോ ഈ മറുപടി. അതുകൊണ്ട് താങ്കൾ ഇപ്പോൾ പൂർവ്വാധികം ഉണർന്നു പ്രവർത്തിച്ചേ കഴിയൂ. ഞാൻ കഥകളിസംഘത്തെ ഹൈദരാബാദിലേക്കു കൊണ്ടുപോകുന്നില്ല. ഡാൻസുമാത്രം നൈസാമിന്റെ സന്നിധിയിൽ സർ ഹൈദരി നടത്തിച്ചു തരട്ടെ. താങ്കൾ അദ്ദേഹത്തിന്നയയ്ക്കുന്ന എഴുത്തിൽ ഗ്വാളിയോർ-ബറോഡാ മഹാരാജാക്കന്മാർക്കും, ഹിന്ദുക്കൾക്കും കഥകളി രുചിച്ചുവെന്നും അതുപോലെ ഹൈദരാബാദുകാർക്കും, നൈസാമിന്നും രുചിക്കുമെന്നും പ്രബലമായി അഭിപ്രായപ്പെടുകകൂടി ചെയ്യണം. എങ്ങനെയെങ്കിലും ഈ അവസരം കളയാതെ പിടിച്ചു ഞങ്ങളെ ഹൈദരാബാദിലേക്കു വിളിപ്പിക്കാഞ്ഞാൽ, ഇപ്പോൾ വന്നുചേർന്ന വലിയ നഷ്ടം തീരുകയില്ല: ജാഗ്രതപ്പെടുക, ജാഗ്രതപ്പെടുക.

സർ ഹൈദരിക്കു കഥകളിയിൽ താല്പര്യമുണ്ടെന്ന് ഈ എഴുത്തിലും എഴുതിയിട്ടുണ്ടല്ലോ—അതനുസരിച്ച് അദ്ദേഹം ഒരു പ്രൈവറ്റുകളി നടത്തിത്തന്നെന്നു തോന്നിയാൽ മതി. നൈസാമിന്റെ സന്നിധിയിൽ കൊണ്ടുചെല്ലുക. ഇല്ലെങ്കിൽ നൈസാമിന്റെ സന്നിധിയിൽ ഡാൻസു മാത്രം നടത്താവുന്നതാണല്ലൊ. അതല്ല, സംഘം ഇപ്പോൾ ഹൈദരാബാദിലേക്കു ചെല്ലുകയേ വേണ്ട എന്നാണു വീണ്ടും തീർച്ചപ്പെടുത്തുന്നതെങ്കിൽ, ഞാൻ തനിയെ ഹൈദരാബാദിലേക്കു പൊയ്ക്കൊള്ളാം. കലാമണ്ഡലംകെട്ടിടംസ്റ്റാംപണിക്കു ഒരു തക്ക സംഭാവന തരുവിക്കാൻ സർ ഹൈദരി ദയ ചെയ്യട്ടെ. ഈ എഴുത്തിന്ന് ഹൈദരാബാദിലേക്കു ഞങ്ങൾ മറുപടി അയയ്ക്കുന്നില്ല.

താങ്കൾ ഇതിനെപ്പറ്റി എന്തു ചെയ്യു എന്നുള്ള വിവരത്തിനും മറ്റുമുള്ള മറുപടി പട്യാലയിലേക്കാണ് അയയ്ക്കേണ്ടത്. അതോടുകൂടി, ഹൈദരാബാദുകത്തും (ഇതിലടക്കം ചെയ്തിട്ടുള്ളത്) തിരിച്ചയച്ചേക്കുമല്ലോ. ഹൈദരാബാദിലേക്കു വിളിക്കുമെന്ന വിശ്വാസത്താലാണ്, ഞാനും പാർട്ടിയും നഷ്ടപ്പെട്ട ന്യൂഡൽഹിയിൽ ഇത്രയധികം നാൾ താമസിച്ചതെന്ന വാസ്തവവും ഹൈദരിയെ ധരിപ്പിക്കുമല്ലോ.

സ്വന്തം

വി. നാരായണമേനോൻ

*(കത്ത് നമ്പർ 39)*

Digitized By Kerala Sahitya Akademi

# പണപ്പിരിവും കിഴിയും

വള്ളത്തോൾ
പ്രസിഡൻറ്
കേരളകലാമണ്ഡലം

10. Lodge Road
LAHORE
13-4-1940

പ്രിയ സുഹൃത്തെ,

9-ാം നു- താങ്കൾ അയച്ച മറുപടി മിനിഞ്ഞാന്നു് സന്ധ്യയ്ക്കു് എന്റെ കൈയിലെത്തി; അന്നു രാവിലെ താങ്കൾ അയച്ചുവെന്നു പറയുന്ന സവിസ്തരമായ എഴുത്താകട്ടെ എനിക്കു കിട്ടുകയുണ്ടായില്ല.

9-ാംനു-തന്നെ തിരിക്കണമെന്ന ആഗ്രഹത്താലാണു്, താങ്കളോടു് ആയിരം ഉറുപ്പിക കടമായിത്തരാനപേക്ഷിച്ചതു്. ആയിരംകൊണ്ടു മതിയാകില്ല. ബാക്കി മുന്നൂറോ, നാനൂറോ ഉറുപ്പിക അമ്പാടിയോടും വാങ്ങാമെന്നു വിചാരിച്ചു; താങ്കൾക്കു് കമ്പിയടിച്ച വിവരവും മററും അമ്പാടിയോടു പറയുകയും ചെയ്തു എന്നാൽ അദ്ദേഹം സകുടുംബനായി മിനിഞ്ഞാന്നു രാത്രി ആഗ്രായിലേക്കു പോയത്രെ. വേറെ ആരു തരും കടം. എന്നറിയുന്നില്ല; എങ്ങനെ തിരിച്ചു പോരേണ്ടു, എന്നും അറിഞ്ഞുകൂടാ!

9-ാംനു-തന്നെ വൈകുന്നേരം നാലുമണിക്കു ഞാൻ സർ സിക്കന്തറെ ആപ്പീസിൽവെച്ചു കണ്ടു. അദ്ദേഹം ശ്രീ സന്താനവുമായി ആലോചിച്ചു്, സന്താനത്തിനെക്കൊണ്ടു് ഒരഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുന്നു. പതിനഞ്ചു പേർ, സിക്കന്തർതന്നെ അഭിപ്രായപ്പെട്ടവർ, അമ്പതിൽ കുറയാതെ ഉറുപ്പിക വള്ളത്തോളിനു കൊടുത്തു സഹായിക്കേണമെന്നാണു് അപേക്ഷ. സിക്കന്തറും സന്താനവും അമ്പതുവീതം ഉറുപ്പിക കൊടുത്തു് ഒപ്പും വെച്ചിട്ടുണ്ടു്. മിനിഞ്ഞാന്നുമുതൽ ആ അഭ്യർത്ഥനയും കൊണ്ടു് ഡാക്ടർ സീതാരാമനോടുകൂടി ശ്രീ മുകുന്ദരാജാവു് സഞ്ചരിക്കുന്നു. എന്നാൽ നിർദ്ദേശിക്കപ്പെട്ട പതിനഞ്ചുപേരിൽ പലരും അമ്പതുവീതം ഉറുപ്പിക കൊടുക്കാൻ മുതിരുന്നില്ല; സിക്കന്തർ താങ്കളെക്കുറിച്ചുള്ള സ്നേഹബഹുമാനംകൊണ്ടു് ഇങ്ങനെയൊന്നു ചെയ്തുവെച്ചുവെന്നല്ലാതെ, അദ്ദേഹത്തിനു ഉള്ളിൽകൊണ്ടു താല്പര്യമില്ലെന്ന ഊഹത്തിലായിരിക്കാം, അമ്പതിന്നു പകരം പത്തു തന്നവരുമുണ്ടു്. ഈ സ്ഥിതിക്കു് ഈ അഭ്യർത്ഥന അഞ്ഞൂറുറുപ്പികയെത്തന്നെ സമ്പാദിച്ചു തരുമോ, ആവോ? ഇങ്ങനെ ഒരഞ്ഞൂറു കിട്ടിയാലും വേറെ ഒരെണ്ണൂറുകൂടി വേണം, ഞങ്ങൾക്കു നാട്ടിലെത്താൻ. ദെൽഹിയിൽ, വി. പി. മേനോനൊരാളോടേ അപേക്ഷിക്കാനുള്ളു; എന്നാൽ അദ്ദേഹത്തിന്റെ പക്കൽ ഈ മാസത്തിൽ പണമുണ്ടാവില്ലെന്നു് എനിക്കും സൂക്ഷ്മമറിയാം. അതിനാൽ ആയിരമില്ലെങ്കിലും അഞ്ഞൂറോ മുന്നൂറോ, ദെൽഹിക്കു കമ്പിവഴിയായി അയച്ചുതരാൻ താങ്കൾക്കു് അസൗകര്യമുണ്ടാവില്ലെങ്കിൽ, ആ വിധം ചെയ്യുന്നതു് ഒരു വലിയ ഉപകാരമായിരിക്കും.

8-ാംനു- എന്നെ സ്വീകരിക്കാനായി ലാഹോർ നിവാസികളായ തെന്നിന്ത്യക്കാരുടെ ഒരു സമ്മേളനം, ശ്രീ കെ. സന്താനത്തിന്റെ അദ്ധ്യക്ഷതയിൽ, നടക്കുകയുണ്ടായി; എനിക്കു് ഒരു കിഴിയും തന്നു. അതിൽ 201 ക. ഉണ്ടു്.

Digitized By Kerala Sahitya Akademi

സർ രാധാകൃഷ്ണൻ ബിർളയ്ക്കു ശിപാർശിക്കത്തയച്ചു തന്നില്ല. അഹോ, ആ പണ്ഡിതശ്രേഷ്ഠന്റെ കാപട്യം എന്നെ കുറച്ചല്ല ആശപ്പെടുത്തിയതു്! എന്നാൽ എൻ. ആർ. പിള്ള ഒരു കനത്ത ശിപാർശിക്കത്തു തന്നിട്ടുണ്ടു്; അതു കിട്ടിയപ്പോഴേക്കും ബിർള ദൽഹി വിട്ടുകഴിഞ്ഞിരിക്കുന്നു. എൻ. ആർ. പിള്ളയുടെ എഴുത്തു് ഫലിച്ചേക്കുമെന്നാണു് ദൽഹിയിൽ പലരുടേയും അഭിപ്രായം. ഞാൻ നാളെയോ, മററന്നാളോ ദൽഹിയിൽ തിരിച്ചെത്തുമ്പോൾ ബിർള അവിടെ ഉണ്ടാകുമെങ്കിൽ, കണ്ടുപിടിക്കാൻ നോക്കാം.

മഹാരാജാവു മലയയിലേക്കു പോകയാണെന്നും, നവമ്പർമാസത്തിൽ വന്നാൽ കളി നടത്താമെന്നുമാണു്, പട്യാലയിൽ നിന്നു് എട്ടാം തീയതി കിട്ടിയ കമ്പി. ഒക്ടോബർ, നവംബർ കാലത്തു ഞാൻ സംഘത്തോടുകൂടി ബിക്കാനീറിൽ വരുമെന്നാണല്ലോ, താങ്കൾ മുഖദാവിൽ പറഞ്ഞതിൽ നിന്നു തീർച്ചപ്പെടുത്തേണ്ടതു്; അന്നു് പട്യാലയിലേക്കും കടക്കാമെന്നു വയ്ക്കുക. എന്നാൽ സർ അക്ബർഹൈദരിയുടെ ശുപാർശിപോലും നിരസിച്ചുകളഞ്ഞ നൈസാമിന്റെ സന്നിധിയിൽ എങ്ങനെ ചാടിവീഴാം? ഇതിൽ താങ്കളുടെ ശക്തി മുഴുവൻ പ്രയോഗിക്കുകതന്നെ വേണ്ടിവരും.

താങ്കളുടെ 9-ാംനു- ലെ വിസ്തരിച്ച എഴുത്തിൽ എന്തൊക്കെയാണുള്ളതു് ഇതിന്റെ മറുപടി ന്യൂദൽഹിയിലെ, South Indian Boarding House, Connaught Circus മേൽവിലാസത്തിലയപ്പാനപേക്ഷ.

സ്വന്തം

വി. നാരായണമേനോൻ.

*(കത്തുനമ്പർ 40)*

# ശോകകാലത്തൊരു ശ്ലോകം

വള്ളത്തോൾ

തീവണ്ടിയിൽവെച്ചു്

19-4-1940

പ്രിയ സുഹൃത്തേ,

താങ്കൾ സദയം അയച്ച കത്തും 150 ക. യുടെ ചെക്കും മിനിഞ്ഞാന്നു ന്യൂഡൽഹിയിൽ കിട്ടി. താങ്കൾ 150 ക. തന്നതിനാൽ, ബാക്കിയേ കടം വാങ്ങേണ്ടി വന്നുള്ളൂ. ഗ്വാളിയോറിൽനിന്നു താങ്കളുടെ വിലയേറിയ ഒത്താശയാൽ 2000 ക. കിട്ടി; എന്റെ കെട്ടുകാര്യസ്ഥതയാൽ, അതു പാഴായിപ്പോകയും കഴിഞ്ഞു. ഈ നഷ്ടം തീരേണമെങ്കിൽ ഞങ്ങൾക്കു അടുത്ത ഒക്ടോബർ-നവംബർ മാസത്തിൽ ബിക്കാനീർ മഹാരാജാവിന്റെ സന്നിധിയിൽ ചാടിവീഴാൻ തരം കിട്ടുകതന്നെ വേണം. അതിനു ഡാക്ടർ ശിവകാമുവിനെ വീണ്ടും പ്രേരിപ്പിക്കാൻ രുഗ്മിണിയുടെ എഴുത്തു വേണമെങ്കിൽ, അയപ്പിക്കാം. അക്കാലത്തു പേറെയും നാലഞ്ചു മഹാരാജാക്കന്മാരുടെ സന്നിധിയിൽ പോകാൻ ശ്രമം ഇപ്പോൾതന്നെ തുടങ്ങിവയ്ക്കണം. പട്യാലയും ഉദയപ്പൂരും താങ്കൾക്കു തുലോം അധീനമാണല്ലോ. പിന്നെ എവിടെയൊക്കെപ്പോയാലാണു് ഗുണം? പോകാനുള്ള വഴി ഏതൊക്കെ; ഒര

Digitized By Kerala Sahitya Akademi

തപ്പൂരിൽ കെ. പി. എസ്ˇ. മേനോൻ വല്ല ഒത്താശയും ചെയ്യതരുമെന്നാശിക്കാം. മഹാരാജാക്കന്മാരുടെ സിക്രട്ടറിമാക്ക് എപ്പപ്പോളാണ്, അപേക്ഷക്കത്തുകറം അയക്കേണ്ടത്? രണ്ടുമൂന്നു മാസം കഴിഞ്ഞിട്ടായാൽ പോരെയോ?

ലാഹോറിൽനിന്നു ഞങ്ങറം 14-ാംനു- വൈകുന്നേരമാണ്, പോന്നതു്. 13-ാംനു- വൈകുന്നേരം, അന്നു രാവിലെ ബോംബയിൽനിന്നു തിരിച്ചെത്തിയ രാമശരണദാസിനെ ചെന്നു കണ്ടു; എന്നെ കാണാൻ അദ്ദേഹം ആഗ്രഹിക്കുന്നു എന്നു സന്ദേശിച്ചതിനാലാണ്, ഞാൻ പോയതു്. എഴുന്നേററു് എൻെറ കാൽമുട്ടുകറം തൊട്ടു തലയിൽവെച്ചാണ്; അദ്ദേഹം എന്നെ സ്വീകരിച്ചതു്. സംസ്കൃതപാണ്ഡിത്യത്തെപ്പററി അദ്ദേഹത്തിന്നു വലിയ ബഹുമാനമുണ്ടെന്നു തോന്നുന്നു. മെയ്മാസത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന പുത്രവിവാഹത്തിന്നുള്ള ക്ഷണനക്കത്തുകളിൽ ചേപ്പാൻ ഒരു സംസ്കൃതശ്ലോകം എഴുതിത്തന്നാൽക്കൊള്ളാമെന്നു്, അദ്ദേഹം ആദരവോടെ പറഞ്ഞു. (അതു പിറേറന്നു് എഴുതി, സന്താനത്തെ ഏല്പിച്ചു.) 'കെ. എം. പണിക്കർ രണ്ടക്ഷരം കാലേ എനിക്കു് എഴുതിയയച്ചിരുന്നുവെങ്കിൽ, ഞാൻ ബോംബെയാത്ര നീട്ടിവെച്ചും നിങ്ങറംക്കു വേണ്ടുന്ന ഒത്താശകളൊക്കെ ചെയ്യ തരുമായിരുന്നു; നിങ്ങറംക്കു കഷ്ടനഷ്ടങ്ങളും നേരിടുകയില്ലായിരുന്നു.' എന്നിങ്ങനെ അദ്ദേഹം ഒന്നിലധികം പ്രാവശ്യം സഹതാപം വെളിപ്പെടുത്തുകയുണ്ടായി, നവംബറിൽ വീണ്ടും ചെന്നാൽ സഹായിക്കാമെന്നും ഏററിട്ടുണ്ടു്. 100 ക. സംഭാവനയും തന്നു. 'കെ. എം. പണിക്കരുടെ ഉററമിത്രമാണ്, താങ്കറം എന്നു് എനിക്കു മുമ്പുതന്നെ ട്ടൊക്കെ അറിയാം; ശ്രീ പണിക്കരുടെ ഒരു സുഹൃത്തായ എന്നെയും താങ്കറം ഒരു എളിയ സ്നേഹിതനായി ഗണിക്കുമെന്നു ഞാൻ ആശിക്കട്ടെ.' എന്നിങ്ങനെയാണ്, അദ്ദേഹത്തോടു ഞാൻ യാത്ര പറഞ്ഞതു്.

ഇന്നലെ വൈകുന്നേരം ഞങ്ങറം ഡൽഹി വിട്ടു. ഡാൻസിൻെറ ഫിഡിൽക്കാരൻ മസൂരിആസ്പത്രിയിൽ കിടപ്പിലായിട്ടു് ഒരു മാസമായി, ഇനിയും ഒരാഴ്ച കഴിയണം, അയാറംക്കു് ആശുപത്രി വിടാൻ. അയാളെ ഒന്നിച്ചു കൊണ്ടുപോരാൻ കഴിയാഞ്ഞതിനാലും, കുറെ ഉറുപ്പിക നഷ്ടം തന്നെ!

താങ്കറംതന്ന 150 ക. കഴിയുന്നവേഗത്തിൽ തിരിച്ചയച്ചുകൊള്ളാം. കലാമണ്ഡലത്തിൽ ഇപ്പോറം പണമൊന്നും ഇരിപ്പില്ല; ഞാൻ അവിടെ ച്ചെന്നു പുള്ളികളിൽനിന്നു മല്ലിട്ടു പിരിച്ചേ പണമുണ്ടാകൂ. വല്ലാത്ത കഷ്ടകാലം!

ചങ്ങനാശ്ശേരി നായർമഹാസമ്മേളനത്തിലെ സാഹിത്യസദസ്സിൽ അദ്ധ്യക്ഷനാകാൻ എന്നെ ശ്രീ മന്നം പത്മനാഭപിള്ള ക്ഷണിച്ചിട്ടുണ്ടു്; പക്ഷേ, ചെല്ലാമെന്നു ഞാൻ പകതി സമ്മതിച്ചിട്ടുമുണ്ടു്. എന്നാൽ ലാഹോർ-ഡൽഹികളിൽ തുടങ്ങിയിരിക്കുന്ന കട്ടം ചൂടുമൂലം വല്ലാതെ തളൻ കഴിഞ്ഞിരിക്കുന്ന ഞാൻ ഈ എരിവേനലിൽത്തന്നെ ചങ്ങനാശ്ശേരിയിലും പോകാൻ ശക്തനാകുമോ, ആവോ?

ഞാൻ മററന്നാറം രാവിലെ കലാമണ്ഡലത്തിൽ തീരിച്ചെത്തുമല്ലോ എന്നൊരാശ്വാസമാണ്, എനിക്കിപ്പോറം ബലകരമായിരിക്കുന്നതു്!

സ്വന്തം
വി. നാരായണമേനോൻ
(കത്തു്നമ്പർ 41)

Digitized By Kerala Sahitya Akademi

# നാട്ടിലെത്തി

വള്ളത്തോൾ

22-4-1940

പ്രിയ സുഹൃത്തെ,

ഞാനും സംഘവും ഇന്നലെ രാവിലെ ഇവിടെ തിരിച്ചെത്തി. ഞാൻ വണ്ടിയിൽ നിന്നയച്ച എഴുത്തു താങ്കൾക്കു കിട്ടിയിരിക്കുമല്ലൊ.

വടക്കേ ഇന്ത്യയിൽവെച്ചു പററിയ നഷ്ടം തീരേണ്ടതിലേക്കു വല്ലതും കിട്ടുവാൻ ഒരു ഡാൻസ് അടുത്ത മേയ്മാസത്തിന്റെ മദ്ധ്യത്തിൽ ഊട്ടിയിൽവെച്ചു നടത്തേണമെന്നു് നിശ്ചയിച്ചിരിക്കുന്നു. അതിന്നു് വലിയ പ്രഭുക്കന്മാരേയും ധനികന്മാരേയും ഞാൻതന്നെ മുൻകൂട്ടി നേരിട്ടു കണ്ടു ടിക്കററു വില്പന നടത്തേണ്ടിയിരിക്കുന്നു.

ഹൈദരാബാദ്ദുനൈസാമിന്റെ മകൻ ഇപ്പോൾ ഊട്ടിയിലുണ്ടെന്നറിറിയുന്നു. അദ്ദേഹത്തിന്റെ സന്നിധിയിൽ പ്രവേശം കിട്ടുക എളുപ്പത്തിലാകുന്നതിന്നു് സർ അക്ബർ ഹൈദരിയുടെ ഒരു ശുപാർശിക്കത്തു് എനിക്കയപ്പിച്ചു തരാമോ? നൈസാമിന്റെ മകൻ താങ്കൾക്കു് പരിചിതനോ സ്നേഹിതനോ ആണെങ്കിൽ താങ്കൾതന്നെ ഒരു ശുപാർശിക്കത്തു് അയച്ചുതന്നാൽ മതി. മെയ് 5-നു് ഊട്ടിയിലേക്കു പോകാനാണു ഞാൻ മുക്കാലും ഉറച്ചിരിക്കുന്നതു്. അന്നേക്കു കിട്ടുമാറാക്കണം ശുപാർശിക്കത്തു്.

ഒക്ടോബർ-നവംബർ മാസത്തിൽ കലാമണ്ഡലം കളിസംഘത്തെ ബിക്കാനീറിലേക്കു ക്ഷണിക്കുമെന്നാണല്ലൊ നമ്മുടെ ആശ. അതുറപ്പിച്ചു കിട്ടുവാൻ ഞാൻ വല്ലതും ചെയ്യേണ്ടതുണ്ടോ? ഡാക്ടർ ശിവകാമുവിനു് ഞാൻ, താങ്കൾ ഉപദേശിച്ചു തന്നേടത്തോളം മാത്രം ചേർത്തു് ഒരു കത്തു് ഡൽഹിയിൽ നിന്നയച്ചിട്ടുണ്ടു്. ഡാക്ടർ കസിൻസിനെക്കൊണ്ടു് നാലഞ്ചുമാസങ്ങൾക്കു മുമ്പേ ഒരു പ്രബലമായ ശുപാർശിക്കത്തു് അയപ്പിക്കുകയും ചെയ്യിട്ടുണ്ടു്. എന്നാൽ ഒന്നിനും ആ സ്ത്രീ മറുപടി തരികയുണ്ടായില്ല. ഇനിയും ശ്രീ രുഗ്മിണിയേക്കൊണ്ടു ശുപാർശിക്കത്തയപ്പിക്കേണമോ? ബിക്കാനീറിലെ തീയതി തീർച്ചപ്പെട്ടാലേ മററു പ്രദേശങ്ങളിൽ കാലേ ഏർപ്പാടുചെയ്യാൻ തരമുള്ളു എന്നറിയാമല്ലൊ. ബിക്കാനീറിലേക്കു കഥകളിയോഗത്തെ കൊണ്ടുവരേണ്ട എന്നു നിശ്ചയിക്കാം. ഡാൻസുസംഘംമാത്രം മതി. ഇതിൽ താങ്കളുടെ അഭിപ്രായം എങ്ങനെയാണു്?

എല്ലാ വിവരങ്ങൾക്കും മറുപടിയും നൈസാമിന്റെ മകനുള്ള ശുപാർശിക്കത്തും കാത്തിരിക്കുന്നു.

സ്വന്തം

നാരായണമേനോൻ

*(കത്തു് നമ്പർ 42)*

Digitized By Kerala Sahitya Akademi

# കഴിഞ്ഞകാര്യം

വള്ളത്തോറം
പ്രസിഡൻറ്
കേരളകലാമണ്ഡലം

29th April 1940

പ്രിയ സുഹൃത്തെ,

താങ്കരം 9-ാംനു- ലാഹോറിലേക്കം 21-ാംനു- ഇങ്ങോട്ടും അയച്ച കത്തുകരം രണ്ടുംകൂടി മിനിഞ്ഞാന്നു് ഇവിടെ എത്തിച്ചേൎന്നു.

ലാലാ ശ്രീരാമിനെ വിശ്വസിച്ചാണു് ഞങ്ങരം ഡൽഹിയിലേക്ക പോയതു്; കഴിഞ്ഞ കാര്യത്തെപ്പററി പശ്ചാത്തപിക്കുന്നതു് വെറുതെയാണല്ലോ.

ഹൈദരാബാദിലെ കാര്യം ഡിസംബറിലേക്ക നീട്ടുകതന്നെ. ഒക്ടോബർ-നവംബറിൽ ബിക്കാനീറിലേക്ക ക്ഷണിക്കപ്പെടുവാൻ ഡാക്ടർ ശിവകാമു പ്രസാദിക്കണമല്ലോ. ഞാൻ മൂന്നെഴുത്തു് ആ സ്ത്രീക്കയച്ചു.; ഡാക്ടർ കസിൻസിനെക്കൊണ്ടു് ഒരു കനത്ത ശുപാർശിക്കത്തും അയപ്പിച്ചു. ഒന്നിനും അവരുടെ മറുപടിയില്ല! എന്താണാവോ ഈ ദീൎഘമൗനത്തിന്നു കാരണം? അവരെ വഴിപ്പെടുത്താൻ വീണ്ടും ഞാൻ എന്തു ചെയ്യണമെന്നു താങ്കരം സദയം ഉപദേശിച്ചു തന്നാൽ അതിൻവിധം ഞാൻ ചെയ്യാം. എനിക്കു് മറുപടി അയക്കാഞ്ഞതെന്തുകൊണ്ടാണെന്നു് ആ സ്ത്രീയോടു് താങ്കരംക്കൊന്നു ചോദിച്ചു കൂടെയോ?

ഒക്ടോബർ-നവംബറിൽ ലാഹോറിൽ ചെല്ലാമെന്നു് ഞാൻ രാമശരണദാസിനോടു് പറഞ്ഞിട്ടുണ്ടു്.അപ്പോരം തക്കസഹായം ചെയ്യാമെന്നു് അദ്ദേഹം ഏററിട്ടുണ്ടു്. എന്നാൽ ബിക്കാനീറിലെ ക്ഷണനത്തെ ആശ്രയിച്ചാണു്, ആ യാത്ര നിലകൊള്ളുന്നതു്; ബിക്കാനീറിലെ കളിത്തീയതികൂടി കാലേ തീർച്ചപ്പെട്ടാലേ ഞങ്ങളുടെ പ്രോഗ്രാം തയ്യാറാക്കാൻ സാധിക്കുകയുള്ളു. ഡാക്ടർ ശിവകാമു ഉടനെ ദയ കാണിക്കുമെന്നാശിക്കുന്നു.

താങ്കരം ജാംസാഹിബ്ബു് മഹാരാജാവിനെ അടുത്ത മാസത്തിൽ കാണുമല്ലോ. നവനഗരത്തിലെന്നപോലെ ഉദയപ്പൂരിലും കളി ഏർപ്പാടു ചെയ്തു തരാൻ അമാന്തിച്ചു പോകരുതേ!

ജയപ്പൂർ മഹാരാജാവു് കൂച്ച്ബീഹാർ രാജകുമാരിയെ വിവാഹം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളതായി പത്രങ്ങളിൽ കണ്ടു. എന്നാണു് വിവാഹം? അതിനു് ഒരു കളി ഏർപ്പെടുത്തുക താങ്കരംക്ക സാദ്ധ്യമല്ലയോ?

ഇപ്പോരം ഊട്ടിയിൽ താമസിക്കുന്ന നൈസാമിൻെറ മകനു് സർ ഹൈദരിയുടെ ഒരു ശുപാർശിക്കത്തു് വരുത്തി എനിക്കയച്ചു തരാനായി ഞാൻ 22-ൽ താങ്കരംക്കു് ഒരു എഴുത്തു് അയച്ചിട്ടുണ്ടു്. അക്കാര്യത്തിൽ, താങ്കളുടെ ശ്രദ്ധ ഉടനടി പതിയേണ്ടിയിരിക്കുന്നു. മെയ്മാസം 20-നും 25-നും മദ്ധ്യേ ഊട്ടിയിൽ ഡാൻസു നടത്താനാണു് നിശ്ചയിച്ചിരിക്കുന്നതു്. എന്നാൽ, നമ്മുടെ നൎത്തകി ലക്ഷ്മി മസൂരിരോഗം പിടിപെട്ടു് കിടപ്പിലായിരിക്കുന്നു. രോഗം ലഘുവാണു്; അടുത്ത വെള്ളിയാഴ്ച കളിപ്പിക്കാമെന്നു് നോട്ടക്കാർ പറയുന്നു. അതു ശരിയാണെങ്കിൽ, അവരം രണ്ടാഴ്ചവട്ടംകൊണ്ടു് സ്വസ്ഥതയിൽ തിരിച്ചെത്തുമെന്നാശിക്കാം.

Digitized By Kerala Sahitya Akademi

താങ്കൾ ജൂലായിൽ സ്വദേശത്തു വരുമ്പോൾ കലാമണ്ഡലം സന്ദർശിക്കാതിരിക്കില്ലല്ലോ. ദേശമംഗലത്തു മനയ്ക്കൽ പാലടപ്രഥമൻ കഴിക്കലും കലാമണ്ഡലം സന്ദർശിക്കലും ഒരേദിവസത്തിൽ കഴിക്കാം. പാലടപ്രഥമൻ താങ്കൾക്കു മധുരമായിരിക്കും; താങ്കൾ കലാമണ്ഡലത്തിൽ വരുന്നതു് എനിക്കും!

വിവരങ്ങൾക്കെല്ലാം വിസ്തരിച്ചു മറുപടി തരിക.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 43)*

# പുസ്തകവില്പന

വള്ളത്തോൾ
പ്രസിഡൻറു്
കേരളകലാമണ്ഡലം

14th May 1940

പ്രിയ സുഹൃത്തേ,

താങ്കൾ 5-ാം നു- അയച്ച എഴുത്തു് യഥാകാലം ഇവിടെ എത്തിച്ചേർന്നു. എന്നാൽ ഞാനതു വായിച്ചതു മിനാഞ്ഞാന്നാണു്; അഞ്ചാറു ദിവസം ഞാനിവിടെ ഇല്ലായിരുന്നു.

അടുത്ത ഞായറാഴ്ച (19-ാം നു-)യാണു് ഊട്ടിയിൽ കളി. അതിന്നു കാലേ ശ്രമിപ്പാൻ തമ്പുരാൻ പോയിരിക്കുന്നു. മാഡം സോഫിയാ വാഡിയായെ അദ്ദേഹം കാണും. എനിക്കവരുമായി എഴുത്തുകുത്തുകൾകൊണ്ടേ പരിചയമുള്ളൂ. ദൈ.സാമിന്റെ മകൻ മുതലായ മഹാന്മാരെ കാണാനും തമ്പുരാൻ ശ്രമിച്ചുകൊള്ളും. ഞാൻ ഊട്ടിക്കു പോകുന്നില്ല.

താങ്കളുടെ മഹാരാജാവിന്റെ സിക്രട്ടറിയ്ക്കു് ഞാൻ ഒരു ഹർജി അയച്ചിട്ടുണ്ടു്. അതു് ശിവകാമുവിന്റെ പേരിലാണയച്ചിരിക്കുന്നതു്. ആ ഹർജി സിക്രട്ടറിക്കു കൊടുത്തു് ഒക്ടോബർ-നവംബറിൽ മഹാരാജസന്നിധിയിൽ കളി നടത്താൻ അനുവദിച്ചതായ മറുപടി അയപ്പിക്കാൻ ശിവകാമുവിനോടപേക്ഷിച്ചിരിക്കയാണു്. ഇതു് അവർ സമയം ചെയ്യുകയില്ലയോ? 4-ാം നു-യാണു് ഹർജി റജിസ്റ്റർ ചെയ്തയച്ചതു്. ശിവകാമു കാലേ വിവരം അറിഞ്ഞു് ആനുകൂല്യം ചെയ്തുകൊള്ളട്ടെ എന്നു കരുതിയാണു് ഹർജി സിക്രട്ടറിക്കു് നേരിട്ടല്ലാതെ അയച്ചതു്. ഇതിൽ അനൗചിത്യമൊന്നുമില്ലല്ലോ? ഉണ്ടെങ്കിൽ, സിക്രട്ടറിക്കു നേരിട്ടുതന്നെ ഹർജി അയച്ചുകൊള്ളാം. ഹർജി അയയ്ക്കേണ്ടുന്ന ശരിയായ മേൽവിലാസം മറുപടിയിൽ കാണിപ്പാൻ മറക്കരുതു്, ഇതിൻവണ്ണം ഉദയപ്പൂരിലേക്കും ഒരു ഹർജി അയയ്ക്കട്ടെയോ? ഉദയപ്പൂരിലേക്കു് ഹർജി അയയ്ക്കേണ്ടുന്ന മേൽവിലാസവും അറിയിച്ചാൽ കൊള്ളാം. ജാംസാഹിബ്ബിന്റെ മറുപടി എന്താണു്? താങ്കൾ ജൂലായിൽ ചെറുതുരുത്തിയിൽ വരികതന്നെ വേണം.

താങ്കൾക്കു തിരികെ തരേണ്ടുന്ന ആ ഒരു നൂറാൻപതു റുപ്പിക കലാമണ്ഡലത്തിൽനിന്നു് എന്റെ കയ്യിൽ കിട്ടിയിരിക്കുന്നു. എന്നാൽ, അതു്



Digitized By Kerala Sahitya Akademi

അയപ്പാൻ തുടങ്ങിയപ്പോഴേക്കും എൻെറ പണത്തിടുക്കത്തിനു് ഇരയായിപ്പോയി! നാട്ടിലെ ദാരിദ്ര്യംമൂലം പുസ്തകവില്പനയ്ക്കു പററിയ ഇടിവാകുന്ന പ്രധാന കാരണത്താൽ ഞാൻ ഇയ്യാണ്ടിൽ കുറെ തിടുക്കത്തിൽ പെട്ടിരിക്കയാണു്. അതിനാൽ പുതിയ രാമായണത്തിന്റെ മുന്നൂറു–നാന്നൂറു പ്രതി ഞാൻതന്നെ കഷണ്ടിത്തലയിൽ ചുമന്നു നടന്നു് വില്ക്കാൻ നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ ഒരൻപതോളം പുസ്തകങ്ങൾ വില്ക്കാൻ നാട്ടമ്പുറങ്ങളിൽ സഞ്ചരിച്ചതിനാലാണു്, അഞ്ചാറുദിവസം ഇവിടെ ഇല്ലാതിരുന്നതു്. വീണ്ടും പുസ്തകക്കെട്ടുമായി പുറപ്പെടുകയായി. പണം അടുത്ത അവസരത്തിൽത്തന്നെ അയച്ചു തന്നുകൊള്ളാം; ക്ഷമിക്കണം.

ബിക്കാനീറിലെ കളിത്തീയതി തീർച്ചപ്പെട്ടിട്ടു വേണമല്ലോ നമുക്കു് മററു രാജധാനികളിലെ കളികൾ ഉറപ്പിക്കുക. അതിനാൽ ബിക്കാനീറിൽ നിന്നുള്ള അനുകൂലമറുപടി കാത്തിരിക്കയാണു്. ഡാക്ടർ ശിവകാമു പ്രസാദിച്ചാൽ ജയിച്ചു! അതിനു് ഞാൻ വീണ്ടും വല്ലതും അനുഷ്ഠിക്കേണ്ടതുണ്ടെങ്കിൽ, അതും ഉപദേശിച്ചുതരാനപേക്ഷ.

സ്വന്തം<br>
വി. നാരായണമേനോൻ<br>
*(കത്തു് നമ്പർ 44)*

# രാമായണവില്പനയ്ക്കു്

വള്ളത്തോൾ<br>
പ്രസിഡൻറു്<br>
കേരളകലാമണ്ഡലം

ചെറുതുരുത്തി<br>
10–6–1940

പ്രിയ സുഹൃത്തെ,

താങ്കൾ 4–ാംനു അയച്ച എഴുത്തു് 8–ാംനു ഇവിടെ കിട്ടി. വൈഷമ്യപ്പെട്ടും ജൂലായ് 13–ാംനു ചെറുതുരുത്തിയിൽ വരാമെന്നു് സദയം സമ്മതിച്ചതിൽ ഞങ്ങൾക്കു വലിയ സന്തോഷമുണ്ടു്. ജൂലായ് 1–ാംനു ഏതു വണ്ടിക്കാണു് താങ്കൾ ഷൊർണ്ണൂരിൽ എത്തുക എന്നറിയിച്ചാൽ ഞാൻ ഷൊർണ്ണൂരിൽ വന്നു കണ്ടുകൊള്ളാം.

ഞങ്ങളുടെ ഹർജിക്കു ബിക്കാനീറിൽനിന്നു് മറുപടി കിട്ടാത്തതെന്തുകൊണ്ടാണു്? താങ്കൾ ഡാക്ടർ ശിവകാമുവിനോടു പറഞ്ഞില്ലയോ? ആ സ്ത്രീ, ഹർജി സിക്രട്ടറിപക്കൽ കൊടുത്തിട്ടില്ലായിരിക്കുമോ? അഥവാ യുദ്ധത്തിൻെറ ഘോരതയാലുള്ള ആശങ്കകൾകൊണ്ടായിരിക്കുമോ? സൂക്ഷ്മവിവരം അറിയിക്കുമാറാകണം. ബിക്കാനീറിലെ മറുപടി കിട്ടിയിട്ടാവാം ഉദയപ്പൂരിലേക്കും മററും ഹർജികൾ അയയ്ക്കുക എന്നുകരുതി ആ മറുപടി കാത്തിരിക്കയാണു്. താങ്കൾ ശ്രദ്ധിച്ചാൽ അതു വേഗം അയച്ചുകിട്ടില്ലയോ?

'മണ്ഡോദരി' വയിക്കാൻ കഴിഞ്ഞില്ല. ഞാൻ മേയ്മാസത്തിൻെറ ഒടുവിൽ എൻെറ രാമായണം കുറെ വില്പിപ്പാനായി തലശ്ശേരിക്കു പോയിരുന്നു; മണ്ഡോദരിയും കയ്യിലെടുത്തിരുന്നു. അതു തലശ്ശേരിയിലെ ഒരു സ്നേഹിതൻ എടുത്തുകൊണ്ടു പോയി; ഞാൻ പോരുമ്പോൾ തിരിച്ചുവാ

Digitized By Kerala Sahitya Akademi

ഞാൻ മറന്നുംപോയി.• പുസ്തകം തിരിച്ചുതരാൻ ഇന്നലെ കത്തയച്ചിട്ടുണ്ട്. അതു വായിപ്പാൻ വെമ്പൽ പൂണ്ടിരിക്കുകയായിരുന്നു. എന്നാൽ കയ്യിൽ കിട്ടിയിട്ടും വായിപ്പാൻ കഴിഞ്ഞില്ല. നോക്കുക, തലയിലെഴുത്ത്!

ബിക്കാനീറിലെ തീർച്ചവിവരം താങ്കളുടെ അടുത്ത കത്തിലുണ്ടാകുമെന്നു പ്രതീക്ഷിക്കട്ടെയോ?

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 45)*

# കാററും മഴയും

വള്ളത്തോൾ 1-7-1940

പ്രിയ സുഹൃത്തെ,

താങ്കൾ കൊച്ചിൻ എക്സ്പ്രസ്സിനാവും വരിക എന്നൂഹിച്ച് ഞാൻ ഇന്നു കാലത്തു ഷൊർണ്ണൂരിൽ കാത്തു വെറുതെ മടങ്ങിപ്പോന്നു. ചിലപ്പോൾ എക്സ്പ്രസ്സിനാണോ താങ്കൾ വന്ന് എറണാകുളത്തേക്കു പോയത്? അതിനു കാക്കാൻ എനിക്കു സൗകര്യമില്ലായിരുന്നു.

അമ്മാമൻെറ മാസമടിയന്തരത്തിനുള്ള ക്ഷണക്കത്ത് ഇന്നിവിടെ കിട്ടിയിട്ടുണ്ട്; വരാൻ എനിക്കു താല്പര്യവുമുണ്ട്. എന്നാൽ ഈ ആഴ്ചയിൽ മാത്രം ശരിക്കു തുടങ്ങിയതും ക്രമേണ വദ്ധിച്ചുവരുന്നതുമായ മഴയും കാററും എന്നെ അധീരനാക്കുന്നു. ഈ വർഷകാലത്തു വേമ്പനാടൻകായൽ എങ്ങനെ കടക്കും? ഈ മിഥുനം 22-ം 23-ംനു-കളിൽ താങ്കൾ അധ്യക്ഷ്യം വഹിക്കാൻ സമ്മതിച്ചിട്ടുള്ള തൃക്കൊടിത്താനം കൈത്തൊഴിൽ പള്ളിക്കൂടത്തിലെ സാഹിത്യസമാജത്തിനുള്ള ക്ഷണനക്കത്ത് എനിക്കു കിട്ടിയിട്ടുണ്ട്. അതിനു മറുപടി ഒന്നും അയച്ചിട്ടില്ല.

ഞാൻ മാസത്തിനു ചാലയിൽ വന്നാൽ, എൻെറ പുതിയ വാല്മീകിരാമായണത്തിൻെറ കുറെ പ്രതികൾ ആലപ്പുഴപ്പട്ടണത്തിലും മററും വില്ക്കാൻ സാധിക്കുമോ? പണക്കാരുമായി പരിചയവും ചെറുചെറുക്കുമുള്ള ഒരു മാന്യനെ എൻെറകൂടെ സഞ്ചരിപ്പാൻ കിട്ടണം; ഇതിനു ഞാൻ ആലപ്പുഴയിൽ ആരെ ശരണം പ്രാപിക്കണം? താങ്കളുടെ ജ്യേഷ്ഠനോടന്വേഷിച്ചാൽ, തക്ക ഒരാളെ കണ്ടുകിട്ടാം. സുമാർ എത്ര പുസ്തകം കൊണ്ടുവരണം?

നമ്മുടെ മുകുന്ദരാജാവിനും മാസത്തിൻെറ ക്ഷണനക്കത്ത് അയച്ചിട്ടുണ്ടോ? അദ്ദേഹവും ഇന്നു കാലത്തു കൊച്ചിൻഎക്സ്പ്രസ്സിനു താങ്കളെ തൃശ്ശൂരിൽ കാത്തിട്ടുണ്ടാവും.

താങ്കൾ ജൂലൈ 13-ാംനു- ആണല്ലോ, ചെറുതുരുത്തിയിൽ വരിക. ഉച്ച തിരിഞ്ഞു മൂന്നുമണിയോടുകൂടി കലാമണ്ഡലത്തിൽ വന്നാൽ അധികം നന്ന്. അന്നു പെൺകുട്ടികളുടെ വേഷം കെട്ടിയ ഡാൻസ് വേണമോ?

Digitized By Kerala Sahitya Akademi

അതോ, അഭ്യാസം മാത്രം കണ്ടാൽ മതിയോ? അത്താഴം മലയാളിമട്ടിൽ ഊൺതന്നെയല്ലേ? ഈ വക വിവരങ്ങരംക്കും, രാമായണത്തിന്റെ കാര്യത്തിനും മടക്ക അഞ്ചലിൽത്തന്നെ ഒരു മറുപടി സ്വയം അയയ്ക്കുമാറാകണം. അതു കിട്ടിയിട്ടുവേണം എന്റെ പ്രോഗ്രാം ഉറയ്ക്കാൻ.

മാസം ജൂലൈ 7–ാംനു-യാണല്ലോ. 6–ാംനു- കാലത്തു കൊച്ചിൻ എക്സ്പ്രസ്സിനു പുറപ്പെട്ടാൽ വൈകന്നേരം കാവാലത്തു വന്നുചേൻകൂടെയോ? ആലപ്പുഴനിന്നു കാവാലത്തേക്കു ബോട്ടുണ്ടോ? ഈ വക വിവരങ്ങളും അറിയാൻ ആഗ്രഹമുണ്ട്. ജ്യേഷ്ഠന വന്ദനം। ശേഷം മറുപടിക്കുമേൽ.

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 46)*

# ഗൗരവമുള്ള ജോലിയെപ്പററി

വള്ളത്തോറം 16-10-1940

പ്രിയ സുഹൃത്തെ,

എന്റെ മൗനത്തിനു മാപ്പുതരണം. 'മണ്ഡോദരി' വായിച്ചു കഴിഞ്ഞ അന്നു തുടങ്ങി, താങ്കരംക്ക് ഒരു കത്തെഴുതാൻ വിചാരം. എന്നാൽ, കലാമണ്ഡലത്തിൽ കിടന്നു കഷ്ടപ്പെടുന്ന എനിക്കെങ്ങനെ സ്വാസ്ഥ്യം കിട്ടും?

'മണ്ഡോദരി' 'ഭീഷ്മരിലും' കവിഞ്ഞതായി എനിക്കു പലപ്പോഴും തോന്നി; എന്നാൽ, അതു പുറത്തു പറയാൻ ധൈര്യമില്ല. മണ്ഡോദരി മാധുര്യത്തിലിരിക്കുന്നു; ഭീഷ്മർ' ഗാംഭീര്യത്തിലും. ഗാംഭീര്യത്തിലും മീതെയാണ് മാധുര്യമെന്നോ, കാളനിലും മീതെയാണ് പാലടപ്രഥമനെന്നോ പറയുന്നതിൽ ന്യായമൊന്നമില്ലല്ലോ.

മണ്ഡോദരിയിലെ 'മാധുര്യധുര്യത്തിനെ' തിരുത്തുകതന്നെ വേണം. ധുര്യം (=വഹിക്കുന്നതു്) നാമപദമല്ല; 'മാധുര്യസമ്പത്തിനെ' എന്നോ മറേറാ ആക്കാമല്ലോ.

ഇന്നലെ ബി. വി. ബുക്കഡിപ്പോവിൽനിന്നു താങ്കളുടെ 'ഹൈദർനായിക്കനും', 'രാജത്വ'വും വന്നുചേർന്നിട്ടുണ്ട്. രാജത്വം വായിക്കാനാണ്, എനിക്കു് അധികം വെമ്പൽ. എന്നാൽ ഒന്നൊന്നരമാസത്തേക്ക് അതു സാദ്ധ്യമാകുമെന്ന് ആശിച്ചുകൂടാ. അടുത്ത തിങ്കളാഴ്ച(21–ാംനു-)കലാമണ്ഡലത്തിന്റെ വാർഷികസമ്മേളനമാണ്; അതു സംബന്ധിച്ചുതന്നേ പലപല ബദ്ധപ്പാടുകളുണ്ട്. അതു കഴിഞ്ഞാൽ, ഏററവും ഗൗരവമുള്ള ഒരു ജോലിയിൽ ഏർപ്പെടേണ്ടിയിരിക്കുന്നു (ഇതെന്തെന്ന് ഇപ്പോരം എഴുതാൻ സമയമില്ല ) എല്ലാംകൂടി, ഒന്നരയോ രണ്ടോ മാസം കഴിഞ്ഞേ എനിക്കു തെല്ലു വിശ്രമം കിട്ടൂ എന്നു തോന്നുന്നു.

വാർഷികയോഗത്തിനു ശ്രീ. പറയത്തു രാമൻമേനോൻ തീർച്ചയായും വരും.

താങ്കരം അടുത്ത നവമ്പറിൽ കുറെ അവധിയെടുത്തു സ്വദേശത്തേക്കു

Digitized By Kerala Sahitya Akademi

വരുമെന്നു്. അന്നു മുഖദാവിൽ പറഞ്ഞതായി ഓക്കുന്നു. എന്നായിരിക്കും വരിക? തത്ര ഭവതിക്കുംമററും കുശലംതന്നെയല്ലേ? എന്റെ വന്ദനം അവരെ അറിയിക്കുമല്ലോ.

ഞാൻ സെപ്തംബർ 17-ാംനു- ആറന്മുള വള്ളംകളി കാണ്മാൻ പോയിരുന്നു. അതിമനോഹരംതന്നെയാണു് ആ പമ്പാജലോത്സവം! അതു കഴിഞ്ഞു(രാമായണംവില്പനസ്സു)മാവേലിക്കരയിലും പോയി, ശ്രീ കെ. എസ്സ്. പണ്ടാലയുടെ ഗൃഹത്തിൽ മൂന്നുനാലു നാൾ താമസിച്ചു. അന്നു ശ്രീ കൃഷ്ണൻപണ്ടാലജഡ്ജിയും മാവേലിക്കരയിലുണ്ടായിരുന്നു. താങ്കൾ സ്വദേശത്തു വന്ന അവസരത്തിലും കാണ്മാൻ തരമാകാഞ്ഞതിൽ അദ്ദേഹത്തിന്നു വ്യസനമുള്ളതായി പറഞ്ഞു. ശേഷം പിന്നെ.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു്നമ്പർ 47)*

# കലാമണ്ഡലഭരണത്തെപ്പററി പ്രമേയം

വള്ളത്തോൾ 3-11-1940

പ്രിയ സുഹൃത്തെ,

താങ്കൾ ഒക്ടോബർ 20-ാംനു- അയച്ച എഴുത്തു് ഇവിടെ വന്നുചേന്നപ്പോൾ, ഞാൻ എറണാകുളത്തായിരുന്നു. കലാമണ്ഡലത്തിലെ പണത്തിടുക്കവും എന്റെ പണത്തിടുക്കവും ഒത്തൊരുമിച്ചു്, എന്നെ ഒരേടത്തിരിക്കാൻ സമ്മതിക്കുന്നില്ല!

കലാമണ്ഡലത്തിന്റെ മാനേജ്മെൻറു് കൊച്ചിഗവമ്മേണ്ടിനെ ഏല്പിച്ചുകൊടുക്കാമെന്നു വക്കിംഗു് കമ്മിററി തീരുമാനിച്ചിരിക്കുന്നു. നമ്മുടെ മുകുന്ദരാജാവു് ഇതിൽ പ്രതികൂലാഭിപ്രായക്കാരനാണു്. എങ്കിലും, കമ്മിററിയുടെ തീരുമാനമനുസരിക്കുന്നതിൽ സന്തോഷമാണെനിക്കുള്ളതു്. കമ്മിററിയിൽ പ്രമേയം അവതരിപ്പിച്ചതുതന്നെ ഞാനാണു്. ഒരുകൊല്ലം കാലമായി, ഈ ആലോചന എന്റെ മനസ്സിലുദിച്ചിട്ടു്. ദിവാന്നു് എതിരഭിപ്രായമില്ലായ്കയാൽ, ഇക്കാര്യം ഏറെത്താമസിയാതെ നടക്കുമെന്നാശിക്കുന്നു.

താങ്കളുടെ പുത്രീവിവാഹത്തിനു് എന്നെ ക്ഷണിക്കേണ്ടതില്ലെന്നാണു്, എന്റെ അഭിമാനം. ആ മംഗളകമ്മം നിശ്ചിതദിവസത്തിൽത്തന്നെ നിവ്വിഘ്നമായും ശ്ലാഘ്യമായും കഴിഞ്ഞുകൂടുമാറാകട്ടെ! എന്റെ മകൾക്കും ഒരാളെ അന്വേഷിച്ചുതുടങ്ങാറായി.

വിസ്തൃതമാക്കപ്പെട്ട 'ചാട്ടുക്തിമുക്താവലി'യുടെ ആവിർഭാവത്തിൽ, ഒരു നല്ല സഹോദരിയെ കിട്ടി എന്നു് എന്റെ എളിയ 'വിലാസലതിക' ആഹ്ലാദവും അഭിമാനവും കൊള്ളട്ടെ. ശ്ലോകങ്ങൾ ഹൃദ്യങ്ങൾതന്നെ 'വിത്തേശൻപതി' എന്നാദിയായ ശ്ലോകം വിശേഷിച്ചും വിനോദകര

Digitized By Kerala Sahitya Akademi

മായിരിക്കുന്നു. 'ഹേ ഖല' എന്ന ശ്ലോകത്തിന്റെ പൂർവ്വാർദ്ധം സ്വല്പം തിരുത്തേണമോ? 'ഖല'ശബ്ദത്തെക്കാൾ ഇത്തരം സന്ദർഭങ്ങളിൽ ഉചിതം, 'കിതവ'ശബ്ദമാണ്, നിമേഷം, ക്ഷണം എന്നീ ഏകാർത്ഥകങ്ങളായ രണ്ടു പദങ്ങളെ കളയുന്നതും കൊള്ളാം. അതിനാൽ,

'കിതവ, ഭവാന്റെ മനസ്സി—

ന്നന്തിക്കാറിന്റെ രാഗമേ കാണ്മൂ' എന്നോമറേറാ ഭേദപ്പെടുത്താൻ തോന്നി.

അല്ലാ, പഴശ്ശിരാജാവിനെപ്പററിയുള്ള നോവലും പൂർണ്ണമായി എന്നോ? താങ്കളുടെ പ്രതിഭാശക്തിക്കു നമസ്കാരം!

'പഴശ്ശിരാജാ', 'ചേരമാൻ പെരുമാൾ' എന്ന രണ്ടു പുസ്തകങ്ങൾ അന്നു താങ്കൾ ഷൊർണ്ണൂരിൽനിന്നു കൊണ്ടുപോയല്ലോ. അവയുടെ വില അവിടെനിന്നു അയയ്ക്കേണ്ടതില്ല, ഞാൻ കൊടുത്തു. 'ചേരമാൻ പെരുമാ'ളിൽ മലയാളപ്പഴമ പ്രതിഫലിച്ചതു പോരാ; പലേടത്തും ഒരു കൃത്രിമതയുണ്ടു; രസസ്ഫൂർത്തി ചുരുങ്ങും. ആകപ്പാടെ അത്ര പ്രശംസനീയത ഈ നോവലിനില്ലെന്നാണ് എനിക്കു തോന്നിയതു്. മറേറ പുസ്തകം (പഴശ്ശിരാജാ) ഞാൻ വായിച്ചിട്ടില്ല; വായിക്കാൻ വിചാരിക്കുന്നുണ്ടു്.

'ഹൈദർനായിക്ക'നു മുമ്പേ 'രാജത്വ'മാവും, ഞാൻ വായിക്കുക. സമയം കിട്ടുന്നില്ല, എന്തു ചെയ്യട്ടെ!

18 വർഷം വക്കീലായി നല്ല സ്ഥിതിയിൽക്കഴിഞ്ഞ എന്റെ ഒരു സ്നേഹിതൻ (ബി. എ. ബി. എൽ. ക്കാരൻ) കാലവൈഷമ്യംമൂലം ഉദ്യോഗപ്രാർത്ഥിയായിത്തീർന്നിരിക്കുന്നു. ഇദ്ദേഹത്തിനു തക്ക ഒരുദ്യോഗം എവിടെയെങ്കിലും കിട്ടുന്നതിനു താങ്കൾ സദയം ഒന്നു ശ്രമിക്കാമോ? ശമ്പളം 300 ക.യിൽ കുറയാഞ്ഞാൽ മതി. ഒന്നു മനസ്സിരുത്താനപേക്ഷ.

പററിയാലാ മഹാരാജാവും മററും ഇയ്യാണ്ടിൽ കഥകളി കാണ്മാൻ ഒരുങ്ങുമോ? വീണ്ടും ശ്രമം ചെയ്തു നോക്കേണമോ?

സ്വന്തം

വി. നാരായണമേനോൻ

*(കത്ത് നമ്പർ 48)*

## മുകുന്ദരാജാവിന്റെ രാജി

വള്ളത്തോൾ
പ്രസിഡൻറ്
കേരളകലാമണ്ഡലം

27-12-1940

പ്രിയ സുഹൃത്തെ,

താങ്കൾ നവംബർ 25-ൽ അയച്ച എഴുത്തിനു് ഇതേവരെ മറുപടി അയയ്ക്കാത്തതു് എന്റെ അവസരക്കുറവുകൊണ്ടാണെന്നേ പറയേണ്ടു.

Digitized By Kerala Sahitya Akademi

'കഥകളി'പ്രബന്ധം എഴുതിയ ശ്രീ കൃഷ്ണൻനായർ എന്റെ ഒരു സ്നേഹിതൻതന്നെയാണ്; രസികത്വം തീരെയില്ലാത്ത ഒരു മുരട്ടപണ്ഡിതൻ. ആ പുസ്തകം ഞാൻ അവിടവിടെ മറിച്ചുനോക്കിയതേയുള്ളു.

'ഹൈദർനായ്ക്ക'ന്റെ മുഖവുര മനോഹരമായിരിക്കുന്നു. പറയത്തു് ഇത്ര ഭംഗിയിൽ എഴുതുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല. മുഖവുര മാത്രമേ വായിക്കാൻ കഴിഞ്ഞുള്ളു; അപ്പോഴേക്കു് അതും 'രാജത്വവും' വിദ്വാൻ സി. എസ്. നായർ കൊണ്ടുപോയ്ക്കളഞ്ഞു. 'പഴശ്ശിരാജാവി'നെ കാണ്മാൻ കാത്തിരിക്കുന്നു.

കല്യാണത്തിനു് ഡാൻസും കഥകളിയുമാകാം. ഡാൻസുസെററിൽ 15 പേരിലധികം ഉണ്ടാവില്ല. അവരെയും കഥകളിക്കു് ഇവിടെനിന്നു വേണ്ടുന്നവരെയും ഞാൻ കൊണ്ടുവന്നുകൊള്ളാം. നമ്മുടെ വേഷക്കാരൻ കുഞ്ഞൻപണിക്കർ രണ്ടാഴ്ച മുമ്പെ എന്റെ അടുക്കൽ വന്നിരുന്നു. കളിയോഗം അയാൾ കൊണ്ടുവന്നുകൊള്ളും; അതിനു വഴിച്ചെലവും മററും കൊടുക്കേണ്ടിവരുമല്ലോ. ഇവിടെനിന്നു് പൂതനകൃഷ്ണൻ മാത്രമായാലും മതിയാവും; വേണമെങ്കിൽ മികച്ച കുട്ടികളിൽ രണ്ടു പേരേയും എടുക്കാം. കലാമണ്ഡലത്തിലെ ആളുകൾക്കു് പ്രതിഫലമൊന്നും കൊടുക്കേണ്ടിവരില്ല; ഡാൻസിനുള്ള പക്കമേളക്കാർ പുറമേനിന്നു ചേർക്കപ്പെടുന്നവരാകയാൽ, വല്ലതും കൊടുക്കാതിരുന്നുകൂടല്ലോ.

കലാമണ്ഡലത്തിന്റെ ഭരണം കൊച്ചിഗവർമ്മേണ്ടു് ഏറെറടുക്കേണമെന്നുതന്നെയാണ് മുക്കാലും തീർച്ച. നമ്മുടെ ശ്രീ മുകുന്ദരാജാവു് ഇതിൽ പ്രതികൂലപക്ഷക്കാരനാണ്. അദ്ദേഹം മിനിഞ്ഞാന്നു ചേന്ന വർക്കിങ്ങ് കമ്മററിയിൽവെച്ചു് സിക്രട്ടറിസ്ഥാനം രാജികൊടുത്തു. ഭരിപ്പാൻ ആളില്ലാത്തതുകൊണ്ടാണ് ഗവൺമെണ്ടിനെ ഏല്പിക്കാൻ വർക്കിങ്ങ് കമ്മററി തീർച്ചപ്പെടുത്തിയതു്. എനിക്കും വിട്ടുകൊടുപ്പാൻ മടിയില്ലായ്കയില്ല; എന്നാൽ ഞാനെന്തു ചെയ്യും? വിശേഷിച്ചും പഞ്ഞം പിടിച്ച ഈ കാലത്തു്?

നാളെമുതൽ മൂന്നു ദിവസം പാലക്കാട്ടു് പൊടിപൊടിച്ചുള്ള സാഹിത്യപരിഷൽസമ്മേളനമാണ്. നൃത്തകലയെ സംബന്ധിച്ച സമ്മേളനമാണ് നാളെ രാവിലെ 9 മണിക്കാരംഭിക്കുക. അതിന്റെ അദ്ധ്യക്ഷത കലാമണ്ഡലക്കാരനുതന്നെയാണല്ലൊ വേണ്ടതു്; അതിന്നു ഞാനിതാ പാലക്കാട്ടേക്കു പോവുകയായി. മഹാകവി ഉള്ളൂർ, അപ്പൻതമ്പുരാൻ മുതൽ പേരൊക്കെ ഇന്നുതന്നെ പാലക്കാട്ടെത്തിച്ചേരുമായിരിക്കാം. ഏഴെട്ടുപേരുണ്ടു് അദ്ധ്യക്ഷന്മാർ.

എന്റെ 'അച്ഛനും മകളും' എന്ന കൃതി രണ്ടാഴ്ചവട്ടത്തിനു മുമ്പേ അച്ചടിപ്പിച്ചതു് ഒരു പ്രതി ഇതൊന്നിച്ചയയ്ക്കുന്നു.

എന്റെ സസ്നേഹമായ അന്വേഷണം കുടുംബത്തെ അറിയിപ്പാനപേക്ഷ.

സ്വന്തം

വി. നാരായണമേനോൻ

*(കത്തു്നമ്പർ 49)*

Digitized By Kerala Sahitya Akademi

# വള്ളത്തോൾഗ്രന്ഥാലയം

വള്ളത്തോൾ

ചെറുതുരുത്തി
25-2-1941

പ്രിയ സുഹൃത്തെ,

താങ്കൾ 19-ന് അയച്ച എഴുത്ത് ഇന്നലെ ഇവിടെ കിട്ടി.

സർ ശമ്മാവിന്റെ ആതിഥ്യം കേമമായില്ലയോ? കൽക്കത്തയിൽ നിന്ന പണമുണ്ടാക്കിത്തരേണ്ടുന്ന കാര്യം താങ്കൾ അദ്ദേഹത്തോട് ഊന്നി പ്പറഞ്ഞിരിക്കുമല്ലൊ.

മരങ്ങാട്ടില്ലത്ത് നമ്പൂതിരിയുടെ അഭിലാഷം സാധിപ്പിക്കുകതന്നെ വേണം; ടഹറിയുടെ കഴുത്തിൽ പിടിക്കുകതന്നെ. മഹാരാജാവിനെ കാ ണിപ്പാൻ എന്റെ ഒരു ഇംഗ്ലീഷ് കത്തു വേണമെന്നും അന്നു മുഖദാവിൽ പ റയുകയുണ്ടായല്ലൊ. അതു ഇതൊന്നിച്ചയയ്ക്കുന്നു. വള്ളത്തോൾ ഗ്രന്ഥാലയ ത്തിനു 1000 ക. കിട്ടുന്ന കാര്യമാണ്; അതുകൊണ്ടു് ഒഴിക്കാൻ പാടില്ല.

'വളത്തോൾ ഗ്രന്ഥാലയം' പ്രധാനം; അതോടുതൊട്ട് എനിക്കു സകുടുംബം പാർക്കാൻ ചുരുക്കത്തിൽ ഒരു പുര—ഇത്രയേ ഇപ്പോൾ ആലോ ചിച്ചിട്ടുള്ളു. ഇതിന്നുതന്നെ ഒരു പതിനായിരം ക വേണ്ടിവരും; 10 ക. പോലും എന്റെ പക്കലില്ലാതാനും! നിങ്ങളുടെയൊക്കെ സാഹായ്യംത ന്നെ ശരണം! എന്റെ മക്കളുടെ ഉപജീവനത്തിനുള്ളതാണു് വള്ളത്തോൾ ഗ്രന്ഥാലയം. അതു ടസ്റ്റാക്കിവെച്ചാലോ? എന്നാൽ, അപ്രകാശിതഗ്ര ന്ഥങ്ങളും ചിത്രങ്ങളും മറ്റും ശേഖരിക്കേണമെന്നു ഞാൻ മനസ്സിൽ കരുതി യിട്ടുണ്ട്. കലാമണ്ഡലത്തിന്റെ ഭാരം ഒന്നൊഴിഞ്ഞാൽ ശ്രമിപ്പാൻ കുറെ സമയം കിട്ടും.

'ധ്രുവസ്വാമിനി'യെപ്പററി അഭിപ്രായം യഥാശക്തി എഴുതി ക്കൊള്ളാം.

ഞങ്ങൾക്കൊക്കെ ഒരുവിധം സുഖംതന്നെ. വിവരമെല്ലാം തത്ര ഭവ തിയേയും സദയം അറിയിക്കുക.

മഹാരാജാവിനെ കണ്ടതിന്റെ വിവരവും മററും അറിയാൻ കാത്തി രിക്കുന്നു.

സ്വന്തം
വി. നാരായണമേനോൻ
(*കത്ത് നമ്പർ 50*)

Digitized By Kerala Sahitya Akademi

# കലാമണ്ഡലം ഏറെറടുക്കുന്നു

വള്ളത്തോൾ

ചെറുതുരുത്തി
8-4-1941

പ്രിയ സുഹൃത്തെ,

താങ്കളുടെ എഴുത്തും മിനിഞ്ഞാന്നും 'ദാവീദുവിജയം' ആട്ടക്കഥ ഇന്നലെയും ഇവിടെ വന്നുചേർന്നു്, എന്നെ അത്യന്തം സന്തോഷിപ്പിച്ചു. കഥ ഇന്നലെ ആശാനും ഞാനും വായിച്ചു. നന്നായിട്ടുണ്ടെന്നും മൂന്നുനാലു മണിക്കൂർകൊണ്ടു് കളിക്കാമെന്നുമാണു് ആശാൻ അഭിപ്രായപ്പെട്ടതു്.

വാസ്തവത്തിൽ താങ്കൾ വിചാരിക്കുന്നതുപോലെ അത്ര താഴ്ന്നതല്ല ഈ കൃതി. പാത്രങ്ങളുടെ സ്വഭാവം പ്രകാശിച്ചതു പോരാ, എന്നൊരു ന്യൂനത വേണമെങ്കിൽ പറയാം. ഞാൻ ഒരു ക്രിസ്ത്യാനിസഹൃദയനുമായി ആലോചിച്ചു് വേണ്ടിവരുന്ന മാററങ്ങൾ ചെയ്തുകൊള്ളാം. പുസ്തകം അച്ചടിപ്പിക്കാൻ വിരോധമില്ലല്ലോ. പാത്രങ്ങൾക്കും സന്ദർഭങ്ങൾക്കും അനുരൂപമായ രാഗതാളങ്ങൾ നിശ്ചയിപ്പാനും അത്ര പ്രയാസമൊന്നുമില്ല. പാട്ടുകൾ മിക്കവയും പാടാൻ നല്ലവയാണു്. ഒരാട്ടക്കഥയിൽ സാഹിത്യഭംഗിക്കു വലിയ പ്രാധാന്യമില്ല; ആടിക്കണ്ടാൽ കാണികൾക്കു് ഉള്ളിൽ തട്ടണമെന്നുമാത്രം. ആ ഗുണം ഈ കഥയ്ക്കു വേണ്ടുവോളമുണ്ടു്. സാഹിത്യഭംഗിയും ഇല്ലായ്കയില്ല. കുചേലവൃത്തത്തിലും മററും എന്തു കാവ്യഭംഗിയാണുള്ളതു്?

കഴിയുന്ന വേഗത്തിൽ, ഈ കഥ ഇവിടെ പഠിപ്പിക്കണമെന്നാണു് എന്റെ ആഗ്രഹം. പാട്ടുകാർ പഠിച്ചുകിട്ടുവാനാണു പ്രയാസം; ആട്ടക്കാർ ഒരാഴ്ചവട്ടംകൊണ്ടു സാധിച്ചുകൊള്ളും. ക്രിസ്ത്യാനികേന്ദ്രങ്ങളിൽ, ഈ വേനൽക്കാലത്തുതന്നെ കളി നടത്താൻ നോക്കണം. നമ്മുടെ മരങ്ങാട്ടുപോററി സന്തോഷത്തിലും കൃതജ്ഞതയിലും മുഴുകിയിരിക്കുന്നു. അദ്ദേഹത്തെ ബദരീനാഥത്തിലേക്കു വിളിക്കുക എപ്പോളായിരിക്കും? ടെഹറി മഹാരാജാവിന്റെ വാഗ്ദാനത്തിൽ കാലനിർണ്ണയം അടങ്ങിയിട്ടില്ലായിരിക്കുമോ? തീർച്ചവിവരം അറിയാൻ പോററി അക്ഷമനായിരിക്കുന്നു. അതു മറുപടിയിൽ കാണിപ്പാനപേക്ഷ.

കലാമണ്ഡലം ഇതാ, 13-ാംനു- കൊച്ചിഗവണ്മെണ്ടിലേക്കെടുക്കുകയായി. അന്നു നമ്മുടെ വിഷുവാണു്.

വള്ളത്തോൾഗ്രന്ഥാലയം ട്രസ്റ്റാക്കുന്നില്ലെങ്കിലും, സംഭാവന വാങ്ങുന്നതിന്നു് നിയമവിരുദ്ധതയില്ലെന്നാണു് ചില നിയമജ്ഞന്മാർ അഭിപ്രായപ്പെട്ടതു്. ഒന്നുകൂടി ചുഴിഞ്ഞു് ആലോചിപ്പിക്കാം.

സ്വന്തം

വി. നാരായണമേനോൻ

*(കത്തു് നമ്പർ 51)*

Digitized By Kerala Sahitya Akademi

# കേരളസിംഹത്തെപ്പറ്റി

വള്ളത്തോൾ

ചെറുതുരുത്തി
1-6-1941

പ്രിയ സുഹൃത്തേ,

'കേരളസിംഹ'ത്തിന്റെ മേന്മ കുറച്ചൊന്നുമല്ല; ചരിത്രപാത്രങ്ങളും കല്പിതപാത്രങ്ങളും വേർതിരിച്ചറിയപ്പെടാത്തവണ്ണം അത്രകണ്ടിണങ്ങിയിരിക്കുന്നു: ഒരകൃത്രിമഭംഗി എല്ലാ സന്ദർഭങ്ങളിലും കളിയാടുന്നുണ്ട്. രണ്ടേരണ്ടുനാൾകൊണ്ടാണ് തെല്ലും മനസ്വാസ്ഥ്യമില്ലാത്ത ഞാൻ ഈ പുസ്തകം വായിച്ചുതീർത്തത്; ഇടയ്ക്കുവെച്ചു നിർത്താൻ സമ്മതിക്കാത്ത ഒന്നാണ്, ഇതിന്റെ അസാമാന്യമായ ആകർഷകത്വം. കേരളവർമ്മയുടെ കേരളസിംഹത്വം സർവ്വത്ര വെളിപ്പെടുത്താൻ താങ്കൾക്കു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗാംഭീര്യം, ദാക്ഷിണ്യം, വിക്രമം, സ്നേഹശീലത്വം എന്നിവയോടുകൂടി കലാകുശലത്വവും ചേർന്നപ്പോൾ സ്വർണ്ണത്തിനു സൗരഭ്യം സംജാതമായി!

സർവ്വോപരി എന്നെ സമാഹ്ലാദിപ്പിച്ചത് കെട്ടിലമ്മമാരുടെ സംഭാഷണമാണ്. ആ സപത്നിമാരിൽ ഈർഷ്യയുടെ ഒരു കണികപോലും കാണപ്പെടുന്നില്ല; നേരെ മറിച്ച്, അവർ പരസ്പരസ്നേഹത്താൽ ഒരമ്മപെറ്റ ജ്യേഷ്ഠാനുജമാർപോലെയിരിക്കുന്നു. മൂത്ത കെട്ടിലമ്മ താംബൂലചർവ്വണംകൊണ്ടു തുടുപ്പേറിയതും ഒട്ടൊന്നു കനത്തതുമായ അധരംകൊണ്ട്, 'ജാതീജാതാനുകമ്പാഭവ' എന്ന ശ്ലോകം ചൊല്ലി അനുജത്തിയെ പരിഹസിക്കുന്നതിലുള്ള സ്വാരസ്യം ആസ്വാദൈകവേദ്യമെന്നേ പറയാവൂ! ആ ശ്ലോകമെഴുതിയ ഓലക്കഷ്ണം രോഗശമനത്തിനുള്ള മന്ത്രത്തകിടാണെന്നും പറഞ്ഞു കൈതേരിക്കയച്ച കെട്ടിലമ്മയുടെ രസികത്വം കേരളത്തിലെ കുലീനയായ ഒരു പ്രൗഢസ്ത്രീക്കു ചേർന്നതുതന്നെ. ഈ സപത്നിമാരുടെ സസ്നേഹമായ ശൃംഗാരസംഭാഷണം ആ പഴയ ശ്ലോകത്തെ ആകെയൊന്നു പുതുക്കി എന്നോ, പരിതാർത്ഥമാക്കി എന്നുതന്നെയോ പറയാൻ തോന്നിപ്പോകുന്നു!

'ഇന്ദുലേഖ'യിലെ രണ്ടാം അദ്ധ്യായമാണ്, മലയാളനോവലുകളിലെ ശൃംഗാരസല്ലാപങ്ങളുടെ ചക്രവർത്തി എന്നു ഞാൻ പലപ്പോഴും പറയാറുണ്ട്; എന്നാൽ ആ അദ്ധ്യായംതന്നെയും ഈ കെട്ടിലമ്മമാരുടെ സരസസംഭാഷണത്തിന്റെ മുമ്പിൽ കുറഞ്ഞൊന്നു കുനിഞ്ഞുനിൽക്കണം. എന്തുകൊണ്ടെന്നാൽ, അതു കാമുകീകാമുകന്മാരുടേതാണ്; ഇതോ സപത്നിമാരുടെ. ഒരു വലിയ വാസനക്കാരനിൽനിന്നേ ഇത്തരമൊരു സന്ദർഭം പുറപ്പെടുകയുള്ളു. ആകപ്പാടെ താങ്കളുടെ ആഖ്യായികകളിൽ സിംഹത്വം 'കേരളസിംഹ'ത്തിനുതന്നെയാണെന്നു സഹൃദയലോകം തീരുമാനിച്ചേക്കാം.

കലാമണ്ഡലം കൊച്ചിഗവണ്മെണ്ടിൽ ഏല്പിച്ചുകഴിഞ്ഞിട്ട് രണ്ടോളം മാസമായി. എന്നാൽ ഇപ്പോഴത്തെ മഹാരാജാവിന്ന് സർ ഷൺമുഖം ചെയ്തുവെച്ച ഈ ഏർപ്പാടും, മററു പല ഏർപ്പാടുകൾ എന്നപോലെ, അത്ര

Digitized By Kerala Sahitya Akademi

സമ്മതമല്ലത്രെ. ഇക്കാരണങ്ങളാലായിരിക്കാം, സർ ഷൺമുഖം ഈ ജൂൺ 30–ാംനു- മുതൽ നാലുമാസത്തെ അവധിയെടുത്തു് ഒടുവിൽ രാജിവെപ്പാൻ നിശ്ചയിച്ചതു്; രാജി മഹാരാജാവിനാൽ സ്വീകരിക്കപ്പെടുകയും കഴിഞ്ഞു. കലാമണ്ഡലത്തിനു് അയ്യായിരത്തോളം ഉറുപ്പിക കടമുണ്ടു്; അതിലേക്കു് ഒരു പൈപോലും അനുവദിച്ചുകിട്ടിയിട്ടില്ല; എന്നു മാത്രമല്ല, ഗവണ്മെണ്ടു നിയമിച്ച സൂപ്രണ്ടു്, ഗുമസ്തൻ എന്നിവർക്കു ശമ്പളംപോലും കിട്ടിയിട്ടില്ല. പിന്നെ എനിക്കു സംഭാവനയായി തരാൻ നിശ്ചയിച്ചിട്ടുള്ള പണം കിട്ടുന്നില്ലെന്നു പറയേണ്ടതില്ലല്ലൊ!

എനിക്കു മാസംതോറും ഭക്ഷണത്തിനുള്ള അരി കലാമണ്ഡലത്തിൽനിന്നും തന്നുപോന്നിരുന്നു; കലാമണ്ഡലം ഗവണ്മെണ്ടധീനമായപ്പോൾ എന്റെ സാപ്പാടും മുടങ്ങി! ഇപ്പോൾ കലാമണ്ഡലം വേനലിളവിൽ പൂട്ടിക്കിടക്കുകയാണു്. വിദ്യാർത്ഥികളില്ല, ആശാന്മാരില്ല, വെറും ശൂന്യം!

ഈ അറുപത്തിരണ്ടു വയസ്സിനുള്ളിൽ ഒരിക്കലും പണത്തിടുക്കമോ ദാരിദ്ര്യമോ അനുഭവിച്ചിട്ടില്ലാത്ത വള്ളത്തോൾ, ഇതാ പരുക്കെ കഷ്ടപ്പാടിലേക്കു കടന്നുതുടങ്ങിയിരിക്കുന്നു; പുസ്തകവില്പന നാൾതോറും ചുരുങ്ങിച്ചുരുങ്ങി വരികയാണു്; കുറെ പറമ്പുകൾ ഭാര്യയ്ക്കുള്ളവ നാളികേരത്തിന്റെ വിലയിടിവിനാൽ മുക്കാലും നിഷ്പ്രയോജനങ്ങളുമായിരിക്കുന്നു. ഇപ്പോളിതാ ഇക്കഴിഞ്ഞ തിങ്കളാഴ്ച രാത്രിയിൽ കേരളത്തിന്റെ പല ഭാഗങ്ങളിലുമുണ്ടായ കൊടുങ്കാററു് അഭൂതപൂർവ്വങ്ങളായ നഷ്ടകഷ്ടങ്ങൾ വരുത്തിയിരിക്കുന്നു; തെങ്ങു് മുതലായ ഫലവൃക്ഷങ്ങൾ മുക്കാലേ അരയ്ക്കാലും നിലംപൊത്തിപ്പോയി; വളരെവളരെ വീടുകൾ തകരുകയും വീഴുകയും ചെയ്തു. (കലാമണ്ഡലത്തിലെ കെട്ടിടങ്ങൾക്കും കുറെ പരിക്കു പററിയിട്ടുണ്ടു്) വെള്ളപ്പൊക്കംമൂലം നെൽവയലുകൾ മണൽപ്പുറങ്ങളായി കിടക്കുന്നു. കൊച്ചിരാജ്യത്താണു് അധികം ആപത്തു സംഭവിച്ചിട്ടുള്ളതു്. മഹാരാജാവിന്റെ പട്ടാഭിഷേകം മെയ് 23–ാംനു- ആയിരുന്നു; 27–ാംനു- രാത്രിയിലാണു് പ്രകൃതിയുടെ ഈ ഭയങ്കരതരമായ ബോമ്പേറു നടന്നതു്. എന്റെ ഭാര്യയ്ക്കു തെങ്ങുകളും മററും വീണുപോയതിൽ ആയിരത്തിൽപ്പുറം ഉറുപ്പിക നശിച്ചുപോയത്രെ.

എന്റെ അഞ്ചാമത്തെ മകൻ ഇൻറർമീഡിയററിൽ ജയിച്ചു. ബി. എ. ക്കു പഠിപ്പിക്കാൻ, ഈ ആപത്തുമൂലം വിശേഷിച്ചും ദാരിദ്ര്യം നേരിട്ടിരിക്കുന്ന ഞാൻ ആളാകുമെന്നു തോന്നുന്നില്ല; മകൾ മല്ലിക മട്രിക്കുലേഷൻക്ലാസിൽ ചേരാൻ നില്ക്കുകയാണു്; തക്ക ഒരു ഭർത്താവിനെ കിട്ടുന്നതുവരെ പഠിപ്പിക്കാൻ നോക്കാം. ഹൈസ്കൂളുകളും കാളേജുകളും തുറക്കുകയായി; പണമൊന്നും കയ്യിലില്ലതാനും. ഈ ദുർദശയിലുണ്ടോ 'മലയാളഭാരതം' എഴുതാൻ തുടർച്ചൽ നടക്കുന്നു? താങ്കൾ ദയചെയ്തു് ഒരു ഇരുനൂറു റുപ്പിക വായ്പയായി ഉടനെ അയച്ചുതരാമോ? എനിക്കു കുറെ അധികം ഉറുപ്പിക കലാമണ്ഡലത്തിൽനിന്നു കിട്ടാനുണ്ടു്; അതു കിട്ടിയാൽ തിരികെ തന്നുകൊള്ളാം. ഈ അപേക്ഷ താങ്കൾക്കു വല്ല അസൗകര്യത്തിന്നും ഹേതുവാകുമെങ്കിൽ ഞാൻ പിൻവലിക്കുകതന്നെ ചെയ്യുന്നു.

ടൈഹറി ദാവാന്റെ എഴുത്തു താങ്കൾ ഇങ്ങോട്ടയച്ചതു ഞാൻ മരങ്ങാട്ടു നമ്പൂതിരിക്കയച്ചുകൊടുത്തു. ഈ ജൂൺമാസത്തിൽ കാര്യത്തിനു തീരുമാനം വരുമെന്നു് ആശിച്ചിരിക്കുകയാണു് അദ്ദേഹം. താങ്കൾ ആ കാര്യത്തിൽ ശ്രദ്ധ വെച്ചുകൊണ്ടിരിക്കണേ.

Digitized By Kerala Sahitya Akademi

ശ്രീ വി. എം. നായരെ ഞാൻ ഒരു മാസത്തിനുമുമ്പ് തൃശ്ശൂർ റോഡിൽവെച്ച് ഒരുനോക്കു കാണുകയുണ്ടായി; അദ്ദേഹം മൂന്നുമാസത്തെ അവധിയിൽ വന്നു ഒരാരോഗ്യഗൃഹത്തിൽ താമസിക്കുകയായിരുന്നു. ഒരിംഗ്ലീഷു പുസ്തകം, മലയാളത്തിലെ പ്രസിദ്ധ കവികളെപ്പററി, എഴുതുന്നതിലാണ് അദ്ദേഹം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതെന്നും, അതിൻെറ പ്രധാനോദ്ദേശം എൻെറ കവിതകളെപ്പററി ആക്ഷേപിക്കുകയാണെന്നും മററും, ഉള്ളുകള്ളികളറിയുന്ന ഒരു മാന്യൻ ഒരാഴ്ചവട്ടത്തിനു മുമ്പേ എന്നോടു പറയുകയുണ്ടായി. നാലപ്പാടിൻെറ ഒരു എളിയ ശിഷ്യൻെറ നിലയേ വള്ളത്തോളിനുള്ള എന്നാണ്, അദ്ദേഹത്തിൻെറ ദൃഢാഭിപ്രായമത്രെ. ജിജ്ഞാസുവും അല്പജ്ഞനുമായ ഞാൻ ആരുടേയും ശിഷ്യൻതന്നെ. ഇതൊക്കെ ഞാൻ എഴുതുന്നതു നേരംപോക്കിനു മാത്രമാണെന്നു താങ്കളെ പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ. മാരാരാൽ ചിലപ്പോൾ അലംകൃതമാകാറുള്ള നാലപ്പാട്ടുസദസ്സിലെ കാര്യപരിപാടി താങ്കളേയും കേശവനേയും എന്നേയും പരിഹസിക്കുകയാണെന്നു കേൾക്കുന്നു. മദിരാശി കേരളസമാജം പ്രസിദ്ധീകരിച്ച 'കേരളോപഹാര'ത്തിൽ മാരാർ എഴുതിയിട്ടുള്ള ഉപന്യാസം (എനിക്കേററവും ഇഷ്ടമുള്ള കവി) ഈയിടയിൻ ഒരു സഹൃദയൻ എൻെറ ദൃഷ്ടിയിൽ പെടുത്തുകയുണ്ടായി. അതു താങ്കൾ വായിച്ചിരിക്കാം. താങ്കളുടെ ഒരു കവിതയും അതിൽ ഉണ്ടല്ലൊ.

കൊട്ടകാററിന്നുശേഷം തീവണ്ടികളുടേയും ബസ്സുകളുടേയും ഗതാഗതം ഇവിടങ്ങളിൽ വിച്ഛിന്നമായിരിക്കുന്നു. ഈ എഴുത്ത് താങ്കളുടെ അടുക്കൽ എത്തിച്ചേരുന്നതു് എപ്പോഴോ?

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 52)*

# സ്വന്തം കവിതയുടെ കനം

വള്ളത്തോൾ

ചെറുതുരുത്തി
13-6-1941

പ്രിയ സുഹൃത്തെ,

താങ്കൾ 7-ാംനു- 200 ക.യുടെ ചെക്കോടുകൂടിയയച്ച എഴുത്ത് ഇന്നലെ ഇവിടെ കിട്ടി. തൽക്കാലം ഇത്രയും ഉറുപ്പിക കടമായിത്തന്നു സഹായിപ്പാൻ താങ്കൾ കനിഞ്ഞതിൽ ഞാൻ തുലോം കൃതജ്ഞനായിരിക്കുന്നു. സംഖ്യ കഴിയുന്ന വേഗത്തിൽ തീരിച്ചയയ്ക്കാൻ മനസ്സിരുത്തിക്കൊള്ളാം. പ്രകൃതികോപംമൂലമുണ്ടായ ചേതം തെല്ലൊന്നു നികത്തേണമെങ്കിൽ കൊല്ലം രണ്ടു കഴിയേണ്ടിവരും!

മരങ്ങാട്ടുനമ്പൂതിരിയുടെ കാര്യത്തിൽ ശൈഹറിദിവാൻ പിന്നീടു താങ്കൾക്കു കത്തയയ്ക്കുകയുണ്ടായോ? അക്കാര്യം അടുത്ത അവസരത്തിൽ

Digitized By Kerala Sahitya Akademi

തന്നെ നടക്കുമോ എന്നറിവാൻ നമ്പൂതിരി അത്യുൽക്കണ്ഠിതനായിരിക്കുകയാണ്. വിവരം മറുപടിയിൽ കാണിക്കുമാറാകണം.

മാരാരുടെ ഉപന്യാസം താങ്കൾ വായിച്ചേ കഴിയൂ എന്നില്ല; ഞാൻ നേരംപോക്കിനുവേണ്ടി ചോദിച്ചു എന്നേയുള്ളു. അതിൽ, നാലപ്പാടനിൽനിന്നു വളരെ താഴെയാണ് വള്ളത്തോൾ എന്നു സ്പഷ്ടമാക്കുകയാണ്, അയാളുടെ ഉദ്ദേശം. എന്റെ കവിതയ്ക്കു കനമില്ലെന്നാണ്, വി. എം. നായർ, മാരാർ എന്നിവരുടെ അഭിപ്രായം എന്ന് ഏതാനും ദിവസങ്ങൾക്കു മുമ്പേ ഒരു സഹൃദയയുവാവ് എന്നോടു പറയുകയുണ്ടായി; ഞാൻ അതിന്നു മറുപടി പറഞ്ഞതു", 'നാലപ്പാടിന്റെ കവിതവെച്ച ത്രാസിൻതട്ടിൽ മാസംതോറും അഞ്ചുറുപ്പിക വെച്ചുതുടങ്ങിയിട്ട് കുറെക്കാലമായല്ലോ; ഈ സ്ഥിതിക്ക് അതിന്നു കനം കൂടിക്കൂടി വരാതിരിക്കുമോ?' എന്നാണ്. (വി. എം. നായർ വളരെക്കാലം അഞ്ചുറുപ്പിക ശമ്പളം പോലെ മാരാർക്ക് കൊടുത്തുപോന്നിരുന്നു; ഇപ്പോഴും കൊടുക്കുന്നുണ്ടോ, ആവോ?) വി. എം. നായർ ഇംഗ്ലീഷ്ബുക്ക് എഴുതാൻ തുടങ്ങിയതായി അറിഞ്ഞില്ല; എഴുതാൻ ഒരുങ്ങിയിട്ടുണ്ടെന്നേ കേട്ടുള്ളു.

'ദാവീദുവിജയം' ആട്ടക്കഥ ഒരു ക്രിസ്ത്യൻപണ്ഡിതൻ വായിച്ചു; എന്നാൽ അദ്ദേഹത്തിന്നു ചില സംശയങ്ങളുണ്ടെന്നും അവ എഴുതിയറിയിച്ചുകൊള്ളാമെന്നും സന്ദേശിച്ചതല്ലാതെ, അഭിപ്രായമൊന്നും എഴുതിയയച്ചിട്ടില്ല. കലാമണ്ഡലത്തിൽ അഭ്യാസം തുടങ്ങിയിട്ടില്ലായ്കയാൽ തിടുക്കപ്പെടാനില്ല എന്നു സമാധാനിക്കാം. ഗവമ്മേണ്ട് ഏറ്റെടുത്തതോടുകൂടി പൂട്ടിയ കളരി ഇന്നും തുറന്നിട്ടില്ല. കൊടുങ്കാററിൽ കേടുപററിയ കെട്ടിടങ്ങൾ വെടുപ്പാക്കിയേ കളരി തുറപ്പാൻ തരമുള്ളു. എന്നാൽ അതിന്നു പണം അനുവദിച്ചുകിട്ടുന്നില്ല. ആകപ്പാടെ, ഗവമ്മേണ്ടിന്റെ ആലസ്യം ആശങ്കാജനകമായിരിക്കുന്നു! റസിഡൻറിനെ സമീപിക്കുന്നതും പ്രയോജനകരമാകില്ലെന്നു തോന്നുന്നു. സർ ഷൺമുഖത്തിനെത്തന്നെ ദിവാനാക്കണമെന്ന് റസിഡേൻറു ഊന്നിപ്പറഞ്ഞതിൽ, മഹാരാജാവിന്നു സായ്‌വിന്റെ നേക്കും നീരസം ജനിച്ചിരിക്കുന്നുപോൽ. സായ്പ് ഒരിക്കൽ കാണാൻ ചെന്നപ്പോൾ 'സമയമില്ല' എന്നു നിഷേധിക്കുകകൂടി മഹാരാജാവു ചെയ്തതായി സംസാരമുണ്ട്. ഞാൻതന്നെ മഹാരാജാവിനെ കണ്ടു 'സങ്കടം' പറഞ്ഞാലോ എന്നാലോചിക്കുന്നുണ്ട്.

താങ്കളുടെ ഭർത്തൃമതിയായ മകൾ കൽക്കത്തയിലേക്കു പോയിക്കഴിഞ്ഞുവോ? അവക്കൊക്കെ സുഖംതന്നെയല്ലേ? ശ്രീ ഗൗരിയമ്മയ്ക്ക് എന്റെ വന്ദനമുണ്ട്.

ആറന്മുള കൊച്ചുകോയിക്കൽ കേരളവമ്മരാജാ ബി. എ. യെ താങ്കൾ ഓക്കുന്നുണ്ടോ? അദ്ദേഹം അമ്മാവന്റെ പന്തിരണ്ടാംമാസത്തിന്നു ചാലയിൽ വന്നിരുന്നു. അദ്ദേഹം തറവാട്ടുകാര്യങ്ങളിൽനിന്നൊഴിഞ്ഞ്, ഉദ്യോഗാർത്ഥിയായിത്തീന്നിരിക്കയാണ്. താങ്കളുടെ ദയാപൂവ്വമായ ഒത്താശകൊണ്ട് അദ്ദേഹത്തിന്ന് എന്തെങ്കിലും ഒരുദ്യോഗം ലഭിക്കേണമെന്നും അതിന്നു ഞാൻ താങ്കളോടു ശുപാർശചെയ്യണമെന്നും അദ്ദേഹം അപേക്ഷിച്ചിരിക്കുന്നു. എന്താണു വഴി? ഇതിൽ താങ്കൾ ഒന്നു ശ്രദ്ധവെയ്ക്കാമോ? ഇംഗ്ലീഷ്പത്രാപ്പീസുകളിലൊന്നിൽ ജോലി കിട്ടിയാലും അദ്ദേഹം സംതൃപ്തനാകും. ഒന്നു മനസ്സുവെയ്ക്കാനപേക്ഷ.

സ്വന്തം
വി. നാരായണമേനോൻ
*(കത്ത്നമ്പർ 53)*

Digitized By Kerala Sahitya Akademi

# ദാവീദുവിജയം ആട്ടക്കഥ

വള്ളത്തോൾ

ചെറുതുരുത്തി
30-7-1941

പ്രിയ സുഹൃത്തേ,

ഞാൻ ഒരു മാസത്തിനു മുമ്പ് അയച്ച എഴുത്തു താങ്കൾക്കു കിട്ടിയിരിക്കുമല്ലോ.

'കേരളസിംഹം' സഹൃദയരാൽ പ്രായേണ ശ്ലാഘിക്കപ്പെടുകതന്നെ ചെയ്യുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

'ദാവീദുവിജയം' ആട്ടക്കഥയെപ്പററി, അതു വായിച്ച ക്രിസ്ത്യൻപണ്ഡിതൻ അഭിപ്രായപ്പെട്ടതു് ഒരു ദോഷവുമില്ലെന്നും, ശൃംഗാരപദം (പുരോഹിതന്മാർക്കു് രുചിച്ചില്ലെന്നുവരാമെന്നുള്ളതിനാൽ)ഉപേക്ഷിച്ചേക്കണമെന്നും, സാഹിത്യഭാഗം കുറേക്കൂടി മിനുക്കിയാൽ ഏറെ നന്നായി എന്നും മററുമാണ്. മിനുക്കുപണിയിൽ ഞാൻ ശ്രമിച്ചുനോക്കിക്കൊള്ളാം. എന്നാൽ, ഇതു് ഇവിടെ കഥകളിക്കാരെ പഠിപ്പിക്കാൻ സൗകര്യം കിട്ടിക്കഴിഞ്ഞിട്ടില്ല. കാരണം കലാമണ്ഡലം ഇപ്പോഴും തുറന്നിട്ടില്ലാത്തതുതന്നെ. കലാമണ്ഡലഭരണത്തിനു തീരുമാനം വരേണമെങ്കിൽ, മിനിഞ്ഞാന്നു തുടങ്ങിയ കൊച്ചി കൗൺസിലിന്റെ ബഡ്ജററ്സമ്മേളനത്തിൽ കലാമണ്ഡലച്ചെലവിന്നായി കൊള്ളിച്ചിട്ടുള്ള ഏഴായിരം ഉറുപ്പിക പാസ്സായി കിട്ടണമത്രേ. പ്രമേയം തള്ളിപ്പോകയില്ലെന്നാണ്, ഞങ്ങൾ ആശിക്കുന്നതു്. തള്ളിപ്പോയാൽ മഹാരാജാവു കലാമണ്ഡലത്തെ കൈവെടിഞ്ഞേക്കും. പിന്നീടെന്തു ചെയ്യണമെന്ന് അവഗാഢമായി ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

എന്റെ മകൻ ബാലചന്ദ്രനെ യഥാകാലത്തിൽ ചിദംബരംകാളേജിൽ ഓണേഴ്സ് ബി. എ. ക്ലു ചേർത്തിരിക്കുന്നു. ഫീസ്സു മുഴുവൻ വിട്ടുകൊടുക്കാമെന്നു രാജാ സർ അണ്ണാമല സദയം സമ്മതിച്ചിട്ടുണ്ടു്; ഈ ഔദാര്യത്തിന്നു കാരണം, സർ ഷണ്മുഖത്തിന്റെ സസ്നേഹമായ ശുപാർശിയാണ്. ഷണ്മുഖം പോകാതിരുന്നെങ്കിൽ കലാമണ്ഡലം പോഷിക്കുക തന്നെ ചെയ്യുമായിരുന്നു.

മരങ്ങാട്ടുനമ്പൂതിരിയുടെ കാര്യം ഏതു നിലയിൽ കിടക്കുന്നു? അദ്ദേഹത്തെ ബദരീനാഥത്തിലേക്കു വിളിക്കുക അടുത്ത അവസരത്തിൽത്തന്നേ ഉണ്ടാകുമോ? മെയ്മാസത്തിലെ മീററിംഗിൽ തീരുമാനം വരുമെന്നാണല്ലോ, ട്രഹറി ദിവാൻ താങ്കളെ അറിയിച്ചിരിക്കുന്നതു്. ഇക്കാര്യത്തിന്റെ തീരുമാനം അറിയാൻ ഉൽക്കണ്ഠിതരായിരിക്കുകയാണ് ഞങ്ങൾ! വിശദമായ വിവരം മറുപടിയിൽ കാണിപ്പാനപേക്ഷ.

മകൾ കല്ക്കത്തയ്ക്കു പോയോ? അമ്മയ്ക്കും മറെറല്ലാവർക്കും സുഖംതന്നെയല്ലേ?

ഞാൻ എന്റെ ജലദോഷവുമായി കെട്ടിമറിഞ്ഞു കഴിഞ്ഞുകൂടുന്നു.

സ്വന്തം
വി. നാരായണമേനോൻ

Digitized By Kerala Sahitya Akademi

P S. ഉപനിഷത്തുകൾക്ക യഥാശ്രുതാർത്ഥം മാത്രം പറയുന്ന ഒരു ചെറിയ സംസ്കൃതവ്യാഖ്യാനമുണ്ടത്രെ. അപ്പുസ്തകം ലാഹോറിലെ വലിയ ബുക്ക്ഡിപ്പോവിൽ ആവശ്യപ്പെട്ടാൽ കിട്ടാം. അച്ചടിച്ച ഏതു സംസ്കൃത ബുക്കും ആവശ്യപ്പെട്ടാൽ ആ ബുക്ക്ഡിപ്പോക്കാർ വരുത്തിക്കൊടുക്കുമെന്നാണ് അവരുടെ വ്രതം. താങ്കൾ ഇതിലൊന്നു ശ്രദ്ധിക്കാമോ? അശ്വഘോഷന്റെ 'സൗന്ദരനന്ദവും' വായിപ്പാൻ എനിക്കഭിലാഷമുണ്ട്.
(*കത്ത് നമ്പർ 54*)

# ഭരണമുണ്ട്; കളരിയില്ല

വള്ളത്തോൾ

ചെറുതുരുത്തി
7-9-1941

പ്രിയ സുഹൃത്തെ,

ഞാൻ ഒരൊന്നര മാസം മുമ്പയച്ച എഴുത്തിന്നു താങ്കൾ മറുപടി അയച്ചില്ല. ഒരു ചെറിയ സംസ്കൃതവ്യാഖ്യാനത്തോടുകൂടിയ ഉപനിഷൽപുസ്തകം പഞ്ചാബിലെ ആ വലിയ ബുക്ക്ഡിപ്പോവിൽ അന്വേഷിച്ചുവോ? കിട്ടിയാൽ, അതും അശ്വഘോഷന്റെ 'സൗന്ദരനന്ദ'കാവ്യവും ഇങ്ങോട്ടു റെയിൽവേ പാർസലായി അയയ്ക്കാൻ ദയവുണ്ടാകേണം. രണ്ടും വായിപ്പാൻ കൊതിച്ചിരിക്കയാണ് ഞാൻ.

മൂന്നാഴ്ചവട്ടത്തിനു മുമ്പ് മരങ്ങാട്ടുനമ്പൂതിരി നരേന്ദ്രനഗറിൽനിന്ന് എനിക്കയച്ച ഒരെഴുത്തിൽ അദ്ദേഹത്തിനും ബദരീനാഥത്തിലെ മേൽശ്ശാന്തിസ്ഥാനം സ്വീകരിക്കുക അസാദ്ധ്യമാണെന്ന് എഴുതിയിരിക്കുന്നു. കാരണം, ശമ്പളം ഇരുന്നൂറിൽനിന്ന് അറുപതാക്കിയതും, അധികാരമൊക്കെ എടുത്തു കളഞ്ഞതും, ബ്രഹ്മചര്യം വേണമെന്ന് അധികൃതന്മാർ മുറുകെപ്പിടിക്കുന്നതുമാണത്രെ. ഭാര്യയും രണ്ടുമൂന്നു കുട്ടികളുമുള്ള ആ യുവാവ് എങ്ങനെ ബ്രഹ്മചാരിയായി കഴിച്ചുകൂട്ടും? അധികൃതന്മാരുടെ ഈ മക്കടമുഷ്ടി ഒന്നു വിട്ടുവിക്കാൻ താങ്കളുടെ കയ്യിൽ വല്ല ആയുധവുമുണ്ടോ? ഉണ്ടെങ്കിൽ യഥാകാലം പ്രയോഗിക്കുകതന്നെ വേണം. നമ്പൂതിരി കനത്ത ധർമ്മസങ്കടത്തിൽപ്പെട്ടിരിക്കുന്നു.

കലാമണ്ഡലത്തിൽ ഭരണം ശരിക്കു നടക്കുന്നുണ്ട്. എന്നാൽ കളരി ഇതുവരെയും തുറന്നിട്ടില്ല. അഞ്ചു മാസമായിട്ട് നമ്മുടെ ദരിദ്രരായ കഥകളി-ഡാൻസു വിദ്യാർത്ഥികൾ അവരുടെ വീടുകളിൽ കഷ്ടപ്പെട്ടു കഴിഞ്ഞുകൂടുകയാണ്. ഇത് എന്റെ ഹൃദയത്തെ കുറച്ചല്ല വേദനിപ്പിക്കുന്നുള്ളൂ. പണമില്ലാത്ത ഞാൻ എന്തു ചെയ്യേണ്ടു! ആ സാർ ശർമ്മയെ താങ്കൾ ഒന്നു പ്രബലമാംവണ്ണം പ്രേരിപ്പിക്കാമോ? അദ്ദേഹം മനസ്സുവെച്ചാൽ, രണ്ടോ മൂന്നോ ആയിരം ഉറപ്പിക്ക ഒന്നുരണ്ടു ഡാൻസുകൊണ്ടു ഉണ്ടാക്കിത്തരാൻ കഴിയുമെന്നു താങ്കൾതന്നെ എന്നോടു പറയുകയുണ്ടായല്ലോ. അദ്ദേഹം അനുകൂലിച്ചാൽ, അടുത്ത ഒക്ടോബറിലോ നവംബറിലോ ഡാൻസുകാരേയുംകൊണ്ട് കല്ക്കത്തയിലേക്കു ഞാൻ പുറപ്പെടാം. ഒരു ഡാൻസ് ബിക്കാനീർ

Digitized By Kerala Sahitya Akademi

മഹാരാജാവിൻെറ സന്നിധിയിലും നടത്തിക്കൂടെയോ? ഒരു ഡാൻസ് ഉദയപ്പൂർ മഹാരാജാവിൻെറ വകയായി നടത്താമെന്നും, അതിന്നു് അഞ്ഞൂറു റുപ്പിക തരാമെന്നും ദിവാൻ ശ്രീ കെ.പി എസ്. മേനോൻ എന്നോടു സമ്മതിച്ചിട്ടുണ്ടു്. അവിടുത്തെ ധനസ്ഥിതിയുടെ താഴ്മകൊണ്ടു്, വഴിച്ചെലവു തരുക സാദ്ധ്യമല്ലെന്നും, അതിന്നു വേറേ അരങ്ങുകളുണ്ടാക്കണമെന്നും അദ്ദേഹം ഉപദേശിച്ചിരിക്കുന്നു. ഒക്ടോബറിലോ നവംബറിലോ ആവാമെന്നും വെച്ചിട്ടുണ്ടു്. എനിക്കു് 'വള്ളത്തോറം ഗ്രന്ഥാലയ'ത്തിന്നായി ഏഴെണ്ണായിരം ഉറുപ്പിക ശേഖരിക്കേണ്ടതുണ്ടെന്നും താങ്കറംക്കു ഓർമ്മയുണ്ടല്ലോ. പററിയാൽ ആ ഉദയപ്പൂർ എന്നിവിടങ്ങളിലും ലാഹോറിൽ രാമശരണദാസ്സിൻെറ അടുക്കലും ഓരോ ഡാൻസ് കിട്ടുമെങ്കിൽ ഈ യാത്രയിൽ ചേതം വരുമെന്നു ഭയപ്പെടേണ്ടതില്ല.

നമ്മുടെ പ്രധാന നത്തകി ലക്ഷ്മിക്കു് ഏതെങ്കിലും ഒരു സിനിമാക്കമ്പനിയിൽ ചേരണമെന്നുണ്ടു്. ഒരു കുടുംബം പുലത്തേണ്ട ചുമതലയുള്ളവളാണു് അവറം. അവളുടെ ഈ അഭിലാഷം നിറവേററുന്നതിന്നും സർ ശമ്മശക്തനാവുമെന്നു ഞാനുഹിക്കുന്നു. അവളുടെ കഷ്ടപ്പാടിൽ വിശേഷിച്ചും വ്യസനമുണ്ടെനിക്കു്. നൃത്തവിദ്യയിൽ ഒരുവിധം പേർ അവറം സമ്പാദിച്ചിരിക്കുന്നു. മോഹിനിയാട്ടം പഠിപ്പിക്കാനും കഴിയും. മോഹിനിയാട്ടം പഠിപ്പിക്കുന്നതിന്നോ, സിനിമയിൽ അഭിനയിക്കുന്നതിന്നോ അവളെ ഒരേടത്തു നിത്തിക്കിട്ടാൻ എന്താണു് വഴി? വലിയ സിനിമക്കമ്പെനിക്കാരിൽ വല്ലവരും താങ്കറംക്കു് സ്നേഹിതന്മാരായിട്ടുണ്ടോ?

ഈവക കാര്യങ്ങളെല്ലാം ആലോചിച്ചു് ഒരു വിശദമായ മറുപടി എറെത്താമസിയാതെ അയപ്പാനപേക്ഷ.

ഞാൻ താങ്കറംക്കു തരേണ്ടുന്ന ഇരുന്നൂറു റുപ്പിക യഥാകഥഞ്ചിൽ ഇവിടെ ഒരുക്കിവെച്ചിട്ടുണ്ടു്. ഇംപീരിയൽ ബാങ്കിലേക്കോ മററാ ഡ്രാഫ്റ്റ് വാങ്ങി അയയ്ക്കാം. ഏതു ബാങ്കിലേക്കാണു് വേണ്ടതു്?

സ്വന്തം
വി. നാരായണമേനോൻ

P.S. ടാഗോർമഹാകവിയുടെ നിര്യാണം പ്രമാണിച്ചു് പുറപ്പെടുവിച്ച 'മാതൃഭൂമി വിശേഷാൽപ്രതി' താങ്കറം കണ്ടുവോ? എൻെറയും ഒരു മോശക്കവിത അതിലുണ്ടു്.

*(കത്തു്നമ്പർ 55)*

# വത്സലനത്തകികൾ

വള്ളത്തോറം

ചെറുതുരുത്തി
22-9-41

പ്രിയ സുഹൃത്തെ,

താങ്കറം 12-ാംനു- അയച്ച എഴുത്തു് 16-ാംനു- ഇവിടെ കിട്ടി. എന്നാൽ പണം കൊടുത്തു ഡ്രാഫ്ട് വാങ്ങാൻ തൃശ്ശൂരിൽ പോകുന്നതിന്നു് ഇന്നേ

Digitized By Kerala Sahitya Akademi

എനിക്കു സമയം കിട്ടിയുള്ളൂ. അതിനാൽ, ഈ മറുപടിക്കിത്രയും താമസം പററിപ്പോയി.

'ദശോപനിഷൽ അമരദാസീയടീകോപേതാ' എന്നാണ്, ഞാൻ പറഞ്ഞ ഉപനിഷൽ പുസ്തകത്തിന്റെ പേർ. പൂനയിലാണ് അച്ചടിച്ചിരിക്കുന്നതെന്നും, നിർണ്ണയസാഗരംപ്രസ്സിൽത്തന്നെയാകാമെന്നും, അങ്ങോട്ടെഴുതിയാൽ കിട്ടാമെന്നും ഒരാൾ ഉറപ്പില്ലാതെ പറയുന്നു. താങ്കൾ സദയം അന്വേഷിച്ചു വരുത്തി, 'സൗന്ദരനന്ദ'ത്തോടുകൂടി ഇങ്ങോട്ടു റെയിൽവേ പാഴ്സലായി അയച്ചേക്കണം.

ഞാനിപ്പോൾ രാമായണത്തിന്റെ രണ്ടാം പതിപ്പിനു ശ്രമിക്കയാണ്. 'തിലക'വ്യാഖ്യാനത്തോടുകൂടി ആദ്യകാണ്ഡങ്ങളിൽ കുറെഭാഗം കൂടി പരിശോധിക്കേണ്ടതുണ്ട്; 1000 പ്രതി അച്ചടിപ്പാൻ 2500 ക.യും വേണം! പുസ്തകവില്പന നാലിലൊന്നുപോലുമില്ല; കൊടുങ്കാററ് കൊല്ലം തോറും 1000–ൽപ്പരം ഉറുപ്പികയുടെ വരവ് ഇല്ലാതാക്കി. ചിലവോ നാൾതോറും ഏറുന്നു. അതിനാൽ കൂടെക്കൂടെ ഞാൻ താങ്കളോടു കടം ചോദിച്ചേക്കും; അതു ക്ഷമിക്കണം.

ലക്ഷ്മിയെപ്പോലെതന്നെ കഷ്ടപ്പാടിലാണ്, ഒരു രണ്ടാം തരക്കാരിയായ തങ്കവും. അവളേയും സിനിമയിൽ ചേർപ്പിച്ചുകൊടുക്കാൻ താങ്കൾ ഉത്സാഹിക്കണം. ലക്ഷ്മിയുടെ വേഷംകെട്ടിയ ഫോട്ടോകൾ ഈയിടയിൽ എടുപ്പിക്കാം; തങ്കത്തിന്റേതും എടുപ്പിക്കാം. കുറെ ദിവസം അവരോടു കാത്തിരിപ്പാൻ പറഞ്ഞു് ആശ്വസിപ്പിച്ചുകൊള്ളാം. തങ്കം (16–17 വയസ്സ്) തൃശ്ശൂരിന്നു മൂന്നു നാലുമൈൽ വടക്കുള്ള തിരൂർ ദേശക്കാരിയാണ്. ലക്ഷ്മിയുടെ സൗന്ദര്യവുംമററുമില്ല. താങ്കൾ അന്നു ഡൽഹിയിൽവെച്ച് കണ്ട അമ്മിണി ഇന്നു ബോംബായിൽ ഏതോ ഒരു സിനിമാക്കമ്പനിയിലാണ്; ശമ്പളം മോശം. അതുകൊണ്ടാണ്, ലക്ഷ്മീതങ്കങ്ങളെ അയയ്ക്കാഞ്ഞതു്. തങ്കം അന്നു പാലായിൽ ഡാൻസിന്നുണ്ടായിരുന്നു.

സോണററിന്റെ സ്വഭാവം ഏതാണ്ടെനിക്കറിയാം, താങ്കൾ ഇപ്പോൾ അതിൽ കൈവെച്ചതായി കണ്ടു സന്തോഷിക്കുന്നു. താങ്കളുടെ 'പങ്കീപരിണയം' അച്ചടിച്ച പ്രതി ഒരു മൂന്നാഴ്ചവട്ടത്തിന്നു മുമ്പു മാത്രമാണ്, ഞാൻ യദൃച്ഛയാ കണ്ടതു്, ഒരു ചെറുതരം വായനക്കാരിയുടെ കയ്യിലാണ് കണ്ടെത്തിയതു്. 'ഇവിടുത്തെ മാത്രമേ പങ്കീപരിണയം പരിഹസിക്കാതിരുന്നിട്ടുള്ളു.' എന്ന് ആ സ്ത്രീ എന്നോടു പറഞ്ഞു. 'വള്ളത്തോളിനെ കെ. എം. പരിഹസിക്കുമോ?' എന്നു ഞാനും ചോദിച്ചു.

മരങ്ങാട്ടുനമ്പൂതിരി എന്തു നിശ്ചയിച്ചുവോ ആവോ? പിന്നീട്, എഴുത്തൊന്നും കിട്ടിയിട്ടില്ല.

കലാമണ്ഡലത്തിന്നു ഞാൻ ഇനി പണം പിരിക്കേണ്ടതില്ല; അതു ഗവർമ്മേണ്ടിന്നു കൊടുത്തുപോയല്ലോ. 'വള്ളത്തോൾ ഗ്രന്ഥാലയ'ത്തിന്നാണ്, പണം. ബിക്കാനീർ മഹാരാജാവും മററും യുദ്ധച്ചെലവിലേക്കായി പണം കൊടുത്തുകൊണ്ടിരിക്കയാണെന്ന് ഞാൻ ഓക്കാനിയ്ക്കയില്ല; എന്നാലും, നാലഞ്ചു മഹാരാജാക്കന്മാരുടേയും, പ്രഭുക്കന്മാരുടേയും അടുക്കൽ പോകാതെ എങ്ങനെ പണമുണ്ടാകും? ആവക ഡാൻസുകൾ എന്റെ സ്വന്തമായി നടത്താനാണ്, ഞാൻ ഉദ്ദേശിക്കുന്നതു്. സർ ശണ്മയെ താങ്കൾ എന്നാണ്, കാണുക? ബോംബായിലേക്കു പോവുക ഏതാണ്ടെപ്പോളായിരിക്കും? ലക്ഷ്മി ഉൽകണ്ഠയോടെ കാത്തിരിക്കുകയാണ്, തങ്കവും അങ്ങ

Digitized By Kerala Sahitya Akademi

നെതന്നെ. ഈ കുട്ടികളിലെല്ലാം എനിക്ക് അപത്യനിർവ്വിശേഷമായ വാത്സല്യമുണ്ടെന്നറിയാമല്ലോ.

മകൾ പാറുക്കുട്ടി കൽക്കത്തയിലേക്ക പോയോ? ശ്രീ. ഗൗരിയമ്മയും മററും സുഖംതന്നെയാണല്ലോ.

സ്വന്തം
വി. നാരായണമേനോൻ

P.S. ദശോപനിഷത്തിൻെറ വ്യാഖ്യാതാവിൻെറ പേർ അമരദാസൻ എന്നായിരിക്കണം.

ഡ്രാഫ്ടിന്ന് അസൗകര്യം; നായർബാങ്കിൽനിന്നു ചെക്കയയ്ക്കുന്നു. ഇതു മതി എന്നാണ് ഈ ബാങ്കിൻെറ ഏജൻറ് പറയുന്നതു്.

*(കത്ത് നമ്പർ 56)*

# ധ്രുവസ്വാമിനി

വള്ളത്തോൾ

ചെറുതുരുത്തി
5-10-1941

പ്രിയ സുഹൃത്തെ,

താങ്കൾ സപ്തംബർ 27-ാംനു- എഴുതിയ എഴുത്ത് ഇന്നലെയാണ് ഇവിടെ വന്നുചേർന്നതു്.

രാമായണം ഒററപ്രതിയും ഇരിപ്പില്ല. 700-ൽ നൂറു പ്രതികൾ ഞാൻ തന്നെ അലഞ്ഞുനടന്നു വിററു. പണമൊക്കെ സാപ്പിട്ടും പോയി. ഇപ്പോൾ അച്ചടിപ്പിക്കുകയാണെങ്കിൽ ആയിരം പ്രതിക്ക രണ്ടായിരത്തഞ്ഞൂറു റുപ്പിക കയ്യിൽ കറയാതെ വേണ്ടിവരും. ഇതിലേക്ക മരങ്ങാടൻെറ ആയിരം ഉറുപ്പിക കരുതിയിരുന്നു. അതിൻെറ കാര്യം സന്ദിഗ്ദ്ധമായല്ലോ. രണ്ടു വാള്യമാക്കാൻ വിരോധമില്ല. പണ്ടു മദിരാശിയിൽ ഗ്രന്ഥാക്ഷരത്തിൽ അച്ചടിച്ചിട്ടുള്ളതു് (ഇതു നോക്കിയാണ് എൻെറ തർജ്ജമ) ബാലായോദ്ധ്യാകാണ്ഡങ്ങൾ ഒന്നും ആരണ്യകിഷ്കിന്ധാസുന്ദരങ്ങൾ ഒന്നും യുദ്ധം മാത്രം ഒന്നുമായി, മൂന്നു വാള്യമായിട്ടാണ്. മൂന്നുപേരുടെ വ്യാഖ്യാനത്തോടു കൂടിയതാണ് ആ വാള്യം മൂന്നും. നമ്മുടേതു രണ്ടു വാള്യമാക്കുകയാണെങ്കിൽ രണ്ടാമത്തെ വാള്യത്തിൽ സുന്ദരയുദ്ധങ്ങൾ അടക്കാമെന്നു തോന്നുന്നു. അയോദ്ധ്യയ്ക്കും യുദ്ധത്തിനും വലുപ്പം കൂടും. എങ്ങനെയായാലും ഉത്തരകാണ്ഡം ഒററപ്പുസ്തകമാക്കുകയാണുചിതം. ഉത്തരകാണ്ഡം ഇക്കഴിഞ്ഞ പുതിയ പതിപ്പിൽ പെട്ടിട്ടുമില്ലല്ലോ.

ലക്ഷ്മിയേയും തങ്കത്തിനേയും താങ്കൾ ബോംബയ്ക്കു വരുന്ന ഗഡുവിൽ അങ്ങോട്ടയച്ചാലോ? അതിന്നവർക്കങ്ങോട്ടുള്ള വഴിച്ചെലവും, അവരുടെ

Digitized By Kerala Sahitya Akademi

രക്ഷിതാവായി വരുന്ന ആൾക്ക് അങ്ങോട്ടുമിങ്ങോട്ടുമുള്ള വഴിച്ചെലവും വെച്ചു കിട്ടിയേ കഴിയൂ. ലക്ഷ്മിയെ അച്ഛനമ്മമാർ വിവാഹബന്ധത്തിൽ കുടുക്കാൻ വെമ്പൽപ്പെടുന്നു. അതു് അവളുടെ ദേവിയെ ഒരിക്കലും ശോഭനമാക്കുകയില്ല; കൈവന്ന കല വിട്ടുപോവുകയും ചെയ്യും. ഈ വാസ്തവം അവൾക്കും അറിയാം. അതിനാൽ, സ്വഗൃഹത്തിൽനിന്നും പുറത്തുചാടാൻ തിടുക്കം പൂണ്ടിരിക്കയാണവൾ. ദാരിദ്ര്യത്തിന്റെ മർദ്ദനവും ഒട്ടൊന്നുമല്ല. ശമ്പളം സ്വല്പം കുറഞ്ഞാലും സ്ഥിരമായി ഒരു കമ്പനിയിൽ നില്ക്കുകയല്ലേ നല്ലതു്? ഹിന്ദി രണ്ടുപേരും വേഗത്തിൽ പഠിച്ചുകൊള്ളും. ഇപ്പോൾ തന്നെ കുറേശ്ശെ അറിയാം. അന്നു ചാലയിൽ വന്ന അമ്മിണി കുറേ ദിവസമായി ബോംബയിലാണു്. അവൾ ഇപ്പോൾ 80 ക. ശമ്പളത്തിന്മേൽ ദേവികാറാണിയുടെ സിനിമക്കമ്പനിയിൽ ചേർന്നിരിക്കയാണു്. തങ്കത്തിന്നും ഇത്ര കിട്ടിയാൽ തൃപ്തിയാവും. ലക്ഷ്മിക്കാകട്ടെ ചിലവെല്ലാം കഴിച്ച് നൂററുപ്പികയെങ്കിലും കിട്ടേണ്ടതാണു്. ഈ ഒക്ടോബർ 25-ാംനു- ക്കു ശേഷം മധുരയിലും തൃശ്ശിനാപ്പള്ളിയിലുമായി രണ്ടുമൂന്നു ഡാൻസ് നിശ്ചയിച്ചിട്ടുണ്ടു്. അതു കഴിഞ്ഞാൽ ഇവരെ ബോമ്പയ്ക്കയക്കാൻ തടസ്ഥമൊന്നുമില്ല. തങ്കം ഒക്ടോബർ ഒടുവുവരെ ബോംബയിൽതന്നെ ഉണ്ടായിരിക്കുമോ? തങ്കം അവിടെ ഉള്ളപ്പോഴാണു് ഇവരെ ചേർപ്പിക്കുക അധികം നല്ലതു്. ഇവരെപ്പററി പത്രങ്ങളിൽ ശ്ലാഘിക്കുക ഉണ്ടായിട്ടില്ലെന്നില്ല. എന്നാൽ അവ ഇപ്പോൾ സമ്പാദിക്കുക സുകരമല്ല. രണ്ടുപേരുടേയും വേഷം കെട്ടിയ ഫോട്ടോ അടുത്തെടുപ്പിക്കാം. ലക്ഷ്മിയുടെ രണ്ടു ഫോട്ടോ(ഇവിടെ ഇരിപ്പുള്ളതു്) ഇതൊന്നിച്ചയയ്ക്കുന്നു. ഇവർക്കു രണ്ടുപേർക്കും തങ്കം ഓരോ പ്രശംസാപത്രം കൊടുക്കണം. മധുരയിൽവച്ചു് പി. ടി. രാജനെക്കൊണ്ടും കൊടുപ്പിക്കാം. വേണമെങ്കിൽ ഞാനും ഓരോന്നെഴുതി കൊടുക്കാം. ചില മാന്യന്മാരുടെകൂടി പ്രശംസാപത്രങ്ങൾ ശേഖരിക്കാൻ പ്രയാസമില്ല. അപ്പു* മിനിഞ്ഞാന്നയച്ച എഴുത്തു് അവിടെ കിട്ടിയിരിക്കുമല്ലോ.

എങ്ങനെയെങ്കിലും ഈ രണ്ടു പെൺകുട്ടികളുടെ കാര്യം ഡിസംബറിലേക്കു നീട്ടിവെക്കാതെ കഴിയുന്നവേഗത്തിൽ ശരിപ്പെടുത്തുകതന്നെ വേണം.

'ധ്രുവസ്വാമിനി' മിനിഞ്ഞാന്നു് ഇവിടെ കിട്ടിയിട്ടുണ്ടു്. ഡാക്ടർ കുഞ്ഞൻരാജാവിന്റെ അവതാരിക ഞാൻ അവിടവിടെ നോക്കിയതേയുള്ളു. സമയത്തെ മുക്കാലും രാമായണപരിശോധന അപഹരിച്ചുകളയുന്നു.

'ദശോപനിഷ'ത്തും 'സൗന്ദരനന്ദ'വും വൈകാതെ കിട്ടുമെന്നാശിക്കുന്നു. 'കൈരളി'യിലെ 'കേരളസിംഹ'നിരൂപണം കണ്ടില്ലേ? ഒരുവിധം നന്നായിട്ടുണ്ടു്.

വേറെ പറയത്തക്ക വിശേഷം ഒന്നുമില്ല.

സ്വന്തം

വി. നാരായണമേനോൻ

*(കത്തു് നമ്പർ 57)*

* *സി. ബാലകൃഷ്ണക്കുറുപ്പ് (മഹാകവിയുടെ മകൻ)*

Digitized By Kerala Sahitya Akademi

# ഉപനിഷൽ തർജ്ജമയ്ക്കു് ആലോചന

വള്ളത്തോൾ

ചെറുതുരുത്തി
24–10–1941

പ്രിയ സുഹൃത്തേ,

താങ്കൾ 12–ാംനു- അയച്ച എഴുത്തു് 17–ാംനു- ഇവിടെ കിട്ടിയിരിക്കുന്നു എന്നാൽ, ഞാൻ നാലുനാൾ എറണാകുളത്തായിരുന്നതിനാലും, മിനിഞ്ഞാന്നു തിരിച്ചെത്തിയതു ദിനചര്യാവ്യത്യാസങ്ങളാൽ പിടിപെട്ട ക്ഷീണത്തോടുകൂടിയാകകൊണ്ടും മറുപടിയെഴുതുന്നതിൽ കുറെ വിളംബം പററിപ്പോയി.

താങ്കളുടെ എഴുത്തു കിട്ടുന്നതിനു മുമ്പുതന്നെ കിട്ടിയിരിക്കുന്നു, സൗന്ദരനന്ദവും ഉപനിഷത്തും. സൗന്ദരനന്ദം സുന്ദരതരംതന്നെ; എന്നാൽ, കുറെ ബാലിശ്യങ്ങളും, കുട്ടുകളും കടന്നുകൂടിയിട്ടുണ്ടു്. ഞാൻ മുക്കാലും വായിച്ചു കഴിഞ്ഞു; രണ്ടു നാൾക്കുള്ളിൽ മുഴുവനാവുകം. ഉപനിഷത്തു് എന്റെ നാട്ടുകാരെ ചുരുക്കത്തിൽ ധരിപ്പിക്കണമെന്നു് എനിക്കു് കുറെ നാളായി ഒരാഗ്രഹംതുടങ്ങിയിട്ടു്; ഏതു വിധത്തിലാണു്, മലയാണ്മയിൽ കൊണ്ടുവരേണ്ടതു്? പദ്യത്തിൽ തർജ്ജമ ചെയ്യുക ഒട്ടും സുകരമല്ല; ഗദ്യമായാൽ ഗ്രന്ഥത്തിനു വലിപ്പം കൂടിപ്പോവുകയും ചെയ്യും! എങ്ങനെ വേണമെന്നു് ഉറപ്പുവരുന്നില്ല.

'കേരളസിംഹ'ത്തെപ്പററി 'കൈരളി'യിൽ കുറെ ദീർഘമായ ഒരു നിരൂപണമുണ്ടായിരുന്നു; നിസ്സാരങ്ങളായ ചില ദോഷങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും, അതു ബഹുമാനത്തോടുകൂടിയാണു്. 'മാതൃഭൂമി'യുടെ ആക്ഷേപസ്വരത്തിലല്ല! അധികവും ശ്ലാഘിക്കുകതന്നെയാണു്, 'കൈരളി'ലേഖകൻ ചെയ്തിരിക്കുന്നതു്.

'ദേവികാററാണി'ക്കു് ഒന്നുരണ്ടു പെൺകുട്ടികളെക്കൂടി കിട്ടണമെന്നുണ്ടു്; ഭാർഗ്ഗവി എന്ന അമ്മിണിയെ ദേവിക സ്വീകരിച്ചിരിക്കുന്ന വിവരം ഞാൻ എഴുതിരുന്നുവല്ലോ. അതിനാലാണു്, ലക്ഷ്മീതങ്കങ്ങളുടെ കാര്യം ദേവീകാററാണിയോടു പറഞ്ഞാൽ ഫലിക്കുമെന്നു് ഞാൻ അഭിപ്രായപ്പെട്ടതു്. അമ്മണിക്കു് 80 ക. ശമ്പളം കൊടുക്കുന്നുണ്ടു്; ഹിന്ദി, ഇംഗ്ലീഷ് മണിപ്പൂരിനൃത്തം എന്നിവ പഠിപ്പിച്ചുപോരുന്നുമുണ്ടു്. ജാംസാഹേബിന്റെ ആശ്രിതൻ ലക്ഷ്മിയെ കമ്പനിയിലേക്കു് എടുക്കുന്നതോടുകൂടി, തങ്കത്തെയും എടുക്കുമാറാക്കണം. പ്രാരംഭത്തിൽ അത്യാവശ്യമായ ശമ്പളം കൊടുത്താൽമതി; രണ്ടുപേരും ഹിന്ദി പഠിച്ചുകഴിഞ്ഞാൽ, ശമ്പളം കൂട്ടിക്കൊടുക്കാൻ കമ്പനിക്കാർ സ്വയം ഒരുങ്ങുമല്ലോ. ജാംസാഹേബിന്റെ പ്രൈവററ് സിക്രട്ടറിയുടെ മറുപടി വന്നുചേർന്നുവോ?

ശ്രീ. രാമപ്പിഷാരോടി താങ്കൾക്കയയ്ക്കാനായിത്തന്ന 'രാമപാരശവനം ഉണ്ണായിവാര്യരും' എന്ന ഉപന്യാസം ഇതൊന്നിച്ചു്, ബുക്കു് പോ

Digitized By Kerala Sahitya Akademi

സ്സായി അയയ്ക്കുന്നു; താങ്കളുടെ അഭിപ്രായം അറിയുവാൻ അദ്ദേഹത്തിന്നഭിലാഷമുണ്ടു്.

ലക്ഷ്മിക്കും തങ്കത്തിനും ഒരു മാസത്തെ ശമ്പളം മുൻകൂർ കൊടുപ്പിച്ചാൽ മതി. അല്ലാതെ അവർക്കെങ്ങനെ വഴിച്ചിലവിന്നു വകയുണ്ടാകും? സാധനാബോസിന്നു്, അമ്മിണിയേയും മററും അയച്ചുകൊടുത്തതു്, ഒരു മാസത്തെ ശമ്പളം മുൻകൂർ വാങ്ങിയിട്ടാണു്. ലക്ഷ്മിയുടെ ഫോട്ടോകൾ അയച്ചതു കിട്ടിയില്ലയോ? വേണമെങ്കിൽ, തങ്കത്തിൻെറ ഫോട്ടോവും അയച്ചു തരാം.

മരങ്ങാട്ടുനമ്പൂതിരി ബദരീനാഥത്തിൽനിന്നു് അയച്ച ഒരെഴുത്തു് കുറേ നാൾക്കുമുമ്പേ ഇവിടെ വന്നുചേൎന്നുവെങ്കിലും, അതു് എൻെറ ദൃഷ്ടിയിൽപ്പെട്ടില്ല; കുട്ടികളിലാരോ എടുത്തു കളഞ്ഞു. നമ്പൂതിരിയുടെ മേൽവിലാസം എന്താണു്?

പങ്കിപരിണയം അച്ചടിച്ചതു് ഒരു കോപ്പി കിട്ടിയാൽ നന്നു്.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 58)*

# സ്വന്തംകാര്യങ്ങൾ പിന്നീടാവട്ടെ

വള്ളത്തോൾ

ചെറുതുരുത്തി
5-12-1941

പ്രിയ സുഹൃത്തെ,

ന്യൂഡൽഹിയിൽനിന്നയച്ച എഴുത്തിന്നു ഞാൻ മറുപടി അയയ്ക്കാഞ്ഞതു് താങ്കൾ ബിക്കാനീറിൽ വന്നാൽ വീണ്ടും എഴുതുമെന്നു കണ്ടതിനാലാണു്. പിന്നത്തെ എഴുത്തു് ഇന്നലെ കിട്ടി. 100 ക.യുടെ ചെക്കോടുകൂടി അച്ചുവിന്നയച്ച എഴുത്തു് അയാൾ എന്നെ കാണിച്ചു. ചെക്കു ഞാൻ മാററി; പണം ഇന്നു് അപ്പുവിൻെറ പക്കൽ കൊടുത്തു്, അയാളെ, ലക്ഷ്മിയെക്കൂട്ടിക്കൊണ്ടു വരുവാനായിതലശ്ശേരിക്കയയ്ക്കുകയും ചെയ്തു. അവർ നാളെയോ മററന്നാളോ, എൻെറ അടുക്കൽ വന്നു് ബോംബയ്ക്കു പുറപ്പെടുമെന്നു വിശ്വസിക്കുന്നു. ലക്ഷ്മി തനിയെ ബോംബയിൽ താമസിക്കുന്നതു് അച്ഛനമ്മമാൎക്കു് ഉൽകണ്ഠാജനകമാണുപോൽ. ആ സാധുക്കളെ ആശ്വസിപ്പിപ്പാൻ ശ്രീ. കെ. ടി. ചന്തുനമ്പ്യാൎക്കു ഞാൻ കത്തയച്ചിട്ടുണ്ടു്.

ലക്ഷ്മിക്കു നിവൃത്തിയുള്ളേടത്തോളം വലിയ ശമ്പളം നിശ്ചയിപ്പിക്കുന്നതിലും താങ്കൾ ദയാപൂൎവ്വം ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കേണ്ടതില്ലല്ലോ. അവളുടെ കുടുംബം ചെറുതല്ല; ഒരു വീടും പറമ്പുമുള്ളതു് പണയത്തിലായിരുന്നു; ആ കടം വീട്ടാൻ കുറെ ഉറുപ്പിക(350-ൽപ്പരം) എൻെറ ഒഴിഞ്ഞ മടിശ്ശീലയിൽനിന്നു കൊടുത്തു. ലക്ഷ്മിക്കു നല്ല ശമ്പളം കിട്ടിത്തുടങ്ങിയാൽ അവൾ തിരിച്ചു തരുമായിരിക്കാം.

Digitized By Kerala Sahitya Akademi

ലക്ഷ്മിയുടെ സഹപാഠിനിയായ എൻ. അമ്മിണി(രാഗ്ഗവി) ദേവികാറാണിയുൾപ്പെട്ട ബോംബെടോക്കീസിൽ ചേൎന്ന മലാഡ എന്ന പ്രദേശത്താണു് താമസിക്കുന്നതു്; ലക്ഷ്മിയേയും അവിടെത്തന്നെ പാൎപ്പിക്കാൻ പററുമോ, ആവോ? അതു് അത്ര അകന്ന പ്രദേശമാണല്ലോ. ഇവർ ബോംബയിൽ ചെന്നിട്ട മാനേജരുമായി ആലോചിച്ചു തക്ക ഒരു പാൎപ്പിടം ഏൎപ്പെടുത്തട്ടെ; പാൎപ്പിടം ഏതെന്നു താങ്കളെ അറിയിപ്പാനും അപ്പുവെ ഏല്പിച്ചിട്ടുണ്ടു്.

തങ്കത്തിനേയും ഈ കമ്പനിയിൽത്തന്നെയോ, താങ്കളുടെ കത്തിൽ കാണുന്ന മററു കമ്പനികളിലൊന്നിലോ ചേൎപ്പിക്കുക അത്യാവശ്യം. ഇതുകൂടിക്കഴിഞ്ഞാൽ കലാമണ്ഡലം വിദ്യാൎത്ഥിനികളെക്കുറിച്ചുള്ള എന്റെ ചുമതല തൽക്കാലം ഒഴിഞ്ഞു എന്നു പറയാം. കഥകളിവിദ്യാൎത്ഥികളിൽ മുതിൎന്ന ഒരു വേഷക്കാരനെ ഇയ്യിടെ ശാന്തിനികേതനത്തിലേക്കു നൃത്താദ്ധ്യാപകനായി അയച്ചു. അയാൾക്കു് 60 ക. ശമ്പളം കിട്ടും. തങ്കത്തിന്നു് ഒരു നൂറോ എഴുപത്തിയഞ്ചോ കിട്ടിയാൽ തൃപ്തിപ്പെടാം;എന്നാൽ, കമ്പനിയുടെ ധനസ്ഥിതി നോക്കി, വലിയ ശമ്പളംതന്നെ കൊടുപ്പിക്കാൻ താങ്കൾ മനസ്സിരുത്തുകതന്നെ വേണം

തങ്കവും തനിയെ ബോംബയ്ക്കു പോവുകയില്ല; അതിനാൽ അവളുടെ യാത്രയ്ക്കും വേണം 100 ക. നൂറുകാശെങ്കിലും എടുക്കാനില്ലാത്തവരാണു താനും അക്കൂട്ടർ!

എനിക്കു് എന്നെസ്സംബന്ധിച്ച കാര്യങ്ങൾതന്നെ പലതുമുണ്ടു് താങ്കളോടു പറയാൻ. അതു ക്രിസ്തുമസ് കാലത്താവാമെന്നു് ആശിക്കുന്നു. കേരളസമാജത്തിനു താങ്കൾ മദിരാശിയിൽ വരുമല്ലോ; ഞാനും ചെല്ലാമെന്നേററിട്ടുണ്ടു്. അവിടെവച്ചു് തമ്മിൽ കാണാം. താങ്കൾ സ്വഗൃഹത്തിലേക്കു പോകുന്നില്ലയോ? ആകെ എത്രദിവസം അവധിയുണ്ടാവും? മദിരാശിയിൽ എന്നെത്തും? എത്രനാൾ താമസിക്കും?

ജനുവരി 9, 10, 11 തീയ്യതികളിൽ മദിരാശിയിൽ അമ്മുസ്വാമിനാഥന്റെ മകൾ മൃണാളിനിയുടെ നൃത്തമുണ്ടാവുമത്രെ; അതു കാണത്തക്കവണ്ണം 10-ാംനു-യോ 11-ാംനു-യോ എങ്കിലും മദിരാശിയിൽ ചെന്നു ചേരണമെന്നു ഞാൻ ആഗ്രഹിക്കുന്നുണ്ടു്. മൃണാളിനിയെ ഞാൻ രണ്ടുകൊല്ലങ്ങൾക്കു മുമ്പേ ശാന്തിനികേതനത്തിൽവെച്ചു കണ്ടിട്ടുണ്ടു്; സുന്ദരിയല്ലെങ്കിലും, ദേഹം ഡാൻസിന്നു പററിയതാണു്.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു നമ്പർ 59)*

# കാലത്തിന്റെ കരാളത

വള്ളത്തോൾ

ചെറുതുരുത്തി
23-1-1942

പ്രിയപ്പെട്ട സുഹൃത്തെ,

താങ്കളുടെ യാത്ര സുഖകരംതന്നെയായിരുന്നില്ലേ? ബോംബയിൽവച്ചു ലക്ഷ്മിയെ കണ്ടില്ലേ? അവൾ താങ്കളിൽ നന്ദിവാക്കുകൾ ചൊരിയുന്ന

Digitized By Kerala Sahitya Akademi

ഒരു കത്തെനിക്കു് അയച്ചിട്ടുണ്ടു്. ആ പാവം രക്ഷപ്പെട്ട എന്നു ഞാൻ സമാശ്വസിക്കട്ടെ. അച്ഛ രോഗത്തിലാണു്; തിരിയെ വന്നിട്ടില്ല. ചില മരുന്നുകൾ അയച്ച കൊടുത്തിട്ടുണ്ടു്.

ഞാൻ അസ്വാസ്ഥ്യത്തിൽനിന്നു തികച്ചും മുക്തനായിക്കഴിഞ്ഞിട്ടില്ല; ഇതുമൂലം, താങ്കളുടെ 'സന്ധ്യാരാഗം' ഒന്നോടിച്ചു വായിക്കാനേ കഴിഞ്ഞുള്ളു. തലയ്ക്കു വലിയ തകരാറു്; വായിച്ചാൽ, തലവേദന പുറപ്പെടുന്നു! ഏറ്റവും ഉൽകൃഷ്ടങ്ങളും സരസങ്ങളുമായ വരികൾ സന്ധ്യാരാഗത്തിലുണ്ടു്. ഇത്രയും വേഗത്തിൽ ഇത്രയും മികച്ച പദ്യങ്ങൾ എഴുതുന്ന താങ്കളുടെ പ്രതിഭ ആഹ്ലാദത്തെ മാത്രമല്ല, ആശ്ചര്യത്തെക്കൂടി ജനിപ്പിക്കുന്നു.

'വള്ളത്തോൾ ഗ്രന്ഥാലയ'ത്തിനു കെട്ടിടം പണിയാനുള്ള അര ഏക്കർ നിലം കൊച്ചിഗവണ്മെൻറു് എൻെറ പേരിൽ പതിച്ചു തന്നിട്ടുണ്ടു്. മരാമത്തിനു പണം എവിടെ? ഡാൻസുസംഘത്തെ കൊണ്ടുനടന്നു് ഒരു തുക ശേഖരിക്കാമെന്നായിരുന്നു, ആദ്യത്തെ വിചാരം. അതു് ഈ ഘോരയുദ്ധകാലത്തു നടക്കുന്നതല്ലല്ലോ; ലക്ഷ്മി മുതലായ നർത്തകിമാർ ദൂരപ്പെട്ടും കഴിഞ്ഞു.

താങ്കൾ എന്നെ എങ്ങനെയൊക്കെയാണു് സഹായിപ്പാൻ കരുതുന്നതു്? ശ്രീ. പത്മനാഭൻതമ്പി കലാമണ്ഡലത്തിലേക്കു കൊടുത്ത ആയിരം ൹പ തിരിച്ചു വാങ്ങാനേ അനുവദിച്ചിട്ടുള്ളു; അയ്യായിരം തരുമെന്നാശിച്ചുകൂടാ. ആ ആയിരംതന്നെയും കൊച്ചിഗവണ്മെണ്ടിൽനിന്നു തന്നിട്ടുമില്ല. എപ്പോളാണാവോ തരിക? മരങ്ങാട്ടുനമ്പൂതിരി 1000 ക. തരാമെന്നേററിരുന്നതും കിട്ടുകയില്ലെന്നു തോന്നുന്നു; അദ്ദേഹം ഇല്ലത്തേക്കു തിരിച്ചുപോന്നിരിക്കുന്നുപോൽ. വീണ്ടും ബദരിനാഥത്തിലേക്കു പോകുമോ ആവോ? ശ്രീ. കെ. എസ്സ്. പണ്ടാല സഹായിക്കാമെന്നേററിട്ടുണ്ടു്. എന്നാലതു് ഒട്ടും വലുതാകയില്ല.

എനിക്കൊരു പഴഞ്ചനാശയം തോന്നുന്നു. താങ്കളുടെ അധീനതയിലുള്ള നാലഞ്ചു മഹാരാജാക്കന്മാരെ ചെന്നു കണ്ടു് സംസ്കൃതശ്ലോകങ്ങളെ ഉപഹാരമായി സമർപ്പിച്ചാൽ, അവരിൽനിന്നു ഓരോ തുക സംഭാവനയായി കിട്ടുകയില്ലയോ? താങ്കളുടെ പ്രേരണയുണ്ടായാൽ, അവർ തീരെ ഉപേക്ഷിക്കില്ലെന്നാണു്, എൻെറ വിശ്വാസം. ഇതിൽ, താങ്കളുടെ അഭിപ്രായം എന്താണു്? എങ്ങനെയെങ്കിലും ഒരെണ്ണായിരം ഉറപ്പിക്ക താങ്കളുടെ ഒത്താശയാൽ കൈവരുമെന്നു് ഉറപ്പുണ്ടായാലേ, മരാമത്തിനു ശ്രമിപ്പാൻ ഞാൻ ധൈര്യപ്പെടുകയുള്ളു. താങ്കൾ സർ സി. പി. യെ ഒന്നു പ്രേരിപ്പിച്ചാൽ, തിരുവിതാംകൂർ മഹാരാജാവും അല്പം പ്രസാദിച്ചേക്കാം. എങ്ങനെയൊക്കെ വേണമെന്നു താങ്കൾതന്നെ തീർച്ചപ്പെടുത്തുക.

ഒരു പാഠപുസ്തകം അച്ചടിക്കേണ്ടുന്ന കാര്യം അച്ഛ താങ്കളെ ധരിപ്പിച്ചതു മറന്നിട്ടില്ലല്ലോ? കടലാസ്സിനു വില ചുരുങ്ങുന്ന തക്കിൽ കടലാസ്സു കെട്ടുകൾ വാങ്ങിവെപ്പാൻ മദിരാശിയിൽ ഒരു സ്നേഹിതനെ ഏല്പിച്ചിട്ടുണ്ടു്. വില ചുരുങ്ങാത്തപക്ഷം ആയിരത്തിൽ കുറയാതെ ഉറപ്പിക്ക വേണ്ടിവരും. വേണ്ടുന്ന സംഖ്യയ്ക്കു ഞാൻ താങ്കൾക്കു കമ്പിയടിക്കും; അപ്പോൾ ഒരു ചെക്കു് അയച്ചുതരാൻ അമാന്താക്കരുതേ! പണം ഈ 1117-ൻെറ അവസാനത്തിൽത്തന്നെ തിരിച്ചുതരാൻ സാധിക്കുമെന്നറിയാമല്ലോ.

എനിക്കു വാർദ്ധക്യം ഏറുംതോറും പണത്തിടുക്കവും ഏറിവരുന്നു; ഈ

Digitized By Kerala Sahitya Akademi

ഒരു ദുർദശ എന്റെ ആയുഷ്കാലത്തിൽ മുമ്പൊരിക്കലും അനുഭവിച്ചതല്ല. കാലത്തിന്റെ കരാളത!

വിവരങ്ങൾക്കൊക്കെ വൈകാതെ മറുപടി അയയ്ക്കുമല്ലൊ.

സ്വന്തം

വി. നാരായണമേനോൻ

*(കത്ത് നമ്പർ 60)*

# യുദ്ധം കഴിയട്ടെ

വള്ളത്തോൾ

ചെറുതുരുത്തി

7-2-1942

പ്രിയ സുഹൃത്തെ,

താങ്കൾ ജനവരി 26-ാംനു- ന്യൂഡൽഹിയിൽനിന്നും ഫിബ്രവരി 2-ാം നു- ബിക്കാനീറിൽനിന്നും അയച്ച എഴുത്തുകൾ മുറയ്ക്കു വന്നുചേർന്നു.

അപ്പുവിന്റെ (ഗോപാലക്കുറുപ്പല്ല; ബാലകൃഷ്ണൻ എന്നാണയാളുടെ പേർ.) കത്തു ഒന്നുരണ്ടാഴ്ചവട്ടത്തിനിടയ്ക്കു കിട്ടിയിട്ടില്ല; അവിടെ ചികിത്സയ്ക്കു ഏർപ്പാട് ചെയ്യുന്നുണ്ടെന്നു എഴുതിയിരുന്നു. അതിനും വേണമല്ലോ പണം. കഴിയുന്ന വേഗത്തിൽ അയാളെ ഇങ്ങോട്ടു കൊണ്ടുപോരേണ്ടിയിരിക്കുന്നു.

ലക്ഷ്മിയെ അഭിവൃദ്ധിപഥത്തിലാക്കാൻ താങ്കൾ ബുദ്ധിമുട്ടിയതു തികച്ചും എനിക്കറിയാം; അവളും അതു മറക്കില്ലെന്നു വിശ്വസിക്കുന്നു. പരോപകാരം ചെയ്യുന്നതിൽനിന്നുണ്ടാകുന്ന ക്ലേശം മഹാന്മാർക്കു സുഖമായേ തോന്നൂ. ('പരോപകാരപ്രഭവം ഹി ദുഃഖം പുംസഃസുഖായൈവ മഹത്തരസ്യ.') എന്നൊരു ശ്ലോകാർദ്ധമുണ്ടു്, 'ശ്രീകൃഷ്ണവിലാസ'കാവ്യത്തിൽ. ഇതോർത്തു്, താങ്കളെ ശല്യപ്പെടുത്തിയ ഞാൻ സമാശ്വസിക്കട്ടെ.

ടെക്സ്റ്റ് ബുക്കു് അച്ചടിക്കാൻ 500 ക. ആണു് അച്ഛ പറഞ്ഞതു്, അന്നത്തെ കടലാസ്സുവില കരുതിയായിരിക്കും. എന്നാൽ വില വീണ്ടും വർദ്ധിച്ചിരിക്കുന്നു! താങ്കൾക്കു് അസൗകര്യമുള്ളപക്ഷം 500 ക. തന്നാൽ മതി. ഞാൻ മററുവഴികളിലൂടെയും ശ്രമിച്ചുനോക്കുന്നുണ്ടു്. ഞാൻ നാലുനാൾക്കു മുമ്പെ ദേശമംഗലത്തു മനയ്ക്കൽ, ക്ഷണനമനുസരിച്ചു പോയിരുന്നു. നമ്പൂരിപ്പാടുമായി വെടി പറയുന്നതിന്നിടയിൽ, എന്റെ ടെക്സ്റ്റ്ബുക്കടിക്കാര്യവും വന്നു ചാടി. 'പണം വളരെ വേണമല്ലൊ അച്ചടിപ്പാൻ' എന്നിങ്ങനെ അദ്ദേഹം സഹതപിച്ചപ്പോൾ, ഞാൻ പറഞ്ഞു: 'എനിക്കു രണ്ടു പണപ്പെട്ടിയുണ്ടു്, ശ്രീ കെ. എം. പണിക്കരും കൊളാടി രാമമേനോനും' അപ്പോൾ നമ്പൂതിരിപ്പാടു് ഒട്ടത്ഭുതത്തോടെ, 'പണിക്കർ പണം തരുമോ?' എന്നു ചോദിച്ചു;'ഞാനാവശ്യപ്പെട്ടാൽ തരും' എന്നു ഞാൻ മറുപടിയും പറഞ്ഞു. കൊളാടിയും എന്നെ കടം തന്നു സഹായിക്കാറുണ്ടു്.

Digitized By Kerala Sahitya Akademi

താങ്കൾ നിർദ്ദേശിച്ച പുസ്തകം ഇക്കാലത്തു് എങ്ങനെ അച്ചടിപ്പിക്കും? രാമായണത്തിന്റെ അച്ചടിതന്നെയും, താങ്കളുടെ ഉപദേശമനുസരിച്ചു്, നീട്ടിവെച്ചുകഴിഞ്ഞു. ഒരു സമുച്ചയപുസ്തകം 2 ക. വിലയ്ക്കു തയ്യാറാക്കിയാലും, കാലവൈഷമ്യമോർത്താൽ, വില്പനയ്ക്കു ഞാൻതന്നെ ചുററി നടക്കേണ്ടിവരും. ആ ചുററിനടക്കൽ രാമായണത്തിനായിട്ടല്ലേ ഏററെ നല്ലതു്? രാമായണത്തിനു് അഞ്ചുറുപ്പാ വിലയിടാം; തിരുവനന്തപുരം, മദിരാശി, കോഴിക്കോടു് എന്നീ പട്ടണങ്ങളിൽ മുമ്പു് രാമായണം വിററിട്ടില്ലാതാനും. മൂന്നിടത്തുംകൂടി ഒരു നാനൂറു പ്രതി വില്പിക്കാമെന്നു തോന്നുന്നു. എന്നാൽ, ഇതുകൊണ്ടും മരാമത്തിനു് ഒന്നും ശേഷിക്കുകയില്ല. അതിനാൽ, രാമായണമോ, മറേറ പുസ്തകമോ, അച്ചടിക്കുക നിർത്തിവെക്കുകതന്നെ. ടെക്സ്റ്റുബുക്കു് അച്ചടിക്കാതെ കഴിയില്ലല്ലൊ, അതടുത്ത മേടത്തിൽ വേണംതാനും.

വി. പത്മനാഭൻതമ്പി കലാമണ്ഡലത്തിനു കൊടുത്ത 1000 ക. തിരിയെ വാങ്ങി എനിക്കു തരാമെന്നാണല്ലൊ നിശ്ചയിച്ചിരുന്നതു്; എന്നാൽ, ഇപ്പോൾ, ആ പണം തിരിയെ വാങ്ങേണ്ടാ എന്നു നിശ്ചയിച്ചിരിക്കുന്നുപോൽ. അങ്ങനെ ആ ആയിരവും കിട്ടില്ലെന്നായി! ഞാൻ വീണ്ടും നേരിട്ടു കണ്ടപേക്ഷിച്ചാൽ, അദ്ദേഹം വല്ലതും തരുമോ ആവോ! എന്നെ സഹായിപ്പാൻ, യുദ്ധം കഴിഞ്ഞേ താങ്കൾ ശക്തനാകൂ എങ്കിൽ, ഞാൻ ഇപ്പോൾ മരാമത്തിനൊരുമ്പെടുന്നില്ല; ക്ഷമിച്ചിരിക്കാം.

'സന്ധ്യാരാഗം' ഒന്നോടിച്ചു വായിച്ചതേയുള്ളു. മനോസുഖം തിരുത്തണം; മനസ്സിന്റെ അസുഖമെന്നാണു് അതിന്നർത്ഥം. മനസ്സുഖം എന്നതിനു പകരം മനോസുഖം കൊണ്ടുവന്നതു ശ്രീ സി. വി. രാമൻപിള്ളയാണു്. സന്ധ്യാരാഗം ഒന്നുകൂടി സശ്രദ്ധം വായിക്കേണ്ടിയിരിക്കുന്നു; എന്നാൽ, പുസ്തകം ആരോ കൊണ്ടുപോയിരിക്കയാണു്.

താങ്കളുടെ കാവ്യത്തിന്റെ പേർ മഹാവീരചരിതം എന്നുതന്നെയാണോ, താങ്കൾക്കിഷ്ടം? അതേപേരിൽ വേറെ പുസ്തകങ്ങളില്ലയോ? പേർ മാററണമെന്നു് ഒരഭിപ്രായം എനിക്കില്ലായ്കയില്ല. ഇതിനെപ്പററിയും ഒന്നാലോചിപ്പാനപേക്ഷ.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 61)*

# വ്യാകരണലംഘനങ്ങൾ

വള്ളത്തോൾ

ചെറുതുരുത്തി
18-3-1942

പ്രിയ സുഹൃത്തെ,

താങ്കൾ ഫിബ്രവരി 15-ാംതീയതിയും അതിനുമുമ്പും അയച്ച രണ്ടെഴുത്തുകൾക്കുള്ള മറുപടിയാണിതെന്നു്, ഞാൻ, എന്റെ അലസതയ്ക്കു മാപ്പു ചോദിച്ചുംകൊണ്ടു് അറിയിച്ചുകൊള്ളട്ടെ.

Digitized By Kerala Sahitya Akademi

ലക്ഷ്മി ചേക്കപ്പെട്ട ഒരു കമ്പനി രജിസ്റ്റർ ചെയ്യില്ലത്രെ. അതിൻെറ മാനേജർ മററൊരു കമ്പനി രജിസ്റ്റർ ചെയ്തു. അതിലാണു് ഇപ്പോാം ലക്ഷ്മി. അവാംക്കു് ഇതേവരെ ശമ്പളവും കിട്ടിയിട്ടില്ലത്രെ. ആകപ്പാടെ നില ഉറപ്പില്ലെന്നു വരുമോ? എനിക്കൊരു പരിഭ്രമം.

'മാത്താണ്ഡവമ്മ' പുറത്തായിട്ടു വർഷങ്ങാം വളരെ കഴിഞ്ഞു. എന്നാൽ 'മനോസുഖ'ത്തെ പകത്തെടുത്തവർ പത്തുപേരുണ്ടാവില്ല. 'മനോസുഖം' എന്നു കേട്ടാൽ മനസ്സിൻെറ അസുഖം എന്നുതന്നെയാണുതാനും മിക്ക മലയാളികളും ധരിക്കുക. ഇതൊക്കെ കൊണ്ടാണു് മനഃസുഖംതന്നെയാണു സുഖം എന്നെനിക്കു തോന്നിയതു്. ഹിന്ദി, പ്രാകൃതത്തെയല്ലയോ അധികം അനുസരിക്കുന്നതു്? മലയാണ്മയോ, സംസ്കൃതപദങ്ങളെ തൽസമത്വേനതന്നെ ഉപയോഗിച്ചുവരുന്ന ഒരു ഭാഷയാണു്. രണ്ടും തമ്മിൽ വലിയ വ്യത്യാസം ഇല്ലേ? (എനിക്കു ഹിന്ദി തികച്ചും അറിഞ്ഞുകൂടാ.) മലയാളഭാഷ സംസ്കൃതപദങ്ങളെ എടുക്കുന്നതു് ഹിന്ദിയുടെ ചട്ടമനുസരിച്ചായാൽ പന്തികേടു പററിയേക്കാം. ഭാഷയ്ക്കു വളച്ച്യുണ്ടാകാൻ സംസ്കൃതവ്യാകരണലംഘനമാകാമെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ മനസുഖത്തെ മനോസുഖമാക്കുന്നതും മററും വളച്ച്യുതകുമോ? പ്രാസംഗികനും പ്രസംഗകനും അപശബ്ദങ്ങാംതന്നെ. പ്രസംഗം (അതിയായ സംഗം) പ്രഭാഷണം എന്നത്ഥത്തിൽ സംസ്കൃതമല്ല, മലയാളപദമാണു്. ഈ മലയാളനാമപദത്തിന്മേൽ പ്രാസംഗികനെ (പ്രാസംഗികം=പ്രസ്താവപ്രാപ്യം) ഉണ്ടാക്കുന്നതു് സാധുവെങ്കിൽ, ചന്തം എന്ന മലയാളപദത്തെ പിടിച്ചു ചാന്തികനാക്കുകയും മററും ചെയ്യുകൂടെയോ? 'പോക്കാംചക്രേ' എന്നും മററും മലയാണ്മയെ സംസ്കൃതീകരിച്ചിരുന്ന വികൃതകാലം കഴിഞ്ഞുപോയല്ലൊ. പ്രസംഗത്തെ മലയാളപദമായിത്തന്നെ ഗണിക്കണം. അപ്പോാം പ്രാസംഗികൻ വികൃതപദംതന്നെ. പ്രസംഗകനോ, അതിലുമധികം വികൃതം.

'കൃഷ്ണവിലാസം' നിമ്മിച്ച കവിയുടെ പേർ സുകമാരൻ എന്നാണത്രെ. അല്ലെങ്കിൽ സുകമാരൻ എന്നുകൂടി അദ്ദേഹത്തിനു പേരുണ്ടു്.

'യത്രോദ്യതാനാം കസുമാപചായേ
കാന്താ സുകല്പദ്രുമവാടികാസു
വിഭാന്തി സുത്രാമഹയാസിനീനാം
പദാനി ലാക്ഷാരസപാടലാനി'

എന്നും മററുമുള്ള സുകമാരശ്ലോകങ്ങാം എഴുതിയ കവി സുകമാരനാമത്തിന്നഹൻതന്നെ.

'ബെഭാരഹാരം കചയോന്ന തന്വീ
നപാദയോർന്നൂപുരമാ മുമോച
ദധൗ മണിം ഭാരഭിയാ ന മൗലൗ
തദേവ കൈവല്യമഭൂഷയത്താം.'

എന്ന ഗർഭവണ്ണനശ്ലോകത്തിൻെറ നാലാം പാദം ഒരു കുട്ടിക്കാളിദാസന്നേ എഴുതുവാൻ സാധിക്കൂ.

'രാഷ്ട്രോഢവംശം' നന്നോ? നന്നെങ്കിൽ എനിക്കും വായിപ്പാൻ സദയം തരിക.

Digitized By Kerala Sahitya Akademi

താങ്കളുടെ സാരവത്തായ ഉപദേശമനുസരിച്ച് ഞാൻ രാമായണത്തിന്റെ അച്ചടിയും മരാമത്തും നിർത്തിവെക്കുകതന്നെ ചെയ്തു. വൈദ്യരത്നം പി.എസ്. വാര്യരും മരാമത്തു തുടങ്ങാതിരിപ്പാൻ ഉപദേശിച്ചിരിക്കുന്നു. മരാമത്തിനു പ്രധാന സാഹായ്യം താങ്കളിൽനിന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതിന്നു യുദ്ധം അവസാനിക്കണമെന്നു താങ്കൾ എഴുതിയിരുന്നല്ലൊ.

എന്നാൽ പാഠപുസ്തകത്തിന്റെ അച്ചടി അപരിഹാര്യമാണല്ലൊ; അതിന്ന് 500 ക. തരാമെന്നു താങ്കൾ സ്നേഹപൂർവ്വം സമ്മതിച്ചതിനാൽ ആശ്വസിച്ചിരിക്കയാണു ഞാൻ. എഴുത്തോ കമ്പിയോ അവിടെ കിട്ടിയാൽ അപ്പോൾ ചെക്കയച്ചേക്കണം.

എന്റെ രാമായണപരിശോധന കഷ്ടിച്ചു പകുതിയായി; ബാക്കി കൂടി തീർന്നാൽ അപ്പോൾ 'മലയാളം' എഴുതുവാൻ തുടങ്ങാം. അതിന്നു താങ്കളിൽനിന്നു വളരെ വളരെ ഉപദേശങ്ങൾ എനിക്കു കിട്ടേണ്ടതുണ്ട്. ഏതാണ്ട് 118-ാമാണ്ടിൽ തുടങ്ങണമെന്നാണാശ.

ജഗദംബിക പ്രസാദിക്കട്ടെ.

സ്വന്തം
വി. നാരായണമേനോൻ
(*കത്ത്നമ്പർ 62*)

# ദാരിദ്ര്യം നിറഞ്ഞ വിഷു

വള്ളത്തോൾ

ചെറുതുരുത്തി
13-4-1942

പ്രിയ സുഹൃത്തെ,

ഞാൻ ഒരു മാസത്തോളംകാലത്തിനുമുമ്പേ ഒരു സവിസ്തരമായ, (പല വിഷയങ്ങളടങ്ങിയ) എഴുത്ത് താങ്കൾക്കയച്ചതു കിട്ടിയില്ലയോ? താങ്കൾ സർ ക്രിപ്സിന്റെ ആഗമനംമൂലം ഡൽഹിയിലായിരിക്കുമെന്നും അതുകൊണ്ടാവാം മറുപടി അയയ്ക്കാത്തതെന്നുമാണ് ഞാൻ ഊഹിച്ചിരുന്നത്. എന്നാൽ 8-ാം നു- അമ്പലപ്പുഴ പി.കെ. സ്മാരകവായനശാലാ വാർഷികയോഗത്തിന്നു പോയിരുന്ന എന്നോടു ഗോപിനാഥൻനായർ പറഞ്ഞതു് താങ്കൾ ഡൽഹിയിൽനിന്നു ബിക്കാനീറിൽ തിരിച്ചെത്തിയിരിക്കുന്നു എന്നും എന്നോട് അന്വേഷണം പറയാൻ അയാൾക്കെഴുതിയിട്ടുണ്ടെന്നു മാണ്.

അമ്പലപ്പുഴസമ്മേളനം അതികേമം. മൂവായിരത്തിൽപ്പരം ആളുകൾ കൂടിയിരുന്നു. ഉത്സവകാലവുമാണല്ലൊ. ഞാൻ ഏഴാംതീയതി വൈകുന്നേരം ചെന്നു. എട്ടാംതീയതി രാത്രി തിരിച്ചുംപോന്നു. ചൂടിന്റെ കടുപ്പംകൊണ്ട് കാവാലത്തിനു പോകാൻ കരുതിയിരുന്നതു് വേണ്ടെന്നു വെക്കേണ്ടിവന്നു. സഭായോഗത്തിൽ അരമുക്കാൽ മണിക്കൂറിട പ്രസംഗം

Digitized By Kerala Sahitya Akademi

വായിച്ചപ്പോഴേക്കും എനിക്ക തലചുററിലും കൺമഞ്ഞളിപ്പും പറ്റിപ്പോയതിനാൽ, ബാക്കിഭാഗം ഗോപിനാഥൻനായരെക്കൊണ്ടു വായിപ്പിക്കേണ്ടിവന്നു. ഇത്രയും കഠോരമായിരിക്കുന്നു വേനൽച്ചൂട്.

ഞാനിപ്പോൾ വെറുതെ സമയം കഴിച്ചുകൂട്ടുകയാണ്. ഈ കടുംചൂടിൽ ഒരു ജോലിയും എടുക്കാവുന്നതല്ല, വലിയ ക്ഷീണവും. ശ്രീ. ശങ്കരൻ നമ്പ്യാരുടെ 'പ്രസ്ഥാനത്രയം' (ഗീതം, ഗീതകം, സ്വഗതാഖ്യാനം) ഒരു പ്രതി എനിക്ക കിട്ടിയിട്ടുണ്ട്. താങ്കൾക്കും കിട്ടിയിരിക്കുമല്ലൊ. സംസ്കൃതം കുറെ ഏറിപ്പോയി എന്നു തോന്നി. താങ്കളുടെ 'മഹാവീരചരിതം' എഴുത്തു നടക്കുന്നില്ലേ? അവിടെയും കടുംചൂടു തുടങ്ങിയിരിക്കാം.

ലക്ഷ്മിയുടെ സങ്കടം ഇപ്പോഴും തീൎന്നിട്ടില്ല. ശമ്പളം മാനേജർ കൊടുക്കുന്നില്ല എന്ന് അവൾ താങ്കളെ അറിയിച്ചിരുന്നല്ലൊ. വ്യവഹാരം കൊടുപ്പാൻ പണമെവിടെ? അവൾ അനുജനെക്കൂടി കൂടെ താമസിപ്പിച്ചതിനാൽ നിത്യച്ചിലവും ഏറിയിരിക്കുന്നു. അവളുടെ നില ഒന്നുറപ്പിക്കാൻ താങ്കൾതന്നെ സദയം ശ്രദ്ധിച്ചേ കഴിയൂ. ക്ഷേണച്ചിലവിനു വല്ലതും അയച്ചുകൊടുപ്പാൻതന്നെയും ഞാനിപ്പോൾ ശക്തനല്ലാത്തതിനാൽ വലിയ വ്യസനമുണ്ട്. താങ്കൾ തൽക്കാലം ഒരു അമ്പതു റുപ്പികകൂടി അയച്ചുകൊടുത്ത് ആ സാധുപ്പെണ്ണിനെ സഹായിക്കണമെന്നപേക്ഷ. വേറെ വഴിയൊന്നുമില്ല. താങ്കൾ അത്രയൊക്കെ ശ്രമിച്ചിട്ടും അവൾ കഷ്ടപ്പാടിൽ നിന്നും കരകയറാത്തതു് തലയിലെഴുത്തെന്നേ പറയേണ്ടു.

എനിക്ക താങ്കൾ 500 ക. വായ്പയായി തരാൻ നിശ്ചയിച്ചിട്ടുണ്ടല്ലൊ. അതിൽ 300 ക.യുടെ ഒരു ചെക്ക മതി തല്ക്കാലം എന്നു വെക്കാം. പാഠപുസ്തകത്തിന്റെ അച്ചടി ഒരു കരാറിന്മേൽ മംഗളോദയക്കാൎക്ക കൊടുക്കാമെന്നു മുക്കാലും തീർച്ചപ്പെടുത്തിയിരിക്കുന്നു. താങ്കളിൽനിന്നു കിട്ടാൻപോകുന്ന 300 ക. 'അച്ഛനും മകളും,' 'മറിയം' എന്നിവ അച്ചടിപ്പിക്കാൻ വിനിയോഗിക്കാം. ഈ പുസ്തകങ്ങൾ രണ്ടും തീൎന്നുപോയിരിക്കുന്നു. അച്ചടിപ്പിക്കാതെ കഴിയില്ലല്ലൊ. അതിനാൽ 300 ക.യുടെ ഒരു ചെക്ക്എനിക്കും, 50 ക.യുടെ ഒരു ചെക്ക് ലക്ഷ്മിക്കും പ്രഥമസൗകര്യത്തിൽതന്നെ അയപ്പാൻ ദയയുണ്ടാകണം. ലക്ഷ്മിയുടെ നിസ്സഹായത നീങ്ങിയിട്ടില്ലാ യ്കയാൽ, ഒരുവിധം രോഗനിൎമ്മുക്തനായിത്തീൎന്ന ബാലകൃഷ്ണൻ ബോംബ വിടാതെ കൂടിയിരിക്കയാണ്. അയാളും അവിടെ എങ്ങനെ നാൾ കഴിക്കും? എല്ലാംകൂടെ എനിക്ക സഹിച്ചുകൂടാത്ത മനോവേദന!

അപ്പൻതമ്പുരാൻസ്മാരകമായ മംഗളോദയംമാസികപത്രത്തിന്റെ ഒന്നാംലക്കം അച്ചടിച്ചു തയ്യാറായിരിക്കുന്നപോൽ; ഗവമ്മെണ്ട് അനുവാദം കിട്ടിയിട്ടില്ലായ്കയാലാണ്, പുറത്തിറക്കാത്തതു്.

വിദേശങ്ങളിലെ—വിശേഷിച്ചു സമുദ്രതീരനഗരങ്ങളിലെ മലയാളികൾ നാൾതോറും ആയിരക്കണക്കായി വന്നുചേരുന്നതുകൊണ്ടു് നമ്മുടെ രാജ്യം തിങ്ങിവിങ്ങിക്കഴിഞ്ഞിരിക്കുന്നു; ദാരിദ്ര്യവും നിറഞ്ഞുകഴിഞ്ഞു! നാളെ വിഷുവാണ്.

ഇനിയുമുണ്ട് ഒരു നൂറുകൂട്ടം എഴുതാൻ. എന്നാൽ എന്റെ ദേഹം ഇതാ വിയപ്പിൽ മുഴുകുന്നു. അതിനാൽ നിൎത്തട്ടെ. ബാക്കിയെല്ലാം മറുപടിക്കു മേൽ.

സ്വന്തം
നാരായണമേനോൻ

Digitized By Kerala Sahitya Akademi

P.S. പ്രസിദ്ധ സിനിമക്കാരി ലീലാദേശായി ബോംബയിലുണ്ടത്രെ. ആ യുവതിക്ക ലക്ഷ്മിയെ സഹായിപ്പാൻ ഒരെഴുത്തയച്ചാലോ? ആ സ്ത്രീക്ക കലാമണ്ഡലശിഷ്യാത്വം കുറച്ചൊന്നുണ്ട്. എൻെറ സ്നേഹിതയുമാണ്. താങ്കൾ ആ സ്ത്രീയെ അറിയില്ലയോ?

*(കത്ത് നമ്പർ 63)*

# കഥാസരിൽസാഗരം

വള്ളത്തോൾ

ചെറുതുരുത്തി
27-4-1942

പ്രിയ സുഹൃത്തേ,

300 ക.യുടെ ചെക്കോടുകൂടി 19-ാം നു- താങ്കൾ സദയം അയച്ച എഴുത്തു മിനിഞ്ഞാന്നിവിടെ കിട്ടി. താങ്കളുടെ 9-ാം നു-ലെ എഴുത്തിന്നു ഞാൻ മറുപടി അയയ്ക്കാഞ്ഞതു് അതിന്നുമുമ്പ് ഞാൻ അങ്ങോട്ടയച്ച എഴുത്തിൻെറ ഈ മറുപടി കിട്ടിയിട്ടാവാം എന്നു കരുതിയതിനാലാണ്. ലക്ഷ്മിക്ക പണം അയച്ചുകൊടുത്തതും വലിയ ഉപകാരമായി. അവളുടെ നില സ്ഥിരമാക്കാൻ താങ്കൾ ബോംബയിലേക്ക പോകുമെങ്കിൽ എളുപ്പം കൂടും.

'കഥാസരിത്സാഗരത്തി'ൻെറ ഒരു സംക്ഷിപ്ത ഗദ്യതർജ്ജമ (കുററിപ്പുറത്തു കിട്ടുണ്ണിനായരുടെ വക) വളരെ സംവത്സരങ്ങൾക്കമുമ്പ് പുറത്തായിട്ടുണ്ട്. എന്നാൽ അതിന്നു പ്രചാരം കുറയും. അത്യന്തം കമനീയവും അലങ്കാരപ്രചുരവുമായ ആ കഥാകാവ്യം വൃത്താനുവൃത്തമായി തർജ്ജമചെയ്യുക കുഞ്ഞിക്കുട്ടൻതമ്പുരാനുതന്നെയും സുസാദ്ധ്യമല്ലെന്നാണ്, മുപ്പതിൽപ്പരം കൊല്ലങ്ങൾക്കമുമ്പ് മുഴുവൻ വായിച്ചതിൽ എനിക്ക തോന്നിയിട്ടുള്ളതു്. മററൊരു വൃത്തത്തിലായാൽ മൂലത്തിൻെറ ഭംഗി പൊയ്പ്പോകുമെന്നും ഞാൻ ഭയപ്പെടുന്നു. താങ്കൾ മുഴുവൻ വായിച്ചുവോ? ഗുണാഢ്യൻെറ ബൃഹൽക്കഥ ഇപ്പോൾ ഇല്ലയോ? ബൃഹൽക്കഥയുടെ പേരേ ഞാൻ കേട്ടിട്ടുള്ളു. ബൃഹൽക്കഥയുടെ കാലംശത്തിന്നേയുള്ളു കഥാസരിത്സാഗരം എന്നു കുഞ്ഞിക്കുട്ടൻതമ്പുരാൻ പറയാറുണ്ടായിരുന്നു. ഞാൻ ഒരാവത്തിയേ 'സാഗരം' വായിച്ചിട്ടുള്ളു. ആ വായനയാൽ കണ്ടെത്തിയ കഥയാണു 'ചിത്രയോഗ'ത്തിലേതെന്നറിയാമല്ലൊ. 'ബൃഹൽക്കഥാമഞ്ജരി' എന്നൊരു പുസ്തകം ബോംബെ നിർണ്ണയസാഗരപ്രസ്സിലുണ്ട്. ഞാൻ വായിച്ചിട്ടില്ല.

അമ്പലപ്പുഴ പി. കെ. സ്മാരകവാർഷികയോഗത്തിൽ മുണ്ടശ്ശേരിയും കുററിപ്പുഴയുമായിരുന്നു പ്രസംഗക്കാർ. എൻെറ അദ്ധ്യക്ഷപ്രസംഗം അച്ചടിച്ചതിൻെറ ഒരു പ്രതി താങ്കൾക്കയച്ചിട്ടുണ്ടെന്നു ഗോപിനാഥൻനായർ എനിക്കെഴുതിയിരുന്നു.

ഇവിടങ്ങളിൽ ഇന്നലെയും മിനിഞ്ഞാന്നും കുറച്ചു മഴ ഉണ്ടായതി

Digitized By Kerala Sahitya Akademi

നാൽചൂട കുറെ കുറഞ്ഞിട്ടുണ്ട്. ഞാൻ വീണ്ടും രാമായണപരിശോധനയിൽ പ്രവേശിച്ചിരിക്കുന്നു.

താങ്കളുടെ കാവ്യം രണ്ടുവാല്യമായി പുറത്താക്കാനാണോ വിചാരിക്കുന്നതു്? എൻെറ ഒരു പഴയ സുഹൃത്തായ ചിദംബരൻപിള്ളയുടെ ഒരു സുദീർഘമായ എഴുത്തു് ഇതിൽ വെക്കുന്നു. ഇയാളുടെ അപേക്ഷ സദയം നിറവേററിക്കൊടുക്കാൻ വഴിയുണ്ടോ? ഇങ്ങനെ ഉദ്യോഗകാംക്ഷികറം എന്നെ ചുഴന്നുകൂടുന്നു. ഞാൻ എന്തു ചെയ്യാനാണു്?

മററന്നാറം കെ. എസ്സ്. പണ്ടാലയുടെ മകളുടെ വിവാഹമാണു്. വേഴ്ചയ്ക്കു പോകേണ്ടതുതന്നെ. എന്നാൽ ദൂരയാത്രയ്ക്കു പററിയതല്ല ഈ അവസരം. ഇന്നലെ തൃശ്ശൂർപൂരമായിരുന്നു. അതിനുപോലും ഞാൻ പോയില്ല. തൃശ്ശൂർനഗരം വിദേശങ്ങളിൽനിന്നും യുദ്ധഭയത്താൽ തിരിച്ചുപോന്ന മലയാളികളാൽ വിശേഷിച്ചും നിബിഡമായിത്തീന്നിരിക്കുന്നു. മദിരാശിനഗരം മുൻനിലയിലേക്കെത്താൻ തുടങ്ങിയിരിക്കുന്നു എന്നാണു പത്രങ്ങളിൽ കാണുന്നതു്.

സ്വന്തം
നാരായണമേനോൻ

P.S. താങ്കറം ഒരു ജൈനമഹാകാവ്യം വായിക്കുകയാണെന്നു് എഴുതിയിരുന്നല്ലൊ. അതു നന്നെങ്കിൽ എനിക്കും ഒരാവത്തി വായിപ്പാൻ തരണം. 21,000 (23,000?) ശ്ലോകങ്ങളുള്ള വിഷ്ണുമഹാപുരാണം താങ്കറം കണ്ടിട്ടുണ്ടോ? ഞാൻ കാശിയിൽ ഒരു ബുക്കുഡിപ്പോവിൽ നാലഞ്ചു കൊല്ലങ്ങറംക്കുമുമ്പേ കാണുകയുണ്ടായി. തിരിച്ചുപോരുമ്പോറം വാങ്ങുവാൻ മറന്നു. 17 ക. യാണു വില പറഞ്ഞതെന്നോക്കുന്നു. ഈ വിഷ്ണുപുരാണം അവലംബിച്ചാണത്രെ കാളിദാസൻ രഘുവംശം നിമ്മിച്ചതു്. അഷ്ടാദശപുരാണങ്ങളിൽ പ്രാധാന്യവും പഴക്കവും ഇതിന്നേറുമെന്നും പറയുന്നു.

ഈ പുരാണം അഞ്ചുപേരുടെ പഴയ വ്യാഖ്യാനങ്ങളോടുകൂടി മാസികയായി പ്രസിദ്ധപ്പെടുത്താൻ കുംഭകോണത്തു് ഒരു ശാസ്ത്രി ആരംഭിക്കുകയുണ്ടായി. എന്നാൽ നാലഞ്ചു ലക്കമേ പുറത്തായുള്ളു. ഈ പുസ്തകത്തിൻെറ ഒരു പ്രതി കിട്ടാൻ എനിക്കു വളരെ താല്പര്യമുണ്ടു്. ഇതിനെ സംബന്ധിച്ച വിവരംകൂടി മറുപടിയിൽ കാണിപ്പാനപേക്ഷ.

*(കത്തു് നമ്പർ 64)*

# ബൃഹത്കഥ

വള്ളത്തോറം

ചെറുതുരുത്തി
13-5-1942

പ്രിയ സുഹൃത്തെ,

താങ്കളുടെ 3-ാംനു-ത്തെ എഴുത്തു് 10-ാനു- ഇവിടെ കിട്ടി. ബിക്കാനീർ മഹാരാജാവിൻെറ ഗ്രന്ഥപ്പുരയിലൊന്നു മുങ്ങാൻ എനിക്കു് കുറച്ചൊന്നുമല്ല

Digitized By Kerala Sahitya Akademi

കൊതി. എന്നാൽ അങ്ങോട്ടു വരാൻ വഴിച്ചെലവിനും പണം വേണ്ടയോ! രണ്ടാംക്ലാസ്സിലേ യാത്ര സാദ്ധ്യമാകൂ. ഒരു കൂട്ടുകാരനും കൂടാതെ കഴിയില്ല. ഒരഞ്ഞൂറുറുപ്പിക ചെലവുവരാം; അതു കയ്യിലുണ്ടെങ്കിൽ, എൻെറ കടങ്ങാം കുറെ വീട്ടാമായിരുന്നു. എങ്കിലും ഞാൻ ശ്രമിച്ചുനോക്കാം.

കഥാസരിൽസാഗരത്തിലെ നളചരിതവും, ബൃഹൽക്കഥയെ സംബന്ധിച്ച ഐതിഹ്യവും (ഇതു ഞാൻ പണ്ടു കേട്ടിട്ടുണ്ട്.) ഞാൻ മറന്നു പോയിരുന്നു. ബൃഹൽകഥയിൽനിന്നുതന്നെയാണ് കാളിദാസനു് ഉദയനകഥ മനസ്സിലായതെന്നു് കുഞ്ഞിക്കുട്ടൻതമ്പുരാൻ ഒരിക്കൽ പറയുകയുണ്ടായി. കാളിദാസനു വാല്മീകിരാമായണം തുലോം പരിചിതംതന്നെയെന്നാണു് പണ്ഡിതന്മാരുടെ അഭിപ്രായം; വാല്മീകിയുടെ ഛായ കാളിദാസകൃതികളിലെല്ലാം കാണുന്നുമുണ്ടു്. ഭാരതഭാഗവതങ്ങാം കാളിദാസൻ വായിച്ചിട്ടുണ്ടോ എന്ന കാര്യം ചരിത്രജ്ഞന്മാരാൽ ചിന്തനീയമായിരിക്കുന്നു.

ബൃഹൽകഥാമഞ്ജരിയിലേയും കഥാസരിത്സാഗരത്തിലേയും കഥകാം ഒന്നുതന്നെയോ? മഞ്ജരി വായിച്ചിട്ടില്ല. അതിൻെറ ഒരു പ്രതി പണ്ടു ബോംബയിൽനിന്നു വാങ്ങാൻ കരുതിയെങ്കിലും, പോരുമ്പോാം മറന്നുപോയി. കവിതാർംഗിയിൽ സോമദേവൻ ക്ഷേമേന്ദ്രനെ കവിഞ്ഞു നില്ക്കുന്നില്ലയോ? ഇരുവരും ഉൽപ്രേക്ഷാലങ്കാരത്തിൽ അതിനിപുണന്മാർതന്നെ.

ഇന്നലെ ബോംബയിൽനിന്നു് അപ്പുവിൻെറ ഒരു ദീർഘമായ എഴുത്തു വന്നിട്ടുണ്ടു്. താങ്കാം സദയം കൊടുത്ത 50 ക.കൊണ്ടാണു് കുറെ നാളായി അവാം കഴിഞ്ഞുകൂടുന്നതു്. ലക്ഷ്മിക്കു് വല്ല ജോലിയും അന്വേഷിച്ചു നടക്കുക മൂലം അവൻ വീണ്ടും രോഗത്തിൽപ്പെടുവാൻ തുടങ്ങുന്നുവത്രേ. ബോംബയിലെ സിനിമക്കമ്പനികളിൽ രണ്ടുമൂന്നെണ്ണമേ പൂട്ടാതെ ശേഷിക്കു എന്നും, അവയിലൊന്നിൽ ലക്ഷ്മിക്കു സ്ഥിരമായ ജോലി കിട്ടേണമെങ്കിൽ താങ്കാം ബോംബയിൽചെല്ലുകതന്നെ വേണ്ടിവരുമെന്നും മററുമാണു് അച്ചുവിൻെറ ആവലാതി. ദേവികാറാണിയുംപ്പെട്ട സിനിമാക്കമ്പനിയുടെ മാനേജിംഗ്ഡയറക്ടർ ദിവാൻബഹദൂർ പൂണിലാൽ താങ്കാംക്കു പരിചിതനല്ലയോ? അയാളെ പിടിച്ചൊന്നു വലച്ചാൽ അമ്മണിക്കെന്നപോലെ ലക്ഷ്മിക്കും ആ കമ്പനിയിൽ (ബോംബെ ടാക്കീസിൽ) സ്ഥിരമായ ജോലി കിട്ടാതിരിക്കില്ല. ശമ്പളം ഒട്ടൊക്കെ കുറഞ്ഞാലും, അവളും അവളുടെ അനുജനും ബോംബയിൽ ചെന്നുപെട്ട സ്ഥിതിക്കു്, അവാംക്കു് ഒരു ജോലി ഉണ്ടാക്കികൊടുത്തേ കഴിയൂ. അതിനു താങ്കാം ബോംബയിൽ ഉടനെ ഒന്നു പോകണമെന്നപേക്ഷ. യാത്രയ്ക്കു സന്ദർഭം യഥാകഥഞ്ചിൽ ഉണ്ടാക്കിക്കൂടയോ?എങ്ങനെയെങ്കിലും ലക്ഷ്മിയെ രക്ഷപ്പെടുത്താൻ വൈകിച്ചുകൂടാ. ഈ മേയ്മാസത്തിൽ താങ്കാം ബോംബയിൽ പോകുമെന്നു് എനിക്കെഴുതിയിരുന്നുവല്ലോ. താങ്കളുടെ ആഗമനം പ്രതീക്ഷിച്ചാണു് അവർ ബോംബയിൽ നാളെണ്ണി പാക്കുന്നതു്. ലക്ഷ്മിക്കു് സ്ഥിരജോലി കിട്ടിയേ അച്ചുവിനു ബോംബ വിടുവാൻ നിവൃത്തിയുള്ളതാനും. അതിനാൽ ഈ വിഷയത്തിൽ താങ്കാം കൂടുതൽ ശ്രദ്ധയിരുത്തുകതന്നെ വേണം.

നമ്മുടെ വിദ്വാൻ സി. എസ്. നായർ കഴിഞ്ഞ വെള്ളിയാഴ്ച (8-ാം തീയതി) അകാലനിര്യാണമടഞ്ഞുപോയി. ഹാ കഷ്ടം! അദ്ദേഹം നല്ല ഒരു പണ്ഡിതനും സുശീലനുമായിരുന്നു. വയസ്സ് അമ്പതുപോലും ആയിട്ടില്ല.

Digitized By Kerala Sahitya Akademi

എൻെറ പ്രസംഗങ്ങൾ ചിലതൊക്കെ സൂക്ഷിക്കപ്പെട്ടിട്ടില്ലെന്നില്ല; ചിലതു് അന്വേഷിച്ചാൽ കിട്ടുകയും ചെയ്യുമായിരിക്കും. കടലാസ്സുവില കുറഞ്ഞാൽ അച്ചടിക്കാൻ നോക്കാം. ഇപ്പോൾ ചെറുപുസ്തകങ്ങളിൽ പലതും കഴിഞ്ഞിരിക്കുന്നു. അവ അച്ചടിപ്പിക്കാനാണു്, താങ്കൾ തന്ന 300.ക വിനിയോഗിച്ചുവരുന്നതു്. മറിയത്തിൻെറ അച്ചടി കഴിഞ്ഞ കൂട്ടത്തിലായി.

സ്വന്തം
വള്ളത്തോൾ
*(കത്തുനമ്പർ 65)*

# ദുർഭിക്ഷകാലം

വള്ളത്തോൾ

ചെറുതുരുത്തി
23-6-1942

പ്രിയ സുഹൃത്തെ,

താങ്കൾ ബോംബയിൽ ചെല്ലുകയുണ്ടായില്ലെന്നും എന്നാൽ ലക്ഷ്മിക്കു് ഏതാണ്ടു സ്ഥിരമായ ഒരു ജോലി പ്രകാശ്സിനിമാക്കമ്പനിയിൽ കിട്ടിയിരിക്കുന്നുവെന്നും ബാലകൃഷ്ണൻ എന്നെ അറിയിച്ചിരിക്കുന്നു. അയാൾ ഇങ്ങോട്ടു മടങ്ങിപ്പോരാത്തതു് പണമില്ലായ്മയാലാണെന്നും ഒരു 100 ക. കൂടി തൽക്കാലം സഹായിച്ചുകൊടുപ്പാൻ താങ്കളോടു് അപേക്ഷിച്ചിട്ടുണ്ടെന്നുംകൂടി എഴുതിയിട്ടുണ്ടു്. ദയചെയ്തു് ഒരു 100 ഉറുപ്പികകൊണ്ടുകൂടി ലക്ഷ്മിയെ സഹായിക്കണമെന്നു ഞാനും അപേക്ഷിക്കുന്നു. അവൾക്കു മുറയ്ക്കു ശമ്പളം കിട്ടിത്തുടങ്ങിയാൽ കുറേശ്ശെയായി തിരിച്ചു തന്നുകൊള്ളും. ഇല്ലെങ്കിലോ ഒരു മുന്നൂറു റുപ്പിക ഒരു സാധുപ്പെൺകുട്ടിക്കു കൊടുത്തു എന്നു് സമാശ്വസിക്കാം. ഈ ഞാൻതന്നെ 350-ൽപുറം ഉറുപ്പിക അവൾക്കു കൊടുത്തിരിക്കുന്നു. ഞാൻ താങ്കൾക്കു തരേണ്ടുന്ന 300 ക. താങ്കൾക്കയപ്പാൻ ഇനി വളരെ താമസമുണ്ടാവില്ല.

എൻെറ കുറെ ചെറുകൃതികൾ എം. കൃഷ്ണചന്ദ്രരാജാ ബി. എ. എൽ. എൽ. ബി. ഇംഗ്ലീഷിൽ ഗദ്യരൂപമായി തർജ്ജമ ചെയ്തിട്ടുണ്ടു്. അവ ഒരു മികച്ച ആളെക്കൊണ്ടു പരിശോധിപ്പിച്ചു് മുഖവുരയും എഴുതിച്ചു് അച്ചടിപ്പിച്ചു പുറത്തിറക്കാൻ ഞങ്ങൾക്കത്യന്തം ആഗ്രഹമുണ്ടു്. ഇതു നിറവേററുവാൻ താങ്കൾതന്നെ മനസ്സിരുത്തേണ്ടിയിരിക്കുന്നു. എന്തായാലും എൻെറ കുറെ കവിതകൾ തർജ്ജമ ചെയ്യിക്കാൻ സാധിക്കുമോ? അതിന്നു് എനിക്കു വല്ല പ്രതിഫലവും കിട്ടുമോ? ഈ കാര്യവും താങ്കളുടെ ആലോചനയ്ക്കായി വെച്ചുകൊള്ളട്ടെയോ? പണത്തിടുക്കം എന്നെ ചക്രംചുററിക്കുന്നതുകൊണ്ടാണു് എപ്പോഴും ഒര തോന്നുന്നതു്. കൊച്ചിഗവണ്മെണ്ടിൽനിന്നു തന്ന സ്ഥലം തട്ടിനിരത്തിക്കുകയാണിപ്പോൾ. അതിനുതന്നെ നൂറോളം രൂപാ വേണ്ടിവരും. മരാമത്തു് എന്നോ, എങ്ങനെയോ? ദുർഭിക്ഷം കാട്ടുതീപോലെ പടർന്നുപിടിച്ചിരിക്കുന്നു. ഞങ്ങൾ കഷ്ടിപിഷ്ടിയായി നാൾ കഴിക്കയാണു്.

Digitized By Kerala Sahitya Akademi

മഹാകവി ഉള്ളൂരിന്റെ 'ഭാഷാചമ്പുക്കൾ' എന്ന ഉപന്യാസസമുച്ചയം മുഴുവൻ വായിച്ചു. അതിൽ ശ്രീ ശങ്കരൻനമ്പ്യാരുടെ 'പാലാഴിമഥനം' താങ്കളുടെ 'ഹൈദർനായ്ക്കൻ' എന്നിവയും സ്മരിക്കപ്പെട്ടിട്ടുണ്ട്. 'ഹൈദർനായ്ക്ക'നിൽ ഗദ്യങ്ങൾ പുതുരീതിയിലാകയാൽ പദ്യങ്ങളുമായി പൊരുത്തമില്ലെന്ന ഒരു ന്യൂനതയേ ചൂണ്ടിക്കാണിച്ചിട്ടുള്ളു. വളരെവളരെ ചമ്പുക്കൾ അദ്ദേഹം വായിച്ചിട്ടുണ്ട്. അവയിൽനിന്നൊക്കെ പദ്യഗദ്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്.

ഉള്ളൂർ പറയുന്നു: 'വിഷ്ണുപുരാണം ഞാൻ ശ്രദ്ധിച്ചു വായിച്ചിട്ടുണ്ട്. അത്ര വലിയ ഒരു പുരാണമല്ല അത്. കവിത സാമാന്യം നല്ലതാണ്.' വിഷ്ണുപുരാണത്തെപ്പററി എന്റെ മതിപ്പ് ഇത്രയല്ലായിരുന്നു. ബോംബയിൽ ഗോപാൽനാരായണൻ ആൻഡ് കമ്പനിക്കാർ 'വൈഷ്ണവാക്കൂതചന്ദ്രിക' വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ടത്രെ. ഇരുപത്തോരായിരമോ ഇരുപത്തിമൂവായിരമോ ശ്ലോകങ്ങളുണ്ടെന്നാണ് എന്റെ ഓർമ്മ. ഇതു് ആഗമാനന്ദസ്വാമികൾ മലയാണ്മയിൽ തർജ്ജമ ചെയ്തിട്ടുണ്ടെന്നും ഉള്ളൂരിൽനിന്നുതന്നെ ഞാൻ അറിയുന്നു. ഉള്ളൂർ ഒരു സവിസ്തരമായ കേരളസാഹിത്യചരിത്രം എഴുതിവരുന്നുണ്ട്.

'മംഗളോദയ'ത്തിന്റെ പുറപ്പെട്ട ലക്കങ്ങൾ കണ്ടില്ലേ? കനം പിടിക്കുന്നില്ല; മുടങ്ങാതെ നടക്കമെന്നതിൽതന്നെ വിശ്വാസം എനിക്കില്ല.

ഒന്നിലധികം കാര്യങ്ങൾ ഈ എഴുത്തിലുണ്ട്, അവയെപ്പററിയെല്ലാം മറുപടിയിൽ എഴുതുവാൻ മറന്നുപോകരുതെന്നപേക്ഷ. കുറെ ദിവസമായി താങ്കളുടെ കത്തു കിട്ടാത്തതുകൊണ്ടു മനസ്സിന്നു് ഒരു മന്ദത തോന്നുന്നു.

അവിടെ എല്ലാവർക്കും കുശലംതന്നെയല്ലേ? കൽക്കത്തയിൽ കോളേജുകളുംമററും തുറന്നിട്ടില്ലാത്തതുകൊണ്ടു് മക്കളും ഇപ്പോൾ കൂടെത്തന്നെ ഉണ്ടായിരിക്കുമെന്നൂഹിക്കുന്നു. ഹിന്ദി തർജ്ജമയുടെ കാര്യത്തിൽ താങ്കൾ വിശേഷേണ ശ്രമംചെയ്യുന്നതു പ്രയോജനകരമായേക്കാം.

സ്വന്തം<br>
വള്ളത്തോൾ<br>
*(കത്തു്നമ്പർ 66)*

# മററാർക്കോ എഴുതിയതു്

വള്ളത്തോൾ

ചെറുതുരുത്തി<br>
25-6-1942

പ്രിയ സുഹൃത്തെ,

ഞാൻ മിനിഞ്ഞാന്നു കോയമ്പത്തൂരിൽ പോയി, സർ ഷണ്മുഖത്തെ കാണ്മാൻ. ഇന്നലെ വൈകുന്നേരം വന്നപ്പോൾ, താങ്കളുടെ കയ്യക്ഷരത്തിൽ മേൽവിലാസം എഴുതിയ ഒരു കവർ ഇവിടെ വന്നു കിടപ്പുണ്ടായിരുന്നു. ഞാൻ കൊതിയോടെ കവർ പൊട്ടിച്ചു; എന്നാൽ എഴുത്തു് താങ്കൾ മററാർക്കോ എഴുതിയതാണ്! അതിനാൽ തിരിച്ചയയ്ക്കുന്നു.



Digitized By Kerala Sahitya Akademi

ഞാൻ മിനിഞ്ഞാന്നത്തെ തപാലിൽ താങ്കൾക്ക് സവിസ്തരമായ ഒരു കത്തയച്ചിട്ടുണ്ട്. അതിനാൽ ഇതിൽ വേറെയൊന്നും എഴുതാനില്ല.

നമ്മുടെ മഞ്ചേരി രാമകൃഷ്ണയ്യർ തിരുവനന്തപുരം ആശുപത്രിയിൽ വെച്ച് ഒരു ശസ്ത്രക്രിയയ്ക്കുശേഷം അകാലനിര്യാണമടഞ്ഞുപോയി. മഹാ കഷ്ടം! വിദ്വാൻ സി. എസ്. നായരുടെ അകാലനിര്യാണം അറിഞ്ഞിക്കുമല്ലോ. അയ്യർ മരിച്ചതു് നാലുനാൾക്കു മുമ്പാണ്.

സ്വന്തം

വള്ളത്തോൾ

*(കത്ത് നമ്പർ 67)*

# തർജ്ജമക്കാര്യം

വള്ളത്തോൾ

ചെറുതുരുത്തി
6-7-1942

പ്രിയ സുഹൃത്തെ,

അവിടെനിന്ന് 29-ാംനു- അയച്ച എഴുത്ത് മിനഞ്ഞാന്നു് (4-ാംനു-) ഇവിടെ കിട്ടി. താങ്കൾ ബോംബയ്ക്കു പോവുകയും അപ്പുവിനെ കാണുകയും ചെയ്തിരിക്കുമല്ലൊ. അവൻ വീണ്ടുംവീണ്ടും രോഗത്തിൽപെട്ടു വിവശനായിരിക്കുന്നു; എങ്ങനെയെങ്കിലും, ഇവിടെ എത്തിച്ചേർന്നാൽ മതി എന്നാണ് ഞങ്ങളുടെ പ്രാർത്ഥന.

വിഷ്ണുപുരാണം വാങ്ങിയോ? രാമഭദ്രാംബയുടെ ഒരു കൃതിയും ഞാൻ വായിച്ചിട്ടില്ല. 'രഘുനാഥാഭ്യുദയം' കൊള്ളാമെങ്കിൽ എനിക്കൊന്നു വാങ്ങിക്കേണ്ടിയിരിക്കുന്നു.

ആ 'വിമൽജി'യുടെ പൂർണ്ണ മേൽവിലാസം അറിയിച്ചുതരാൻ ബി. വി. ബുക്ക്ഡിപ്പോവിലേക്കു ഇന്നലെ എഴുത്തയച്ചിട്ടുണ്ട്. ഹിന്ദിയിൽ തർജ്ജമ ചെയ്താൽ പണം കിട്ടുമെന്നല്ല എന്റെ ഉദ്ദേ; തർജ്ജമ ഹിന്ദി പ്രസിദ്ധീകരണക്കാർക്കു കൊടുത്താൽ പ്രതിഫലം കിട്ടില്ലേ എന്നാണ്. തർജ്ജമ കഴിഞ്ഞുകിട്ടട്ടെ; പിന്നീടു മതിയല്ലൊ ഈ ആലോചനയൊക്കെ.

ഇംഗ്ലീഷ്തർജ്ജമയും 'ഭാഷാചമ്പുക്കളും' ഒന്നിച്ചു ബുക്ക്പോസ്റ്റായി അയയ്ക്കുന്നു. തർജ്ജമ സശ്രദ്ധം വായിച്ച് താങ്കൾ അഭിപ്രായം പറയുമെന്നാശിക്കുന്നു. ഡാക്ടർ കസിൻസ് ഇപ്പോൾ തിരുവനന്തപുരം പട്ടണത്തിലല്ലത്രെ താമസിക്കുന്നതു്; അദ്ദേഹത്തെ കണ്ടുപിടിച്ച് ഈ തർജ്ജമ പരിശോധിക്കാമോ എന്നു ചോദിപ്പാൻ, നമ്മുടെ ഗോപിനാഥൻനായർക്ക് മിനിഞ്ഞാന്നു കത്തയച്ചിട്ടുണ്ട്. ഹരീന്ദ്രനും എന്റെ സ്നേഹിതൻതന്നെ; എന്നാൽ അദ്ദേഹം ഇപ്പോൾ എവിടെയാണെന്നുതന്നെ എനിക്കറിഞ്ഞുകൂടാ. താങ്കൾക്കറിയാമെങ്കിൽ, അദ്ദേഹത്തിന്നൊരെഴുത്തയച്ചുനോക്കുക. പരിശോധന കഴിച്ചുതരാമെന്ന്, അദ്ദേഹം ബോംബയിൽവെച്ച് ഒരിക്കൽ എന്നോടു സമ്മതിക്കുകയുണ്ടായി. എന്നാൽ അന്നു തർജ്ജമ ചെയ്യപ്പെട്ടിരുന്നില്ല. ഈ തർജ്ജമ ചെയ്ത കൃഷ്ണചന്ദ്രരാജാവും ഹരീന്ദ്രന്റെ സ്നേഹിതനാണ്.

Digitized By Kerala Sahitya Akademi

കൃഷ്ണചന്ദ്രരാജാവ് ബി. എ. എൽ. എൽ. ബി. യാണ്; അദ്ദേഹം ഒരു ഉദ്യോഗപ്രാർത്ഥിയായിരിക്കുന്നു. താങ്കൾ ശ്രദ്ധിച്ചാൽ അവിടങ്ങളിൽ എവിടെയെങ്കിലും തക്ക ഒരു ജോലി കൊടുപ്പിക്കാൻ കഴിയില്ലേ? താങ്കൾ മററാക്കോ അയച്ച ഒരെഴുത്ത് ഇവിടെ വന്നുചേർന്നു ഞാൻ താങ്കൾക്ക തിരിച്ചയച്ചതു കിട്ടിയിരിക്കുമല്ലൊ; അതിൽ, എഴുതിയിട്ടുണ്ടല്ലൊ, 'മകന്നു് ഇവിടങ്ങളിൽ വല്ല ഉദ്യോഗവും കൊടുപ്പിക്കാനേ എനിക്ക കഴിവുള്ളു' എന്ന്. ആ കഴിവ് എനിക്കേററവും പ്രിയപ്പെട്ട ആളും വിദഗ്ദ്ധനും, സുശീലനുമായ ഈ രാജയുവാവിന്നു വേണ്ടിയും ഒന്നുപയോഗിച്ചുകൂടെയോ?

ഇതൊന്നിച്ചയയ്ക്കുന്ന എഴുത്തിന്റെ ഉടമസ്ഥൻ വി. ചിദംബരൻപിള്ള വീണ്ടുംവീണ്ടും എന്നെ പിടികൂടുന്നു! ഞാൻ എന്തു മറുപടി പറയേണ്ടു? ഇയാളുടെ ഒരെഴുത്തു മുമ്പും ഞാൻ താങ്കൾക്കയച്ചിട്ടുണ്ട്; എന്നാൽ അതിനെപ്പററി യാതൊരു മറുപടിയും പറഞ്ഞില്ല.

കലാമണ്ഡലം കഥകളിവകുപ്പു മാത്രം യഥാകഥകഞ്ചിൽ തുറക്കപ്പെട്ടിരിക്കുന്നു; ഡാൻസുവകുപ്പ് പിന്നീടേ തുറക്കുള്ളുപോൽ.

ഞാൻ താങ്കൾക്ക തരാനുള്ള 300 ക. യ്ക്കു് ഒരു ചെക്ക് ഇതിൽ വെച്ചിരിക്കുന്നു.

നമ്മുടെ മഞ്ചേരി രാമകൃഷ്ണയ്യൻ കഴിഞ്ഞ ജൂൺ 20-ാം തീയതി അകാലനിര്യാണമടഞ്ഞുപോയി; കഠിനകഠിനം!

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 68)*

# 'മലയാളം' മഹാകാവ്യവും മററും

വള്ളത്തോൾ

ചെറുതുരുത്തി
6-8-1942

പ്രിയ സുഹൃത്തേ,

ജൂൺ 13-ാം നു- അവിടെ നിന്നയച്ച എഴുത്ത് 18-ാംനു- ഇവിടെ കിട്ടിയിരിക്കുന്നു. തർജ്ജമക്കാര്യത്തിന്റെ തീരുമാനം വന്നിട്ടാവാം മറുപടി എഴുതുക എന്നു കരുതി, ഇത്രയും താമസിച്ചു. എന്നാൽ, വിമൽജിയുടെ (അയാൾ ഇപ്പോൾ കോഴിക്കോട്ടുണ്ടത്രെ) മറുപടി കിട്ടിയില്ല. അതിനാൽ ഇന്നു മറെറാരാൾക്ക കത്തയയ്ക്കുന്നുണ്ട്. അഹമ്മദാബാദിൽ താമസിക്കുന്ന സി. ബി. കുമാർ എന്നാൾക്കാണ് എഴുതുന്നതു്. ഈ യുവാവു് ഹിന്ദിയിൽ തുലോം വിദഗ്ദ്ധനായ ഒരു മലയാളിയാണ്. ഞാൻ നേരിട്ടറിയും. 'ശിഷ്യനും മകനും', 'മറിയം' എന്നിവ സംസ്കൃതത്തിൽ സംക്രമിപ്പിക്കുക കുച്ഛ്റസാദ്ധ്യമാണ്. അതിന്നായി ഞാൻ സമയം കളയേണമോ? വല്ല വിധത്തിലും ഹിന്ദിയിലാക്കി കിട്ടിയാൽ മികച്ച ഹിന്ദികവികളെ കാണി

Digitized By Kerala Sahitya Akademi

ച്ച് വെട്ടപ്പ വരുത്തുക താങ്കാംക്ക സുകരമാണല്ലൊ. കൂടിയേ കഴിയൂ എങ്കിൽ ഞാൻതന്നെ സംസ്കൃതത്തിലാക്കാൻ നോക്കാം.

ഇംഗ്ലീഷ്തർജ്ജമ ഡാക്ടർ കസിൻസിനെ കാണിപ്പാൻ നമ്മുടെ ഗോപിനാഥൻ നായർക്ക് അയച്ചിട്ടുണ്ട്; അയാളുടേയും മറുപടി വന്നിട്ടില്ല. കസിൻസ് പരിശോധിക്കാമെന്ന് ഏററിട്ടില്ലായ്കയില്ല. മുഖവുരയും എഴുതുമെന്നു തോന്നുന്നു.

മകൻ (അച്ചു) ഒരു മാസത്തോളം മുമ്പ് ഇവിടെ എത്തിച്ചേർന്നിരിക്കുന്നു. അപ്പോാംമുതൽക്കുതന്നെ രോഗത്തിന്നു വലിയ ചികിത്സയും (തലപൊതിച്ചിലുംമററും) തുടങ്ങിയിരിക്കുന്നു. ആയാാം ലക്ഷ്മിക്കുവേണ്ടി ബേ ഠംബെയിൽ അലഞ്ഞലഞ്ഞ് അലക്ഷ്മീകനായിത്തീൎന്നു എന്നേ പറയേണ്ടു. ഇതിന്നു പുറമെ അഞ്ചാം ഫാറത്തിൽ പഠിപ്പാൻ കോഴിക്കോട്ടു താമസിപ്പിക്കപ്പെട്ടിരിക്കുന്ന മകാം മല്ലികയും കുറെ സുഖക്കേടിലും (ഒരുതരം നെഞ്ചുവേദന) ഡാക്ടർചികിത്സയിലുമാണ്. അതിനാൽ അവളുടെ അമ്മ രണ്ടുമൂന്നാഴ്ചവട്ടമായി കോഴിക്കോട്ടു താമസിക്കുകയാണ്. ആകപ്പാടെ എനിക്കു മനസ്സുഖം തീരെയില്ല. കടുത്ത പണച്ചിലവും എന്നെ ക്ലേശിപ്പിച്ചുകൊണ്ടിരിക്കുന്നു.

വിഷ്ണുപുരാണം ലാഹോറിലെ ആ വലിയ സംസ്കൃതപുസ്തകശാലയിൽ അന്വേഷിച്ചു നോക്കിയോ? 'ഭിക്ഷാടനം' അതിമനോഹരംതന്നെ. എന്നാൽ അപഭ്രംശപ്രചുരമാണ്, അതിന്റെ അച്ചടിപ്രതി.

'രഘുനാഥാഭ്യുദയം' താങ്കളുടെ പക്കലുണ്ടോ? ഇല്ലെങ്കിൽ കുഞ്ഞൻ രാജാവവർകളെക്കൊണ്ട് ഒരു പ്രതി അയപ്പിച്ചാൽ കൊള്ളാം. രാമായണത്തിന്റെ ഉത്തരകാണ്ഡംകൂടി പരിശോധിച്ചു തീർക്കേണ്ടതുണ്ട്. അത് ഒരു മാസംകൊണ്ടു മുഴമിക്കും. പിന്നീട് 'മലയാളം' എഴുതാൻ മനസ്സു വെക്കാം. എന്നാൽ അതിന്നു കുറെ അധികം വായനയും അന്വേഷണവും വേണം. പത്മനാഭമേനോന്റെ കൊച്ചിരാജ്യചരിത്രമേ ഒരു പറയത്തക്ക കേരളചരിത്രഗ്രന്ഥമായി ഞാൻ കണ്ടിട്ടുള്ളു. അതിൽനിന്ന് ചിലതൊക്കെ എടുക്കാനുണ്ടാവും. എന്നാൽ അതിന്റെ ഒരു പ്രതി സമ്പാദിക്കുക ഒട്ടും എളുപ്പമല്ല. വിലയ്ക്കുപോലും കിട്ടാനില്ല. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയും ഇതിലേക്കു ഉപകാരപ്പെടും. അതു വിലയ്ക്കു കിട്ടുമെന്നാണു തോന്നുന്നത്. വേറെ എന്തൊക്കെയാണു ഞാൻ ഇതിന്നായി വായിക്കേണ്ടതു? ഒ കഥാബന്ധം വേണ്ടയോ?

താങ്കാം ഉദ്ദേശിച്ചിട്ടുള്ള ഗ്രാമീണ കഥാനോവൽ നല്ലതുതന്നെ. എഴുതാൻ തുടങ്ങിയോ? താങ്കാംക്കു ഒരാഴ്ചവട്ടം മതിയല്ലൊ, ഒരു വലിയ പുസ്തകം മുഴമിപ്പിക്കാൻ!

മാറി അയച്ച എഴുത്തു കൃഷ്ണവാര്യർ ഇങ്ങോട്ടയച്ചതു നാലഞ്ചു നാാംക്കു മുമ്പേ ഇവിടെ കിട്ടിയിരിക്കുന്നു. 'ഭാഗവത ചമ്പു' ഞാൻ കണ്ടിട്ടില്ല; കേട്ടിട്ടുതന്നെയില്ല! അയ്യരുടെ* 'ഭാഷാചമ്പുക്കാം' വായിച്ചില്ലയോ?

താങ്കാം ഒരിക്കൽ നേരംപോക്കു പറഞ്ഞതിന്മണ്ണം 'പതിനഞ്ചു ക. യുടെകവിസാർവ്വഭൗമൻ', ആ പതിനഞ്ചു റുപ്പിക കുറേക്കൂടി വദ്ധിപ്പിക്കാൻ അപേക്ഷിക്കുന്ന ഒരു ഹർജി കൊച്ചിമഹാരാജാവിന്നു് ഒന്നരമാസത്തിന്നു മുമ്പേ അയച്ചിട്ടുണ്ട്; അതോടുകൂടി അയച്ച എട്ടാനം ശ്ലോകങ്ങാം ഇതിൽ

* *ഉള്ളൂരിന്റെ*

Digitized By Kerala Sahitya Akademi

അടക്കം ചെയ്തിരിക്കുന്നു. ഇതേ അപേക്ഷ 'വള്ളത്തോൾ ഷഷ്ടിപൂർത്തിക്കമ്മററി' പ്രസിഡണ്ട് ദിവാൻജിയുടെ അടുക്കലും ചെയ്തിട്ടുണ്ട്. ആ കമ്മററിയുടെ പ്രേരണയിലാണ്, ഞാൻ തമ്പുരാന്നപേക്ഷ അയച്ചതു്. ഇതു നിറവേറുമെന്ന ആശ എനിക്കു തെല്ലുമില്ല. തമ്പുരാൻെറ സഹൃദയത്വവും ഔദാര്യവും സർവ്വവിദിതമല്ലയോ? ഒന്നരമാസം കഴിഞ്ഞിട്ടും യാതൊരു മറുപടിയുമില്ല. ഇത്തരം ഒരു സംസ്കൃതശ്ലോകാഭ്യർത്ഥനപത്രിക താങ്കളുടെ ഒരു ശക്തിമത്തായ ശിപാർശിക്കത്തോടുകൂടി ലാഹോറിലെ രാമശരണദാസിന്നു് അയച്ചാൽ മഹാസംസ്കൃതപ്രണയിയായ അദ്ദേഹം എൻെറ മരാമത്തിന്നു മോശമല്ലാത്ത ഒരു ധനസഹായം ചെയ്യില്ലയോ? അഥവാ, ഞാനദ്ദേഹത്തെ നേരിട്ടു കാണുകയാണു് അധികം നല്ലതെങ്കിൽ, അതും ചെയ്യാം. കെട്ടിടം പണിയാൻ ഗവണ്മെണ്ടു് പതിച്ചു തന്ന സ്ഥലം കൊത്തിക്കിളപ്പിച്ചു നിരത്തി, തൽക്കാലം മരച്ചീനിയും മററും നട്ടിരിക്കുകയാണു്. മരാമത്തിന്നു പണമെവിടെ? താങ്കൾ പറയുന്നു, 'യുദ്ധം കഴിയട്ടെ' എന്നു്; ഈ പൈശാചിക നൃത്തത്തിൻെറ കലാശം എപ്പോഴോ! ഒരു അയ്യായിരം ഉറപ്പിക ഒത്തുകിട്ടിയാൽ ഉപായത്തിൽ ഒരു കെട്ടിടം ഉണ്ടാക്കിക്കാമെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഇതെനിക്കുണ്ടാക്കിത്തരാൻ താങ്കൾ എന്തു വഴിയാണു കണ്ടിട്ടുള്ളതു്? ഞാൻ താങ്കളോടല്ലാതെ മററാരോടു മനസ്സു തുറന്നപേക്ഷിക്കണം? ക്യാപ്ററൻ പത്മനാഭൻതമ്പി കലാമണ്ഡലത്തിലേക്കു കൊടുത്ത ആയിരം ക. വള്ളത്തോൾഗ്രന്ഥാലയത്തിന്നു തിരിച്ചു വാങ്ങാൻ ആദ്യം എന്നെ അധികാരപ്പെടുത്തി; പിന്നീടു തന്നതു തിരികെ വാങ്ങുന്നില്ല. എന്നു ഗവണ്മെണ്ടിനു കത്തയയ്ക്കുകയും ചെയ്തുകളഞ്ഞു. കിട്ടിയതായി കരുതിയ അതും കിട്ടുകയില്ലെന്നർത്ഥം! തിരുവിതാംകൂറിലെ ആക്ടിങ്ങ്ദിവാൻ ശ്രീ പരമേശ്വരൻ പിള്ള താങ്കളുടെ പരിചിതനോ സ്നേഹിതനോ ആണോ? കെട്ടിടംപണിക്കു് എന്നെ സഹായിക്കുക എന്നതു് ഒരടിയന്തരക്കാര്യമായി തീർന്നിരിക്കുന്നു എന്നു്, താങ്കൾ സദയം ഓർക്കണമെന്നപേക്ഷ.

എൻെറ അഞ്ചാമത്തെ മകൻ (ബാലചന്ദ്രൻ) അണ്ണാമല കോളേജിൽ ഓണേഴ്സ് ബി. എ. യ്ക്കു പഠിക്കുകയാണു്. ഫീസു കൊടുക്കുന്നതു് സർ ഷൺമുഖത്തിൻെറ ശിപാർശിമൂലം സർ അണ്ണാമലരാജാവുതന്നെയാണു്. പഠിപ്പു് ഒരു കൊല്ലമേ ആയിട്ടുള്ളൂ; രണ്ടാം കൊല്ലത്തിലേക്കു് ഇപ്പോൾ കടന്നു. അയാൾക്കു കണ്ണിൽ എന്തോ സുഖക്കേടാണെന്നും (കണ്ണട മൂന്നു നാലു വർഷങ്ങൾക്കുമുമ്പുതന്നെ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു) വായിപ്പാൻ വളരെ പ്രയാസമുണ്ടെന്നും എഴുത്തു വന്നിരിക്കുന്നു. പോരയോ കുടുംബക്ലേശങ്ങൾ! ഇവയ്ക്കിടയിലുണ്ടോ, 'മലയാളം' എഴുതുകയും മററും സാദ്ധ്യമാകുന്നു?

വാല്മീകിരാമായണത്തിൻെറ അച്ചടി താങ്കളുടെ ഉപദേശത്താൽ അനിശ്ചിതകാലത്തേക്കു നീട്ടിവെച്ചു കഴിഞ്ഞു; എന്നാൽ കെട്ടിടംപണി നീട്ടിവെക്കാവുന്നതല്ലെന്നു വന്നിരിക്കുന്നു; ഞാൻ പാക്കുന്ന വീടു് അതിൻെറ ഉടമസ്ഥക്കു് അത്യാവശ്യമായിരിക്കുന്നു; വേറൊരൊററ വീടുപോലും കലാമണ്ഡലത്തിന്നടുക്കൽ കിട്ടാനില്ലാതാനും!

ജൈനരാമായണത്തിൻെറ വ്യത്യാസം, താങ്കളുടെ ഉപന്യാസം മംഗളോദയത്തിൽ വായിച്ചപ്പോഴേ മനസ്സിലായുള്ളൂ. ആ ഒരു ഉപന്യാസംതന്നെയേ ആ ലക്കത്തിൽ വായിക്കേണ്ടതായിട്ടുള്ളൂതാനും. ഈ നിലയിലെങ്കിലും മംഗളോദയം നടന്നുപോകുമോ, ആവോ. താങ്കൾ ഒരു ചരിത്രോപ

Digitized By Kerala Sahitya Akademi

ന്യാസപരമ്പര എഴുതാൻ വിചാരിക്കുന്നുണ്ടെന്നു മുമ്പൊരു കത്തിൽ പ്രസ്താവിച്ചിരുന്നുവല്ലൊ. അതെഴുതിത്തുടങ്ങിയോ? മംഗളോദയക്കാർ കാത്തിരിക്കുന്നു.

എന്റെ മൂന്നാമത്തെ മകൻ (അച്യുതൻ) എന്റെ മക്കളിൽവച്ചു സാഹിത്യവാസനയുള്ളാളാണ്. അയാൾ നിർമ്മിച്ച ഒരു ഗദ്യനാടകം ഇതോന്നിച്ചു ബുക്ക് പോസ്റ്റായി അയയ്ക്കുന്നു. ഇതു താങ്കൾ യഥാവസരം മനസ്സുവെച്ചു വായിക്കുകയും, വേണ്ടുന്ന മാററങ്ങൾ ഉപദേശിക്കുകയും ഒരവതാരിക എഴുതിക്കൊടുക്കുകയും ചെയ്യുമാറാകണം. മാററം വരുത്തേണ്ടതു നിർദ്ദേശിച്ചു കൊടുത്താൽ, അയാൾതന്നെ തിരുത്തൽ ചെയ്തുകൊള്ളും. ഞാൻ വായിച്ചു നോക്കിയിട്ടില്ല; താങ്കളുടെ ദൃഷ്ടിയിൽപ്പെട്ടതിന്നുശേഷം മതി എന്ന് അമാന്തിച്ചു. പുസ്തകത്തിന്നു വേറെ കോപ്പി ഇല്ല. അതിനാൽ പെട്ടോകാതെ സൂക്ഷിച്ചുകൊള്ളണമെന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു.

നമ്മുടെ ററത്തകി ലക്ഷ്മി ബോംബയിൽ ഒരു നായരെ കല്യാണം കഴിപ്പാൻ ഉറച്ചിരിക്കുന്നുപോൽ; ഇതവളുടെ നല്ലഭാവിക്കു വിഘാതമാകുമെന്ന് അപ്പു അവളോടും കാമുകനോടും ഉപദേശിച്ചുവെങ്കിലും അതു് അവരുടെ ചെവിയിലേശിലപോൽ. ഞാനും എന്റെ പ്രേരണയാൽ താങ്കളും അവളെ ഒരു പ്രശസ്തപദത്തിലെത്തിപ്പാൻ പണം ചെലവുചെയ്തുപോലും ശ്രമിച്ചതു വൃഥാവിലായി. താങ്കൾ അന്നു വീണ്ടും പണംകൊടുത്തില്ലെങ്കിൽ, അവളുടെ കടങ്ങൾ വീടാനും അപ്പുവിനു് സ്വദേശത്തേക്കു പോരാനും പററുകില്ലായിരുന്നു!

ഇതിലടങ്ങിയ എല്ലാ വിവരങ്ങൾക്കും ഒരു സവിസ്തരമായ മറുപടി സദയം അയയ്ക്കുമല്ലൊ; അതിൽ ധനസമ്പാദനമാർഗ്ഗംകൂടി നിർദ്ദേശിക്കപ്പെട്ടുമെങ്കിൽ, എന്റെ 'മലയാളം' വ്യാസഭാരതം പോലെതന്നെ അനുഗ്ഗഹമായി വിനിയോഗിക്കും!

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 69)*

# മലയാളം മുഴമിക്കുമോ

വള്ളത്തോൾ

ചെറുതുരുത്തി
21–9–1942

പ്രിയ സുഹൃത്തെ,

താങ്കൾ ആഗസ്റ്റ് 13–ന് അയച്ച എഴുത്തിന്നു മറുപടി അയയ്ക്കാഞ്ഞതു് വാസ്തവത്തിൽ സമയം കിട്ടാഞ്ഞതിനാലാണ്. കലാമണ്ഡലംകളരിയിലും; രാമായണ പരിശോധനയിലുമായി കഴിയും, സമയമൊക്കെ. പരിശോധന ഇന്നലെ അവസാനിച്ചു. അച്ചടി മംഗളോദയക്കാർ ഏററിരിക്കുന്നു. ഉത്തരകാണ്ഡമാണ്, ഒന്നാമതച്ചടിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു്.

Digitized By Kerala Sahitya Akademi

9-ാംനു- അയച്ച എഴുത്തും ബുക്കും മിനിഞ്ഞാന്ന് ഇവിടെ എത്തിച്ചേന്നു. നാടകത്തിന്റെ അവതാരികയ്ക്കു ന്യൂനതയൊന്നും ഞാൻ കണ്ടില്ല. അച്ചടി ആറുമാസംകഴിഞ്ഞാലും സാധിക്കുമോ ആവോ. കടലാസ്സില്ലാഞ്ഞെട്ടിച്ചുകളയുന്നു! ആറേഴു രംഗങ്ങൾ കളയാൻ അച്ചു ശ്രമിച്ചുവരുന്നുണ്ട്; താങ്കൾക്കു തികച്ചും തൃപ്തി വന്നേ അച്ചടിക്കുകയുള്ളു. അച്ചടിക്കുന്ന കാലത്തു വേണമെങ്കിൽ അവതാരിക ഒന്നുകൂടി മിനുക്കാമല്ലൊ. നാടകം ഞാൻ വായിച്ചിട്ടില്ല; ഒരാവൃത്തി വായിച്ചുനോക്കിക്കളയാം.

താങ്കൾ സാമന്തരാജ്യൈക പ്രതിനിധിയായി അമേരിക്കയ്ക്കു പോകുമെന്നതു് എന്നെ ആഹ്ലാദിപ്പിക്കുക മാത്രമല്ല, അഭിമാനിപ്പിക്കുകകൂടി ചെയ്യുന്നു! അമേരിക്കൻ കലാരസികന്മാരുമായി കണ്ടുമുട്ടുമ്പോൾ, നമ്മുടെ കലാമണ്ഡലത്തേയും, കഥകളി-മോഹിനിയാട്ടങ്ങളേയുംപററി അവൎക്കു കൗതുകമുണ്ടാക്കാൻ നോക്കണം. തരമായാൽ റൂസ്‌വെൽററിനെപ്പോലും ഈ കലാകൗതുകത്തിൽ കുടുക്കണം. കലാമണ്ഡലത്തിൽ അഭ്യസിച്ചവരും കലാമണ്ഡലം സന്ദൎശിച്ചു ധനസഹായം ചെയ്യുവരുമായി ചിലർ അമേരിക്കയിലുണ്ട്. എന്നാണ് യാത്ര? എന്നു തിരിച്ചെത്തും? പോക്കും വരവും വിമാനത്തിലൂടെത്തന്നെ ആയിരിക്കുമല്ലൊ. കേരളീയൎക്കൊക്കെത്തന്നെ അഭിമാനകരമായ താങ്കളുടെ ഈ പുതിയ വിദേശയാത്ര സുഖമവും സുമംഗളവുമായി ഭവിക്കട്ടെ.

'മലയാളം' എഴുതാൻ വായിക്കേണ്ട ബുക്കുകളിലൊന്നും എന്റെ പക്കലില്ല; ശേഖരിച്ചുതരാൻ പലരെ ഏല്പിച്ചിട്ടുണ്ട്. വൃത്തം അനുഷ്ടുപ്പ് തന്നെ. ഭാഷാവൃത്തങ്ങളും ഇടയ്ക്കിടയ്ക്കു വരും. ഋതുവൎണ്ണനയ്ക്കു പകരം, ഓണാദിവൎണ്ണനതന്നെയാണു ഞാനും കരുതിയിരിക്കുന്നതു്. കാലം കുറെ പഴയതാകണമെന്നാണു് എന്റെ വിചാരം. അങ്ങനെയാണെങ്കിൽ, ഒതേനൻ, പഴശ്ശിരാജാവു്, ഇരവിക്കുട്ടിപ്പിള്ള, കായംകുളം കൊച്ചുണ്ണി മുതൽപേരെ എങ്ങനെ കൊണ്ടുവരാനാ? മാമാങ്കം ഞാൻ കരുതിയിട്ടുണ്ട്. ഇരവിക്കുട്ടിപ്പോരും പടപ്പാട്ടും എവിടെ കിട്ടുമെന്നറിയാമോ? കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽനിന്നു പലതും എടുക്കാമെന്നു തോന്നുന്നു. താങ്കൾ ഗദ്യവും വേണമെന്നു പറയുന്നതു്, മഹാഭാരതത്തേയും പുരാണങ്ങളേയും കരുതിയാണല്ലൊ; എന്നാൽ, രാമായണത്തെ അനുകരിക്കുന്നതിലാണ്, എനിക്കധികം താല്പര്യം. ചിലേടത്തു് ഭാരതത്തേയും അവലംബിക്കേണ്ടിവരാം. ഗദ്യം വേണമെന്നുതന്നെയാണു താങ്കളുടെ ദൃഢാഭിപ്രായമെങ്കിൽ ഗദ്യങ്ങളും (ഭാരത ഗദ്യരീതിയിൽ) എഴുതാൻ നോക്കാം. എന്റെ മനസ്സിലുള്ളതിന്മണ്ണം, കേരളത്തിന്റെ ആത്മാവിനെ വെളിപ്പെടുത്തുന്നതും വിപുലവുമായ ഇത്തരം ഒരു പുസ്തകം നിൎമ്മിപ്പാൻ ഈ വാൎദ്ധക്യകാലത്തു്, ഞാൻ ശക്തനാകുമോ, ആവോ? ജഗദംബ കനിഞ്ഞരുളട്ടെ!

ചിങ്ങം 'മംഗളോദയ' ലക്കത്തിൽ താങ്കളുടെ 'ബൃഹദ്ഭാരതം' ചേൎത്തുതുടങ്ങിയിട്ടുണ്ട്. ഞാൻ വായിപ്പാൻ തുടങ്ങുന്നതേയുള്ളു.

താങ്കൾ അമേരിക്കയിൽനിന്നു തിരിച്ചെത്തിയതിനു ശേഷം കുറെ നാൾ ഞാൻ താങ്കളുടെ വീട്ടുകൽ വന്നു താമസിക്കാൻ നോക്കാം. അമേരിക്കയ്ക്കു പോകുമ്പോൾ താങ്കളുടെ കുടുംബത്തെ സ്വദേശത്തേക്കയയ്ക്കുന്നുവോ? അവൎക്കൊക്കെ സുഖംതന്നെയല്ലേ? അമേരിക്കായാത്രയുടെ തീയതി തീൎച്ചപ്പെട്ടാൽ, ആ വിവരവും മററും എന്നെ അറിയിക്കുമല്ലൊ. എനിക്കും അമേരിക്കയിലേക്കു താങ്കളൊന്നിച്ചു പോരാൻ മോഹം തോന്നുന്നുണ്ട്; എന്നാൽ അതിനു പണമെവിടെ? 'ആത്മന്യേവ വിലീയന്തേ ദരിദ്രാണാം മനോരഥാഃ'

Digitized By Kerala Sahitya Akademi

അഭിനന്ദൻെറ രാമചരിതവും വസ്തുപാലൻെറ നരനാരായണാനന്ദവും ഇങ്ങോട്ടയച്ചുതരാൻ തരമുണ്ടോ? റെയിൽവേപാഴ്സലായി അയച്ചാൽ മതി.

എൻെറ കുറെ ഖണ്ഡകൃതികൾ ഹിന്ദിയിൽ സംക്രമിപ്പിപ്പാൻ,താങ്കൾ നിർദ്ദേശിച്ച വിമരൾജി ഒരുങ്ങിയിരിക്കുന്നു; ഇംഗ്ലീഷ് തർജ്ജമ ക്ലാസിൻസിനെ ഗോപിനാഥൻനായർ ഏല്പിച്ചുകഴിഞ്ഞു.

സ്വന്തം
വള്ളത്തോൾ
(*കത്ത് നമ്പർ 70*)

# മലയാളം എഴുതാൻ

വള്ളത്തോൾ

ചെറുതുരുത്തി
12-10-1942

പ്രിയ സുഹൃത്തെ,

എഴുത്ത് 1-ാംനു- ഇവിടെ കിട്ടിയിരിക്കുന്നു. മറുപടി അയപ്പാൻ ഇത്രയും വൈകിയതിനു സദയം മാപ്പുതരിക. എനിക്ക് കുറെ ദിവസമായി ദേഹസുഖം വേണ്ടപോലെ ഇല്ല. ഒരു രസായനം സേവിച്ചുകൊണ്ട് പ്രായേണ വിശ്രമത്തിലിരിക്കുകയാണ്. മലയാളം എഴുതാൻ വായിക്കേണ്ടുന്ന ബുക്കുകളിലൊന്നും കിട്ടിക്കഴിഞ്ഞിട്ടില്ല; ചിലരെയൊക്കെ ഏല്പിച്ചിട്ടുണ്ട്. അയച്ചുതരാൻ മുണ്ടശ്ശേരിയേയും, ഉള്ളൂരിനേയും പിടികൂടുകതന്നെ ചെയ്യാം. ഉള്ളൂർ പുസ്തകങ്ങൾ കൊടുക്കാത്ത ആളാണെന്നു തോന്നുന്നു.

കാനായിതൊമ്മൻെറ കഥകൾ മുണ്ടശ്ശേരിയിൽനിന്നും മനസ്സിലാക്കിക്കൊള്ളാം. കോഴിക്കോട്ടുവെച്ചു പോർത്തുഗീസ്തലവനെ വധിച്ച കഥതന്നെ എടുത്താലോ, എൻെറ കാവ്യത്തിനു്? അതിനു് വേറെ ഉപകഥകൾ, ഐതിഹ്യങ്ങൾ എന്നിവയും ഉൾപ്പെടുത്താൻ നോക്കാമല്ലോ. എന്നാൽ കുഠിനോയേ തോല്പിച്ച കഥ എനിക്ക തെല്ലും അറിഞ്ഞുകൂടാ; അതെന്തിൽ നിന്നും മനസ്സിലാക്കാൻ കഴിയും? പുത്തേഴൻെറ 'ശക്തൻ തമ്പുരാൻ' ഞാൻ വായിച്ചിരിക്കുന്നു. വൃത്തം അനുഷ്ടുപ്പുതന്നെ. മഹാഭാരതത്തെ അനുകരിച്ച യഥാസന്ദർഭം ഗദ്യവുമാകാം.

മാർച്ചുമാസത്തിൽ താങ്കളുടെ അടുക്കലേക്ക വരിക തുലോം സന്തോഷകരംതന്നെ; എന്നാൽ അതു സാധിക്കുമോ ആവോ? അധികദിവസം ഞാൻ ഇവിടെ ഇല്ലാതിരുന്നാൽ പല വൈഷമ്യങ്ങൾ പററിയേക്കും.

മകൻ നീരസദ്യോതകമായ എഴുത്തു താങ്കൾക്കയച്ചു എന്നു കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു. ദോഷം ചൂണ്ടിക്കാണിച്ചാൽ മുഷിയുക ഉൽക്കഷ് ലക്ഷണമല്ല. താങ്കളുടെ എഴുത്തു് അയാളെ കാണിച്ചു്, ഒന്നു താക്കീതു ചെയ്യുന്നോക്കാം. അയാൾ കുറെദിവസമായി വന്നേരിയിൽ സ്വഗൃഹത്തിലാണ്.

Digitized By Kerala Sahitya Akademi

താങ്കൾ അമേരിക്കയിലേക്ക് എന്നു പോകും? എന്നു തിരിച്ചെത്തും? പോകുന്നതിനുമുമ്പ് ഒരിരുനൂറു രൂപയുടെ ചെക്ക് എനിക്കയച്ചുതരാമോ? ഇപ്പോഴത്തെ തിടുക്കം കൊണ്ടല്ല ഇതപേക്ഷിക്കുന്നത്; കാലവൈഷമ്യം പേടിച്ച്; കരുതിവയ്ക്കാൻ മാത്രമാണ്. അസൗകര്യമില്ലെങ്കിൽ മാത്രം മതി, ചെക്കയയ്ക്കുക.

ശേഷമെല്ലാം മറുപടികൾമേൽ.

സ്വന്തം
വള്ളത്തോൾ
(*കത്ത് നമ്പർ 71*)

# സങ്കല്പത്തിലെ താവളം

വള്ളത്തോൾ

ചെറുതുരുത്തി
5-4-1943

പ്രിയ മിത്രമേ,

താങ്കൾ അമേരിക്കയിൽനിന്നും ജനവരിയിൽ തിരിച്ചെത്തുമെന്നാണല്ലൊ കരുതിയിരുന്നത്. അതിനാൽ രണ്ടോളം മാസമായി താങ്കളുടെ പ്രത്യാഗമനത്തെ അക്ഷമനായി കാത്തിരുന്ന എനിക്ക്, താങ്കൾ മാർച്ച് 29-ാം നു- കറാച്ചിയിൽ എത്തിയിരിക്കുന്നു എന്ന പത്രപ്രസ്താവം ഒരാശ്വാസനിശ്വാസത്തെ പുറപ്പെടുവിച്ചു. മനോജ്ഞങ്ങളായ മുപ്പതു പദ്യങ്ങൾകൊണ്ടു ഭക്തിഗദ്ഗദത്തോടെ സ്തുതിക്കപ്പെട്ട ശ്രീ ഹനുമാൻ താങ്കളുടെ ഈ സുദൂരവ്യോമസഞ്ചാരത്തെ സുഖപ്പെടുത്തിയതിൽ, ആ രാമദൂതന്റെ കൃപയെ ഞാൻ കൃതജ്ഞതാപൂർവ്വം ശ്ലാഘിക്കുന്നു.

താങ്കളുടെ കുടുംബം ബിക്കാനീറിൽത്തന്നെയല്ലേ? എല്ലാവരും സുഖം തന്നെയാണല്ലൊ. എന്റെ സ്ഥിതി നേരെ മറിച്ചായിരിക്കുന്നു. മൂന്നോളം മാസത്തിനുമുമ്പേ, ഇരുപതു വർഷത്തിലധികം പഴകിയതായ ഒരു വയററിൽവേദന വർദ്ധിച്ചുവർദ്ധിച്ച്, എന്നെ കുറെനാൾ കിടപ്പിലാക്കുകതന്നെ ചെയ്തു. ക്ഷയിച്ചുപോയ ഭക്ഷണരുചിയും ഉറക്കവും ഇപ്പോഴും മുൻനിലയിൽ കിട്ടിക്കഴിഞ്ഞിട്ടില്ല. വലിയ കരുതലോടെ ഇരിക്കുകയാണിപ്പോൾ. പത്രങ്ങളല്ലാതെ മറെറാന്നും വായിക്കാറില്ല; മിക്കപ്പോഴും തികഞ്ഞ വിശ്രമംതന്നെ.

'മലയാളം' നിർമ്മിപ്പാനായി കൊച്ചിരാജ്യചരിത്രം കുറെ വായിക്കാതിരുന്നില്ല; അപ്പോഴേക്കും വായനയിൽ വിഘ്നം സംഭവിച്ചുപോയി. ശ്രീ നാരായണപ്പണിക്കരുടെ തിരുവിതാംകൂർ ചരിത്രവും കുറെ നോക്കി. എന്നാൽ എനിക്കീ പുസ്തകം അത്ര പ്രയോജനമുള്ളതല്ല. മററു പുസ്തകങ്ങൾ അന്വേഷിച്ചുവരുന്നു. ആകപ്പാടെ എന്റെ ദേഹദൗർബ്ബല്യം (തൂക്കത്തിൽ 14 റാത്തൽ കുറഞ്ഞിരിക്കുന്നു ) എന്നെ 'മലയാള' നിർമ്മിതിക്ക് അശക്തനാക്കിയേക്കുമോ, ആവോ?

Digitized By Kerala Sahitya Akademi

അഭിനന്ദന്റെ രാമചരിതം കിട്ടിയപ്പോൾതന്നെ വായിപ്പാൻ തുടങ്ങി; വേഗത്തിൽ ഒരാവൃത്തി വായിച്ചുതീർക്കുകയും ചെയ്തു. പ്രായേണ അക്ഷുണ്ണമായ ഒരു പന്ഥാവിലൂടെയാണ് ഇദ്ദേഹത്തിന്റെ സരസ്വതി സഞ്ചരിച്ചിരിക്കുന്നതു്; രസസ്ഫൂർത്തിയും രചനാരാമണീയകവും സർവ്വത്ര വ്യാപിച്ചിട്ടുണ്ടു്. ഒടുവിലെ സർഗ്ഗങ്ങൾ (മററു രണ്ടുപേർ നിർമ്മിച്ചവ) പട്ടുനൂലോടു ചേർത്ത ചുടിക്കയർപോലെയിരിക്കുന്നു! അഭിനന്ദന്റെ മററു കൃതികളിൽ വല്ലതും കണ്ടുകിട്ടിയിട്ടുണ്ടോ? രാമചരിതം എപ്പോളാണ് തിരിച്ചയക്കേണ്ടതു്?

താങ്കളുടെയും വൈദ്യരത്നം പി.എസ്. വാര്യരുടെയും സസ്നേഹമായ ഉപദേശമനുസരിച്ചു് 'വള്ളത്തോൾ ഗ്രന്ഥാലയ'ത്തിന്റെ മരാമത്തു നീട്ടിവെച്ചിരിക്കയാണു്. എന്നാൽ യുദ്ധം എന്നവസാനിക്കുമെന്നും, അവസാനിച്ചാൽതന്നെയും സാമാനവില മുൻനിലയിലെത്താൻ കുറെ സംവത്സരങ്ങൾ കഴിയേണ്ടിവരില്ലേ എന്നുംമററും ആലോചിക്കുമ്പോൾ, കെട്ടിടംപണി നീട്ടിവെക്കുന്നതു വെറുതെയാണെന്ന ശങ്ക ജനിക്കുന്നു. എനിക്കോ പ്രായം 64-ആയി. ജീവിതത്തിന്റെ സായാഹ്നത്തിൽ ഒരു താവളം വേണ്ടയോ? അതു ഗ്രന്ഥാലയത്തോടുകൂടി നിർമ്മിക്കാമെന്നാണു് ഉദ്ദേശം. താങ്കൾ തല്ക്കാലം ദയചെയ്തു് ഒരു മൂവായിരം ഉറുപ്പിക കടമായി തരാമെങ്കിൽ, ഗ്രന്ഥാലയവും അതോടുചേർന്ന ഒരു വീടും ആറു മാസംകൊണ്ടു് ഒരുവിധം ഉണ്ടാക്കിത്തീർക്കാം. കൊച്ചിമഹാരാജാവും സംഭാവനയായിത്തന്ന പറമ്പു നികത്തുക, കിണർ കഴിക്കുക എന്നിവ കഴിഞ്ഞിരിക്കുന്നു; എപ്പോൾ വേണമെങ്കിലും ഭിത്തിപടവു തുടങ്ങാം. താങ്കൾ അടുത്ത ക്രിസ്തുമസ്കാലത്തേക്കു സ്വദേശത്തേക്കു വരുമല്ലൊ. അന്നു ഗ്രന്ഥാലയത്തിന്റെ ഉൽഘാടനം താങ്കളുടെ കൈകൊണ്ടുതന്നെ നടത്തത്തക്കവണ്ണം കെട്ടിടംപണി കഴിയുമെങ്കിൽ, അതു ഞങ്ങൾക്കു സന്തോഷോപരി സന്തോഷമായിരിക്കും.

താങ്കൾക്കു മൂവായിരം ഉറുപ്പികയുടെ പലിശയേ പോകയുള്ളു; മുതൽ മൂന്നുകൊല്ലംകൊണ്ടു ഞാനോ, എന്റെ കുടുംബമോ തീർച്ചയായും തിരിച്ചുതരും. ഈ വിഷയത്തിൽ താങ്കൾ ഒരു പുതിയ ആലോചന നടത്തിയാൽ നന്നു്. ശ്രീ കൊളാടി, വൈദ്യരത്നം എന്നിവരും ധനസാഹായ്യം ഏറക്കുറെ ചെയ്യുമെന്നുള്ളതുകൊണ്ടു്, താങ്കൾ തല്ക്കാലം മൂവായിരം ഉറുപ്പിക തന്നേച്ചാൽ, കെട്ടിടംപണി നടന്നുപൊയ്ക്കൊള്ളും. പണിയുടെ മേൽനോട്ടംതന്നെ കൊളാടിക്കാവും. അദ്ദേഹം മരാമത്തിൽ അതിവിദഗ്ധനാണല്ലൊ.

അഞ്ചാംഫാറത്തിൽ പഠിച്ചിരുന്ന എന്റെ മകൾ മല്ലികയെ താങ്കൾ കണ്ടിട്ടുണ്ടു്. അവൾക്കു കോഴിക്കോട്ടുവാസം അനാരോഗ്യഹേതുവായിതീർന്നതുകൊണ്ടു് പരീക്ഷയ്ക്കു നിൽക്കാതെ പഠിപ്പു നിർത്തി ഇങ്ങോട്ടു പോരേണ്ടിവന്നു. ഒരു തക്കവരനെ കിട്ടിയാൽ, എന്റെ ആ ഭാരവും ഇറക്കിവെക്കാമായിരുന്നു;എന്നാൽ ആരേയും കണ്ടുകിട്ടുന്നില്ല. ഒരാളെ കിട്ടിയാൽ കല്യാണം നടത്തുക എന്റെ സാങ്കല്പികഗൃഹത്തിൽവെച്ചാകണമെന്നും ഒരാശ ഉള്ളിൽ കിടപ്പുണ്ടു്. ഇവൾക്കു 17-18 വയസ്സായി. പിന്നത്തെ മകൾ വാസന്തി(14-15 വയസ്സ്) ഇക്കഴിഞ്ഞ പരീക്ഷയിൽ (4-ാംഫാറം) ജയിച്ചിരുന്നു. രണ്ടു ജാമാതാക്കൾ എനിക്കു വേണ്ടതിൽ ഒന്നാമനെ വേഗത്തിൽതന്നെ കിട്ടേണ്ടിയിരിക്കുന്നു. ജഗദംബികയുടെ മതം എങ്ങനെയോ! താങ്കളുടെ പുത്രിമാരും ഗൃഹജീവിതോചിതമായ പ്രായം പ്രാപിച്ചിരിക്കുന്നവല്ലൊ. വല്ല ആലോചനയും നടക്കുന്നുണ്ടോ? താങ്കളുടെ പ്രിയ പത്നിയോടും എന്റെ ഈ മനക്കോട്ടകെട്ടലൊക്കെ പറഞ്ഞേക്കണം.

Digitized By Kerala Sahitya Akademi

താങ്കൾ അമേരിക്കയിലേക്ക പുറപ്പെട്ടപ്പോൾ ഇങ്ങോട്ടയച്ച 200 ക. യുടെ ചെക്ക് കുറെ ദിവസം ഞാൻ മാറാതെ സൂക്ഷിച്ചുവെച്ചു. എന്നാൽ എൻെറ കടുത്ത വറുതിമൂലം മാറുകതന്നെ വേണ്ടിവന്നു. ഈ സംഖ്യ ഞാൻ ഏറെ താമസിയാതെ തിരിച്ചയച്ചുകൊള്ളാം. അഥവാ, എൻെറ അപേക്ഷയെ സ്വീകരിച്ചു താങ്കൾ ഇപ്പോൾ 3000 ക. തരാൻ തീച്ചപ്പെടുത്തുകയാണെങ്കിൽ ഈ 200 ക. ഉൾപ്പെടെ 3000 ക. തന്നാൽ മതി. ഞാൻ പണത്തിനുവേണ്ടി താങ്കളെ ഇങ്ങനെ കൂടെക്കൂടെ ശല്യപ്പെടുത്തുന്നതിൽ താങ്കൾക്ക മറിച്ചൊന്നും തോന്നരുതേ!

പണ്ട കോഴിക്കോട്ടുവെച്ച് ഒരു യുദ്ധം നടന്നതിൽ സാമൂതിരി ജയിച്ചതായ ഒരു കഥയുടെ ചുരുക്കം താങ്കളുടെ ഒരെഴുത്തിലുണ്ടായിരുന്നു; അതിൻെറ പൂർണ്ണവിവരം ചുരുക്കി എഴുതി അയച്ചാൽ നന്ന്. മലയാളത്തിൻെറ ഇതിവൃത്തം അതാക്കിയാലോ എന്നു ഞാൻ വിചാരിക്കാറുണ്ട്.

താങ്കളുടെ ഐക്യരാജ്യപര്യടനത്തിൻെറ സംക്ഷേപവും അവസരമുള്ളപ്പോൾ എന്നെ അറിയിച്ചാൽ കൊള്ളാം. താങ്കൾ പ്രസിഡണ്ട് റൂസ് വെൽററിനേയും മററും കണ്ടിരിക്കുമല്ലൊ. താങ്കൾ ഹോളിവുഡ്ഡിൽ പോകയുണ്ടായോ? അവിടെ ഇപ്പോഴും സിനിമാ ഏർപ്പാടുകൾ മുമ്പത്തെപ്പോലെയല്ലയോ?

നല്ല സംസ്കൃതസാഹിത്യഗ്രന്ഥങ്ങളിൽ നേരമ്പോക്കൾ വല്ലതും ഇപ്പോൾ അയച്ചുതരാനുണ്ടോ? താങ്കൾ ക്രിസ്തുമസ്സിനുമുമ്പ് സ്വദേശത്തേക്ക വരുമോ? എല്ലാ വിവരങ്ങൾക്കും മറുപടി തരാൻ അമാന്തിക്കരുതെന്നപേക്ഷ. ഇനിയുമുണ്ട് പലതും എഴുതാൻ; എങ്കിലും തല്ക്കാലം മനസ്സില്ലാമനസ്സോടെ എഴുത്തവസാനിപ്പിക്കുകതന്നെ ചെയ്യുന്നു.

എൻെറ വാല്മീകിരാമായണത്തിലെ ഉത്തരകാണ്ഡം (വീണ്ടും പരിശോധിക്കപ്പെട്ടത്) ഒരു പുസ്തകമാക്കി അച്ചടിച്ചുകഴിഞ്ഞിരിക്കുന്നു. അത് ഈ മാസം 14-ാം നു- വിഷുദിവസത്തിൽ പുറത്തിറക്കും. മംഗളോദയക്കാരുടെ ചെലവിന്മേലാണ് അച്ചടി; 1700- ൽ പുറം ഉറുപ്പികയായി, ചെലവ്! അതിൻെറ ഒരു കോപ്പി 14-ാം നു-യ്ക്കു ശേഷം അവർ താങ്കൾക്കയയ്ക്കും.

സ്വന്തം<br>
വള്ളത്തോൾ<br>
*(കത്ത് നമ്പർ 72)*

# ജാമാതാവിനെ തേടി

വള്ളത്തോൾ

ചെറുതുരുത്തി<br>
27-4-1943

പ്രിയ സുഹൃത്തെ,

താങ്കൾ 11-ാം തീയതി അയച്ച സസ്നേഹമായ എഴുത്ത് 17-ാം തീയതി ഇവിടെ വന്നുചേർന്നു. കെട്ടിടംപണിയെപ്പററി ശ്രീ കൊളാടിയു

Digitized By Kerala Sahitya Akademi

മായി ഒന്നുകൂടി സംസാരിച്ചിട്ടാകാം മറുപടി അയയ്ക്കുക എന്ന കരുതലാലാണ് ഇത്രയും വൈകിപ്പോയതു്. കൊളാടിയെ മിനിഞ്ഞാന്നേ കണ്ടെത്തിയുള്ളു. താങ്കൾ സഹായിക്കാമെന്ന സദയം സമ്മതിച്ച 3000 ക അദ്ദേഹത്തിന്റെ പക്കൽ കൊടുത്താൽ, ഇപ്പോഴത്തെ സ്ഥിതിക്കു്, കഴിയുന്നത്ര ചുരുങ്ങിയ ചെലവിൽ, ഒരു കെട്ടിടം തീർപ്പിച്ചു തരാമെന്നാണ് അദ്ദേഹം പറഞ്ഞതു്; അദ്ദേഹത്തിന്റെ കയ്യിൽ നിന്നെടുക്കേണ്ടിവരുന്ന പണവും അപ്പപ്പോളായി പലിശ കൂടാതെ മടക്കിക്കൊടുത്താൽ മതിയെന്നും അദ്ദേഹം സമ്മതിച്ചിരിക്കുന്നു. താങ്കളുടെ തല്ക്കാലത്തിടുക്കം കഴിഞ്ഞു്, നവംബറിലോ ഡിസംബറിലോ മതി പണം തരിക. അങ്ങനെയെങ്കിലും കിടന്നു മരിക്കാൻ ഒരു സ്വന്തം പുര ഉണ്ടായിവരട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. അതിനു്, ചെറുതെങ്കിലും കൊള്ളാവുന്ന ഒരു സ്ഥലം കൊച്ചിത്തമ്പുരാന്റെ ഔദാര്യത്താൽ കൈവന്നിട്ടുമുണ്ടല്ലൊ.

സാഹിത്യപരിഷത്തിന്റെ ഒരു യോഗത്തിൽ അദ്ധ്യക്ഷനാകാൻ എന്നെ യുവപ്രവർത്തകന്മാർ ക്ഷണിക്കുകയുണ്ടായി. എന്നാൽ എന്റെ ഇപ്പോഴത്തെ അനാരോഗ്യം അതിന്നു പ്രതിബന്ധമാണെന്ന എന്റെ മറുപടി പറവൂരിൽ എത്തിക്കഴിഞ്ഞതോടെ മൂന്നു യുവാക്കന്മാർ എന്നെ പിടിച്ചുകൊണ്ടുപോകാൻതന്നെ നിശ്ചയിച്ചു് ഇവിടെ വന്നുകേറി. അവർ പറഞ്ഞു താങ്കളേയും ക്ഷണിച്ചിട്ടുണ്ടെന്നു്. 'ശ്രീ പണിക്കർ ഈ ഘട്ടത്തിൽ സ്വദേശത്തേക്കു വരികയുണ്ടാവില്ല.' എന്നു ഞാൻ അഭിപ്രായപ്പെട്ടപ്പോൾ, 'അതും ഒരു കാരണമാണു്, ഇവിടുത്തെ നിർബ്ബന്ധിപ്പാൻ' എന്നായി ദൂതന്മാർ. എന്റെ ദേഹദൗർബല്യത്തെ നോക്കിയാലും, ഈ സാഹിത്യപരിഷത്തിനെപ്പററി താങ്കൾക്കെന്നെപോലെ എനിക്കും കുറെ അനാസ്ഥയുള്ളതിനാലും അവരിൽനിന്നു ഞാൻ ഒഴിഞ്ഞുമാറുകതന്നെ ചെയ്തു. രണ്ടുനാൾ കഴിഞ്ഞപ്പോളതാ നമ്മുടെ പെരുവനംകാര്യക്കാരായിരുന്ന നീലകണ്ഠപ്പിള്ളയും ഗോപാലകൃഷ്ണപിള്ളയും (താങ്കളുടെ ജാമാതാവിന്റെ അളിയൻ) കൂടി വന്നണയുന്നു; അവരുടെ വിടാപ്പിടുത്തത്തിന്നു ഞാൻ കീഴടങ്ങി എന്നേ പറയേണ്ടു. അദ്ധ്യക്ഷപദസ്വീകാരത്തിനു പകരം, അഞ്ചുനിമിഷംകൊണ്ടു് ഉൽഘാടനക്രിയ കഴിച്ചേച്ചാൽ മതി എന്നാണു് അവരുടെ ദൃഢനിർബ്ബന്ധം. മെയ് രണ്ടാംതീയതി വൈകുന്നേരം ഇവിടെനിന്നു പോയി 3-ാംതീയതി രാവിലെ ഉൽഘാടനം കഴിച്ചു തിരികെ പോരാമെന്നാണു് ഇപ്പോൾ ഞാൻ വിചാരിക്കുന്നതു്; താമസം പറയത്തു വീട്ടിൽതന്നെയായിരിക്കും. ശ്രീ രാമമേനോനെ കണ്ടിട്ടും വളരെനാളായി.

ഒരു ജാമാതാവിനെ കണ്ടുപിടിപ്പാൻ ഞാൻ അവിടവിടെ അന്വേഷണം നടത്തുന്നുണ്ടു്; താങ്കൾ തക്ക ഉദ്യോഗം വാങ്ങിക്കൊടുക്കാമെന്നു സമ്മതിച്ചതു് എന്നെ സമാശ്വസിപ്പിക്കുന്നു. ഉദ്യോഗം കിട്ടുമെന്നു കണ്ടാൽ ഒരു ബി എ. ക്കാരനോ ബി. എ. ബി. എൽ. കാരനോ വഴിപ്പെട്ടേക്കുമെന്നു തന്നെ തോന്നുന്നു.

താങ്കളുടെ 'അമേരിക്കൻ യാത്ര' മംഗളോദയത്തിന്റെ അടുത്തലക്കത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങും; അതു വായിപ്പാൻ അതി കുതൂഹലിയായിരിക്കയാണു ഞാൻ. അഭിനന്ദകാവ്യത്തിലെ ഒരു സന്ദർഭം (സുഗ്രീവവിലാപം) കൂടി ഞാൻ തർജ്ജമചെയ്തതു മംഗളോദയത്തിൽ കണ്ടിരിക്കുമല്ലൊ. താങ്കൾ രാമചരിതം വായിക്കുമ്പോൾ ഞാനും അരികത്തുണ്ടാകുമെങ്കിൽ—പക്ഷേ, അതു തല്ക്കാലം അസാദ്ധ്യംതന്നെ! അഭിനന്ദന്റെ അനുഷ്ടുപ്പുകൾക്കു മേന്മയേറും. സ്വയംപ്രഭാഗുഹയിൽ വെച്ചു് ഒരു വാനരവേശ്യ

Digitized By Kerala Sahitya Akademi

ഹനുമാനെ വിരട്ടാൻ ചെന്ന ആ സുന്ദരമായ സന്ദർഭംകൂടി തർജ്ജമ ചെയ്യാൻ ഞാൻ കരുതിയിരുന്നു; അപ്പോഴേക്ക പുസ്തകം തിരിച്ചയയ്ക്കേണ്ടി വന്നുവല്ലൊ. പിന്നെ ഒരവസരത്തിലാകാം. അഭിനന്ദകാവ്യം അവിടെ എത്തിച്ചേർന്നില്ലയോ? എൻെറ ഉത്തരരാമായണം, അച്ഛുവിൻെറ ചെറുകഥകൾ എന്നിവ ബുക്ക്പോസ്റ്റായി അയച്ചതും അവിടെ കിട്ടിയിരിക്കമെന്ന വിശ്വസിക്കുന്നു. ഉത്തരരാമായണം മംഗളോദയത്തിൽനിന്ന താങ്കൾക്കയച്ചതിൽ എൻെറ സീൽ വെച്ചിട്ടില്ല. അതിനാൽ, ആ ബുക്ക മംഗളോദയത്തിലേക്ക യഥാവസരം തിരിച്ചയച്ചേക്കുക.

മാർഷൽ കഠീനോവിൻെറ കഥ ഏറെ വൈകാതെ എഴുതിത്തരുമല്ലൊ.

താങ്കളുടെ മകനെ ചേർത്ത 'മിഡിൽടെമ്പിൾ' എന്താണ്? എന്തു വിഷയമാണ് പ്രധാനമായി പഠിക്കേണ്ടതു്?

സ്വന്തം
വള്ളത്തോൾ
*(കത്തുനമ്പർ 73)*

# ഇതിവൃത്തം സ്വരൂപിക്കുന്നു

വള്ളത്തോൾ

ചെറുതുരുത്തി
9–5–1943

പ്രിയ സുഹൃത്തെ,

ഏപ്രിൽ 25–ാം നം‌ത്തെ എഴുത്തും കഥാസംഗ്രഹവും കിട്ടി. കഥ കൊള്ളാം; എന്നാൽ പഴക്കം അഞ്ഞൂറോളം കൊല്ലത്തേ ഉള്ളുവെങ്കിലും 16–ാം നൂററാണ്ടിന്ന മുമ്പുള്ള കേരളത്തിൻെറ നില ഇതിൽ പ്രകാശിപ്പിച്ചാൽ മതിയല്ലോ; ഞാൻ സ്വയം ആലോചിച്ചു നോക്കട്ടെ. പോർട്ടുഗൽ ചക്രവർത്തി കോഴിക്കോട്ടയുദ്ധം തുടങ്ങിയതെന്നാണ്? അതിൽപ്പററിവരുന്ന പരാജയത്തെപ്പററിയല്ലയോ, സദസ്സിൽവെച്ചു സംസാരിച്ചതു്? അപ്പോളല്ലോ കഠീനോയുടെ ശപഥം? കഠീനോയുടെ ശപഥത്തിന്ന മുമ്പുതന്നെ യുദ്ധം നടന്നിരുന്നു എന്നാണല്ലോ, ഇതിൽനിന്നു് തെളിയുന്നതു്; ആ യുദ്ധത്തിൽ ചക്രവർത്തിയുടെ പടത്തലവനുംമററും ആരായിരുന്നു? ഈ വിവരങ്ങൾകൂടി യഥാവസരം കുറിച്ചുതരാൻ ദയയുണ്ടാകണം. കോഴിക്കോട്ടയുദ്ധത്തിന്ന കാരണം ചക്രവർത്തിയുടെ വിജയേച്ഛ മാത്രമോ? മററു വല്ല കാരണവുമുണ്ടായിരുന്നുവോ? ലോഗൻമാനുവലിന്ന മലയാളതർജ്ജമയില്ല. ത്രേ; മലബാർ ഗസററിയറിൻെറ ഒന്നാം വാള്യം മാത്രമേ (നാലിലധികം വാള്യങ്ങളുണ്ടു്.) കിട്ടിയിട്ടുള്ളതാനം.

ഞാൻ സാഹിത്യപരിഷത്തിന്നായി 3–ാം തീയതി പറവൂർക്ക് പോയി; 6–ാം തീയതി രാത്രിയേ തിരിച്ചെത്തിയുള്ളൂ. താമസിച്ചതു്, എന്നെ കൊണ്ടുപോകാൻ വന്ന നീലകണ്ഠപ്പിള്ളയുടെ ഭാര്യാഗൃഹത്തിലാണ്. പറവൂർ ഒരു പകൽ മാത്രമേ താമസിച്ചുള്ളൂ. ശ്രീ രാമൻമേനോനും മററും സുഖംതന്നെ. രാമൻമേനോൻ താങ്കളുടെ കൃതിയായ 'അമ്മയും മകളും' എന്നെ കാണിച്ചു; എന്നാൽ, അതിൻെറ കയ്യെഴുത്തുകോപ്പി ഞാൻ മുമ്പേ വായിച്ചിട്ടുണ്ടു്. നീലകണ്ഠപ്പിള്ളയുടെ ആതിഥ്യം കേമമായി; അദ്ദേഹം താങ്കളോട്ട വന്ദനം പറയുന്നു.

Digitized By Kerala Sahitya Akademi

പരിഷൽ സമ്മേളനത്തിൽ രണ്ടായിരത്തോളം ആളുകൾ കൂടിയിരുന്നു. ഞാൻ തന്നെ ഉദ്ഘാടനത്തിൽ കുറെ 'അധികപ്രസംഗി'യായിപ്പോയി; എന്നാൽ അദ്ധ്യക്ഷനായ മഹാകവിയുടെ പ്രസംഗം രണ്ടിലധികം മണിക്കൂർ നിന്നു. സദസ്സിൽനിന്ന് ഒരു ശബ്ദം,പ്രസംഗം നിർത്തുക എന്ന്, പുറപ്പെട്ടപോൾ; അതു് ഏതോ ഒരു നൊസ്സന്റെ പ്രയോഗമാണെന്നു കരുതപ്പെട്ടിരിക്കുന്നു! അദ്ധ്യക്ഷസ്ഥാനത്തേക്കു്, പാറം, കോപ്പാട്ടിൽ കല്യാണിക്കുട്ടിയമ്മ എന്നിവർ വന്നുചേർന്നില്ല; അവക്കു പകരം നമ്മുടെ റാവുസാഹിബ് കേ.മാട്ടം, വൈക്കം ഭേരിഥിയമ്മയുമാണ് ആദ്ധ്യക്ഷം വഹിച്ചതു്. ഓട്ടൻതുള്ളൽ, പാട്ടുകച്ചേരി, കഥകളി, ഗദ്യനാടകം എന്നിവയും മററുമുണ്ടായിരുന്നു.

താങ്കൾ വിമാനത്തിൽ വെച്ച് എഴുതിയ കവിത 'മാതൃഭൂമി' ആഴ്ച്ചപ്പതിപ്പിലേക്കു കൊടുത്താൽ നന്നു്. 'മാതൃഭൂമി'യുടെ ഇപ്പോഴത്തെ പ്രധാന എഡിററർ, എം.കെ. രാജാ ബി.എ; എൽ.എൽ.ബി. യാണ്. ഇദ്ദേഹം നമ്മുടെ മുകുന്ദരാജാവിന്റെ ഭാഗിനേയനും, എനിക്കു് അത്യന്തം പ്രിയപ്പെട്ട ഒരു മിടുക്കനായ ഒരു യുവാവുമാണ്. ഇദ്ദേഹം എനിക്കു് എഴുതത്തയച്ചിരിക്കുന്നു, താങ്കളെക്കൊണ്ടു ചിലപ്പോഴൊക്കെ ആഴ്ചപ്പതിപ്പിലേക്കു് ഉപന്യാസമോ കവിതയോ അയപ്പിക്കാൻ. ഇതിൽ താങ്കൾ സ്വല്പം ശ്രദ്ധിക്കണമെന്നപേക്ഷ. വല്ലതും ഉടനേ അയച്ചുകൊടുക്കുക.

ഈ രാജാവു് ഇംഗ്ലീഷ് ഗദ്യത്തിൽ പകർത്തിയ എന്റെ 14 കൃതികൾ ഡാക്ടർ കസിൻസിനെ ഏല്പിച്ചിട്ടു മാസം കുറെയായി; ഏതാനും ദിവസങ്ങൾക്കു മുമ്പേ ഞാൻ ഒരു കത്തയച്ചതിന്നു സായ്പ് മറുപടിയും അയച്ചില്ല! വീണ്ടും എഴുതത്തയച്ചു നോക്കാം. വിമൽജി ഹിന്ദിത്തർജ്ജമയെക്കുറിച്ചു താങ്കൾക്കു കത്തയച്ചിരുന്നുവോ? ഉണ്ടെങ്കിൽ, താങ്കൾ എന്തു മറുപടിയാണ്, കൊടുത്തതു്?

വള്ളത്തോൾ ഗ്രന്ഥാലയത്തിന്നു താങ്കൾ 3000 ക. കൊണ്ടു് ഒരു സഹായ്യം ചെയ്യാമെന്നു സമ്മതിച്ചിട്ടുണ്ടെന്നും, പറയത്തക്ക ഒരു നല്ല സഹായ്യം ചെയ്യേണമെന്നും, ഞാൻ രാമൻമേനോനോടു പറഞ്ഞു. അമ്മാമനോടപേക്ഷിക്കാനാണ്, അദ്ദേഹം മറുപടി പറഞ്ഞതു്. അടുത്ത അവസരത്തിൽ ശ്രീ ഗോവിന്ദമേനോനെ ചെന്നു കാണണമെന്നു വിചാരിക്കുന്നു.

എനിക്കു പറവൂരിൽവെച്ച് ഒരു കുരുവിന്നു ('കുനിന്മേൽ കുരു 'എന്നാണു പറയേണ്ടതു്!) ശസ്ത്രക്രിയ ചെയ്യേണ്ടിവന്നു; ആ കുരു ശമിച്ചു തുടങ്ങിയപ്പോഴേക്കും ഇതാ മറെറാരു കുരു പുറപ്പെട്ടിരിക്കുന്നു. ആകപ്പാടെ ഈയാണ്ടിൽ ഞാൻ ആരോഗ്യഹീനനും ക്ഷീണനുമായിത്തീർന്നിരിക്കുന്നു.

താങ്കളുടെ മഹാരാജാവിനെ സംസ്കൃതശ്ലോകാത്മകമായ ഒരഭ്യർത്ഥനപ്പത്രികയുമായി സമീപിച്ചാൽ അദ്ദേഹത്തിന് എനിക്കൊരു ധനസാഹായ്യം ചെയ്യാൻ കഴിയുമോ? താങ്കൾ പ്രേരിപ്പിക്കുമെങ്കിൽ രാമശരൺദാസ്സും വല്ലതും തന്നേക്കുമെന്ന് എനിക്കു് ദുര തോന്നുന്നു. ഇതിൽ താങ്കളുടെ അഭിപ്രായമറിയാൻ ആശയുണ്ടു്. ദാസ് ഇപ്പോൾ രോഗമുക്തനായിക്കഴിഞ്ഞിരിക്കുമല്ലൊ. സാമൂതിരിപ്പാടിനെ ഞാൻ അടുത്ത അവസരത്തിൽ ചെന്നു കാണും. വൈദ്യരത്നം വാരിയരേയും പിടികൂടിയിട്ടുണ്ടു്. വാരിയർ സ്വല്പമേ തരികയുള്ളു.

സ്വന്തം
വള്ളത്തോൾ
(കത്ത് നമ്പർ 74)

Digitized By Kerala Sahitya Akademi

# രാജപ്രീതിക്ക്

വള്ളത്തോൾ

ചെറുതുരുത്തി
14-6-1943

പ്രിയ സുഹൃത്തേ,

താങ്കൾ കഴിഞ്ഞമാസം 18-ാം തീയതി അയച്ച എഴുത്ത് യഥാകാലം കിട്ടി. കുറെനാൾ മറുപടി അയപ്പാൻ അമാന്തിച്ചു; മറുപടിയെഴുതാൻ മുതിർന്നപ്പോഴേക്കും ഡാക്ടർ കുഞ്ഞൻരാജാവു സദയം അയച്ച 'മയൂരസന്ദേശ'പ്പകർപ്പു വന്നുചേർന്നു. അതു തിരിച്ചയയ്ക്കുമ്പോഴാകാം താങ്കൾക്കും മറുപടി എഴുതുക എന്നുറച്ച്, വെമ്പലോടെ സന്ദേശകാവ്യം വായിപ്പാനും തിരുത്താനും തുടങ്ങി. കുറെ മണിക്കൂറുകൾ തലകൊണ്ടു പണിയെടുത്തതുകൊണ്ടായിരിക്കാം, എന്റെ സുപ്രസിദ്ധമായ ജലദോഷം മൂത്തു മുഴുത്തു പനിയും വയററിൽ സുഖക്കേടും മററും പിടിപെട്ട്, കഴിഞ്ഞ മകരത്തിലെന്നപോലെ ഞാൻ കിടപ്പിലായിപ്പോയി. മിനിഞ്ഞാന്നു പതുക്കെ ഒന്നു കുളിച്ചു. ഇപ്പോഴും കിടപ്പിൽ നിന്നു തികച്ചും എഴുന്നേററിട്ടില്ല; ചില ചികിത്സകൾ ഇന്നലെ വിശേഷാൽ ആരംഭിച്ചിട്ടുണ്ട്. ഈയാണ്ടിൽ എന്നെ അനാരോഗ്യം അധികം തവണ ബാധിക്കുന്നു!

മയൂരസന്ദേശം 4–5–നാൾക്കു മുമ്പേ തമ്പുരാന്നു് ബിക്കാനീറിലേക്കു തന്നെ തിരിച്ചയച്ചു. അദ്ദേഹത്തിനുള്ള എഴുത്ത് ഇതിൽതന്നെ വെച്ചിരിക്കുന്നതു് താങ്കളും വായിക്കേണമെന്നുദ്ദേശിച്ചാണ്. അദ്ദേഹം ബിക്കാനീർ വിട്ടുകഴിഞ്ഞുവെങ്കിൽ ഇതു് അദ്ദേഹത്തിനയച്ചുകൊടുത്തേക്കണം.

താങ്കളുടെ 'ആപൽക്കരമായ യാത്ര'യും 'സിൻഡ്ബാദിന്റെ കോട്ട'യും ഞാൻ സസന്തോഷം വായിച്ചു. എന്റെ കുട്ടിക്കാലത്തു്, 'സിൻഡ്ബാദിന്റെ കപ്പലോട്ടം' എന്നൊരു ഗദ്യപുസ്തകം (അതിപ്പോൾ കാണപ്പെടുന്നേയില്ല.) ഞാൻ വായിച്ചിട്ടുണ്ട്; ആ സിൻഡ്ബാദുതന്നെയാണ്, ഈ 'കോട്ട'യുടെ ഉടമസ്ഥനെന്നു് ഏതാനും ദിവസങ്ങൾക്കു മുമ്പേ എന്നെ കാണാൻ വന്ന മുണ്ടശ്ശേരി പറഞ്ഞു. ആ വാണിജ്യലക്ഷ്മിയെ താങ്കൾ സ്വപ്നത്തിൽ കണ്ടതു് ഉചിതവും രുചിരവുംതന്നെ. യാത്രാവിവരണങ്ങൾ ഇങ്ങനെ സുഗമവും സുകുമാരവും സംക്ഷിപ്തവുമായിത്തന്നെ വേണം എഴുതുക. ഇതു വേറെ പുസ്തകമാക്കാതെ കഴിയില്ല; അതിനു മംഗളോദയക്കാരെ ഏല്പിച്ചിട്ടില്ലയോ? താങ്കളുടെ വിദേശയാത്രയെ മുൻകൂട്ടിപ്പറഞ്ഞ ആ ജ്യോത്സ്യബ്രാഹ്മണൻ ചില്ലറക്കാരനല്ല. താങ്കളുടെ ജ്യേഷ്ഠനും ജ്യോത്സ്യത്വമുണ്ടെന്നു് ഇപ്പോഴേ ഞാനറിഞ്ഞുള്ളു.

പണം ചിങ്ങത്തിൽ തന്നാൽ മതി. ലക്ഷ്യം ഒരു നല്ല വക്കീലുമായി ആലോചിച്ച് എഴുതിക്കാം. എനിക്കു താങ്കൾ തരുന്ന പണം തിരികെ കിട്ടാൻ കേസും വഴക്കുമോ? ശാന്തം പാപം! ഉത്തമന്മാരെ വഞ്ചിപ്പാൻ ...*അല്ല, വള്ളത്തോൾ.

* *ഇവിടെ ഒരു പ്രസിദ്ധനായ സുഹൃത്തിന്റെ പേർ പറഞ്ഞിരിക്കുന്നു.*

Digitized By Kerala Sahitya Akademi

ഞാൻ സംസ്കൃതശ്ലോകാത്മകമായ അഭ്യർത്ഥനപത്രം അടിയറ വെച്ച താങ്കളുടെ മഹാരാജാവിനേയും, താങ്കൾക്കധീനരായ പാററ്യാലാ മുതൽ നാലഞ്ചു മഹാരാജാക്കന്മാരേയും ലാഹോറിലെ രാമശരണദാസിനേയും കണ്ടാൽ, അവരിൽനിന്നു് ആറേഴായിരം ഉറുപ്പികയെങ്കിലും സംഭാവനയായി കിട്ടില്ലയോ? കവികളുടെ ഈ ചടങ്ങു് ഇന്ത്യയിൽ പണ്ടേ ഉള്ളതാണല്ലോ. ഇതിൽ അവരെ അഭിമുഖ്യപ്പെടുത്താൻ താങ്കൾക്കൊരു പ്രയാസവും ഇല്ലെന്നാണു് എന്റെ അനുഭവം. ബിക്കാനീർ മഹാരാജാവും മററും ഒരു മലയാളിയെ മാനിച്ചു എന്നു വരുന്നതു് നമുക്കഭിമാനകരംകൂടിയല്ലയോ? ഇതിൽ താങ്കൾ മടിവിട്ടു മനസ്സിരുത്തുമെങ്കിൽ, അടുത്ത ഒക്ടോബർ മാസത്തിൽ ഞാൻ താങ്കളുടെ അടുത്തുവന്നു കുറെനാൾ താമസിക്കാം; അന്നു 'രാമചരിത'വും മററും നമുക്കൊന്നിച്ചു വായിക്കുകയും ചെയ്യാം. ബിക്കനീർ മഹാരാജാവു് എനിക്കു സംഭാവന തന്ന വിവരം പത്രങ്ങളിൽ കണ്ടാൽ ഒക്ടോബറിൽ ബിക്കാനീറിൽ വന്നുകൂടുന്ന മാർവാഡിധനികന്മാരുടെ (താങ്കളുമായി സ്നേഹവും അടുപ്പവുമുള്ളവരുടെ) പണസ്സഞ്ചിയും ഒട്ടൊട്ടു കൺമിഴിക്കാതിരിക്കില്ല. ഇതു് ഇപ്പോൾ താങ്കൾ മനസ്സുവെച്ചാൽ നിഷ്പ്രയാസം സാധിക്കാവുന്ന കാര്യമാണു്.

പണ്ടു് ശ്രീ മുകുന്ദരാജാവും ഞാനുംകൂടി താങ്കളെ ബോംബയിൽവെച്ചു കണ്ടുപിടിച്ചു ചില മഹാരാജാക്കന്മാരെക്കൊണ്ടു കലാമണ്ഡലത്തെ സഹായിപ്പാൻ അപേക്ഷിക്കുകയുണ്ടായി; അപ്പോൾ 'കഥകളി ഇക്കൂട്ടർക്കു രുചിക്കുകയില്ല' എന്നും പറഞ്ഞു് ഒഴിയുകയാണു താങ്കൾ ചെയ്തതു്. എന്നാൽ പിന്നത്തെ അനുഭവം നേരെ മറിച്ചല്ലയോ? ഗ്വാളിയോറിലേക്കു കഥകളിയോഗം ക്ഷണിക്കപ്പെട്ടതും, ബറോഡാമഹാരാജാവു് 1000 കതന്നതും, ഹൈദരാബാദിലേക്കു ക്ഷണിപ്പാൻ സർ അക്ബർ ഹൈദരി (അഹോ, ആ മഹാന്റെ മരണം സങ്കടകരംതന്നെ!) സമ്മതിച്ചതും മററും താങ്കളുടെ കത്തുകളുടെ ഗൗരവംകൊണ്ടല്ലയോ? ആ ഗൗരവം താങ്കളുടെ കത്തുകൾക്കിന്നുമുണ്ടു്; അഥവാ കൂടുതലായുണ്ടു്. ഞങ്ങൾ ബോംബയിൽ വച്ചു് അപേക്ഷിച്ച കാലത്തു താങ്കളുടെ മാന്യസുഹൃത്തുക്കളായ ബറോഡാ-പാററ്യാലാ മഹാരാജാക്കന്മാർ ജീവിച്ചിരിപ്പുണ്ടായിരുന്നു എന്നുകൂടി ഓർക്കുമല്ലോ.

സംസ്കൃതപ്രതിപത്തി അസാമാന്യമായുള്ള രാമശരണദാസിനു താങ്കളെക്കുറിച്ചുള്ള മതിപ്പു സ്നേഹവും അദ്ഭുതവുമായി അല്പം സംസാരിച്ചതിൽനിന്നുംതന്നെ എനിക്കു മനസ്സിലായി. നവനഗറിലെ ജാംസാഹേബു്, ഉദയപുരം മഹാരാജാവു് എന്നിവരും താങ്കളുടെ ശിപാർശിയെ സസ്നേഹം കൈക്കൊള്ളുന്നവരാണെന്നു് എനിക്കറിയാം! ഉദയപുരത്തു ദിവാനെ നിയമിച്ചതുതന്നെ താങ്കളുടെ ഇഷ്ടം പ്രമാണിച്ചാണല്ലോ.

എന്റെ അഭിപ്രായം ഞാൻ താങ്കളുടെ മുമ്പാകെ സമർപ്പിച്ചു. ഇനി, താങ്കളുടെ അഭിമതംപോലെ.

ഇതിൽ, എനിക്കു വേറെ ഒരു ഉദ്ദേശംകൂടി കിടപ്പുണ്ടു്. എന്നെ എന്റെ നാട്ടിലെ മഹാരാജാക്കന്മാർ അത്രയൊന്നും ആദരിച്ചിട്ടില്ലെന്നിരിക്കെ, ഈ വയസ്സുകാലത്തു്, വിദേശങ്ങളിലെ ചില മഹാരാജാക്കന്മാരുടെ പ്രീതിക്കു ഞാൻ പാത്രീഭവിച്ചു എന്നു വരണമെന്നുള്ളതാണു് ആ ഉദ്ദേശം! ഇതു നിറവേററാൻ താങ്കളല്ലാതെ ഇന്നാരുണ്ടു്? ഞാൻ വാർദ്ധക്യഗ്രസ്തനും, കൂടെക്കൂടെ അസ്വാസ്ഥ്യാക്രാന്തനുമായിരിക്കുന്നു എന്നുള്ളതുകൂടി സദയം താങ്കൾ

Digitized By Kerala Sahitya Akademi

ഓക്മോറാകണം. താങ്കളുടെ സ്വാധീനശക്തിയെ കേരളത്തിലെ ഒരെളിയ ഏർപ്പാടിന്നു (വള്ളത്തോൾ ഗ്രന്ഥാലയത്തിന്നു) വേണ്ടി, അഥവാ, വെറും വള്ളത്തോളിനുവേണ്ടി തെല്ലൊന്നു വിനിയോഗിപ്പാൻ ഇനിയും വൈകിച്ചുകൂടാ എന്നു ചുരുക്കം.

താങ്കൾ അമേരിക്കയ്ക്കു പോയ കാലത്തു ഞാൻ ഒരു രാത്രിയിൽ താങ്കളെ സ്വപ്നം കണ്ടു; ഉണർന്നതോടുകൂടി ഇങ്ങനെയൊരു ശ്ലോകം തോന്നി— (നേരംപോക്കു ക്ഷമിക്കണേ.)

'വായപ്പകിട്ടുടയകേയം പണിക്കരുടെ
കായത്തിനൊട്ടു തടിയു-
ണ്ടായന്നു തൊട്ടിഹ തദീയസ്ഥിതിക്കുമുള-
വായത്രു തന്നെയുയരം;
ഗേയപ്രസക്തനിലമായം രമിച്ചു സുചി-
രായത്തയാം കവിതയാ-
ളാ, യംഗനസ്സുസുഖമായല്ല തോന്നി ദൃഢ,-
മീയംഗപുഷ്ടിവിഭവം.'

ദ്വാദശാക്ഷരപ്രാസശ്ലോകം ജീവകാലത്തു് ആദ്യമായിട്ടിതാണു്.

'മാതൃഭൂമി' ആഴ്ചപ്പതിപ്പിന്നു് എന്തെങ്കിലും ഒരു കവിതയോ ഉപന്യാസമോ പ്രഥമ സൗകര്യത്തിൽതന്നെ താങ്കൾ അയച്ചുകൊടുത്തേ കഴിയൂ. വിദേശയാത്രയിലെ ഒരനുഭവമോ സംഭവമോ മതി വിഷയം. മംഗളോദയത്തിലേക്കയച്ചതിൽ പെടാത്തതാവണമെന്നുമാത്രം.

ഇതിൽ അടങ്ങിയ എല്ലാ വിവരങ്ങൾക്കും വിശദമായ മറുപടി പ്രതീക്ഷിക്കുന്നു.

എന്റെ കൃതികൾ ഹിന്ദിയിൽ സംക്രമിപ്പിച്ചു വരുന്ന വിമൽജി അവ പാദ്യമാക്കേണമോ എന്നു താങ്കളോടു് എഴുതി ചോദിച്ചിരുന്നുവോ? ഉണ്ടെങ്കിൽ താങ്കൾ അയാൾക്കു് എന്താണു മറുപടി കൊടുത്തതു്?

ഇംഗ്ലീഷ്തർജ്ജമ ഡാക്ടർ കസ്സിൻസ് ഇതേവരെ നോക്കിയിട്ടില്ലെന്നും, ഏറെ വൈകാതെ നോക്കാമെന്നും ഒട്ടുനാൾക്കുമുമ്പു് അദ്ദേഹം എനിക്കെഴുതിയിരുന്നു.

ഒരു മാസത്തിനുമുമ്പു് ഉള്ളൂർ മഹാകവിക്കു് അദ്ദേഹത്തിന്റെ ഗവേഷണപ്രാവീണ്യത്തെ പരിഗണിച്ചു് കൊച്ചിമഹാരാജാവു് വീരശൃംഖല കല്പിച്ചു നൽകിയതു് അറിഞ്ഞിരിക്കുമല്ലോ.

സ്വന്തം
വള്ളത്തോൾ

P.S. ഇതെഴുതിക്കഴിഞ്ഞതിനുശേഷം തമ്പുരാന്റെ 'ശാർദ്ദൂലപ്രശസ്തി' വന്നു ചേർന്നു ഞാൻ സകൗതുകം (തമ്പുരാന്റെ പദ്യമൊന്നും ഞാൻ മുമ്പുകണ്ടിട്ടില്ല.) വായിച്ചു.

'മാതൃഭൂമി' ആഴ്ചപ്പതിപ്പു് താങ്കൾക്കു മുറയ്ക്കു കിട്ടുന്നില്ലേ? നമ്മുടെ



Digitized By Kerala Sahitya Akademi

വി. എം.* ഇംഗ്ലീഷിലെഴുതിയ 'ഒരു ഡയറിയുടെ ഏട്ടുകരം' അതിൽ ഖണ്ഡശഃ ചേർത്തുവരുന്നുണ്ട്. അതിനു നല്ല സാഹിത്യഭംഗിയുണ്ടെന്നു് എനിക്കു തോന്നി. ഇന്നലത്തെ, 13-ാംനം-ത്തെ, ലക്കത്തിലെ ഡയറി ത്തർജ്ജമ താങ്കരം വായിക്കണം. അതു് എന്തിനെ ഉദ്ദേശിച്ചുള്ളതാണെ ന്നു് ഊഹിച്ചുനോക്കി, ആ ഊഹത്തിന്റെ ഫലം എന്നെ അറിയിക്കുക യും വേണം.

*(കത്തു്നമ്പർ 75)*

* *വി. എം. നായർ*

# ഹിന്ദിതർജ്ജമ

വള്ളത്തോാം

ചെറുതുരുത്തി
3-7-1943

പ്രിയ സുഹൃത്തെ,

അവിടെനിന്നും കഴിഞ്ഞമാസം 19-ാം തീയതി അയച്ച എഴുത്തു് യ ഥാകാലം ഇവിടെ കിട്ടി. മയൂരസന്ദേശം ഞാൻ തിരുത്തിയതിനുശേഷം താങ്കരം വായിച്ചിരിക്കയില്ല. ചന്ദ്രോത്സവം എന്റെ പക്കലില്ല; താങ്കരം ഉപദേശിച്ചതുകൊണ്ടു് അതന്വേഷിച്ചു പിടിച്ചു വായിപ്പാൻ കൗതുകം തോന്നുന്നു. ഇവിടങ്ങളിൽ അന്വേഷിച്ചാൽ കിട്ടും. വടക്കൻ ശങ്കരകവി ചിററിലപ്പള്ളിയിൽ വന്നുകൂടിയതെങ്ങനെയോ? എങ്ങനെയായാലും, മയൂരസന്ദേശം കണ്ടുകിട്ടിയതുകൊണ്ടു്, സാഹിത്യചരിത്രത്തിന്റെ ചില അംശങ്ങരം ഇരുളിൽനിന്നു വെളിച്ചത്തേക്കു വരുന്നുണ്ടു്.

മാതൃഭൂമിയുടെ ആഴ്ചപ്പതിപ്പുലക്കങ്ങരം ബാക്കി കിടപ്പുള്ളവയിൽ ഓ രോന്നു് താങ്കരംക്കയപ്പാൻ എഡിററക്കു് എഴുതിയിട്ടുണ്ടു്. ഇപ്പോഴത്തെ പ്രധാന എഡിററർ എനിക്കേററവും പ്രിയപ്പെട്ട യുവവിദഗ്ദ്ധനും, നമ്മുടെ മുകുന്ദരാജാവിന്റെ ഭാഗിനേയനുമാണു്. അതിനാലാണു് ആഴ്ചപ്പതിപ്പി ന്നു വല്ലതും കൊടുപ്പാൻ താങ്കളെ ഞാൻ പ്രേരിപ്പിക്കുന്നതു്. കവിതയില്ലെ ങ്കിൽ, ചെറിയ ഗദ്യോപന്യാസം മതി; ഉപന്യാസമാവും അവക്കു് അധി കമാവശ്യം.

കവികളെ രാജാക്കന്മാർ സമ്മാനിക്കുന്ന കാലം കഴിഞ്ഞുപോയി എന്ന വാസ്തവം ഞാൻ ഓക്കാതായില്ല. ഇന്നത്തെ ലോകത്തിൽ എല്ലാം ശുപാർശയെ ആശ്രയിച്ചാണല്ലോ നിൽക്കുന്നതു്. താങ്കളുടെ ശുപാർശയു ണ്ടായാൽ ചില രാജാക്കന്മാർ കവികളേയും കലാകാരന്മാരേയും കൊണ്ടാ ടാൻ ഒരുങ്ങുമെന്നാണു്, എന്റെ അനുഭവം. ഒരു വേട്ടക്കാരൻ യുവാവായ ഗ്വാളിയോർ മഹാരാജാവു് കലാമണ്ഡലത്തെ ക്ഷണിച്ചതും തക്ക സംഭാ വന നൽകിയതും കലാപ്രണയംകൊണ്ടായിരുന്നുവോ? താങ്കരം അന്നു് എന്റെ പക്കൽ സദയം തന്ന ആ എഴുത്തിന്റെ ശക്തികൊണ്ടല്ലേ? അതു പോലെ എന്റെ കവിത്വത്തെ പരിഗണിച്ചു് എനിക്കൊരു സമ്മാനം നൽകാൻ ഒന്നാമതായി താങ്കളുടെ മഹാരാജാവിനെ താങ്കരം നേരിട്ടോ

Digitized By Kerala Sahitya Akademi

അതിന്നു മടിയുണ്ടെങ്കിൽ മററു തക്ക ആരെ മുഖേനയോ പ്രേരിപ്പിക്കുക. ആ യത്നം തീർച്ചയായും സഫലീഭവിക്കും. അപ്പോൾ രാജഭക്തരായ മാർവാഡിപ്രഭുക്കന്മാരുടെ കണ്ണും തുറക്കും. ഇതുകൊണ്ടാണു് മാർവാഡിപ്രഭുക്കന്മാർ ബിക്കാനീറിൽ ഒത്തുചേരുന്ന കാലമായ ഒക്ടോബറിൽ അങ്ങോട്ടു വരാമെന്നുദ്ദേശിച്ചതു്. താങ്കൾ ഈ വിഷയത്തിൽ ഒരു പുനരാലോചന നടത്തണമെന്നതന്നെ ഞാൻ ശാഠ്യം പിടിക്കും.

എന്റെ കെട്ടിടംപണിക്കു് ഏഴെണ്ണായിരം രൂപായേ വേണ്ടിവരൂ; ഈ തുക ഉണ്ടാക്കിത്തരാൻ താങ്കൾക്കു കഴിവില്ല എന്നു് ആർ വിശ്വസിക്കും?

എന്റെ കുറെ കൃതികൾ ഹിന്ദിയിൽ സംക്രമിപ്പിച്ച വിമൽജി ആസ്സാമിലേക്കു പോയ്ക്കളഞ്ഞുപോൽ, അയാളുടെ മേൽവിലാസം അറിഞ്ഞുകൂട്ടാതാനും. അയാൾ എത്ര കൃതികൾ തർജ്ജമ ചെയ്തു എന്നോ, അവ എവിടെ കിടക്കുന്നു എന്നോ ഒന്നും അറിഞ്ഞുകഴിഞ്ഞിട്ടില്ല. അയാളുടെ മേൽവിലാസം അന്വേഷിക്കുന്നുണ്ടു്. അയാൾ ഈ തർജ്ജമയെപ്പററി താങ്കൾക്കു വല്ലതും എഴുതിയിരുന്നുവോ? താങ്കൾ ക്രിസ്തുമസ്സുകാലത്തല്ലേ നാട്ടിലേക്കു വരികയുള്ളു?

സ്വന്തം
വള്ളത്തോൾ

P.S. ററി. എൻ. ഗോപിനാഥൻനായർ എന്നെ അറിയിക്കുന്നു, താങ്കൾ അടുത്ത തുലാമാസത്തിൽ സ്വദേശത്തേക്കു വരുമെന്നു്. എങ്കിൽ താങ്കളുടെ പ്രതിപ്രയാണത്തിൽ ഞാനും ബിക്കാനീറിലേക്കു പോരാം. അതിന്നുതക്ക ഒരന്തരീക്ഷം അക്കാലത്തേക്കു ബിക്കാനീറിൽ സൃഷ്ടിപ്പാൻ താങ്കൾ സദയം മനസ്സിരുത്തുമാറാകണം.

*(കത്തു് നമ്പർ 76)*

# അമൃതലഹരി

വള്ളത്തോൾ

ചെറുതുരുത്തി
9-8-1943

പ്രിയ സുഹൃത്തെ,

താങ്കളെന്റെ ഒരെഴുത്തിനു മറുപടി തരേണ്ടതുണ്ടു്; അതയയ്ക്കാഞ്ഞതെന്തുകൊണ്ടായിരിക്കാം എന്നിങ്ങനെ മനോരാജ്യം വിചാരിക്കെ, ഇന്നു്, 'ദീപികാ' പത്രത്തിൽ, താങ്കൾ ബിക്കാനീറിൽ പ്രധാനമന്ത്രിയാക്കപ്പെട്ടിരിക്കുന്നു എന്നു വായിച്ചപ്പോൾ, ഞാൻ സന്തോഷംകൊണ്ടു രോമാഞ്ചിതനായിപ്പോയി. ഈ ഉന്നതപദത്തിൽ താങ്കൾ ആരോഹണം ചെയ്തതിൽ അത്ഭുതമൊന്നുമില്ല; അതിന്നു തികച്ചും അർഹൻതന്നെയാണെന്നു് ആക്കം

Digitized By Kerala Sahitya Akademi

അറിയാം; കേരളീയർ വിടർന്ന കണ്ണുകൾകൊണ്ട് ഇതു നോക്കിക്കാണുകയും അഭിമാനഭരിതരാകയും ചെയ്യും. ജഗദംബികേ, എന്റെ ഈ ആത്മസ്നേഹിതനെ വീണ്ടും വീണ്ടും വിജയലക്ഷ്മി ആശ്ലേഷിക്കുമാറ് അനുഗ്രഹിച്ചരുളുക!

ആഴ്ചപ്പതിപ്പിലെ 'അമൃതലഹരി' കരുണകല്ലോലിതമായ ശാന്തിരസംകൊണ്ട് അമൃതലഹരിയായിത്തന്നെയിരിക്കുന്നു. ഞാനൊരു മൂന്നു പന്തീരാണ്ടിന്നുമുമ്പു വായിച്ച വില്വാദ്രിമാഹാത്മ്യം എന്ന സംസ്കൃത ഖണ്ഡപുരാണത്തിൽ (പനയോലഗ്രന്ഥം) കാണപ്പെട്ട അകൃത്രിമരമണീയമായ വിഷ്ണുസ്തവത്തെ ഈ അമൃതലഹരി അനുസ്മരിപ്പിച്ചു. ഹൃദയത്തിൽനിന്നു പുറപ്പെടുന്ന കാവ്യം ഇങ്ങനെതന്നെയിരിക്കും.

താങ്കൾ എനിക്കു തരാമെന്നു സമ്മതിച്ച 3001 ക. ഒന്നായി തരേണമെന്നില്ല, ഒരായിരമോ, ആയിരത്തഞ്ഞൂറോ രൂപ അടുത്ത ചിങ്ങത്തിൽ കിട്ടുമാറാകണമെന്നേയുള്ളൂ. ഒരുസമയം, ഞാൻ കമ്പിയടിക്കുകതന്നെ ചെയ്യും, അതിൽ കാണുന്ന സംഖ്യ അപ്പോളയച്ചാൽ മതി. ലക്ഷ്യത്തെപ്പററി ഒരു വക്കീലുമായി ആലോചിച്ചിട്ടുണ്ട്; അതിന്റെ പകർപ്പു വാങ്ങി താങ്കൾക്കയച്ചുതരാം. ലക്ഷ്യം എന്റെ ഭാര്യയുടെയോ, മക്കളുടെയോ ആക്കുകയാണു നല്ലതു്; എനിക്കെന്റെ പുസ്തകങ്ങൾമാത്രമേ ധനമായിട്ടുള്ളൂ. വള്ളത്തോൾഗ്രന്ഥാലയം പണയമായിത്തരുന്നതിനു തടസ്സമൊന്നുമില്ല.

ഞാൻ താങ്കളുടെ മഹാരാജാവിനേയും മററു ചില മഹാരാജാക്കന്മാരെയും ഒരു കവിയുടെ നിലയിൽ ചെന്നു കാണുന്ന കാര്യം ഒരിക്കൽകൂടി താങ്കളുടെ ഗാഢാലോചനയിൽപ്പെടുമാറാകണമെന്ന് എന്റെ എഴുത്തിൽ അപേക്ഷിച്ചിരുന്നു; അതിൽ താങ്കളുടെ തീരുമാനം എന്തെന്നറിയാൻ വെമ്പലുണ്ട്.

പണത്തിടുക്കംമൂലം, കുറെ പുസ്തകങ്ങൾ നടന്നു വില്പിക്കാനായി ഞാനടുത്ത അവസരത്തിൽ ബാംഗ്ലൂക്കു പോയേക്കാം; ആ യാത്രയിൽ മൈസൂർ മഹാരാജാവിനെ ഒന്നു കാണാൻ ഒത്താശ ചെയ്തുതരുന്നതിനു താങ്കൾക്കു സാധിക്കില്ലയോ? ഇപ്പോഴത്തെ മഹാരാജാവും താങ്കളുമായി കൂട്ടുകെട്ടൊന്നുമില്ലേ? ഇല്ലെങ്കിൽ തക്ക ഒരാൾക്ക് താങ്കളൊരു ശുപാർശിക്കത്തു തന്നാൽ മതി. അതിനു മടിയുണ്ടോ? ശുപാർശിക്കത്ത് ആർക്കാണ് വേണ്ടതെന്നും മററും എനിക്കറിഞ്ഞുകൂടാ.

ഈ വിഷയത്തിൽ ഒരാലോചനകൂടി ചെയ്യാനും, തീരുമാനം എന്നെ അറിയിക്കാനും ഏറെ വൈകിക്കരുതെന്നപേക്ഷ. എന്റെ എളിയ മരാമത്തു് ഇനിയും നീട്ടിവയ്ക്കുന്നതിൽ എനിക്കു വ്യസനവും അധൈര്യവുമുണ്ട്.

സ്വന്തം

വി. നാരായണമേനോൻ

*(കത്ത് നമ്പർ 77)*

Digitized By Kerala Sahitya Akademi

# പന്തിരണ്ടു ശ്ലോകങ്ങൾ

വള്ളത്തോൾ

ചെറുതുരുത്തി
20-9-1943

പ്രിയ സുഹൃത്തെ,

താങ്കളുടെ എഴുത്തിനു് മറുപടി അയയ്ക്കാഞ്ഞതു് എന്റെ അലസത കൊണ്ടാണെന്നേ പറയാനുള്ളു:

അടുത്ത ഒക്ടോബർ 8-ാം തീയതി ബോംബെ മലയാളിസമ്മേളനത്തിൽ ആധ്യക്ഷ്യം വഹിക്കാമെന്നു ഞാൻ സമ്മതിച്ചിട്ടുണ്ടു്. ബോംബെയിൽനിന്നു മടങ്ങിപ്പോരുമ്പോൾ മൈസൂർ മഹാരാജാവിനെ കുറെ സംസ്കൃതശ്ലോകങ്ങൾ അടിയറവെച്ചു കാണാൻ ആഗ്രഹിക്കുന്നു; മഹാരാജാവു കാണാൻ അനുമതി തന്നും കഴിഞ്ഞു. മഹാരാജാവിന്റെ പ്രൈവറ്റ് സിക്രട്ടറി കെ. ഗുരുഡട്ട് നമ്മുടെ ഡാക്ടർ കുഞ്ഞൻരാജാവിന്റെ ഒരു പ്രിയ സുഹൃത്താണു്; ഇദ്ദേഹത്തിന്റെ ശുപാർശിക്കത്തിനാൽ പ്രേരിതനാകകൊണ്ടാണു്, പ്രൈവറ്റ് സിക്രട്ടറി മഹാരാജാനുമതി വാങ്ങിത്തന്നതു്. ഒക്ടോബർ 11—17 ഈ തീയതികളിലൊന്നിൽ കാണാൻ മഹാരാജാവു സമ്മതിച്ചിരിക്കുന്നു, എന്നാണു് സിക്രട്ടറി എനിക്കയച്ച മറുപടി. അതിനാൽ ബോംബെയിൽനിന്നു തിരിക്കുമ്പോൾ കാണാൻ അസൗകര്യം ഉണ്ടാകില്ല.

ഒരു പന്തിരണ്ടു ശ്ലോകം എഴുതിവെച്ചിട്ടുണ്ടു്. അതു ഭംഗിയിൽ നാഗരാക്ഷരത്തിൽ അച്ചടിപ്പിക്കാം. കവിതയെ മാനിക്കുന്ന മഹാരാജാക്കന്മാർ ഇന്നു് ഇന്ത്യയിലില്ലെന്നു താങ്കൾ പറഞ്ഞതു പരമാർത്ഥംതന്നെ. എന്നാൽ തക്ക ശുപാർശയുണ്ടായാൽ അവർ എന്തിനും ആൾക്കും പണം കൈയയച്ചു കൊടുക്കും! എന്റെ ശ്ലോകങ്ങളിൽ മുന്നെണ്ണത്തിൽ വള്ളത്തോൾ ഗ്രന്ഥാലയത്തിനു് ഒരു കെട്ടിടം പണിയാൻ ധനസാഹായ്യം ചെയ്യണമെന്ന അഭ്യർത്ഥനയും ഉൾപ്പെടുത്തിയിട്ടുണ്ടു്. ഈ അഭ്യർത്ഥന നിറവേറത്തക്ക ഒരന്തരീക്ഷം, ഞാൻ ചെല്ലുമ്പോഴേക്കും മൈസൂർകൊട്ടാരത്തിൽ സൃഷ്ടിച്ചുവെപ്പാൻ താങ്കൾ ശക്തനാകില്ലയോ? താങ്കൾ മൈസൂർ ദിവാനോ മറ്റോ ഒരു ശുപാർശിക്കത്തു മുൻകൂട്ടിയയച്ചാൽ അത്യുത്തമമായി എന്നു കുഞ്ഞൻരാജാവും അഭിപ്രായപ്പെടുന്നു. എന്നെപ്പറ്റി തുലോം മതിപ്പുണ്ടാകത്തക്കവിധം ഒരെഴുത്തു് മൈസൂരിലെ ഉയന്ന (മഹാരാജാവിനു മതിപ്പുള്ള) ഉദ്യോഗസ്ഥന്മാരിലൊരാൾക്കയപ്പാൻ താങ്കൾക്കു സങ്കോചമില്ലെങ്കിൽ, സദയം അതു ചെയ്യണമെന്നപേക്ഷ. താങ്കൾ ആക്കെഴുതുന്നുവോ, ആ ആളുടെ പൂർണ്ണ മേൽവിലാസം എന്നെ ധരിപ്പിക്കുകയും ചെയ്യുമല്ലോ. ഞാൻ ഒക്ടോബർ 11-ാം തീയതിക്കു് മൈസൂരിൽ ചെന്നു ചേരും. ഏതു മാർഗ്ഗത്തിലൂടെ വേണം ഇതിൽ താങ്കളുടെ ശ്രമമെന്നതു താങ്കൾതന്നെ തീർച്ചപ്പെടുത്തട്ടെ എന്നാണു് കുഞ്ഞൻരാജാവു് എനിക്കെഴുതിയിരിക്കുന്നതു്. അദ്ദേഹം തിരുവനന്തപുരത്തേക്കു പോയിരിക്കുന്നു. അവിടെവെച്ചു ഡാക്ടർ

Digitized By Kerala Sahitya Akademi

കസിൻസുമായിട്ടും ഇക്കാര്യം ആലോചിക്കും. മററന്നാൾ ഇവിടെ എററു അടുക്കൽ വരാമെന്നും ഏററിട്ടുണ്ട്.

ഇക്കാര്യത്തെപ്പററി താങ്കൾ ഒന്നു ചുഴിഞ്ഞാലോചിക്കുകയും, വേണ്ടതു ചെയ്തുവെക്കുകയും വേണം. മടിക്കരുതേ!

സ്വന്തം
വള്ളത്തോൾ
(കത്ത് നമ്പർ 78)

## കടപ്പത്രവും കുടുംബപ്രശ്നങ്ങളും

വള്ളത്തോൾ

ചെറുതുരുത്തി
3-10-1943

പ്രിയ സുഹൃത്തെ,

എനിക്കുവേണ്ടി മൈസൂരിൽ ദിവാന്നോമറേറാ ഒരു ശുപാർശിക്കത്തു താങ്കൾ സദയം അയയ്ക്കുമാറാകണമെന്നപേക്ഷിക്കുന്നതായ ഒരെഴുത്തു ഞാൻ അയച്ചതു താങ്കൾക്കു കിട്ടിയോ? അതിന്നുള്ളതും ചെയ്യുകയുണ്ടായോ? ആർക്കാണു കത്തയച്ചതു്?

ഞാൻ ഇന്നു ബോംബയ്ക്കു പോവുകയാണ്. 8-ാം-ന്നു അവിടെ മലയാളിസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചിട്ട്. 12-ാം-ന്നു-ക്കു മൈസൂറിൽ എത്താമെന്നാണ് ഉദ്ദേശം. ഈ വിവരം മൈസൂർ മഹാരാജാവിൻെറ പ്രൈവററ് സിക്രട്ടറിയെ എഴുത്തു മുഖേന ധരിപ്പിച്ചിട്ടുണ്ട്.

എനിക്ക് ഒരു ജാമാതാവിനെ കിട്ടാൻ വഴിയുണ്ട്. ഒരു ഡാക്ടറെറ്....ഞാൻ ഈ യുവാവിനെ അറിയില്ല. കൊച്ചിക്കാരൻതന്നെയാണ്. സുശീലനാണത്രെ. എന്നാൽ അയാൾ വഴിപ്പെടേണമെങ്കിൽ, തക്ക ഒരു ഉദ്യോഗം കിട്ടുമെന്ന് ഉറപ്പുവേണം. എനിക്ക് ജാമാതാവായി വരുന്ന ആളെ തക്ക ജോലികൊടുത്തു രക്ഷിച്ചുകൊള്ളാമെന്ന് താങ്കൾ മുമ്പൊരിക്കൽ എന്നെ ആശ്വസിപ്പിച്ചിട്ടുണ്ടല്ലോ; അതിന്നുള്ള സമയം ഇതാ വന്നു ചേർന്നു. ഉദ്യോഗലബ്ധിക്ക് ആ യുവാവു് എന്തു ചെയ്യണം? ഹരജി അയയ്ക്കേണമെങ്കിൽ ആർക്ക്, എപ്പോൾ അയയ്ക്കണം? ഈവക വിവരങ്ങൾക്കും മററും ഒരു മറുപടി വൈകാതെ തരാൻ അപേക്ഷ. എൻെറ ബോംബ മേൽവിലാസം താഴെ കാണിക്കാം.

താങ്കൾ എൻെറ വീട്ടുപണിക്കു തരാൻ നിശ്ചയിച്ച 3000 ക.ക്ക് കടപ്പത്രം മതി ലക്ഷ്യമെന്നാണ് ഒരു വിദഗ്ദ്ധനായ വക്കീൽ അഭിപ്രായപ്പെട്ടതു്. അദ്ദേഹം എഴുതിത്തന്ന കടപ്പത്രത്തിൻെറ പകപ്പ് താഴെ കാണിക്കാം.

...ഇന്നു ആൾക്ക്...ഇന്നു ആൾ എഴുതിക്കൊടുത്ത കടപ്പത്രം. എൻെറ വകയായ വള്ളത്തോൾഗ്രന്ഥാലയത്തിന്നു് ഒരു കെട്ടിടം പണിയിക്കാൻ വേണ്ടി ഞാൻ ഇന്നു നിങ്ങളോടു രൊക്കം വാങ്ങിയ ഉറുപ്പിക 3000. ഈ

Digitized By Kerala Sahitya Akademi

മൂവായിരം ഉറുപ്പിക പലിശ കൂടാതെ അഞ്ചുകൊല്ലംകൊണ്ടു കുറേശ്ശയായി തന്നു തീർത്ത് ഈ കടപ്പത്രം എന്റെ ചിലവിന്മേൽ തിരിച്ചു വാങ്ങിക്കൊള്ളാം. ഇതിന്നു താഴെ എഴുതിയവർ സാക്ഷിയാകെ ഞാൻ ഇതിൽ ഒപ്പിട്ടിരിക്കുന്നു.

ഇതു കൊച്ചിയിലെ 15ക.യുടെ മുദ്രക്കടലാസിൽ എഴുതിയാൽ മതി എന്നും രജിസ്റ്റർ ചെയ്യേണ്ടതില്ലെന്നുമാണ് വക്കീൽ പറഞ്ഞതു്. കടപ്പത്രം എന്റെ ഭാര്യയെക്കൊണ്ടെഴുതിക്കാം. അവൾക്ക് ഇതിന്നൊക്കെ സ്വത്തുണ്ട്. വള്ളത്തോൾ ഗ്രന്ഥാലയത്തിൽത്തന്നെ 10,000 ക.യ്ക്കുള്ള പുസ്തകങ്ങളുണ്ടല്ലോ. എനിക്കു സ്വത്തൊന്നുമില്ലായ്കയാലാണ് ഭാര്യയെക്കൊണ്ടെഴുതിക്കാമെന്നു ഞാൻ നിശ്ചയിച്ചതു്. ഇതിൽ താങ്കളുടെ അഭിപ്രായമെന്താണ്?

ഗവണ്മെണ്ടിൽനിന്നു കിട്ടിയ സ്ഥലത്തിന്നു വലിപ്പം പോരാ; മറ്റൊരു പറമ്പുകൂടി വാങ്ങാൻ ശ്രമിക്കുന്നുണ്ട്. അതു കിട്ടുമെന്നു വരുമ്പോൾ മതി താങ്കൾ പണം തരിക.

ജ്യേഷ്ഠന്റെ മകളുടെ കല്യാണത്തിന്റെ ക്ഷണനപത്രം ഇവിടെ കിട്ടിയതു കല്യാണദിവസത്തിലാണ്; അതിനാൽ പോകാൻ എനിക്കു സൗകര്യം കിട്ടിയില്ല! രണ്ടാമത്തെ മകളുടെ വിവാഹം ക്രിസ്തുമസ്സ് കാലത്താകുമെന്നും അതിന്നു താങ്കളും വരുമെന്നും ഒരാൾ പറകയുണ്ടായി; താങ്കൾ വരുമല്ലോ.

സ്വന്തം

വള്ളത്തോൾ

*(കത്തു് നമ്പർ 79)*

എന്റെ ബോംബെമേൽവിലാസം:

Poct Vallathol,<br>
5/76, Raddy House,<br>
Shivaji park Road No.I<br>
Bombay 28.

# മഹാരാജാവിനെ കാണാൻ

വള്ളത്തോൾ

ചെറുതുരുത്തി<br>
21-10-1943

പ്രിയ സുഹൃത്തെ,

ഞാൻ 13-ാം തീയതി ബോംബെ വിട്ടു. 14-ാം തീയതി മൈസൂരിലെത്തി. 16-ാം തീയതി താങ്കളുടെ 6-ാം തീയതിയിലെ കത്തു കിട്ടി. അതിൽ അനന്തരാമന്നുള്ള എഴുത്തു് കണ്ടു കൊടുത്തു. കുറേനേരം സംസാരിച്ചു. അദ്ദേഹം സൗമുഖ്യത്തോടും സൗഹാർദ്ദത്തോടുംകൂടിത്തന്നെയാണ് പെരുമാറിയതു്. എനിക്കു തക്ക ഒരു ധനസാഹായ്യം ചെയ്യാൻ മഹാരാജാവിനെ പ്രേരിപ്പിക്കാമെന്ന് അദ്ദേഹം വാക്കും തന്നിട്ടുണ്ട്. അദ്ദേഹ

Digitized By Kerala Sahitya Akademi

ത്തിൻെറ ശുപാർശ മഹാരാജാവു തള്ളുകില്ലെന്നാണ് പ്രൈവററ് സിക്രട്ടറി ഗുരുഡട്ടും മററും പറഞ്ഞതു്. അതിനാൽ താങ്കൾ അനന്തരാമനെ ഒരിക്കൽകൂടി പ്രേരിപ്പിക്കുക അത്യാവശ്യം. ഒരേഴായിരം ഉറപ്പിക തരുവിക്കണമെന്നു് അദ്ദേഹത്തിനു ശക്തിമത്തായ ഒരു കത്തയയ്ക്കാൻ മടിക്കരുതു്. വൈകുകയുമരുതു്. അനന്തരാമൻ കുറെനാൾക്കു മുമ്പു ബറോഡായിൽ വച്ചു താങ്കളെ കണ്ടതായി പറകയുണ്ടായി.

മഹാരാജാവിനെ ഞാൻ നേരിട്ടു കണ്ടില്ല. വിശേഷാൽ ഉടുപ്പു വേണം; അതു ഞാൻ മനസ്സിലാക്കാഞ്ഞതിനാൽ കരുതിയിരുന്നില്ല. 'ഉടുപ്പില്ലായ്കയാലും സംസാരിപ്പാൻ ഭാഷ അറിഞ്ഞുകൂടായ്കയാലും, നേരിട്ടു കാണണമെന്നില്ല. ധനസാഹായ്യാപേക്ഷയ്ക്കുള്ള മറുപടി ഉടൻ അയയ്ക്കാം' എന്നു കൊട്ടാരത്തിൽനിന്നു് 17-ാംതീയതി വൈകുന്നേരം മറുപടി കിട്ടി. ഞാൻ രാത്രിവണ്ടിക്കു ബാംഗളൂരിലേക്കു പോന്നു; 18-ാം തീയതി ബാംഗളൂരിൽ താമസിച്ചു. അവിടെനിന്നു 19-ാം തീയതി പോന്നു് 20-ാം തീയതി, ഇന്നലെ ഇവിടെ എത്തിച്ചേരുകയും ചെയ്തു. യാത്രയിൽ വലിയ അപഥ്യമൊന്നും പററിയിട്ടില്ല. മഹാരാജാവിനു് ഇംഗ്ലീഷ് തർജ്ജമയോടെ സമർപ്പിച്ച ശ്ലോകങ്ങളുടെ ഒരു പ്രതി ഇതൊന്നിച്ചയയ്ക്കുന്നു. മഹാരാജാവു മറുപടി അയയ്ക്കുന്നതിനു മുമ്പു വേണമല്ലോ ശ്രീ അനന്തരാമൻെറ ശുപാർശി; അതിനാലാണു്, താങ്കൾ അനന്തരാമനെ ഒന്നുകൂടി പ്രേരിപ്പിക്കാൻ വൈകിക്കരുതെന്നു്, ഞാൻ വാശി പിടിക്കുന്നതു്.

മുണ്ടശ്ശേരിയുടെ 'മാറെറാലി' തുന്നിക്കെട്ടി മംഗളോദയം മനേജരുടെ മേശപ്പുറത്തിരിക്കുന്നതേ ഞാൻ കണ്ടുള്ളു. ആശാനെ സ്തുതിക്കുക, ഉള്ളൂരിനെ ദുഷിക്കുക എന്നിവയാണു് മുണ്ടശ്ശേരിയുടെ പതിവു്. ആശാൻ മഹാകവിതന്നെ എന്നു നമുക്കറിയാം. എന്നാൽ അതു പിടിച്ചു്, ഉള്ളൂരിൻെറ ഗുണങ്ങളിൽ കണ്ണടയ്ക്കുന്നതു് നിരൂപണധർമ്മത്തിനു് ഉചിതമാകുമോ? ആശാൻേറതിനെ കവിച്ചു നിൽക്കുന്ന വരികൾ ഉള്ളൂർകൃതികളിൽ കാണും. മനശ്ശാസ്ത്രാനുസാരണം പ്രകരണശുദ്ധീകരണം എന്നവയിൽ രണ്ടുപേരും അത്ര വിജയം നേടിയിട്ടില്ല. മുണ്ടശ്ശേരിക്കു സംസ്കൃതത്തിലും മലയാളത്തിലും കുറെ വ്യുൽപ്പത്തിയുണ്ടു്; എന്നാൽ അതിനു് ഉറപ്പും വെടുപ്പുംപോരാ; ഇംഗ്ലീഷിൽ എങ്ങനെയോ? ഒരു ഗർവ്വിഷ്ഠത മുണ്ടശ്ശേരിയുടെ ഉപന്യാസങ്ങളിൽ മിക്കതിലും സ്ഫുരിക്കും. ഇങ്ങനെയൊക്കെയാണു മുണ്ടശ്ശേരിയുടെ നില സാധാരണ കത്തോലിക്കരുടെ സ്ഥിതി നോക്കുമ്പോൾ, ഈ കത്തോലിക്കനെ രസികൻ എന്നു പറയാം. ഇയാളുടെ കണ്ണുനീർത്തുള്ളിനിരൂപണം മംഗളോദയത്തിൽ വായിച്ചില്ലയോ?

താങ്കളുടെ 'ആപൽക്കരമായ' യാത്ര ഇവിടെ എത്തിക്കഴിഞ്ഞിട്ടില്ല; നമ്മൾതമ്മിൽ എന്തിനാണു് പുസ്തകാഭിപ്രായം?

'മലയാളം' എഴുതിത്തുടങ്ങിയിട്ടില്ല. കാരണം കഥ തീർച്ചപ്പെടാഞ്ഞതുമാത്രമല്ല; എനിക്കു മനസ്സുവെച്ചാലോചിപ്പാൻ സ്വാസ്ഥ്യം കിട്ടുന്നില്ല. ഗൃഹഭരണം എന്നെ അത്യന്തം അസ്വസ്ഥനാക്കിയിരിക്കുന്നു. ഇന്നു രാവിലെമുതൽ ഏതാണ്ടു് ഉച്ചവരെ നെല്ലും അന്വേഷിച്ചു നടക്കുകയായിരുന്നു. ഇപ്പണി മിക്ക ദിവസങ്ങളിലും വേണ്ടിവന്നിരിക്കുന്നു. നാട്ടിലെ നെല്ലു മുഴുവൻ ഗവണ്മെണ്ടു വാങ്ങി. പ്രജകൾ ഇത്തിരിശ്ശയായി പിററുവരികയാണ്. എനിക്കോ, നാളൊന്നിനു് ഒരുപറ അരി വേണംതാനും!

ഇന്നലെ ഇവിടെ തിരിച്ചെത്തിയപ്പോൾ, താങ്കൾ 12-ാം തീയതി അയച്ച എഴുത്തും കിട്ടി. എൻെറ ഭാവിജാമാതാവിന്നു സർക്കാരുദ്യോഗം

Digitized By Kerala Sahitya Akademi

തന്നെ വേണമെന്നുണ്ടോ, ആവോ? ഞാൻ ആ യുവാവിനെ അറികയില്ല; മദ്ധ്യസ്ഥൻ മുഖേന അയാളുടെ അന്തർഗ്ഗതങ്ങൾ അറിഞ്ഞു് വഴിയെ വിശദമായി എഴുതിക്കൊള്ളാം.

പുരപണിയാൻ എനിക്കു പറമ്പു കിട്ടിക്കഴിഞ്ഞിട്ടില്ല; ഗവൺമെണ്ടു വക ഒരു പറമ്പു പതിച്ചു കിട്ടാൻ ഇന്നു ദിവാന്നു ഹരജി അയയ്ക്കുന്നു. തീപ്പെട്ട കൊച്ചിത്തമ്പുരാൻ തന്ന സ്ഥലം വള്ളത്തോൾഗ്രന്ഥാലയത്തിന്നുമാത്രമേ മതിയാകയുള്ളു. ഇപ്പോൾ പാർക്കുന്ന വീടു് ഒഴിഞ്ഞുകിട്ടാൻ ഉടമസ്ഥൻ തിടുക്കപ്പെടുത്തുന്നു; മരാമത്തിന്നു സ്ഥലം കിട്ടിയിട്ടുമില്ല. ഇങ്ങനെ ഇരുശല്യവും 'കുനിന്മേൽ കുരു'പോലെ വന്നുചേർന്നിരിക്കുന്നു. പറമ്പു കിട്ടാഞ്ഞതുകൊണ്ടാണു് താങ്കളോടു പണം വാങ്ങാഞ്ഞതു്.

താങ്കളെ ഞാൻ ഡിസംബർ 29-ാം തീയതി ഷൊർണ്ണൂരിൽവച്ചു് കണ്ടുകൊള്ളാം. കാവാലത്തേക്കു കൂടെ പോരാൻ എനിക്കും ആഗ്രഹമുണ്ടു്. എങ്ങനെയെങ്കിലും താങ്കളുടെ ഈ വരവിൽ നമുക്കു നാലുനാൾ ഒന്നിച്ചു കൂടണം. രണ്ടുപേരുംകൂടി ആലോചിച്ചു കഥ തീർച്ചപ്പെടുത്തിക്കഴിഞ്ഞാൽ തന്നെ പകുതിയോളം ഭാരം കുറയും. 'മലയാളം' ഞാൻ എഴുതണമെന്നാണു് ദേവിയുടെ ഇച്ഛയെങ്കിൽ, അതു നടക്കാതിരിക്കയില്ലല്ലൊ.

മൈസൂർമഹാരാജാവു് തെല്ലൊന്നു പ്രസാദിച്ചാൽ താങ്കളിൽനിന്നു പണം വാങ്ങേണ്ടിവരില്ല. എന്നൊരു മെച്ചംകൂടിയുണ്ടു്. അതിനാൽ ശ്രീ അനന്തരാമനെ മുറുകെ പിടിക്കണമെന്നപേക്ഷ. അനന്തരാമനു കത്തയച്ച വിവരത്തിന്നും മററും മറുപടി കാക്കുന്നു. അദ്ദേഹം മഹാരാജാവിന്റെ ഉററ സേവകനാണു്

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 60)*

# എത്രയെത്ര സന്ദേശകാവ്യങ്ങൾ

വള്ളത്തോൾ

ചെറുതുരുത്തി
5-11-1943

പ്രിയ സുഹൃത്തെ,

ഒക്ടോബർ 27-ാംനു- താങ്കൾ അയച്ച എഴുത്തു് 1-ാംനു- ഇവിടെ കിട്ടി. ശ്രീ അനന്തരാമനു് താങ്കൾ വീണ്ടും കത്തെഴുതിയതു് അത്യാവശ്യമായി. വെറും 150 ക.യുടെ ഒരു ചെക്കാണു് മൈസൂർമഹാരാജാവിന്റെ സംഭാവനയായി ഇവിടെ വന്നുചേർന്നതു്. അനന്തരാമൻ ശുപാർശിചെയ്തില്ലായിരിക്കുമോ? അഥവാ അദ്ദേഹത്തിന്റെ പ്രേരണകൊണ്ടായിരിക്കാം, മൈസൂരിന്നു പുറത്തുള്ളവർക്കു പണം കൊടുക്കാത്ത മഹാരാജാവു് ഇത്രയെങ്കിലും—എന്റെ വഴിച്ചെലവിനുള്ളതെങ്കിലും തന്നതു്; താങ്കളുടെ ദീർഘദർശനം ശരിക്കും ഫലിച്ചു! ഒരയ്യായിരം ഉറുപ്പികയെങ്കിലും മഹാ

Digitized By Kerala Sahitya Akademi

രാജാവിനെക്കൊണ്ടു തരുവിക്കുവാൻ സാധിക്കില്ലയോ എന്നു ചോദിക്കു ന്നതായ ഒരെഴുത്തു് ഞാൻ ഇന്നു് അനന്തരാമനയയ്ക്കുന്നുണ്ടു്. എൻെറ ദുര നിലയ്ക്കുന്നില്ലാത്തതിനാൽ, ഇനി സർ സി. പി. രാമസ്വാമിഅയ്യനെ ഒന്നു പിടികൂടി നോക്കാനാണു് ഞാൻ ഭാവിക്കുന്നതു്. തിരുവനന്തപുര ത്തു് എപ്പോൾ പോകേണ്ടു എന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞിട്ടില്ല.

എൻെറ ഭാവിജാമാതാവിന്നു സർക്കാർജോലിതന്നെ വേണമെന്നി ല്ല; അഞ്ചാറു വർഷം അദ്ധ്യക്കററായി വർത്തിച്ച അയാൾക്കു്, തൻെറ നിയമജ്ഞാനം പ്രയോജനപ്പെടുന്ന ഒരുദ്യോഗമാണു് കിട്ടേണ്ടതു് എന്നൊ രാശയം ഇല്ലായ്കയില്ല. ഭാരതബാങ്കിലോ മററു വല്ല ബാങ്കുകളിലോ ജോലിക്കുചേർന്നാൽ അയാൾക്കു് എന്തു ശമ്പളം കിട്ടും? ജോലി ഏതു രംഗ ത്തായിരിക്കും? കാലസ്ഥിതിക്കു്, കഴിഞ്ഞുകൂടത്തക്ക ഒരു ശമ്പളം നിശ്ച യിച്ചു കിട്ടുമായിരിക്കുമെന്നു് അയാൾ ആശിക്കുന്നു. അയാളെ ഞാൻ കണ്ടിട്ടില്ല. മധ്യസ്ഥൻമുഖേന കിട്ടിയ അറിവാണിതൊക്കെ. ആൾ സുശീലനാണെന്നാണു് മധ്യസ്ഥൻെറ അഭിപ്രായം.

വേശ്യാമരണത്തെപ്പററിയ കവിത ഇങ്ങോട്ടയയ്ക്കാഞ്ഞതെന്തേ? മറ ന്നുവോ?

നമ്മുടെ ഡോക്ടർ കുഞ്ഞൻരാജാവു് ഇവിടെ വന്നിരുന്നു. ആദ്ദേ ഹം ബിക്കാനീർ ഗവമ്മെണ്ടുവകയായി പ്രസിദ്ധീകരിക്കാൻപോകു ന്ന അക്ബർ സാഹി സാഹിത്യദർപ്പണവും ശൃംഗാരസംജീവിനിയും ചേർന്നു് 1-ാം നമ്പർ ബുക്കിൻെറ പ്രൂഫ് കൊണ്ടുവന്നിരുന്നു. ശൃംഗാരസ ഞ്ജീവിനി ഞാൻ മുഴുവൻ വായിച്ചു. നന്നു്. ആശയങ്ങൾക്കു് ആവൃത്തിയു ണ്ടെന്നേ ഒരു ന്യൂനത പറയാനുള്ളു. ഇത്തരം ശൃംഗാരശതകങ്ങൾ വളരെ യെണ്ണം അപ്പപ്പോൾ ഞാൻ വായിച്ചിട്ടുണ്ടു്; എല്ലാം അമരുകശതകത്തി ൻെറ ദാസദാസന്മാർ!

രാമപാണിവാദന്റെ രാഘവീയം(തിരുവിതാംകൂറിൽ അച്ചടിച്ചതു്), ഭൃഗുവംശം (മഹാകാവ്യംതന്നെ) കൈയെഴുത്തുകോപ്പി എന്നിവയും രാജാവു വായിപ്പാൻ തന്നിട്ടുണ്ടു്. അദ്ദേഹത്തിൻെറ കൈയിൽ ഭൃംഗസന്ദേശം രണ്ടെണ്ണത്തിൻെറ എഴുത്തുകോപ്പിയുള്ളതിൽ അജ്ഞാതനാമാവിൻെറതു മുഴുവനും വാസുദേവൻേറതു് ഏതാനും ഞാൻ വായിച്ചു; വാസുദേവൻേറതി ന്നു ഗുണം കൂടും. ഹരി! ഹരി! നമ്മുടെ നാട്ടിൽ എത്രയെത്ര സംസ്കൃത സന്ദേശങ്ങളാണു് ഉണ്ടായിട്ടുള്ളതു്. രാമപാണിവാദൻ കുഞ്ചൻനമ്പ്യാർ തന്നെയോ? ഉള്ളൂർ അങ്ങനെ പറയുന്നു. താങ്കളുടെ അഭിപ്രായം എ ന്താണു്?

ഇന്ത്യയിൽ ആകെ എത്ര സംസ്കൃതഗ്രന്ഥങ്ങളുണ്ടാകാം? സുമാർ കണക്കെങ്കിലും താങ്കൾ കണ്ടിട്ടുണ്ടോ?

കൊട്ടാരക്കര ഒരു സംസ്കൃതഹൈസ്കൂൾ വാർഷികയോഗത്തിൽ ആദ്ധ്യ ക്ഷ്യംവഹിപ്പാൻ എന്നെ ക്ഷണിച്ചിട്ടുണ്ടു്. ധനുവിലോ, മകരത്തിലോ വേണമെന്നാണു്, തൽ ഭാരവാഹികളുടെ വിചാരം. ധനു 18-ാംതീയതി (ജനുവരി 2-ാംതീയതി) ഞായറാഴ്ചയ്ക്കുവെച്ചാൽ അന്നു സ്വദേശത്തുണ്ടായി രിക്കാവുന്ന താങ്കളുടേയും സന്നിധാനം യോഗത്തിനു ലഭിച്ചേക്കാമെന്നു് ഒരു മെച്ചമുണ്ടാവുമെന്നു് ഞാൻ മറുപടി അയച്ചു. അവർ താങ്കൾക്കു കത്ത യയ്ക്കുമെന്നു തോന്നുന്നു. ആ കൊട്ടാരക്കരയാത്രയിൽ തിരുവനന്തപുരത്തും പോകാമെന്നു ഞാൻ വിചാരിക്കുന്നില്ലെന്നില്ല.

Digitized By Kerala Sahitya Akademi

താങ്കളുടെ യാത്രാവിവരണപ്പുസ്തകം ഇവിടെ കിട്ടിയിട്ടില്ല. തയ്യാറായിക്കഴിഞ്ഞില്ലായിരിക്കാം.

മുണ്ടശ്ശേരിയുടെ മാറ്റൊലി ഉത്തമഗ്രന്ഥമാണെന്ന താങ്കൾ അഭിപ്രായപ്പെട്ടതിനെ പ്രമാണിച്ചു ഞാൻ മുഴുവനും വായിച്ചു. പുസ്തകം ചീത്തയാണെന്നു് അയാളെക്കുറിച്ചു സ്നേഹമുള്ള നാം പറയുകയില്ലല്ലോ. എന്നാൽ അസാംഗത്യങ്ങളും പൂർവ്വാപരവിരുദ്ധതകൾകൂടിയും ആ പുസ്തകത്തിലുണ്ടു്. മുണ്ടശ്ശേരിയെക്കണ്ടാൽ ഞാൻ ഉപദേശരീത്യാ ചിലതു പറയും.

സ്വന്തം

വള്ളത്തോൾ

(കത്തു് നമ്പർ 81)

# മുണ്ടശ്ശേരിയുടെ 'മാറ്റൊലി'

വള്ളത്തോൾ

ചെറുതുരുത്തി
21-11-1948

പ്രിയ സുഹൃത്തെ,

താങ്കൾ 10-ാംതീയതി അയച്ച മറുപടി 15-ാംതീയതി ഇവിടെ കിട്ടി. അന്നു് എന്റെ 65-ാം പിറന്നാളായിരുന്നു; അതിനു് ഒരു മാധുര്യമുണ്ടായി, താങ്കളുടെ എഴുത്തു വായിച്ചതുകൊണ്ടു്. പിറന്നാൾക്കു് ആരെയും ഞാൻ ക്ഷണിക്കുക പതിവില്ല; എങ്കിലും പുരുഷന്മാരും സ്ത്രീകളുമായി 200-ഓളം ആളുകൾ വന്നുചേർന്നിരുന്നു. അവരിൽ ചില സഹൃദയന്മാരും ഇല്ലാതിരുന്നില്ല. അവർ 'മാറ്റൊലി'യെപ്പറ്റി ഒട്ടേറെ സംസാരിക്കുകയുണ്ടായി. ഞാൻ 'കരുണ' കണ്ടിട്ടാണു് 'മറിയം' എഴുതിയതു് എന്ന മുണ്ടശ്ശേരിയുടെ സൂചന അവാസ്തവംകൂടിയാണത്രേ; മറിയത്തിനുശേഷം മൂന്നോളം വർഷങ്ങൾ കഴിഞ്ഞിട്ടാണു് കരുണയുടെ ആവിർഭാവം എന്നു്, എനിക്കും തോന്നുന്നു. സൂക്ഷ്മവിവരം നോക്കി ധരിപ്പാൻ കഴിഞ്ഞില്ല. 'മാറ്റൊലി' മുഴുവനും ഞാൻ ഒരാവൃത്തി വായിച്ചു; അതിൽ അനേകം അസാംഗത്യങ്ങൾ പറ്റിപ്പോയിട്ടുണ്ടെന്നതു വ്യസനകരംതന്നെ. ഉള്ളൂരിനെക്കൊണ്ടു തുവൽ വെപ്പിക്കുമെന്നു് മുണ്ടശ്ശേരി പറഞ്ഞതായി ഒരു പ്രസ്താവമുണ്ടു്; ഇതു വാസ്തവമെങ്കിൽ നമ്മുടെ വി. എം. നായരെപ്പോലെതന്നെ, ഒരതിർകടന്ന ഔദ്ധത്യമാണു് മുണ്ടശ്ശേരി പ്രകടിപ്പിച്ചതു് എന്നു പറയേണ്ടിയിരിക്കുന്നു. ഒരേഴെട്ടുവർഷങ്ങൾക്കു മുമ്പേ വി. എം. നായർ, 'എന്റെ തുവലിനു മൂർച്ച കുറഞ്ഞിട്ടില്ല എന്നു കെ. എം പണിക്കർ ധരിച്ചുകൊള്ളട്ടെ.' എന്നിങ്ങനെ നാലപ്പാടിനോടും മററും പറയുകയുണ്ടായതു സൂക്ഷ്മമായി ഞാൻ അറിയും. ഞാനപ്പോൾ മറുപടി പറഞ്ഞതും ഞാൻ ഇന്നും ഓക്കുന്നുണ്ടു്: 'വി. എം. നായരുടെ തുവലിന്നു മൂർച്ച കുറഞ്ഞിട്ടില്ലായിരിക്കാം, എന്നാൽ, അതു കെ. എം. പണിക്കരുടെ യശസ്സിന്മേൽ ഒരു നേരിയ

Digitized By Kerala Sahitya Akademi

പോററൽപോലും തട്ടിക്കവാൻ ശക്തമാകയില്ല,' എന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ കുഞ്ഞൻരാജാവിൻെറ രാമപാണിവാദലേഖം ഞാൻ മാതൃഭൂമിയിൽ വായിച്ചു. അതു് സാധുവായ ഒരഭിപ്രായമാണെന്നു് എനിക്കും തോന്നുന്നു. രാമപാണിവാദൻെറ 'രാഘവീയം' മുഴുവൻ ഒരാഴ്ചവട്ടംകൊണ്ടു ഞാൻ വായിച്ചു. ഏററവും രസസ്ഫൂർത്തിയും രചനാഭംഗിയുമുള്ള ഒരു മഹാകാവ്യമാണതു്. കുഞ്ചൻനമ്പ്യാരുടെ അനൗചിത്യമൊന്നും രാഘവീയത്തെ സ്പർശിച്ചപ്പോൾ ഇല്ല. ഭൃഗുവംശം ഞാൻ രണ്ടുമൂന്നു സർഗ്ഗമേ വായിച്ചുകഴിഞ്ഞുള്ളു; ഹൃദയസ്പർശിത്വമില്ലായ്കയാൽ വായന തീരുന്നില്ല. ഏതംശത്തിലുമല്ല, അതിനു വലിയ ഗുണം.

മെർഖയ്യാം ശിഖരിണിയിൽ തർജ്ജമചെയ്യുതു് ഉചിതമായി; പരേതനായ അമ്പാടി രാഘവപ്പൊതുവാൾ വസന്തമാലികയിൽ സംക്രമിപ്പിച്ചതാണു് (മുഴുവനായിട്ടില്ലെന്നാണു് എൻെറ ഓർമ്മ) ശങ്കരക്കുറുപ്പിൻെറ വഞ്ചിപ്പാട്ടുതർജ്ജമയെക്കാൾ എനിക്കു പ്രിയം. നതോന്നതവൃത്തം ഈ വകയ്ക്കൊന്നും പററിയതല്ല; ആശാൻെറ കരുണയെപ്പോലും നതോന്നതനതയാക്കിക്കളഞ്ഞിരിക്കുന്നു! താങ്കളുടെ ശിഖരിണി കാണാൻ തിടുക്കം; ലിലില റോഷിനെ കേരളോപഹാരത്തിൽ കാണാമല്ലോ.

കൊട്ടാരക്കരക്കാർ ജനവരി 2-ാം നു-ക്കാണു് സമ്മേളനം നിശ്ചയിച്ചിരിക്കുന്നതു്; താങ്കളുടെ സൗകര്യംപ്രമാണിച്ചു് മാററി നിശ്ചയിച്ചുകൊള്ളും. കൊട്ടാരക്കരയാത്രയിൽ തിരുവനന്തപുരത്തും ഒന്നു പോകാൻ ഞാൻ ഉദ്ദേശിച്ചിട്ടുണ്ടു്. സർ സി. പി.യെ ഒന്നു പിടികൂടണം; അതിന്നു് ഒരു നനവുകിട്ടാൻവേണ്ടി, അദ്ദേഹത്തിന്നു് ഒരു ജന്മർക്ഷമംഗളാശംസ മിനിഞ്ഞാന്നയച്ചു. അതിൻെറ ഒരു കോപ്പി ഇതൊന്നിച്ചു താങ്കൾക്കയയ്ക്കുന്നു.

മൈസൂറിൽനിന്നു ഗവമ്മെണ്ടുപണം കിട്ടുകയില്ലെന്നു് എനിക്കു് മുമ്പുതന്നെ അറിയാം; അനന്തരാമൻെറ പ്രേരണയാൽ മഹാരാജാവു് സ്വന്തം വകയായി കുറെ ഉറുപ്പിക തരുമെന്നായിരുന്നു എൻെറ ആശ.

എൻെറ ഭാവിജാമാതാവിന്നു്, തൻെറ നിയമപരിജ്ഞാനം പ്രയോജനപ്പെടുന്ന ഒരു ജോലി കിട്ടണമെന്നാണു്, മനോരാജ്യം. ഭാരതബാങ്കിലോ മറേറാ ആയാൽ, ശമ്പളം എത്ര കിട്ടും? എവിടെയാവും ജോലി? ഈ വിവരങ്ങൾകൂടി മറുപടിയിൽ കാണിപ്പാൻ മറക്കരുതേ!

അവിടെ കിടപ്പുള്ള നാടകങ്ങൾ കടലാസിൽ പകർത്തിയിട്ടുണ്ടോ? നല്ല ഒരു നാടകം തിരഞ്ഞെടുത്തു താങ്കൾ കൊണ്ടുവന്നാൽ, ഞാൻ തർജ്ജമ ചെയ്യാം.

വള്ളത്തോൾഗ്രന്ഥാലയത്തിൻെറ മരാമത്തു രണ്ടാഴ്ചവട്ടത്തിനുള്ളിൽ തുടങ്ങുവാൻ ഏർപ്പാടുചെയ്യുവരുന്നു.

സ്വന്തം<br>വള്ളത്തോൾ<br>(കത്തു് നമ്പർ 82)

Digitized By Kerala Sahitya Akademi

# കൊട്ടാരക്കരയാത്ര

വള്ളത്തോൾ

ചെറുതുരുത്തി
27-11-1943

പ്രിയ സുഹൃത്തെ,

ഞാൻ ഇതിന്നുമുമ്പയച്ച എഴുത്തു കിട്ടിയിരിക്കുമല്ലൊ. അതിന്റേയും ഈ കുറിപ്പിന്റേയും മറുപടി കാത്തിരിക്കുന്നു.

കൊട്ടാരക്കരെ സംസ്കൃതഹൈസ്കൂളിലെ സമ്മേളനം ജനുവരി 2-ാംനു-തന്നെ നടത്തണമെന്നു തൽ പ്രവർത്തകന്മാർക്കു താല്പര്യമുണ്ട്. 4-ാംനു-യോടുകൂടി അവിടങ്ങളിലെ പല ആളുകളും ശബരിമലയ്ക്കു പോകാൻ ഒരുങ്ങിയിരിക്കുകയാണത്രെ. എങ്കിലും താങ്കളുടെ സൗകര്യം പ്രമാണിച്ച് 9-ാം തീയതി ആക്കുവാനും സമ്മേളനപ്രവർത്തകന്മാർ ഒരുക്കമുണ്ട്. 2-ാം തീയതി ആയാൽ താങ്കൾക്ക് അസൗകര്യമുണ്ടാകുമോ എന്ന തീർച്ചവിവരം അറിവാൻ അവർ വെമ്പൽക്കൊള്ളുന്നു.

താങ്കൾ ഡിസംബർ ഒടുവിൽ സ്വദേശത്തെത്തുമല്ലൊ, ആ സ്ഥിതിക്കു ജനുവരി 2-ാം തീയതി കൊട്ടാരക്കരയ്ക്കു പോയിക്കൂടയോ? അതിന്നു മററു പ്രതിബന്ധം വല്ലതുമുണ്ടോ?

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 83)*

# ആറു സമ്മേളനങ്ങൾ

വള്ളത്തോൾ

ചെറുതുരുത്തി
15-12-1943

പ്രിയ സുഹൃത്തെ,

താങ്കൾ ജോഡ്പൂരിൽനിന്നു നവംബർ 18-ാംതീയതി അയച്ച എഴുത്ത് ഡിസംബർ 3-ാംതീയതി ഇവിടെ കിട്ടി. 'മറിയം' കണ്ടിട്ടാണ് 'കരുണ'യും 'ചണ്ഡാലഭിക്ഷുകി'യും ആശാൻ എഴുതിയത്'' എന്ന താങ്കളുടെ വാക്യം ഞാൻ മുണ്ടശ്ശേരിയോടു പറഞ്ഞപ്പോൾ, അയാളുടെ മുഖം ഒട്ടു വിവർണ്ണമായി. 'കരുണയ്ക്കു ശേഷമാണു മറിയം' എന്നു താൻ വിവക്ഷിച്ചിട്ടില്ലെന്നു മറുപടിയും പറഞ്ഞു. 'മുഖവുര നോക്കിയാൽ അങ്ങനെയെ ആളു

Digitized By Kerala Sahitya Akademi

കൾക്ക തോന്നു; അതാവാം ഈ ആക്ഷേപത്തിന്നു ഹേതു'വെന്നു ഞാനും പറഞ്ഞു.

'അക്ബർഷാഹി ശൃംഗാരദപ്പണം' ഇവിടെ എത്തിക്കഴിഞ്ഞില്ല. അതിൻെറ പ്രൂഫ് കഞ്ഞൻരാജാവു് ഇവിടെ കൊണ്ടുവന്നിരുന്നു. ശൃംഗാരസഞ്ജീവിനി ഞാൻ മുഴുവൻ വായിച്ചു; മററതു് അവിടവിടെയും.

തജ്ജമ സകൗതുകം വായിച്ചു. ഇതിന്നു രണ്ടു തജ്ജമ പുറത്തു വന്നിട്ടുള്ളതുകൊണ്ടു്, ഈ തർജ്ജമ കഴിയുന്നത്ര വെടുപ്പാക്കിയിട്ടു വേണം അച്ചടിപ്പിക്കുക. താങ്കൾ മൂലപുസ്തകവുമായി അരികത്തിരുന്നു സഹായിക്കാമെങ്കിൽ, വേണ്ടുന്ന തിരുത്തലുകൾ ചെയ്‌വാൻ ഞാൻ ശക്തനായേക്കും.

ഡിസംബർ 2-ാംതീയതി താങ്കൾ ബിക്കാനീറിൽനിന്നയച്ച എഴുത്തു 7-ാം തീയതി ഇവിടെ കിട്ടി. 9-ാം തീയതി കൊട്ടാരക്കരെസമ്മേളനപ്രവത്തകന്മാർ രണ്ടുപേർ എൻെറ അടുക്കൽ വന്നു; അന്നുതന്നെ താങ്കൾക്ക കമ്പിയും അടിച്ചു. എന്നാൽ താങ്കളുടെ മറുപടിക്കമ്പി 12-ാംതീയതിയേ ഇവിടെ വന്നുചേൎന്നുള്ളു. അതു കൊട്ടാരക്കരെയ്ക്കു 13-ാംതീയതി അയച്ചു. സമ്മേളനം ജനവരി 8-ാംതീയതിക്കു വെച്ചുകൊള്ളാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്. അതിനാൽ കൊട്ടാരക്കരെ ഹൈസ്കൂൾ വാർഷികയോഗം താങ്കളുടെ സൗകര്യത്തെ പ്രമാണിച്ചു ജനവരി 8-ാംതീയതിതന്നെ ആയിരിക്കും. യോഗാനന്തരം രാത്രിയിൽ ഗോപിനാഥൻെറ ശിഷ്യത്തിയായ ഒരു ദേവയാനിയുടെ ഡാൻസ്, 'കൊച്ചുസീത' കഥാലാപം മുതലായവ കൂടി നടത്താൻ അവർ തീരുമാനിച്ചിട്ടുള്ളതുകൊണ്ടു്,താങ്കൾ അന്നു രാത്രിയിലും സ്കൂളിൽ താമസിക്കണമെന്നു് അവൎക്കാഗ്രഹമുണ്ടു്.

എനിക്ക തിരുവിതാംകൂറിൽ ആറു പ്രദേശങ്ങളിൽ ഓരോ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുണ്ടു്. അതിനാൽ ജനവരി 2-ാംതീയതി വൈകന്നേരം ഇവിടെനിന്നു പുറപ്പെടുക; പിറേറന്നു കുത്താട്ടുകുളത്തും, അതിൻെറ പിറേറന്നാൾ കോട്ടയത്തും സമ്മേളനം കഴിച്ചു് 5-ാംതീയതി ആലപ്പുഴെ എത്തി താങ്കളോടൊപ്പം, (അസൗകര്യമില്ലെങ്കിൽ) തിരുവനന്തപുരത്തേക്ക പോകാനും 8-ാംതീയതി കൊട്ടാരക്കരെയിൽ തിരിച്ചെത്താനുമാണു് ഇപ്പോൾ ഞാൻ നിശ്ചയിച്ചിരിക്കുന്നതു്. എൻെറ തിരുവനന്തപുരയാത്ര താങ്കളോടൊന്നിച്ചായാൽ അധികം നന്നാവും. കൊട്ടാരക്കര സമ്മേളനം കഴിഞ്ഞിട്ടു് ആററിങ്ങലും, വെഞ്ഞാറംമൂട്ടിലും, കടപ്പാക്കടെയിലും ഓരോ സമ്മേളനത്തിന്നു പോകണം,അവയും കഴിഞ്ഞിട്ടേ തിരിച്ചു പോരാൻ പാടുള്ളു. കൂടുതൽ വിവരം മുഖദാവിൽ പറയാം. ഡിസമ്പർ29-ാം തീയതി രാവിലെ മലബാർ എക്സ്പ്രസ്സ് എത്തുന്ന സമയത്തു ഞാൻ ഷൊർണ്ണൂരിൽ വന്നു താങ്കളെ കണ്ടുകൊള്ളാം. താങ്കൾ സകുടുംബനായിട്ടോ, തനിച്ചോ ഇങ്ങോട്ടു വരുന്നതു്? കുട്ടികളെ കാണാൻ എനിക്ക വെമ്പൽ തോന്നുന്നു.

വിവരങ്ങൾക്കൊക്കെ ഉടനടി മറുപടി അയയ്ക്കുമല്ലൊ.

സ്വന്തം

വള്ളത്തോൾ

*(കത്തു് നമ്പർ 84)*

Digitized By Kerala Sahitya Akademi

# യൂണിവേഴ്സിററിയിൽനിന്നു ക്ഷണം

വള്ളത്തോാം                      ചെറുതുരുത്തി
1-2-1944

പ്രിയ സുഹൃത്തെ,

ഞാൻ ജനവരി 19-ാംതീയതിയേ തിരുവിതാംകൂറിൽനിന്നു തിരിച്ചെത്തിയുള്ളു. ഇത്തവണ താങ്കളെ കാണാൻ തരമാകാഞ്ഞതിൽ മിസ്സിസ് വള്ളത്തോളിന്നും മററും കുറെ വിഷമമുണ്ടു്.

താങ്കൾ കൊല്ലത്തേക്കയച്ച എഴുത്തനുസരിച്ചു ഞാൻ അന്നുതന്നെ സചിവോത്തമന്നു കത്തയച്ചു; എന്നാൽ യൂണിവേഴ്സിററിയിൽനിന്നു ക്ഷണനം ഇന്നുവരെയും കിട്ടിയിട്ടില്ല! താങ്കൾ അദ്ദേഹത്തെ ഒന്നുകൂടി പ്രേരിപ്പിക്കേണമെങ്കിൽ, സമയം അതു ചെയ്യുക.

12 പ്രസംഗമാണല്ലൊ താങ്കൾ കണക്കാക്കിയിട്ടുള്ളതു്; അതെങ്ങനെ വിഭജിക്കണം? ഓരോന്നും എത്രനേരത്തേക്കുണ്ടാകണം? വായിക്കേണ്ടുന്ന പുസ്തകങ്ങളിൽ ചിലതൊക്കെ ഞാൻ അവിടവിടെനിന്നു സമ്പാദിച്ചിട്ടില്ലെന്നില്ല;എന്നാൽ നാരായണപ്പണിക്കരുടെ സാഹിത്യചരിത്രം, നിരണംകൃതികൾ, ഭാഷാരാമായണചമ്പു മുതലായവ കിട്ടിക്കഴിഞ്ഞിട്ടില്ല. ഇപ്പോൾ, പ്രസംഗമെഴുതാനായി പഴയ ബുക്കുകൾ വായിച്ചു തുടങ്ങിയിരിക്കുന്നു. ഒരാറുമാസം വേണ്ടിവരും, പ്രസംഗമെഴുതിത്തീരാൻ. താങ്കളുടെ കയ്യിലുള്ള അത്യാവശ്യപുസ്തകങ്ങൾ അയച്ചുതരുമല്ലൊ.

'ഒരു ദുർമരണം' ഞാൻ മിനിഞ്ഞാന്നു കേരളോപഹാരത്തിൽ വായിച്ചു. ചിലേടത്തു കണ്ണു നനഞ്ഞുപോയി! മനുഷ്യജീവിതം എങ്ങനെയൊക്കെ പരിണമിച്ചുപോകുന്നു!

നമ്മുടെ സഹചാരിയായിരുന്ന പി. കെ. കരുണാകരമേനോന്നു് ഒരനുജനുണ്ടു്. ബി. എ. ബി. എൽ.ക്കാരനാണെങ്കിലും, ഒരു പള്ളിക്കൂടംവാദ്ധ്യാരായി കഴിഞ്ഞുകൂടുകയാണു്. ആ യുവാവിന്നു് ഒരു 100-150 ക.യെങ്കിലും ശമ്പളം കിട്ടുന്ന ഒരു ജോലി കൊടുപ്പിക്കാൻ താങ്കളെ പ്രേരിപ്പിക്കണമെന്നു് കരുണാകരമേനോൻ എന്നെ പിടികൂടിയിരിക്കുന്നു. വല്ല പഴുതും ഉണ്ടാക്കിക്കൂടെയോ? പുത്തേഴന്റെ അനുജനായ ബി. എ. ബി. എൽ. കാരന്റെ ഉദ്യോഗപ്രാർത്ഥിതം ഞാൻ അന്നു മുഖദാവിൽ പറഞ്ഞതും മറന്നേക്കരുതേ!

വള്ളത്തോാംഗ്രന്ഥാലയനിർമ്മാണത്തിന്നു കുറേശ്ശെ കല്ലും മരവും ശേഖരിച്ചുവരുന്നു;താങ്കൾ തരാമെന്നേററിട്ടുള്ള 3000 ക. ആവശ്യമാകുമ്പോൾ ഞാൻ എഴുത്തോ, കമ്പിയോ അയയ്ക്കാം. അപ്പോൾ ഒരു ചെക്കയച്ചേക്കണം.

ദേശമംഗലംനമ്പൂതിരിപ്പാടവർകൾ എന്റെ അടുക്കൽ താങ്കളെപ്പററി അന്വേഷണം ചെയ്തിരിക്കുന്നു.

Digitized By Kerala Sahitya Akademi

താങ്കാം മദിരാശിയിൽവെച്ച് പൊന്നുതമ്പുരാനെ കണ്ടില്ലയോ? എന്റെ കാര്യം ഉണർത്തിക്കുകയുണ്ടായോ? എന്റെ തിരുമുൽക്കാഴ്ച്ശ്ലോകങ്ങാം ജനുവരി 14-ാംതീയതി സചിവോത്തമന്റെ കയ്യിൽ കൊടുക്കാൻ (അദ്ദേഹം നിർദ്ദേശിച്ച സമയത്തു്) എറണാകുളത്തേക്കയയ്ക്കാതിരുന്നില്ല; എന്നാൽ അതുംകൊണ്ടു് ഗോപി എറണാകുളത്തു ചെന്നപ്പോഴേക്കും, നിശ്ചിതസമയത്തിനുമുമ്പുതന്നെ, അദ്ദേഹം എറണാകുളം വിട്ടുകഴിഞ്ഞു. ഇനി പൊന്നുതമ്പുരാൻ തിരുവനന്തപുരത്തെത്തിയതിന്നുശേഷമേ അവ അയയ്ക്കുകയുള്ളു.

ഈ എഴുത്തിലടങ്ങിയ എല്ലാ വിഷയങ്ങാംക്കും വിശദമായ മറുപടി ഒട്ടും വൈകാതെ അയയ്ക്കണമെന്നപേക്ഷ.

സ്വന്തം
വള്ളത്തോാം
*(കത്തു് നമ്പർ 85)*

# മറവി കൂടുതൽ

വള്ളത്തോാം

ചെറുതുരുത്തി
6-2-1944

പ്രിയ സുഹൃത്തെ,

ഞാൻ അയച്ച എഴുത്തിൽ ഒരു പ്രധാന കാര്യം എഴുതാൻ മറന്നുപോയി. വാദ്ധക്യംകൊണ്ടായിരിക്കാം, എനിക്കു മറവി കൂടുതലായിരിക്കുന്നു!

ഉദയപ്പൂരിൽ ഒരായുർവേദകാളേജിലെ പ്രിൻസിപ്പാളുദ്യോഗത്തിനു് അപേക്ഷാഹരജികാം ക്ഷണിക്കുന്നതായ ഒരു നോട്ടീസു കണ്ടിട്ടു വൈക്കത്തുകാരൻ ഒരു ഡാക്ടർ എസ്. കെ. വാരിയർ ഹരജി അയച്ചിട്ടുണ്ടു്. അദ്ദേഹത്തിനു് ഈ ഉദ്യോഗം കിട്ടുന്നതിന്നു വേണ്ടുന്ന ഒത്താശകളൊക്കെ താങ്കളെക്കൊണ്ടു ചെയ്യിക്കണമെന്നു് അദ്ദേഹം എന്റെ അടുക്കൽ വന്നു സനിർബ്ബന്ധം അപേക്ഷിച്ചിരിക്കുന്നു. അദ്ദേഹം ആയുർവേദത്തിൽ പണ്ഡിതനാണെന്നും (ഇംഗ്ലീഷും അറിയാം.) ഈ പ്രിൻസിപ്പാാംജോലിക്കർഹനാണെന്നുമാണു്, ആകപ്പാടെ എനിക്കു തോന്നിയതു്.

ഉദയപ്പൂർ ദിവാൻ താങ്കളുടെ ആളാണല്ലോ: താങ്കാം ഒന്നുന്നി ശുപാർശി ചെയ്യാൽ വാരിയരുടെ വാഞ്ഛിതം നിറവേറില്ലയോ? തീർച്ച വിവരം അറിവാൻ വാരിയർ വെമ്പൽകൊള്ളുന്നു. താങ്കാം ദയചെയ്യു് ഒന്നു ശ്രമിക്കുമാറാകണം.

ബദര്യാശ്രമത്തിലെ ശാന്തിക്കാരൻ മരങ്ങാട്ടു് ഗോവിന്ദൻനമ്പൂരിയുടെ പുതിയ മേൽവിലാസം മറുപടിയിൽ കാണിച്ചേക്കണം; അയാളോടു പണം വീണ്ടും ചോദിച്ചുനോക്കട്ടെ.

തിരുവിതാംകൂർ യൂണിവേഴ്സിററിയിൽനിന്നു ക്ഷണനം ഇന്നുവരെ

Digitized By Kerala Sahitya Akademi

യും വന്നുചേർന്നിട്ടില്ല. എന്നാലും താങ്കളുടെ കയ്യിലുള്ള പഴയ മലയാള സാഹിത്യപുസ്തകങ്ങൾ സദയം ഇങ്ങോട്ടയയ്ക്കണമെന്നപേക്ഷ. നിരണം രാമായണം, ഉണ്ണുനീലിസന്ദേശം, ഉള്ളൂരിന്റെ ഭാഷാചമ്പുക്കൾ എന്നിവ വേഗത്തിൽ കിട്ടേണ്ടിയിരിക്കുന്നു. കൊളത്തേരി പ്രസിദ്ധീകരിച്ച ഭാഷാരാമായണം ചമ്പുവിൻെറ ഒരു വാള്യം (ബാലകാണ്ഡം) മാത്രം എനിക്കു കിട്ടിയിട്ടുണ്ട്; ബാക്കി ഭാഗങ്ങൾ താങ്കളുടെ കയ്യിലുണ്ടോ? നിരണം ശിവപുരാണവും കിട്ടേണ്ടിയിരിക്കുന്നു

സ്വന്തം

വള്ളത്തോൾ

*(കത്ത് നമ്പർ 86)*

# ഉദ്യോഗാർത്ഥികൾ

വള്ളത്തോൾ

ചെറുതുരുത്തി
4-3-1944

പ്രിയ സുഹൃത്തെ,

ഞാൻ രണ്ടാമതയച്ച എഴുത്തിന്നു താങ്കൾ മറുപടി അയച്ചില്ല.

1. വൈക്കത്തുകാരൻ ഡാക്ടർ എസ്. കെ. വാരിയക്കു് ഉദയപ്പൂരിൽ ആയുർവേദ കോളേജിൽ പ്രിൻസിപ്പാളുദ്യോഗം വാങ്ങിക്കൊടുക്കേണമെന്നായിരുന്നു ആ എഴുത്തിലെ പ്രഥമാപേക്ഷ. അതു നിറവേററിക്കൂടെയോ? ഈ വാരിയർ പാരമ്പര്യമുള്ള ഒരു വിദഗ്ധനായ ആയുർവ്വേദവൈദ്യനാണ്. സംസ്കൃതം നല്ലവണ്ണമറിയാം; ഇംഗ്ലീഷ് സാമാന്യമായും. ഇതിൻെറ തീർച്ചവിവരമറിയാൻ വാരിയർ ഉൽക്കണ്ഠിതനായിരിക്കുന്നു.

2. നമ്മുടെ കരുണാകരമേനോൻെറ അനുജനായ ബി. എ. ബി. എൽ. ക്കാരൻ യുവാവിനു് എന്തെങ്കിലും തക്ക ഒരുദ്യോഗം, വല്ല ബാങ്കിലുമായാലും മതി, ഇതിൻേറയും തീർച്ചവിവരം മറുപടിയിൽ കാണിക്കണേ!

പൊന്നുതമ്പുരാനോടു താങ്കൾ എൻെറ കാര്യം പറകയുണ്ടായോ? അവിടേക്കുള്ള മംഗളപത്രം സർ സി. പി. യുടെ പേരിൽ രജിസ്റ്റർ ചെയ്തയച്ചതിന്നു സി. പി. മറുപടി ഒന്നും അയച്ചിട്ടില്ല; തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്നു പ്രസംഗത്തിന്നുള്ള ക്ഷണനവും കിട്ടിയിട്ടില്ല. ഇതുകൊണ്ടും, വേണ്ടുന്ന പുസ്തകങ്ങൾ മുഴുവൻ കിട്ടിയിട്ടില്ലായ്കകൊണ്ടും, തുഞ്ചത്തെഴുത്തച്ഛനെപ്പററി എഴുതിത്തുടങ്ങിയിട്ടില്ല. ഇപ്പോഴും അവിടവിടെ സമ്മേളനങ്ങളിൽ അദ്ധ്യക്ഷനാകാൻ പോകേണ്ടിവരുന്നതിനാൽ കുറേ ക്ഷീണമുണ്ട്; ചുട്ടും തുടങ്ങി.



Digitized By Kerala Sahitya Akademi

പൊന്നുതമ്പുരാനെക്കൊണ്ടു് 7000 ക. തരുവിപ്പാൻ ഇന്നു ഞാൻ സർ സി. പി.ക്കു് ഒരപേക്ഷക്കത്തെയയ്ക്കുന്നുണ്ടു്; താങ്കളും ഒന്നൂന്നി എഴുതുന്നതു് ഉപകാരം.

ആർ. നാരായണപ്പണിക്കരുടെ സാഹിത്യചരിത്രം എല്ലാ ഭാഗങ്ങളും സർവ്വാധികാര്യക്കാർ ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രം, നിരണം പണിക്കരുടെ (കണ്ണശ്ശ) രാമായണം മുഴവൻ ഇവകൂടി കിട്ടിയേ എഴുത്തച്ഛനെപ്പററി എഴുതിത്തുടങ്ങാൻ കഴിയുള്ളു; ഇവ താങ്കളുടെ പക്കലുണ്ടെങ്കിൽ സദയം അയച്ചുതരിക; ഉള്ളൂരിൻെറ ഭാഷാചമ്പുക്കളും.

800 ക. യുടെ ഒരു ചെക്കും മറുപടിയോടൊപ്പം അയപ്പാനപേക്ഷ. 20൦ ക. ഞാൻ അങ്ങോട്ടു തരേണ്ടതുണ്ടല്ലൊ. ഇപ്പോൾ 800-ൻെറ ചെക്കയച്ചാൽ ആയിരമായി. വള്ളത്തോാം ഗ്രന്ഥാലയത്തിൻെറ തറ പടുത്തു തുടങ്ങി എന്നു പറയാം. മരം കിട്ടാൻ കുറച്ചല്ല പ്രയാസം. കിട്ടിയാൽ അപ്പോൾ പണം കൊടുക്കണമല്ലൊ. അതിന്നാണു് 800 ക. അയച്ചുതരേണമെന്നപേക്ഷിക്കുന്നതു്.

ബാക്കിയെല്ലാം മറുപടിയും ചെക്കും കിട്ടിയതിന്നുശേഷം എഴുതി അറിയിച്ചുകൊള്ളാം,

സ്വന്തം
വള്ളത്തോാം
*(കത്തു് നമ്പർ 87)*

# പ്രസംഗപരമ്പര

വള്ളത്തോാം

ചെറുതുരുത്തി
8-3-1944

പ്രിയ സുഹൃത്തെ,

ഞാനിതിന്നു മുമ്പയച്ച എഴുത്തു രണ്ടും അവിടെ കിട്ടിയിരിക്കുമല്ലോ. കരുണാകരമേനോൻെറ അനുജൻ, വൈക്കം ഡാക്ടർ എസ്. കെ. വാര്യർ എന്നിവൎക്കു ജോലി കൊടുപ്പിക്കുന്നതിൽ താങ്കൾ മനസ്സുവയ്ക്കുന്നില്ലയോ?

തിരുവിതാംകൂർ യൂണിവേഴ്സിററിയിൽനിന്നു് ഇന്നലെ ഇവിടെ വന്നുചേൎന്ന ക്ഷണക്കത്തിൻെറ നേർപകപ്പ് ഇതിൽ വെച്ചിട്ടുണ്ടു്. 'മല പെററു് എലി പിറക്കലൊ'യില്ലേ, ഇതു്? ഈ 250 ക.യ്ക്കു വേണ്ടി ഞാൻ ആറു മാസം പ്രയത്നിക്കേണമോ? ആ ആറുമാസം 'മലയാളം' എഴുതാൻ ശ്രമിക്കയല്ലേ ഉചിതം? താങ്കൾ സദയം ഉപദേശിക്കുന്നതിൻവണ്ണം ഞാൻ ചെയ്തുകൊള്ളാമെന്നേ എനിക്കു പറവാനുള്ളു!

പൊന്നുതമ്പുരാനെക്കൊണ്ടു് ഒരേഴായിരംരൂപാ 'വള്ളത്തോാംഗ്രന്ഥാലയ'ത്തിന്നു തരുവിപ്പാൻ അപേക്ഷിക്കുന്നതായ ഒരെഴുത്തു് ഞാൻ ദിവാൻജിക്കയച്ചിട്ടുണ്ടു്; താങ്കളും ശക്തിയിൽ ഒന്നെഴുതിനോക്കുക.

Digitized By Kerala Sahitya Akademi

ആവശ്യമില്ലാത്ത അനേകം പഴമ്പുസ്തകങ്ങറം നോക്കി വിഷയങ്ങറം കുറിച്ചെടുത്തു്, ഒരുപന്യാസപരമ്പര തയ്യാറാക്കാനീ വാദ്ധക്യകാലത്തു് ഞാൻ കഷ്ടപ്പെടേണമോ? എനിക്കീ മരാമത്തിന്നു കുറെ പണം കിട്ടുകയേ വേണ്ടു. അതിന്നു വേറെ വഴികളിലൂടെ സഞ്ചരിക്കാമല്ലോ!

വിഷയം പഴയ 'ഭാഷാസാഹിത്യ'മെന്നതാകാമെന്നുംസമയംവഴിയെ അറിയിച്ചുകൊള്ളാമെന്നുമാണു്, ഞാൻ യൂണിവേഴ്സിററി രജിസ്ട്രാർക്കു് മറുപടി അയച്ചതു്. പ്രസംഗപരമ്പര നടത്തുന്നതു് എനിക്കു സന്തോഷകരംതന്നെ എന്നൊരു ഭംഗിവാക്കും തട്ടിവിട്ടിട്ടുണ്ടു്।

താങ്കളുടെ ഉപദേശം കാത്തിരിക്കുന്നു. 800 ക. യുടെ ഒരു ചെക്കു് സദയം അയയ്ക്കുമാറാകണമെന്നു ഞാൻ മുൻകത്തിൽ അപേക്ഷിച്ചിട്ടുണ്ടു്.

സ്വന്തം
വി. നാരായണമേനോൻ
(*കത്തു്നമ്പർ 88*)

# തമ്പുരാൻെറ പണം

വള്ളത്തോറം

ചെറുതുരുത്തി
22-3-1944

പ്രിയ സുഹൃത്തെ,

അവിടെനിന്നു് 16-ാംനു- അയച്ച എഴുത്തും 800 ക. യുടെ ചെക്കും ഇന്നലെ കിട്ടി. ഇപ്പോറം 1000 ക. യായി; ഈ സംഖ്യ അടുത്ത അവസരത്തിൽത്തന്നെ തിരിയെ തരാൻ സാധിക്കുമെന്നു തോന്നുന്നു. എനിക്കു തിടുക്കം വരുമ്പോറം വീണ്ടും ഇങ്ങോട്ടു വാങ്ങാമല്ലോ.

പ്രസംഗത്തിനു് ആറായിരം ക. എങ്കിലും തരാൻ സർ സി. പി.ക്കു് എഴുതേണ്ടതു ഞാനല്ല, താങ്കളാണു്. നിങ്ങറം രണ്ടുപേരുംകൂടിയല്ലയോ, എന്നെക്കൊണ്ടു് പ്രസംഗിപ്പിക്കാൻ നിശ്ചയിച്ചതു്. പൊന്നുതമ്പുരാനെക്കൊണ്ടു് ശ്രുപാ തരുവിക്കാൻ എഴുതിയാലും മതി. ഇതു പററിയാൽ, എനിക്കു പ്രസംഗം എഴുതുവാൻ, സമയം കളയാതെ 'മലയാളം' എഴുതിത്തുടങ്ങാം. ഇതിൽ താങ്കളൊന്നു ശ്രദ്ധവയ്ക്കുകതന്നെവേണം. താങ്കളുന്നിയെഴുതിയാൽ സി. പി. തമ്പുരാനെക്കൊണ്ടു് പണം തരുവിക്കാതിരിക്കയില്ല.

രണ്ടുപേരുടെ ജോലിക്കാര്യത്തിൽ ശ്രമിക്കാൻ താങ്കറംക്കു കുറേക്കഴിഞ്ഞേ തരമുള്ള എന്നാവാൻ കാരണമെന്താണു്? എന്താണു്, താങ്കളുടെ പുതിയ സംരംഭം? ഇംഗ്ലണ്ടിലേക്കു പോവാൻ സമയം നിശ്ചയിച്ചുകഴിഞ്ഞോ? വിരോധമില്ലെങ്കിൽ, വിവരം സ്പഷ്ടമായി മറുപടിയിൽ കാണിക്കണേ! ആ ഡാക്ടർ എസ്. കെ. വാര്യക്കു് ഉദയപ്പൂർ ആയുർവേദകോളേജിൽ പ്രിൻസിപ്പാറം ഉദ്യോഗം കിട്ടുമെന്നാശിക്കാമോ? അതിന്നായി

Digitized By Kerala Sahitya Akademi

താങ്കൾ വല്ലതും ചെയ്തുവച്ചിട്ടുണ്ടോ? ആ പണ്ഡിതൻ താങ്കളുടെ കരുണയെ കാത്ത രിക്കുകയാണ്.

എൻെറ മരാമത്ത് മന്ദംമന്ദം നടക്കുന്നു. അതിന്നു പണമുണ്ടാക്കണം; പത്തിരട്ടി വർദ്ധിച്ചിരിക്കുന്ന കുടുംബച്ചെലവു നടത്തണം. ഇതുമൂലമുള്ള മനോവിക്ഷേപങ്ങൾ മൂലം 'മലയാള'ത്തിൻെറ ഇതിവൃത്തം ഉറച്ചുകിട്ടിയിട്ടില്ല. ഇതാണ്, എഴുതിത്തുടങ്ങാതിരിപ്പാൻ കാരണം; അനാസ്ഥയല്ല. ദേവി പ്രസാദിച്ചാൽ, രണ്ടു വർഷങ്ങൾക്കിടയിൽ ഞാനാ പുസ്തകം താങ്കളുടെ കൈയിൽ തരും!

'ലൂയി കാമ്യോസ്' ഒരു മാസത്തിന്നുള്ളിൽ വായിപ്പാൻ കിട്ടുമല്ലോ; അതു വായിപ്പാൻ കുറച്ചല്ല വെമ്പൽ.

ഇതിൻെറ മറുപടി അയപ്പാൻ വൈകരുത്.

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 89)*

## മലയാളം—ഇതിവൃത്താന്വേഷണം

വള്ളത്തോൾ

ചെറുതുരുത്തി
10-4-1944

പ്രിയ സുഹൃത്തെ,

3-ാം തീയതി അവിടെനിന്നയച്ച എഴുത്ത് ഇന്നലെ ഇവിടെ കിട്ടി. നാട്ടുവാലായ്മയുടെ അവധി (3 മാസം) കഴിഞ്ഞാൽ ഞാൻ സർ സി. പി. ക്കു കത്തയച്ചുകൊള്ളാം. പ്രസംഗമെഴുതാൻ എനിക്കുത്സാഹം നശിച്ചുപോയി. സി. പി. ക്കു മുഷിച്ചിൽ തോന്നാത്ത മട്ടിൽ പിന്മാറാനാണ് വിചാരിക്കുന്നതു്. ഒരേഴായിരം ഉറുപ്പിക പൊന്നുതമ്പുരാനെക്കൊണ്ടു സചിവോത്തമൻ തരുവിക്കട്ടെ. അതിനു താങ്കൾ അമരത്തെഴുതുക തന്നെ വേണം. രണ്ടുമാസംകൂടി കഴിഞ്ഞിട്ടു മതി, താങ്കളും ഞാനും എഴുതുക എന്നു തോന്നുന്നു.

മാൎത്താണ്ഡവൎമ്മരാജാവിൻെറ സദസ്സിൽവെച്ചു ഗാമ പറയുന്നതായിട്ടു പോരെയോ? കേരളവൎണ്ണനം? ഒന്നാം സൎഗ്ഗത്തിൽ കവിവാക്യമായി കേരളം വൎണ്ണിക്കേണമോ?

ഒരനുരാഗകഥ കാവ്യത്തിൽവേണമല്ലോ; കഥയ്ക്കു ഒരു പ്ലോട്ടും വേണ്ടയോ? നായികാനായകന്മാർ ആരായിരിക്കണം? ഈ അനുരാഗേതിവൃത്തമാണ് ഉറയ്ക്കാതിരിക്കുന്നതു്. ഇതിൽ താങ്കൾ ഒരാലോചന നടത്തി ഒരു ഉപദേശം തരുന്നതു വലിയ ഉപകാരമായിരിക്കും.

മാൎത്താണ്ഡവൎമ്മരാജാവിൻെറ സദസ്സിലെ ആളുകളുടെ വേഷം എങ്ങനെയായിരുന്നു ആവോ? ഉടുപ്പു സാധാരണമായി എന്തു നിറത്തിലുള്ളതായിരുന്നിരി

Digitized By Kerala Sahitya Akademi

ക്കാം; ഉപചാരരീതി എങ്ങനെ? പോർട്ടുഗീസു രാജാവിനു കിരീടം, ചെങ്കോൽ മുതലായവ ഉണ്ടായിരുന്നില്ലേ? കിരീടത്തിൻെറ മട്ടെങ്ങനെ? ഇന്ത്യൻകിരീടംപോലെയായിരിക്കാൻ സംഗതി ഇല്ലല്ലോ.

പിന്നീടറിയേണ്ടതു് ഗാമയുടെ പടപ്പുറപ്പാടിൻെറയും, കപ്പൽ യാത്രയുടെയും മററും വിവരങ്ങളാണു്. ഗാമ ഏതേതു സമുദ്രങ്ങളേയും ദ്വീപുകളേയും ഭൂഖണ്ഡങ്ങളേയും പിന്നിട്ടായിരിക്കും, കൊച്ചിത്തുറമുഖത്തു വന്നു ചേർന്നതു്? എത്ര നാൾകൊണ്ടു്? ഇതിഹാസകാവ്യത്തിൽ (രാമായണത്തിലെന്നപോലെ) ഇവയൊക്കെ ഉണ്ടായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. പട്ടാളവേഷവും ഇന്നത്തേതിൽനിന്നു കുറെ വ്യത്യസ്തമായിരിക്കില്ലേ? താങ്കൾക്കു് അവസരമുള്ളപ്പോൾ, ഈവക സംഗതികൾ കുറിച്ചയച്ചുകൊണ്ടിരിക്കണമെന്നപേക്ഷ. ഇംഗ്ലീഷനഭിജ്ഞനായ എനിക്കു മറെറന്തു ഗതി?

ശ്രീ മുണ്ടശ്ശേരിയുടെ 'അന്തരീക്ഷം' എന്ന നിരൂപണഗ്രന്ഥം (കണ്ണുഭൂഷണം, സീത, അച്ഛനും മകളും) ഇന്നലെ ഇവിടെ കിട്ടി; ഞാൻ മുഴുവൻ വായിക്കുകയും ചെയ്തു. 'മാററൊലി' പോലെതന്നെയാണു്, ഈ പുസ്തകവും. ആക്ഷേപങ്ങൾ ഉണ്ടാക്കാം. ഉള്ളൂരിനെ കഴിയുന്നത്ര ഇടിച്ചിട്ടുണ്ടു്. ആശാൻെറ ഒരു ന്യൂനത സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അതിന്നു് ഒരു സമാധാനം പറഞ്ഞു് ഒഴിയുകയാണു ചെയ്തിരിക്കുന്നതു്. ഈ കത്തോലിക്കർക്കും ഈഴവർക്കും രസികത ഉണ്ടാകുന്ന കാലം ഏതോ! ഉള്ളൂരിൻെറ മികച്ച കൃതിയല്ല, കണ്ണുഭൂഷണം; ആശാൻെറ മികച്ച കൃതിയല്ല സീതയും. എന്നാൽ, ആശാൻ കാളിദാസഭവഭൂതികളെക്കൂടി അതിവർത്തിച്ചിരിക്കുന്നു പോൽ!

നമ്മുടെ മരങ്ങാട്ടു പോററി നാലു നാൾക്കു മുമ്പേ വന്നു് 500 ക. എനിക്കു തന്നു. ബദരീക്ഷേത്രത്തിൽ പഴയ നടപ്പിന്നു വിരുദ്ധമായി ഒരു കൊച്ചിക്കാരൻ നമ്പൂരിയെ കീഴ്ശാന്തിയാക്കിയിരിക്കുന്നതിനാൽ മേൽശാന്തിക്കു മേന്മയും പാദകാണിക്കവരവും തുലോം ചുരുങ്ങിയിരിക്കുന്നു എന്നും, അതുകൊണ്ടാണു് വാഗ്ദാനമനുസരിച്ചു പണം ഇതേവരെ അയയ്ക്കാഞ്ഞതെന്നും, ഇതിൽ താങ്കൾക്കും എനിക്കും ഒരെറിദ്ധാരണയൊ അസുഖമൊ ഉണ്ടാകരുതെന്നും മററും അദ്ദേഹം ആവലാതി പറഞ്ഞു. ഈ മാമൂൽവിരുദ്ധമായ നടപടിയെ(കൊച്ചിക്കാരനെ കീഴ്ശാന്തിയാക്കിയതിനെ) പ്രതിഷേധിക്കണമെന്നു നമ്പൂരി സചിവോത്തമനോടു് അപേക്ഷിച്ചിട്ടുണ്ടത്രെ. താങ്കളും ഇതിലിടപെട്ടു കീഴ്ശാന്തിയെ പിരിച്ചയപ്പിക്കണമെന്നും, അതിന്നു ഞാൻ താങ്കളെ പ്രേരിപ്പിച്ചാലെ ബാക്കി 500 ക. തരുവാൻ അദ്ദേഹം ശക്തനാകൂ എന്നും നൂറുരു പറഞ്ഞുംവെച്ചാണു് അദ്ദേഹം ഉദ്യോഗസ്ഥലത്തെത്താൻ വണ്ടികേറിയതു്!

ബിക്കാനീർ ഗവണ്മെൻറു പ്രസിദ്ധീകരിച്ച രണ്ടു സംസ്കൃതപുസ്തകങ്ങളിൽ ഒന്നും എനിക്കു കിട്ടിയില്ല, അവ അയപ്പിക്കാമോ? ഞാനിപ്പോൾ 'ഭൃഗുവംശം' കുറേശ്ശെ വായിക്കുന്നുണ്ടു്, ഒട്ടൊക്കെ നന്നു്. എന്നാൽ, അസഹനീയങ്ങളായ ലിപിദോഷങ്ങൾ ഈ കയ്യെഴുത്തുബുക്കിൽ സർവ്വത്ര കടന്നുകൂടിയിട്ടുണ്ടു്.

താങ്കളുടെ കാര്യങ്ങൾ തീരുമാനിച്ചു കഴിഞ്ഞുവോ? ആ ഡാക്ടർ എസ്. കെ. വാരിയർ ഉദയപ്പൂർ ആയുർവ്വേദ കോളേജിൽ പ്രിൻസിപ്പാള

Digitized By Kerala Sahitya Akademi

ദ്യോഗം കിട്ടുമോ? കരുണാകരമേനോന്റെ അനുജനു വല്ല ജോലിയും ഒക്കു മോ? ഇവയുടെ തീർച്ച അറിയാൻ തിടുക്കമുണ്ട്.

ഞാൻ രണ്ടാഴ്ചവട്ടത്തിനു മുമ്പെ മംഗലാപുരത്ത് ഒരു സമ്മേളനത്തിനു പോയി; ആ യാത്രയിൽ കൂടാളി കമ്മാരൻനമ്പ്യാർ അവർകളെ ചെന്നു കണ്ടു. അദ്ദേഹം താങ്കളുടെ സ്ഥിതികൾ വിസ്തരിച്ചു ചോദിച്ചു. 1000 ക. വള്ളത്തോൾ ഗ്രന്ഥാലയത്തിന്നു പല തവണയായി തരാമെന്നേററിട്ടുണ്ട്; 101 ക. അപ്പോൾതന്നെ തന്നു. എന്റെ മരാമത്ത് മന്ദംമന്ദം നടക്കുന്നു; ഈ 'മന്ദിഗാമിനി' ഉദ്ദിഷ്ടസ്ഥലത്തെത്തിച്ചേരുക എപ്പോഴോ?

നാട്ടിൽ മസൂരി പടർന്നു പിടിച്ചിരിക്കുന്നു. ഉപ്പും അത്യുൽക്കടകോടിയിൽ എത്തിയുമിരിക്കുന്നു. ഈശ്വരോ രക്ഷതു!

സ്വന്തം

വി നാരായണമേനോൻ

*(കത്ത് നമ്പർ 90)*

# അഞ്ചാമത്തെ മകൻ

വള്ളത്തോൾ

ചെറുതുരുത്തി
15-4-1944

പ്രിയ സുഹൃത്തേ,

എന്റെ അഞ്ചാമത്തെ മകൻ ഓണേഴ്സ് ബി. എ. (ധനശാസ്ത്രം) പരീക്ഷ കഴിഞ്ഞു് ഇവിടെ വന്നു ചേർന്നിരിക്കുന്നു; ജയിക്കുമെന്നാണയാളുടെ ഉറപ്പ്. ജയിച്ചാൽ, വല്ല ജോലിയിലും പ്രവേശിപ്പിക്കേണ്ടേയോ? അതിന്നു താങ്കളല്ലാതെ, ഞങ്ങൾക്കാരുള്ളൂ? താങ്കളിപ്പോൾ സ്വന്തം കാര്യങ്ങളിൽ മുഴുകിയിരിക്കയാണെങ്കിലും, ഈ സാധുകുട്ടിക്കുവേണ്ടി സ്വല്പം മനസ്സിരുത്തണേ! താങ്കൾ ഇംഗ്ലണ്ടിലേക്കു പോകുമ്പോൾ, ഇയാളെ സെക്രട്ടറിയായി കൊണ്ടുപോകുന്നതുപോലും ഞങ്ങൾക്കു സമ്മതവും സന്തോഷാവഹവുമാണെന്നു് തുറന്നു പറയുന്നതിൽ എന്റെ ദുര സ്ഫുരിക്കുന്നുണ്ടെങ്കിൽ, അതു സദയം ക്ഷമിച്ചേക്കണം! ഇയാൾ എന്തു ചെയ്യണമെന്ന് ഉപദേശിപ്പാനും അതു നിറവേറുമാറാക്കാനും അപേക്ഷ.

ഞാനിതിന്നു മുമ്പയച്ച എഴുത്തു് അവിടെ കിട്ടിയിരിക്കുമല്ലോ. പോർച്ചുഗീസുരാജാവിന്റെ സഭാസമ്മേളനത്തിന്റെ സ്വരൂപം ഒട്ടൊക്കെയെങ്കിലും മനസ്സിലായാലേ, 'മലയാളത്തി'ന്റെ രണ്ടാം സർഗ്ഗത്തിലേക്കു കടക്കാൻ പററൂ; ഒന്നാം സർഗ്ഗം (കേരളവർണ്ണനം) അവസാനിച്ചു എന്നു പറയാം. വിഷുനാളിൽ (13-ാം നു-) രാവിലെ ദേവിയെ ധ്യാനിച്ചുകൊണ്ടാരംഭിച്ചു. വെടിപ്പു പോരാപോരായെന്നു ഹൃദയം ശഠിക്കുന്നതുകൊണ്ടു് എഴുത്തു പതുക്കെയേ നടക്കുന്നുള്ളു. സർദാർ പണിക്കരുടെ 'കവനവേഗം'

Digitized By Kerala Sahitya Akademi

വള്ളത്തോളിന്നു പണ്ടേ ഇല്ലെന്നറിയാമല്ലോ? പോരാത്തതിനു്, അഭൂതപൂർവ്വമായ വേനൽച്ചൂടും! രണ്ടോളം മാസത്തിനു മുമ്പാണു് സ്വല്പം മഴ പെയ്തതു്. ഇപ്പോൾ ഇവിടെ ഞാൻ കുനിഞ്ഞിരുന്നു് എഴുതുമ്പോൾ എന്റെ കെട്ടമൂക്കിൽനിന്നു ചാറുന്ന മഴയേ ഉള്ളൂ! ഈ മുക്കം ഈ തലയുമായി ഞാൻ 'മലയാളം' എങ്ങനെ മുഴമിപ്പിക്കണമെന്നു് ദേവിക്കേ അറിഞ്ഞുകൂടൂ.

സകല വിവരങ്ങൾക്കും സവിസ്തരമായ ഒരു മറുപടി തന്നു് എന്നെ ആശ്വസിപ്പാൻ ഒട്ടും വൈകരുതു്.

സ്വന്തം
വി. നാരായണമേനോൻ.
*(കത്തു് നമ്പർ 91)*

# സംസ്കൃതപുസ്തകദ്വയം

വള്ളത്തോൾ

ചെറുതുരുത്തി
8-5-1944

പ്രിയ സുഹൃത്തെ,

താങ്കൾ ഏപ്രിൽ 21-ാംനു- അയച്ച മറുപടി 26-ാം നു ഇവിടെ കിട്ടിയിരിക്കുന്നു. താങ്കൾ ഇംഗ്ലണ്ടിൽനിന്നും തിരിച്ചുവരിക ഒക്ടോബറിലാകുമല്ലോ; അപ്പോൾ മതി, എന്റെ മകന്റെ ഉദ്യോഗത്തിൽ മനസ്സു വയ്ക്കുക. എന്നാൽ, ആ ഡാക്ടർ എസ്. കെ. വാര്യർ, നമ്മുടെ കരുണാകരമേനോന്റെ അനുജൻ എന്നിവരോടു് ഞാനെന്തു മറുപടി പറയേണ്ടൂ? അതും താങ്കൾ തിരിച്ചു വന്നിട്ടേ പറയു എന്നോ?

താങ്കളുടെ 'പോർട്ടുഗീസുകാരും മലയാളക്കരയും' എന്റെ പക്കലില്ല; ഒരു കോപ്പി സദയം അയച്ചുതരികതന്നെ വേണം. പാശ്ചാത്യശില്പരീതി എനിക്കു തെല്ലും പരിചിതമല്ലല്ലോ; അതിനാൽ 'സങ്ഗ്രഹവർണ്ണനം' തുടങ്ങിവെച്ചതു മുമ്പോട്ടു നീങ്ങുന്നില്ല. ബിക്കാനീർ ഗവണ്മെന്റു പ്രസിദ്ധീകരിച്ച സംസ്കൃതപുസ്തകദ്വയം എനിക്കിതുവരെ കിട്ടിയില്ല. അതു സദയം അയപ്പിക്കുക. 13, 14, 15 തീയതികളിൽ എറണാകുളത്തു് സാഹിത്യപരിഷത്തു് നടക്കും. ഒന്നാം യോഗത്തിൽ 'കേററി എഴുന്നെള്ളി'ക്കുന്നതു് എന്നെയാണു്. ഞാൻ 13-ാം തീയതിതന്നെ തിരിച്ചു പോരും! 17-ാം തീയതി വടക്കെമലയാളത്തിലേക്കു പോകണം. ഒരായുർവേദ വൈദ്യശാല തുറക്കാൻ ഞാൻ ചെന്നേ കഴിയൂ എന്നു് ചിറയ്ക്കൽരാജാവു നിർബന്ധിക്കുന്നു. ഉള്ളൂരും സാഹിത്യപരിഷത്തിനു വരും; ഇന്നദ്ദേഹത്തിന്റെ എഴുത്തുണ്ടായിരുന്നു.

മരാമത്തു നടക്കുന്നുണ്ടു്. ദ്രുപാ കരുതിയതിൽ ഇരട്ടിയാകും! അതിനാൽ, താങ്കൾ യഥാനിശ്ചയം 2000 ക. കൂടി തരേണ്ടിവന്നേക്കാം. കൂടിയേ തീരൂ എങ്കിലേ ഞാൻ താങ്കളെ ഉപദ്രവിക്കയുള്ളൂ. വേണ്ടിവന്നാൽ 3000 ക. യുള്ള ലക്ഷ്യം അങ്ങോട്ടയയ്ക്കാം.

Digitized By Kerala Sahitya Akademi

മധു എപ്പോൾ ഇംഗ്ലണ്ടിലേക്ക പോകം? ഉദ്യോഗം എന്താണ്? താങ്ക ളീ അവസരത്തിൽ പോകുന്നതെന്തിനാണെന്നും എന്നോട്ട പറയുകയുണ്ടാ യിട്ടില്ല. ഏതായാലും, താങ്കളുടെയും മകൻെറയും യാത്ര ശുഭമായി വരട്ടെ!

താങ്കൾ പോകുന്നതിനു മുമ്പെ തിരുവിതാംകൂറിലെ നാട്ടവാലായ്മ അവസാനിച്ചാൽ അപ്പോൾ, സർ. സി. പി. ക്ക് ഒന്ന് ഊന്നി എഴുതാൻ മടിക്കരുതെ. അദ്ദേഹം മഹാരാജാവിനെക്കൊണ്ട് 7000 ക. തരുവിക്ക ട്ടെ. ഞാനും അപേക്ഷക്കത്തയച്ചുകൊള്ളാം. താങ്കൾ മുറുകെ പിടിച്ചാൽ പട്ടർ വല്ല കണക്കിലും കാര്യം ഒപ്പിച്ചുകൊള്ളും.

സ്വന്തം
വി. നാരായണമേനോൻ
(*കത്ത് നമ്പർ 92*)

# ആയുർവേദപാഠശാല

വള്ളത്തോൾ

ചെറുതുരുത്തി
17-5-1944

പ്രിയ സുഹൃത്തെ,

ക്ഷമിക്കണം; രണ്ടായിരം ഉറുപ്പികകൂടി എനിക്ക വായ്പയായി തല്ക്കാലം തരുവാൻ താങ്കൾ ദയ ചെയ്യുകതന്നെ വേണം; അതിൽ 1000 ക. യുടെ ഒരു ചെക്ക് മടക്കത്തപാലിൽതന്നെ അയപ്പാൻ അപേക്ഷ. പിന്ന ത്തെ 1000-നുള്ള ചെക്ക്, ഞാൻ ലക്ഷ്യം എഴുതിച്ച് അവിടെ കിട്ടി ക്കമ്പോൾ അയച്ചാൽ മതി.

എനിക്ക കുറെ പണം തരുവാനുള്ള ഒരാൾ വസ്തു വിററ് പണം തരു വാനാണ് നിശ്ചയിച്ചിട്ടുള്ളത്; ആധാരം എഴുതുകകൂടി കഴിഞ്ഞുമിരിക്ക ന്നു. എന്നാൽ ആ ആൾ രോഗത്തിൽപ്പെട്ട കിടപ്പാകയാൽ രജിസ്റ്ററാഫീ സിൽ പോകാൻ ശക്തനല്ലാതായിരിക്കുന്നു. അയാൾക്ക കുറെ ആരോഗ്യം വീണ്ടുകിട്ടിയെ രജിസ്റ്റർ നടക്കുകയും പണം എനിക്ക കിട്ടുകയും ചെയ്യു. അതുവരെ മരാമത്ത് നിർത്തിവയ്ക്കാവുന്നതല്ലല്ലോ. അതിനാലാണ് താ ങ്കളെ വീണ്ടും ശല്യപ്പെടുത്തേണ്ടി വന്നത്. താങ്കൾക്ക് അവിശ്വാസമോ ശങ്കയോ വേണ്ടാ; ശരിയായ ലക്ഷ്യം ഞാൻ രണ്ടാഴ്ചവട്ടത്തിനുള്ളിൽ അ വിടെ കിട്ടിച്ചുകൊള്ളാം. അഞ്ചു കൊല്ലങ്ങൾക്കുള്ളിൽ കുറെശ്ശെയായി ഇടപാട്ട തീർക്കുകയും ചെയ്യാം.

ഞാനിന്ന്, ചിറയ്ക്കൽ രാജാവ് ആവശ്യപ്പെട്ടതനുസരിച്ച് അവിടെ നാളെ ഒരായുർവേദപാഠശാല തുറക്കാനായി കണ്ണൂർക്ക പോകയാണ്. മററ ന്നാൾ കൂടാളിക്ക പോകും. ഒരാഴ്ചവട്ടംകൊണ്ടേ തിരിച്ചെത്തു. അപ്പോഴേ ക്ക താങ്കളുടെ 1000 ക. ചെക്ക് ഇവിടെ കിട്ടുമെന്ന് വിശ്വസിക്കുന്നു. നമ്മുടെ കമ്മാരൻ നമ്പ്യാരുടെ പുതിയ ഗൃഹത്തിൽ (ഇരിക്കൂർ) രണ്ടുനാൾ താമസിച്ചു കൊള്ളാമെന്നു ഞാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്.

Digitized By Kerala Sahitya Akademi

'മഹാകവി വള്ളത്തോളി'ന്റെ അദ്ധ്യക്ഷതയിൽ സാഹിത്യപരിഷത്ത് എറണാകുളത്തുവെച്ച് 3 ദിവസം നടന്നു. ഞാൻ പ്രഥമയോഗത്തിനു മാത്രമേ പോയുള്ളു; ബാക്കി യോഗങ്ങളിൽ എന്റെ പ്രതിനിധിയായി പൊതു അദ്ധ്യക്ഷത വഹിച്ചതു് മഹാകവി ഉള്ളൂരാണ്. ടിക്കററു വെച്ചായിരുന്നു സമ്മേളനമെങ്കിലും, ആളുകൾ ധാരാളമുണ്ടായിരുന്നു.

സ്വന്തം

വി. നാരായണമേനോൻ

(*കത്ത്നമ്പർ 93*)

# നാലപ്പാടിന്റെ ക്ഷണം

വള്ളത്തോൾ

ചെറുതുരുത്തി

3-6-1944

പ്രിയ സുഹൃത്തെ,

മേയ് 21-ാംനു- ആബുവിൽ നിന്നയച്ച എഴുത്ത് യഥാകാലം ഇവിടെ വന്നെത്തി. മറുപടി അയയ്ക്കാൻ ഇത്രയും വൈകിയതിനു കാരണം, ഞാൻ മേയ് 17-ാം തീയതി ഇവിടെനിന്നയച്ച എഴുത്തിൽ അപേക്ഷിച്ചതിൻവണ്ണം താങ്കളുടെ 1000 രൂപാ ചെക്കും മറുപടിയും വന്നതിനുശേഷം ആകാം എന്നു കാത്തിരുന്നതാണ്. എന്നാലതു വന്നുചേൻ്നില്ല; എന്റെ തിടുക്കമോ, അങ്ങേയററത്തെത്തിയിരിക്കുന്നതാണു! മഴ കലശലാകുന്നതിനുമുമ്പെ നമ്മുടെ 'വള്ളത്തോൾ ഗ്രന്ഥാലയ'ത്തിനു് ഓടുമേഞ്ഞു രക്ഷ വരുത്തണമല്ലോ. മഴ (കാലവഷം) ഇന്നു തികച്ചും ആരംഭിച്ചിരിക്കുന്നു.

3000 ക. യ്ക്കുള്ള തക്കതായ കടപ്പത്രം ഇതൊന്നിച്ചു രജിസ്റ്റർ ചെയ്തയയ്ക്കുന്നു. എനിക്കു മുതലൊന്നുമില്ല; ഭാര്യ ഒപ്പിട്ടതിന്നു കാരണമതാണ്. അവൾക്ക് ഈ കടം വീടാനും മററുമുള്ള സ്വത്തുണ്ടു്; പോരായെങ്കിൽ 'വള്ളത്തോൾ ഗ്രന്ഥാലയം'തന്നെ ഈ കടത്തിനു ഉത്തരം പറയുമെന്നു ലക്ഷ്യം നോക്കിയാലറിയാം. ഈ ലക്ഷ്യം ഇന്നലെ ഒരു വിദഗ്ദ്ധനായ വക്കീൽ നിയമഭാഗം സശ്രദ്ധം നോക്കി എഴുതിയതും, രജിസ്റ്റർ ചെയ്യാതെതന്നെ വിലപ്പെടുന്നതുമാണ്; പിന്നെയെന്തിനു രജിസ്റ്റർഫീസ് വെറുതെ ചെലവിടുന്നു?

ലക്ഷ്യത്തിലെ ബാക്കി 2000 ഒന്നിച്ചുതന്നെ അയയ്ക്കുകയോ പകുതി തല്ക്കാലം അയയ്ക്കുകയോ താങ്കളുടെ ഇഷ്ടംപോലെ ചെയ്യാം. എന്നാൽ 1000 ക. യുടെ ചെക്ക് മടക്കത്തപാലിൽതന്നെ അയപ്പാൻ ദയവുണ്ടാകണം. ഇല്ലെങ്കിൽ, ഞാൻ വീണ്ടും കഷ്ടദശയിൽപ്പെട്ടുപോകും!

അക്ബർസാഹി ശൃംഗാരദപ്പണവും രണ്ടു് ഇംഗ്ലീഷ്ബുക്കുകളും കിട്ടി. ഇംഗ്ലീഷ്ബുക്കുകളിൽനിന്നു് എനിക്കു വേണ്ടുന്ന ഭാഗം തർജ്ജമചെയ്തു

Digitized By Kerala Sahitya Akademi

തരുവാൻ ബാലചന്ദ്രനെ നിയോഗിച്ചിട്ടുണ്ട്. അതു കിട്ടിയാൽ മലയാളത്തിൻെറ ചില സർഗ്ഗങ്ങൾ എഴുതുവാൻ സാധിക്കും.

താങ്കൾ ഇംഗ്ലണ്ടുയാത്ര മുടങ്ങിയതിലും ദിവാനുദ്യോഗം ചുമലിൽ വീണ്ടും വീണതിലും വ്യസനിക്കുമ്പോൾ ഞങ്ങൾ സന്തോഷിക്കുകയാണ് ചെയ്യുന്നതു്! ഇംഗ്ലണ്ടിലേക്കു് 'ഒരാപത്കരമായ യാത്ര'കൂടി ചെയ്യാതിരിക്കുമല്ലോ. അടുത്ത ഒക്ടോബറിൽ ബാലചന്ദ്രനോടുകൂടി ബിക്കാനീറിൽ വരാൻ എനിക്കു വളരെ കൊതിയുണ്ടു്! അതു നിറവേററാൻ യാവച്ഛക്യം ശ്രമിക്കാതിരിക്കുകയില്ല. ഒരു മാസം താങ്കളുടെ അടുക്കൽ സൈ്വരമായി താമസിക്കാൻ പററുമെങ്കിൽ, 'മലയാളം' ഒട്ടൊക്കെ മുന്നോട്ടു നീങ്ങും.

'അനൃപസിംഹഗുണാവതാര'വും അയച്ചു കിട്ടിയിട്ടുണ്ടു്. അതിനു ഞാൻ ശ്ലോകരൂപമായ ഒരനുമോദനം ശ്രീ മാധവകൃഷ്ണശർമ്മാവിന്നയച്ചു.

നാലപ്പാടിൻെറ ഒരു സനിർബന്ധമായ ക്ഷണം 10 സംവത്സരങ്ങൾക്കിടയിൽ ഒന്നാമതായി വന്നുചേർന്നിരിക്കുന്നു. അയാളുടെ രണ്ടാമത്തെ മരുമകളുടെ—കവയിത്രിയുടെ അനുജത്തിയുടെ—വിവാഹമാണ്, ഈ ജൂൺ 9-ാം തീയതി. അതിന്ന് എന്തായാലും ഞാൻ ചെന്നേ കഴിയൂ പോൽ. വി. എം. നായരും, നാലപ്പാട്ടുണ്ടത്രെ. 10 സംവത്സരമായി, അയാൾ എൻെറ അടുക്കൽ വന്നിട്ടു്; അതിനാൽ കാണാൻ തുലോം ആഗ്രഹമുണ്ടെന്നാണ് അയാളുടെ നിർബന്ധം. ചെല്ലാമെന്നുതന്നെ ഞാൻ മറുപടി അയച്ചു. ഇതൊരപൂർവ്വവിഷയമായിത്തീർന്നതുകൊണ്ടു്, ഈ എഴുത്തിൽ കാണിച്ചുവെന്നേയുള്ളു.

ലക്ഷ്യംകിട്ടിയ വിവരത്തിനും മററും മറുപടിയും ചെക്കും കാത്തിരിക്കുന്നു.

സ്വന്തം
വി. നാരായണമേനോൻ
(*കത്തു് നമ്പർ 94*)

# പരിഭ്രമം

വള്ളത്തോൾ

ചെറുതുരുത്തി
7-6-1944

പ്രിയ സുഹൃത്തേ,

1-ാം തീയതി ബിക്കാനീറിൽ നിന്നയച്ച എഴുത്ത് ഇന്നലെ ഇവിടെ കിട്ടി. മേയ് 21-ാം തീയതി ആബുവിൽ നിന്നയച്ച എഴുത്തിൻെറ മറുപടിയും, 3000 ക.യുടെ കടശീട്ടും മിനിഞ്ഞാന്നു് രജിസ്റ്റർ ചെയ്തയച്ചിട്ടുണ്ടു്.

21-ാം തീയതിയിലത്തെ എഴുത്തും ഈ എഴുത്തും തമ്മിലുള്ള മഹത്തായ അന്തരം എന്നെ തുലോം പരിഭ്രമിപ്പിക്കുന്നു. 21-ാംനുത്തെ എഴുത്തിൽ, താങ്കൾ ജൂലൈമാസത്തോടുകൂടി ബിക്കാനീറിൽ ദിവാനാകുമെ

Digitized By Kerala Sahitya Akademi

ന്നാണല്ലോ എഴുതിയിരിക്കുന്നതു്; 1-ാം തീയതിയിലത്തെ കത്തിലാക ട്ടെ ജോലി ഉപേക്ഷിച്ചേക്കാമെന്നും കാണുന്നു! ഈ 10 ദിവസങ്ങൾകൊ ണ്ടു് കാര്യം ഇത്ര വ്യത്യസ്തമായിത്തീർന്നതെങ്ങനെ?

പണം സെപ്റ്റംബർ മാസത്തിലെ ഉണ്ടാകുകയുള്ളു എന്നതും എന്നെ സംഭ്രാന്തനാക്കുന്നുണ്ടു്. താങ്കളുടെ 1000 ക. ചെക്കു് വരുമല്ലോ എന്നു കരു തി ഞാനൊരാളോടു് 900 ക. തല്ക്കാല വായ്പയായി വാങ്ങിയിരിക്കു ന്നു; അതു രണ്ടാഴ്ചയ്ക്കുള്ളിൽ തിരികെ കൊടുക്കാമെന്നാണു്, വാക്കാൽ നി ശ്ചയം. വാഗ്ദാനം ലംഘിച്ചാൽ അപമാനത്തിനും പുറമെ നഷ്ടംകൂടി പററിയേക്കും. അതിനാൽ 1000 ക. എങ്കിലും മടക്കത്തപാലിൽതന്നെ സദയം അയച്ചു്, എന്നെ സഹായിച്ചേ തീരൂ, എന്നപേക്ഷ. ബാക്കി 1000 സെപ്റ്റംബറിൽ തന്നാൽ മതി എന്നു യഥാകഥഞ്ചിൽ സമ്മതിക്കാം.

മഴയെ പേടിച്ചു് മരാമത്തിൽ ദ്രുതഗതി എടുക്കുകയാണിപ്പോൾ, അ തിനാലാണു്, കണ്ണടച്ചു കടം വാങ്ങുകകൂടി ചെയ്യുപോരുന്നതു്. കടംവാ ങ്ങുക എന്നതു് എൻെറ ആയുഷ്കാലത്തിലിപ്പോൾമാത്രമെ ഉണ്ടായിട്ടുള്ളു.

എങ്ങനെയെങ്കിലും 1000 ക. യുടെ ഒരു ചെക്കു് ഏററവും വേഗത്തി ലിങ്ങോട്ടയയ്ക്കുന്നതിൽ താങ്കൾ ശ്രദ്ധിക്കുകതന്നെവേണം. വേറെ യാതൊ രു പോംവഴിയുമില്ല.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു്നമ്പർ 95)*

# സ്വന്തം രചനാരീതിയെപ്പററി

വള്ളത്തോൾ

ചെറുതുരുത്തി
31-7-1944

പ്രിയ സുഹൃത്തെ,

അവിടെനിന്നു് 22-ാം തീയതി അയച്ച മറുപടി 28-ാംതീയതി ഇ വിടെ കിട്ടി. എന്നാൽ ഞാൻ കൊടുങ്ങല്ലൂരിൽ പോയിരുന്നു.

യുദ്ധം 6 മാസംകൊണ്ടു് നിലയ്ക്കുമായിരിക്കാം. എന്നാൽ കലക്കം നീങ്ങി രാജ്യങ്ങൾ തെളിയാൻ മൂന്നു വർഷമെങ്കിലും വേണ്ടിവരില്ലയോ? എങ്ങനെയായാലും, ആറുമാസത്തേക്കുതന്നേയും എൻെറ മരാമത്തു നിർത്തി വെക്കാവുന്നതല്ല. ഞാൻ താമസിക്കുന്ന പൊട്ടവീടു് ഇന്നെങ്കിൽ ഇന്നു് ഒഴിഞ്ഞുകൊടുക്കേണ്ടിയിരിക്കുന്നു. ഇവിടെ നദീസമീപത്തു് വേറെ ഒരൊററ വീടുപോലുമില്ലതാനും, വാടകയ്ക്കു കിട്ടാൻ. ഈ കർക്കടം 30-ാം തീയതിക്കു് (ഇന്നു 16 ആയി) ഈ വീടു് ഒഴിഞ്ഞുകൊടുക്കാമെന്നാണു്, വീട്ടുടമസ്ഥരുടെ കഷ്ടപ്പാടു കണ്ടിട്ടു്, ഞാൻ വാഗ്ദാനം ചെയ്തിട്ടുള്ളതു്. ഇതു നിറവേററാൻ കഴിഞ്ഞില്ലെങ്കിലും കഴിയുന്ന വേഗത്തിൽ വീടു് ഒഴി

Digitized By Kerala Sahitya Akademi

ഞ്ഞുകൊടുക്കാതെ തരമില്ല. അതിനാൽ കഷ്ടപ്പെട്ടും വീട്ടുപണി അവസാനിപ്പിക്കേണ്ടിയിരിക്കുന്നു.

താങ്കൾ സർ സി. പി.ക്കു് ഒരു 'ചുട്ട' കത്തയയ്ക്കുകതന്നെ വേണം. കണ്ടു നിർബ്ബന്ധിക്കുക അടുത്ത അവസരത്തിൽ സാദ്ധ്യമല്ലല്ലോ. താങ്കളുടെ എഴുത്തു നിഷ്പ്രയോജനമായി എങ്കിൽ, പിന്നീടു് നേരിട്ടു കാണുമ്പോൾ മുറുകെ പിടിക്കാം. ഒരു പത്തുനാൾക്കുശേഷം (താങ്കളുടെ എഴുത്തു തിരുവനന്തപുരത്തു് എത്തുമ്പോഴേക്കും) ഞാനും അദ്ദേഹത്തിനു് ഒരപേക്ഷക്കത്തയയ്ക്കാം. താങ്കൾ സനിർബ്ബന്ധമായി എഴുതിയാൽ അദ്ദേഹം നിരസിക്കുകയില്ലെന്നാണു് എന്റെ വിശ്വാസം. എങ്ങനെയായാലും പരീക്ഷിച്ചുനോക്കുകതന്നെ. അമാന്തിക്കുകയോ വൈകിക്കുകയോ ചെയ്യരുതേ.

ബാലചന്ദ്രന്നു് (എന്റെ മകനു്) താങ്കളുടെ (ദിവാൻജിയുടെ) പ്രൈവററു് സെക്രട്ടറിയായിനിന്നു് താങ്കളുടെ പരിശിക്ഷണത്തിൽ ജോലികൾ പരിചയിക്കണമെന്നാണാശ. ഇതു സാദ്ധ്യമോ അല്ലയോ എന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. താങ്കൾക്കൊരു പിഷാരോടി പ്രൈവററു് സിക്രട്ടറിയായിട്ടുണ്ടെന്നു കേട്ടിട്ടുണ്ടു്. എങ്ങനെയായാലും ഇവനെ ഓണം കഴിഞ്ഞാലപ്പോൾ (സെപ്തംബർ 1-ാം തീയതി ആണു് ഓണം) താങ്കളുടെ അടുക്കലേക്കയയ്ക്കട്ടേയോ? അഥവാ ഞാൻ കൊണ്ടുവരട്ടെയോ? സെപ്തംബറിൽ അവിടെ ചൂടോ തണുപ്പോ?രണ്ടുമില്ലാത്ത കാലത്തേ ബിക്കാനീറിൽ വന്നു താമസിപ്പാൻ ഞാൻ ശക്തനാകൂ. 'മലയാളം' ശരിക്കെഴുതി നീങ്ങേണമെങ്കിൽ താങ്കളുമായി കുറെനാൾ ആലോചന നടത്തുകതന്നെ വേണം. ഇതിവൃത്തം ശരിപ്പെട്ടുകഴിഞ്ഞിട്ടില്ല. അതിനാൽ സന്ദർഭങ്ങളും സങ്കല്പിച്ചുകഴിഞ്ഞിട്ടില്ല. ചരിത്രജ്ഞാനമില്ലായ്കയാൽ എനിക്കു വിഷയങ്ങൾ മനസ്സിൽ പതിയാൻ കുറെ വിളംബംപററും. മനസ്സിൽ പതിഞ്ഞല്ലാതെ എഴുതിയാൽ ഹൃദ്യമാകയില്ലല്ലോ. എല്ലാം ഉള്ളിൽ ചേർന്നുകഴിഞ്ഞാൽ, രണ്ടുകൊല്ലങ്ങൾക്കിടയിൽ പുസ്തകം മുഴുമിക്കും. ഇതിന്നുവേണ്ടി മാത്രമാണു് വഴിച്ചെലവിന്നു വകയില്ലെങ്കിലും ഞാൻ ബാലചന്ദ്രനോടുകൂടി അങ്ങോട്ടു വരാൻ ആശിക്കുന്നതു്. താങ്കളുടെ ഉപദേശംപോലെ ചെയ്യാം. ഞാൻ വരികയാണെങ്കിൽ സെപ്തംബറിലാണധികം നല്ലതു്. അതു് അവിടെ സുഖകാലമാണോ എന്നറിഞ്ഞേ പുറപ്പെടുകയുള്ളു.

'രസികരസായനം' ഇവിടെ കിട്ടിയിട്ടില്ല. ബി. വി. ക്കാർ അമാന്തക്കൊടിമരങ്ങളാണല്ലൊ.

ഇനി താങ്കൾ ജൂൺ 30-ാംതീയതി അയച്ച ദീർഘമായ എഴുത്തിന്റെ മറുപടി താഴെ എഴുതട്ടെ.

നാലപ്പാടനോ വി. എം. നായരോ താങ്കളെക്കുറിച്ചു് കല്യാണത്തിൽവെച്ചു് യാതൊന്നും എന്നോടു പറയുകയുണ്ടായില്ല. അവരുടെ വൈതാളികനായ മാരാർ എന്റെയടുക്കൽ വരികതന്നെയും ഉണ്ടായില്ല. മാരാരെക്കൊണ്ടു താങ്കളുടെനേരെ, സന്ദർഭം വല്ലതുമുണ്ടാകുമ്പോഴൊക്കെ, ഒളിയമ്പെയ്യിക്കാൻ നമ്മുടെ ഈ ചിരന്തന മിത്രങ്ങളിരുവരും ശ്രമിക്കുന്നുണ്ടെന്നതിൽ എനിക്കു സംശയമില്ല. മാരാർ എഴുതിയവയിൽ മിക്കതും താങ്കൾ കണ്ടിട്ടുണ്ടാകില്ലല്ലോ; 'കണ്ണുനീർത്തുള്ളി'യുടെ രണ്ടാംപതിപ്പിന്നോ മറെറാ മാരാർ എഴുതിയ മുഖവുരതന്നെയും താങ്കൾ കാണാത്തതല്ലേ? അതിൽ താങ്കളേയും കേശവനേയും എന്നേയും അധിക്ഷേപിക്കുകയും അപഹസിക്കുകയും ഒളിവായി ചെയ്തിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

ചില മാസങ്ങൾക്കു മുമ്പേ തൃശ്ശൂരിൽവച്ച് ഒരനുവാചകസമിതി സമ്മേളിച്ചുവെന്നു ഞാൻ പത്രങ്ങളിൽ വായിച്ചു. അതിൽ പ്രധാന വേഷം... തന്നെയായിരുന്നു. അയാൾ ഇപ്പോൾ മലയാളഭാഷാജ്ഞാനത്തിന്റെ ഒരിററുപോലും തങ്കൽ ഇല്ലെങ്കിലും, സാഹിത്യസമ്മേളനങ്ങളിൽ പ്രാധാന്യം കിട്ടാൻ പണം കൊടുക്കുകയും മററും ചെയ്യുന്നുണ്ടെന്ന് ഊഹിക്കാൻ കാരണങ്ങളുണ്ട്. അതിന്റെ ഒരു വകഭേദമായിരിക്കും താങ്കളെ ആ സമിതിയിൽ ചേക്കാൻ ഉദ്യമിച്ചതു്; എന്നെ ചേക്കാൻ അയാൾ ശ്രമിക്കാഞ്ഞതു് ഞാൻ പണക്കാരനല്ലാത്തതിനാലായിരിക്കും.

ബിക്കാനീർ മഹാരാജാവിന്റെ പ്രധാനമന്ത്രി എന്ന നില താങ്കൾക്കു പ്രിയമല്ലാത്തതെന്തുകൊണ്ടോ? എന്നാൽ അതു കേരളീയക്കു പരക്കെ ആഹ്ലാദപ്രദം മാത്രമല്ല, അഭിമാനകരംകൂടിയാണു്. നമ്മുടെ പത്രങ്ങൾ മിക്കവയും ഈ വത്തമാനം വലിയ അക്ഷരങ്ങളിൽ പ്രസിദ്ധീകരിക്കുകയും താങ്കളെ പ്രശംസിക്കുകയും ചെയ്തിരുന്നു. ഈ പത്രങ്ങളുടെ അഭിപ്രായംതന്നെയാണു് ഈയുള്ളവക്കുമുള്ളതു്. ഇതിൽ താങ്കൾക്കു കൂടുതൽ പ്രശസ്തിയും വിജയവും സിദ്ധിക്കട്ടെ എന്നു ഞങ്ങൾ ജഗദംബാസന്നിധിയിൽ അഭ്യത്ഥിക്കുന്നു. ഡർബാർ കഴിഞ്ഞുവോ? ഞാൻ ബിക്കാനീറിൽ വന്നാൽ മഹാരാജാവിനെ കാണാൻ അനുമതി കിട്ടുമോ? അതോ മൈസൂറിൽ പോയപോലെയാകുമോ?

താങ്കളുടെ 'ബൃഹത് ഭാരതം' ഞാൻ സശ്രദ്ധം വായിച്ചു. വിദ്യാത്ഥികൾക്കും വിദ്വാന്മാക്കും പാഠ്യമാകേണ്ടുന്ന ഒരുൽക്കൃഷ്ടോപന്യാസമാണതു്. തീർച്ചയായും പുസ്തകമാക്കണം. അതിന്നേർപ്പാടു ചെയ്തിട്ടുണ്ടോ?

മുണ്ടശ്ശേരിയുടെ 'മാററൊലി'യെക്കുറിച്ച് ഒരുപന്യാസപരമ്പര കോഴിക്കോട്ടെ 'കേരളപത്രിക'യിൽ (പ്രതിവാര പത്രം) ചേർത്തുവരുന്നുണ്ടു്. ദ്വേഷമോ, അസഭ്യതയോ ഒരേടത്തും സ്ഫുരിച്ചിട്ടില്ലാത്ത ഒരൊന്നാംതരം ഖണ്ഡനവിമർശനമാണതു്. കരുണ, മറിയം എന്നിവയുടെ നിരൂപണം കഴിഞ്ഞു. ഈ ഖണ്ഡനത്തിനു വല്ല മറുപടിയും എഴുതാൻ മുണ്ടശ്ശേരി തെല്ലും ശക്തനാകില്ല. 'മാരുതി' എന്നൊരു കള്ളപ്പേരാണു് ഖണ്ഡനകാരൻ സ്വീകരിച്ചിരിക്കുന്നതു്. ആരെന്നറിഞ്ഞില്ലാ. ആരായാലും ഇത്ര സംസ്കാരവത്തായ ഒരു ഖണ്ഡനം നമ്മുടെ ഇടയിൽ സാധാരണമല്ല തന്നെ.

ദേവകി സംസ്കൃതവ്യാകരണം പഠിക്കുന്നതു് അത്യാവശ്യം. മനോരമത്തമ്പുരാട്ടിയുടെ നാട്ടിൽ ഒരൊററ സ്ത്രീയുണ്ടോ ഇന്നു വ്യകരണജ്ഞയായിട്ടു്? നേരെമറിച്ച് പൊതുവിദ്യാഭ്യാസക്കാരികൾ സംസ്കൃതത്തെ അവഹേളിക്കുകകൂടി ചെയ്യുന്നു. ഈയിടയിൽ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ ഒരു പുസ്തകാഭിപ്രായത്തിൽ 'സംസ്കൃതം പഠിക്കണമെന്നു് ഉപദേശിക്കുന്നവർ ഒരുതരം ചതിയന്മാരാ'ണെന്നു വിധിച്ചിരിക്കുന്നതു കണ്ടു. നമ്മുടെ സാഹിത്യശിരോമണി മാരാർതന്നെയാണു് ആ ഉൽപ്പതിഷ്ണനിരൂപകൻ. ഇയാൾക്കു 'കണ്ണുനീർത്തുള്ളി', 'ചക്രവാളം' മുതലായവ ഉപനിഷത്തുകളെക്കാൾ ഉൽകൃഷ്ടങ്ങളാണത്രെ. ഇതു 'കണ്ണുനീർത്തുള്ളി'യുടെ മുഖവുരയിൽ ഉപന്യസിച്ചിട്ടുണ്ടു്.

ശാകുന്തളം രണ്ടാവത്തി വായിച്ച താങ്കൾക്ക് അതിന്റെ തജ്ജമകളെയെല്ലാം ഒത്തുനോക്കാൻ ഉത്സാഹം തോന്നുന്നുണ്ടോ? ഇല്ലെങ്കിൽ എന്റെ തജ്ജമമാത്രം മൂലത്തോടൊത്തുനോക്കി, ന്യൂനതയുണ്ടെങ്കിൽ പെൻസിൽ കൊണ്ടു വരയിട്ടുവെക്കുന്നതു് എനിക്കു പ്രയോജനകരമാകും.

Digitized By Kerala Sahitya Akademi

ഈയെഴുത്തിൻെറ മറുപടിക്ക് ഒട്ടും വൈകരുതെന്നപേക്ഷ. മറുപടിയിൽ താഴെ കാണിക്കുന്നവ അടങ്ങിയിരിക്കണം.

1. സർ സി. പി.ക്ക താങ്കൾ കത്തയച്ചുവോ?

2. ബാലചന്ദ്രന് ഉദ്യോഗം എന്ത്?

3. ഞങ്ങൾ സെപ്റ്റംബർ 10-ാം തീയതിയോടു കൂടി ബിക്കാനീറിലേക്കു പുറപ്പെടട്ടെയോ?

4. ബാലചന്ദ്രനെ താങ്കളുടെ അടുക്കലൊക്കി തിരികെ പോരാൻ എനിക്കൊരു തുണക്കാരനെ കിട്ടുമോ?

5 ഞാൻ എത്രനാൾ ബിക്കാനീറിൽ താമസിക്കണം?
ഒന്നും വിട്ടുപോകരുത്.

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 96)*

# വടക്കേ ഇന്ത്യയിലേക്ക്

വള്ളത്തോൾ

ചെറുതുരുത്തി
16-8-1944

പ്രിയ സുഹൃത്തെ,

താങ്കൾ 7-ാംതീയതി അയച്ച മറുപടി 12-ാംതീയതി ഇവിടെ കിട്ടി. എന്നാൽ അന്നുതന്നെ ഞാൻ (മരാമത്തിനു പണം തെണ്ടി) കോഴിക്കോട്ടേക്കു പോയതിനാൽ (ഇന്നലെയേ ഇവിടെ തിരിച്ചെത്തിയുള്ളു) മറുപടിക്കിത്രയും വൈകിപ്പോയി.

ഞാൻ മകനോടുകൂടി സെപ്റ്റംബർ 4-ാംതീയതി ഇവിടെനിന്നും പുറപ്പെടാനാണ് നിശ്ചയിച്ചതു; എന്നാൽ 8-ാംതീയതിയോ 9-ാംതീയതിയോ ബോംബെയിൽ എത്തിച്ചേരാമല്ലോ. 4-ാംതീയതി കഴിഞ്ഞാൽ, യാത്രയ്ക്കു ശുഭദിവസം കുറെനാളേക്കുണ്ടാകില്ല എന്നു മിസ്സിസ് വള്ളത്തോളും മററും പറയുന്നതുകൊണ്ടാണ് 4-ാംതീയതിതന്നെ പുറപ്പെടാനുറച്ചതു്. ഇതിനിടയിൽ മൂന്നാഴ്ചവട്ടംതന്നെ തികച്ചില്ല. ഇവിടെ ശരിപ്പെടുത്തേണ്ടുന്ന കാര്യങ്ങളോ, നൂറുനൂറ്! മരാമത്തിന്നു മാത്രമല്ല, നിത്യച്ചെലവിന്നുകൂടിയുമുള്ള വക, ഞാൻ തിരിച്ചു വരുന്നവരേക്ക്, തെയ്യാറായാലേ, ഇവിടെനിന്നും ഭാണ്ഡംകെട്ടുവാൻ തരമുള്ളു. വിദേശഭാഷ അറിയുന്ന ഒരു ഭൃത്യനെ കിട്ടുക എളുപ്പമല്ല; അന്വേഷിച്ചുനോക്കാമെന്നേയുള്ളു.

നമ്മുടെ എം. കെ. രാജാവും എൻെറ മകനെന്നപോലെതന്നെ, താങ്കളുടെ സദയമായ ഒത്താശയാൽ 300 ക. യോ 250 ക. യെങ്കിലുമോ ശമ്പളമുള്ള ഒരു സ്ഥിരമായ ഉദ്യോഗം ലഭിപ്പാൻ അത്യന്തം ആഗ്രഹിക്കുന്നുണ്ട്. ഈ യുവാവ് നമ്മുടെ മുകുന്ദരാജാവിൻെറ ഭാഗിനേയനും, ബി. എ. എൽ.

Digitized By Kerala Sahitya Akademi

എൽ. ബി. യും ഇപ്പോൾ മാതൃഭൂമിയുടെ എഡിററുമാണെന്നു താങ്കൾ ഓർക്കുന്നുണ്ടാകാം. ഇംഗ്ലീഷിലും മലയാളത്തിലും നല്ല പാണ്ഡിത്യമുണ്ട്. ഇദ്ദേഹമാണ്, എൻെറ കുറെ കവിത ഇംഗ്ലീഷിൽ സംക്രമിപ്പിച്ചതു്. അതു താങ്കൾ വായിച്ചു, നല്ല അഭിപ്രായം പറയുകയുണ്ടായി. എന്റെ വിദേശപര്യടനങ്ങളിൽ ഒന്നിലേറെത്തവണ ഇദ്ദേഹമായിരുന്നു, എൻെറ സിക്രട്ടറി; സുശീലനും മിടുക്കനുമാണ്. ഒരു ജോലി എന്തെങ്കിലും ഈ കുട്ടിക്കു കൊടുപ്പിച്ചുകൂടയോ? ഞാൻ കൂടെ കൊണ്ടുവരട്ടെയോ? ഇതിനെപ്പററിയുള്ള തീരുമാനം മറുപടിയിൽ കാണിപ്പാൻ മറക്കരുതേ!

ആറാഴ്ചവട്ടമല്ല, ആറുമാസംതന്നെ താങ്കളുടെ അടുക്കൽ താമസിക്കുക എനിക്കു രസകരം മാത്രമല്ല, ഗുണകരംകൂടിയാണ്; എന്നാൽ 'പ്രാരബ്ധ' ക്കാരനായ എനിക്കു് അതു സാദ്ധ്യമാകുമോ, ആവോ? അതെന്തായാലും, സെപ്റ്റംബർ 4-ാംതീയതി ഞങ്ങൾ ഷൊർണ്ണൂരിൽനിന്നു തീവണ്ടി കേറും.

എം. കെ. രാജാവിൻെറ കാര്യത്തിനുള്ള മറുപടി, വിശേഷിച്ചും, കാക്കുന്നു. ഇദ്ദേഹം ചില കവിതകൾകൂടി ഇംഗ്ലീഷിൽ തർജ്ജമ ചെയ്യുന്നുണ്ട്. ഹിന്ദിയിൽ തർജ്ജമചെയ്യിക്കുന്നുമുണ്ട്. അവ താങ്കളെ കാണപ്പാനുംമററുമായി ഞങ്ങൾ കൊണ്ടുവരാം.

മുണ്ടശ്ശേരിയുടെ 'മാറെറാലി'യെ ഖണ്ഡിച്ച ഒരുപന്യാസം പുസ്തകാത്മനാ പുറത്തായിട്ടുണ്ട്; ഞാൻ കണ്ടില്ല. മറെറാരു ഖണ്ഡനം (കേരളപത്രികയിൽ ചേർത്തുവരുന്നതു്) കൂടി ഉടനെ പുസ്തകമാകുമെന്നറിയുന്നു.

ഞങ്ങളുടെ യാത്ര ഡൽഹിവഴിക്കല്ലയോ നല്ലതു്? ഡൽഹിയിൽനിന്നു ബിക്കാനീറിലേക്കു് ഏതേതു സമയത്തൊക്കെയാണു തീവണ്ടി പുറപ്പെടുക? ബോംബവഴി കൂടുതൽ ക്ലേശകരമല്ലയോ? സർ സി. പി.ക്കു താങ്കൾ കത്തയച്ചുകഴിഞ്ഞിരിക്കുമല്ലോ. ഞാനും ഇന്നെഴുതുന്നുണ്ട്.

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 97)*

# അറിവു പോരാ

വള്ളത്തോൾ

ചെറുതുരുത്തി
2-9-1944

പ്രിയ സുഹൃത്തെ,

താങ്കൾ ആഗസ്റ്റ് 30-ാംതീയതി ബോംബയിൽനിന്നയച്ച എഴുത്ത് ഇന്നിവിടെ കിട്ടി.

ഞാൻ മകനോടുകൂടി മററന്നാൾ (4-ാംതീയതി തിങ്കളാഴ്ച) ആണ് ബിക്കാനീറിലേക്കു പുറപ്പെടുന്നതു്. 5-ാംതീയതി മദിരാശിയിൽ താമസിക്കും. 6-ാംതീയതി അവിടെനിന്നു ഡൽഹിക്കു വണ്ടികേറും.

Digitized By Kerala Sahitya Akademi

എന്നാൽ, 9-ാംതീയതിയോ 10-ാംതീയതിയോ ബിക്കാനീറിൽ എത്തിച്ചേരാമല്ലൊ.

ഞാൻ ഇവിടെനിന്നും പുറപ്പെടുക സെപ്തംബർ 4-ാംതീയതി ആണെന്ന വിവരം കാണിക്കുന്ന ഒരെഴുത്ത് താങ്കൾക്കു രണ്ടാഴ്ചയ്ക്കു മുമ്പേ അയച്ചിരുന്നു; അതു താങ്കൾക്കു കിട്ടാഞ്ഞതെന്തുകൊണ്ടാണെന്നറിഞ്ഞില്ല.

ഞങ്ങൾ ബിക്കാനീറിൽ ഏതു തീയതിക്കെത്തുമെന്ന തീർച്ചപറയാൻ എനിക്കറിവു പോരാ. മദിരാശിയിൽ ചെന്ന് അന്വേഷിച്ചറിഞ്ഞതിനുശേഷം ഒരു കമ്പി താങ്കൾക്കയച്ചുകൊള്ളാം.

ബാക്കിയൊക്കെ മുഖദാവിൽ.

സ്വന്തം
വള്ളത്തോൾ
(*കത്ത് നമ്പർ 98*)

# ബർത്ത് റിസർവേഷൻ

വള്ളത്തോൾ

മദിരാശി
5-9-1944

പ്രിയ സുഹൃത്തെ,

ഞാൻ ചെറുതുരുത്തിയിൽനിന്നയച്ച എഴുത്ത് കിട്ടിയിരിക്കുമല്ലൊ. അതിന്മണ്ണംതന്നെ ഞങ്ങൾ ഇന്നലെ പോന്നു. ഇവിടെനിന്നു ഡൽഹിക്കു 9-ാംതീയതിയേ ബർത്ത് റിസർവ്വ്ചെയ്തു കിട്ടുകയുള്ളൂ. അതിനാൽ അന്നു മതി ഡൽഹിക്കു പുറപ്പെടുക എന്നു നിശ്ചയിക്കേണ്ടിവന്നു. അതുവരെ ഇവിടെ താമസിക്കും.

ഞങ്ങൾ 11-ാംതീയതി ഡൽഹിയിൽ എത്തിച്ചേരുമല്ലൊ. ആ വിവരം കാണിച്ച് താങ്കളുടെ ജാമാതാവായ ഒ. രാഘവൻപിള്ളയ്ക്കു് ഒരെഴുത്ത് നമ്മുടെ ഡാക്ടർ കുഞ്ഞൻരാജാവ് ഉപദേശിച്ചതിന്മണ്ണം, അയയ്ക്കുന്നുണ്ട്. ശ്രീ. രാഘവൻപിള്ളയുടെ മേൽവിലാസം എനിക്കറിഞ്ഞുകൂടാ; കുഞ്ഞൻരാജാവും ഇതിൽ അജ്ഞൻതന്നെ. അതിനാൽ മറ്റൊരാൾവഴിക്കാണ് രാഘവൻപിള്ളയ്ക്കുള്ള കത്തയയ്ക്കുന്നതു്.

നമുക്കു ഡൽഹിയിൽവച്ച് കൂടിച്ചേരാം. താങ്കൾ 13-ാംതീയതിക്ക് ഡൽഹിയിൽ എത്തുമല്ലൊ.

സ്വന്തം
വള്ളത്തോൾ
(*കത്ത് നമ്പർ 99*)

Digitized By Kerala Sahitya Akademi

# പുത്രവാൽസല്യം

വള്ളത്തോൾ

മദിരാശി
25-10-1944

പ്രിയ സുഹൃത്തെ,

ആഗ്രായിൽവച്ച് ഒരു വടക്കേ മലയാളി യുവാവ്—മിലിട്ടറി വകുപ്പിൽ ഒരുദ്യോഗസ്ഥൻ—വന്നു ചേൻന്നതിനാലും, അയാൾ എന്നെ വണ്ടിയിൽ ഒരു ശിഷ്യൻ എന്നപോലെ പരിചരിച്ചുപോന്നതുകൊണ്ടും, ആൾത്തിക്കില്ലാത്തതുകൊണ്ടും ഞാൻ സുഖമാംവണ്ണം ഇന്നലെ സന്ധ്യയ്ക്ക് ഇവിടെ എത്തിച്ചേൻ്നു; ഇന്നു വൈകുന്നേരം മലബാറിലേക്കു വണ്ടികേറും.

ഇന്നലെ ബാലചന്ദ്രൻെറ ഒരു കമ്പി ഇവിടെ കിട്ടിയിട്ടുണ്ട്, ആഫീസറെ നേരിട്ടു കാണാൻ താങ്കൾ ഏല്പിച്ചിരിക്കുന്നു എന്ന് അതിൽനിന്നറിഞ്ഞു. അവൻ ആഫീസറെ ചെന്നു കണ്ടു എന്നും, അയാൾ അവനെ സ്വീകരിക്കുമെന്നും ഞാൻ ആശിക്കുന്നു. ഈ വഴി തുറന്നുകിട്ടാത്തപക്ഷം, അതിവേഗത്തിൽ വേറെ വഴി തുറപ്പിക്കാൻ താങ്കൾ ശ്രദ്ധിക്കണമെന്നു ഞാൻ വീണ്ടും അപേക്ഷിക്കുന്നതു് പിഷ്ടപേഷണമാണെന്ന് ഓക്കായ്കയില്ല; പുത്രവാത്സല്യാതിരേകത്താൽ അതുചെയ്യുന്നു എന്നേയുള്ളു. സവ്വഥാ അവനെ—ജീവിതത്തിൽ കാൽവെക്കാൻ തുടങ്ങുന്ന കുട്ടിയെ—സ്വന്തം കുട്ടിയായിത്തന്നെ കരുതാൻ താങ്കൾക്കു ദയയുണ്ടായിക്കഴിഞ്ഞിട്ടുണ്ടല്ലൊ. ഡൽഹിയിൽ 'വിററുണ്ടു' താമസിക്കുക കൂടാതെ കഴിക്കണം.

ഇന്നലെ ഇവിടെ എത്തുന്നതിന്നു മുമ്പുതന്നെ 'കർപ്പൂരചരിത'ത്തിലെ ശ്ലോകങ്ങൾ തജ്ജമ ചെയ്തു കഴിഞ്ഞു; എഴുതിയിട്ടില്ലായ്കയാൽ മറന്നുപോയേക്കുമെന്നു ഭയം! വത്സരാജകൃതികളൊക്കെത്തന്നെ കൈരളിക്കു കൈവരേണ്ടതാണെന്ന് എനിക്കു തോന്നുന്നു.

'ബാലഭൂപതി' മാതൃശ്രാദ്ധത്തിന്നോ മറേറാ സ്വഗൃഹത്തിൽ പോയിരിക്കയാണ്.

സിമൻറിനെ സംബന്ധിച്ച കമ്പി അന്നു താങ്കളുടെ കയ്യിൽ തന്നിട്ടുണ്ടല്ലോ. അതിലെ വിവരം കമ്പിവഴിയായിത്തന്നെ ബോംബയിൽ അറിയിച്ചു. സിമൻറിനുള്ള പെർമിററ് ഉടൻ കിട്ടുമാറാക്കാൻ മറക്കരുതു്.

ബാലചന്ദ്രനെ സംബന്ധിച്ച പൂണ്ണ വിവരത്തിനും മററും ഉടൻ മറുപടി ചെറുതുരുത്തിക്കയയ്ക്കുമല്ലോ.

ശ്രീ. ഗൗരിയമ്മയോടു് എൻെറ വന്ദനം പറയണം. ഡാക്ടർമാരെ കണ്ടാൽ അവരോടും വിശിഷ്യ രാമയ്യരോടും.

സ്വന്തം
വള്ളത്തോൾ

P.S. ബാലചന്ദ്രനു ജോലി ഡൽഹിയിൽത്തന്നെയാകുമെങ്കിൽ ഒരു ചെറിയ വാടകവീടും ഏപ്പാടുചെയ്യിച്ചു കൊടുക്കണം. നാലഞ്ചുപേർകൂടി താമസിച്ചു കൊള്ളട്ടെ.

*(കത്തു് നമ്പർ 100)*



Digitized By Kerala Sahitya Akademi

# ഇംഗ്ലീഷ് തർജമകൾ

വള്ളത്തോാം

ചെറുതുരുത്തി
28-12-1944

പ്രിയ സുഹൃത്തെ,

ആ ഇംഗ്ലീഷ് തജ്ജമ വണ്ടിയിൽവെച്ചുതന്നെ താങ്കാം വായിച്ചിരിക്കുമെന്നു ഞാൻ ഊഹിക്കുന്നു. തജ്ജമയെപ്പററി താങ്കളുടെ നിവ്വ്യാജമായ അഭിപ്രായം അറിയാനും ഉപദേശം കിട്ടാനും വിവത്തകൻ—സി. ആർ. മേനോൻ —അഭിലഷിക്കുന്നു. ഇദ്ദേഹം എൻെറ ആയൌവനസുഹൃത്തായ ഒരു കലീനനാണ്. ജീവിതത്തിൻെറ വലിയൊരു ഭാഗം സിങ്കപ്പുരിൽ കഴിച്ചതുകൊണ്ട് സ്വഭാഷാവ്യുൽപത്തി കുറെ കുറയുമെന്നു തോന്നുന്നു. നേരെ മറിച്ച് ഇംഗ്ലീഷിൽ നല്ല പാണ്ഡിത്യവും, വളരെ വളരെ ഉൽകൃഷ്ടപുസ്തകങ്ങളുമായി പരിചയവുമുണ്ട്. അതിനാൽ തജ്ജമ ഒട്ടുമുക്കാലും നന്നായിരിക്കുമെന്നുതന്നെ ഞാൻ വിചാരിക്കുന്നു. അന്നു താങ്കാംക്കു തന്ന പുസ്തകത്തിലുള്ളവയ്ക്കു പുറമേ 7 കൃതികാംകൂടി രാമൻമേനോൻ തജ്ജമ ചെയ്തിട്ടുണ്ട്. മുമ്പു തന്ന 18 കൃതികാം വീണ്ടും പരിശോധിച്ചു തിരുത്തിവരുന്നുമുണ്ട്. എല്ലാംകൂടി 25 എണ്ണം അടുത്ത അവസരത്തിൽത്തന്നെ ടൈപ്പുചെയ്തു താങ്കാംക്കയച്ചുതരാം. ഈ 25-ൽനിന്നു താങ്കാംക്കു തികച്ചും തൃപ്തിപ്പെട്ടവ തിരഞ്ഞെടുക്കുക, ഡാക്ടർ കസിൻസിനെക്കൊണ്ടല്ലെങ്കിൽ ലണ്ടനിലെ ഒരു പ്രസിദ്ധസാഹിത്യകാരനെക്കൊണ്ടു മുഖവുര എഴുതിക്കുക, ലണ്ടനിൽ പ്രസിദ്ധീകരിപ്പാൻ തക്ക ഏർപ്പാടു ചെയ്യുക—ഇതൊക്കെ താങ്കളുടെ ഭാരമാണ്. പ്രസിദ്ധീകരണക്കാരുമായി യഥോചിതം കരാർ ചെയ്യുവാനും താങ്കാംക്കധികാരമുണ്ട് എന്നു വിശേഷാൽ പറയേണ്ടതില്ലല്ലോ. താങ്കാം തീച്ചപ്പെടുത്തുന്നതൊക്കെ ഞങ്ങാംക്കു സമ്മതമാണ്.

ഇതേവിധം മശലനമറിയം തജ്ജമചെയ്യാനും രാമന്മേനോൻ ഒരുങ്ങിയിട്ടുണ്ട്. ഇദ്ദേഹം ഡാക്ടർ കസിൻസിനും പരിചിതനാണ്.

ഇതിൻെറ പൂണ്ണ മറുപടി പ്രഥമസൗകര്യത്തിൽത്തന്നെ അയപ്പാൻ അമാന്തിക്കില്ലല്ലോ.

സ്വന്തം
വള്ളത്തോാം

P. S. ബാലന്നു ചെലവിന്നു പണം പോരാഞ്ഞിട്ട്, അവൻ ആവലാതി കുറേശ്ശെ പറയുന്നില്ലെന്നില്ല; ആവശ്യപ്പെട്ടു എങ്കിൽ താങ്കാം വല്ലതും കൊടുത്തേക്കണേ.

*(കത്ത് നമ്പർ 101)*

Digitized By Kerala Sahitya Akademi

# വൽസരാജകാവ്യം

വള്ളത്തോൾ

ചെറുതുരുത്തി
14-1-1945

പ്രിയ സുഹൃത്തേ,

താങ്കളെ മംഗളപത്രാദികൾകൊണ്ടു് യഥാശക്തി മാനിച്ച കോൺപൂർ മലയാളികളുടെ ഉചിതജ്ഞത എന്നെ സന്തോഷിപ്പിച്ചു.

ഇതിന്നുമുമ്പു് ഞാനയച്ച എഴുത്തിന്നു താങ്കൾ മറുപടി അയച്ചിട്ടില്ല. 23 കവിതകളുടെ ഇംഗ്ലീഷ്തർജ്ജമ, തർജ്ജമക്കാരൻ സി. ആർ. മേനോൻ അയച്ചതു താങ്കൾക്കു കിട്ടിയില്ലയോ. തർജ്ജമയെപ്പററി എന്താണു താങ്കളുടെ അഭിപ്രായം? ഇതു് ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിപ്പിച്ചുകൂടയോ?

ഞാൻ തർജ്ജമചെയ്ത വത്സരാജകൃതിയായ ഹാസ്യചൂഡാമണി പ്രഹസനം 'കപടകേളി' എന്ന പേരോടെ അച്ചടിപ്പാൻ തുടങ്ങിയിരിക്കുന്നു. അച്ചടികഴിഞ്ഞാൽ ഒരു കോപ്പി തുന്നിക്കെട്ടി താങ്കൾക്കയയ്ക്കാം. ഒരു സപ്രസ്പർശിയായ മുഖവുര താങ്കൾ സദയം എഴുതിത്തരണം. ആ വത്സരാജനെ മലയാളികൾ മനസ്സിലാക്കാൻ തികച്ചും ഉതകുന്നതായിരിക്കണം. അദ്ദേഹത്തിൻെറ കാവ്യങ്ങൾക്കുള്ള പ്രൗഢതയും, കഥാബന്ധചാതുര്യവും മററും അസാമാന്യമാണെന്നു് എനിക്കു തോന്നുന്നു. ഫലിതത്തിലാകട്ടെ, അദ്ദേഹം സംസ്കൃതകവികളിൽ മിക്കവെരേയും അതിശയിച്ചു വർത്തിക്കുന്നു. തർജ്ജമയെപ്പററി മുഖവുരയിൽ വിശേഷിച്ചൊന്നും പറയേണമെന്നില്ല;എന്നാൽ താങ്കളുടെ പ്രേരണയാലാണു് ഞാൻ തർജ്ജമ ചെയ്തതെന്നു വെളിപ്പെടുത്തണം. അച്ചടിക്കോപ്പി അഞ്ചാറുനാൾക്കുള്ളിൽ അയയ്ക്കാം. മൂലപുസ്തകവും അതോടൊപ്പം അയയ്ക്കാം.അതിലുള്ള ഇംഗ്ലീഷ് മുഖവുര താങ്കൾക്കു സഹായമായേക്കുമല്ലോ.

ബാലൻ രണ്ടു മാസമായല്ലോ ബാങ്കിൽ പരിശീലിക്കുന്നു; ശരിയായ ശമ്പളം കിട്ടാൻ ഇനിയും പരിശീലിക്കേണ്ടിവരുമോ? ഈയാണ്ടിൽ ഡൽഹിയിലും മററും പതിവിലധികമായ തണുപ്പുണ്ടെന്നും, സാധാരണർ കഷ്ടപ്പെടുന്നുണ്ടെന്നും പത്രങ്ങളിൽ കാണുന്നുണ്ടു്; ബാലൻെറ സ്ഥിതി എന്തെന്നറിയുന്നില്ല. കുറെ ദിവസമായി അവൻെറ എഴുത്തു കിട്ടിയിട്ടു്. ഇവിടങ്ങളിലും കൂടുതൽ തണുപ്പുണ്ടു്.

എൻെറ ജാമാതാവിനെ അയാളുടെ ജ്യേഷ്ഠന്മാരും ജ്യേഷ്ഠപത്നിയും ഉദ്യോഗത്തിൽ ചേരാൻ വല്ലാതെ നിർബന്ധിച്ചു തുടങ്ങിയിരിക്കുന്നു. ഒടുവിൽ അയാൾ ഗവണ്മെണ്ടു വകയല്ലാത്ത ഉദ്യോഗം കിട്ടിയാൽ സ്വീകരിക്കാമെന്നു സമ്മതിച്ചു് അവരെ ആശ്വസിപ്പിച്ചിരിക്കയാണു്.ബിക്കാനീറിൽ സ്ഥാപിക്കാൻ പോകുന്ന ബാങ്കിൽ പരിശീലനത്തിന്നെടുത്തു് അയാൾക്കൊരു ജോലി ഉണ്ടാക്കിക്കൊടുക്കാൻ താങ്കൾ ശ്രദ്ധിക്കേണമെന്നപേക്ഷ; മററു ബാങ്കുകളിലൊന്നിലായാലും മതി. ശമ്പളം, ഭാര്യയോടൊപ്പം കഴിഞ്ഞുകൂടാനുണ്ടാകണമെന്നു മാത്രം. ഇതിനെ സംബന്ധിച്ച തീർച്ച വിവരം മറുപടിയിൽ കാണിക്കുമല്ലൊ.

Digitized By Kerala Sahitya Akademi

സർ സി. പി. ക്കു ഞാൻ വീണ്ടും എഴുതത്തയച്ചു. പട്ടർ മറുപടിയേ തന്നില്ല! വല്ലതും കിട്ടേണമെങ്കിൽ താങ്കൾ നേരിട്ടു കാണുകതന്നെ വേണ്ടിവരും. അതു് അടുത്ത അവസരത്തിൽ ഉണ്ടാകുന്നതുമല്ലല്ലൊ.

എനിക്കിവിടെ ഇരിക്കപ്പൊറുതി ഇല്ലാതായിരിക്കുന്നു. സിമൻറു കിട്ടാഞ്ഞതിനാലും മററും മരാമത്തു മുഴമിച്ചിട്ടില്ല. ഇരുപതിനായിരത്തോളം ഉറുപ്പിക ചിലവായിക്കഴിഞ്ഞു! എന്നാൽ ഒരു മൂവ്വായിരം ഉറുപ്പിക തല്ക്കാലം കയ്യിൽ കിട്ടിയാൽ ഒരഞ്ചാറു മാസത്തേക്കു (ചില്ലറ കടമെല്ലാം തീർത്തു്) സ്വാസ്ഥ്യം നേടുകയും 'മലയാള'മെഴുത്തു മുടങ്ങാതെ തുടരുകയും ചെയ്യാം. ഇതിനാലാണു 2000 ക. കൂടി തരുവാൻ താങ്കളെ ഞാൻ അന്നു തീവണ്ടിയിൽവച്ചു ശല്യപ്പെടുത്തിയതു്. അന്നു പറഞ്ഞതു് താങ്കളുടെ കയ്യിൽ ഉറുപ്പിക ഇല്ലെന്നാണല്ലൊ. അവിടെ കഷ്ടിയാണെങ്കിൽ 1000 ക. യുടെയെങ്കിലും ഒരു ചെക്കു് സദയം അയച്ചു് എന്നെ ഒരിക്കൽകൂടി സഹായിക്കുക. ഉദാസീനനാകരുതേ.

ഞാൻ ഇതിനു മുമ്പയച്ച എഴുത്തിൽ ശ്രീ. ഗൗരിയമ്മയ്ക്കു് ഒരു കുറിപ്പു വെച്ചിരുന്നു. അതിൻെറ മറുപടി അറിയാൻ വലിയ തിടുക്കമുണ്ടു്. ആ അടുക്കപാത്രം കിട്ടാഞ്ഞതിനാൽ സാധുവായ ഹോട്ടൽപട്ടർക്കു സങ്കടമുണ്ടു്.

മറുപടിയിൽ എല്ലാ സംഗതികളും ഉൾപ്പെടുത്തണേ! ഈ എഴുത്തും മുൻ എഴുത്തും അടുക്കൽ വച്ചുവേണം മറുപടി എഴുതുക; അല്ലാഞ്ഞാൽ സംഗതികൾ വിട്ടുപോകുമെന്നു് അനുഭവംകൊണ്ടെനിക്കറിയാം.

സ്വന്തം
വള്ളത്തോൾ
(*കത്തു്നമ്പർ 102*)

# പാർപ്പിടം തീർന്നു, ഗ്രഹപ്പിഴ തുടർന്നു

വള്ളത്തോൾ

ചെറുതുരുത്തി
5-4-1945

പ്രിയ സുഹൃത്തെ,

താങ്കൾ യഥാനിശ്ചയം മാർച്ചൊടുവിൽ തിരിച്ചെത്തിയിരിക്കുമെന്നൂഹിച്ചാണു് ഞാൻ ഈ എഴുത്തു് എഴുതുന്നതു്. താങ്കളുടെ യാത്ര നിർബാധമായിരുന്നു എന്നും, ലണ്ടനിൽ താങ്കളുടെ മകൻ കുശലിതന്നെ എന്നും വിശ്വസിക്കുന്നു. താങ്കൾ 'മാഞ്ചസ്റ്റർ ഗാർഡിയ'നിൽ ഒരു പ്രൗഢോപന്യാസം എഴുതിയിരുന്നു എന്നു തിരുവിതാംകൂർപത്രങ്ങളിൽ കണ്ടു.

ഞാൻ പണം കടം വാങ്ങി, വാങ്ങി, ഒരെളിയ പാർപ്പിടം ഉണ്ടാക്കിത്തീർന്നപ്പോഴേക്കും, അതിൽ താമസിക്കുന്നവർ മിക്കപേരും അസ്വസ്ഥശരീരരായിത്തീർന്നിരിക്കുന്നു. എനിക്കു് നാലോളം മാസമായി പലപല

Digitized By Kerala Sahitya Akademi

സുഖക്കേടുകൾ ഉണ്ടായി വരുന്നുണ്ടു്, ആദ്യം എന്റെ ജലദോഷം മൂർച്ഛിച്ചു. ഇപ്പോൾ പ്രധാനമായുള്ളതു ചൊറിചിരങ്ങാണു്. ഇതു് ഇവിടങ്ങളിൽ ഒരു പകർച്ചവ്യാധിപോലെ പടർന്നുപിടിച്ചിട്ടുണ്ടു്. കൈകാലുകളിലാണു് അധികം ചൊറിചിരങ്ങു്. കളിപ്പിക്കാൻ ആൾ വേണം. ഊണിന്നു സഹായം വേണം. പോരാത്തതിന്നു വലംകൈമേൽ ഒരു വേദനയും. അതു് നീരിറക്കംതന്നെയോ, വാതവികാരമോ എന്നു തീർച്ചവന്നിട്ടില്ല. വാതമെന്നു വന്നാൽ ഭാഗ്യം! കൈകൊണ്ടു് എഴുതുക സുകരമല്ല; ഈ എഴുത്തെഴുതുന്നതു പണിപ്പെട്ടാണു്. പത്രങ്ങളല്ലാതെ മറെറാന്നും വായിക്കാറില്ല; വായിക്കാൻ തുടങ്ങിയാൽ ഉറക്കം—ഒരുതരം മയക്കം—വരും. അപ്പോൾ കിടക്കും. മിക്കപ്പോഴും കിടക്കുകയാണെന്നു പറയാം. ആകപ്പാടെ ഒരലസജീവിതം! കഴിഞ്ഞ മകരംമുതൽ ഒന്നരകൊല്ലത്തേക്കുണ്ടത്രേ, എന്റെ കാലദോഷം; ഇതു് എന്നെ എത്രത്തോളം അവശനാക്കുമോ, ആവോ? ഇതിന്നിടയിൽ കഴിഞ്ഞ മാർച്ചു് 20-ാം തീയതി എന്റെ ഭാര്യയുടെ ഷഷ്ടിപൂർത്തിയും കഴിച്ചുകൂട്ടി. ഭാര്യ അറുപതുവയസ്സുകാരിയാകുന്നതു് അത്ര സന്തോഷകരമല്ലല്ലോ. ആ അസന്തോഷത്തിന്റെ നിവൃത്തിക്കായി, അന്നു രാത്രിയിൽ ഒരു കഥകളി നടത്തി.

വത്സരാജപ്രഹസനത്തിന്റെ തർജ്ജമ അച്ചടിച്ചതിന്റെ ഒരു കോപ്പി ഞാൻ താങ്കൾക്കയച്ചിരുന്നു. അതു് താങ്കളുടെ ഇംഗ്ലണ്ടു്യാത്രയ്ക്കു മുമ്പു കിട്ടിയില്ലയോ?, ഭാണം, ആശിണീഹരണം എന്നിവയുടേയും ഒന്നാം പതിപ്പു് മംഗളോദയക്കാൎക്കു കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. മുഖവുര എഴുതാൻ അനന്തനാരായണശാസ്ത്രികളെ ഏല്പിച്ചിരിക്കുകയാണു്. താങ്കളുടെ കാവ്യം 'ടാഗോർ'മാസികയിൽ ചേർത്തു തുടങ്ങിയിരിക്കുന്നതു കണ്ടു.

ബിക്കാനീറിൽ ബാങ്കു് തുറന്നുവോ? ബാലനെ അതിലേക്കെടുക്കുകയോ, ഭാരതബാങ്കിൽത്തന്നെ തക്ക ശമ്പളത്തിൽ നിർത്തിക്കുകയോ ചെയ്‌വാൻ വൈകില്ലെന്നാശിക്കുന്നു. അവന്നു് ഇപ്പോൾ 100 ക. വീതമേ കിട്ടുന്നുള്ളു. ഇത്രയുംകൊണ്ടു് ന്യൂഡൽഹിയിൽ ചിലവു നടക്കുകയില്ലല്ലോ. കുറെ ഉറുപ്പിക ഞാൻ ഇവിടെനിന്നു വീണ്ടും അയച്ചുകൊടുക്കേണ്ടിവന്നു.

എന്റെ ജാമാതാവായ വി. ടി ഇന്ദുചൂഡമേനോനേയും ബിക്കാനീർ ബാങ്കിലേക്കെടുത്താൽ നന്നു്. ഇയാൾ ബി. എസ്സിക്കാരനാണു്. ഗവൺമേണ്ടുദ്യോഗത്തിന്നു പോവുകയേ ഇല്ല; വീട്ടുകാരുടെ നിർബന്ധത്താലാണു്, സർക്കാർവകയല്ലാത്ത വല്ല ഉദ്യോഗവും കിട്ടിയാൽ സ്വീകരിക്കാമെന്നു വെച്ചതു്.

നമ്മുടെ എം. കെ. രാജാവിന്നു് നരേന്ദ്രമണ്ഡലപ്രസിദ്ധീകരണ വകുപ്പിൽ ജോലി കൊടുപ്പിക്കാമെന്നു താങ്കൾ സദയം സമ്മതിക്കുകയുണ്ടായല്ലോ; അതു് എന്നേക്കു ശരിപ്പെടുമെന്നറിയാൻ അദ്ദേഹം വെമ്പൽകൊള്ളുന്നു.

ബാലന്റെ ജ്യേഷ്ഠൻ (ഗോപി) തർജ്ജമചെയ്ത ടോൾസ്റ്റോയിനോവലിന്നു് (ഉയർത്തെഴുന്നേല്പിന്നു്) ഒരു മുഖവുര താങ്കൾ എഴുതിയാൽക്കൊള്ളാമെന്നു് ഞങ്ങൾക്കഭിലാഷമുണ്ടു്; അതു ചെയ്യുകൂടയോ? അച്ചടി മംഗളോദയക്കാർ ഏററിരിക്കുന്നു. താങ്കളുടെ ആ ശുപാർശിമൂലം, പ്രതിഫലം കൂടാതെ തർജ്ജമയ്ക്കനുമതി ലഭിച്ച വിവരം ഞാൻ കൃതജ്ഞതയോടെ താങ്കളെ അറിയിച്ചതു മറന്നിട്ടില്ലല്ലോ? അച്ചടി കഴിഞ്ഞ ഭാഗങ്ങൾ താങ്കൾക്കു ക്രമേണ അയച്ചുകൊണ്ടിരിക്കാം.

Digitized By Kerala Sahitya Akademi

ഇനിയും പലതുമുണ്ടെഴുതാൻ; എന്റെ കൈ വഴങ്ങുന്നില്ല. എല്ലാ വിവരങ്ങൾക്കും സവിസ്തരമായ ഒരു മറുപടി വൈകാതെ തരുമാറാകണം.

സ്വന്തം

വള്ളത്തോൾ

*(കത്ത് നമ്പർ 103)*

# ബാലഭൂപതി

വള്ളത്തോൾ

ചെറുതുരുത്തി
13-11-1945

പ്രിയ സുഹൃത്തെ,

30-ാംതീയതി അവിടെനിന്നയച്ച എഴുത്ത് 8-ാം തീയതി ഇവിടെ കിട്ടിയിരിക്കുന്നു എന്നാൽ 'കർപ്പൂരചരിത'വും മുഖവുരയും ഇതുവരെ കിട്ടിയിട്ടില്ല. അയച്ചിട്ടില്ലായിരിക്കുമോ? മുഖവുര കിട്ടിയാൽ സശ്രദ്ധം നോക്കിക്കൊള്ളാം. ആശിനീഹരണം ഞാൻ ഭാഷപ്പെടുത്തിയിരിക്കുന്നു. അതിന്നു പണ്ഡിതരാജൻ പി. എസ്. അനന്തനാരായണശാസ്ത്രിയാണ് മുഖവുര എഴുതിയതു്. അച്ചടിപ്പാൻ മംഗളോദയത്തിൽ കൊടുത്തിട്ടു നാലഞ്ചു മാസമായി! പിന്നീടു ത്രിപുരദാഹം തർജ്ജമ ചെയ്കയും കഴിഞ്ഞു. അതിന്റെ മുഖവുര എഴുതാമെന്നു ഡാക്ടർ കുഞ്ഞൻരാജാവു് സമ്മതിച്ചിരിക്കുന്നു. അമ്മയുടെ ശ്രാദ്ധത്തിന്നായി സ്വഗൃഹത്തിൽ വന്ന ബാലഭൂപതി മിനിഞ്ഞാന്നു് എന്റെ അടുക്കൽ വന്നിട്ടാണ് മദിരാശിക്കു മടങ്ങിപ്പോയതു്. അദ്ദേഹത്തിന്നു ജയപ്പൂരിൽനിന്നു പുസ്തകമൊന്നും കിട്ടിയിട്ടില്ല. കിട്ടാൻ മഹാരാജാവിന്റെ അനുമതി വേണമത്രെ. താങ്കളുടെ ഭാണം അദ്ദേഹത്തിന്റെ പക്കലുണ്ടു്. വായിപ്പാൻ ഇടകിട്ടിയില്ല. ഹേമചന്ദ്രകാവ്യം മുഴുവൻ വാള്യങ്ങളും അടയാറിലുണ്ടെന്നും അയച്ചു തരാമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്.

ജ്യേഷ്ഠന്റെ ഷഷ്ടിപൂർത്തിക്കുള്ള കവിത ഏറെ വൈകാതെ അയച്ചുകൊള്ളാം.

ബാലന്റെ കാര്യം അമാന്തത്തിലിടേണ്ടതേ! അവന്നു 150 ക. എങ്കിലും ശമ്പളം കിട്ടാഞ്ഞാൽ വലിയ കഷ്ടപ്പാടു പററുമല്ലോ. താങ്കൾ കൂടെക്കൂടെ പണം കൊടുക്കുന്നതുകൊണ്ടാണു്, അവനിപ്പോൾ കഴിഞ്ഞുകൂടുന്നതു്; താങ്കളെ ശല്യപ്പെടുത്താൻ അവന്നു സങ്കോചം കുറച്ചൊന്നുമല്ലതാനും. മദിരാശിക്കു മാററം കിട്ടിയില്ലെങ്കിലും, ശമ്പളം 150ക. ഉറച്ചാൽത്തന്നെ ഒട്ടൊരാശ്വാസമായി. ഇതു പററിയില്ലെങ്കിൽ,അവനെ പഠിക്കാനീർ ബാങ്കിലേക്കെടുക്കുക. അതിന്നു താങ്കൾക്കുതന്നെ അധികാരമുണ്ടല്ലോ.

ഞാൻ മുമ്പു നിർദ്ദേശിച്ച ക്യാപ്ററൻ ജി. കെ. മേനോൻ മിലിട്ടറി ഐ.സി. എസ്. സിലക്ഷനു നിൽക്കുകയായി. അയാളെപ്പററി അധികൃതന്മാർ താങ്കളോടു അഭിപ്രായം ചോദിക്കുമ്പോൾ, അയാൾക്കു നി

Digitized By Kerala Sahitya Akademi

ബ്ധമായ പ്രവേശം കിട്ടത്തക്ക മറുപടി അയയ്ക്കാൻ മറക്കുകയോ താമസിക്കുകയോ ചെയ്യരുതെന്ന് ശ്രീ. കൊളാടിയും ഞാനും ഒരിക്കൽകൂടി അപേക്ഷിക്കുന്നു. ഇതു് ഓർമ്മയിലുണ്ടാകണം.

സ്വന്തം
വള്ളത്തോൾ
(*കത്തു് നമ്പർ 104*)

# സ്മരണദർപ്പണം

വള്ളത്തോൾ ചെറുതുരുത്തി
20-4-1946

പ്രിയ സുഹൃത്തെ,

ഞാൻ 10-ാംതീയതിമുതൽ 10 ദിവസം ആലപ്പുഴയിലും, കാവാലത്തും, കാലടിയിലുമായിരുന്നു; ഇന്നലെ 19-ാംതീയതി രാത്രിയിലാണു്, ഇവിടെ തിരിച്ചെത്തിയതു്. അപ്പോഴെ താങ്കളുടെ 6-ാംനുത്തെ കുറിപ്പു കണ്ടുള്ളു. താങ്കളുടെ മൂന്നാമത്തെ ഭാഗിനേയനും എന്നോടൊന്നിച്ചു് ഇങ്ങോട്ടു പോന്നിട്ടുണ്ടു്. ഇവിടെ കുറച്ചുനാൾ താമസിച്ചാൽ കാവ്യനിർമ്മാണത്തിന്റെ ചില പ്രഥമപാഠങ്ങൾ പറഞ്ഞുകൊടുക്കാൻ ഞാൻ മനസ്സുവെയ്ക്കാം. വാസനയുള്ള കുട്ടിയാകയാൽ വകതിരുവുണ്ടാക്കുക നമ്മുടെ ചുമതലയാണല്ലൊ.

ചാലയിലായിരുന്നു, എന്റെ വിഷു. അമ്മ ചക്കച്ചുളയുപ്പേരിയും മററും വിളമ്പിത്തന്നതിന്റെ ആസ്വാദ്യത ഒന്നു വേറെതന്നെ. അവിടെ ആൾക്കും സുഖക്കേടൊന്നുമില്ല. അമ്മ സോത്സാഹം കാര്യവ്യഗ്രയായി പണ്ടത്തെപ്പോലെ അവിടെയെങ്ങും ചുററിനടക്കുന്നു!

വള്ളത്തോൾഗ്രന്ഥാലയത്തിനു സംഭാവന തരാൻ താങ്കളോടു ഞാൻ ബിക്കാനീറിൽവെച്ചു് അപേക്ഷിച്ചതും, സംഭാവന തരേണ്ടതു തറവാട്ടിൽ കാരണവരാണെന്നും, ജ്യേഷ്ഠൻ തരുമെന്നും താങ്കൾ മറുപടി പറഞ്ഞതും പക്ഷേ, താങ്കൾ, ഓർക്കുന്നുണ്ടാകാം; ഇതു ഞാൻ ഡാക്ടർ പണിക്കരെ ധരിപ്പിച്ചപ്പോൾ, ഇന്നലെ അദ്ദേഹം പറഞ്ഞതു് കാരണവരുസ്ഥാനം ഒഴിഞ്ഞുകൊടുത്തേക്കാമെന്നാണു്! തറവാട്ടിൽ ഒരുലക്ഷം ഉറുപ്പിക കടം കിടപ്പുണ്ടെന്നും ജ്യേഷ്ഠൻ പറയാതിരുന്നില്ല. ചാലയിൽ തറവാടിന്നു് ഒരുലക്ഷം ക. തുച്ഛംതന്നെ; എന്നാൽ, ചാലയിലായാലും ചാളയിലായാലും കടം കടംതന്നെയാണല്ലോ. ഈ കടച്ചുമതല ജ്യേഷ്ഠന്റെ വിശുദ്ധഹൃദയത്തെ തുലോം പീഡിപ്പിക്കുന്നുണ്ടു്. 'ഈ കടം തീർക്കാൻ സഹായിക്കണമെന്നു് അനുജന്നു് കത്തയക്കു' എന്നുകൂടി, പിരിയുമ്പോൾ അദ്ദേഹം എന്നെ ഏല്പിച്ചിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ, താങ്കൾ ഈ ഋണത്തെ നിസ്സാരമാക്കിത്തള്ളരുതു്; ഇതുമൂലമുള്ള മനോവേദനയിൽനിന്നു് സ്നേഹനിധിയായ ജ്യേഷ്ഠനെ വേർപെടുത്തുകതന്നെവേണം. ഇതു താങ്കൾക്കു് ഒട്ടും അശക്യമല്ലാതാനും.

Digitized By Kerala Sahitya Akademi

'സ്വരണദപ്പണം' എന്ന പേർ കൊള്ളാം; 'സ്വരണോദയം' ഏറെ നല്ല തല്ലേ? ഇതിൻെറ പ്രസിദ്ധീകരണം താങ്കളുടെ ഒന്നാമത്തെ ഭാഗിനേയനെ ഏല്പിക്കുകയാണ് ഉചിതം. താങ്കളുടെ എല്ലാ പുസ്തകങ്ങളും അടങ്ങിയ (വള്ളത്തോൾഗ്രന്ഥാലയംപോലെയുള്ള) ഒരു പ്രസിദ്ധീകരണശാല തുറന്നു നടത്താൻ ആ യുവാവിന്നു് ആഗ്രഹമുണ്ട്. ഇതു ജ്യേഷ്ഠൻ സമ്മതിച്ചുമിരിക്കുന്നു. അതുകൊണ്ട് ബി. വി. ബുക്ക്ഡിപ്പോവിലും മററുമായി കിടക്കുന്ന എല്ലാ പുസ്തകങ്ങളും വാങ്ങി രാമകൃഷ്ണപ്പണിക്കരെ ഏല്പിക്കാൻ ദയ ചെയ്യുക. 4000 ക. ശമ്പളത്തിലിരിക്കുന്ന താങ്കൾ സ്വന്തം പുസ്തകങ്ങളിൽനിന്നു് ഒരാദായം ഇച്ഛിക്കുന്നുണ്ടാകില്ല; ഇച്ഛിക്കേണ്ടതുമില്ല. എന്നാൽ, അവ അന്യാധീനങ്ങളായിത്തീർന്നുകൂടാ. 24-ാം വയസ്സിൽ ഗ്രഹസ്ഥാശ്രമിയായി ഗൃഹത്തിൽ വെറുതെ ഇരിക്കുന്ന സാഹിത്യതല്പരനായ ഭാഗിനേയനെ ഈ ഒരു ജോലിയിലേപ്പെടുത്തുന്നതു സർവഥാ സമഞ്ജസമാണെന്നു ഞാൻ വിചാരിക്കുന്നു. എങ്ങനെയായാലും, താങ്കളുടെ പുസ്തകങ്ങളെ കണ്ടവർ കണ്ടവർ കൈക്കലാക്കുക എന്നതു് എനിക്കും താങ്കളുടെ സ്വജനങ്ങൾക്കും സമ്മതമല്ല. ഇത്രയും എഴുതിയാൽ മതിയല്ലോ.

താങ്കൾ സിലോണിലേക്കു (ശ്രീ ആനെയ്യു) കത്തയച്ചുവോ? ഇല്ലെങ്കിലയയ്ക്കുമോ?

ബാലൻ അവധിയപേക്ഷിച്ചതിന്നു ഭാരതബാങ്കുകാരുടെ മറുപടി, മെഡിക്കൽ സട്ടിഫിക്കേററയയ്ക്കുക; എന്നാണ്. അതു രണ്ടുനാൾക്കുള്ളിൽ അയയ്ക്കും. അവൻെറ സുഖക്കേടിന്നു ശമനം കിട്ടിത്തുടങ്ങിയിട്ടില്ല, ചികിത്സയുണ്ട്.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു്നമ്പർ 105)*

# ഈ കുട്ടി ശക്തനാകുമോ?

വള്ളത്തോൾ ചെറുതുരുത്തി
16-5-1946

പ്രിയ സുഹൃത്തെ,

ഒരു മാസത്തോളം മുമ്പു് ഞാനയച്ച എഴുത്തു താങ്കൾക്കു കിട്ടിയില്ലയോ? ജോലിത്തിരക്കാലായിരിക്കാം മറുപടി അയയ്ക്കാഞ്ഞതു്.

താങ്കളുടെ തൃതീയഭാഗിനേയൻെറ ഒരെഴുത്തു് ഇന്നിവിടെ കിട്ടിയതു് ഇതിലടക്കം ചെയ്തിരിക്കുന്നു. പലരുടെ അധീനതയിൽ കിടക്കുന്ന താങ്കളുടെ പുസ്തകങ്ങളെല്ലാം ഉടനടി ഒ. രാമകൃഷ്ണപ്പണിക്കരെ ഏല്പിച്ചു കൊടുക്കുന്നതു് ഉചിതമായിരിക്കും; പ്രസ്സേർപ്പെടുത്തി പ്രസിദ്ധീകരണം അനന്തരവൻ ശരിക്കു നടത്തട്ടെ.

താങ്കളുടെ ജ്യേഷ്ഠൻ ലക്ഷംത്രപാ കടത്തിൻെറ കാര്യം എന്നോടു പറ

Digitized By Kerala Sahitya Akademi

ഞ്ഞതും ഞാൻ മുൻകത്തിൽ എഴുതിയിട്ടുണ്ട്. അതു തീർക്കാൻ താങ്കളുടെ ഒത്താശ വേണമെന്നാണ്, ജ്യേഷ്ഠന്റെ അഭിലാഷം. അദ്ദേഹം തുറന്നു പറയൽ കുറഞ്ഞ ആളാണല്ലൊ.

ബാലനെ കൊച്ചിയിലെ ഒരു ബാങ്ക് ക്ഷണിച്ചിരിക്കുന്നു. അവന്നു സുഖക്കേടു മാറിയിട്ടില്ലാ. ബാങ്കിന്റെ ഭരണംതന്നെ ഏറ്റെടുക്കണമെന്നാണ് ബാങ്കുകാർ ആവശ്യപ്പെടുന്നതു്, അതിന്നു് ഇന്നലെ മാത്രം ജീവിതത്തിൽ കാൽവെച്ച ഈ കുട്ടി ശക്തനാകുമോ, ആവോ? ദേഹസുഖം തിരിച്ചുകിട്ടിയാൽ, ഉദ്യോഗം വഹിച്ചുകൊള്ളാമെന്നു മറുപടി അയപ്പാനാണ് ഞാൻ നിർദ്ദേശിച്ചതു്. ബാങ്കിൽനിന്നെഴുത്തു കിട്ടിയതു് ഇന്നലെയാണ്. താങ്കളുടെ അഭിപ്രായത്തിന്നും, ഉപദേശങ്ങൾക്കും ഞങ്ങൾ കാത്തിരിക്കുന്നു.

ഹേമചന്ദ്രകാവ്യത്തിന്റെ ദ്വിതീയപത്രം ഭവനഗരത്തിൽ അന്വേഷിച്ചാൽ കിട്ടില്ലയോ? ഒന്നു മനസ്സിലാക്കാനപേക്ഷ. എനിക്കിതു വായിപ്പാൻ വല്ലാത്ത വെമ്പൽ!

താങ്കളുടെ ഭാണം പുറത്തായില്ലേ?

സ്വന്തം
വള്ളത്തോൾ

P. S. ഇന്നലെ വന്ന 'ചക്രവാള'ലക്കത്തിൽ മുണ്ടശ്ശേരിയെക്കുറിച്ചു് ഒരു 'ജൂലിയൻ' നീണ്ട ഒരു ഉപന്യാസം എഴുതിയിട്ടുണ്ട്. 'സാഹിത്യപഞ്ചാനനനിരൂപണ'ത്തേയും മററും നല്ല കണക്കിൽ കളിയാക്കിയിരിക്കുന്നു.

*(കത്തു്നമ്പർ 106)*

# മകന്റെ വിവാഹം

വള്ളത്തോൾ

ചെറുതുരുത്തി
6-6-1946

പ്രിയ സുഹൃത്തെ,

താങ്കളുടെ മെയ് 25-ാംനു-ത്തെ കുറിപ്പും, ഡാക്ടർ കുഞ്ഞൻ രാജാവിന്റെ 27-ാംനു-ത്തെ എഴുത്തും ഒന്നിച്ചാണ് ഇന്നലെ ഇവിടെ എത്തിച്ചേർന്നതു്. താങ്കളുടെ എഴുത്തു് ഒരു ചെറിയ പര്യടനം കഴിച്ചിരിക്കുന്നു! താങ്കൾ രണ്ടാഴ്ചവട്ടം ബിക്കാനീറിലില്ലായിരുന്നു എന്നും, 200-ൽപ്പരം കത്തുകൾ മറുപടിയെ പ്രതീക്ഷിച്ച താങ്കളുടെ മേശമേൽ കിടപ്പുണ്ടെന്നും മററും ഡാക്ടർ രാജാവിന്റെ കത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ തിരക്കത്തിലും നാലക്ഷരം എനിക്കായി എഴുതുവാൻ ദയ തോന്നിയതിന്നു വിശേഷാൽ വന്ദനം!

Digitized By Kerala Sahitya Akademi

താങ്കളുടെ കുറിപ്പ് ഇന്നലെത്തന്നെ കാവാലത്തേക്കയച്ചു. 'സ്മരണ ദർപ്പണം' മാത്രം പോരാ, താങ്കളുടെ എല്ലാ കൃതികളും ക്രമേണ ഭാഗിനേയരുടെ അധീനതയിലാക്കിക്കൊടുക്കുകതന്നെ വേണം. അവർ ഇപ്പോൾ പ്രസ്സ് വാങ്ങിക്കഴിഞ്ഞിട്ടുണ്ടാകും.

ജ്യേഷ്ഠനോടു ഞാൻ എന്തു മറുപടി പറയണം? തറവാട്ടുകടം തീർക്കുന്നതിൽ താങ്കളുടെ ഒത്താശയെ അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ട്. കടംമൂലം ആ വിശുദ്ധഹൃദയന്നു വലിയ അസ്വാസ്ഥ്യമുണ്ടുതാനും. 'ഗൗരവമുള്ള കാര്യങ്ങൾക്കു താങ്കൾ മറുപടി അയയ്ക്കാറില്ലെ'ങ്കിലും, ഈ ഒരു കാര്യത്തെപ്പററി ഒരു വിശദമായ മറുപടി എനിക്കു കിട്ടാതെ കഴിയില്ല.

ഈ ജൂൺ 13-ാംതീയതി എൻെറ മൂന്നാമത്തെ മകൻെറ (അച്യുതക്കുറുപ്പിൻെറ) വിവാഹമാണ്. വധു നമ്മുടെ പി. കെ. കരുണാകരമേനോൻെറ ഭാഗിനേയിയും, പരേതനായ ഇടപ്പിള്ളി കൃഷ്ണരാജാവിൻെറ ദൗഹിത്രിയും ഇൻറർവരെ പഠിച്ചിട്ടുള്ളവളുമാണ്. ഇടപ്പിള്ളി കോവിലകത്തുനിന്നു് ഒന്നരനാഴിക പടിഞ്ഞാറാണ് പുല്യാട്ട് എന്ന വധുഗൃഹം. താങ്കൾ സദയം വധൂവരന്മാരെ അനുഗ്രഹിക്കുക. താങ്കളുടെ ഭാഗിനേയന്മാർക്കു ക്ഷണനം അയച്ചിട്ടുണ്ട്; ഒരാളെങ്കിലും വരുമായിരിക്കാം.

ബാലൻെറ ഭാര്യ പങ്കജാക്ഷി ഗർഭിണിയായിരിക്കുന്നു; അതിനാൽ സീനിയർ ബി. എ.യ്ക്കു പഠിപ്പാൻ കോളേജിൽ ചേരുക അവൾക്കശക്യമായിത്തീർന്നു! ശ്രീ. ഗൗരിയമ്മയെയും ഈ എഴുത്തു കാണിപ്പാനപേക്ഷ.

ഈ വിവരമെല്ലാം ബാലഭൂപതിയെയും അറിയിക്കുമല്ലൊ; അദ്ദേഹം ബിക്കാനീർ വിട്ടിട്ടില്ല എന്നൂഹിക്കുന്നു. അദ്ദേഹത്തിൻെറ സമർപ്പണശ്ലോകങ്ങൾ മഹാറാണിയെ പ്രസാദിപ്പിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

മിസ്സിസ് വള്ളത്തോൾ താങ്കൾക്കു തരാനുള്ള പണത്തിലേക്കു്, രണ്ടാമത്തെ ഗഡുവിൻേറതായ 600 ക.യുടെ ചെക്കു് ഇതിൽ അടക്കംചെയ്തിരിക്കുന്നു. കിട്ടിയ വിവരത്തിനു് മറുപടി അയച്ചാൽ നന്നു്.

ഹേമചന്ദ്രകാവ്യത്തിൻെറ ദ്വിതീയപർവ്വം ഇനിയും വൈകാതെ ഇവിടെ കിട്ടുമാറാകണം; ഒന്നുകൂടി ശ്രദ്ധാന്തിവെയ്ക്കുക.

സ്വന്തം
വള്ളത്തോൾ
(*കത്ത് നമ്പർ 107*)

# കടക്കാരൻ

വള്ളത്തോൾ

ചെറുതുരുത്തി
12-6-1946

പ്രിയ സുഹൃത്തെ,

മെയ് 31-ാംതീയതിയിലെ താങ്കളുടെ എഴുത്ത് ജൂൺ 9-ാംതീയതി ഇവിടെ വന്നുചേർന്നിരിക്കുന്നു. എന്നാൽ ഞാൻ തൃശ്ശൂർ കലാമണ്ഡലത്തിൽ കടുത്ത ജലദോഷപ്പനി പിടിപെട്ടു കിടപ്പിലായിരുന്നതിനാലാണ് മറു

Digitized By Kerala Sahitya Akademi

പടിക്ക് ഇത്ര അമാന്തിച്ചതു്. ഇന്നലെ വൈകുന്നേരം യഥാകഥഞ്ചിൽ ഇവിടെ എത്തിച്ചേൎന്നു. പനി പകുതിയിലധികം വിട്ടിരിക്കുന്നുവെങ്കിലും, അതിൻെറ ഉപദ്രവങ്ങളും ക്ഷീണവും ശമിച്ചുതുടങ്ങിയിട്ടില്ല. അതുകൊണ്ടാണു് ഈ എഴുത്തു് മററൊരാളെക്കൊണ്ടെഴുതിക്കുന്നതു്.

ഞാൻ അങ്ങോട്ടു തരേണ്ടുന്ന 3000 ക.യിലേക്കു രണ്ടാമത്തെ ഗഡുവിൻെറ 600 ക.യ്ക്കുള്ള ചെക്കു് ഏതാനും ദിവസങ്ങൾക്കു മുമ്പയച്ചതു് ഇപ്പോൾ അവിടെ കിട്ടിയിരിക്കാം. ബാക്കി 1800 ക. ഒന്നിച്ചയച്ചുതരാൻ ഇപ്പോൾ ഞാൻ തെല്ലും ശക്തനല്ല. താങ്കളോടും കൊളാടിയോടുമേ ഞാൻ വലിയ തുക കടമായി വാങ്ങാറുള്ളൂ. കൊളാടിക്കു് അങ്ങോട്ടു കുറെക്കൂടി കൊടുക്കാനുള്ളതുകൊണ്ടു് വീണ്ടും കടന്നു ചോദിക്കുന്നതു് ഒട്ടും ഉചിതമാകയില്ല. കൊളാടി എൻെറ ഉററ സ്നേഹിതൻതന്നെ; എങ്കിലും അദ്ദേഹത്തിന്നു കടക്കാരനായിരിക്കുന്നതിനേക്കാൾ എനിക്കിഷ്ടം താങ്കൾക്കു കടക്കാരനായിരിക്കുന്നതാണു്.

എന്തിനേറെ? എന്നെ അപ്പടി വിറ്റാൽത്തന്നെയും ഇപ്പോൾ 1800ക. കിട്ടുകയില്ല! ബാക്കി താങ്കൾക്കു തരാനുള്ളതു് ലക്ഷ്യത്തിൽ കാണിച്ച വിധം ഇനി മൂന്നു തവണകൊണ്ടു തീൎത്തു തന്നുകൊള്ളാം. ഇതു സമ്മതിച്ചു്, ഒരു മറുപടി തന്നു് എന്നെ ആശ്വസിപ്പിക്കുവാൻ ദയവുണ്ടാകണം.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 108)*

# കൂടുതൽ അസ്വാസ്ഥ്യം

വള്ളത്തോൾ

ചെറുതുരുത്തി
12-8-1946

പ്രിയ സുഹൃത്തെ,

ബിക്കാനീർബാങ്കിൽനിന്നു ജൂലായ് 1-ാം തീയതി അയച്ച ഒരെഴുത്തു ബാലനു് ആഗസ്റ്റ് 8-ാം തീയതിയാണു കിട്ടിയതു്. ബാങ്കിൻെറ തെക്കേഇന്ത്യയിലെ ബ്രാഞ്ചിൽ ജൂനിയർ അക്കൗണ്ടൻറാകാൻ സമ്മതമുണ്ടോ എന്ന ഒരു ചോദ്യമാണു് ആ എഴുത്തിലുള്ളതു്. 8-ാംതീയതിതന്നെ അവൻ സമ്മതമാണെന്നു കമ്പിയടിച്ചു. പിറേറന്നു്, 9-ാംതീയതി ആ വിവരം കാണിച്ച ഒരെഴുത്തു വിമാനത്തപാലിൽ അവൻ താങ്കൾക്കയച്ചതു് അവിടെ കിട്ടിയിരിക്കാം. ഇതിൽ താങ്കൾ സദയം ശ്രദ്ധിക്കണമെന്നപേക്ഷ. ഒരു 150 ക.യെങ്കിലും ശമ്പളം കിട്ടുമാറാക്കണം; അതിലു കുറഞ്ഞാൽ, കഴിച്ചിലിന്നു കഷ്ടപ്പാടാകുമല്ലൊ. ബ്രാഞ്ചു് തെക്കേഇന്ത്യയിൽ എവിടെ ആയിരിക്കുമെന്നും, എന്നു തുറക്കുമെന്നും മററും ഞങ്ങളറിഞ്ഞില്ല; ആവക വിവരങ്ങൾക്കു് ഒരു മറുപടി ഉടൻ തന്നാൽ നന്നു്. ഇന്നു ഞാൻ താങ്കൾക്കു് ഒരു കമ്പി അയച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

ഒരു മാസമായിട്ട് എന്നെ കൂടുതൽ അസ്വാസ്ഥ്യം ബാധിച്ചിരിക്കുന്നു; ജലദോഷത്തിന്റെ വികാരഭേദങ്ങൾ! ഒരാഴ്ചവട്ടം ഞാൻ തിരുപ്പൂരിൽ പോയി ഒരു സ്നേഹിതനായ റിട്ടയാർഡ് ചീഫ് മെഡിക്കൽ ആപ്പീസറുടെ ഒന്നിച്ചു താമസിച്ചു ചികിത്സ നടത്തി; ഇപ്പോഴും ദിവസം പ്രതി അഞ്ചുപ്രാവശ്യം മരുന്നുകൾ ശീലിക്കുന്നുണ്ട്. തെല്ലൊരാശ്വാസമില്ലെന്നില്ല. ഈ ദുർദ്ദശമൂലമാണ്, ഞാൻ താങ്കൾക്ക് ഈയിടയിൽ എഴുതയയ്ക്കാതിരുന്നതു്. ഒരു മൂന്നുമാസമെങ്കിലും പൂർണ്ണവിശ്രമം കൊള്ളണമെന്നാണ് ഡാക്ടരുടെ ഉപദേശം. പത്രങ്ങൾ അല്പാല്പം വായിക്കുക എന്നല്ലാതെ, മറെറാന്നും ഞാൻ ചെയ്യാറില്ല; മിക്ക സമയത്തും അനങ്ങാതെ കിടക്കും.

എന്നാലും ഹേമചന്ദ്രകാവ്യം വായിക്കാനുള്ള കൊതി തലപൊക്കിത്തന്നെ നില്ക്കുന്നു. രണ്ടാം വാള്യം ഉടനെതന്നെ ഇവിടെ കിട്ടുമാറാക്കണേ!

ഇംഗ്ലണ്ടിൽനിന്നു മകന്റെയും മകളുടെയും എഴുത്തുകൾ വരുന്നില്ലേ? അവരുടെ പഠിപ്പ് ശരിക്കു നടക്കുന്നില്ലേ?

എന്റെ രണ്ടാമത്തെ മകൾ—ബാലന്റെ അനുജത്തി—ഒന്നാമതായി ഒരാൺകുട്ടിയെ പ്രസവിച്ചിരിക്കുന്നു. പ്രസവം കഴിഞ്ഞിട്ടു രണ്ടോളം മാസമായി. ബാലന്റെ ഭാര്യയും ഗർഭിണിയായിക്കഴിഞ്ഞു; അതിനാൽ അവൾക്കു സീനിയർ ബി. എ.ക്കു പഠിപ്പാൻ വിഘ്നം നേരിട്ടു. അവൾ ഇവിടെയുണ്ട്. ഈവക ഗൃഹവൃത്താന്തം ശ്രീമതി ഗൗരിയമ്മയെ അറിയിക്കുമല്ലൊ.

മറുപടി കാക്കുന്നു.

സ്വന്തം<br>
വള്ളത്തോൾ<br>
*(കത്തു് നമ്പർ 109)*

# മുണ്ടശ്ശേരിയുടെ മാനദണ്ഡം

വള്ളത്തോൾ ചെറുതുരുത്തി<br>
3–9–1946

പ്രിയ സുഹൃത്തെ,

താങ്കളുടെ ആഗസ്റ്റ് 21-ാം തീയതിയിലെ എഴുത്തു് 30-ാം തീയതി ഇവിടെ വന്നുചേർന്നു. ബാലന് ബിക്കാനീർ ബാങ്കിന്റെ കോയമ്പത്തൂർ ബ്രാഞ്ചിൽ ജോലി സ്വീകരിക്കുന്നതു സമ്മതമോ എന്നൊരെഴുത്തു വന്നതും, സമ്മതമാണെന്ന് അവൻ മറുപടി അയച്ചതും, ശമ്പളം എന്തായിരിക്കുമെന്നു ചോദിച്ചതും, അതിനു മറുപടി കിട്ടാഞ്ഞതുമൊക്കെ അവന്റെ എഴുത്തുകളിൽനിന്നു താങ്കൾ അറിഞ്ഞിരിക്കുമല്ലോ. ആ എഴുത്തുവരലും മറുപടി അയയ്ക്കലും കഴിഞ്ഞിട്ട്, ഒരു മാസത്തോളമായി; പിന്നീട് ഇതുവരെ വിവരമൊന്നും കിട്ടിയിട്ടില്ല. കോയമ്പത്തൂരിൽ ബ്രാഞ്ചു തുറന്നിട്ടി

Digitized By Kerala Sahitya Akademi

ല്ലായിരിക്കുമോ? ശമ്പളം ഇന്നതു കൊടുക്കണമെന്നു താങ്കഠം ബാങ്കുകാരോടു നിർദ്ദേശിച്ചിട്ടില്ലായിരിക്കുമോ? ഒരു തീർച്ചവിവരം കിട്ടാൻ എനിക്കു തിടുക്കം തോന്നുന്നു!

'സ്നേഹിതലോക'ത്തിൽ നമ്പൂതിരിപ്പാടുമുണ്ടെന്നു് അദ്ദേഹത്തിനു ഞാൻ ഇന്നു് എഴുതിയിട്ടുണ്ടു്. ഒരാഴ്ചയ്ക്കുള്ളിൽ ഞങ്ങഠംതമ്മിൽ കാണും. ഈ സെപ്തംബർ 10-11-തീയതികളിൽ ഇവിടെ കലാമണ്ഡലത്തിൽ വമ്പിച്ച കഥകളി നടത്താൻ നിശ്ചയിച്ചിട്ടുണ്ടു്. അതിന്നു കമ്മററി മെമ്പർമാരിൽ ഒരാളായ നമ്പൂതിരിപ്പാടു വരാതിരിക്കില്ല.

ഹേമചന്ദ്രകാവ്യത്തിന്റെ ദ്വിതീയപർവ്വം കിട്ടുകില്ലയോ? ഇതിന്റെ അന്വേഷണത്തിൽ അനേക കാര്യവ്യഗ്രനായ താങ്കളുടെ ശ്രദ്ധ പതിഞ്ഞതു മതിയായിട്ടില്ല എന്നു തോന്നുന്നു. വിലയ്ക്കു കിട്ടുകയില്ലെങ്കിൽ, ഒരു ജൈന സ്നേഹിതനോടു വായിപ്പാൻ വാങ്ങരുതോ? ഞാൻ ഇതിൽ അക്ഷമനായിരിക്കുന്നു.

നമ്മുടെ മുണ്ടശ്ശേരിയുടെ 'മാനദണ്ഡം' എന്ന നിരൂപണപുസ്തകം കണ്ടുവോ? കാളിദാസതുല്യനായ ഒരു കവി കേരളത്തിലുണ്ടായിട്ടില്ലെന്ന കണ്ടുപിടുത്തമാണു് അതിലെ മുഖ്യവിഷയം. ഇതിന്നായി ഒരു പുസ്തകം എഴുതിത്തള്ളണമോ, ആവോ, ഇതാക്കാണറിഞ്ഞുകൂടാത്തതു്? കാളിദാസതുല്യൻ കേരളത്തിലുണ്ടായിട്ടുണ്ടെന്നു് ആരെങ്കിലും തെററിദ്ധരിച്ചിട്ടുണ്ടോ? പറഞ്ഞിട്ടുണ്ടോ? ഈ ചോദ്യമൊക്കെ ആരോടു ചോദിക്കേണ്ടു? അയാഠം ഇല്ലാത്ത പൂർവ്വപക്ഷമുണ്ടാക്കി സിദ്ധാന്തം കൊണ്ടുവരാൻ തുനിഞ്ഞിരിക്കയാണു്! അയാളുടെ 'കാവ്യപീഠിക' എന്നൊരു പുസ്തകവും ഇവിടെ അയച്ചു കിട്ടിയിട്ടുണ്ടു്. സമയം വെറുതെ കളയാനുള്ള മടികൊണ്ടു് ഞാൻ വായിച്ചില്ല. 'മാനദണ്ഡം' മുഴുവൻ വായിക്കുക എന്നൊരു ദൗർഭാഗ്യം എനിക്കു പിണയുകതന്നെ ചെയ്തു! ഇയാളുടെ നിരൂപണവും ഔദ്ധത്യവും ദുർവ്വഹംതന്നെ.

ഞാൻ ഇപ്പോഴും ചികിത്സയിലും പൂർണ്ണവിശ്രമത്തിലുമാണു്. ഒരു ദിവസം അഞ്ചുപ്രാവശ്യം മരുന്നു സേവിക്കുന്നുണ്ടു്. ശമം മെല്ലെ മെല്ലെയേ ഉള്ളൂ. വീണ്ടും തിരൂരിൽ പോയി സ്നേഹിതൻ ഡോക്ടരൊന്നിച്ചു് കുറെനാഠം താമസിക്കേണ്ടിവരും.

മറുപടി സദയം ഉടനടി അയയ്ക്കുമാറാകണം.

സ്വന്തം
വള്ളത്തോഠം
(*കത്തു്നമ്പർ 110*)

# ചികിത്സയും പഥ്യവും

വള്ളത്തോഠം

ചെറുതുരുത്തി
25-11-1946

പ്രിയ സുഹൃത്തെ,

താങ്കളുടെ മനോഹരമായ എഴുത്തു് ഇവിടെ കിട്ടാതായിട്ടു മാസം മൂന്നുനാലായി. എന്റെ രണ്ടുമൂന്നെഴുത്തുകഠംക്കു് താങ്കഠം ജോലിത്തിരക്കു കൊണ്ടായിരിക്കാം, മറുപടി തരികയുണ്ടായില്ല!

Digitized By Kerala Sahitya Akademi

താങ്കൾ പതിവിൻപടി ക്രിസ്തുമസ്സുകാലത്തു് സ്വദേശത്തു വരുമെന്നാണു് ഞാൻ കരുതിയിരുന്നതു്. എന്നാൽ ഒരാഴ്ചവട്ടത്തിനുമുമ്പേ ഇവിടെ എന്റെ സുഖക്കേടന്വേഷിപ്പാനായി വന്ന ഡോക്ടർ അമ്പാടി പറഞ്ഞതു്, താങ്കൾ ക്രിസ്തുമസ്സിന്നല്ല, മകരത്തിൽ. ജ്യേഷ്ഠന്റെ പിറന്നാൾക്കായിരിക്കണം വരിക എന്നാണു്. ഇതു വാസ്തവമാണെങ്കിൽ, മകരത്തിൽ എന്നായിരിക്കും താങ്കളുടെ വരവെന്ന വിവരം തീർച്ചയറിയാൻ എനിക്കാഗ്രഹമുണ്ടു്. ഈ വരവിൽ എനിക്കു താങ്കളെ കണ്ടേ കഴിയൂ. ഒന്നിലധികം കാര്യങ്ങൾ നേരിട്ടു സംസാരിപ്പാനുണ്ടു്.

ഞാനിപ്പോഴും മരുന്നുകൾ ശീലിച്ചുംകൊണ്ടു് അനങ്ങാതിരിക്കുകയാണു്. സംസാരിക്കൽ—വെടിപറയൽപോലും—ആവുന്നത്ര ചുരുക്കണമെന്നാണു്, ഡാക്ടറുടെ ആജ്ഞ. തിരുപ്പൂരിൽ ഡാക്ടറുടെ അടുക്കൽ രണ്ടു തവണ പോയി എട്ടും പത്തും നാൾ താമസിച്ചു, ചികിത്സ നടത്തി. മിക്ക രോഗങ്ങൾക്കും ഒരു സിദ്ധൗഷധമായി ഗണിക്കപ്പെടുന്ന പെൻസിലിൻകൊണ്ടുള്ള ഇഞ്ചക്ഷൻതന്നെയും എന്റെ കിഴട്ടു ജലദോഷത്തിന്റെ അടുക്കൽ പരാജയപ്പെട്ടുപോയി! അടുത്ത അവസരത്തിൽത്തന്നെ വീണ്ടും തിരുപ്പൂർക്കു പോകണം. പെൻഷൻപററിയ എന്റെ ഡാക്ടർ സകുടുംബം തിരുപ്പൂരിൽ സ്ഥിരവാസിയായിത്തീന്നിരിക്കുന്നു: അദ്ദേഹം കൊടുങ്ങല്ലൂർക്കാരനാണു്. തുലോം വിദഗ്ദ്ധനാണു്. എന്റെ ഒരു പ്രിയ സ്നേഹിതനുമാണു്.

ബാലനെ ബിക്കാനീർബാങ്കിന്റെ കോയമ്പത്തൂർ ബ്രാഞ്ചിലെടുപ്പിച്ചതിൽ ഞങ്ങൾക്കു വലിയ ആശ്വാസവും കൃതജ്ഞതയുമുണ്ടു്. 160 ക. വീതം ശമ്പളമുള്ളതുകൊണ്ടു് അവനു മുമ്പത്തെപ്പോലെ പരാശ്രയം തേടേണ്ടതില്ല, നിത്യവൃത്തിക്കു്. 6 മാസത്തിന്നാണു് ഇപ്പോൾ നിയമിച്ചിരിക്കുന്നതു്. ഈ അവധി കഴിഞ്ഞാൽ ശമ്പളം കുറേക്കൂടി വർദ്ധിപ്പിക്കുന്നതിൽ താങ്കൾ സദയം ശ്രദ്ധിക്കുമല്ലോ. ഇപ്പോൾ അവൻ തനിയേ, ഒരു ചാർച്ചക്കാരനോടൊന്നിച്ചു താമസിക്കയാണു്. ഭാര്യയെ കൊണ്ടുപോയിട്ടില്ല; അവൾ ഗർഭിണിയാകയാൽ അവളുടെ വീട്ടിൽത്തന്നെ താമസിക്കയാണു്. ഭാര്യയും ഭാരവുമായി കോയമ്പത്തൂരിൽ താമസിപ്പാൻ ഈ 160 ക. മതിയാകയുമില്ലല്ലോ.

നിരൂപകവീരനായ മുണ്ടശ്ശേരിയുടെ 'മാനദണ്ഡം', 'കാവ്യപീഠിക' എന്നിവ കണ്ടില്ലേ? ഞാൻ അവിടവിടെ ഒന്നോടിച്ചുനോക്കിയതേയുള്ളു. മാനദണ്ഡംപോലെയൊരു നിരൂപണഗ്രന്ഥം മലയാളത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലെന്നു പ്രസിദ്ധനായ കുററിപ്പുഴ കൃഷ്ണപിള്ള 'മംഗളോദയ'ത്തിൽ എഴുതിയിരിക്കുന്നതു കണ്ടു. 'കാവ്യപീഠിക'യും ഒരു നിസ്തുല്യസാഹിത്യഗ്രന്ഥമാണെന്നു കുട്ടിക്കൃഷ്ണമാരാർ മംഗളോദയത്തിൽത്തന്നെ അഭിപ്രായപ്പെട്ടിരുന്നു.

ബിക്കാനീർഗ്രന്ഥശാലയിൽനിന്നയച്ച 'സംഗീതരാജം' ഇന്നലെ ഇവിടെ വന്നുചേന്നു്, എന്നെ അത്യന്തം സന്തോഷിപ്പിച്ചു.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 111)*

Digitized By Kerala Sahitya Akademi

# മിട്ടമിട്ടക്കൻ ദാമോദരഗുപ്തൻ

വള്ളത്തോറം ചെറുതുരുത്തി
16-12-1946

പ്രിയ സുഹൃത്തെ,

താങ്കളുടെ 1-ാംതീയതിയിലെ മറുപടി മിനിഞ്ഞാന്നാണ് ഇവിടെ കിട്ടിയതു്!

അയ്യായിരം സംവത്സരങ്ങളിലെ ഇന്ത്യാചരിത്രം ഇത്രയും വേഗത്തിൽ എഴുതിതീർത്ത താങ്കളുടെ ചരിത്രപരിജ്ഞാനവും, തളച്ചയില്ലാത്ത പ്രതിഭയും എന്നെ—അലസനായ ഈ കിഴവനെ—വിസ്മയിപ്പിക്കുക മാത്രമല്ലാ, പേടിപ്പിക്കുകകൂടി ചെയ്യുന്നു? പുസ്തകം ഇംഗ്ലീഷിലല്ലയോ? തക്ക ഒരാറം തർജ്ജമ ചെയ്യുവെങ്കിൽ അസ്മാദൃശർക്കും നമ്മുടെ ഭാഷയ്ക്കും ഉപകാരമായിരുന്നു.

താങ്കറം ജ്യേഷ്ഠൻെറ പിറന്നാളിന്നു ചാലയിൽ വരുമെന്നാണു് ഡാക്ടർ അമ്പാടിയിൽനിന്നു ഞാൻ ധരിച്ചിരിക്കുന്നതു്. എന്നാൽ ജ്യേഷ്ഠന്റെ നാറം തിരുവോണമാണെങ്കിൽ (എന്നാണു് എൻെറ ഓർമ്മ) അതു ജനുവരി 10-ാംതീയതിയാണു്. താങ്കറം 15-ാംതീയതിയേ ബിക്കാനീറിൽനിന്നു പുറപ്പെടുകയുള്ളുവല്ലോ. ഈ സ്ഥിതിക്കു ഞാൻ താങ്കളെ എവിടെവെച്ചു കാണും? ദൂരയാത്രയ്ക്കു തക്ക ദേഹബലം എനിക്കിപ്പോളില്ല; ചികിത്സയുണ്ടുതാനും. എങ്ങനെയായാലും, ഈ യാത്രയിൽ എനിക്കു താങ്കളെ കാണാതെ കഴിയില്ല. ദയചെയ്തു്, അതിനുള്ള വഴി നിർദ്ദേശിച്ചു തരുമാറാകണം.

കുട്ടിനീമതം എൻെറ പക്കലുണ്ടു്; ഒരാവർത്തി ഞാൻ വായിച്ചിരിക്കുന്നു. വീണ്ടും വായിക്കാൻ തോന്നായ്കയില്ല; അവസരം കിട്ടുന്നില്ലന്നേ ഉള്ളു. മിട്ടമിട്ടക്കൻതന്നെ, ദാമോദരഗുപ്തൻ!

ഹേമചന്ദ്രകാവ്യത്തിൻെറ 2-ാംവാല്യം താങ്കറം കിണഞ്ഞന്വേഷിച്ചില്ലയോ? എനിക്കതു കിട്ടാൻ കുറച്ചല്ല, വെമ്പൽ. ഒന്നുകൂടി ശ്രദ്ധ വെക്കേണമെന്നപേക്ഷ. താങ്കളുടെ സുഹൃത്തുക്കളായ കോടീശ്വരന്മാരിലാരുടെയെങ്കിലും പക്കലുണ്ടാകും; ഭവനഗരത്തിൽത്തന്നെ അന്വേഷണം നടത്താനും താങ്കറംക്കു പ്രയാസമില്ലല്ലോ. അമാന്തിക്കരുതേ!

സ്വന്തം
വള്ളത്തോറം
*(കത്തു് നമ്പർ 112)*

Digitized By Kerala Sahitya Akademi

# തമ്മിൽ കാണാതെപോയി

വള്ളത്തോൾ

ചെറുതുരുത്തി
2-1-1947

പ്രിയ സുഹൃത്തെ,

ഇന്നിവിടെ കിട്ടിയ 'മലയാളി'പത്രത്തിൽ താങ്കൾ കഴിഞ്ഞ ഡിസംബർ 30-ാംതീയതി കാവാലത്തെത്തിയിരിക്കുന്നു എന്നും, ജനുവരി 6-ാംതീയതി തിരുവനന്തപുരത്തേക്കു പോകുമെന്നും ഒരു കുറിപ്പു കണ്ടു. താങ്കൾ ഷൊറണൂർവഴിക്കുതന്നെയോ സ്വദേശത്തേക്കു പോയതു്? സ്വഗൃഹത്തിൽ ഒരാഴ്ചയോളം താമസിക്കുമെന്നു മുമ്പേ അറിഞ്ഞിരുന്നുവെങ്കിൽ, ഞാൻ വല്ലപാടും അങ്ങോട്ടു വരുമായിരുന്നു. 'നാട്ടിൽ എത്ര ദിവസം താമസിക്കുമെന്നു തീർച്ചയില്ല,' എന്നാണല്ലൊ താങ്കൾ എനിക്കെഴുതിയിരുന്നതു്. ഞാൻ ഇന്നു കാവാലത്തേക്കു പുറപ്പെട്ടാലോ എന്നു വെമ്പൽക്കൊള്ളാതിരുന്നില്ല. എന്നാൽ പത്രക്കുറിപ്പിനേക്കാൾ വിശ്വസനീയം താങ്കളുടെ കുറിപ്പാണല്ലൊ. തന്മൂലം, ഞാൻ ഇഴഞ്ഞു കാവാലത്തെത്തുമ്പോഴേക്കും താങ്കൾ തിരുവനന്തപുരത്തേക്കു വെച്ചടിച്ചുവെങ്കിൽ എന്റെ യാത്രാക്ലേശം വെറുതെയായിപ്പോകുമല്ലൊ. അതിനാൽ അടങ്ങിയിരിക്കുകയാണു്, ഞാനിപ്പോൾ ചികിത്സയുള്ളതുകൊണ്ടു്, പെട്ടെന്നു് ഒരു യാത്ര പുറപ്പെടാൻ എനിക്കു വലിയ പ്രയാസമുണ്ടു്.

താങ്കൾ കൊല്ലത്തിലൊരിക്കലേ സ്വദേശത്തേക്കു വരാറുള്ളൂ; ആ സന്ദർഭത്തിൽ ഒന്നു കാണാൻ തരം വരാഞ്ഞാൽ അതെത്ര വ്യസനകരമാണു്.

ഞാൻ ഡിസംബർ 29-ാംതീയതി കാവാലത്തേക്കയച്ച എഴുത്തു മിനിഞ്ഞാന്നോ ഇന്നലെയോ താങ്കൾക്കു കിട്ടിയിരിക്കാം; അതിൽ പ്രസ്താവിച്ച രണ്ടു കാര്യവും ഈ യാത്രയിൽത്തന്നെ താങ്കൾ സദയം സാധിപ്പിച്ചു തരണം. 7000 ക. കൊട്ടത്തുകൊള്ളാമെന്നു സർ സി. പി. താങ്കളോടും എന്നോടും അനേകം തവണ വാഗ്ദാനം ചെയ്തിട്ടില്ലയോ? അതിനാൽ താങ്കൾക്കു തികച്ചും അധികാരമുണ്ടു് പട്ടരുടെ കഴുത്തിൽ പിടിപ്പാൻ. ഇതിൽ തെല്ലും പിൻവാങ്ങുകയോ മടിക്കുകയോ ചെയ്യരുതേ. താങ്കൾ നേരിട്ടു് ഊന്നിപ്പറഞ്ഞാൽ തള്ളാൻ അദ്ദേഹം ധൈര്യപ്പെടുകില്ല.

ജോർജ്ജിനെ താങ്കൾ കാണുമെങ്കിൽ ഏററവും നന്നു്; ഇല്ലെങ്കിൽ അയാൾക്കു കൊണ്ടുകൊടുപ്പാൻ ഒരു പ്രബലമായ എഴുത്തു കാവാലത്തുനിന്നു തന്നെ എനിക്കയച്ചുതരണമെന്നും അപേക്ഷ. എഴുത്തിൽ ജോർജ്ജിന്റെ പുണ്ണു മേൽവിലാസമുണ്ടായിരിക്കണം; അയാൾ എനിക്കു പരിചിതനല്ല.

അമ്മയ്ക്കും ജ്യേഷ്ഠനും എന്റെ വന്ദനമുണ്ടു്. എന്റെ സുഖക്കേടിന്നു സ്വല്പം കുറവില്ലെന്നില്ല.

മറുപടി പ്രതീക്ഷിക്കുന്നു.

സ്വന്തം
വള്ളത്തോൾ
*(കത്തു്നമ്പർ 113)*

Digitized By Kerala Sahitya Akademi

# ഈശ്വരേച്ഛ

വള്ളത്തോൾ

ചെറുതുരുത്തി
7-1-1947

പ്രിയ സുഹൃത്തെ,

താങ്കൾ തിരുവിതാംകൂറിൽനിന്നു 4-ാംതീയതി അയച്ച മറുപടി ഇന്നു രാവിലെയേ ഇവിടെ കിട്ടിയുള്ളു; ഇന്നലെ രാവിലെ കിട്ടിയെങ്കിൽ ഞാൻ താങ്കളെ ഷൊർണ്ണൂരിൽ വന്നു കാണുമായിരുന്നു. 4-ാംനു- എഴുത്ത് മുറയ്ക്ക് 6-ാംനു- ഇവിടെ കിട്ടേണ്ടതാണ്; അത് 7-ാംനു-യായിത്തീർന്നതിന്റെ അർത്ഥം, താങ്കളുടെ സ്വദേശാഗമനത്തിൽ ഞാൻ താങ്കളെ കാണരുതെന്നാണ് ഈശ്വരേച്ഛ എന്നല്ലാതെ മറ്റെന്താണ്? ഞാൻ 68-ാം വയസ്സുകാരനായിക്കഴിഞ്ഞു; മിത്രജനങ്ങളെ തക്കം കിട്ടുമ്പോഴെങ്കിലും കണ്ടെത്താഞ്ഞാലോ! താങ്കൾ കൊച്ചിയിൽനിന്നു വിമാനത്തിലൂടെ മടങ്ങുമെന്നാണ്, തെക്കൻ പത്രങ്ങളിൽ കണ്ടത്. ഒടുവിൽ, താങ്കൾ, എനിക്കു കാണാൻ തരം കിട്ടാതെ, എന്റെ അയൽപക്കത്തുകൂടെ കടന്നുപോയി എന്നേ പറയേണ്ടു!

താങ്കൾ ബിക്കാനീർ മഹാരാജാവിനോടൊപ്പം വീണ്ടും തിരുവിതാംകൂറിൽ ഉടനെ വരുമോ? പൊന്നുതമ്പുരാൻ മദിരാശിയിൽനിന്ന് ഒരു മാസം കഴിഞ്ഞേ തിരിച്ചുപോരൂ എന്നു തെക്കൻ പത്രങ്ങളിൽ കാണുകയുണ്ടായി; ഇതു ശരിയാണെങ്കിൽ ബിക്കാനീറിന്റെ ആഗമനം ഫിബ്രവരിക്കുമുമ്പുണ്ടാകില്ലല്ലോ. എങ്ങനെയാണ്, തീച്ച്പ്രോഗ്രാം?

സർ സി. പി. താങ്കൾ നേരിട്ടു പറഞ്ഞാൽ കൈക്കൊള്ളുമെന്നു കരുതിയാണ്, കാവാലത്തേക്കു ഞാൻ രണ്ടു കത്തുകൾ അയച്ചത്; എന്റെ ഗ്രഹപ്പിഴകൊണ്ട്, രണ്ടും പിന്നീടേ താങ്കൾ കണ്ടുള്ളുവല്ലോ!

ആലപ്പുഴ കച്ചവടക്കാരന്റെ പേർ ഞാൻ മാറിപ്പറഞ്ഞുപോയോ? തോമസ് എന്നായിരിക്കുമോ, അയാളുടെ പേർ? തോമസ് എന്ന ഒരു വലിയ വർത്തകനെ താങ്കൾ അറിയുമോ? ജ്യേഷ്ഠൻ തികച്ചും പറഞ്ഞു, താങ്കളുടെ ഒരു ശുപാർശിയുണ്ടായാൽ അയാൾ നല്ല ഒരു തുക തരുമെന്ന്. തോമസ്സാണ് അയാളെങ്കിൽ, അയാൾ താങ്കൾക്കു പരിചിതനുമാണെങ്കിൽ, ഒരു ശുപാർശിക്കത്തു സദയം അയച്ചുതരിക.

എല്ലാ വിവരങ്ങൾക്കും മറുപടി തരുവാൻ ഒട്ടും വൈകരുതേ!

സ്വന്തം
വള്ളത്തോൾ
*(കത്ത്നമ്പർ 114)*



Digitized By Kerala Sahitya Akademi

# ഭാഗ്യായത്ത മനഃപരം

വള്ളത്തോൾ

തിരുപ്പൂർ
9-2-1947

പ്രിയ സുഹൃത്തെ,

ഞാൻ മുമ്പയച്ച എഴുത്തു് അവിടെ കിട്ടിയിരിക്കാം. ഞാൻ ചികത്സയ്ക്കായി ഇവിടെവന്നു താമസിക്കുകയാണു്, 14-ാം തീയതി ചെറുതുരുത്തിക്കു തിരിക്കും.

അടുത്ത മാർച്ചു് ഒടുവിൽ ഡൽഹിയിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള ഏഷ്യാസമ്മേളനത്തിൽ ഒരുനാലു മുക്കാൽ മണിക്കൂർ നേരം കഥകളി കാണിക്കാമെന്നു ഞാൻ സമ്മതിച്ചിരിക്കുന്നു 3000 ക.യേ സമ്മേളനക്കാരിൽനിന്നു കിട്ടൂ. കഥകളിയോഗത്തിൽ ഞാനുംകൂടെ 15 പേർ ഉണ്ടാകും; അതിനാൽ 3000 ചെലവിന്നുതന്നെ മതിയാവില്ല. എങ്കിലും, കഥകളിയേററവും നമ്മുടെ ഈ പ്രാചീനകലയെ ഏഷ്യക്കാരുടെ മുഴുവനും ശ്രദ്ധയിൽ കൊണ്ടുചെല്ലാമെന്നു കരുതി മാത്രമാണു്.

വേറെ കുറെ അരങ്ങു് കിട്ടിയാലേ ചേതം വരാതിരിക്കൂ. ബിക്കാനീർ, ഉദയപ്പൂർ, പട്യാലാ മഹാരാജാക്കന്മാർക്കും, വൈസ്രോയി-സൈന്യാധിപന്മാർക്കും, ഓരോ അപേക്ഷ കലാമണ്ഡലം പ്രസിഡൻറ്—കവളപ്പാറ ഇളയ നായരവർകൾ—അയയ്ക്കുന്നുണ്ടു്. അപേക്ഷ നിറവേറാൻ താങ്കളും ചെറ്റും ദയാപൂർവ്വം ഒത്താശ ചെയ്യുതന്നെ വേണം; മഹാരാജാക്കന്മാരുടെ കാര്യത്തിൽ വിശേഷിച്ചും. ഇതിൽ താങ്കൾ അതിവേഗത്തിൽ ഏർപ്പാടു തുടങ്ങുമാറാകണം. മടിക്കുകയോ മന്ദിക്കുകയോ ചെയ്യരുതേ!

ബിക്കാനീർ മഹാരാജാവിനെ ഒരു മണിക്കൂറെങ്കിലും കഥകളി കാണിക്കാതെ ഞാൻ കളിയോഗത്തോടുകൂടി മടങ്ങിച്ചെന്നാൽ, താങ്കൾ ഇതിൽ ശ്രദ്ധിച്ചില്ലെന്നു് ആളുകൾ പറഞ്ഞു തുടങ്ങും!

ഇതിൻെറ മറുപടി ഒരു ചുരുങ്ങിയ കമ്പിയായി ഷൊർണ്ണൂർക്കയെപ്പാനപേക്ഷ; സ്പഷ്ടമായ എഴുത്തു പിറകേയും.

ബാക്കി താങ്കളുടെ കമ്പി കിട്ടിയതിനുശേഷം.

സ്വന്തം
വള്ളത്തോൾ

P.S. 15 ആളുകൾക്കു ഡൽഹിയിൽനിന്നും ബിക്കാനീറിലേക്കും അവിടെനിന്നു ഡൽഹിയിലേക്കുമുള്ള വഴിച്ചെലവിന്നും മററും ബിക്കാനീർ കൊട്ടാരത്തിൽനിന്നും കൊടുത്താൽ മതി. ബിക്കാനീറിൽ ഒരു താമസ

Digitized By Kerala Sahitya Akademi

സ്ഥലം ഭക്ഷണാദികൾ എന്നിവയും വേണമെന്നു പറയേണ്ടതില്ലല്ലോ. അരങ്ങു പണത്തിന്റെ കാര്യം ഞങ്ങൾ പറകയില്ല. 'ഭാഗ്യായത്തമനഃപരം' മഹാരാജാവിൻെറ പ്രീതിക്കനുരൂപമായി കല്പിച്ചുതന്നേക്കട്ടെ. പണത്തിനുമീതെ പ്രശസ്തിയില്ലേ?

താങ്കളും കഥകളികണ്ടിട്ടു് കാലം കുറെയായില്ലേ? എൻെറ കളിയോഗം മോശമായിരിക്കില്ല.

*(കത്ത്നമ്പർ 116)*

# കളി തരപ്പെട്ടുത്തണം

വള്ളത്തോൾ

ചെറുതുരുത്തി
11-3-1947

പ്രിയ സുഹൃത്തെ,

ബിക്കാനീർ മഹാരാജാ, ഉദയപ്പൂർ മഹാരാജാ, സർവ്വസൈന്യാധിപൻ എന്നിവർക്കു കലാമണ്ഡലം പ്രസിഡണ്ടു് കഥകളി നടത്താൻ അപേക്ഷിക്കുന്ന ഹരജി അയച്ചിട്ടുണ്ടു്. താങ്കൾ ഈ വിഷയത്തിൽ ശ്രദ്ധവെക്കുന്നില്ലയോ?

കോൺഫ്രൻസിൽ കളി 27-ാംതീയതി ആണു്. അതു കഴിഞ്ഞു 28-ാംതീയതി ഞാൻ കളിയോഗത്തോടുകൂടി അഹമ്മദാബാദിലേക്കുപോകും. അവിടെ 30,31 തീയതികളിൽ കളി നിശ്ചയിച്ചിട്ടുണ്ടു്. അതുകഴിഞ്ഞു് ഏപ്രിൽ രണ്ടാം തീയതിയോ മൂന്നാം തീയതിയോ ബിക്കാനീറിലേക്കു വരട്ടെയോ? ഉദയപ്പൂരിലും ശരിപ്പെടുത്തിതരണേ. വിവരങ്ങൾക്കു് ഒരു കമ്പി സദയം തരുമാറാകണം. ഞാൻ 18-ാം തീയതി രാവിലെ ഇവിടെനിന്നും മദിരാശിക്കു തീവണ്ടി കയറും. 19,20,21 തീയതികളിൽ മദിരാശി കളി നിശ്ചയിച്ചിട്ടുണ്ടു്. 22-ാം തീയതി മദിരാശിയിൽനിന്നു പുറപ്പെട്ടു് 24-ാം തീയതി ഡൽഹിയിൽ എത്തിച്ചേരും. സമയക്കുറവുകൊണ്ടാണു കമ്പി ആവശ്യപ്പെടുന്നതു്.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 116)*

Digitized By Kerala Sahitya Akademi

# ഗുജറാത്തിൽ സ്വീകരണം

വള്ളത്തോൾ

മദിരാശി
10-4-1947

പ്രിയ സുഹൃത്തെ,

ഞാൻ ഡൽഹിയിൽനിന്നു് 1-ാം തീയതി രാത്രിയിൽ അഹമ്മദാബാദിലേക്ക പോയി. പൊടിയും ചൂടും നിറഞ്ഞ മരുഭൂമിയിലൂടുള്ളൊരു യാത്ര, എൻെറ ജലദോഷത്തെ ഒന്നിളക്കിവിടാതിരുന്നില്ല. അഹമ്മദാബാദിലെ ചൂടും അതിദുസ്സഹംതന്നെ. നാലിടങ്ങഴി പച്ചവെള്ളം പതിവായി കുടിക്കേണ്ടിവന്നു.

എന്നെ സ്വീകരിപ്പാൻ ഗുജറാത്തിമാന്യന്മാരുടെ ഒരു സമ്മേളനം 3-ാം തീയതി സന്ധ്യയ്ക്കുണ്ടായി; അതിൽ ഞാൻ അവരുടെ ആവശ്യപ്രകാരം കഥകളിയേപ്പററി ഒരു മണിക്കൂർ നേരം സംസാരിച്ചു. അതു തെല്ലു ഫലിച്ചു എന്നു തോന്നുന്നു; പിറേറന്നു കളി കാണ്മാൻ പല കോടീശ്വരന്മാരും വിദ്വാന്മാരും സകുടുംബം വന്നുചേർന്നു.

ഞാൻ 5-ാം തീയതി രാത്രി അഹമ്മദാബാദു വിട്ടു. 7-ാം തീയതി രാത്രി ഇവിടെ വന്നുചേർന്നു. അപ്പോഴേക്കും എൻെറ ഗ്രഹപ്പിഴകൊണ്ടു് എ. വി. തോമസ്സു് മറെറാരിടത്തേക്ക പോയിക്കഴിഞ്ഞു. അടുത്ത തിങ്കളാഴ്ചയേ (14-ാം തീയതി) തിരിച്ചെത്തുകയുള്ളു. അന്നുവരെ ഇവിടെ താമസിപ്പാൻ നിവൃത്തിയില്ലായ്കയാൽ ഇന്നു ഞാൻ ചെറുതുരുത്തിക്ക പോകുന്നു. 30-ാം തീയതിയോടുകൂടി വീണ്ടും ഇവിടെവന്നു തോമസിനെ കാണാമെന്നാണു് കരുതുന്നതു്.

ആ ചെറുപുസ്തകങ്ങൾ വായിച്ചു കഴിഞ്ഞാൽ ബാലഭ്രപതിക്കയച്ചു കൊടുത്തേക്കണം.

ഹേമചന്ദ്രകാവ്യത്തിൻെറ രണ്ടാംവാള്യം കിട്ടുകില്ലയോ? അതോ അക്കാര്യം താങ്കൾ മറന്നുപോയോ? ഒന്നു ശ്രദ്ധിക്കണേ.

മേയ്മാസം 2-ം, 3-ം തീയതികളിൽ കോഴിക്കോട്ടുവെച്ചു് സാഹിത്യപരിഷൽസമ്മേളനം നടത്താൻ നിശ്ചയിച്ച വിവരം അറിഞ്ഞിരിക്കുമല്ലൊ. ഉൽഘാടനത്തിനു് എന്നെ ക്ഷണിച്ചിരുന്നു. ഞാൻ ഏററുപറഞ്ഞില്ല. അതുകൊണ്ടാവാം, കവിതിലകൻ ശങ്കരൻനമ്പ്യാരുടെ പേരാണു് ഉൽഘാടകനായി നോട്ടീസിൽ കണ്ടതു്. അദ്ധ്യക്ഷന്മാർ, നാലപ്പാടനും, സാക്ഷാൽ മുണ്ടശ്ശേരിയും നാലപ്പാടൻെറ ഷഷ്ടിപൂർത്തി (വരുന്ന കന്നിമാസത്തിൽ) കൊണ്ടാടാൻ മാരാർ സിക്രട്ടറിയായി ഒരു കമ്മിററി കോഴിക്കോട്ടു് ഏർപ്പെടുത്തിയിട്ടുണ്ടു്. അന്നു് ഒരു പണക്കിഴി കൊടുപ്പാൻ പിരിവും തുടങ്ങിയിട്ടുണ്ടു്. നാലപ്പാടനെപ്പററി ഒരു വലിയ പുസ്തകം തയ്യാറാക്കി അച്ചടിപ്പിക്കാനും ശ്രമം നടക്കുന്നു. 'എൻെറ ഷഷ്ടിപൂർത്തികുറെ ച്ചെപ്പാടുണ്ടാക്കാനാണു്, കർമ്മഗതി ഒരുമ്പെട്ടിരിക്കുന്നതു്'' എന്നു്

Digitized By Kerala Sahitya Akademi

നാലപ്പാടൻ എനിക്കെഴുതിയിരുന്നു. 'കണ്ണുനീർത്തുള്ളിപ്രണേതാവിനെ ഷഷ്ടിപൂർത്തിയിൽ ആരാധിക്കാതിരിപ്പാൻ അത്ര കൃതഘ്നരാണോ കേരളീയർ?' എന്നു ഞാൻ മറുപടിയുമയച്ചു. പരിഷൽസമ്മേളനത്തിന്നു ഞാൻ പോകാതിരിക്കാനാണിട; കോഴിക്കോട്ടും മേടമാസച്ചൂടും—എന്നു വിചാരിക്കുമ്പോൾത്തന്നെ എന്റെ ദേഹം വിയർത്തു പോകുന്നു.

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 117)*

# അർബുദഗിരി

വള്ളത്തോൾ

ചെറുതുരുത്തി
29-6-1947
ഞായറാഴ്ച

പ്രിയ സുഹൃത്തെ,

താങ്കൾ ആബുവിൽനിന്നു 23-ാതീയതി അയച്ച മറുപടി ഇന്നലെ ഇവിടെ കിട്ടി. അർബുദഗിരിയാണ്, ആബു എന്നതു് ഇപ്പോഴേ എനിക്കു മനസ്സിലായുള്ളു. ബ്രഹ്മാണ്ഡപുരാണം മുഴുവൻ ഒരാവൃത്തി ഞാൻ വായിച്ചിട്ടുണ്ടെങ്കിലും, അർബുദഗിരി ഓർമ്മയിലുണ്ടായിരുന്നില്ല. 'ശിഷ്യനും മകനും' എന്ന കൃതി ബ്രഹ്മാണ്ഡപുരാണത്തിലേ അതിവിസ്തരമായ ഒരിതിഹാസത്തിന്റെ ചെറുസംഗ്രഹമാണെന്നറിയാമല്ലോ.

വള്ളത്തോൾപ്രസ്സിൽ രണ്ടു മാസത്തിനു മമ്പു പണി ആരംഭിച്ചിരിക്കുന്നു. എന്റെ പഴയ പുസ്തകങ്ങൾ മാത്രമേ അച്ചടിക്കാൻ സാധിക്കുന്നുള്ളു; അഞ്ചാറുപുസ്തകം(ടെക്സ്റ്റും മററും)അച്ചടിച്ചു കഴിഞ്ഞു. വീണ്ടും മറിയവും മററും ഉടനടി തെയ്യാറാക്കേണ്ടിയിരിക്കുന്നു. ഒരു തിരിക്കുന്ന പ്രസ്സും, ചവിട്ടുന്ന പ്രസ്സുമേ വാങ്ങിയിട്ടുള്ളു. ഇവയ്ക്കുതന്നെ പതിനായിരത്തിൽ പുറം ഉറുപ്പികയായി. വെട്ടുപ്രസ്സു വാങ്ങിയിട്ടേ ഇല്ല; അതിന്നു് ഒരു മൂവായിരം ഉറുപ്പ വില വരുമത്രെ. ഉപകരണങ്ങൾ തികയുമ്പോഴേക്കു് 25000ക. തീർച്ച! നാടകങ്ങൾ തെല്ലൊരൊഴിവു കിട്ടിയാൽ അച്ചടിച്ചു തുടങ്ങാം; അവ പുറത്തിറക്കാൻ എനിക്കുമുണ്ടു്, വെമ്പൽ.

നാലപ്പാടന്റെ അമ്മ ഏതാനും നാൾക്കുമുമ്പു മരിച്ചു എന്നു മാതൃഭൂമിയിൽ കണ്ടു. അയാൾ വീണ്ടും രോഗബാധിതനായിരിക്കുന്നു എന്നും കേട്ടു. അയാൾക്കു പകരമായിട്ടാണ്, ഡാക്ടർ കുഞ്ഞൻരാജാവിനെ കോഴിക്കോട്ടു പരിഷദധ്യക്ഷനാക്കിയതു്.

പത്തുകൊല്ലങ്ങൾക്കുമുമ്പ് എന്നെ വിട്ടുപോയ ശിരോമണി മാരാർ മൂന്നുമാസത്തിനുമുമ്പു് എന്റെ അടുക്കൽ വരികയുണ്ടായി! നാലപ്പാടിന്നു ഷഷ്ടിപൂർത്ത്യുത്സവത്തിൽ സമർപ്പിക്കാൻ നിശ്ചയിച്ചിട്ടുള്ള പുസ്തകത്തി

Digitized By Kerala Sahitya Akademi

ലേക്ക്' എൻെറ ഒരു ഉപന്യാസം ആവശ്യപ്പെടാനാണ്'. അയാൾ (കമ്മ റ്റിയുടെ സിക്രട്ടറി അയാളാണ്'; അധ്യക്ഷൻ, ചേലനാട്ടു) വന്നതു'; എനിക്കു കുറെ സ്വാസ്ഥ്യം കിട്ടിയാൽ എഴുതാൻ നോക്കാമെന്നു ഞാൻ മറുപടിയുംപറഞ്ഞു. ഷഷ്ടിപൂർത്തി വക പണപ്പിരിവു പലേടത്തും നടക്കുന്നു ണ്ടത്രേ. 400-ൽപുറം ഉറുപ്പിക മാരാരുടെ കയ്യിൽത്തന്നെ എത്തിക്കഴി ഞ്ഞിരിക്കുന്നു. പണം വേണ്ടുവോളം പിരിയാൻ പ്രയാസമൊന്നുമില്ലെ ന്നാണ്', അയാളുടെ വിശ്വാസം. ഇയ്യിടയിൽ അയാളുടെ വലംകയ്യായി ത്തീർന്നിരിക്കുന്ന മുണ്ടശ്ശേരിയും ശ്രമിക്കുന്നുണ്ടാകാം.

സാഹിത്യപരിഷത്തിൽനിന്ന്' അകന്നകന്നു നിന്നിരുന്ന മുണ്ടശ്ശേരി യായിരുന്നു, കോഴിക്കോട്ടു സമ്മേളനത്തിൽ നാലാമത്തെ അധ്യക്ഷൻ. അദ്ധ്യക്ഷസ്ഥാനം കിട്ടിയതുകൊണ്ടാണ്', വാസ്തവത്തിൽ അയാൾ പോ യതു'! കുഞ്ഞൻരാജാവിൻെറ പ്രൗഢപ്രസംഗത്തെ അയാൾ സഭയിൽ വെച്ചുതന്നെ ആക്ഷേപിക്കുകയും അപഹസിക്കുകയും ചെയ്യാതിരുന്നില്ല. മൂന്നുലക്കം ഒന്നിച്ചു പുറപ്പെട്ട മംഗളോദയത്തിൽ (കുംഭം, മീനം, മേടം) സാഹിത്യപരിഷത്തിൻെറ ഒരു ദീർഘ റിപ്പോർട്ടുണ്ട്';താങ്കൾ വായിച്ചു വോ? അതു' സ്വന്തം പ്രതിനിധി എന്നപേരിൽ അയാൾതന്നെ എഴുതി യതാണ്'. അയാളുടെ പ്രസംഗം മാത്രം മെച്ചപ്പെട്ടു. സകലക്കും രുചിച്ചു; മറ്റൊക്കെ മോശം—ഇതാണ്' റിപ്പോർട്ടിൻെറ ചുരുക്കം. കള്ളപ്പേരിൽ താൻതന്നെ സ്തുതിക്കുക! ലജ്ജാഹീനരായ ഉദ്ധതന്മാർക്ക്' എന്താണ്' ചെയ്തു കൂടാത്തതു'.

താങ്കൾ രാജിവെച്ചു തിരുവിതാംകൂറിലേക്കു തിരിക്കാൻ നിശ്ചയി ച്ചിരിക്കുന്നു എന്നൊരു അപ്രതീക്ഷിതമായ വൃത്താന്തം ഇന്നലെ ഒരു തിരു വിതാംകൂർപ്പത്രത്തിൽ കണ്ടു; ഇതിൽ വല്ല വാസ്തവവുമുണ്ടോ? ഉണ്ടെങ്കിൽ രാജിവെപ്പാൻ ഹേതുവെന്തു'? അത്രയും സ്നേഹമുള്ള മഹാരാജാവു' താങ്കൾ ക്കു യാത്രാനുമതി തന്നേക്കുമോ?

ജോലിത്തിരക്കുണ്ടെങ്കിലും, വിവരങ്ങൾക്കൊക്കെ സദയം മറുപടി തരണം.

സ്വന്തം
വള്ളത്തോൾ
*(കത്തു'നമ്പർ 118)*

# കൊളാടിയുടെ കുട്ടകെട്ട്'

വള്ളത്തോൾ

ചെറുതുരുത്തി
4-9-1947

പ്രിയ സുഹൃത്തെ

ഞാൻ കുറേ നാൾക്കു മുമ്പയച്ച എഴുത്തിന്നു താങ്കൾ മറുപടി അയച്ചി ല്ല! എന്നാലീ എഴുത്തിന്നു എത്രയും വേഗത്തിൽ മറുപടി തരുവാൻ ദയ ചെയ്യണം.

Digitized By Kerala Sahitya Akademi

ഇതൊന്നിച്ചുള്ള വിവരക്കുറിപ്പിലെ മേജർ ജി. കെ. മേനോൻ താങ്കളുടെ ഓർമ്മയിലുണ്ടാകാം. ശ്രീ. കൊളാടിയുടെ ജാമാതാവും, മിലിട്ടറി ഐ. സി എസ്സിനു പോകാൻ താങ്കൾ പ്രശംസാപത്രം കൊടുത്ത ആളുമാണ്. ആ പരീക്ഷ നടക്കുകയുണ്ടായില്ലല്ലോ.

ഈ യുവാവ് ഇന്നത്തെ ഇന്ത്യാഗവണ്മെൻറിൻെറ ഡിപ്പാർട്ടുമെണ്ടുകളിലൊന്നിൽ തക്ക ഒരു ഉദ്യോഗം (മിലിട്ടറിയിൽ 1500 ക. ശമ്പളമുണ്ടായിരുന്നു) കിട്ടാൻ ആഗ്രഹിക്കുന്നു. അതിന്നു് ഏതു ഡിപ്പാർട്ടുമെണ്ടാണ് ഉചിതമെന്നു താങ്കൾ ചൂണ്ടിക്കാട്ടിത്തരുമാറാകണം. ആ ഡിപ്പാർട്ടുമെണ്ടിലേക്കു് ഇയാൾ ഹർജി അയച്ചതിനുശേഷം താങ്കളെ ഞാൻ വിവരമറിയിക്കാം; അപ്പോൾ ഒത്താശകൾ ചെയ്തുകൊടുക്കുന്നതിലും സദയം ശ്രദ്ധിക്കുമാറാകണം.

കൊളാടിയും ഞാനും തമ്മിലുള്ള കൂട്ടുകെട്ട് എത്രയാണെന്നു താങ്കളെ ഞാൻ പലവുരു ധരിപ്പിച്ചിട്ടുണ്ടല്ലോ; അതിനാൽ ഇക്കാര്യം എൻെറ കാര്യംതന്നെയാണ്!

താങ്കളുടെ അമേരിക്കയാത്ര എന്നാണ്? മറുപടി കാത്തുംകൊണ്ടിരിക്കുന്നു.

സ്വന്തം

വി. നാരായണമേനോൻ

*(കത്ത് നമ്പർ 119)*

## ലക്ഷദീപം കാണാനാശ

വള്ളത്തോൾ

ചെറുതുരുത്തി

8-1-1948

പ്രിയ സുഹൃത്തെ,

കഴിഞ്ഞ മാസത്തിലയച്ച ഹ്രസ്വമായ എഴുത്തു കിട്ടി. അതിൽ, താങ്കൾ 'നാളെ അമേരിക്കയ്ക്കു പോക'മെന്നാണല്ലോ എഴുതിയിരുന്നതു്. എന്നാൽ, ഇന്നലെ കലാമണ്ഡലത്തിൽ കഥകളി കാണാൻ വന്ന ദേശമംഗലം ശ്രീ. നമ്പൂരിപ്പാട്ട പറഞ്ഞു, താങ്കളീ മാസത്തിൽ ഗുരുവായൂരിൽ തൊഴാനും മററുമായി സ്വദേശത്തേക്കു വരുമെന്നു്. അദ്ദേഹത്തിന്നു് ഇന്നലെ താങ്കളുടെ എഴുത്തു കിട്ടിയിട്ടുണ്ടെന്നു്. അമേരിക്കയാത്ര പെട്ടെന്നു് ഉപേക്ഷിക്കുകയാണോ, ഉണ്ടായതു്?

എങ്ങനെയായാലും, താങ്കൾ സ്വദേശത്തേക്കു വരുന്നതെന്നാണെന്നു് എന്നെ അറിയിക്കുമാറാകണം. കലാമണ്ഡലം-വള്ളത്തോൾ ഗ്രന്ഥാലയസന്ദർശനവും താങ്കളുടെ പ്രോഗ്രാമിൽ ഉൾപ്പെടുത്തണമെന്നും ഞാൻ അപേ

Digitized By Kerala Sahitya Akademi

ക്ഷിക്കുന്നു. പ്രചാരം തീരെ നിന്നുപോയ രാമായണം ആട്ടക്കഥകൾ കലാമണ്ഡലത്തിൽ പഠിപ്പിച്ചു പോരുന്നുണ്ട്; അവയിലൊന്നു താങ്കൾ കാണുകതന്നെ വേണമെന്നു ഞങ്ങൾക്കാഗ്രഹമുണ്ട്. അഥവാ, താങ്കൾക്ക് ഇത്തവണ ഇവിടെ വന്നുപോകാൻ സമയമില്ല എങ്കിൽ, താങ്കളെ ഞാൻ എവിടെവെച്ചു കാണണം? കാണാതെ കഴിയില്ല, തീച്ച!

കോയമ്പത്തൂരിൽനിന്നു കോഴിക്കോട്ടേയ്ക്കു മാററി അയയ്ക്കപ്പെട്ട ബാലന്നു ശമ്പളക്കൂടുതൽ കിട്ടുമാറാക്കണമെന്നു ഞാൻ മുമ്പേത്തെ എഴുത്തിൽ അപേക്ഷിച്ചിരുന്നുവല്ലൊ;അവനും എഴുത്തു മുഖേന താങ്കളോടപേക്ഷിച്ചിരുന്നു. അതു മറന്നുപോയോ? ബിക്കാനീർ ബാങ്കിൻെറ ജനറൽ സിക്രട്ടറിയോടു താങ്കൾ ഒരു വാക്കു പതുക്കെപ്പറഞ്ഞാൽ മതിയല്ലോ ഇക്കാര്യം ശരിപ്പെടാൻ, അതു സദയം ചെയ്യാൻ ഇനിയും വൈകരുതേ!

ഈ മാസം 14-ാം തീയതിയാണ് തിരുവനന്തപുരത്തു ലക്ഷദീപം. അതു കാണാനായി, 12-ാംതീയതി ഞാൻ തിരുവനന്തപുരത്തേക്കു പോകും. 20-ാംതീയതിയോടുകൂടി തിരിച്ചെത്തും. ലക്ഷദീപം ഞാൻ കണ്ടിട്ടില്ല; ഇയ്യാണ്ടിലും കാണാഞ്ഞാലോ? എനിക്കു 69 ആയില്ലേ, വയസ്സ്? ലക്ഷദീപം മേലിൽ ഉണ്ടായില്ലെന്നും വരാമല്ലോ. തിരുവിതാംകൂർ ഗവണ്മെൻറിൻെറ അതിഥിയായിട്ടാണ്, ഞാൻ പോകുന്നതു്; ഈ 'ഊററം' എനിക്കു കിട്ടിയതു്, ഒരു നേരിയ പരിചയം മാത്രമുള്ള ഇന്നത്തെ ദിവാൻജിയുടെ ദയകൊണ്ടാണെന്നു തോന്നുന്നു. അദ്ദേഹത്തിൻെറ പ്രൈവററ് കത്തും ഉണ്ടായിരുന്നു.

പൊന്നുതമ്പുരാനോട്, പണ്ട് സർ സി. പി. ഏററ ധനസാഹായ്യം ഞാൻ നേരിട്ടപേക്ഷിച്ചു നോക്കിക്കളയാം; തിരുവുള്ളമുണ്ടായാലായി!

ത്രിപുരദഹന ഡിമത്തിൻേറയും അച്ചടി കഴിഞ്ഞു. ബൈണ്ടുചെയ്തു തയ്യാറായിട്ടില്ല. ഇതിൻെറ മുഖവുര ഡാക്ടർ സി. കുഞ്ഞൻരാജാവിൻേറതാണ്. ബാലഭൂപതിയെ ഞാൻ, ഡിസംബറിൽ മദിരാശി മലയാളിക്ലബ്ബിൻെറ കനകജൂബിലിക്കു ചെന്നപ്പോൾ കാണുകയുണ്ടായി. അദ്ദേഹമിപ്പോൾ സംസ്കൃതകവിതകൾ തെരുതെരെ എഴുതുന്നുണ്ട്.

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ120)*

# മകൻെറ ഉദ്യോഗം

വള്ളത്തോൾ

ചെറുതുരുത്തി
5-6-1949

പ്രിയ സുഹൃത്തെ,

താങ്കളേയും സ്റ്റാഫിനേയും യാതൊരസ്വാസ്ഥ്യവും ബാധിച്ചിട്ടില്ലെന്നു താങ്കളുടെ പ്രസ്താവന (പത്രങ്ങളിൽ) കൊണ്ടുതന്നെ അറിഞ്ഞതിൽ ഞങ്ങളൊക്കെ തുലോം സമാശ്വസിക്കുന്നു.

Digitized By Kerala Sahitya Akademi

താങ്കൾക്ക ഞാൻ അഞ്ചാം (ഒടുവിലെ)ഗഡുവിൽ തരേണ്ടുന്ന 600 ക. ഇവിടെ തയ്യാറുണ്ട്, ഈ സംഖ്യ കഴിഞ്ഞാണ്ടിൽ ചെയ്തപോലെതന്നെ ബിക്കാനീർ ബാങ്കിൽ ചെക്കായി ഏല്പിച്ചാൽ മതിയോ? പോരായെങ്കിൽ, എങ്ങനെ ഏതു വഴിയായി താങ്കളുടെ അടുക്കൽ എത്തിക്കേണ്ടു?

താങ്കൾ ജൂലൈമാസത്തിൽ ഇന്ത്യയ്ക്കു വരുമെന്നും, രണ്ടുമൂന്നു മാസം താമസിക്കുമെന്നും എഴുത്തിൽ കാണിച്ചിരുന്നുവല്ലോ; ആ വരവിലെങ്കിലും, താങ്കളെ കാണാൻ എനിക്കു തരം വരുത്തുമെന്നു ആശിക്കുന്നു.

ഒരായിരം കൂട്ടമുണ്ട്, നമുക്കു തമ്മിൽ സംസാരിപ്പാൻ. താങ്കളുടെ മകൻ ഉദ്യോഗം വഹിപ്പാൻ ലണ്ടനിലേക്കു പോയിക്കഴിഞ്ഞുവോ? തത്രഭവതിക്കും എൻെറ വന്ദനമുണ്ട്.

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 121)*

# തീറുകൊടുത്ത ഗ്രാമസൗഭാഗ്യം

വള്ളത്തോൾ

ചെറുതുരുത്തി
15-11-1949

പ്രിയ സുഹൃത്തെ,

താങ്കൾ സദയം അയച്ച മറുപടി കിട്ടി. 600 ക. യുടെ ഒരു ചെക്ക് ഇന്നലെ രജിസ്റ്റർ ചെയ്തു ബിക്കാനീർ ബാങ്കിലേക്കയച്ചിട്ടുണ്ട്. ഇതോടുകൂടി, ഞങ്ങൾ താങ്കൾക്കു തരേണ്ടുന്ന സംഖ്യ അവസാനിച്ചുവല്ലോ; മാധവിയമ്മ എഴുതിത്തന്ന കടച്ചീട്ട് ഇങ്ങോട്ടു തിരിച്ചയച്ചേക്കണം.

താങ്കൾ കോഴിക്കോട്ടു താമസിക്കുന്ന ദിവസങ്ങളിൽ ഞാനും ഒന്നിച്ചു കൂടാം. നമ്മുടെ മനോരാജ്യത്തിലെ 'മലയാളം' കാവ്യമെഴുതണമെങ്കിൽ, എനിക്കും അവിടങ്ങളിൽ ദേശപരിജ്ഞാനം ആവശ്യമാണല്ലോ. താങ്കൾ ഡിസംബറിൽ കോഴിക്കോട്ടു വരിക എപ്പോളാണെന്നു തീർച്ചയായാൽ, അതെന്നെ ഉടനടി അറിയിക്കുമാറാകണം.

ഡിസംബർ പകുതിക്കു ഞാൻ തിരുവനന്തപുരത്തു ചെല്ലാമെന്ന്, തിരുവിതാംകൂർ യൂണിവേഴ്സിററിക്കാരോടു സമ്മതിച്ചിട്ടുണ്ട്. അവർ ഒരു മംഗളപത്രവും മററും തരാൻ ഒരുങ്ങിയിട്ടുണ്ടത്രെ.

9-ാംതീയതി കലാമണ്ഡല വാർഷികയോഗം പതിവിലേറെ കേമമായി. തിരുവനന്തപുരക്കാരികളായ ലളിതാ-പത്മിനി-രാഗിണിമാരുടെ ഡാൻസും മററുമുണ്ടായിരുന്നു.

'ഹാലഗാഥാ സപ്തശതി' എന്നൊരു പ്രാകൃതഭാഷാകാവ്യം താങ്കൾ

Digitized By Kerala Sahitya Akademi

വായിച്ചിട്ടുണ്ടോ? ഈ പുസ്തകം ഇന്നു സുദുർലഭമായിരിക്കുന്നു. ഇതു് അതി ഗംഭീരവും, അമരുകശതകത്തെപ്പോലും അതിശയിക്കുന്നതുമായ ഒരു ശൃംഗാരകാവ്യമാണു്. മണിമേടയില്ല, മലക്കാവില്ല; വെറും ഗ്രാമങ്ങളിലെ ശൃംഗാരം! അകൃത്രിമരമണീയം! ഇതു ഞാൻ തർജ്ജമ ചെയ്തുവെച്ചിരിക്കുന്നു, അച്ചടിയെപ്പററി തീരുമാനമൊന്നുമായിട്ടില്ല. ക്ഷേമേന്ദ്രന്റെ 'ബോധിസത്ത്വാപദാനകല്പലത' പരിഭാഷപ്പെടുത്തിയതു 4000 ക. യ്ക്കു തിരുവിതാംകൂർ യൂണിവേഴ്സിററിക്കു തീറുകൊടുത്തു; ഏറെ വൈകാതെ പുറത്തു വരുമെന്നു തോന്നുന്നു. ക്ഷേമേന്ദ്രകൃതികളിൽ അതിപ്രധാനം ഇതാണെന്നു ചിലരഭിപ്രായപ്പെടുന്നു.

ഹാലഗാഥാസപ്തശതി താങ്കളെ കാണിപ്പാൻ എനിക്കു വെമ്പൽ തോന്നുന്നു.

ബാലന്റെ കാര്യം ഓർമ്മയിൽ വയ്ക്കണേ; ജോലിത്തിരക്കിൽ മറന്നു പോകരുതു്.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 122)*

# കൈച്ചീട്ട്

വള്ളത്തോാം — ചെറുതുരുത്തി
3-12-1949

പ്രിയ സുഹൃത്തെ,

കൈച്ചീട്ടു് തിരിയെ അയച്ചതു് ഇന്നലെ കിട്ടി.

താങ്കളുടെ 'ഇങ്കിലാബ് സിന്ദാബാദ്' (മാതൃഭൂമി ആഴ്ചപ്പതിപ്പിൽ) മനോഹരാന്മനോഹമായ ഒരു കൃതിതന്നെ. പണിക്കു തക്ക കൂലി കിട്ടാതെ പട്ടിണിപ്പാടിൽ കടിക്കുന്ന പാവങ്ങാം ഭൂഗോളത്തിന്റെ ഏതു ഭാഗത്തും അവിശേഷേണ കാണപ്പെടുമെന്ന പച്ചപ്പരമാർത്ഥത്തെ ഇത്രയും പുതുമയിലും പൊലിമയിലും പാടുക തെല്ലും സുസാധമല്ല!

എന്റെ പഴയ സുഖക്കേടുകാം ഒരു മൂന്നാഴ്ചയ്ക്കിപ്പുറം തല പൊക്കിത്തുടങ്ങിയിരിക്കുന്നു. ഒരാഴ്ചവട്ടത്തോളം കിടപ്പിൽത്തന്നെയായിപ്പോയി. ഇപ്പോാം ചികിത്സയിലും പൂർണ്ണവിശ്രമത്തിലുമിരിക്കയാണു്. അസ്വാസ്ഥ്യങ്ങാം പതുക്കെപ്പതുക്കെയേ ശമിക്കുന്നുള്ളു. അതിനാൽ, ചികിത്സ എത്രനാാം വേണ്ടിവരുമെന്നറിഞ്ഞുകൂടാ.

താങ്കാം 10-ാംതീയതിക്കുതന്നെ കോഴിക്കോട്ടെത്തുമോ? താങ്കളോടൊന്നിച്ച കോഴിക്കോട്ടു താമസിച്ചാൽ ഞാനാശിച്ചതു നിറവേറുകില്ല.

Digitized By Kerala Sahitya Akademi

ചികിത്സ വിടുന്നതു സാഹസമാകുമല്ലോ. താങ്കളെ ഞാൻ എന്ന് എവിടെവെച്ചു കണ്ടെത്തും? കാണാതെ കഴിയില്ല!

താങ്കൾ സ്വദേശത്തു വരുമ്പോൾ കലാമണ്ഡലം ഒന്നു സന്ദർശിക്കേണ്ടയോ? പുതിയ കഥകളി സന്ധ്യയ്ക്കു രണ്ടുമൂന്നു മണിക്കൂർ നേരം നടത്താം. കഥകളിയെ സംബന്ധിച്ചിടത്തോളം, കലാമണ്ഡലം ഉയർന്നുതന്നെ നില്ക്കുന്നു.

താങ്കളുടെ സ്വദേശ പര്യടനപരിപാടി തീർച്ചപ്പെടുത്തിക്കഴിഞ്ഞാൽ, വിവരം ദയചെയ്ത് എന്നെ അറിയിക്കുമാറാകണം.

ശ്രീ. ഗൗരിയമ്മ ഡെറാഡൂണിലേക്കു പോയിരുന്നതു സുഖവാസത്തിന്നോ? അതോ, മൂത്തമകൾ ഡെറാഡൂണിലാണോ? ശ്രീ. ദേവകിയും മററും താങ്കളുടെ അടുക്കൽത്തന്നെയില്ലേ? എല്ലാവർക്കും കുശലംതന്നെയാണല്ലോ.

ബാലനു വല്ല വഴിയും തുറന്നു കിട്ടുമോ?

സ്വന്തം

വി. നാരായണമേനോൻ

(കത്ത് നമ്പർ 123)

# കലാമണ്ഡലസന്ദർശനം

വള്ളത്തോൾ

ചെറുതുരുത്തി
5-12-1949

പ്രിയ സുഹൃത്തെ,

താങ്കൾ നാളെ എറണാകുളത്തു സാഹിത്യ പരിഷത്തിന്റെ സല്ക്കാരം സ്വീകരിപ്പാൻ സന്നിഹിതനാകുമെന്ന് ഇന്നു സിക്രട്ടറിയുടെ എഴുത്തു കൊണ്ട് അറിഞ്ഞതിനാലാണ് ഞാൻ ഈ എഴുത്തെഴുതുന്നത്.

ഞാൻ കുറേ സുഖക്കേടിലും ചികിത്സയിലുമാണ്. അതുകൊണ്ടു നാളെ എറണാകുളത്തു വന്നു താങ്കളെ കാണാൻ തരമില്ലാത്തതിൽ വ്യസനിക്കുന്നു.

താങ്കൾ സ്വഗൃഹത്തിൽ പോയി മടങ്ങുമ്പോൾ യാത്ര ദയചെയ്ത് ഈ വഴിക്കാകുമോ? കലാമണ്ഡലം സന്ദർശിപ്പാൻ ക്ഷണിക്കുന്നതായ ഒരെഴുത്ത് എന്റെ ഒരെഴുത്തോടുകൂടി ഡൽഹിക്കയച്ചതു താങ്കൾ കണ്ടിട്ടില്ലായിരിക്കും. അതിനാൽ ഞാൻ വീണ്ടും ക്ഷണിക്കുന്നു; താങ്കളുടെ യാത്രാപരിപാടിയിൽ കലാമണ്ഡല സന്ദർശനവും ഉൾപ്പെടുത്തേണമെന്ന്.

Digitized By Kerala Sahitya Akademi

വിവരങ്ങറംക്കൊക്കെ തീച്ചമറുപടി താങ്കറം എറണാകളം വിടുന്ന തിന മുമ്പുതന്നെ സദയം അയച്ചാൽ അധികം നന്നു്.

ആ കയ്ചീട്ടു് തിരിച്ചയച്ചതു ഇവിടെ കിട്ടിയിരിക്കുന്നു.

സ്വന്തം
വി. നാരായണമേനോൻ

P.S ഞാൻ പണ്ടു ചൈനസ്സുയച്ചതും ഇന്നിവിടെ മടങ്ങിവന്നതുമായ എഴുത്തിതിൽ അടക്കം ചെയ്യുന്നു.

(കത്തു്നമ്പർ 124)

# പരിഷത്തിൻെറ ഉപചാരം

വള്ളത്തോറാം

ചെറുതുരുത്തി
24-12-1949

പ്രിയ സുഹൃത്തെ,

താങ്കറം 13-ാം നം- മദിരാശിയിൽ നിന്നയച്ച എഴുത്തു് 15-ാം നം- ഇവിടെ കിട്ടി. ഞാൻ എറണാകളത്തേക്കയച്ച എഴുത്തു് എറണാകളത്തു വച്ചുതന്നെ കിട്ടിയിരിക്കുമല്ലോ; താങ്കറം ഡൽഹി വിടുന്ന അവസരത്തിൽ, ഞാൻ ഇംപീരിയൽ ഹോട്ടലിലേക്കയച്ച എഴുത്തുകളും ഡൽഹിയിൽ തിരിച്ചെത്തിയപ്പോറം കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു.

ഹൈമവതിയുടെ വിവാഹം അടുത്ത ജനുവരിമാസത്തിൽ നടക്കുമെന്നു കണ്ടു് സന്തോഷിക്കുന്നു; വരനാരാണെന്നു മനസ്സിലായില്ല; ദേവകിയുടെ അനുജത്തിയല്ലയോ ഹൈമവതി? വിവാഹം പ്രമാണിച്ചു് മദിരാശിയിൽ താമസിക്കുന്ന കാലത്തു് ഇവിടെ ഒന്നു വന്നു പോകുവാൻ താങ്കറംക്കു് തരം കിട്ടില്ലായെങ്കിൽ, ആ വിവരം മുൻകൂട്ടി എന്നെ അറിയിപ്പാൻ ദയയുണ്ടാകണം; ഞാൻ മദിരാശിയിൽ വന്നു കണ്ടുകൊള്ളാം. എങ്ങനെയെങ്കിലും, ഒന്നു കാണാൻ വൈകി!

ഇന്നലെ നമ്മുടെ ശ്രീ. കെ.ടി. കമ്മാരൻനമ്പ്യാർ ഗുരുവായൂക്ക പോകുന്ന വഴിക്കു് (താങ്കളും ഗുരുവായൂരിലും പോകയുണ്ടായി എന്നു പത്രത്തിൽ കണ്ടു.) ഇവിടെ വന്നിരുന്നു. ഞങ്ങളിരുവരുംകൂടി ദേശമംഗലത്തു മനയ്ക്കൽ പോയി നമ്പൂതിരിപ്പാടിനെ കണ്ടു. ഹൈമവതീവിവാഹവാത്ത ഞാനിവരെ അറിയിച്ചു. നമ്പ്യാക്ക മകരം 10-ാം നം-മുതൽ 5 ദിവസം സ്വന്തം അമ്പലത്തിലൊരു അടിയന്തിരം നടത്താനുള്ളതുകൊണ്ടു്, അന്നു കൂടാളി വിടുവാൻ നിവൃത്തിയില്ലത്രെ. നമ്പൂതിരിപ്പാട്ടു് ഇന്നു് താങ്കറംക്കു് ഒരെഴുത്തയയ്ക്കുമെന്നു പറഞ്ഞു.

Digitized By Kerala Sahitya Akademi

താങ്കൾ സാഹിത്യപരിഷത്തിന്റെ ഉപചാരം സ്വീകരിച്ചതു സന്തോഷകരമായി. എൻെറ സുഖക്കേടു മൂലമാണ് അന്നു ഞാൻ എറണാകുളത്തേക്കു പുറപ്പെടാഞ്ഞതു് (സുഖക്കേടിപ്പോഴും മുഴുവൻ വിട്ടിട്ടില്ല; ഒരു വിദഗ്ദ്ധ ഡാക്ടരുടെ ചികിത്സ നടക്കുന്നുണ്ടു്.); സാഹിത്യപരിഷത്തിൽ താങ്കൾ പ്രസംഗിച്ചതിൻെറ ചുരുക്കം പത്രങ്ങളിലുണ്ടായിരുന്നു. പുരോഗമന സാഹിത്യത്തെപ്പററി സംസാരിച്ചതു വിശേഷിച്ചും സന്ദർഭോചിതമായി. ലാക്കോളേജ് പ്രസംഗവും പത്രങ്ങളിൽ ചേർക്കപ്പെട്ടിരുന്നു.

ഇതിൻെറ മറുപടിയിൽ താങ്കളുടെ മദിരാശി മേൽവിലാസം കാണിച്ചാൽ നന്നു്.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു്നമ്പർ 125)*

# കമലയുടെ കമിതാവു്

വള്ളത്തോൾ ചെറുതുരുത്തി
26-5-1950

പ്രിയ സുഹൃത്തെ,

താങ്കൾ നിർബാധം ചീനത്തെത്തിച്ചേർന്നതും മററും പത്രങ്ങളിൽ കണ്ടു സന്തോഷിക്കുന്നു.

ഞാൻ ഈ 14-ാം നു- കോഴിക്കോട്ടു് റേഡിയോ ഉദ്ഘാടന മഹോത്സവത്തിലെ കവിസമ്മേളനം തുറക്കാൻ പോയിരുന്നു. അവിടെവച്ചു് താങ്കളുടെ മകനെ കണ്ടു, വളരെ നേരം സംസാരിച്ചു. മധുവിനെ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിപ്പിപ്പാൻ അച്ഛനമ്മമാർ ആലോചിച്ചു തുടങ്ങിയിട്ടുണ്ടെന്നും മധു സലജ്ജം പറഞ്ഞില്ലെന്നില്ല.

എൻെറ ഇളയ മകൾ വാസന്തിയുടെ വിവാഹം (വരൻ അകന്ന താവഴിയിലെ ഒരു ഭാഗിനേയനാണു്.) അടുത്ത ജൂൺ 14-ാം നു- രാവിലെ ചുരുക്കത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു. മൂത്ത മകളുടെ മകൾ കമലയും വിവാഹപ്രായത്തിലെത്തിയിരിക്കുന്നു; തക്ക ഒരു വരനെ കിട്ടുന്നില്ല! കിട്ടിയാൽ രണ്ടു് അടിയന്തിരം ഒന്നിച്ചു നടത്താമായിരുന്നു; എന്നാൽ തൽക്കാലം വഴി കാണുന്നില്ല. തത്ര ഭവതിയേയും ഈ വിവരം അറിയിക്കുമല്ലോ. കമലയുടെ കമിതാവു് എവിടെയോ, ഏതൊരുവനോ!

അന്നു മദിരാശിയിൽവച്ചു് സംസാരിച്ചതിൽവണ്ണം 'കേരളോപഹാരം' എസ്. കെ നായർ ഡൽഹിക്കയച്ചു തന്നുവോ? 'ഹാലഗാഥാസപ്തശതി'യിലെ പദ്യങ്ങളുടെ തർജ്ജമ വായിച്ചുവോ? വായിച്ചുവെങ്കിൽ അഭിപ്രായമെന്താണു്? ആ പുസ്തകം പുറത്താക്കുക എങ്ങനെ എന്നന്വേഷിക്കുകയാണിപ്പോൾ.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു്നമ്പർ 126)*

Digitized By Kerala Sahitya Akademi

# ചീന—മാനവസ്വർഗ്ഗം

വള്ളത്തോൾ

ചെറുതുരുത്തി
29-6-1950

പ്രിയ സുഹൃത്തെ,

12-ാം നം- ത്തെ എഴുത്ത് 26-നു- ഇവിടെ കിട്ടി. മാനവസ്വർഗ്ഗമായ ചീനരാജ്യം കാണ്മാൻ എനിക്കുള്ള കൊതിയെ താങ്കളുടെ ഈ എഴുത്ത് നൂറിരട്ടിയാക്കി. കാശു കയ്യിലില്ലാത്തവൻ എന്തു ചെയ്യും!

ഒരു മാസത്തിനു മുമ്പേ എസ്. കെ. നായരെ ആലുവാസ്സുട്ടത്ത ഒരിടത്തു് ഒരു സമ്മേളനത്തിൽവച്ചു ഞാൻ കണ്ടെത്തി. 'കേരളോപഹാരം' താങ്കൾക്കയച്ചു എന്നാണയാൾ പറഞ്ഞതു്. 'സപ്തശതി' തർജ്ജമയുടെ രണ്ടു ശതകം ഒരു സ്നേഹിതന്റെ പക്കലും, അഞ്ചു ശതകം മററൊരു സ്നേഹിതന്റെ പക്കലുമാണ്. വേറെ കോപ്പി ഇല്ലാതാനും. അവരിൽനിന്നു പുസ്തകം വാങ്ങി ഒരു ശതകം പകർത്തിച്ചു് താങ്കൾക്കയച്ചുകൊള്ളാം. താങ്കൾ അതു വായിക്കണമെന്ന് എനിക്കുമുണ്ടു്, അതിയായ താല്പര്യം.

ശ്രീ. മധുവിന്റെ വിവാഹം തീർച്ചപ്പെടുത്തിക്കഴിഞ്ഞുവോ? താങ്കൾ വധുവിനെ തേടുന്നു. ഞാനോ, എന്റെ മൂത്ത മകളുടെ മകളായ കമലസ്സ്— സ്കൂൾഫൈനൽക്കാരി, കുറേശ്ശെ ഡാൻസുമറിയാം, വയസ്സു പത്തൊമ്പതു്—ഒരു വരനെ തേടിക്കൊണ്ടിരിക്കയാണ്. 'വിവാഹം തീർച്ചപ്പെടുത്തുന്നതു സ്വർഗ്ഗത്തിൽവെച്ചാ'ണെന്നൊരു ചൊല്ലുണ്ടല്ലൊ ഇംഗ്ലീഷിൽ. ജഗൽപ്പിതാവു തീരുമാനിച്ച ആളെ നമുക്കു കണ്ടുകിട്ടുമെന്നു സമാശ്വസിക്കാം.

എന്റെ ഇളയ മകൾ വാസന്തിയുടെ വിവാഹം ഈ മാസം പതിന്നാലാം തീയതി നടക്കുമെന്നു ഞാൻ താങ്കൾക്കെഴുതിയിരുന്നുവല്ലൊ. വരൻ എന്റെ ഒരകന്ന ഭാഗിനേയനാണ്. ഇവൻ കൽക്കത്തയിൽ ഒരു കമ്പനിയിലായിരുന്നു. ഇപ്പോൾ ജോലി ഒന്നുമില്ല. തക്ക ജോലി വാങ്ങിക്കൊടുക്കാമെങ്കിൽ എന്റെ ദൗഹിത്രിയെ പരിഗ്രഹിക്കാമെന്ന് തിരുവിതാംകൂർ മൂന്നു നാലു ബി. എൽക്കാരായ യുവാക്കന്മാർ പറയുന്നുണ്ടത്രെ. അവരിൽ ആരേയും ഞാൻ അറിയില്ല. ഞാനെങ്ങനെ ഉദ്യോഗം വാങ്ങിക്കൊടുക്കും? നമ്മുടെ ബാലൻ കയ്യും വീശി നടക്കുകയായിരുന്നുവല്ലൊ. ഇപ്പോൾ ശ്രീ സോഫിയാ വാഡിയായുടെ ശ്രമത്താൽ ബോംബയിൽ ഒരമേരിക്കൻ ബുക്ക്ഷാപ്പിൽ ഒരു ക്ലാർക്കായിരിക്കുന്നു. ഇരുനൂറു ക. യേ ശമ്പളമുള്ളൂ. ഈ ജൂൺ ആദിയിലാണു ചേർന്നതു്. വൈകാതെ കൂടുതൽ ശമ്പളം കിട്ടുമെന്നാണ് സോഫിയായുടെ അഭിപ്രായം. വി. പി. മേനോൻ, കെ. പി. എസ് മേനോൻ, കെ. എം. വള്ളോടി, കെ. ആർ. കെ. മേനോൻ മുതലായ വൻകിടക്കാരോടു ഞാൻ പലവുരു അപേക്ഷിച്ചിട്ടും ബാലന്ന് ഒരു ജോലി നൽകപ്പെടുകയുണ്ടായില്ല.

Digitized By Kerala Sahitya Akademi

ഹേമചന്ദ്രകാവ്യത്തിന്റെ എല്ലാ വാള്യങ്ങളും കിട്ടാൻവേണ്ടി ഞാൻ മദിരാശി ഗവർണക്കു് ഒരെഴുത്തയച്ചിരുന്നു. മറുപടി അനുകൂലമാണു്. എന്നാൽ ബുക്കുകൾ കിട്ടിയില്ല. ആറു മാസമായി! അതിന്റെ രണ്ടു വാള്യമേ അന്നു ബിക്കാനീറിൽവച്ചു ഞാൻ വായിച്ചിട്ടുള്ളൂ. താങ്കളുടെ പക്കൽ എല്ലാ (10) വാള്യങ്ങളുമുണ്ടോ?

എന്റെ ജലദോഷപീഡകൾ ഈയിടയിൽ ഏറിച്ചമഞ്ഞിരിക്കുന്നു. പത്തു ദിവസത്തിനു മുമ്പേ ഒരു പുതിയ ചികിത്സ തുടങ്ങിയിട്ടുണ്ടു്.

ശ്രീ. ദേവകി അമേരിക്കയ്ക്കു പോയോ?

സ്വന്തം
വള്ളത്തോൾ
(*കത്തു്നമ്പർ 127*)

# ഒന്നാംതരം 72-കാരൻതന്നെ

വള്ളത്തോൾ

ചെറുതുരുത്തി
2-9-1950

പ്രിയ സുഹൃത്തെ,

ഞാനിതിനുമുമ്പു് എയർമെയിൽ കവറിലയച്ച എഴുത്തു് അവിടെ എത്തിയിരിക്കുമല്ലോ. 'ഹാലഗാഥാ സപ്തശതി'യുടെ പകപ്പു് തിരിച്ചു കിട്ടാൻ വൈകി! തിരിച്ചു കിട്ടിയപ്പോൾ പകർത്തെഴുതാൻ ആരെയും കിട്ടിയില്ല. ഒടുവിൽ ഒരു ഹൈസ്കൂൾകുട്ടിയെക്കൊണ്ടു് കഷ്ടിപിഷ്ടിയായി ഒരു ശതകം പകർത്തിച്ചതു് ഇതൊന്നിച്ചയയ്ക്കുന്നു. പകപ്പു അയച്ചിട്ടില്ല. 9 ക. കൂലി വേണമെന്നു തപാൽക്കാർ പറയുന്നു; അതിൽത്തന്നെ അവർക്കു തീർച്ചയറിഞ്ഞുകൂടാതാനും. എങ്ങനെ അയയ്ക്കണം എന്ന വിവരം സദയം മറുപടിയിൽ കാണിച്ചാൽ അങ്ങനെ അയച്ചുകൊള്ളാം. ഒരു ടിപ്പണിയുമുണ്ടു്; എന്നാൽ ഇത്തരം ലഘുവിവരണം പോരാ, ഗാഥകളുടെ ഗാംഭീര്യം വെളിപ്പെടുത്താൻ. ഹൃദയം ആഴത്തിലുള്ള ചെല്ലുകതന്നെ വേണം. വെറും ഗ്രാമീണരുടെ ശൃംഗാരവിലാസങ്ങൾ ഇത്രയും വികാരജനകമായി അസഭ്യത പററാതെ പ്രതിപാദിക്കുക സാധാരണ കവികൾക്കു സാദ്ധ്യമല്ലതന്നെ. കാവ്യത്തിന്റെ നിസ്തുല്യമായ കാമനീയകംതന്നെയാണു്, ഈ കിഴവനെ തജ്ജമക്ലേശമനുഭവിപ്പാൻ പ്രേരിപ്പിച്ചതു്.

ഈ പുസ്തകം തിരുവിതാംകൂർ യൂണിവേഴ്സിററിക്കയച്ചു നോക്കി; ശൃംഗാരമാകയാൽ സ്വീകരിക്കപ്പെട്ടില്ല. യൂണിവേഴ്സിററിക്കാർ സന്യാസികളായിരിക്കാം! എങ്ങനെ പുറത്തിറക്കേണ്ടു എന്നാലോചിക്കുകയാണിപ്പോൾ. വള്ളത്തോൾപ്രസ്സിൽ ഗ്രന്ഥാലയപുസ്തകങ്ങൾ (സ്റ്റോക്കു് തികയ്ക്കാൻ) ഒന്നിനു പുറമെ മറെറാന്നായി അച്ചടിച്ചുപോരണം; പുതിയ പുസ്തകത്തിനു് ഇടംകിട്ടില്ല. പണമില്ലായ്മയും ഒരു വലിയ പ്രതിബന്ധം

Digitized By Kerala Sahitya Akademi

തന്നെ! ഈ പ്രാചീനഗ്രന്ഥം കൈരളിക്ക കിട്ടിയില്ലെങ്കിൽ, അതു് അവളുടെ ഭാഗ്യദോഷം! മൂലപുസ്തകംതന്നെ സുദുർല്ലഭമോയിത്തീന്നിരിക്കുന്നു.

താങ്കൾ അടിയന്തിരമായി ഒരിക്കൽകൂടി എന്നെ പണംകൊണ്ടു സഹായിക്കേണ്ടിയിരിക്കുന്നു. ഒരയ്യായിരം ഉറുപ്പികയുടെ ഒരു ചെക്കു് ഈ എഴുത്തു് വായിച്ചു കഴിഞ്ഞാലപ്പോൾ എനിക്കയച്ചുതരാൻ ദയവുണ്ടാകണം. ചെക്ക മാറി പണം കൈവന്ന തീയതിക്ക മുമ്പത്തെപ്പോലെ ഒരു കടച്ചീട്ടു് എന്റെ ഭാര്യയെക്കൊണ്ടെഴുതിച്ചു് അങ്ങോട്ടയച്ചുകൊള്ളാം. ബാങ്കപലിശയും (കൊല്ലത്തിൽ 100-ന്നു് $3\frac{1}{2}$ ക. വീതം) മുറയ്ക്കു ഞങ്ങൾ തന്നുകൊള്ളാം. മുമ്പത്തെപ്പോലെ പലിശയില്ലാത്ത വ്യവസ്ഥയിൽ വേണ്ടാ; അതിൽ താങ്കൾക്ക കുറെ നഷ്ടം പററുമല്ലോ. മുതൽ 500 ; അഞ്ചു കൊല്ലംകൊണ്ടു കുറേശ്ശയായി തീർത്തുതരാമെന്നു തീർച്ചയുണ്ടു്. വാസ്തവത്തിൽ ചെററൊന്നു കരുതിയാണു് 5 കൊല്ലം അവധി പറഞ്ഞതു്. ഒരു കൊല്ലത്തിനുള്ളിൽതന്നെ തിരികെ തരാൻ വഴിനോക്കിത്തുടങ്ങിയിട്ടുണ്ടു്. യാതൊരു ശങ്കയും വേണ്ട, എന്റെ ഈ അപേക്ഷ നിറവേററുന്നതിൽ.

വള്ളത്തോൾപ്രസ്സു് എന്നെ കുറെ കടത്തിൽ ചാടിച്ചതു് അറിയാമല്ലോ; അതിൽ പകുതി തീന്നു. ഒരു പതിനായിരം ക്രൂപകൂടി ഒത്താൽ ഞാൻ ഋണനിർമ്മുക്തനാകും. ഇതിലേക്കു് ഒരയ്യായിരം ഞാൻ കരുതിവെച്ചിട്ടുണ്ടു്; പോരാത്ത അയ്യായിരത്തിനാണു് താങ്കളെ, തല്ക്കാലം ഗത്യന്തരമില്ലായ്കയാൽ ശല്യപ്പെടുത്തുന്നതു്. ഈ 10000 ഒന്നിച്ചു് ഒരു മാസത്തിനുള്ളിൽ കൊടുത്താൽ, ഉത്തമർണ്ണൻ കുറെ ഇളവുചെയ്തു തരും. അതുകൊണ്ടു താങ്കളുടെ 5000 ചെക്കു് ഒരു മാസത്തിന്നുള്ളിൽ ഇവിടെ കിട്ടുമാറാക്കി എന്നെ രക്ഷപ്പെടുത്തുകതന്നെ വേണം. ഹൈമവതീവിവാഹക്കാലത്തു ഞാൻ താങ്കളോടു് 1000 ക. അഭ്യത്ഥിക്കുകയുണ്ടായി; അതിന്നു താങ്കളുടെ മറുപടി, വെറും മൗനമായിരുന്നു. ആ അടവു് ഇപ്പോഴും എടുക്കരുതേ! ഈ ഇടപാടിൽ താങ്കൾക്ക യാതൊരു നഷ്ടവും വരാനില്ല; എനിക്ക കുറഞ്ഞൊരു ലാഭവും കിട്ടും. ചെക്കും മറുപടിയും ഉൽക്കണ്ഠയോടെ കാത്തിരിക്കുന്നു.

ആഗസ്റ്റ് 26-ാം തീയതിയായിരുന്നു, നമ്മുടെ ഓണം; എന്തോണം— പട്ടിണിയോണം! ഞാൻ മധുവിനെ ഓണത്തിനു് ഇങ്ങോട്ടു വരാൻ ക്ഷണിക്കാതിരിക്കയില്ല; എന്നാൽ, ആപ്പീസു് മുടക്കമില്ലാഞ്ഞതിനാൽ വന്നില്ല. ഹൈമവതിയും ഭത്താവും ഡൽഹിയിൽത്തന്നെയല്ലേ? അവക്കു സുഖംതന്നെയെന്നു വിശ്വസിക്കുന്നു. ദേവകി അമേരിക്കയ്ക്കു പോയോ? ശ്രീ. ഗൗരിയമ്മയ്ക്കു് എന്റെ വന്ദനമുണ്ടു്.

ഞാൻ തലയുടെയും വയറിന്റെയും പന്തികേടുകൾ നീങ്ങാൻ ഒരു വിദഗ്ദ്ധ ഡാക്ടറുടെ നിർദ്ദേശമനുസരിച്ചു് പല്ലാകെ പറിപ്പിച്ചു, ചികിത്സയിലും കഴിയുന്നേടത്തോളം വിശ്രമത്തിലും ഇരിക്കയാണു്. ഒരൊററ പല്ലില്ല, വായിൽ; ഇപ്പോൾ ഒന്നാംതരം 72 വയസ്സുകാരൻതന്നെ! അടുത്ത ഒക്ടോബർ 30-ാംതീയതിയാണു്, എന്റെ 72-ാം പിറന്നാൾ.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു്നമ്പർ 128)*

Digitized By Kerala Sahitya Akademi

# പിറന്നാൾ ഒരുക്കം

വള്ളത്തോറം

ചെറുതുരുത്തി
4-10-1950

പ്രിയ സുഹൃത്തെ,

താങ്കൾ സെപ്റ്റംബർ 17-ാംതീയതി അയച്ച മറുപടി 30-ാംതീയതി ഇവിടെ കിട്ടി. ഇതിനു മുമ്പുതന്നെ 'ഹാലഗാഥ'യിലെ ഒന്നാം ശതകം പകർത്തിയതു് ഡൽഹിക്കു (വിദേശകാര്യ വകുപ്പിലേക്കു്) ബുക്ക്പോസ്റ്റായി അയച്ചുകഴിഞ്ഞു; അതു താങ്കൾക്കെത്തിച്ചുകൊള്ളാമെന്നു ശ്രീ. കെ. പി. എസ്. മേനോൻ എഴുത്തുമുഖേന എന്നോടേററിട്ടുണ്ടു്. അദ്ദേഹത്തെ ഓർമ്മിപ്പിക്കാൻ ഇന്നു വീണ്ടും ഒരെഴുത്തയച്ചുകൊള്ളാം. ആ കയ്യെഴുത്തുബുക്കു് അവിടെ കിട്ടി വായിച്ചു കഴിഞ്ഞാൽ അഭിപ്രായം എന്നെ അറിയിക്കുമല്ലോ. എൻെറ അഭിപ്രായത്തിൽ, ഏററവും മികച്ച ഒരു കലാസൃഷ്ടിയാണിതു്. അതുകൊണ്ടുതന്നെയാണു് നമ്മുടെ ഭാഷയിൽ വരണമെന്നു ഞാനാശിച്ചതും.

ഇതച്ചടിക്കാൻ വഴിയൊന്നും തുറന്നു കിട്ടിയിട്ടില്ല. വള്ളത്തോറംപ്രസ്സിൽ പഴുതു കിട്ടുക എളുപ്പമല്ല. പണമില്ലായ്മയും ഒരു പ്രതിബന്ധം തന്നെ. രാമായണം നാലു കാണ്ഡമേ അച്ചടിച്ചു കഴിഞ്ഞിട്ടുള്ളു. അയ്യായിരത്തോളം ക. അതിനുതന്നെ വേണ്ടിവന്നു; മൂന്നുകാണ്ഡംകൂടി തീരേണ്ടതുമുണ്ടു്.

താങ്കൾ ഡൽഹിയിൽ വീടുപണിയിക്കുകയാണോ? പണി കഴിയട്ടെ; ഞാനും വരാം; കൂടെ താമസിപ്പാൻ: അങ്ങനെയാണല്ലൊ, നാം അന്നു ബിക്കാനീറിൽ വെച്ചു— ഹാ! മഹാരാജാവിൻെറ അകാലനിര്യാണം തുലോം വ്യസനകരംതന്നെ—പറഞ്ഞുറച്ചതു്! നാലഞ്ചുമാസം കഴിഞ്ഞിട്ടു മതി ഞാനപേക്ഷിച്ച 5000 ക. കടമായിത്തരിക. അതുവരേക്കു് അത്രേം സംഖ്യ ഞാൻ രണ്ടുമൂന്നു സുഹൃത്തുക്കളായ ധനികന്മാരിൽനിന്നു തല്ക്കാലവായ്പയായി വാങ്ങി, കാര്യമൊപ്പിച്ചുകൊള്ളാം. താങ്കൾ 1951 മാർച്ചിൽ 5000 ക. തരാൻ ദയചെയ്യണമെന്നു മാത്രം. അന്നേക്കു മരാമത്തു ചെലവും മററും അവസാനിക്കുമല്ലോ. മധുവിനു് വധുവിനെ കണ്ടുകിട്ടിയോ?

പത്രമാസികാദികൾ എങ്ങനെ ചീനത്തേക്കയയ്ക്കും? കപ്പലിലയച്ചാൽ രണ്ടുമാസം വേണ്ടയോ അവിടെയെത്തിച്ചേരാൻ. പള്ളത്തു മഹാകവി (രാമൻ) മരിച്ചുപോയതറിഞ്ഞിരിക്കുമല്ലോ. അയാളുടെ മകൻ ഒരു സ്മാരകഗ്രന്ഥം പുറത്തിറക്കാൻ ശ്രമിക്കുന്നുണ്ടു്. ഉള്ളൂർ സ്മാരക പുസ്തകപ്രസിദ്ധീകരണത്തിനു വെണ്ണിക്കുളവും ശ്രമം നടത്തുന്നുണ്ടു്.

എൻെറ 72-ാം പിറന്നാളാണു് ഈ ഒക്ടോബർ 31-ാംനു- (തുലാം 13)



Digitized By Kerala Sahitya Akademi

കലാമണ്ഡലത്തിൽ, വാഷികയോഗമാകയാൽ ചില കലാപ്രകടനങ്ങളും ഒരു സമ്മേളനവുമുണ്ടാവും. താങ്കളിത്ര അകലത്തായിപ്പോയല്ലോ! എങ്കിലും കൂടക്കൂടെ എഴുത്തയയ്ക്കുന്നതു് ആശ്വാസകരം.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു്നമ്പർ 129)*

# വാഴ്സാ പീസ് കാൺഫ്രൻസിൽ

വള്ളത്തോൾ

87, West Cromwell road,
London S. W. 5.
1-12-1950

പ്രിയ സുഹൃത്തെ,

ഇക്കഴിഞ്ഞ നവംബർ 16-ാംതീയതിമുതൽ ഒരാഴ്ചവട്ടം വാർസയിൽവെച്ചു നടന്ന അതിഗംഭീരമായ പീസ് കോൺഗ്രസ്സിൽ സംബന്ധിക്കാൻ യദൃച്ഛയാ ഞാനും ക്ഷണിക്കപ്പെട്ടിരുന്നു. അതിനു പോയിട്ടു് 27-ാം തീയതി ഇവിടെ എത്തിച്ചേർന്നു. അതുവരെ എന്നെ സഹായിച്ചതു് തിരുവിതാംകൂർകാരിയായ ഒരു ക്രിസ്ത്യാനിസ്ത്രീയാണു്. ആ സ്ത്രീ തിരിച്ചുപോയി. അതിനാൽ ബാലൻ ബോംബയിലെ ജോലിയിൽനിന്നു് രാജിവെച്ചൊഴിഞ്ഞു് (അവധി അപേക്ഷിച്ചിട്ടു് കിട്ടിയില്ല) മിനിഞ്ഞാന്നു് ഇവിടെ എത്തിച്ചേർന്നിട്ടുണ്ടു്. ഈ കോൺഗ്രസ്സിന്റെ ക്ഷണനം കിട്ടിയതു് നവംബർ 1-ാം തീയതിയാണു്. ബദ്ധപ്പെട്ടു് 5-ാം തീയതി ചെറുതുരുത്തി വിടേണ്ടിയുംവന്നു.

എങ്ങനെയെങ്കിലും യൂറോപ്പിൽ ചാടി വീണതുകൊണ്ടു് പാരീസ് മുതലായവയേയും ഒന്നു കണ്ടിട്ടുവേണം തിരിച്ചു പോകാനെന്നു വിചാരിക്കുന്നു.

എന്റെ 'മറിയം' ഒരു സ്നേഹിതൻ തർജ്ജമചെയ്തതു് എന്റെ കയ്യിലുണ്ടു്. അതിവിടത്തെ ഒരിംഗ്ലീഷ് സാഹിത്യകാരനെക്കൊണ്ടു പരിശോധിപ്പിച്ചു് ഇവിടത്തെ മികച്ച പ്രസിദ്ധീകരണശാലക്കാരിലാരേക്കൊണ്ടെങ്കിലും പുറത്തിറക്കിക്കാൻ തക്ക ഒത്താശ ചെയ്തുതരുന്നതിനും താങ്കൾക്ക കഴിവുണ്ടാകുമെന്നു് ഞാനാശിക്കുന്നു. ദയചെയ്തു് വലിയ ഒരു പ്രസിദ്ധീകരണക്കാരനെ എഴുത്തുമൂലം ഇതിൽ ശ്രദ്ധിപ്പിക്കുമാറാകണം. ഒട്ടും വൈകരുതുതാനും. ഞാൻ രണ്ടുമൂന്നാഴ്ചവട്ടത്തിലധികം ഇവിടെ താമസിക്കില്ല. ലണ്ടനിൽ രണ്ടുപേരുടെ നിത്യച്ചെലവു് കഴിച്ചുകൂട്ടുക എന്നെപ്പോലുള്ളവക്കു് ദുസ്സാധമാണല്ലോ.

Digitized By Kerala Sahitya Akademi

ഞാൻ പാസ്പോർട്ടിന്നായി കലക്ടറെ കാണാൻ പോയപ്പോൾ ശ്രീ. മധുവിനെ കാണുകയുണ്ടായി. അന്ന കെ. പി. കേശവമേനോൻെറ പാർപ്പിടത്തിലാണ് ഞങ്ങൾ ഒന്നിച്ചുത്താഴം കഴിച്ചതു്. മധുവിനു സുഖം തന്നെ. ഈ വിവരം തത്രഭവതിയേയും അറിയിക്കുമല്ലോ.

മറുപടിയോടുകൂടി പ്രസിദ്ധീകരണക്കാരനു് എന്നെ പരിചയപ്പെടുത്തുന്ന ഒരെഴുത്തുമുണ്ടായിരിക്കണം. 'ആംവില കല്ലുവില' എന്നൊരു ചൊല്ലുണ്ടല്ലോ നമ്മുടെ നാട്ടിൽ.

ഞാനിവിടെ എത്തിച്ചേർന്നിട്ടു് മൂന്നുനാലു ദിവസമായെങ്കിലും പുറത്തേക്കിറങ്ങിയിട്ടില്ല. പഴയ ചങ്ങാതിയായ ജലദോഷം തലപൊക്കിയതുകൊണ്ടു് ഇന്നലെയും മിനിഞ്ഞാന്നും ഏതാണ്ടു് കിടപ്പിലായിപ്പോയി.

ഇവിടെത്താമസിക്കാൻ അസുഖമൊന്നുമില്ല, നമ്മുടെ ശ്രീ. കൃഷ്ണമേനോനാണു് ഈ താമസസ്ഥലം ഏർപ്പെടുത്തിയതു്.

സ്വന്തം
വി. നാരായണമേനോൻ
(കത്തു് നമ്പർ 130)

## നിത്യകന്യക

Vallathol

C/o Serge Bogroff, Esq,
40, Avenue Deu Belloy,
Le Vesinet, S and O,
Paris
29-12-1950

പ്രിയ സുഹൃത്തെ,

ഞാൻ ലണ്ടനിൽനിന്നയച്ച എഴുത്തു് താങ്കൾക്കു കിട്ടിയില്ലയോ? ഞാൻ ബാലനോടുകൂടി ലണ്ടനിൽ 17 ദിവസം താമസിച്ചു. ശ്രീ. കൃഷ്ണമേനോൻെറ അതിഥിയായി ഇന്ത്യൻ സ്റ്റുഡൻസ് ഹോസ്റ്റലിലാണു് താമസിച്ചതു്. കൃഷ്ണമേനോൻെറ വകയായി 'ഇന്ത്യാ ഹൗസി'ൽവെച്ചു് ഒരു ടീപാർട്ടിയുണ്ടായി. വേറെ കേരളസമാജത്തിൻേറയും മററും സല്ക്കാരങ്ങളും ഉണ്ടാകാതിരുന്നില്ല.

'മറിയ'ത്തിൻെറ ഇംഗ്ലീഷ് തർജ്ജമ ഒരു മികച്ച ഇംഗ്ലീഷ്കവിയെക്കൊണ്ടു് പരിശോധിപ്പിച്ചു്, അവതാരികയും എഴുതിച്ചു് പ്രസിദ്ധപ്പെടുത്താമെന്ന നിശ്ചയത്തിന്മേൽ Meridian Book Ltd. കമ്പനിയെ ഏല്പിച്ചിരിക്കുന്നു. കൃഷ്ണമേനോൻതന്നെയാണു് ഇതിന്നു് ഒത്താശചെയ്തതു്.

Digitized By Kerala Sahitya Akademi

അവർ പറഞ്ഞു, എനിക്കു് ഇംഗ്ലണ്ടിൽ ഒരു പേരുണ്ടായാൽ പുസ്തകം ചെലവാകാൻ എളുപ്പമുണ്ടെന്നു്. താങ്കൾ ദയചെയ്തു് എന്നെപ്പററി ചെറുതല്ലാത്ത ഒരുപന്യാസം ലണ്ടനിലെ പ്രധാന പത്രങ്ങളിലൊന്നിൽ എഴുതിയാൽകൊള്ളാം.

താങ്കൾ അരവിന്ദഘോഷിനെപ്പററി എഴുതിയതു് 'മാഞ്ചസ്റ്റർ ഗാർഡിയ'നിൽ ഞാൻ കണ്ടു. സർദാർ പട്ടേലിൻെറ നിര്യാണവും സങ്കടകരം തന്നെ.

ഞാൻ 14-ാം തീയതി ലണ്ടനിൽനിന്നിവിടെ എത്തിച്ചേർന്നു. മുകളിൽ കാണിച്ച മാന്യൻെറ വീട്ടിൽ അദ്ദേഹത്തിൻെറ അതിഥിയായിട്ടാണു് താമസിക്കുന്നതു്. ഇദ്ദേഹം പാരീസുകാരൻതന്നെയാണു്; എനിക്കു മുമ്പു് പരിചിതനുമാണു്.

താങ്കളുടെ ഒരു കവിതയിൽ പാരീസിനെ 'നിത്യകന്യക'യായി വർണ്ണിച്ചിട്ടുണ്ടല്ലോ; അതിൻെറ സ്വാരസ്യം ഇപ്പൊഴേ എനിക്കു തികച്ചും അനുഭവപ്പെട്ടുള്ളു. ഒരു പ്രൗഢവിലാസിനിതന്നെ പാരീസ്. ലണ്ടൻ ഇതിൻെറ പത്തിലൊന്നിനില്ല. നാളെ ഞാൻ വിക്ടർ ഡ്യൂഗോവിൻെറ ഭവനം കാണാൻ പോകും.

പണം കയ്യിലുണ്ടായിരുന്നതു് തീർന്നു. വീട്ടിലേക്കു് കമ്പിയടിച്ചിട്ടുണ്ടു്, പണമയപ്പാൻ. രണ്ടുദിവസത്തിലകം വരുമായിരിക്കും. വന്നാലും ഒരാഴ്ചകൂടെ ഇവിടെ താമസിക്കേണ്ടിയിരിക്കുന്നു. ഈ യൂറോപ്പപര്യടനം എന്നെ ഒരു പതിനായിരം ഉറുപ്പികയ്ക്കു് കടക്കാരനാക്കിത്തീർക്കും. അതുകൊണ്ടു് ജനുവരിയിലല്ലെങ്കിൽ ഫെബ്രുവരിയിൽ, ഞാൻ മുമ്പപേക്ഷിച്ചതിൻവണ്ണം 5000 ക.യുടെ ഒരു ചെക്കു് താങ്കൾ അയച്ചുതരികതന്നെ വേണം. അധികം താമസിക്കില്ല, പലിശകൂടാതെ തിരിച്ചുതരാൻ. താങ്കളുടെ ഡൽഹി മരാമത്തു് കഴിഞ്ഞിരിക്കുമല്ലോ.

ഞാൻ ഇവിടെനിന്നു് ജനീവയിലും റോമിലും പോയി, കപ്പൽ കിട്ടിയാൽ കപ്പലിൽ, അല്ലെങ്കിൽ വിമാനത്തിൽതന്നെ ബോംബേയ്ക്കു് മടങ്ങും. ഈ എഴുത്തിൻെറ മറുപടി ചെറുതുരുത്തിക്കുതന്നെ അയച്ചാൽ മതി.

'ഹാലഗാഥാസപ്തശതി'യുടെ ഒന്നും രണ്ടും ശതകങ്ങൾ ഡൽഹിയിൽനിന്നു് ശ്രീ. കെ. പി. എസ്. മേനോൻ അയച്ചുതന്നില്ലയോ?

സ്വന്തം
വി. നാരായണമേനോൻ
(കത്തു് നമ്പർ 131)

Digitized By Kerala Sahitya Akademi

# രോഗവും വിശ്രമവും

വള്ളത്തോൾ

ചെറുതുരുത്തി
26-1-1951

പ്രിയ സുഹൃത്തെ,

യൂറോപ്പിലെ പെരുംതണുപ്പ് എന്റെ വൃദ്ധദേഹത്തെ ക്രമേണ കത്തിച്ചുതച്ചുകളഞ്ഞു; പോരാത്തതിന് റോമിൽവെച്ച് ഒരു കടുംപനി പിടികൂടി. അതിനാൽ ബോംബയിൽ ഒരാഴ്ചവട്ടം രോഗിയായി അവശനായി കിടക്കേണ്ടിവന്നു. ഈ കിടപ്പിനിടയിൽ ഒരുദിവസം ഉച്ചയ്ക്ക് താങ്കളുടെ മകൾ ശ്രീ. ദേവകി എന്നെ കാണാൻ വന്നപ്പോൾ; ഞാൻ ഉറങ്ങുകയായിരുന്നതിനാൽ കണ്ടില്ല. നിയമപരീക്ഷയ്ക്ക് പഠിപ്പാൻ ബോംബയിൽ എത്തിച്ചേർന്നിരിക്കുന്ന താങ്കളുടെ ഇളയ ഭാഗിനേയൻ രണ്ടുപ്രാവശ്യം എന്റെ അടുക്കൽ വരുകയുണ്ടായി.

2 -ാം തീയതി ഞാൻ ഡോക്ടർമാരുടെ പ്രതിഷേധത്തെ വകവെയ്ക്കാതെ, ഷൊർണ്ണൂർക്ക് തീവണ്ടി കയറി. 23-ാംതീയതി രാവിലെ, വമ്പിച്ച ക്ഷീണത്തോടുകൂടി ഒരുവിധം ഇവിടെ എത്തി എന്നേ പറയേണ്ടൂ. 24-ാംതീയതി ഒരു മംഗളസൂചകമായി താങ്കളുടെ 12-ാംതീയതിയിലെ മറുപടിയും വന്നുചേർന്നു.

താങ്കൾ ചൈനകാവ്യങ്ങളിൽ കൈവച്ചതു കൈരളിക്കു് അത്ഭുതപൂർവ്വമായ ഒരു നേട്ടമാകും. 'ഇണപ്പക്ഷികൾ'ക്കു മുഖവുര എഴുതുന്നതിൽ എനിക്കൊരു മടിയുമില്ല; നേരെമറിച്ചു പരമസന്തോഷം!

എനിക്കു വിട്ടുപോയ ദേഹബലം തിരിച്ചു വരണമെങ്കിൽ ഒരുമാസമെങ്കിലും പൂർണ്ണവിശ്രമം വേണ്ടിവരും; അതിനുശേഷമാകാം മുഖവുര എഴുതുക. പുസ്തകത്തിന്റെ അച്ചടി വള്ളത്തോൾപ്രസ്സിൽ ഏല്പിക്കാമെങ്കിൽ പ്രൂഫ് നോക്കലും ഞാൻതന്നെ നിർവ്വഹിച്ചുകൊള്ളാം.

സാഹിത്യമഞ്ജരി എട്ടാം ഭാഗം, ബാപ്പുജി എന്ന രണ്ടു പുസ്തകങ്ങൾ കപ്പൽത്തപാലിൽ രജിസ്റ്റർ ബുക്ക്പോസ്റ്റായി താങ്കൾക്കിന്നയയ്ക്കുന്നുണ്ട്. ഞാനിവിടെ ഇല്ലാതിരുന്നതിനാലാണ് അയപ്പാൻ ഇത്രയും വൈകിപ്പോയതു്.

എനിക്കു പണം മേടത്തിൽ തന്നാൽമതി. അതുവരെ ഞാൻ പണത്തിടുക്കത്തെ അങ്ങനെയുമിങ്ങനെയുമായി തടുത്തുകൊള്ളാം.

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 132)*

Digitized By Kerala Sahitya Akademi

# ചീനത്തെ ഇണപ്പക്ഷികൾ

വള്ളത്തോൾ

ചെറുതുരുത്തി
21-3-1951

പ്രിയ സുഹൃത്തെ,

താങ്കൾ 7-ാംതീയതി അയച്ച എഴുത്ത് മിനിഞ്ഞാന്നും 'ഇണപ്പക്ഷികൾ' ഇന്നലെയും ഇവിടെ വന്നുചേർന്നെന്നെ സന്തോഷിപ്പിച്ചു. താങ്കൾ ഭാര്യയ്ക്ക് ആയുർവ്വേദചികിത്സ നടത്താൻ തൃശ്ശൂരിൽ വന്നു കുറേനാൾ താമസിക്കുമെന്നൊരു വാർത്ത പത്രത്തിൽ കണ്ടു. വാസ്തവംതന്നെയോ? തത്രഭവതിക്ക് സുഖക്കേട് വല്ലതുമുണ്ടോ?

താങ്കൾ മേടത്തിൽ സ്വദേശത്തേക്ക വരുമെന്ന മുമ്പ് ഒരെഴുത്തിൽ സൂചിപ്പിച്ചിരുന്നുവല്ലോ; അതുണ്ടാവുമെങ്കിൽ, നാം ഒന്നിച്ചിരുന്നാവാം 'ഇണപ്പക്ഷികൾ'ക്ക മുഖവുര എഴുതുക. രചനയിൽ കുറേക്കൂടി വെടിപ്പു വരുത്തേണമെന്ന് എനിക്ക തോന്നുന്നു. ഒരു നാലുനാൾ നമുക്ക് ഒന്നിച്ചു കൂടാമെങ്കിൽ എല്ലാം ശരിയാകും. ഇല്ലെങ്കിൽ അത്യാവശ്യത്തിരുത്തലുകൾ ചെയ്‌വാൻ എനിക്ക സദയം അനുമതി തരണം. ഈ കൃതി കൈരളിക്ക് അത്ഭുതപൂർവ്വമായ ഒരു നേട്ടമാണ്; അതിനാൽ കഴിയുന്നിടത്തോളം വെടിപ്പു വരുത്തിയിട്ടേ പുറത്തുവിട്ടുകൂടൂ.

'ബാപ്പുജി'ക്ക് ഒരു ഹിന്ദി തർജ്ജമ (പദ്യത്തിൽത്തന്നെ) വി. കെ. മൂത്തതു് എന്നൊരദ്ധ്യക്ഷൻ തയ്യാറാക്കിയതു് പരിശോധിപ്പാനായി ഞാൻ ഡൽഹിയിൽ സേത്തു് ഗോവിന്ദദാസിനെ ഏല്പിച്ചു. കൊല്ലം രണ്ടോളമായി; തിരിച്ചു കിട്ടിയില്ല. അതിൻെറ മറെറാരു കോപ്പി ഇവിടെ ഇല്ലെന്നില്ല. അതു് ഏപ്രിൽ 20-ാംതീയതി മലബാറിൽ വരുന്ന ബാബു പുരുഷോത്തമദാസ് താണ്ഡൻെറ കയ്യിൽ കൊടുത്താലോ എന്നാലോചിക്കുന്നു. പരിശോധിപ്പിക്കാനും പ്രസിദ്ധീകരിപ്പിക്കാനും അദ്ദേഹത്തിന്ന് പ്രയാസമുണ്ടാവില്ലെന്നു് ചിലർ അഭിപ്രായപ്പെടുന്നു. ഈ ഏർപ്പാടു ഫലിച്ചില്ലെങ്കിൽ ജോഷിനെത്തന്നെ ശരണംപ്രാപിക്കാം. അദ്ദേഹത്തെക്കൊണ്ടു് ഒരു മുഖവുരയും എഴുതിക്കാം.

സാഹിത്യപരിഷത്ത്ത്രൈമാസികത്തിന്ന കൊടുത്ത ചീനകൃതിതർജ്ജമകൾ കാണാൻ എനിക്ക് തിടുക്കം തോന്നുന്നു. ഒരു ചെറിയ ചീനകൃതിയുടെ ഇംഗ്ലീഷ് തർജ്ജമയേ ഞാൻ കണ്ടിട്ടുള്ളു; അതു് പണ്ടൊരിക്കലാണ്. അതിനാൽ ഇണപ്പക്ഷികളെപ്പിടിക്കാൻ കുറച്ചല്ല, കൗതുകം.

സപ്തശതിയുടെ രണ്ടാംശതകം നാളെ കപ്പൽത്തപാലിൽ രജിസ്റ്റർ ചെയ്തയപ്പിക്കാം. അവിടെക്കിട്ടിയാൽ പ്രഥമശതകത്തെ എന്നപോലെ സശ്രദ്ധം വായിച്ചുനോക്കുമല്ലോ. ഇതച്ചടിപ്പാൻ വള്ളത്തോൾ പ്രസ്സിലേ

Digitized By Kerala Sahitya Akademi

കഠ കൊണ്ടുപോയിട്ട ദിവസങ്ങൾ കുറെയായി; പ്രസ്സിൽ പുറംപണികൾ മൂലം ഒഴിവു കിട്ടുന്നില്ല. പുസ്തകത്തിന്നു 'ഗ്രാമസൗഭാഗ്യ'മെന്നു പേരിടുന്നാണ് നിശ്ചയിച്ചിരിക്കുന്നത്.

സ്വന്തം

വി. നാരായണമേനോൻ

(കത്ത് നമ്പർ 133)

# അല്പാല്പം തിരുത്തൽ

വള്ളത്തോൾ

ചെറുതുരുത്തി

3-5-1951

പ്രിയ സുഹൃത്തെ,

എൻെറ മുന്നെഴുത്തും, ഡൽഹിയിൽനിന്നയച്ച ബുക്ക്പോസ്റ്റും അവിടെ കിട്ടിയിരിക്കുമല്ലോ.

'ഇണപ്പക്ഷികൾ' മനോഹരംതന്നെ. എൻെറ തിരുത്തൽ ന്യൂനതാപരിഹാരത്തിന്നാണെന്നു ഞാൻ അഭിമാനിക്കുന്നു. ഒന്നു-രണ്ടു സംശയങ്ങൾ:

43-ാം പദ്യത്തിൽ; 'നേർമ്മയെഴും കൗശേയംപോൽ നൽക്കടിയോ' എന്നതിൻെറ അർത്ഥം എനിക്കു ശരിക്കു മനസ്സിലായില്ല. അര കൃശമാണെന്നാണോ, അർത്ഥം? അര മിനുസമാകുന്നതെന്തുകൊണ്ടു്?

'ആ വധുവിൻ വായ്മലരോ വിദ്രുമമുക്താഫലങ്ങൾ ചേർന്നോണം'; വായ്മലരിന്നു(ചുണ്ടിന്നു) വിദ്രുമം;എന്നാൽ മുക്താഫലത്തിൻെറ ഉപമേയം ഇതിലില്ല. അവളുടെ വായ്മലർ,പല്ലുകൾ എന്നു്, മൂന്നാംപാദം ഞാൻ തിരുത്തി. ഇതുതന്നെയല്ലയോ,വിവക്ഷിതം? 115-ം 116-ം ശ്ലോകങ്ങൾ: കതിരയുടെ ശബ്ദം ഒരു കാതം (നാലുനാഴിക വഴി) ദൂരത്തു കേൾക്കുമോ? കാതത്തിൻെറ സ്ഥാനത്തു നാഴിക എന്നാക്കണമോ?' ഒരു നാഴികക്കുടിയുള്ള വഴിതന്നിൽ' എന്നാക്കാവുന്നതാണു്.

മുഴവൻ ഒരാവൃത്തി നോക്കി, അല്പാല്പം തിരുത്തൽചെയ്തുകഴിഞ്ഞു; ഒന്നുകൂടി നോക്കി വെടുപ്പു വരുത്തണം. എനിക്കു സമയം കിട്ടുന്നില്ല. ആളുകൾ അവിടവിടെ സഭായോഗങ്ങൾക്കു 'കേററി എഴുന്നള്ളിപ്പാൻ' പിടിച്ചുകൊണ്ടു പോവുകയാണു്. മുഖവുര എഴുതിയിട്ടില്ല; എഴുതിക്കഴിഞ്ഞാൽ താങ്കൾക്കയയ്ക്കാം. ബുക്കു് ചെറുതാകയാൽ, മുഖവുരയും ചെറുതാകയാണുചിതം. 'ഇണപ്പക്ഷിക'ളുടെ അച്ചടി വള്ളത്തോൾപ്രസ്സിൽത്തന്നെയല്ലേ?

എന്നെപ്പററി ഒരു നീണ്ട ഉപന്യാസം മികച്ച ലണ്ടൻപത്രങ്ങളിലൊന്നിൽ എഴുതാമെന്നു താങ്കൾ സമ്മതിച്ചിട്ടുണ്ടല്ലോ; അതു സദയം വൈകാതെ ചെയ്യുന്നതു് അധികം പ്രയോജനകരമായേക്കും.

Digitized By Kerala Sahitya Akademi

റഷ്യയ്ക്കു പോകാൻ എനിക്കും ബാലനും പാസ്പോർട്ട് തരാൻ മദിരാശി ഗവർമ്മേണ്ടിന്നാണധികാരമെന്നു ശ്രീ. കെ. പി. എസ്. മേനോൻ മറുപടി അയച്ചിരിക്കുന്നു. മദിരാശിപ്രധാനമന്ത്രിക്കു ഞാൻ ഹർജി അയച്ചതിന്നു മറുപടി കിട്ടിയിട്ടില്ല. മുൽക്ക്രാജ് ആനന്ദിന്നു ബോംബെഗവർമ്മേണ്ട് പാസ്പോർട്ട് കൊടുത്തില്ലെന്നും, അദ്ദേഹം ഇന്ത്യാപ്രധാനമന്ത്രിയെ ചെന്നുകണ്ടു എന്നും, 'പ്രാദേശിക കാര്യങ്ങളിൽ ഞാൻ കയ്യിടാറില്ല' എന്നായിരുന്നു മറുപടി എന്നും അറിയുന്നു. ഈ സ്ഥിതിക്ക്, ഞങ്ങളും പാസ്പോർട്ട് കിട്ടാതെ ആശാഭംഗത്തിൽപ്പെട്ടേക്കുമോ എന്നു ഭയം! താങ്കറംക്കു വല്ല കഴിവുമുണ്ടോ, ഇതിൽ എന്നെ സഹായിപ്പാൻ? ഉണ്ടെങ്കിൽ, അതു ഫോണോ കമ്പിയോ വഴിയായി ഉപയോഗിപ്പാനപേക്ഷ.

സ്വന്തം
വി. നാരായണമേനോൻ

P.S. 'ബാപ്പുജി'യുടെ ഒരു ഹിന്ദിതർജ്ജമ ഇവിടെ ഉണ്ട്. അത് ആ ഹിന്ദി മഹാകവിയെക്കൊണ്ടു പരിശോധിപ്പിക്കാൻ വേണ്ടതുചെയ്യു വെയ്ക്കുവാൻ വൈകരുത്. അദ്ദേഹത്തിൻെറ മേൽവിലാസം അറിയിച്ചാൽ ഞാൻ അദ്ദേഹത്തോടു കത്തു മുഖേന അപേക്ഷിക്കാം.

*(കത്ത് നമ്പർ 134)*

# ഇണപ്പക്ഷികളുടെ അച്ചടി

വള്ളത്തോറം

ചെറുതുരുത്തി
31-5-1951

പ്രിയപ്പെട്ട സുഹൃത്തെ,

താങ്കളുടെ 18-ാംതീയതിയിലെ മറുപടി 28-ാംനു ഇവിടെ കിട്ടി.
43. അവളുടെ നടുകൊടി നേർമ്മയിൽ
വെൺപട്ടിന്നൊത്തൊരൊടിവുമായ് വലസീ എന്നാക്കാം. അരയ്ക്ക് ഒടിവു സംസ്കൃതക്കാർക്കെന്നപോലെ (ഇതുകൊണ്ടാണല്ലോ സ്ത്രീ ആനതാംഗിയായത്) ചീനക്കാർക്കും പ്രിയമായിരിക്കാം.

കാതം നാഴികയാക്കി.

'ഇണപ്പക്ഷി'കളുടെ അച്ചടി വള്ളത്തോറംപ്രസ്സിൽ പ്രസ്സിൻെറ ചെലവിന്മേൽ നടത്തുക തൽക്കാലം സാധ്യമല്ല; കടലാസ്സു വാങ്ങാൻ കാശില്ലായ്കയാൽ, രാമായണത്തിൻ്റെ സുന്ദരകാണ്ഡം, ഹാലഗാഥത്തർജ്ജമ മുതലായവയുടെ അച്ചടി നിർത്തിവെച്ചിരിക്കുന്നു; ഹാലഗാഥ മൂന്നാം ശതകത്തിലേക്കു കടന്നിട്ട്, അവിടെത്തന്നെ കിടക്കുകയാണ്. അതി

Digitized By Kerala Sahitya Akademi

നാൽ, ഇതിന്റെ അച്ചടി താങ്കളുടെ ചെലവിന്മേൽത്തന്നെയാകേണ്ടതുള്ളൂ. എന്നതുകൊണ്ടാണ്, 200 ക.യുടെ ഒരു ചെക്ക് ഇങ്ങോട്ടയപ്പാൻ ഞാനപേക്ഷിച്ചതു്. ആ എഴുത്തു് ഇപ്പോൾ അവിടെ കിട്ടിയിരിക്കുമല്ലോ. അവതാരിക സശ്രദ്ധം നോക്കി, തിരിച്ചയച്ചേക്കണം.

എന്നെക്കുറിച്ചുള്ള ഉപന്യാസം എഴുതി ലണ്ടനിലേക്കയയ്ക്കാൻ താമസിക്കരുതു്. പുസ്തകം പുറത്താക്കാനും അതു പ്രേരകമാകും. കടലാസ്സിന്റെ പഞ്ഞംകൊണ്ടാണുപോൽ, അച്ചടി തുടങ്ങാത്തതു്; എന്നു പുറത്താവുമെന്നു് എന്നെ അറിയിച്ചിട്ടില്ല.

ശ്രീ. ജോഷ്വവിന്നു കത്തയച്ചുനോക്കാം. താണ്ഡൻ എറണാകുളത്തുനിന്നു സത്വരം തിരികെകയാണു്, ചെയ്തതു്; ഈ പ്രദേശത്തേക്കു വരാഞ്ഞതിനാൽ ഞാൻ കണ്ടില്ല. ഡാക്ടർ നാരായണമേനോൻ ഈ ഇളവുകാലത്തു ബനാറീസ്സിലുണ്ടാകുമോ? താങ്കൾക്കു പരിചിതരായി ഹിന്ദികവികൾ (സംസ്കൃതജ്ഞർ) വേറെ ഇല്ലയോ!

റഷ്യയ്ക്കു പോകാൻ എനിക്കും ബാലന്നും പാസ്പോർട്ടുകൾ മദിരാശി ഗവമ്മേണ്ടിൽനിന്നു കിട്ടി; യാത്ര, ഈ ജൂണിന്റെ അവസാനത്തിലായേക്കും.

'ഉയിത്തെഴനേല്പി'ന്റെ മുഖവുര ഇവിടെ എത്തിക്കഴിഞ്ഞില്ല.

സ്വന്തം
വള്ളത്തോൾ
*(കത്തു്നമ്പർ 135)*

# റഷ്യൻയാത്രയ്ക്കു ക്ഷണനം

വള്ളത്തോൾ

ചെറുതുരുത്തി
11-6-1951

പ്രിയ സുഹൃത്തെ,

ഗോപിയുടെ പുസ്തകത്തിന്നുള്ള മുഖവുരയോടുകൂടി മെയ് 24-ാംതീയതി അവിടെനിന്നയച്ച എഴുത്തു് ഞാൻ കണ്ടതു മിനിഞ്ഞാന്നാണു്; ഒരാഴ്ചവട്ടം ഞാൻ കോയമ്പത്തൂരിലായിരുന്നു.

'മനോരമ'യുടെ വജ്രജൂബിലിസമ്മേളനം രാജേന്ദ്രപ്രസാദിന്റെ ആഗമനംമൂലം ഒരു പതിനായിരം ആളുകളെ ആകർഷിച്ചിരുന്നു; അദ്ദേഹം അരമണിക്കൂർ നേരമേ സഭാവേദിയിൽ ഉണ്ടായിരുന്നുള്ളൂ.

ഡാക്ടർ അട്ടലിനെ ഞാൻ വാർസായിൽവെച്ചു കണ്ടു; തക്ക ദ്വിഭാഷിയില്ലാഞ്ഞതിനാൽ, സംസാരിപ്പാൻ കഴിഞ്ഞില്ല.

Digitized By Kerala Sahitya Akademi

എന്റെ റഷ്യായാത്ര ഈ ജൂണിന്റെ അവസാനത്തിലേ ഉണ്ടാകൂ എന്നാണ്, അവരുടെ എഴുത്തുകൊണ്ട് കരുതിയിരുന്നത്; എന്നാൽ, മിനിഞ്ഞാന്ന് പെട്ടെന്ന കമ്പികിട്ടി, 15-ാംതീയതി ഡൽഹിയിൽ എത്തിച്ചേരണമെന്ന്. അതനുസരിച്ച് ഞാൻ ബാലനോടുകൂടി ഇന്നു മദിരാശിക്കു പോകയാണ്; മററന്നാറം അവിടെനിന്ന് ഡൽഹിക്കു പോകും. 15-ാംതീയതിതന്നെയോ, റഷ്യയ്ക്കു വിമാനം കേറുക എന്നറിഞ്ഞുകൂടാ.

'ഇണപ്പക്ഷികറം' ശരിക്കച്ചടിപ്പിക്കാമെന്നു ഗോപിയും മററും ഏററു പറയുന്നുണ്ട്, എന്നാൽ, പ്രൂഫ് ഞാൻതന്നെ നോക്കിയാലേ എനിക്കാശ്വാസം വരൂ. അതിനാൽ, ഒന്നരമാസത്തിന്നുള്ളിൽ ഞാൻ തിരിച്ചു വന്നിട്ട മതി, അതു പ്രസ്സിൽ കൊടുക്കുക എന്നു നിശ്ചയിക്കേണ്ടിവന്നു. വെമ്പൽകൊണ്ടാൽ വെട്ടപ്പ് തികച്ചും വരില്ല. ഞാൻ തിരുത്തിയതു രണ്ടാമതൊന്നു വായിപ്പാൻ എനിക്കവസരം കിട്ടിയിട്ടില്ല; അതുകൊണ്ട്, പ്രൂഫ് നോക്കുക ഞാൻതന്നെയായിരിക്കണം. സെപ്റ്റംബർമാസത്തിൽ തീർച്ചയായും പുസ്തകം പുറത്തിറങ്ങും. ഇങ്ങനെ നിശ്ചയിച്ചതിൽ താങ്കറംക്ക് അസുഖം തോന്നരുതേ!

റഷ്യയിൽ താങ്കറംക്കു സ്നേഹിതന്മാരുണ്ടെങ്കിൽ അവക്ക് എന്നെ പരിചയപ്പെടുത്തുന്നതു നന്ന്. ലണ്ടൻപത്രത്തിലേക്കു 'വള്ളത്തോറം' ലേഖനം എഴുതിയയപ്പാൻ വൈകില്ലല്ലോ.

സ്വന്തം
വള്ളത്തോറം
*(കത്ത് നമ്പർ 136)*

# റഷ്യയിൽനിന്നും മടങ്ങിയിട്ട്

വള്ളത്തോറം

ചെറുതുരുത്തി
18-8-1951

പ്രിയ സുഹൃത്തെ,

താങ്കറം ജൂൺ ജൂലായ് മാസങ്ങളിലയച്ച എഴുത്തു രണ്ടും ഞാൻ മിനിഞ്ഞാന്ന് റഷ്യയിൽനിന്ന് തിരിച്ചുവന്നപ്പോഴാണ് കണ്ടത്. 200 ക. സദയം അയച്ചതും കിട്ടിയിരിക്കുന്നു. ഇവിടെ കിട്ടുന്നതിൽവച്ച് മികച്ച അച്ചടിക്കടലാസ്സിൽ അച്ചടിപ്പിക്കാമെന്നേ പറഞ്ഞുകൂടൂ; കടലാസ്സുപഞ്ഞം നമ്മുടെ നാട്ടിലും കുറച്ചൊന്നുമല്ല. ഇണപ്പക്ഷികളുടെ മുഖവുര താങ്കറം വായിച്ചു തിരിച്ചയച്ചില്ല. അതുതന്നെ മതിയോ? അതിന്റെ ഒരു കരടുപകപ്പ് ഇവിടെ കിടപ്പുണ്ട്; അതുകൊണ്ട് ഒപ്പിക്കാമെന്നു വെയ്ക്കട്ടെയോ? ഈ എഴുത്ത് താങ്കളുടെ അടുക്കൽ എത്തുമ്പോഴേക്കും ഇണപ്പക്ഷികറം പുറത്തിറ

Digitized By Kerala Sahitya Akademi

ണും. പുസ്തകം പത്രങ്ങൾക്കു കൊടുക്കേണമെങ്കിൽ, ഇന്നയിന്ന പത്രത്തി നയയ്ക്കണമെന്നു മറുപടിയിൽ കാണിക്കുമല്ലോ.

'മറിയ'ത്തിന്റെ ഇംഗ്ലീഷ് തർജ്ജമ എപ്പോൾ പുറത്താകുമെന്നറി യാൻ ഇന്നുതന്നെ ലണ്ടനിലേക്കു് എഴുത്തയയ്ക്കാം; പുസ്തകം പുറത്താകുന്ന തോടുകൂടിത്തന്നെ മതി താങ്കളുടെ ഉപന്യാസം മാഞ്ചസ്റ്റർ ഗാർഡിയനിൽ ചേർപ്പിക്കുക.

'മറിയ'ത്തിന്റെ ഇംഗ്ലീഷ് തർജ്ജമയും കുറെ ഖണ്ഡകൃതികളുടെ ഇം ഗ്ലീഷ് തർജ്ജമയും റഷ്യൻ ഭാഷയിലാക്കാൻ റഷ്യാസാഹിത്യസമിതി യിൽ കൊടുത്തിട്ടുണ്ടു്. അവിടുത്തെ എഴുത്തുകാർ ഞങ്ങളെ ഏററവും സ്നേ ഹാദരങ്ങളോടെയാണു് സ്വീകരിച്ചതും സല്ക്കരിച്ചതും. റഷ്യയുടെ പല ഭാഗങ്ങളിലും ഞങ്ങൾ പോവുകയുണ്ടായി. 30 കൊല്ലംകൊണ്ടു് മൂവായി രം കൊല്ലത്താലുണ്ടാകുന്ന ഒരു സംസ്കാരം റഷ്യാക്കാർ നേടിക്കഴിഞ്ഞിരി ക്കുന്നു. സാർവ്വത്രികമായ ഒരു വളർച്ച റഷ്യാക്കാരിൽ കാണപ്പെടുന്നുണ്ടു്. ആ മഹത്തായ രാജ്യം ഈ വാർദ്ധക്യകാലത്തു കാണാൻ ഇടവന്നതിൽ എ നിക്കു വളരെ വളരെ സന്തോഷമുണ്ടു്; മനസ്സിൽ തിങ്ങിനിറഞ്ഞ ആഹ്ലാ ദംമൂലമായിരിക്കാം എന്റെ ദേഹത്തിനു കുറെ പുഷ്ടിയും ബലവും കിട്ടി യിരിക്കുന്നു. റഷ്യയിൽ ഇപ്പോൾ തണുപ്പില്ല, വലിയ ചൂടുമില്ല. മോ സ്ക്കോവു് വിശേഷിച്ചും സുഖകരംതന്നെ.

ഞാൻ റഷ്യായാത്രയ്ക്കു ഡൽഹിക്കു പോകുമ്പോൾ മദിരാശിയിൽവച്ചു നമ്മുടെ 'ബാലഭൂപതി'യെ കണ്ടു. രണ്ടുമൂന്നുമാസം അദ്ദേഹംമദിരാശിയിൽ താമസിച്ചേ ടഹറാനിലേക്കു തിരിക്കൂ എന്നാണു് പറഞ്ഞതു്.

താങ്കൾ സെപ്റ്റംബറിൽ സ്വരാജ്യത്തേക്കു് പോരുമെന്നുകണ്ടു സന്തോ ഷിക്കുന്നു. നവംബർ 16-ാംനു- കലാമണ്ഡലവാർഷികയോഗത്തിൽ താ ങ്കൾ ആദ്ധ്യക്ഷം വഹിക്കേണമെന്നു ഞങ്ങൾക്കെല്ലാം വലിയ താല്പര്യമു ണ്ടു്; അന്നുതന്നെയാണു് എന്റെ 73-ാം പിറന്നാളും. ഈ അപേക്ഷ സ്വീക രിച്ചു്, അതും മറുപടിയിൽ കാണിപ്പാൻ ദയവുണ്ടാകണം.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 137)*

## ജലദോഷത്തല

വള്ളത്തോൾ

ചെറുതുരുത്തി
22-1-1952

പ്രിയ സുഹൃത്തെ,

താങ്കൾ 19-ാംതീയതിതന്നെ മദിരാശിക്കു വിമാനം കേറി എന്നു പത്രങ്ങളിൽ കണ്ടു; പ്രസംഗങ്ങളുടെ ഓരോ സംഗ്രഹവും കണ്ടു.

Digitized By Kerala Sahitya Akademi

താങ്കളിൽനിന്ന കിട്ടുമെന്നു കരുതിയ 5000 ക. കിട്ടാഞ്ഞതിനാൽ ഞാൻ വലിയ കഷ്ടപ്പാടിലായിരിക്കുന്നു. പറയത്തിനോട്ട മുന്നമാസത്തെ അവധിക്ക് 1000 ക. വാങ്ങി; വേറെ ചിലരോടും ഇരന്നുവരുന്നുണ്ട്. താങ്കറം ഏററ 5000 ഏപ്രിൽമാസത്തിൽ സദയം തരാനൊക്കുകയില്ല യോ? എങ്ങനെയെങ്കിലും സഹായിക്കണേ!

രാജതരംഗിണിയും അതിന്റെ ഇംഗ്ലീഷ് തർജ്ജമയും താങ്കളുടെ പുസ്ത കസമൂഹത്തിലുണ്ടാകുമെന്ന്, അന്നു പറഞ്ഞുവല്ലൊ; അവ, ചീനത്തേ ക്കു പോകുന്നതിനു മുമ്പു സദയം ഇങ്ങോട്ടയയ്ക്കുമാറാകണം; ഹേമചന്ദ്ര കാവ്യത്തിന്റെ 3 വാല്യങ്ങളും. എല്ലാംകൂടി റെയിൽവേവഴിയായി അയ ച്ചാൽ ചെലവു കുറയുമല്ലോ.

ഞാൻ ആലുവായിൽനിന്ന് 18-ാം തീയതി പുഞ്ഞാററിലേക്കു പോ യിട്ട് 20-ാംതീയതി രാത്രിയിലാണ്, ഇവിടെ തിരിച്ചെത്തിയത്. കാട്ടുവഴികളിലൂടെയുള്ള യാത്രയും, മഞ്ഞും, ജനസംഘത്തിൽ (സമ്മേളന ത്തിൽ) ആറേഴുമണിക്കൂർനേരം ഇരിക്കയും എല്ലാംകൂടി എന്റെ ജലദോഷ ത്തലവേ പതിവിലേറെ കലക്കിമറിച്ചിരിക്കുന്നു!

ഇന്ത്യ വിടുന്നതിനു മുമ്പുതന്നെ ഒരു മറുപടി അയയ്ക്കുമല്ലോ.

സ്വന്തം
വി. നാരായണമേനോൻ

P. S. ചീനത്തേക്ക് ഇന്ത്യയിൽനിന്നയയ്ക്കപ്പെടുന്ന സൗഹൃത്സംഘത്തിൽ എന്നെയും ഉറംപ്പെടുത്തിട്ടുടെയോ?

*(കത്ത് നമ്പർ 138)*

# ചില നല്ല തുവലുകൾ

വള്ളത്തോറം ചെറുതുരുത്തി
28-8-1952

പ്രിയ സുഹൃത്തെ,

മിനിഞ്ഞാന്നത്തെ എഴുത്ത് ഇന്നു കിട്ടി. ആശ്വാസമായി. തത്ര ഭവ തിക്ക് അർബുദമെന്നു ശങ്കിക്കപ്പെട്ട രോഗം വന്നതുതന്നെ ഇപ്പോഴേ ഞാ നറിഞ്ഞുള്ളു. രോഗം ശമിച്ചുവരുന്നുണ്ടല്ലോ?

താങ്കറംക്കു ഡാക്ടർബിരുദം ലഭിച്ചതും, താങ്കളും പ്രസിഡൻറും പ്രസം ഗിച്ചതും ഞാൻ മാതൃഭൂമിയിൽ സസന്തോഷം വായിച്ചു. ലോകത്തിലെ മുന്തിയ എഴുത്തുകാരിൽ ഒരാളാണ് സർദാർ കെ. എം. പണിക്കർ എന്ന റിഞ്ഞ്, അതിന്നനുരൂപമായി മാനിപ്പാൻ നിശ്ചയിച്ച ഡൽഹി സർവ്വ

Digitized By Kerala Sahitya Akademi

കലാശാലയുടെ ഉചിതകർമ്മത്തെ ഞാൻ അത്യന്തം അഭിനന്ദിക്കുന്നു. തെക്കമുണ്ട് ചില നല്ല ത്രുവലുകൾ എന്നു വടക്കർ ക്രമേണ ധരിക്കുമാറാകട്ടെ.

ശ്രീ. കോമാടന്റെ പുസ്തകം ഉടനേ, നിർദ്ദേശിച്ച മേൽവിലാസത്തിൽ അയപ്പിക്കാം.

മറിയത്തർജ്ജമ റേഡിയോവിൽ വായിപ്പിക്കാൻ താങ്കൾക്കധികാരമുണ്ട്; അതിനെപ്പററി താങ്കൾ ചെയ്യാൻപോകുന്ന പ്രസംഗം നമ്മുടെ പത്രങ്ങളിൽ വരുമോ ആവോ?

'മേരിമഗ്ദലന'യുടെ ഒരു കോപ്പി എഴുത്തോടുകൂടി ഞാൻ ജവഹർലാൽജിക്കയയ്ക്കുകയുണ്ടായി; അതു് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടില്ലയോ? ആവോ? മറുപടി ഒന്നും വന്നില്ല!

'ഗ്രാമസൗഭാഗ്യം' ഇപ്പോൾ അവിടെ കിട്ടിയിരിക്കും. സൗകര്യം വന്നിട്ടു മതി, എനിക്കു പണം തരിക. 'പടിഞ്ഞാറെ മുറി' വായിക്കാൻ വല്ലാത്ത കൊതി. താങ്കൾ ഈജിപ്തിലേക്കു് എന്നു പോകും? പോകുന്നതോടുകൂടി ഒരെഴുത്തു് എനിക്കയപ്പാൻ ദയയുണ്ടാകണം. സകുടുംബനായിത്തന്നെയാണോ പോകുന്നതു്? അടുത്ത അവസരത്തിൽ ഇന്ത്യയിലേക്കു തിരിച്ചുവരുമോ? അടുത്ത നവംബർ 5-ാം തീയതിയാണു് കലാമണ്ഡലം വാർഷികോത്സവം, എന്റെ 74-ാം പിറന്നാളും.

താങ്കൾ ഡൽഹിയിൽ സ്വന്തം വീട്ടിൽത്തന്നെയോ താമസിക്കുന്നതു്? വീടിന്റെ പേർ എന്താണു്?

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 139)*

# സാഹിത്യഅക്കാദമി അംഗത്വം

വള്ളത്തോൾ

ചെറുതുരുത്തി
3-3-1953

പ്രിയ സുഹൃത്തെ,

ന്യൂഡൽഹിയിൽനിന്നു് താങ്കൾ മാർച്ച് 30-ാംതീയതി അയച്ച എഴുത്തു് ഇന്നലെ ഇവിടെ എത്തിച്ചേർന്നു.

ഇന്ത്യാഗവമ്മേണ്ടിന്റെ സാഹിത്യഅക്കാഡമിയിൽ മെമ്പറാവാൻ ഇംഗ്ലീഷും മററും അറിഞ്ഞുകൂടാത്ത ഞാൻ ആളാകുമോ? അതു സംബന്ധിച്ച മീററിംഗുകളിൽ പെരുമാറാൻ എനിക്കു് ഒരു ദ്വിഭാഷി വേണ്ടിവരില്ലയോ? ബാലൻ ഒരു ചെറിയ ഉദ്യോഗവുമായി ബോംബയിൽ താമസിക്കുകയാണു്; മാർച്ച് ആരംഭത്തിൽ പോയിരിക്കുന്നു. ശങ്കരക്കുറുപ്പ് എന്നേക്കാൾ ഭേദമാണു്. അയാൾക്കു് ഇംഗ്ലീഷ് അല്പം അറിയാമല്ലോ; ന

Digitized By Kerala Sahitya Akademi

ജുടെ മഹാകവിയാണതാനും. ഞാൻ മതി എന്ന താങ്കറംക്കു് അഭിപ്രായം ഉള്ളതുകൊണ്ടു് ഞാൻ സമ്മതിക്കുകതന്നെ ചെയ്യുന്നു. എനിക്കു തോന്നുന്ന രണ്ടുമൂന്നു പേരുകറം താഴെ കാണിക്കാം:

1. ഡാക്ടർ പി. കെ. നാരായണപിള്ള (ഇത്തരം കമ്മറ്റികളിലേക്കു് ശങ്കരക്കുറുപ്പിനേക്കാളും അഹ്നനാണു്. തിരുവിതാംകൂർ സർവ്വകലാശാലയിലെ ഒരുദ്യോഗസ്ഥനാണു് ഇദ്ദേഹം.)

2. ഡാ. കെ. ഭാസ്കരൻനായർ (പിള്ളയെക്കാറം കുറച്ചു താഴെ. എന്നാൽ കുറുപ്പിനെ കവച്ചുനില്ലും.)

3. ബനാറീസിലെ സി. നാരായണമേനോൻ. (ഇദ്ദേഹത്തിനെ താങ്കറം അറിയുമല്ലോ. മലയാളസാഹിത്യത്തിൽ എത്രകണ്ടുണ്ടെന്നു് അറിഞ്ഞുകൂടാ. പോന്ന ഒരു പണ്ഡിതനാണെന്നു തീർച്ചപറയാം.)

ഇപ്പോറം എന്നെക്കൂടാതെതന്നെ നാലുപേരായല്ലോ!

കുറുപ്പ് വളരെ വളരെ കവിതകറം എഴുതുന്നുണ്ടു്. അപ്പോറം ആശയാവത്തി വരുന്നതു് ഒട്ടു സ്വാഭാവികമല്ലേ? കുറെ ഭാവനയുള്ള ആളാണു് കുറുപ്പ്; എന്നാൽ ആശയങ്ങളെ സംസ്ഫുരിപ്പിച്ചുകൊണ്ടു പ്രതിപാദിക്കാൻ ത്രാണി വന്നുകഴിഞ്ഞിട്ടില്ല. പദപരിചയം പോരാസ്സ, പദവിന്യാസസ്ഥാനം അറിഞ്ഞുകൂടായ്ക, എന്നിവ രണ്ടും സംസ്ഫുരണത്തിനു് പ്രതിബന്ധമാകുമല്ലോ. എങ്ങനെയായാലും നമ്മുടെ ഇന്നത്തെ കവികളിൽ ഒന്നാമൻതന്നെ, കുറുപ്പ്.

ഞാൻ ഒരിക്കൽ ഈജിപ്പിലേക്കു വരട്ടയോ? കയ്റോവിൽ ചൂടും തണുപ്പുമില്ലാത്ത സുഖകാലം ഏതാണു്? എനിക്കു് ഇപ്പോറം വിശേഷാൽ സുഖക്കേടൊന്നുമില്ല. ജലദോഷപീഡ കൂടക്കൂടെ പിടിപെടുന്നുണ്ടെന്നു മാത്രം.

സ്വന്തം
വള്ളത്തോറം
*(കത്തു് നമ്പർ 140)*

# കേരളക്ഷേമേന്ദ്രൻ

വള്ളത്തോറം

ചെറുതുരുത്തി
2!-1-1953

പ്രിയ സുഹൃത്തെ,

താങ്കളുടെ 11-ാംതീയതിയിലത്തെ എഴുത്തു് 16-ാംതീയതി ഇവിടെ കിട്ടി. വിശേഷാൽ ജോലിയൊന്നുമുണ്ടാവില്ലെങ്കിൽ എന്റെ പേർ ഗവമ്മേണ്ടിന്റെ സാഹിത്യഅക്കാഡമിയിൽ ചേർപ്പിച്ചുകൊള്ളുക.

താങ്കറം നിർദ്ദേശിച്ച ഗുണങ്ങളൊക്കെയുണ്ടു്, വടക്കൻകൂർ രാജരാജ

Digitized By Kerala Sahitya Akademi

വർമ്മരാജാവിന്നു്. മുപ്പതു മുപ്പത്തഞ്ചുകൊല്ലമായി മുടങ്ങാതെ സാഹിത്യത്തിൽ പ്രവർത്തിച്ചുവരുന്ന ആളാണു് അദ്ദേഹം. അദ്ദേഹത്തിൻെറ കേരളീയ സംസ്കൃതസാഹിത്യചരിത്രത്തിൻെറ രണ്ടുമൂന്നു വാള്യങ്ങൾ പുറത്തിറക്കിയിരിക്കുന്നു. അവയിൽ ഒന്നിൻെറ വലിപ്പമുണ്ടാവില്ല, മഹാകവി കുറുപ്പിൻെറ കൃതികളെല്ലാം കൂട്ടിവെച്ചാൽത്തന്നെയും. ഈ സാഹിത്യചരിത്രത്തിൽ വളരെ വളരെ വിജ്ഞേയാംശങ്ങളുണ്ടു്. ഇതുപോലെതന്നെയാണത്രേ 'വാല്മീകി' എന്ന നിരൂപണപ്രബന്ധവും. 'ക്ഷേമചന്ദ്രനെ'പ്പറ്റിയും ഒരിടത്തരം നിരൂപണം അദ്ദേഹം എഴുതിയിട്ടുണ്ടു്. വാല്മീകി ഞാൻ വായിച്ചിട്ടില്ല. വടക്കുംകൂറിൻെറ 'രാഘവാഭ്യുദയം' (മുപ്പതിൽപ്പരം സർഗ്ഗമുള്ള മഹാകാവ്യം) താങ്കൾ കണ്ടിട്ടുണ്ടാവാം. ഇപ്പോൾ മഹാഭാരതം മഹാകാവ്യമാക്കി പുറത്തിറക്കിയിരിക്കുന്നു. (നാല്പതിൽപ്പരം സർഗ്ഗം) അതിന്നദ്ദേഹംതന്നെ എഴുതിയിട്ടുള്ള സുദീർഘമായ മുഖവുര പരീക്ഷിത്തുതമ്പുരാനാല്പോലും പ്രശംസിക്കപ്പെട്ടിരിക്കുന്നു. ഇത്രവലിയ പുസ്തകങ്ങൾ ഉള്ളൂർ പോലും എഴുതിയിട്ടില്ല. വടക്കുംകൂറിനെ ഞാൻ 'കേരളക്ഷേമേന്ദ്ര'നെന്നു പറയാറുണ്ടു്. സഹിത്യ അക്കാഡമിയിൽ ചേരാൻ അർഹനാണു് ഇദ്ദേഹമെന്നു് എനിക്കു തോന്നുന്നു.

ഡാക്ടർ പി. കെ. നാരായണപിള്ള നമ്മുടെ പ്രാചീനസാഹിത്യത്തെക്കുറിച്ചു് മികച്ച നിരൂപണങ്ങൾ എഴുതിയിട്ടുണ്ടു്. മുന്നൂറിൽപ്പരം പഴയ പനയോലഗ്രന്ഥങ്ങൾ സംഭരിച്ചു് ഒത്തുനോക്കി, എഴുത്തച്ഛൻെറ രാമായണം കിളിപ്പാട്ടു് സംസ്കാരപ്പെടുത്തുകയാണു് അദ്ദേഹം ഇപ്പോൾ ചെയ്യുന്നതു്. പാണ്ഡിത്യവും പരിശ്രമവും ഒത്തുചേർന്ന ആളാണു് അദ്ദേഹം. അതുകൊണ്ടാണു് അദ്ദേഹത്തിൻെറ പേർ ഞാൻ നിർദ്ദേശിച്ചതു്. അദ്ദേഹത്തെ ഞാൻ കണ്ടറിയില്ല.

ഇവരെക്കൂടാതെ മററാരെയും ഞാൻ കാണുന്നില്ല പേർ പറയാൻ.

അവിടെ എല്ലാവർക്കും സുഖംതന്നെയാണല്ലോ. തത്ര ഭവതിക്കു് എൻെറ വന്ദനമുണ്ടു്.

മഹാഭാരതത്തിൻെറ ഈജിപ്ഷ്യൻ തർജ്ജമ സമ്മാനമായി ശ്രീ. നഗ്വീബിനു് കൊടുത്ത മാന്യൻ നഗ്വീബു് എന്നിവരോടുകൂടിയ താങ്കളുടെ ഒരു ഫോട്ടോ മാതൃഭൂമിയിൽ കണ്ടതു് എന്നെ ആഹ്ലാദഭരിതനാക്കി. ആ ഈജിപ്ഷ്യൻ തർജ്ജമ പുത്തനാണോ? വിവർത്തകൻ ജീവിച്ചിരിപ്പുണ്ടോ? മഹാഭാരതം മുഴുക്കെ തർജ്ജമ ചെയ്തിട്ടുണ്ടോ?

ഞാൻ എന്നാണു് ഈജിപ്റ്റിലേക്കു വരേണ്ടതു്?

സ്വന്തം

വള്ളത്തോൾ

(*കത്തു് നമ്പർ 141*)

Digitized By Kerala Sahitya Akademi

# ചീനത്തേക്കു്

Vallathol

40, Egmore High Rd.
Madras-8
7-7-1953

പ്രിയ സുഹൃത്തെ,

താങ്കളുടെ ഒരെഴുത്തു് കണ്ടിട്ടു് കാലം കുറെയായി. എന്നാൽ താങ്കളും ഈജിപ്ഷ്യൻ മന്ത്രി നജീബും അദ്ദേഹത്തിനു സമ്മാനംകൊടുത്ത മാന്യനംചേന്നു് ഒരു ഫോട്ടോ പത്രത്തിൽ കണ്ടപ്പോഠം, താങ്കളുടെ ഒരു കുശലപത്രം കിട്ടിയാലത്തെ മനഃസുഖം എനിക്കുണ്ടായി. എൻെറ വന്ദനം തത്രഭവതിയേയും അറിയിക്കുക.

ഒരിന്ത്യൻ കലാപ്രതിനിധിസംഘം ക്ഷണിക്കപ്പെട്ടു് ചീനത്തേക്കു പോകുന്നുണ്ടു്. ആ കൂട്ടത്തിൽ ഒരു ചെറിയ കഥകളിയോഗത്തോടുകൂടി ഞാനും ചെല്ലാം എന്നു സമ്മതിച്ചിട്ടുണ്ടു്. അതിനു പുറപ്പെട്ടിരിക്കുകയാണു് ഞാൻ. ഈ തവണ, എൻ്റെ സിക്രട്ടറി മൂത്ത മകൻ ബാലകൃഷ്ണനാണു്. ബാലചന്ദ്രൻ ബോംബയിൽ ഒരു നിസ്സാരമായ കമ്പനിഉദ്യോഗത്തിൽ പ്രവേശിച്ചിരിക്കുന്നു.

നവീനഭരണംകൊണ്ടു വളന്നുവന്ന ചീനമഹാരാജ്യം കാണാൻ എനിക്കു് കനത്ത താല്പര്യം ഉണ്ടു്. എന്നാൽ അതു മാത്രമല്ല ഈ വയസ്സുകാലത്തു് എന്നെ അങ്ങോട്ടു പിടിച്ചു വലിക്കുന്നതു്. വള്ളത്തോഠംപ്രസ്സിന്നു് കുറെ പണം കഥകളി പ്രദശിപ്പിച്ചു് കയ്യിലാക്കണമെന്നു് ഒരു 'ദുര' കൂടി ഹൃദയത്തിൻെറ അടിത്തട്ടിൽ ഉണ്ടു്. ഇതിൽ താങ്കഠംക്കു് എന്നെ സഹായിപ്പാൻ കഴിയില്ലേ? വലിയ ധനികന്മാരായ രണ്ടു നാലു ചീനക്കാക്കു്, എന്നെ പരിചയപ്പെടുത്തുന്ന ഓരോ കത്തു് താങ്കഠം എത്രയും വേഗത്തിൽ അയയ്ക്കുന്നതു നന്നു്. ഇന്ത്യൻ അമ്പാസിഡർ രാഘവൻ താങ്കഠംക്കു് പരിചിതനാണെങ്കിൽ അദ്ദേഹത്തിന്നും, ഒരു ശുപാശികത്തു് സദയം അയയ്ക്കുക. താങ്കഠം ആക്കൊക്കെ എഴുത്തയച്ചുവോ അവരുടെ ഒക്കെ പൂണ്ണമേൽവിലാസം മറുപടിയിൽ കാണിച്ചാൽ അവരെ ഞാൻ ചെന്നു കണ്ടുകൊള്ളാം.

ഞാൻ നാളെ രാവിലെ ഡൽഹിക്കു വണ്ടി കയറി 10-ാംതീയതി രാവിലെ ന്യൂഡൽഹിയിൽ എത്തും. 12-ാംതീയതി ചീനത്തേക്കു വിമാനം കയറും.

ഈ എഴുത്തിൻെറ മറുപടി ഇന്ത്യൻ അമ്പാസിഡർ എൻ. രാഘവൻെറ c/o-ൽ അയച്ചാൽ എനിക്കു കിട്ടുമായിരിക്കും. ചീനരാജ്യത്തിൻെറ പല ഭാഗങ്ങളിലായി ഒരു മാസം പ്രതിനിധികളെ സഞ്ചരിപ്പിക്കണമെന്നാണത്രേ ഞങ്ങളെ ക്ഷണിച്ചവരുടെ ഉദ്ദേശം.

സ്വന്തം
വള്ളത്തോഠം

(*കത്തു്നമ്പർ 142*)

Digitized By Kerala Sahitya Akademi

# ചീനത്തെ ഓപ്പറയും നമ്മുടെ കഥകളിയും

വള്ളത്തോറാം

ചെറുതുരുത്തി
18-9-1953

പ്രിയ സുഹൃത്തെ,

ഞാൻ ഇന്നു താങ്കറാക്കൊരെഴുത്തയയ്ക്കാൻ തുടങ്ങുമ്പോഴാണ്, താങ്കറാ ജൂലായി 20-ാംതീയതി പീക്കിങ്ങിലേക്കയച്ച കത്തുകറാ ഇവിടെ വന്നു ചേൎന്നതു്.

ഞാനും ഇന്ത്യൻ കലാകാരസംഘവും ഡൽഹിയിൽനിന്നു് ഹോങ്ങ് കോങ്ങ്‌വരെ എയറിലും, അപ്പുറം സ്പെഷ്യൽ ട്രെയിനിലുമായി ജൂലായ് 20-ാംതീയതി പീക്കിങ്ങിലെത്തിച്ചേൎന്നു; 26-ാംതീയതി മാവ്സേതുങ്ങിനെ കണ്ടു. അന്നു് അദ്ദേഹത്തിൻെറ വസതിയിൽ കലാപ്രകടനത്തിനുശേഷം ഒരു ഗംഭീരസൽക്കാരമുണ്ടായി; ആ കുറുകിയ മനുഷ്യൻ ഒരു മഹാൻതന്നെ!

കോമേജോ പീക്കിങ്ങിലുണ്ടായിരുന്നില്ല; കാണാൻ തരം കിട്ടിയില്ല. ഇതെന്നെ വ്യസനിപ്പിച്ചു. പത്തുനാറാ പീക്കിങ്ങിൽ താമസിച്ചതിനു ശേഷം ഞങ്ങറാ മററു ടൗണുകളിൽ പോയി. രണ്ടുനാലു ദിവസം താമസിക്കുകയുണ്ടായി. ചെന്നേടത്തെല്ലാം കലാപ്രകടനങ്ങറാ നടത്തുകയുംചെയ്തു. കളി ഒരേടത്തും ടിക്കററുവെച്ചിട്ടല്ലായിരുന്നു. അതിനാൽ എൻെറ 'ദ്വര' യെ ഞാൻ പുറത്തേക്കു വിട്ടില്ല. ചീന പീസ്കമ്മററിക്കാക്ക് ഈ ഇരുപത്തൊമ്പതുപേരുള്ള കലാകാരസംഘത്തെ കൊണ്ടുപോകാനും ഉപചരിപ്പാനുമായി ലക്ഷക്കണക്കിൽ പണം ചെലവായിട്ടുണ്ട്. ഇങ്ങനെയായിരിക്കെ അതിഥികളിലൊരാളായ ഞാൻ എങ്ങനെ പണ്മിരക്കും?

ഇന്ത്യൻ കലകളിൽവെച്ച് കഥകളിയാണ് പഠിപ്പുള്ള ചീനക്കാരെ അധികം രസിപ്പിച്ചതു്. ഇതിൽ നമുക്കഭിമാനിക്കാം. അവരുടെ അധികപ്രീതിക്കു കാരണം, കഥകളിയും ഓപ്പറയും തമ്മിലുള്ള സാദൃശ്യമായിരിക്കും. ഓപ്പറ ഞാൻ ശ്രദ്ധിച്ചു കണ്ടു. ആംഗ്യങ്ങറാ പറഞ്ഞുതരാൻ ഒരാളുണ്ടായില്ല. പണ്ടത്തെ നിരന്തരമായ ഭാരതചീനാസമ്പൎക്കമാവാം, ഓപ്പറയും കഥകളിയും തമ്മിലുള്ള അടുപ്പത്തിനു കാരണം. കഥകളിക്കൊത്ത ഉൽകൃഷ്ടതയുള്ള ഒരു നാട്യകലതന്നെയാണ് ഓപ്പറ.

പരക്കേ വിശപ്പടങ്ങിയതിനാൽ കലാസംസ്കാരങ്ങളിൽ കൗതുകവും കൗശലവും ഏറിയേറി വരുന്ന മഹത്തായ ചീനാരാജ്യം കണ്ടതിനാൽ എനിക്കു മനംനിറഞ്ഞ സന്തോഷമുണ്ട്.

അവിടവിടെ സഞ്ചരിച്ച് ഹോങ്ങ്കോങ്ങിലെത്തി ആഗസ്റ്റ് 25-ാം തീയതി അവിടെനിന്നു് എയറിൽ ഡൽഹിക്കു പോന്നു. ഡൽഹിയിൽ ചീനാ അമ്പാസിഡറുടെ ഒരു വമ്പിച്ച ചായസല്ക്കാരം ഉണ്ടായി. അതും മററു ചടങ്ങുകളും കഴിഞ്ഞു്, ഞാൻ ഡൽഹി വിട്ട് ആഗസ്റ്റ് 31-ാംനു ഇവിടെ എത്തിച്ചേൎന്നു.



Digitized By Kerala Sahitya Akademi

യാത്ര വളരെ വളരെ സുഖകരമായിരുന്നു. എന്റെ ദേഹത്തിന്നു 10 റാത്തൽ തൂക്കം കൂടി.

അടുത്ത ഒക്ടോബർ 26-ാംതീയതി എന്റെ 75-ാം പിറന്നാളും കലാമണ്ഡലത്തിന്റെ 23-ാം വാർഷികയോഗവുമാണ്. ദൂരസ്ഥനായ താങ്കളെ ക്ഷണിക്കുന്നതു് വെറുതെയാകുമല്ലോ. അന്നത്തെ സമ്മേളനത്തിൽ വായിപ്പാൻ ഒരു മംഗളാശംസ സൂപ്രണ്ടിന്റെ പേരിൽ സദയം അയച്ചുകൊടുത്തേക്കുക.

താങ്കൾ നാലുദിവസം മുമ്പെ ലണ്ടനിൽവെച്ച് ഇന്ത്യൻ വിദ്യാർത്ഥികളുടെ സല്ക്കാരത്തിൽ സംസാരിച്ചതിന്റെ ഒരു സംഗ്രഹം ഞാൻ മിനിഞ്ഞാന്നത്തെ 'മാതൃഭൂമി' ലക്കത്തിൽ സകൗതുകം വായിച്ചു.

താങ്കൾക്കും കുടുംബത്തിനും കുശലംതന്നെയെന്നു വിശ്വസിക്കുന്നു.

സ്വന്തം

വള്ളത്തോൾ

(*കത്ത്നമ്പർ 143*)

# സാഹിത്യപരിശ്രമത്തിനു തൽക്കാലവിരാമം

വള്ളത്തോൾ

ചെറുതുരുത്തി

24-11-1953

പ്രിയ സുഹൃത്തെ,

താങ്കളുടെ 17-ാംതീയതിയിലെ എഴുത്ത് ഇന്നലെ 23-ാംനു- എനിക്കിവിടെ കിട്ടി. താങ്കൾ ലണ്ടനിലുണ്ടെന്നു ഞാൻ പത്രങ്ങളിൽനിന്നറിഞ്ഞിരുന്നു. ഒരു പ്രസംഗത്തിന്റെ ചുരുക്കവും മാതൃഭൂമിയിൽ കണ്ടു. എന്നാൽ ലണ്ടനിൽ പോയി താമസിച്ചതിന്റെ പ്രധാന ഉദ്ദേശം ഭാര്യയുടെ ചികിത്സയായിരുന്നുവെന്നു് ഇപ്പോഴേ അറിഞ്ഞുള്ളൂ. അവരുടെ ആരോഗ്യം അഭിവൃദ്ധിപ്പെട്ടിരിക്കുമെന്നാശിക്കുന്നു. താങ്കളുടെ ഒരു പുതിയ ചരിത്രപുസ്തകം ലണ്ടനിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും പത്രത്തിൽ കണ്ടു.

മഹാകവി ഉള്ളൂരിന്റെ ചരിത്രപുസ്തകം ഞാൻ കണ്ടില്ല. കണ്ടാലും ഒരു കൊല്ലം കഴിഞ്ഞാലേ വായിപ്പാൻ പററൂ. ഒന്നു രണ്ടു പത്രമല്ലാതെ മററൊന്നും ഈയിടയിൽ ഞാൻ വായിക്കാറില്ല. സാഹിത്യപരിശ്രമം നിശ്ശേഷം നിർത്തിയിരിക്കുന്നതു് 1954 ഡിസംബറിന്റെ അവസാനം വരെ നീട്ടും. ആരോഗ്യം കഷ്ടിച്ചു കൈവന്നാലായി.

വളരെ അന്വേഷണം ചെയ്തും പണിപ്പെട്ടും എഴുതിയതാണല്ലൊ മഹാകവിയുടെ സാഹിത്യചരിത്രം. അതിൽ ഇത്രവളരെ അബദ്ധങ്ങളോ? പഴയ സംസ്കൃതശ്ലോകങ്ങളുടെ അർത്ഥം ശരിക്കും മനസ്സിലാകായ്കയാൽ

Digitized By Kerala Sahitya Akademi

പററിയ അബദ്ധങ്ങഠം അദ്ദേഹത്തിൻെറ ഉപന്യാസങ്ങളിൽ ഞാൻ കണ്ടി ട്ടുണ്ടു്. സാഹിത്യചരിത്രം വളരെ വലുതുതന്നെയാണെന്നു് ഉള്ളൂർ എ ന്നോടു പറകയുണ്ടായിട്ടുണ്ടു്. അതിൻെറ പകപ്പവകാശം പതിനായിരം ഉറുപ്പികയ്ക്കാണു് തിരുവിതാംകൂർ യൂണിവേഴ്സിററി വാങ്ങിയതത്രെ.

ആ ഗാഥാസപ്തശതി ഒരു ശാസ്ത്രിയാൽ സംസ്കൃതത്തിൽ ആക്കപ്പെ ട്ടിട്ടുണ്ടെന്നു് പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി എന്നെ അറിയിച്ചിരു ന്നു. അതു ഞാൻ കണ്ടിട്ടില്ല. പ്രാകൃതപുസ്തകം ഇപ്പോഠം വിലയ്ക്കു കിട്ടി ല്ലെന്നു തോന്നുന്നു. തിരുവനന്തപുരത്തുള്ള ഗവണ്മെണ്ടു ലൈബ്രേറിയിൽ നിന്നു നമ്പൂതിരി ഉപായത്തിലെടുത്തയച്ച ജീർണ്ണപ്രായമായ പുസ്തകം നോക്കിയാണു ഞാൻ തർജ്ജമചെയ്തതു്. ഗംഭീരസുന്ദരമായ ഗ്രന്ഥം. അതി ൻെറ മാഹാത്മ്യം മലയാളികഠംക്കു മനസ്സിലായിട്ടില്ല. എളുപ്പം മനസ്സി ലാകയുമില്ല.

ഈജിപ്തിൽ വന്നു് താങ്കളുടെകൂടെ കുറെനാഠം താമസിപ്പാനും മിടുമിടു ക്കനായ നജീബുമായി പരിചയപ്പെടാനും എനിക്കു വലിയ ആഗ്രഹ മുണ്ടു്. പണം കയ്യിലില്ലായ്കയാൽ സാധിക്കുന്നില്ല.

കൂടെക്കൂടെ ഓരോ എഴുത്തയയ്ക്കാൻ താങ്കഠം ദയ ചെയ്യണേ. എൻെറ കുശലാന്വേഷണം ഭാര്യയെ അറിയിക്കുമല്ലൊ.

സ്വന്തം
വള്ളത്തോഠം
(കത്തു് നമ്പർ 144)

# വേദതർജ്ജമയും ദേവസ്വംബോർഡും

വള്ളത്തോഠം

ചെറുതുരുത്തി
18-3-1954

പ്രിയ സുഹൃത്തെ,

രാജ്യസേവാപ്രവീണൻ ഉണ്ണിത്താൻെറ മറുപടി താങ്കളുടെ സിക്രട്ടറി യുടെ ഒരു കറിപ്പോടുകൂടി അയച്ചതു് ഇന്നലെ ഇവിടെ കിട്ടി. അ പ്പോഠംത്തന്നെ വള്ളത്തോഠംഗ്രന്ഥാലയക്കാർ ഒരപേക്ഷ ദേവസ്വംബോർ ഡിന്നയച്ചു. അവരുടെ ഇയ്യാഴ്ചയിലെ മീററിങ്ങിന്നു മുമ്പു കിട്ടുമെന്നു തോന്നുന്നു. അതിൽ പ്രതിഫലസംഖ്യ കാണിച്ചിട്ടില്ല. ഞാനിന്നു് ഉണ്ണിത്താന്നയച്ച പ്രൈവററുകത്തിൽ അമ്പതിനായിരം ഉറുപ്പിക തന്നു സഹായിക്കണമെന്നു് എഴുതിയിട്ടുണ്ടു്. ഇതിനെ താങ്കളും, വിരോധമില്ലെ ങ്കിൽ, ഒന്നു പിന്താങ്ങിയാൽ ഉണ്ണിത്താന്നു ധൈര്യം വരും. തിരുവിതാം കൂർ-കൊച്ചിയിൽ രണ്ടായിരത്തോളം വായനശാലകഠം ഉണ്ടു്. അവയിൽ ഓരോ പ്രതി സ്വീകരിക്കപ്പെട്ടാൽത്തന്നെ, ബോർഡിന്നു ചെലവായ സംഖ്യ കിട്ടും. അഥവാ കിട്ടിയില്ലെങ്കിൽത്തന്നെ, ആണ്ടുതോറും അമ്പതു

Digitized By Kerala Sahitya Akademi

ലക്ഷം ഉറുപ്പിക വരവുള്ള ബോർഡിനു് ഒരമ്പതിനായിരം എത്രയു ണ്ടു്?ഇന്ത്യയുടെ ഒന്നാമത്തെ ഗ്രന്ഥം— പുണ്യകരമായ മഹാഗ്രന്ഥം—സ്വഭാ ഷയിലിറക്കാൻ ഇത്രയും സംഖ്യ ചെലവാക്കുന്നതു് ഒരിക്കലും അനുചിത മാകയില്ലല്ലോ.

ഈ ഋഗ്വേദതജ്ജ്ഞമയ്യു പ്രൗഢവും വളരെ കാര്യങ്ങളടങ്ങിയതുമായ ഒരു ദീഘ്മുഖവുര വേണമെന്നു ഞാൻ അന്നു പറയുകയുണ്ടായല്ലോ; താങ്കൾ എഴുതാമെന്നു പതുക്കെ സമ്മതിക്കുകയുമുണ്ടായി. താങ്കൾക്കു് അതിന്നവ സരം കിട്ടുമോ! ആറേഴുമാസംകൊണ്ടു് എഴുതിത്തീർത്താൽ മതിയാവും. താങ്ക ളല്ലെങ്കിൽ പിന്നെ അഹ്ൻ ഡോക്ടർ പി. കെ. നാരായണപിള്ളയാണെ ന്നു് എനിക്കു തോന്നുന്നു.

ഞാൻ ഒരു ചെറിയ കഥകളിയോഗത്തോടുകൂടി മലയേഷ്യയിലേക്കു പോകാൻ വിചാരിക്കുന്നുണ്ടെന്നു അന്നു് ഞാൻ പറഞ്ഞതു് ഓർമ്മയുണ്ടല്ലോ. ആഗസ്റ്റ് 10-ാംതീയതിക്കുശേഷം മദിരാശിയിൽനിന്നു പുറപ്പെടുന്ന കപ്പ ലിൽ പോകണമെന്നാണു്, ഇപ്പോഴത്തെ നിശ്ചയം. മലയേഷ്യയിലെ കളികൾ കഴിഞ്ഞിട്ടു്, അവിടെനിന്നു കപ്പലിൽ കിഴക്കേ ആഫ്രിക്കയി ലേക്കും പോകണം. രണ്ടിടങ്ങളിലും കളി ഏപ്പാടു മുക്കാലുമായിരിക്കുന്നു.

ആഫ്രിക്കയിൽ ഒരു തങ്കംപിഷാരോടിയാണു് മുൻനിന്നു ശ്രമിക്കു ന്നതു്. പണം ധാരാളം പിരിയുമെന്നും ആ സ്ത്രീ എഴുതിയിട്ടുണ്ടു്. എന്നാൽ ആഫ്രിക്കയിലെ പണം ഇങ്ങോട്ടു കൊണ്ടുപോരാൻ പാടില്ലത്രേ! അപ്പോൾ, കിട്ടുന്ന പണം നിഷ്പ്രയോജനമായിപ്പോവില്ലയോ? പണം ഇങ്ങോട്ടു കൊണ്ടുപോരാൻ എന്താണു് വഴി? ലണ്ടൻവഴിക്കു കൊണ്ടുപോ രാൻ വിരോധമുണ്ടാവില്ലെന്നു് ഒരാൾ പറയുകയുണ്ടായി. അങ്ങനെ ചെ യ്യാമോ? അന്വേഷിച്ചു സ്പഷ്ടമായ വിവരം എന്നെ അറിയിക്കാൻ ദയയു ണ്ടാകണം.

താങ്കൾ സാഹിത്യപരിഷൽസമ്മേളനത്തിനു വടകരയിൽ വരുമെന്നു് ഇന്നലെ ഒരു പത്രത്തിൽക്കണ്ടു. ആ വരവിൽ നാം തമ്മിൽ കാണുമെന്നു് ആശിക്കുന്നു. ഞാൻ ഈയാണ്ടു കഴിയുന്നതുവരെ ഒരു സമ്മേളനത്തിലും സംബന്ധിക്കില്ലെന്നു് അറിയാമല്ലൊ. എന്നാലും താങ്കളുടെ യാത്രാപരി പാടി മുൻകൂട്ടി അറിഞ്ഞാൽ, ഞാൻ എവിടെയെങ്കിലുംവെച്ചു കണ്ടുപിടി ച്ചുകൊള്ളാം.

മററു വിശേഷമൊന്നുമില്ല. മറുപടി ഉടൻ അയയ്ക്കുമല്ലൊ.

ബാലൻെറ കാര്യം എന്തായി എന്നറിഞ്ഞില്ല. ബാലൻെറ എഴുത്തൊ ന്നുമില്ല. പോലീസുകാരുടെ റിപ്പോർട്ടു പ്രതികൂലമല്ലാത്തപക്ഷം താങ്കളുടെ സ്നേഹിതനായ ശ്രീ ചൗധുരി അവനെ ജോലിക്കെടുക്കുമെന്നുതന്നെ ഞാൻ ആശിക്കുന്നു. ചൗധുരിയെ കാണുമ്പോൾ സംസാരിക്കാൻ കാര്യം ഓർമ്മയി ലുണ്ടായിരിക്കണേ?

സ്വന്തം

വി. നാരായണമേനോൻ

(*കത്തു് നമ്പർ 145*)

Digitized By Kerala Sahitya Akademi

# ഒമ്പതും പത്തും മണ്ഡലങ്ങൾ

വള്ളത്തോൾ                                                                                    ചെറുതുരുത്തി
26-3-1954

പ്രിയ സുഹൃത്തെ,

അവിടെനിന്നു് 23-ാം തീയതി സദയം അയച്ച എഴുത്തു് ഇന്നാണിവിടെ കിട്ടിയതു്. താങ്കളുടെ വിലയേറിയ പ്രേരണ ചൗധുരിയെക്കൊണ്ടു ബാലനെ ഒരു തക്ക ജോലിയിൽ പ്രവേശിപ്പിക്കുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു. അതിനു് അധികം താമസം വരാതിരുന്നാൽ നന്നു്.

വേദതർജ്ജമയുടെ കാര്യത്തിൽ എനിക്കു് ഒരബദ്ധധാരണ പററിപ്പോയി. മൂന്നു് വാളിയമാണു് യൂണിവേഴ്സിററിയിൽനിന്നു് അയച്ചുകിട്ടിയതു്; അത്രയുംകൊണ്ടു് ഗ്രന്ഥം സമാപ്തമായി എന്നു ഞാനുറയ്ക്കുകയും ചെയ്തു. എന്നാൽ മൂന്നാം വാളിയത്തിൽ എട്ടുവരെ മണ്ഡലങ്ങളേ ഉൾപ്പെട്ടിട്ടുള്ളു. ഒൻപതും പത്തും മണ്ഡലങ്ങളുടങ്ങിയ വാളിയം വേറെ സമ്പാദിക്കേണ്ടിയിരിക്കുന്നു. അപ്പോൾ രണ്ടു വാളിയത്തിന്റെ തർജ്ജമകൂടി ഇനി കഴിയേണ്ടതുണ്ടു്. അതിനു് ഒരുകൊല്ലം തികച്ചും വേണ്ടിവരും. മലയാത്രയ്ക്കു മുൻപു് തർജ്ജമ അവസാനിക്കുകയില്ല. എന്നാൽ അച്ചടി ഇപ്പോൾതന്നെ തുടങ്ങാൻ വിരോധമില്ല. ദേവസ്വംബോർഡുകാരുടെ തീരുമാനം എന്തോ, എപ്പഴോ; മുഖവുര എഴുതാമെന്നു് താങ്കൾ സദയം സമ്മതിച്ച വിവരം ഉണ്ണിത്താനെ അറിയിച്ചുകൊള്ളാം.

ഒൻപതും പത്തും മണ്ഡലങ്ങളുടങ്ങിയ വാളിയം പൂനയിൽ കിട്ടുമോ എന്നറിയാൻ ഇന്നലെ ഒരു കത്തയച്ചിട്ടുണ്ടു്. തിരുവിതാംകൂർ യൂണിവേഴ്സിററിയിലും അന്വേഷിക്കാം.

താങ്കൾ ഊട്ടിയിൽ താമസമാക്കിയതിനു ശേഷം വന്നു കാണാൻ ഞാൻ ശ്രമിക്കാം. അന്നവിടെ വലിയ തണുപ്പുണ്ടാകുമെങ്കിൽ വയ്യാതാനും.

സ്വന്തം
വി. നാരായണമേനോൻ
(കത്തു് നമ്പർ 146)

Digitized By Kerala Sahitya Akademi

# കഥകളിക്കു പിണഞ്ഞ അപമാനം

വള്ളത്തോൾ

ചെറുതുരുത്തി
2-4-1954

പ്രിയ സുഹൃത്തെ,

ബാലൻ ബോംബയിൽനിന്നയച്ച എഴുത്ത് താങ്കൾക്ക് കിട്ടിയിരിക്കുമല്ലോ? അവൻ വിദേശവകുപ്പിലേക്ക് ഒരുദ്യോഗപ്രാർത്ഥന അയച്ചിട്ടുണ്ട്. അതും വൃഥാവിൽ ആകാതിരിപ്പാൻ താങ്കൾ ഒന്നു മനസ്സിരുത്തുക തന്നെ വേണം. ശമ്പളം ചിലവിന് മതിയാകാതെ ബോംബയിൽ കഷ്ടപ്പെടുകയാണ് അവൻ എന്നറിയാമല്ലോ?

മിനിഞ്ഞാന്ന് കലാമണ്ഡലം കമ്മിററിമീററിങ്ങിന് നമ്മുടെ പറയത്തു രാമൻമേനോൻ ഇവിടെ വന്നിരുന്നു. അതിൻെറ തലേദിവസം അദ്ദേഹം തിരുവനന്തപുരത്തുവെച്ച് ഉണ്ണിത്താനെ കണ്ടു എന്നും ഗ്രന്ഥതർജ്ജമ ബോർഡിലേക്കെടുക്കുന്ന കാര്യം ഉണ്ണിത്താൻ സംസാരിക്കയുണ്ടായി എന്നും രാമൻമേനോൻ പറഞ്ഞു. ഇതിലെന്തോ ഒരധൈര്യം ഉണ്ണിത്താനുള്ളതായി പറയത്തിനു തോന്നിപോൽ.

ആ അധൈര്യം താങ്കളുടെ സുദൃഢമായ ഒരെഴുത്തുകൊണ്ടു നീങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനാൽ ചുട്ട ഒരെഴുത്ത് ഉണ്ണിത്താന് അതിവേഗത്തിൽ അയയ്ക്കുമാറാകണം. ബോർഡിൻെറ കാലം ഒരുമാസം കൊണ്ടവസാനിക്കും. അറുപതിനായിരം ഉറുപ്പികയാണ് ഞാൻ കോപ്പിറൈറ്റിന് പ്രതിഫലം ചോദിച്ചിരിക്കുന്നത്. നാലു വാളിയം—വാളിയം ഒന്നിന് പതിനയ്യായിരം.

ഡൽഹിയിലെ കേരള ക്ലബ്ബിൽ താങ്കൾ സംസാരിച്ചതിൻെറയൊരു ചുരുക്കം മാതൃഭൂമിയിൽ കണ്ടു. ഈയവസരത്തിൽ പറയേണ്ടുന്ന പലതും അതിലടങ്ങിയിട്ടുണ്ട്.

ഈ ക്ലബ്ബിനെപ്പററി പറഞ്ഞപ്പോൾ ഓർമ്മവന്നു. ഞാൻ ചീനത്തേക്കു പോകുമ്പോഴും പോരുമ്പോഴും നന്നാലുദിവസം ദൽഹിയിൽ താമസിക്കുകയുണ്ടായി. അതിനിടയ്ക്ക് അവിടത്തെ പുതിയ മലയാളി അസ്സോസിയേഷൻെറ ഒരു സ്വീകരണമുണ്ടായി. അതിൽ കേരള ക്ലബ്ബുകാർ ക്ഷണിക്കപ്പെട്ടിട്ടും ചെന്നില്ല—ഇപ്പോൾ ക്ലബ്ബുകാർക്ക് കഥകളി നടത്തണമെന്ന് ഉണ്ടായിരുന്നു. എന്നാൽ മഹാകവിയെ കേരളക്ലബ്ബിൽ കേററിയാൽ ഞാൻ എന്നേക്കുമായി ഒഴിയും എന്ന് '......' താക്കീതു ചെയ്തുപോൽ!

ഇക്കഴിഞ്ഞതിന് മുമ്പത്തെ ഇന്ത്യാറിപ്പബ്ലിക്ക ദിനാഘോഷത്തിൽ കളിപ്പിക്കാൻ ഇവിടെനിന്ന് ചില കഥകളിക്കാരെ ഒരു വിദ്വാൻ ദൽഹിക്കു കൊണ്ടുപോയിരുന്നു. അതിലെ നടന്മാരെ രാവിലെ ഏഴുമണിക്ക് വേഷം കെട്ടിച്ച് ഒരു ട്രക്കിൽ കയററി വൈകുന്നേരം നാലുമണിവരെ ന്യൂദൽഹിയിലെ റോഡുകളിൽ സഞ്ചരിപ്പിച്ചു കളഞ്ഞു. ഇതിലും വലിയ

Digitized By Kerala Sahitya Akademi

ഒരുപമാനം കഥകളിക്കു് പററാനില്ലല്ലോ. അതു പിടിച്ചു ഞാൻ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. അതിൻെറ പ്രധാന പ്രവത്തകൻ നമ്മുടെ കാട്ടൂൺ ആയിരിക്കാം. എൻെറ പ്രത്യാഖ്യാനം അദ്ദേഹത്തിൻെറ ഹൃദയത്തിൽ തട്ടിയിരിക്കാം. എന്നോടുള്ള വൈരത്തിനു് മററു കാരണമൊന്നും ഞാൻ കാണുന്നില്ല. ഇക്കഥ ഇവിടെ പറഞ്ഞതു വെറും നേരമ്പോക്കിനാണു്.

ബാലൻെറ കാര്യവും ഉണ്ണിത്താനു് കത്തയച്ച വിവരവും അറിയാൻ എനിക്കു് തിടുക്കമുണ്ടു്. അതിനാൽ ഇതിൻെറ മറുപടി ഒട്ടും വൈകാതെ അയയ്ക്കുമാറാകണം.

ഋഗ്വേദത്തിൻെറ നാലാം വാളിയം ഇരുപത്തഞ്ചു് ഉറുപ്പികയ്ക്കു് പൂനയിൽ കിട്ടും. തിരുവിതാംകൂർ യൂണിവേഴ്സിററിയിലും അന്വേഷിച്ചിട്ടുണ്ടു്.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 147)*

# ബോർഡിൻെറ കാലം

വള്ളത്തോറം

ചെറുതുരുത്തി
30-4-1954

പ്രിയ സുഹൃത്തെ,

ഞാൻ ഇതിനുമുമ്പയച്ച എഴുത്തിനു താങ്കറം ജോലിത്തിരക്കുകൊണ്ടായിരിക്കാം, മറുപടി തന്നില്ല; തന്നിരുന്നുവെങ്കിൽ, എനിക്കു കുറച്ചു് ആശ്വാസം കിട്ടുമായിരുന്നു.

ബാലൻെറ പുതിയ ശ്രമം ഫലിക്കുമോ? താങ്കറം അതിൽ മനസ്സുവെച്ചുവോ? അവൻ അയച്ച ഹർജിയുടെ നേർപകർപ്പു താങ്കറംക്കയച്ചുതന്നിട്ടില്ലേ?

ശ്രീ. ഉണ്ണിത്താനു താങ്കറം പിന്നീടു് എഴുത്തയയ്ക്കുകയുണ്ടായോ? അദ്ദേഹം യൂണിവേഴ്സിററിയിൽനിന്നു വേദ തർജ്ജമയുടെ രണ്ടു നോട്ടുബുക്കു വാങ്ങി ഉപദേശകക്കമ്മിററിയ്ക്കു്—എന്നു വെച്ചാൽ ശ്രീ. ശേഷാദ്രിക്കു്—നോക്കാൻ കൊടുത്തിരിക്കുന്നുവെന്നു് എന്നെ അറിയിച്ചിട്ടുണ്ടു്. ശേഷാദ്രിയെ ഞാൻ കണ്ടറിയില്ല. ഈ ബോർഡിൻെറ കാലം അവസാനിക്കാൻ ഇനി നാലാഴ്ചയോളമേയുള്ളു. അതിനുമുമ്പു തീരുമാനമുണ്ടാവുമോ, ആവോ! അടുത്ത മേയ്മാസം 13-ം 14-ം 15-ം തീയതികളിലാണത്രെ, സാഹിത്യപരിഷത്തു്. 10-ാം തീയതി താങ്കറം തൃശ്ശൂരിൽ എത്തുമെന്നു പത്രത്തിൽ കണ്ടു. ഇതു ശരിയാണെങ്കിൽ, ഞാനന്നു തൃശ്ശൂരിൽവന്നു താങ്കളെ കണ്ടുകൊള്ളാം. അന്നു താങ്കറംക്കവസരമുണ്ടാവുമെങ്കിൽ, വേദതർജ്ജമയുടെ കുറേ ഭാഗംകൂടി കാണിക്കാമെന്നു ഞാൻ ആശിക്കുന്നു.

Digitized By Kerala Sahitya Akademi

വിവരങ്ങളെല്ലാം അടങ്ങിയ ഒരു മറുപടി അയയ്ക്കാൻ അമാന്തിക്ക രുതേ!

പരിഷത്തു് യോഗത്തിനു ഞാൻ ചെല്ലില്ലെന്നു മിനിഞ്ഞാന്നു മറുപടി അയച്ചിരിക്കുന്നു.

സ്വന്തം
വി. നാരായണമേനോൻ

Major Sardar
K. M. Panikker
14, Akbar Road
NEW DELHI

(കത്തു്നമ്പർ 148)

# കവി സാർവഭൗമൻ അലവൻസ്

വള്ളത്തോാം

ചെറുതുരുത്തി
22-5-1954

പ്രിയ സുഹൃത്തെ,

മിനിഞ്ഞാന്നു് 20-ാം തീയതി നമ്മുടെ മഹാകവി കുറുപ്പും വേറെ രണ്ടുപേരുംകൂടി സാഹിത്യപരിഷത്തിന്നു് എന്നെ പിടികൂടാൻ ഇവിടെ വന്നിരുന്നു. ഞാൻ ഒഴിഞ്ഞുമാറുകയല്ലാതെ എന്തുചെയ്യും? താങ്കാം 29-ാം തീയതി വടകരയ്ക്കു പോകുന്നുണ്ടോ? അങ്ങനെ ഒരു സംശയം പറഞ്ഞു, അവർ. പോകുന്നുണ്ടെങ്കിൽ, ഷൊറണ്ണൂരിൽവെച്ചു തമ്മിൽ കാണാം. അതു പററിയില്ലെങ്കിൽ, താഴെ എഴുതുന്ന കാര്യങ്ങാംക്കു് ഒരു മറുപടി താങ്കാം തിരുവനന്തപുരം വിടുന്നതിന്നുമുമ്പ സദയം അയയ്ക്കുമാറാകണം.

1. ശ്രീ. ഉണ്ണിത്താനെ കണ്ടില്ലേ? വേദതജ്ജ്ഞയുടെ കാര്യം വല്ലതും തീരുമാനപ്പെട്ടുവോ? അടുത്ത ബോർഡിൽ ആരൊക്കെയായിരിക്കും?

2. മുഖ്യമന്ത്രി പട്ടം താങ്കളുടെ സ്നേഹിതനാണോ? താങ്കാം മൂന്നു നാലു ദിവസം തിരുവനന്തപുരത്തു താമസമുള്ള സ്ഥിതിക്കു് അദ്ദേഹത്തെ കാണാതിരിക്കില്ലല്ലോ. എന്റെ കവിസാർവഭൗമൻ അവലൻസു് ഇപ്പോാം പ്രതിമാസം 50 ക. യാണു്. അതു് ഇയ്യാണ്ടുമുതല്ക്കു നൂറെങ്കിലുമാക്കാൻ താങ്കാം ഒന്നു് ഊന്നി ശുപാർശി ചെയ്യാമോ? ആവാമെങ്കിൽ, അതു ചെയ്യുന്നതുകൊള്ളാം.

കാശില്ലാഞ്ഞു പ്രാരബ്ധത്തിൽ പെട്ടിരിക്കയാണു് ഞാൻ. അതുകൊണ്ടാണു് ഈ വക നിസ്സാരകാര്യങ്ങളിൽ താങ്കളെ പ്രേരിപ്പിക്കുന്നതു്. ക്ഷമിക്കണം.

താങ്കളുടെ നിർദ്ദേശത്താലാണെന്നു പറഞ്ഞു കെ. കെ. രാജാവു് ഇവിടെ വന്നു് ഒരു സർട്ടിഫിക്കററു വാങ്ങിക്കൊണ്ടു പോയിട്ടുണ്ടു്. അദ്ദേഹം താങ്കളെ കാണിച്ചുവോ? അദ്ദേഹത്തിന്നും ഒരു നൂറു റുപ്പിക കിട്ടുമെങ്കിൽ, അതു വലിയ ആശ്വാസമായിരിക്കും. എനിക്കും വല്ലതും തരുമോ, ഇന്ത്യാഗവമ്മെണ്ടിന്റെ സാഹിത്യ അക്കാഡമി? എനിക്കു് ഒരു കൊല്ലത്തേക്കുമാത്രം കിട്ടിയാൽ പോരാ. സ്ഥിരമായി കിട്ടണം. പഴയ

Digitized By Kerala Sahitya Akademi

ഗ്രന്ഥങ്ങളെ പ്രാദേശിക ഭാഷകളിൽ വിവർത്തനം ചെയ്യുകയും മററും ചെയ്യുന്നവക്ക സഹായധനം നല്കണമെന്നു് സാഹിത്യ അക്കാഡമി ഒരു പ്രമേയം പാസാക്കിയിട്ടുണ്ടു് എന്നു് തൃശ്ശൂർവച്ചു് പറയുകയുണ്ടായല്ലോ. ഋഗ്വേദ തർജ്ജമയും ഗണ്യമായ ഒരു ധനസഹായം നല്കാൻ സാഹിത്യ അക്കാഡമിയെ പ്രേരിപ്പിക്കാൻ താങ്കൾക്ക കഴിയില്ലേ? ഇക്കാര്യത്തിൽ ഞാനോ വള്ളത്തോൾ ഗ്രന്ഥാലയക്കാരോ വല്ല അപേക്ഷയോ മറേറാ അയക്കേണ്ടതുണ്ടെങ്കിൽ, ആ വിവരം അറിയിച്ചാൽ, വേണ്ടതു ചെയ്യാം. ശേഷം മറുപടിപോലെ.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 149)*

# പത്തിരട്ടി ദുഷ്ക്കരം

വള്ളത്തോൾ

ചെറുതുരുത്തി
3-7-1954

പ്രിയ സുഹൃത്തെ,

താങ്കൾ ഹൈദ്രാബാദിൽനിന്നു 1-ാംതീയതി അയച്ച എഴുത്തു് ഇന്നു് ഇവിടെ കിട്ടി. എൻെറ എഴുത്തുകൾക്ക മറുപടി തരാഞ്ഞതിന്നു കാരണം താങ്കളുടെ ജോലിത്തിരക്കാണെന്നു ഞാൻ മുമ്പുതന്നെ ഊഹിച്ചിരിക്കുന്നു. ഒരിടത്തു സ്ഥിരതാമസമായാൽ ജയിച്ചു. എന്നായിരിക്കും താങ്കൾ ഡൽഹിയിൽ തിരിച്ചെത്തുക? ഹൈദ്രാബാദിൽനിന്നു് എവിടേക്കായിരിക്കും യാത്ര? ശ്രീ. പി. ഉണ്ണിത്താൻ എനിക്ക കത്തയച്ചിരുന്നു. അദ്ദേഹത്തിന്നു വായിപ്പാൻ കൊടുത്ത രണ്ടു വേദതർജ്ജമ ബുക്കുകൾ തിരുവിതാംകൂർ യൂനിവേർസിററിക്കാർ തിരിച്ചുമേടിച്ചു എന്നു മാത്രമാണു് എഴുത്തിലെ കാര്യം. യൂനിവേർസിററിയിൽ വല്ല അനക്കവും ഉണ്ടായി വന്നിരിക്കാം.

തിരുവിതാംകൂർ ദേവസ്വംബോർഡിൻെറ ഇപ്പോഴത്തെ ചെയർമാൻ സ്വാമിനാഥൻപിള്ള തമിഴനല്ലേ? അയാൾ ഈ മലയാളപുസ്തകത്തിൽ ശ്രദ്ധിക്കുമോ? യൂനിവേർസിററിക്കാർക്ക മാതൃകയ്ക്കായി ബുക്കയച്ചു കൊടുത്തിട്ടു് ഒന്നരക്കൊല്ലം തികച്ചും കഴിഞ്ഞു! വേണമെന്നോ വേണ്ടാ എന്നോ പറയുന്നില്ല. ഈ പുസ്തകം എങ്ങനെ പുറത്താക്കേണ്ടൂ എന്നാണു് ഇപ്പോഴത്തെ മനോരാജ്യം. ഏററവും മികച്ച ഗ്രന്ഥങ്ങൾ—വിശ്വസാഹിത്യ ഗ്രന്ഥങ്ങൾ—സ്വന്തം ഭാഷയിൽ സംക്രമിപ്പിക്കുന്നവക്കു് യഥാഹ്മായ സംഭാവന നൽകാൻ സാഹിത്യ അക്കാഡമി നിശ്ചയിച്ചിട്ടുണ്ടല്ലോ. അതിനെ പ്രമാണമാക്കി ഒരു ഹരജി അക്കാഡമിക്കു് അയച്ചാൽ ഗുണമുണ്ടാവുമോ? തർജ്ജമ ഒരു പത്തുമാസത്തിന്നുള്ളിൽ അവസാനിക്കും. തർജ്ജമയെക്കാൾ പത്തിരട്ടി ദുഷ്ക്കരം, അച്ചടിപ്പിക്കാൻ!

ബാലൻെറ ഉദ്യോഗക്കാര്യത്തിന്നു ശ്രീ. ചൗധുരിക്ക ഞാൻ ഒരെഴുത്തയച്ചിട്ടുണ്ടു്. അതു കിട്ടിയോ, ആവോ! അദ്ദേഹത്തിൻെറ ആപ്പീസിലേക്കാണു് മേൽവിലാസം വെച്ചിരുന്നതു്. ബാലൻ മററന്നാൾ ഇവിടെ എത്തും. ഒരു മാസം അവുധി വാങ്ങി പോരികയാണു്.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു്നമ്പർ 150)*

Digitized By Kerala Sahitya Akademi

# സംഭാവന പ്രതീക്ഷിച്ച്

വള്ളത്തോൾ

ചെറുതുരുത്തി
22-7-1954

പ്രിയ സുഹൃത്തെ,

താങ്കൾ 16-ാം തീയതി സദയം അയച്ച എഴുത്ത് 17-ാം തീയതി ഇവിടെ കിട്ടി.

ഇന്ത്യാഗവണ്മെൻറിൻെറ സാഹിത്യ അക്കാഡമിയുടെ അദ്ധ്യക്ഷന്ന് അയയ്ക്കാൻ വിചാരിക്കുന്ന ഹർജിയുടെ കരടുപകപ്പ് ഇതൊന്നിച്ചയയ്ക്കുന്നു. ഇതിൽ വേണ്ടുന്ന ഭേദഗതികൾ വരുത്തിയും ഭാഷയ്ക്കു ഭംഗി കൂട്ടിയും തിരിച്ചയച്ചേക്കണം.

25000 ക. അക്കാഡമിയിൽനിന്നുകിട്ടുമെന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ല. ജവഹർലാൽജിയുടെ സ്വന്തം ഫണ്ടിൽനിന്ന് ഒരു തുക സംഭാവനയായി കിട്ടിക്കൂടായ്കയില്ല. ചില മാസങ്ങൾക്കു മുമ്പെ അദ്ദേഹം ഹരീന്ദ്രനാഥ ചതോപാധ്യായനും ബോംബയിൽ ഒരാൾക്കും ഓരോ കലാകേന്ദ്രത്തിന്നു പതിനായിരം വീതം ഉറുപ്പിക കൊടുക്കുകയുണ്ടായി. വാസ്തവത്തിൽ അത്രയും കവിഞ്ഞ ഒരു സംഭാവനയെ അർഹിക്കുന്നതല്ലയോ, ഈ മഹാഗ്രന്ഥത്തിൻെറ തർജ്ജമ? അദ്ദേഹത്തിൻെറ ശ്രദ്ധ ഇതിൽപ്പതിയുമാറ്, താങ്കൾ യഥോചിതം, യഥാസമയം പ്രവർത്തിച്ചാൽ കഴിഞ്ഞു. ഇതിൽ സങ്കോചം തോന്നരുത്.

ഇരുപത്തയ്യായിരം ഉറുപ്പികയില്ലാതെ ഇതച്ചടിപ്പിക്കുക വയ്യ. അതു താങ്കളുടെ തിരുശ്ശീലപ്പിന്നിൽ വെച്ചുള്ള പരിശ്രമംകൊണ്ടു കിട്ടണം. ഞാൻ മററാരെ ശരണം പ്രാപിക്കും? ഇതിനായി ഞാൻ ന്യൂഡൽഹിയിലേക്കു വരണമെങ്കിൽ, വരാം; കുറേദിവസം, പണ്ടു ബിക്കാനീറിലെന്നപോലെ, താങ്കളുടെകൂടെ തിമർത്തു താമസിക്കുകയും ചെയ്യാം. അവതാരിക എഴുതുന്നതിൽ താങ്കൾ കുറേശ്ശെ മനസ്സിരുത്തിത്തുടങ്ങുമല്ലോ.

ഞാൻ ആഗസ്റ്റു 25-ാംതീയതി മദിരാശിയിൽനിന്നു പുറപ്പെടുന്ന കപ്പലിലാണ്, കഥകളിസെററോടുകൂടി മലയേഷ്യയിലേക്കു പോകുന്നത്. തിരിച്ചുവരാൻ രണ്ടോളംമാസം പിടിക്കുമായിരിക്കാം. വന്നതിന്നുശേഷം, വേണമെങ്കിൽ, ദൽഹിക്കു വരാം.

മറുപടിയിൽ നമ്മുടെ ചൗധുരിയുടെ പൂർണ്ണ മേൽവിലാസം കാണിക്കുന്നതുപകാരമാവും. ഞാൻ അദ്ദേഹത്തിന്ന് ഒരെഴുത്തയച്ചതിനു മറുപടി കിട്ടിയില്ല!

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 151)*

Digitized By Kerala Sahitya Akademi

# ന്യൂനതകൾ അറിയിക്കുക

വള്ളത്തോൾ

ചെറുതുരുത്തി
ടി. സി. സ്റ്റേറ്റ്
ഷൊർണൂർവഴി

പ്രിയ സുഹൃത്തേ,

താങ്കളുടെ 1-ാംതീയതിയിലെ എഴുത്ത് 4-ാംതീയതിയും, കപില ശാസ്ത്രിയുടെ പുസ്തകം 6-ാംതീയതിയും, ആമുഖം മിനിഞ്ഞാന്നും കിട്ടി. ശാസ്ത്രിയുടെ പുസ്തകം ഞാൻ കുറച്ചു വായിച്ചു; ഭാഷ സരളംതന്നെ. സമയം കിട്ടിയാൽ മുഴുവൻ വായിക്കാം. ഈ ശാസ്ത്രി അരവിന്ദയോഗിയുടെ ശിഷ്യനാണോ?

ആമുഖം ഋഗ്വേദത്തെ മുഴുവൻ പരാമർശിച്ചിട്ടുണ്ട്. അതിനാൽ ഓരോ വാല്യത്തിന്നും ഓരോ മുഖവുര എന്ന ഏർപ്പാടും ആവശ്യമില്ല. എന്നാൽ നാലു വാല്യത്തിലും ഓരോ വിഷയാനുക്രമണിക വേണം. അതെഴുതാൻ പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരിയെ ഏല്പിക്കാം. അതിനുള്ള വൈദുഷ്യവും, വകതിരിവും അദ്ദേഹത്തിനുണ്ട്. നമ്മുടെ 'ബാലഭൂപതി'യേയും മറ്റും ബുദ്ധിമുട്ടിക്കാതെയും കഴിയുമല്ലോ. മിനിഞ്ഞാന്ന് അച്ചടിച്ച കുറെ ഫാറങ്ങൾ താങ്കൾക്ക് ഇന്നയയ്ക്കുന്നുണ്ട്. അവ സമഗ്രമായും, സശ്രദ്ധമായും വായിച്ചു നോക്കി ന്യൂനതകൾ എന്നെ അറിയിക്കുന്നതു് ഉപകാരമായിരിക്കും. ആമുഖത്തിൽ അക്ഷരം കുറയ്ക്കാനും മറ്റും ഞാൻ ശ്രമിച്ചുകൊള്ളാം. ആമുഖം മലയാളത്തിൽതന്നെ മതി.

താങ്കൾ പാരീസിലേക്ക് പോയ കാലത്ത് ഞാനയച്ച എഴുത്ത് കിട്ടിയില്ലായിരിക്കുമോ? അതോടൊന്നിച്ച് ഞാൻ മൗലാനാ ആസാദിന്നയച്ച ഒരപേക്ഷയുടെ പകപ്പുമുണ്ടായിരുന്നു. ആ അപേക്ഷ സ്വീകരിച്ചായിരിക്കാം, ഒരു 1500 ക. കലാമണ്ഡലം ഡാൻസു വകുപ്പിന്നനുവദിച്ചതായ മറുപടി വന്നിട്ടുണ്ട്. ഇതു് പോരാ, കൊല്ലംതോറും 3000 ക. തന്നെ ഈ ഡാൻസു വകുപ്പിലേക്കു കിട്ടാൻ താങ്കൾ ആസാദിനോട്ട് ഒന്നൂന്നി പറയുകതന്നെവേണം. അതിനു് മടിക്കരുതേ!

'ബോധിസത്ത്വാപദാനകല്പലത'യുടെ 4-ാം വാല്യവും അച്ചടിച്ചു കഴിഞ്ഞിരിക്കുന്നുവത്രെ. താങ്കൾക്കയച്ചു കിട്ടുകയുണ്ടായോ? എനിക്കു കിട്ടിയിട്ടില്ല.

കലാമണ്ഡലത്തിന്റെ 'രജതജൂബിലി' അടുത്ത ക്രിസ്തുമസ്സുകാലത്തേക്കു് നീട്ടിയിരിക്കുന്നു. മഹാന്മാർക്കു വന്നുചേരാൻ സൗകര്യം വേണമല്ലോ. ഒരു ജൂബിലിക്കമ്മിററി ഏർപ്പെടുത്താൻ ശ്രമിച്ചു വരുന്നുണ്ട്. കമ്മിററി രൂപപ്പെട്ടുകഴിഞ്ഞാൽ, ഒരു യോഗംകൂടി പ്രോഗ്രാമുകൾ തീർച്ചപ്പെടുത്തും.

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 152)*

Digitized By Kerala Sahitya Akademi

# ഗോപിയുടെ പാസ്പോർട്ട്

വള്ളത്തോൾ

ചെറുതുരുത്തി
3-8-1954

പ്രിയ സുഹൃത്തെ,

താങ്കളുടെ 31-ാം നം-ത്തെ എഴുത്ത് ഇന്നലെ 2-10 ന് ഇവിടെ കിട്ടി.

വേദതർജ്ജമയുടെ പകർപ്പവകാശം അക്കാഡമി വാങ്ങുമോ? അങ്ങനെയായാൽ നമുക്കു ബുദ്ധിമുട്ടു കുറയുമല്ലോ. പ്രതിഫലം അറുപതിനായിരം ഉറുപ്പികതന്നെ തന്നാൽ മതി. ആ സംഖ്യ അക്കാഡമിക്കു പുസ്തകം അച്ചടി കഴിഞ്ഞു് ഒരു കൊല്ലംകൊണ്ടു് ഈടാക്കാവുന്നതാണു്. തിരുവിതാംകൂർ-കൊച്ചിയിൽ രണ്ടായിരത്തോളം വായനശാലകളുണ്ടു്. അവയ്ക്കു കൊടുപ്പാൻ ടി. സി. ഗവണ്മെൻറ് അത്രയും കോപ്പികൾ വാങ്ങിയാൽ മതി. ഈവക സംഗതികൾ 28-ാം തീയതി കൂടുന്ന എക്സിക്യൂട്ടീവ് കമ്മിററി മീററിംഗിന്റെ ദൃഷ്ടിയിൽ താങ്കൾ പെടുത്തണം. ഈ തർജ്ജമ ഗവണ്മെൻറിന്റേതായ ഒരു സ്ഥാപനം സ്വീകരിക്കുന്നതു് നമുക്കു് ഒരു ബഹുമതിയുമാണല്ലോ.

ഏററവും ഗൗരവമുള്ള ഒരു കാര്യം എന്റെ സിങ്കപ്പൂർ യാത്രയിൽ സിക്രട്ടറിയായ ഗോപി ഉൾപ്പടെ 16 പേരുണ്ടു്. അവരിൽ 15 പേൎക്കു (എനിക്കും) പാസ്പോർട്ട് കിട്ടിക്കഴിഞ്ഞു. ഗോപിയുടെ പാസ്പോർട്ട് ഇന്നുവരെയും കിട്ടിയിട്ടില്ല. പല കുറി ഏറെ എഴുത്തുകൾ അതയച്ചുതരാൻ ആവശ്യപ്പെട്ടുകൊണ്ടു് എഴുതിക്കഴിഞ്ഞു; ഇന്നു ചീഫ് സിക്രട്ടറിക്കു വീണ്ടും എഴുത്തയച്ചിട്ടുണ്ടു്.

ഇതൊന്നും ഫലിച്ചില്ലെങ്കിൽ—ഗോപിക്കുള്ള പാസ്പോർട്ട് കിട്ടിയില്ലെങ്കിൽ—ഞാൻ ജവഹർലാൽജിക്കു കമ്പിയടിക്കും. അദ്ദേഹം ഫോണിൽ ടി. സി. ഗവണ്മെൻറിനോടാജ്ഞാപിച്ചു പാസ്പോർട്ടു തരുവിക്കണം. അതിനു താങ്കൾ അദ്ദേഹത്തെ കണ്ടു് എന്റെ പ്രതിനിധിയായി അപേക്ഷിക്കാൻ മടിക്കരുതേ! ജവഹർലാൽജിക്കു കമ്പിയടിക്കുന്നതോടുകൂടി താങ്കൾക്കും ഞാനൊരു കമ്പിയടിക്കും. അദ്ദേഹം അനുവദിക്കാതിരിക്കില്ലെന്നു് എനിക്കുറപ്പുണ്ടു്.

സമയം പോരാത്തതിനാലാണു് എനിക്കു പരിഭ്രമം. പാസ്പോർട്ടുകൾ മുഴുവൻ കിട്ടാത്തതിനാൽ മലയേഷ്യാ ഗവണ്മെൻറിന്റെ Entry Permit-നു് അപേക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. അവരുടെ Permit 20-ാംനുയ്ക്കെങ്കിലും കിട്ടുകയും വേണം. 22-ാം നു ഇവിടെനിന്നു പോയി, 25-ാംനു മദിരാശിയിൽനിന്നു കപ്പൽകേറാനാണു് ഏർപ്പാടു്.

നാളെക്കൂടി ഞാൻ കാക്കും. നാളെയും കിട്ടിയില്ലെങ്കിൽ ഡൽഹിക്കു കമ്പിയടിക്കും.

സ്വന്തം
വി. നാരായണമേനോൻ
(*കത്തു് നമ്പർ 153*)

Digitized By Kerala Sahitya Akademi

# വേദതർജമ അക്കാദമിയുടെ പരിഗണനയിൽ

വള്ളത്തോൾ ചെറുതുരുത്തി
4-8-1954

പ്രിയ സുഹൃത്തെ,

ഞാൻ ഇന്നലെ താങ്കൾക്ക് ഒരടിയന്തിരക്കത്തെയച്ചിട്ടുണ്ട്. എന്നാൽ പിന്നീടാലോചിച്ചതിൽ, ഗോപിയുടെ പാസ്പോർട്ടുകാര്യത്തിന് ജവഹർലാൽജിക്ക് കമ്പിയടിക്കുന്നതിനേക്കാൾ നല്ലത് എഴുത്തയയ്ക്കുകയാണെന്നു തോന്നി. കമ്പിയിൽ എല്ലാ വിവരവും കാണിക്കുക ശക്യമല്ലല്ലോ. അതിനാൽ എല്ലാ വിവരവും കാണിച്ച് ഒരെഴുത്ത് ഇന്നയച്ചിട്ടുണ്ട്. അതിൻെറ നേർപകപ്പ് ഇതിലടക്കം ചെയ്യുന്നു. ഇതു വായിച്ചിട്ട്, ഉചിതമെന്തോ അതു സദയം ചെയ്യുക. ശ്രീ. നെഹ്റുഫോണിൽ ഒരു കല്പന ടി. സി. ഗവണ്മെൻറിനയച്ചാലേ ഈ പാസ്പോർട്ട് കിട്ടുകയുള്ളു എന്നാണ് എൻെറ ഹൃദയം മന്ത്രിക്കുന്നത്. അതിനാൽ നമ്മുടെ പ്രൈമിനിസ്റ്ററെക്കൊണ്ട് താങ്കൾ അത് ഈ എഴുത്ത് അവിടെ കിട്ടുന്ന വെള്ളിയാഴ്ച തന്നെ ചെയ്യിക്കണം. എന്നാലേ തിങ്കളാഴ്ചയെങ്കിലും പാസ്പോട്ട് ഇവിടെ എത്തിച്ചേരുകയുള്ളു.

ഇന്നലെ ഉച്ചയ്ക്ക് ബാലൻ തൃശ്ശൂരിൽ പോയി ഡെപ്യൂട്ടി സിക്രട്ടറിയായ ഭാസ്കരൻനായരെ ഫോണിൽ വിളിച്ചു ചോദിച്ചു. അപ്പോഴും ഉടൻ അയയ്ക്കാമെന്നുമാണ് അദ്ദേഹം മറുപടി പറഞ്ഞത്. എന്നാൽ ഇന്നും കിട്ടിയിട്ടില്ല. അപ്പോൾ അദ്ദേഹത്തിൻെറ 'ഉടൻ' എന്നതിനു വലിയ അർത്ഥമൊന്നുമില്ല. ഈ പാസ്പോർട്ട് കിട്ടാഞ്ഞാൽ എനിക്ക് ഒരവമാനംകൂടിയായിരിക്കാം. അതിൽനിന്ന് താങ്കൾതന്നെ വേണം എന്നെ രക്ഷിക്കുക.

ബാലൻ എൻെറകൂടെ സോവിയററ് യൂണിയനിലേക്കു പോരാൻ മദിരാശി ഗവണ്മെൻറിൽനിന്നു സമ്പാദിച്ച പാസ്പോർട്ടുബുക്ക് കൈമോശം വന്നുപോയി. അതു വീണ്ടും കിട്ടാൻ മദിരാശി ഗവണ്മെൻറിൽ അപേക്ഷിച്ചപ്പോൾ സ്ഥിരവാസമിവിടെ ആയതുകൊണ്ട് ടി. സി. ഗവണ്മെൻറിൽനിന്നു വാങ്ങണമെന്നാണ് മറുപടി. അതിനനുസരിച്ച് ഇന്നലെ മുമ്പത്തെ പാസ്പോട്ടിൻെറ നമ്പർ കാണിച്ച് ഒരു ഹർജി കൊടുത്തിട്ടുണ്ട്. അതിനമുണ്ടാവുമോ ഈ ചടക്കം എന്നറിഞ്ഞില്ല. എന്നാൽ ബാലനു പാസ്പോർട്ട് കിട്ടാൻ അല്പം താമസിച്ചാൽ വിരോധമില്ല. കഴിയുന്ന വേഗം വാങ്ങിക്കരുതുക എന്നേയുള്ളു.

ഋഗ്വേദ തർജ്ജമ കിട്ടിയെന്നും ആലോചിച്ചു വരുന്നു എന്നും സാഹിത്യ അക്കാദമിയിൽനിന്ന് ശ്രീ. കൃപലാനിയുടെ ഒരെഴുത്ത് ഇന്നു കിട്ടിയിട്ടുണ്ട്. ഇത് അച്ചടിക്കാൻ ആകെ എന്തു ചിലവാകുമെന്നും മററുമുള്ള

Digitized By Kerala Sahitya Akademi

വിവരങ്ങൾ ഞാൻ താങ്കളെ ധരിപ്പിക്കാം. അതു് 28-ാം നം- ത്തെ മീററിങ്ങിൽ സംസാരിക്കാൻ താങ്കളെ സഹായിക്കും.

മറുപടി ഉടനേ അയയ്ക്കുണേ!

ഗോപി അയച്ച എഴുത്തിലെ കാര്യം സാധിക്കില്ലേ?

സ്വന്തം,
വി. നാരായണമേനോൻ
*(കത്തു് നമ്പർ 154)*

# മലയേഷ്യൻ യാത്ര

വള്ളത്തോൾ

ചെറുതുരുത്തി
18-8-1954

പ്രിയ സുഹൃത്തെ,

എൻെറയുടെ മലയേഷ്യയിലേക്കു പോരാൻ ഗോപിക്കു ഈ മാസം 10-ാം തീയതി കഷ്ടിപിഷ്ടിയായി പാസ്സ്പോർട്ടു് കിട്ടി. ജവഹർലാൽജി പട്ടത്തിന്നു നിർദ്ദേശം അയച്ചിട്ടില്ലായിരുന്നുവെങ്കിൽ (പട്ടത്തിനെ അറിയിച്ചിട്ടുണ്ടെന്നു് അദ്ദേഹത്തിൻെറ സ്പെഷൽ സിക്രട്ടറി എനിക്കു മറുപടി അയച്ചിരുന്നു.) കിട്ടുമായിരുന്നില്ല. താങ്കളോടു് ജവഹർലാൽജി വല്ലതും ചോദിക്കയുണ്ടായോ?

ഞാൻ അടുത്ത ഞായറാഴ്ച, 22-ാം തീയതി സെറേറാടുകൂടി മദിരാശിക്കു പോകും; അവിടെനിന്നു് 25-ാം തീയതി കപ്പൽ കയറുകയും ചെയ്യും. ഒക്ടോബർ ഒടുവിൽ തിരിച്ചുവരാമെന്നാണു് ഉദ്ദേശം.

അക്കാഡമി സിക്രട്ടറി ശ്രീ. കൃപലാനിയുടെ ഒരു എഴുത്തിന്നു് ഇന്നു ഞാൻ മറുപടി അയയ്ക്കുന്നുണ്ടു്. വേദതജ്ജ്മയെപ്പററിയുള്ള തീരുമാനം ഈ മാസം 22-ാം തീയതിലെ മീററിംഗിൽത്തന്നെ ഉണ്ടായാൽ കൊള്ളാമെന്നെഴുതിയിട്ടുണ്ടു്. ഇതിൻെറ പകർപ്പവകാശംതന്നെ അക്കാഡമിയിൽ സ്വീകരിക്കപ്പെട്ടുമെങ്കിൽ, അതെനിക്കു് 'പത്മവിഭൂഷണ' ബിരുദത്തേക്കാൾ ബഹുമതികരമായിരിക്കും. (പ്രസിഡൻറിന്റെ ബിരുദദാനം 15-ാം തീയതിയിലെ മാതൃഭൂമിയിൽനിന്നാണു് ഞാനറിഞ്ഞതു്. അനുമോദന കമ്പികളും കത്തുകളും വന്നുകൊണ്ടിരിക്കുന്നു.) ഒരു 85000 ക. അക്കാഡമി മുൻകൂട്ടി ചെലവാക്കിയാൽ നഷ്ടമൊന്നും വരികയില്ല. വിവർത്തകന്നു സംഭാവന 60000; 25000 അച്ചടിക്കാൻ. 4 വാല്യമായി അച്ചടിക്കാം. നാലിനുംകൂടി വില ചുരുങ്ങിയതു് 75 ക. വയ്ക്കാം. തിരുവിതാംകൂർ-കൊച്ചിയിൽത്തന്നെയുള്ള 2000-ത്തോളം വായനശാലകൾക്കു് ഓരോ കോപ്പി കൊടുക്കാൻ അത്രയും പ്രതികൾ തിരു-കൊച്ചി ഗവണ്മെൻറിനെക്കൊണ്ടു വാങ്ങിപ്പിക്കാം. ഇറക്കിയ മുതലും കുറെ ജാസ്തിയും കിട്ടും. ഇതൊക്കെ

Digitized By Kerala Sahitya Akademi

താങ്കൾ കമ്മിററിയെ യഥോചിതം ധരിപ്പിക്കണം. എൻെറ ഭാരം കുറയ്ക്കാൻ വേണ്ടി നിവൃത്തിയുണ്ടെങ്കിൽ പകപ്പവകാശംതന്നെ വില്ക്കാനാണ് ഞാൻ കരുതിയിട്ടുള്ളതു്. അക്കാഡമി നമ്മുടെ രാജ്യം, ഭാഷ ഇവകൾക്കു ഒരു സാഹായ്യം ചെയ്യുന്നതു് തെല്ലും അനുചിതമാകയില്ലല്ലോ . അച്ചടി നാളെ വേണമെങ്കിൽ തുടങ്ങാം. കയ്യെഴുത്തുകോപ്പികൾ തയ്യാറായിട്ടുണ്ടു്. കുറച്ചു ബാക്കിയുള്ളതു് ആറേഴു മാസങ്ങൾക്കുള്ളിൽ തയ്യാറാക്കുകയും ചെയ്യും. അച്ചടി വള്ളത്തോൾപ്രസ്സിൽ ഏല്പിക്കാൻകൂടി അക്കാഡമി ദയ ചെയ്യുമെങ്കിൽ പ്രൂഫുവായന ഞാൻതന്നെ കഴിക്കുകയും ആവുന്നത്ര വെട്ടപ്പുവരുത്തുകയും ചെയ്യാം.

ഇക്കാര്യത്തിൽ താങ്കളൊന്നു ഊന്നിപ്പിടിക്കണമെന്നപേക്ഷ. ഈ കട്ടത്തപണി അവസാനിച്ചതിന്നു ശേഷം, നാം പണ്ടു് ആലോചിച്ചുവെച്ച ചരിത്രകാവ്യം എഴുതിത്തുടങ്ങണമെന്നാണു് എൻെറ ആശ. അതിനു മനസ്സമാധാനം കിട്ടേണമെങ്കിൽ ഞാൻ കടങ്ങൾകൊണ്ടുള്ള കഷ്ടപ്പാടിൽനിന്നു് കരകയറണം; അക്കാഡമിയെക്കൊണ്ടു കരകേററിക്കുക.

28-ാം തീയതി മീററിങ്ങ് കഴിഞ്ഞാൽ വിവരത്തിന്നു് ഒരെഴുത്തു എനിക്കു സിങ്കപ്പൂരിലേക്കയയ്ക്കാൻ ദയയുണ്ടാകണം. എൻെറ സിങ്കപ്പൂർ മേൽവിലാസം താഴെ കാണിക്കാം.

ബാലന്നു് ബോംബയിൽ ഉണ്ടായിരുന്ന ജോലി അവധി കഴിഞ്ഞു് നിശ്ചിത സമയത്തു് ഹാജരാവാഞ്ഞതിനാൽ പോയിക്കഴിഞ്ഞു. അവനിപ്പോൾ ആലത്തൂരിൽ ഭാര്യവീട്ടിലുണ്ടു്. ശ്രീ. ചൗധ്രിയുടെ ശിപാർശി വല്ല ഗുണവും ചെയ്യുമോ? താങ്കൾ തന്ന മേൽവിലാസത്തിൽ ഞാനയച്ച എഴുത്തിന്നു് അദ്ദേഹം മറുപടി തന്നില്ല.

മീററിങ്ങിൽ അക്കാഡമിക്കമ്മെററിയെ ധരിപ്പിക്കേണ്ടുന്ന ഒരു പ്രധാന കാര്യം എഴുതാൻ വിട്ടു. എൻെറ കവിതകൾക്കു് വരിയൊന്നിനു് ഒരുറുപ്പിക വീതം മാസികക്കാർ പ്രതിഫലം തന്നുപോരുന്നുണ്ടു്; അവക്കു് ഒരിക്കൽ പ്രസിദ്ധീകരിക്കാനേ അധികാരമുള്ളതാനും. ഇങ്ങനെയിരിക്കെ, പതിനായിരത്തഞ്ഞൂറോളം പദ്യങ്ങളുള്ള പുസ്തകത്തിൻെറ പകപ്പവകാശത്തിന്നു് അറുപതിനായിരം ഉറുപ്പിക വില നിശ്ചയിക്കുന്നതു് അധികമായിയെന്നു വരുന്നതല്ലല്ലോ.

സ്വന്തം
വി. നാരായണമേനോൻ

സിങ്കപ്പൂർ മേൽവിലാസം:

C/o Vallathol Kathakali Troupe
Central Reception Committee Malaya,
87-c, Pasir Panjang Road,
5½ M.S. Singapore-5

(കത്തുനമ്പർ 155)

Digitized By Kerala Sahitya Akademi

# പകർപ്പവകാശം

വള്ളത്തോൾ

Head quarters
87-C Pasir panjang Road
5½ M·S
Singapore
4-9-1954

പ്രിയ സുഹൃത്തെ,

താങ്കളുടെ 29-ാം തീയതിയിലത്തെ എഴുത്ത് ഇന്നലെ, സെപ്തംബർ 3-ാംതീയതി ഇവിടെ കിട്ടി.

അടുത്ത അക്കാഡമി മീററിംഗ് എന്നാണ്? അന്നേക്കു ടി. സി. ഗവൺമെൻറിൻെറ സാഹായ്യം എത്രത്തോളമുണ്ടാകുമെന്ന് അക്കാഡമിക്കു അറിവു കിട്ടേണ്ടയോ? അതിനിപ്പോൾത്തന്നെ അക്കാഡമിയുടെ സിക്രട്ടറിയോ, അദ്ധ്യക്ഷൻതന്നെയോ ടി. സി. ഗവൺമെൻറിനു കത്തയയ്ക്കുന്നതു അത്യാവശ്യമാണല്ലോ.

ശ്രീ. പട്ടത്തെ ഞാനറിയില്ല. സാഹിത്യവിഷയത്തിലദ്ദേഹത്തിന് ആഭിമുഖ്യമുണ്ടെന്ന് വെളിപ്പെട്ടിട്ടുമില്ല—ഇങ്ങനെയിരിക്കെ, ഞാനദ്ദേഹത്തെ കാണുന്നതുകൊണ്ട് എന്തു ഫലവുണ്ടാകും?

വള്ളത്തോളിൻെറ ഋഗ്വേദ തർജ്ജമയുടെ പകർപ്പവകാശം സാഹിത്യ അക്കാഡമി സ്വീകരിക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും, അച്ചടിച്ചാൽ അതിൻെറ 2000മോ 1500ഓ, കോപ്പികൾ ടി. സി. ഗവൺമെൻറിനാൽ സ്വീകരിക്കപ്പെടണമെന്നും, അവ അവിടുത്തെ വായനശാലകൾക്കു കൊടുക്കണമെന്നും കാണിക്കുന്നതായ ഒരെഴുത്ത്, വിരോധമില്ലെങ്കിൽ, ജവഹർലാൽജി സ്വന്തം നിലയിൽ പട്ടത്തിന്നയച്ചാൽ കാര്യം ശരിയാവും. അദ്ദേഹമിങ്ങനെ തെല്ലൊന്നു പ്രേരിപ്പിച്ചാൽ മദിരാശി ഗവൺമെൻറും സഹായിക്കും. ഇതു നിവൃത്തിയുണ്ടെങ്കിൽ, ജവഹർലാൽജിയെക്കൊണ്ടു ചെയ്യിപ്പിക്കുക. ഇല്ലെങ്കിൽ താങ്കൾതന്നെ പട്ടത്തിന്നു കാര്യസാരം മുഴുവൻ അടങ്ങിയ ഒരെഴുത്തയയ്ക്കാൻ ദയചെയ്യുക. തിരുവിതാംകൂർ—കൊച്ചി ദേവസ്വംബോർഡുകൾക്കും അക്കാഡമിയിൽ നിന്നയയ്ക്കുമാറാകുന്നതും നന്ന്. എങ്ങനെയെങ്കിലും, ഇതിൻെറ പകർപ്പവകാശം സാഹിത്യ അക്കാഡമിയെക്കൊണ്ട് സ്വീകരിപ്പിക്കണമെന്ന് എൻെറ വൃദ്ധഹൃദയം എന്നെ നിർബന്ധിക്കുന്നു. ഇതിൽ താങ്കൾ അങ്ങേയററംവരെ ശ്രമിക്കണം. അതിന്റെ വിജയം നമുക്കു രണ്ടുപേക്കും മാത്രമല്ല, മലയാളികൾക്കെല്ലാം ബഹുമതിജനകമായിരിക്കും.

അക്കാഡമിയിൽനിന്ന് ടി. സി. ഗവൺമെൻറിലേക്ക് എഴുത്തയച്ച വിവരത്തിനുംമററും മറുപടി ഇങ്ങോട്ടുതന്നെ അയയ്ക്കുമല്ലോ.

Digitized By Kerala Sahitya Akademi

ഇവിടെ കഥകളി 8-ാം തീയതിമുതല്ലേ തുടങ്ങുകയുള്ളു. ഇവിടത്തെ മലയാളികൾ കൊണ്ടുപിടിച്ചു ശ്രമിക്കുന്നുണ്ട്. നാളെ—ഞായറാഴ്ച—സിങ്കപ്പൂർ പട്ടണക്കാർ ഒരു മംഗളപത്രം എനിക്കു തരാൻ നിശ്ചയിച്ചിട്ടുമുണ്ട്.

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 156)*

## 76—ാം വയസ്സിലേക്ക്

വള്ളത്തോൾ

ചെറുതുരുത്തി
1-11-1954

പ്രിയ സുഹൃത്തെ,

സാഹിത്യ അക്കാഡമി സിക്രട്ടറി ശ്രീ. കൃപലാനിയുടെ ഒരെഴുത്ത് ഞാനിന്നലെ മലയേഷ്യയിൽനിന്ന് തിരിച്ചെത്തിയപ്പോഴാണു കണ്ടതു്. 1947 ആഗസ്റ്റിനുശേഷം പുറപ്പെട്ട മൂന്നു മലയാളപുസ്തകങ്ങളെ—സമ്മാനാർഹമായ മൂന്നെണ്ണം—നിർദ്ദേശിക്കാനാണ് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നതു്. ഒന്ന് നാരായണപ്പണിക്കരുടെ പുസ്തകംതന്നെയാകാം. എന്നാൽ ആ പുസ്തകത്തെക്കുറിച്ച് യാതൊരു വിവരവും എനിക്കില്ല. അതു കിട്ടിയാലേ കൃപലാനിക്ക് മറുപടി അയപ്പാൻ നിവൃത്തിയുള്ളു. അതുകൊണ്ട് അക്കാഡമിയുടെ ഫോറത്തിൽ ആവശ്യപ്പെട്ട എല്ലാവിവരവും—ശ്രീ. നാരായണപ്പണിക്കരുടെ പുസ്തകത്തെ കുറിച്ചുള്ളതു്, സദയം അറിയിക്കുമാറാകണം.

...യുടെ...ന്റെ തർജമയും, എൻെറ 'ഹാലഗാഥാസപ്തശതി'യുടെതർജ്ജമയായ 'ഗ്രാമസൗഭാഗ്യവും, സമ്മാനാർഹമല്ലയോ? അതു് ഞാൻതന്നെ എങ്ങനെ കൃപലാനിക്ക് എഴുതും? ഇതു് രണ്ടിന്നും സമ്മാനം കിട്ടിക്കാൻ താങ്കൾ ശ്രമിച്ചാൽ പററില്ലയോ? ഈ രണ്ടു പുസ്തകങ്ങളേയും ഞാൻതന്നെ ചൂണ്ടിക്കാണിക്കുന്നതു് അനൗചിത്യമായിരിക്കുമോ? വിശദമായ മറുപടിതരാനപേക്ഷ.

'ഋഗ്വേദ'തർജ്ജമയുടെ 2000 കോപ്പി T. C. ഗവമ്മേണ്ട് സ്വീകരിക്കുമോ? ശ്രീ. പട്ടം സാഹിത്യ അക്കാഡമിക്ക് എന്തു മറുപടിയാണ് കൊടുത്തിരിക്കുന്നതു്. അദ്ദേഹത്തെ താങ്കൾതന്നെ വഴിപ്പെടുത്തിയേ പററു. ഞാൻ വേണമെങ്കിൽ നേരെ കണ്ടപേക്ഷിക്കാം. എന്നാൽ, അതുകൊണ്ട് പ്രയോജനമുണ്ടാവുമെന്ന് തോന്നുന്നില്ല. എഴുത്തുകൾക്ക് മറുപടി അയയ്ക്കുന്നതിൽതന്നെ ശ്രദ്ധ്കാന്തിയില്ലാത്ത ഒരാളാണദ്ദേഹം. സാഹിത്യവിഷയത്തിൽ ദൃഷ്ടിപതിപ്പിക്കുന്ന ആളുമല്ലെന്നാണ് അന്വേഷണത്തിൽ അറിയുന്നതു്. ജവഹർലാൽജി പതുക്കെയൊന്ന് തോണ്ടിയാൽ 2000 അല്ല 3000തന്നെ ടി. സി. ഗവമ്മേണ്ട് വാങ്ങിയേക്കും. എങ്ങനെയെങ്കിലും



Digitized By Kerala Sahitya Akademi

ഇതിന്റെ പകർപ്പവകാശം സാഹിത്യ അക്കാഡമിയാൽ സ്വീകരിക്കപ്പെട്ടുമെങ്കിൽ അതു് നമുക്കു് ഒരു ബഹുമതിയായിരിക്കും. ഒന്നു കണ്ണഞ്ഞു ശ്രമിക്കുക.

ഈ നവംബർ 13-ാം തീയതി കലാമണ്ഡലത്തിന്റെ വാർഷികയോഗമാണു്; എന്റെ 76-ാം പിറന്നാളും. അന്നത്തെ മീററിംഗിൽ വായിപ്പാൻ ഒരു മംഗളാംശംസ കലാമണ്ഡലത്തിലേക്കു് അയച്ചുകൊടുക്കുന്നതു് ഉചിതമായിരിക്കും.

ശേഷം താങ്കളുടെ മറുപടിക്കുമേൽ. ഇതിന്റെ മറുപടി വേഗമയയ്ക്കണേ! എന്നിട്ടുവേണം കൃപലാനിക്കു് എഴുതാൻ.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 157)*

# ഉപദേശം കാത്തു്

വള്ളത്തോൾ

ചെറുതുരുത്തി
3-11-1954

പ്രിയ സുഹൃത്തേ,

ഞാൻ മിനിഞ്ഞാന്നയച്ച എഴുത്തു് കിട്ടിയിരിക്കുമല്ലോ. ഗ്രാമസൗഭാഗ്യ'വും. 'ഉയിർത്തെഴുന്നേൽപ്പും', നാരായണപ്പണിക്കരുടെ സാഹിത്യചരിത്രവും സമ്മാനാർഹങ്ങളായ മൂന്നു പുസ്തകങ്ങളായി ചൂണ്ടിക്കാണിക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അതിന്നു് ഞാൻ കൃപലാനിക്കു് എങ്ങനെ എഴുതണമെന്ന ഉപദേശം വേഗമയയ്ക്കാൻ ദയവുണ്ടാകണം.

ശ്രീ. പട്ടം ഈ മാസം 13-ാം തീയതി ഡൽഹിയിൽ ഉണ്ടാവും. അദ്ദേഹത്തോടു് താങ്കൾ നേരിട്ടു് പറയണം, ഋഗ്വേദതർജമയുടെ 2000 മോ, 1500 ഓ പ്രതി T. C. ഗവണ്മെണ്ടിലേക്കു് വാങ്ങി അക്കാഡമിയെ സഹായിക്കണമെന്നു്; ജവഹർലാൽജിയെക്കൊണ്ടു് പതുക്കെ ഒന്നു പറയിക്കുകയും വേണം. ഇതിന്നു് ഞാൻതന്നെ ജവഹർലാൽജിക്കു് ഒരു ഗോപ്യക്കത്തയയ്ക്കണമോ? ഈ വിഷയത്തിലും താങ്കളുടെ ഉചിതമായ ഉപദേശം ഞാൻ കാത്തിരിക്കുന്നു.

മറുപടിയയപ്പാൻ ഒട്ടും വൈകരുതേ!

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 158)*

Digitized By Kerala Sahitya Akademi

# ബാലൻെറ കാര്യം

വള്ളത്തോൾ

ചെറുതുരുത്തി
6-11-1954

പ്രിയ സുഹൃത്തെ,

താങ്കൾ 4-ാംതീയതി സദയമയച്ച എഴുത്തും, സന്ദേശവും കിട്ടി. സന്ദേശം കലാമണ്ഡലത്തിൽ ഏല്പിച്ചിട്ടുണ്ട്.

ശ്രീ. കൃപലാനി 30-9-'54-ൽ അയച്ച എഴുത്തിൽ അക്കാഡമി പാസ്സാക്കിയ പ്രമേയത്തിൽ താഴെ കാണിച്ചിട്ടുള്ള വാചകവും ഉണ്ട്: 'Even a translation could be recommended for this purpose if it is considered by itself as a literary creation of outstanding merit.' ഈ നിലയ്ക്ക് 'ഗ്രാമസൗഭാഗ്യ'വും ......എന്ന കൃതിയും ഉൾപ്പെടുത്തിക്കൂടയോ? ഇതു് എങ്ങനെയാണ് ഞാൻ ശുപാർശചെയ്യേണ്ടതെന്നു സദയം അറിയിച്ചു തരുമാറാകണം. താങ്കളുടെ ഉപദേശം കിട്ടിയതിന്നുശേഷമേ ഞാൻ ശുപാർശ അയയ്ക്കുകയുള്ളു.

ബാലൻെറ കാര്യത്തിൽ പോലീസ് തടസ്സമുണ്ടെന്നു പറയുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലായില്ല. അവൻ യാതൊരു രാഷ്ട്രീയപ്രവൎത്തനത്തിലും ഇതേവരെ പങ്കെടുക്കുകയുണ്ടായിട്ടില്ല; പോലീസ് ഇതേവരെ എന്തെങ്കിലും എതിരായി എഴുതിയിട്ടുള്ളതായി അറിവുമില്ല. ശ്രീ. ചൗധുരിയോട് ഒന്നുകൂടി ഊന്നിപ്പറയുവാനപേക്ഷ.

താങ്കളുടെ വിശദമായ മറുപടി ഉടനെ അയയ്ക്കണേ!

ശ്രീ. പട്ടത്തിനെ താങ്കൾ കണ്ടുവോ? ഋഗ്വേദതൎജ്ജമയെപ്പററി അദ്ദേഹം എന്തു പറയുന്നു? ജവഹർലാൽജി പട്ടത്തിനോടു് ഒന്നു പറയുകെ പറയുമോ? ഒന്നു പറയിപ്പിക്കാമോ? കഴിയുന്നത്ര വേഗത്തിൽ ഈ കാര്യം ശരിപ്പെടുത്തിത്തരാൻ ഉററു ശ്രമിക്കുമാറാകണം.

സ്വന്തം
വി. നാരായണമേനോൻ

P. S. ശ്രീ നാലപ്പാടൻെറ നിര്യാണത്തെക്കുറിച്ചു് അറിഞ്ഞിരിക്കുമല്ലോ!'

*(കത്തു്നമ്പർ 159)*

Digitized By Kerala Sahitya Akademi

# ചില പുസ്തകങ്ങൾ

വള്ളത്തോൾ

ചെറുതുരുത്തി
ടി. സി. സ്റ്റേറ്റ്, ഷൊർണ്ണൂർ വഴി
17-11-1954

പ്രിയ സുഹൃത്തെ,

താങ്കളുടെ 14-ാംനു-ത്തെ എഴുത്ത് ഇന്നലെ—16-ാംനു- ഇവിടെ കിട്ടി. എന്നാൽ അന്നു പട്ടത്തിനെ കാണുന്നതിന്നു മുമ്പയച്ച എഴുത്ത് ഇവിടെ കിട്ടിയില്ല. അദ്ദേഹത്തോടു താങ്കൾ ശുപാർശി പറഞ്ഞതിൽ എനിക്കു കൃതജ്ഞതയുണ്ടു്.

ടി. സി. ഗവമ്മേണ്ടിനെക്കൊണ്ടു ഋഗ്വേദതജ്ജമയുടെ ആയിരത്തിയഞ്ഞൂറു പ്രതി സ്വീകരിപ്പിക്കുക എന്നതായിരുന്നുവല്ലോ, നമ്മുടെ ലക്ഷ്യം അങ്ങനെയിരിക്കെ, ഈ അയ്യായിരം ഉറുപ്പികയ്ക്കു താങ്കൾ ശുപാശിചെയ്തതിന്റെ രഹസ്യം എന്തെന്നു് എനിക്കു മനസ്സിലായില്ല! ഈ 5000 ക. കൊണ്ടു് തൃപ്തിപ്പെട്ടു്, ഇതിന്റെ പകപ്പവകാശം സാഹിത്യ അക്കാഡമി വാങ്ങുമോ? മദിരാശിഗവമ്മേണ്ടിനെക്കൊണ്ടും കുറേ പ്രതികൾ വാങ്ങിക്കാൻ അക്കാഡമി ഏപ്പാടു ചെയ്തിട്ടുണ്ടു്; ചെയ്യുമോ?

..........ഉടെ.........എന്ന കൃതിയും എന്റെ ഗ്രാമസൗഭാഗ്യവും സമ്മാനാഹങ്ങളാക്കി നിർദ്ദേശിച്ചു് അക്കാഡമിക്കു് എങ്ങനെ എഴുത്തയയ്ക്കേണ്ടു എന്നു ചോദിച്ചതിന്നു താങ്കൾ മറുപടി ഒന്നും പറഞ്ഞില്ല അതിനാൽ ഞാൻ ശ്രീ. കൃപലാനിയുടെ എഴുത്തിന്നു മറുപടി അയച്ചതുമില്ല. ഇതിൽ തക്ക ഉപദേശം തരുവാൻ ഇത്രയും വൈകരുതെന്നപേക്ഷ.

ഇന്നു രാവിലെ പ്രൊഫസർ കെ. ഭാസ്കരൻനായർ ഇവിടെ വന്നു് അല്പനേരം സംസാരിക്കയുണ്ടായി. അദ്ദേഹം നാലപ്പാടന്റെ ആഷ്ജ്ഞാനം വായിച്ചിരിക്കുന്നു; അതു് ഒരു 'ദഹിക്കാത്ത' ഗ്രന്ഥമാണെന്നും ഒരു ശാസ്ത്രത്വം അതിനില്ലെന്നുമാണു് ശ്രീ. ഭാസ്കരൻനായർ അഭിപ്രായപ്പെട്ടതു്. ശ്രീ. നാരായണപ്പണിക്കരുടെ ഭാഷാചരിത്രപുസ്തകത്തെയും ഭാസ്കരൻനായർ അത്ര കൊണ്ടാടിയില്ല! എന്നാലും താങ്കൾക്കു പ്രിയപ്പെട്ടതാണെങ്കിൽ, ഞാൻ അക്കാഡമിയോടു ശുപാശിചെയ്യാൻ മടിക്കയില്ല. അതും ആഷ്ജ്ഞാനവും ഞാൻ കണ്ടിട്ടില്ല.

താങ്കളുടെ ഷഷ്ടിപൂർത്തി സംബന്ധിച്ച സോവനീർ പുറത്തായോ എന്നു ശ്രീ. ഭാസ്കരൻനായർ ചോദിച്ചു. അദ്ദേഹത്തിന്നു കിട്ടിയിട്ടില്ലത്രേ; എനിക്കും കിട്ടിയിട്ടില്ല. പുറത്തായിട്ടില്ലായിരിക്കുമോ?

ടി. സി. ഗവമ്മേണ്ടിലേക്കു് ഇന്നലെത്തന്നെ ഋഗ്വേദതജ്ജമയ്ക്കു് അയ്യായിരം ഉറുപ്പിക സംഭാവന അപേക്ഷിക്കുന്ന ഒരു ഹരജി വള്ളത്തോൾ ഗ്രന്ഥാലയത്തിൽനിന്നു് അയച്ചിട്ടുണ്ടു്. അനുകൂലമായ ഉത്തരവു് ഈ ആഴ്ചയിൽത്തന്നെ പുറപ്പെടുവിക്കുമാറാകണമെന്നു ഞാനും ഒരെഴുത്തുമുഖേന

Digitized By Kerala Sahitya Akademi

അപേക്ഷിച്ചിട്ടുണ്ട്. പട്ടം വലിയ തിരക്കത്തിലാണല്ലോ, ഇപ്പോൾ. ഉത്തരവ് വേഗം കിട്ടിയാലായി.

ഈ എഴുത്തിലെ എല്ലാ സംഗതികൾക്കും താങ്കൾ മററന്നാൾതന്നെ മറുപടി അയയ്ക്കുമെന്നാശിക്കുന്നു.

സ്വന്തം
വി. നാരായണമേനോൻ

P. S. എഴുത്തു കിട്ടി. ഈ എഴുത്ത് എഴുതിക്കഴിഞ്ഞതിന്നു ശേഷമാണ് കിട്ടിയതു്.

ഗ്രാമസൗഭാഗ്യം, '... .........' എന്ന കൃതി, ഭാഷാസാഹിത്യചരിത്രം എന്നീ മൂന്നു പുസ്തകങ്ങളെ സമ്മാനാർഹങ്ങളാക്കി അഭിപ്രായപ്പെടുന്നതിൽ വിരോധമുണ്ടോ? ശ്രീ. കൃപലാനിക്ക് അങ്ങനെ എഴുതാമെന്നാണു് വിചാരിക്കുന്നതു്. തക്ക ഉപദേശം തരിക.

*(കത്തു് നമ്പർ 160)*

# അവാർഡിനുള്ള ശുപാർശകൾ

വള്ളത്തോൾ

ചെറുതുരുത്തി
29-11-1954

പ്രിയ സുഹൃത്തെ,

താങ്കളുടെ 22-ാംനു-ത്തെ എഴുത്തു് 24-ാംതീയതി ഇവിടെ കിട്ടിയിരിക്കുന്നു.

കൃപലാനിക്ക് രണ്ടുദിവസംമുമ്പെ ഞാൻ സമ്മാനാർഹപുസ്തകങ്ങളെ നിർദ്ദേശിക്കുന്ന എഴുത്തയച്ചു: നാരായണപ്പണിക്കരുടെ ഭാഷാചരിത്രം VII, ഗ്രാമസൗഭാഗ്യം, '..........'തുടെ'......... ...'എന്ന തർജ്ജമ എന്നിവയാണു് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. '..........'എന്ന കൃതി സമ്മാനാർഹമാവില്ലെന്നു് താങ്കൾ ഉപദേശിച്ചിട്ടും അതിന്റെ പേർ ചേർത്തതു് എനിക്കു മറ്റൊരു പുസ്തകത്തിന്റെ പേർ തല്ക്കാലം തോന്നാത്തതിനാലാണു്. രണ്ടോളം കൊല്ലമായിട്ട് ഞാനൊന്നും വായിക്കാറില്ലല്ലോ. വിരോധമില്ലെങ്കിൽ താങ്കൾ ഉയിരത്തെഴുന്നേല്പിനെയും സദയം ശുപാർശ ചെയ്യേക്കുക.

അക്കാഡമി മീററിംഗ് ഡിസംബർ 8-ാംതീയതിക്ക് നിശ്ചയിച്ചിട്ടുണ്ടു്. അതിന്നുമുമ്പു് വള്ളത്തോൾഗ്രന്ഥാലയത്തിന്റെ ഹരിജിക്ക് ടി. സി. ഗവമ്മേണ്ടിന്റെ അനുകൂലമായ ഉത്തരവു കിട്ടണമെങ്കിൽ താങ്കൾതന്നെ ശ്രീ. പട്ടത്തെ മുറുകെ പിടിക്കണം. മന്ത്രിപദത്തിന്റെ ഇളക്കം തല്ക്കാലം നിലച്ചതിൽ പട്ടത്തിന്നു് തുഷ്ടി വളർന്നിട്ടുണ്ടായിരിക്കുമല്ലേ. അതിന്റെ ഒരിററു് വള്ളത്തോൾഗ്രന്ഥാലയത്തിൽ വീണാലായി.

Digitized By Kerala Sahitya Akademi

ഋഗ്വേദതര്‍ജ്ജമയുടെ പകർപ്പവകാശം സാഹിത്യ അക്കാഡമിയാൽ സ്വീകരിക്കപ്പെടേണമെങ്കിൽ ടി. സി. ഗവൎമ്മേണ്ടു് 1500 പ്രതി വാങ്ങിക്കൊള്ളാമെന്നു സമ്മതിക്കണമല്ലോ. അതിന്നു ജവഹർലാൽജിതന്നെ പട്ടത്തെ പതുക്കെയൊന്നു പ്രേരിപ്പിക്കേണ്ടിവരും. അതിൽ ജവഹർലാൽജിക്കു സങ്കോചമുണ്ടാകുമോ? ഞാൻ ഒരു പ്രൈവറ്റു് കത്തയച്ചു നോക്കട്ടെയോ? താങ്കറം ഉപദേശിക്കുന്നതുപോലെയാകാം. അക്കാഡമിയുടെ സമ്മാനം കിട്ടുകയല്ല എന്റെ ലക്ഷ്യം; വേദത്തിന്റെ പകൎപ്പവകാശം അക്കാഡമിയെക്കൊണ്ടു് സ്വീകരിപ്പിക്കുകയാണു്. അതിൽ അക്കാഡമിക്കു് നഷ്ടംവരാതിരിപ്പാൻ ടി. സി. ഗവൎമ്മേണ്ടു് 1500 പ്രതി മേടിക്കണം. എന്നാൽ ചെലവുകഴിച്ചു് അക്കാഡമിക്കു് ഒരു തുക ആദായംതന്നെ വരും.

പകൎപ്പവകാശം വാങ്ങാൻ അക്കാഡമി ഒരുക്കമില്ലെങ്കിൽ, അച്ചടിച്ചെലവിന്നു് 25,000 ക. (ഇതാണു് ഞാൻ മൂന്നു നാലു മാസങ്ങറംക്കു മുമ്പയച്ച ഹരിജിയിൽ കാണിച്ചിട്ടുള്ളതു്.) തരുമാറാകണം. അച്ചടി അടുത്ത ജനുവരി 1-ാംതീയതി തുടങ്ങണമെന്നാണു് ഉദ്ദേശം. എന്റെ കയ്യിൽ ഒരു കാശില്ല എന്നറിയാമല്ലോ. അതുകൊണ്ടാണു് ഒരു പ്രൈവററു് കത്തു് ജവഹർലാൽജിക്കയയ്ക്കാൻ ഞാനുദ്ദേശിക്കുന്നതു്. ഇതിൽ തക്ക ഉപദേശം തരിക. ഒട്ടും വൈകരുതുതാനും.

നാലപ്പാടന്റെ ആഷ്ജ്ഞാനത്തിന്നു് മദിരാശി ഗവമ്മെണ്ടു് 500 ക. സമ്മാനമായി കൊടുപ്പാൻ നിശ്ചയിച്ചതു് പത്രത്തിൽ കണ്ടു.

ചാക്കോവിന്റെ സോവനീറിനെപ്പററി ഞാൻ ചോദിച്ചതു് അതു് താങ്കളുടെ അടുക്കൽ എത്തിയിട്ടുണ്ടോ എന്നറിയാനാണു്.

സാഹിത്യപരിഷത്തിന്നു് അദ്ധ്യക്ഷം വഹിപ്പാൻ താങ്കറം ഡിസംബർ 26-ാംതീയതി തിരുവനന്തപുരത്തു വരുമല്ലോ. അഞ്ചു ദിവസവും തിരുവനന്തപുരത്തു താമസിക്കുമോ? ആ യാത്രയിൽ താങ്കളെ എനിക്കു് കാണാൻ കിട്ടുമോ? ഗോപിനാഥൻനായർ രണ്ടു പ്രാവശ്യവും ഗുപ്തൻനായർ ഒരു പ്രാവശ്യവും എന്നെ സനിബ്ബന്ധം ക്ഷണിച്ചു് കത്തയച്ചിരുന്നു; മഹാകവി കുറുപ്പു് നേരിട്ടു് ക്ഷണിപ്പാൻ ഇവിടെ വരികയും ചെയ്തിരുന്നു. എന്നാലും ഞാൻ ഈ പരിഷൽസമ്മേളനത്തിൽ സംബന്ധിക്കുകയില്ല. എന്റെ നിശ്ചയം ഇളക്കാവുന്നതല്ലെന്നു ഞാൻ അവരോടു തീൎത്തു പറഞ്ഞു. എനിക്കു പരിഷത്തു വേണ്ട; താങ്കളെ കണ്ടാൽ മതി.

മറുപടി കാക്കുന്നു.

സ്വന്തം
വി. നാരായണമേനോൻ

*(കത്തു് നമ്പർ 161)*

Digitized By Kerala Sahitya Akademi

# വീണ്ടും ഒരപേക്ഷ

വള്ളത്തോറം

ചെറുതുരത്തി
7-12-1954

പ്രിയ സുഹൃത്തെ,

4-ാംനു- അവിടെ നിന്നയച്ച എഴുത്തു് ഇന്നലെ ഇവിടെ വന്നുചേൎന്നു്, പരിഭ്രമം നീക്കി എന്നെ സമാശ്വസിപ്പിച്ചു.

മതി: 25,000 ക. തരുവിച്ചാൽ മതി. കഴിയുന്ന വേഗത്തിൽ അച്ചടി മുഴമിപ്പിച്ചു് ബുക്കുകരം അക്കാഡമിയെ ഏല്പിച്ചുകൊള്ളാം. അച്ചടി അടുത്ത ജനുവരി 1-ാംതീയതി തുടങ്ങണമെന്നാണു് എൻെറ നിൎത്തിയാൽ നില്ലാത്ത ആഗ്രഹം. അതിനാൽ മേൽപ്പറഞ്ഞ സംഖ്യ ഈ മാസത്തിൽ ത്തന്നെ കിട്ടുമാറാക്കണമെന്നുകൂടി അപേക്ഷയുണ്ടു്. നല്ല അച്ചടിക്കടലാസ് കൊച്ചിയിൽ കിട്ടുമോ എന്നന്വേഷിപ്പാൻ ഇന്നു് ഏൎപ്പാടു ചെയ്തു കഴിഞ്ഞു. വേണ്ടുന്ന കടലാസൊക്കെ ഒന്നിച്ചു മേടിച്ചാൽ വിലയിൽ കുറെ ലാഭമുണ്ടാകുമല്ലോ.

ശ്രീ. പട്ടത്തിൻെറ മറുപടി വള്ളത്തോറം ഗ്രന്ഥാലയത്തിൽ വന്നിട്ടില്ല. അക്കാഡമിയിൽനിന്നു് രണ്ടുപ്രാവശ്യം അയച്ച എഴുത്തിന്നും അദ്ദേഹം മറുപടി അയച്ചിട്ടില്ലെന്നു് ശ്രീ. കൃപലാനി എന്നെ അറിയിച്ചിരുന്നു. അതു കണ്ടപ്പോറം ഞാൻ അക്കാഡമിക്കു വീണ്ടും ഒരപേക്ഷ അയച്ചു: പകൎപ്പവകാശം വാങ്ങാൻ സൗകൎയ്യമില്ലെങ്കിൽ 25000 ക.തൽക്കാലം തന്നാൽ മതിയെന്നു്. അതിൻെറ ഒരു പകൎപ്പു് ഒരു പ്രൈവററു് കത്തോടുകൂടി ജവഹർലാൽജിക്കും അയച്ചിട്ടുണ്ടു്. അച്ചടിക്കാനുള്ള പണം ഈ മാസത്തിൽ ത്തന്നെ തരുവിക്കണമെന്നാണു് കത്തിലെ വിഷയം.

താങ്കറംക്കു് പട്ടത്തിൻെറ മറുപടി ഉടനെ കിട്ടുമല്ലോ. പട്ടത്തിന്നെ പിടിക്കാൻ പണിക്കർക്കേ പടുത്വമുള്ളു എന്നു് ഞാൻ മുമ്പുതന്നെ പറഞ്ഞില്ലയോ? 18-ാംതീയതി മീററിംഗ് കഴിഞ്ഞാലപ്പോറം ചെക്കു് അയപ്പിക്കുന്നതിലും താങ്കറം അവഗാഢമായി ശ്രദ്ധ പതിപ്പിക്കണമെന്നപേക്ഷ.

സമ്മേളനത്തിൽ സംബന്ധിക്കേണ്ടാ എന്ന കരാറിന്മേൽ പരിഷത്തിന്നു് ചെല്ലാമെന്നു് ഞാൻ സമ്മതിച്ചിരിക്കുന്നു. അതിനാൽ നാം തമ്മിൽ തിരുവനന്തപുരത്തുവെച്ചുതന്നെ കാണാൻ പററും. അന്നു താങ്കറം പട്ടത്തെ കണ്ടു് സംസാരിച്ചു് 1500 പ്രതി മേടിക്കാമെന്നു് രേഖാമൂലം സമ്മതിപ്പിക്കയും ചെയ്യണം. താങ്കറം നാലഞ്ചുനാറം താമസിക്കുമല്ലോ തിരുവനന്തപുരത്തു്. ആ അവസരത്തിൽ പട്ടത്തെ ഒന്നുകൂടി പിടികൂടുക തന്നെ വേണം!

വേദതൎജ്ജമ അച്ചടിക്കാൻ സെൻട്രൽ ഗവൎമ്മെണ്ടു് സഹായിക്കേണ

Digitized By Kerala Sahitya Akademi

മെന്നൊരു പ്രമേയം പരിഷത്യോഗങ്ങളിലൊന്നിൽ അവതരിപ്പിക്കു മെന്നു് ഒരു ബ്രഹ്മചാരി ദാമോദരൻ മാതൃഭൂമിയിൽ എഴുതിയിരുന്നു. അതിന്നു മുമ്പുതന്നെ സഹായം നമുക്കു കിട്ടിയേക്കും!

സ്വന്തം
വി. നാരായണമേനോൻ
*(കത്ത് നമ്പർ 162)*

# ക്ഷേത്രദർശനത്തിനു്

വള്ളത്തോൾ

ചെറുതുരുത്തി
9-12-1954

പ്രിയ സുഹൃത്തെ,

അക്കാഡമിമീററിംഗിനെപ്പററി താങ്കൾ 6-ാംനു- സദയമയച്ച എഴുത്തു് ഇന്നലെ—8-ാം തീയതി ഇവിടെ കിട്ടി.

ഡിസംബർ 23-ാം തീയതി വൈകുന്നേരം ഞാൻ തിരുവനന്തപുരത്തു് എത്തിക്കൊള്ളാം. എന്റെകൂടെ ഇവിടത്തെ തറവാട്ടമ്മയും ഉണ്ടാകും; സാഹിത്യ പരിഷത്തിനല്ല, കന്യാകുമാരി മുതലായ മഹാക്ഷേത്രങ്ങളിൽ തൊഴുവാൻ. 21-ാം തീയതി വൈകുന്നേരം ഞാനിവിടെനിന്നു് പുറപ്പെടും. 22-ാം തീയതി അമ്പലപ്പുഴയും, ഹരിപ്പാട്ടുമായി കഴിക്കണമെന്നാണു് വിചാരം. ഈ വിവരമൊക്കെ കാണിച്ചു് ഇന്നൊരെഴുത്തു് ഗോപിനാഥൻനായർക്കു് ബാലനയച്ചിട്ടുണ്ടു്.

ഞാൻ രണ്ടു കൊല്ലത്തോളം കാലമായി ഒന്നും വായിക്കാറില്ല. അതിനാൽ 1953-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഖണ്ഡകൃതികളിൽ ഇതരഭാഷാസംക്രമണത്തെ അർഹിക്കുന്നവ ഏതുവയൊക്കെയാണെന്നു് അറിഞ്ഞുകൂടാ. എങ്കിലും ചില കൃതികളുടെ ലിസ്റ്റു് മീററിംഗിൽ വെക്കാൻ ശ്രമിച്ചു നോക്കാം.

താങ്കൾ 23-ാം തീയതി ശ്രീ. ദിവാകരനൊന്നിച്ചു് തിരുവനന്തപുരത്തെത്തുമെന്നു് പത്രങ്ങളിൽ കണ്ടു. താങ്കൾ തിരുവനന്തപുരത്തുണ്ടായിരിക്കുന്ന അഞ്ചു ദിവസങ്ങളുടെ ഇടയിൽ ശ്രീ. പട്ടത്തെ കണ്ടു് സംസാരിച്ചു് നമ്മുടെ കാര്യത്തിൽ ഉറപ്പു് വാങ്ങേണം. കലാമണ്ഡലത്തെ സംബന്ധിച്ചും ചില ആവലാതികൾ എനിക്കു മുഖ്യമന്ത്രിയെ ധരിപ്പിക്കാനുണ്ടു്. അതിലും താങ്കളുടെ വിലയേറിയ ഒത്താശയുണ്ടാവണമെന്നു് ഇപ്പോൾതന്നെ അപേക്ഷിച്ചുവയ്ക്കട്ടെ.

അക്കാഡമിമീററിംഗ് 18-ാം തീയതി നടക്കുമല്ലോ. അതിൽ വേദതർജ്ജമയുടെ കാര്യം തീർച്ചപ്പെടുമെന്നും ആ ആഴ്ചയിൽതന്നെ സഹായ

Digitized By Kerala Sahitya Akademi

ധനത്തിനുള്ള ചെക്ക് ഇങ്ങോട്ടു് അയയ്ക്കുമെന്നു ഞാനാശിക്കുന്നു. എന്നാൽ ഞാൻ 22-ാം തീയതിമുതൽ 10 ദിവസത്തോളം തിരുവിതാംകൂറിലായിരിക്കുമല്ലോ. അതിനാൽ വിരോധമില്ലെങ്കിൽ ചെക്ക് താങ്കൾ വാങ്ങി കയ്യിൽ വയ്ക്കുകയാണുത്തമം. തിരുവനന്തപുരത്തുവെച്ച് എന്റെ കയ്യിൽ തന്നാൽ കഴിഞ്ഞു.

ഞാൻ 7-ാംതീയതി അയച്ച എഴുത്ത് അവിടെ കിട്ടിയിരിക്കുമല്ലോ. അതിന്റെയും ഇതിന്റെയും മറുപടി ദയചെയ്ത് വേഗത്തിൽ അയയ്ക്കുക.

സ്വന്തം

വി. നാരായണമേനോൻ

*(കത്ത് നമ്പർ 163)*

# അച്ചടി തുടങ്ങിയിരിക്കുന്നു

വള്ളത്തോൾ

ചെറുതുരുത്തി
10-12-1954

പ്രിയ സുഹൃത്തെ,

ഞാൻ ഇന്നലെ താങ്കൾക്ക് ഒരെഴുത്തയച്ചിട്ടുണ്ട്. അതിൽ ഒരു കാര്യം എഴുതാൻ വിട്ടുപോയി.

ഋഗ്വേദതർജ്ജമ അച്ചടി തുടങ്ങി എന്നു കാണിക്കുന്ന ഒരു നോട്ടീസ് തിരുവനന്തപുരത്ത് പരിഷൽസമ്മേളനങ്ങളിലും മററും പ്രചരിപ്പിക്കാനായി അച്ചടിച്ചുകൊണ്ടു പോകേണമെന്നുദ്ദേശിക്കുന്നു. ആ നോട്ടീസിൽ 'സാഹിത്യ അക്കാദമിയുടെ ചെലവിൽ അച്ചടി തുടങ്ങിയിരിക്കുന്നു' എന്നു കാണിച്ചുകൂടയോ? ആവാമെങ്കിൽ, 18-ാം തീയതി മീററിംഗ് കഴിഞ്ഞിട്ട് 19-ാം തീയതി കാലത്തുതന്നെ 'yes' എന്നുമാത്രം കാണിക്കുന്ന ഒരു കമ്പി ഇങ്ങോട്ടയയ്ക്കുമാറാകണം. എഴുത്തായാൽ 21-ാംതീയതിയേ ഇവിടെ കിട്ടുകയുള്ളുവല്ലൊ. അപ്പോൾ അച്ചടിക്കാൻ തുടങ്ങിയാൽ കയ്യിൽ കൊണ്ടുപോകത്തക്കവണ്ണം അച്ചടി മുഴമിക്കയില്ല. അതുകൊണ്ടാണ് 19-ാംനു- കമ്പിയടിക്കണമെന്ന് അപേക്ഷിക്കുന്നതു്. പണം കിട്ടുമെന്നു് തീർച്ചയായാലേ നോട്ടീസടിക്കാൻ തരമുള്ളു.

ബാക്കി എല്ലാം 23-ാംതീയതി വൈകുന്നേരം തിരുവനന്തപുരത്തു വെച്ചു കാണുമ്പോൾ.

സ്വന്തം

വള്ളത്തോൾ

*(കത്ത് നമ്പർ 164)*

Digitized By Kerala Sahitya Akademi

# മഹാപുരുഷത്വം

വള്ളത്തോറാം

ചെറുതുരുത്തി
27-1-1955

പ്രിയ സുഹൃത്തെ,

താങ്കളുടെ 25-ാംതീയതിയിലെ എഴുത്തു് ഇന്നു കിട്ടി.

അക്കാഡമിവക പണത്തിന്നു് ഒരു ചെക്കു് എൻെറ പേരിൽ ഇങ്ങോട്ടു് അയച്ചുതരാൻ ഇന്നു് ഞാൻ കൃപലാനിക്കു് കത്തയയ്ക്കുന്നുണ്ടു്. ടി. സി. ഗവമ്മേണ്ടിലേക്കു് അയച്ചാൽ എനിക്കു കിട്ടാൻ വളരെ വൈകിപ്പോകും. പണം ഉടനെ കിട്ടുമെന്നു് താങ്കളും ശ്രീ. മച്ചുവയും പറഞ്ഞതിനാൽ ഞാൻ കുറേ അച്ചടികടലാസു് വാങ്ങിക്കഴിഞ്ഞു. അതിൻെറ വിലതന്നെ കൊടുത്തിട്ടില്ല. വീണ്ടും വാങ്ങുകയും വേണമല്ലോ. അതിനാൽ താങ്കൾ, നിവൃത്തിയുണ്ടെങ്കിൽ, മററന്നാറാംതന്നെ കൃപലാനിയെക്കണ്ടു് ചെക്കു് അയപ്പിക്കുകതന്നെ വേണം. മററു നിവൃത്തിയൊന്നുമില്ല. അച്ചടി നടന്നു വരുന്നു. താങ്കൾ മുഖവുര എഴുതിത്തുടങ്ങാറായോ? ജോലിത്തിരക്കിനിടയിൽ കുറേശ്ശെ കുറേശ്ശെ എഴുതുകയല്ലെ നല്ലതു്?

പുത്തേഴൻെറ ലേഖനം ഒരു മാസികയിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞതാണു്. മാരാരെ അതു മുഷിപ്പിച്ചേക്കും; എന്നാൽ വി. എം. നായർ ഉള്ളുകൊണ്ടു രസിച്ചു എന്നു വരാം. നായരുടെ ദൃഷ്ടിയിൽ നാലപ്പാടൻെറ 'മഹാപുരുഷത്വം' കുറേക്കൊല്ലങ്ങൾക്കു മുമ്പുതന്നെ കുറഞ്ഞു തുടങ്ങിയിരിക്കുന്നു. 'മുകുളം' എന്നൊരു മാസികയിലാണത്രെ ഇതു് പ്രസിദ്ധപ്പെടുത്തിയിരുന്നതു്. അതു് മാരാർ കണ്ടുവോ, ഖണ്ഡനം എഴുതിയോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ.

ആ ലേഖനം ഇങ്ങോട്ടു് തിരിച്ചയച്ചേക്കണം. പുത്തേഴൻെറ കയ്യിൽ ലേഖനത്തിൻെറ വേറെ കോപ്പിയില്ല.

അച്ചു 24-ാംതീയതി താങ്കളുടെയടുക്കൽ വന്നു് വിവരങ്ങൾ പറഞ്ഞുവല്ലോ. അയാൾക്കു് കാബൂളിൽ പ്രവേശിക്കാൻ ഇന്ത്യയിലെ അഫ്ഘാനിസ്ഥാൻ അമ്പാസിഡറെക്കൊണ്ടു് വിസാ കൊടുപ്പിക്കുന്നതിൽ താങ്കൾ ഊന്നി ശ്രമിക്കുമെന്നു് വിശ്വസിക്കുന്നു. ഈജിപ്തു് മുതലായ രാജ്യങ്ങളിലൂടെ പോകുകയാണെങ്കിൽ അതിനുള്ള പാസ്പോർട്ടും, വിസാകളും വേറെ കിട്ടണമല്ലോ. അതു് ക്ലേശവും, കാലവിളംബവും വരുത്താതിരിക്കില്ല. അതുകൊണ്ടു് അഫ്ഘാൻ വിസതന്നെയാണു് അച്ചുവിന്നു് കിട്ടേണ്ടതു്.

വേദത്തിൻെറ നാലിലൊന്നുകൂടി തർജ്ജമചെയ്യാനുണ്ടല്ലോ. അതിന്നു് ഒരു നാലഞ്ചുമാസം വേണ്ടിവരും. അതു് കഴിഞ്ഞതിന്നുശേഷമെ ആത്മകഥാകഥനത്തിലും മററും എനിക്കു് മനസ്സു് ചെല്ലുകയുള്ളു.

Digitized By Kerala Sahitya Akademi

താങ്കളുടെ മറുപടിയും, അക്കാഡമിയുടെ ചെക്കും കാത്തിരിക്കുന്നു.

സ്വന്തം

വി. നാരായണമേനോൻ

P. S. ഫോട്ടോ അയച്ചതു് കിട്ടി. ഞങ്ങളുടെ വിശേഷാൽ നന്ദി.

(കത്തു് നമ്പർ 165)

# റഷ്യയിൽനിന്നും അതിഥികൾ

വള്ളത്തോൾ

ചെറുതുരുത്തി
17-2-1955

പ്രിയ സുഹൃത്തെ,

10-ാംതീയതി കല്ക്കത്തയിൽനിന്നയച്ച എഴുത്തു് 13-ാംതീയതി ഇവിടെ കിട്ടി. അതിന്നു തലേദിവസം കിട്ടിയിരിക്കുന്നു കൃപലാനി സദയമയച്ച 15000 ക. യുടെ ചെക്കു്. അതു് മാറിക്കിട്ടിയിട്ടില്ല. ഒരയ്യായിരത്തോളം ഉറപ്പിക അക്ഷരം പുതുപ്പിക്കുകയും, ചില സാമാനങ്ങൾ വാങ്ങുകയും ചെയ്യുന്നതിന്നായി ചെലവായിപ്പോകും. ബാക്കി 10 00ക. കൊണ്ടു് രണ്ടു വാല്യത്തിൻെറ അച്ചടിയേ കഴിയൂ എന്നു തോന്നുന്നു. ശ്രീ. പട്ടം ഏററ 5000 ക. ഇനി കിട്ടുകയില്ലെന്നല്ലേ വിചാരിക്കേണ്ടതു്. തിരുവിതാംകൂർ യൂണിവേർസിററി സഹായിക്കുമെന്നും, അക്കാര്യം ജനുവരിയിൽ തീർച്ചപ്പെടുമെന്നും ശ്രീ. പരമേശ്വരപ്പണിക്കർ അന്നു് തിരുവനന്തപുരത്തുവെച്ചു് എന്നെ കാണാൻ ഗസ്റ്റ്ഹൗസിൽ വന്നപ്പോൾ പറകയുണ്ടായി. എന്നാൽ ജനുവരി കഴിഞ്ഞു, ഫിബ്രവരി പകുതിയും കഴിഞ്ഞു; വിവരമൊന്നും അറിയിച്ചിട്ടില്ല.

അച്ചടിക്കു പോരാതെവരുന്ന സംഖ്യ നമുക്കു് അക്കാഡമിയിൽനിന്നുതന്നെ വാങ്ങണം. അതിന്നു് താങ്കൾ ഒരന്തരീക്ഷം സൃഷ്ടിക്കണം.

മുഖവുര എഴുതിത്തുടങ്ങാൻ ഇനി വൈകിച്ചുകൂടാ. ഒന്നാം വാല്യത്തിന്റെ അച്ചടി ജൂൺമാസത്തിൽ കഴിയും. മുഖവുര അതിൽ ചേർക്കണമല്ലോ. അച്ചടിച്ചടത്തോളം ഫാറങ്ങൾ നാളെ താങ്കൾക്കു് അയപ്പിക്കാം.

പുത്തേഴൻെറ ഉപന്യാസം മടക്കിക്കൊടുക്കാം. അതോടുകൂടി അയയ്ക്കുന്ന എഴുത്തിൽ എൻെറ ജീവചരിത്രം എഴുതാൻ ഒന്നു് പ്രേരിപ്പിക്കുകയും ചെയ്യാം. മടിയുള്ള ആളല്ല അദ്ദേഹം.

ഇന്ത്യയുടെ അതിഥികളായ സോവിയററ് കലാകാരന്മാർ—രണ്ടു സ്ത്രീകളടക്കം 10 പേർ—മിനിഞ്ഞാന്നു് കലാമണ്ഡലം സന്ദർശിക്കാൻ വന്നിരുന്നു. അവൎക്കു കാണാൻ 2 മണിക്കൂർ നേരം ഡാൻസും, കഥകളിയും നടത്തപ്പെട്ടു. വളരെ സന്തോഷത്തോടുകൂടിയാണു് അവർ തിരിച്ചുപോയതു്.

Digitized By Kerala Sahitya Akademi

അടുത്ത ഒക്ടോബർമാസത്തിൻെറ ഒടുവിലോ, നവംബറിൻെറ ആദിയിലോ കലാമണ്ഡലത്തിൻെറ രജതജൂബിലി കൊണ്ടാടേണ്ടിയിരിക്കുന്നു. മിനിഞ്ഞാന്നു കൂടിയ കലാമണ്ഡലംകമ്മിററിമീററിങ്ങിൽ അതിനെപ്പററി ഒരു നേരിയ ആലോചന തുടങ്ങിയിട്ടുണ്ട്. 3 ദിവസത്തെ പരിപാടികളാണ് കരുതുന്നതു്. അതു സംബന്ധിച്ച സമ്മേളനത്തിൽ ഒരദ്ധ്യക്ഷൻ താങ്കളാവണമെന്ന് ഞങ്ങൾക്കൊക്കെ ആഗ്രഹമുണ്ട്. അക്കാലത്തു് താങ്കൾ ഇന്ത്യയിൽത്തന്നെയുണ്ടായിരിക്കില്ലേ? വേറെ രണ്ടു് അദ്ധ്യക്ഷന്മാർകൂടി വേണം. കെ. എം. മുൻഷിയെ ക്ഷണിച്ചു നോക്കാം. പിന്നെ ആരെയാണ് ക്ഷണിക്കേണ്ടതു്. പല പല കലകൾ പ്രദർശിപ്പിക്കപ്പെടണമെന്നാണാഗ്രഹം. ചുരുങ്ങിയതു് 10000 ക. ചെലവുവരും. അതും ഇരന്നുണ്ടാക്കണമെന്നറിയാമല്ലോ.

എല്ലാ വിവരങ്ങൾക്കും മറുപടി കാക്കുന്നു.

സ്വന്തം
വി. നാരായണമേനോൻ
*(കത്തു് നമ്പർ 166)*

# മെമ്പർസ്ഥാനം

വള്ളത്തോൾ

ചെറുതുരുത്തി
28-2-1955

പ്രിയ സുഹൃത്തെ,

ഞാൻ അയച്ച മറുപടി കിട്ടിയിരിക്കുമല്ലോ. ശ്രീ. പുത്തേഴൻ ഒരാഴ്ച മുമ്പേ ഇവിടെ വന്നിരുന്നു. എൻെറ ജീവചരിത്രമെഴുതാമെന്ന് ഏററു പറഞ്ഞു.

വേദതർജ്ജമയുടെ അച്ചടിച്ചടത്തോളം ഭാഗങ്ങൾ മിനിഞ്ഞാന്ന് ബുക്ക്പോസ്റ്റായി അയച്ചതു് അവിടെ കിട്ടിയിരിക്കുമല്ലോ. ഇതിനെപ്പററി മരിച്ച ശ്രീ. ഭട്ടതിരിപ്പാട്ട് എനിക്കു് ഒന്നാമതയച്ച എഴുത്തു് ഇതിലടക്കം ചെയ്യുന്നു. അദ്ദേഹം എഴുതിയിട്ടുള്ള വൈദികോപന്യാസങ്ങൾ തിരഞ്ഞെടുത്തു് താങ്കൾക്കയയ്ക്കാൻ ഞാൻ അദ്ദേഹത്തിൻെറ മകന്നു് എഴുതിയിരുന്നു. അയാൾ അവ അയച്ചുതന്നിട്ടുണ്ടോ?

മാർച്ച് 26-ാം തീയതി സാഹിത്യ അക്കാഡമിയുടെ മീററിങ്ങിന്നു് ഡൽഹിയിൽ ചെല്ലാൻ ശ്രീ. കൃപലാനിയുടെ എഴുത്തു വന്നിട്ടുണ്ട്. ഞാൻ മറുപടിയയച്ചിട്ടില്ല. എന്താണ് മറുപടിയയയ്ക്കേണ്ടതെന്ന് അറിഞ്ഞുകൂടാ. മൂന്നു മീററിങ്ങുകൾക്കു് തുടർച്ചയായി ഹാജരാവാഞ്ഞാൽ മെമ്പർസ്ഥാനം പോകുമത്രെ. എന്നാൽ ഞാനിപ്പോൾ ഒരു ദൂരയാത്രയ്ക്കു് ഒരുങ്ങുകയാണെങ്കിൽ തർജ്ജമയുടെ അച്ചടിപ്പണി മുടങ്ങിപ്പോകും: പ്രൂഫ് വായിക്കാൻ ശമ്പളംകൊടുത്തു് ഒരാളെ നിയമിച്ചിട്ടുണ്ടെങ്കിലും

Digitized By Kerala Sahitya Akademi

ഞാൻ വേറെ നോക്കിയേ പററു. ചിലേടത്തു് തിരുത്താൻ തോന്നിയേക്കും.

അതുകൊണ്ടു് അക്കാഡമിയിലെ അംഗത്വം പോയാൽ പോകട്ടെ എന്നു വെയ്ക്കുകയല്ലേ ഉത്തമം! താങ്കറം ഉപദേശിക്കുന്നതുപോലെ ചെയ്യാം.

മറുപടി വേഗമയപ്പാൻ ദയചെയ്യണേ! അതു കിട്ടിയിട്ടുവേണം കൃപലാനിക്കു് മറുപടി അയപ്പാൻ.

'ഋഗ്വേദതർജ്ജമ'യ്ക്കു് 5000 ക. ശ്രീ. പട്ടം ഏററിരുന്നുവല്ലോ. അതു് അക്കാഡമിക്കു് കിട്ടിയോ? ഇതിൽ അക്കാഡമി വല്ലതും ചെയ്യുമോ?

ഈ എഴുത്തു് എഴുതിയതിന്നുശേഷം T. C. ഗവമ്മേണ്ടു്സിക്രട്ടറിയുടെ ഒരെഴുത്തു് കിട്ടി: അച്ചടിക്കു് 2500 ക. ഡയറക്ടർ തരുമെന്നു പറഞ്ഞു് പട്ടം പറപ്പിക്കപ്പെട്ടപ്പോറം 5000ക.—2500ക. ആയി കുറഞ്ഞു.

സ്വന്തം
വി. നാരായണമേനോൻ

P. S. ശ്രീ. ഭട്ടതിരിയുടെ ആദ്യത്തെ എഴുത്തു് കണ്ടെത്തിയില്ല; രണ്ടാമത്തെ എഴുത്തു് അടക്കംചെയ്യുന്നു.

*(കത്തു് നമ്പർ 167)*

# പത്മഭൂഷണലബ്ധി

വള്ളത്തോറം

ചെറുതുരുത്തി
7-3-1955

പ്രിയ സുഹൃത്തേ,

2-ാം തീയതിയിലെ എഴുത്തു് 4-ാം തീയതി ഇവിടെ കിട്ടി. മാച്ച് 26-ാം തീയതി ഞാൻ ഡൽഹിക്കു വരേണമെങ്കിൽ രണ്ടാളുടെ T A. കിട്ടണം. അതു് അക്കാഡമിക്കു് ഒരു പാഴ്ചെലവല്ലേ? വേദതർജ്ജമ അച്ചടി അഞ്ചാറുദിവസം മുടങ്ങുകയും ചെയ്യും. ഡൽഹിയിൽ തണുപ്പുള്ള സമയവുമാണല്ലോ ഇതു്. എല്ലാററിന്നും പുറമേ വലിയ ക്ഷീണവുമുണ്ടു്. ഇന്നലെ കിടക്കുകതന്നെയായിരുന്നു. ഇന്നും ദുവലെട്ടക്കത്തക്ക ശേഷിയുണ്ടായിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് ഈ മീററിംഗിൽനിന്നു് എന്നെ ഒഴിവാക്കാനപേക്ഷ. സിക്രട്ടറിക്കു് വാസ്തവമെല്ലാം കാണിച്ചുകൊണ്ടു് ഞാനൊരു മറുപടി അയച്ചുകൊള്ളാം.

ശ്രീ. വി. കെ. ഭട്ടതിരിയുടെ മകന്നാണു് ഞാനെഴുതിയിരുന്നതു്; അദ്ദേഹത്തിൻെറ വൈദികോപന്യാസങ്ങളെല്ലാമെടുത്തു് താങ്കറംക്കയച്ചുതരാൻ. അയാറം എനിക്കു പരിചിതനല്ല;മറുപടിയയച്ചതുമില്ല. മറെറാരു വഴിക്കുകൂടി ശ്രമിച്ചുനോക്കാം. അവ ഈ ഘട്ടത്തിൽ താങ്കളൊന്നു വായിക്കുക അത്യാവശ്യമാണു്.

Digitized By Kerala Sahitya Akademi

ജോലിത്തിരക്കിനിടയിൽ കലാമണ്ഡലത്തിനുവേണ്ടി ഒരു 15-20 നിമിഷം ചെലവുചെയ്യാൻ താങ്കാം കനിയണം. ഞാൻ മൗലാനാ ആസാദിന്നു് അയച്ച എഴുത്തിൻെറ നേർപകർപ്പു് ഇതാ; ഇതിലടങ്ങിയ അപേക്ഷ അദ്ദേഹത്തിനെക്കൊണ്ടു് സ്വീകരിപ്പിക്കണം. ഇല്ലെങ്കിൽ കലാമണ്ഡലത്തിലെ ഡാൻസുവകപ്പു് വീണുപോയേക്കും കടിശ്ശികയായ ഗ്രാന്റു തന്നെ 4400 ക. യുണ്ടു്. അതു കൊടുക്കാനാണു് ശ്രീ. പട്ടം അനന്തരവിട്ടതു്. സംഖ്യയനുവദിച്ചുവെന്നു് ഗവമ്മെണ്ടുസിക്രട്ടറിയുടെ എഴുത്തും എനിക്കു കിട്ടിയിരിക്കുന്നു. എന്നാൽ രണ്ടുമാസമായിട്ടും ആ പണംതന്നെയും കിട്ടിയിട്ടില്ല. ചീഫ്സിക്രട്ടറിക്കും, വിദ്യാഭ്യാസഡയറക്ടർക്കും അനേകം തവണ എഴുത്തുകളും, കമ്പികളുമയച്ചു. എന്നാൽ അവർ മലപോലെ നിശ്ചലമായ മൗനത്തിലിരിക്കയാണു്. അതുകൊണ്ടു് സെൻട്രൽ ഗവമ്മെണ്ടിൻെറ പക്കൽനിന്നു് ഈ 3000 ക. യെങ്കിലും വഷംപ്രതി കിട്ടാഞ്ഞാൽ, പ്രശസ്തി ഏറിയേറി വരുന്ന ഈ ഡാൻസുവകപ്പു് കലാമണ്ഡലത്തിൽനിന്നു് എന്നേക്കുമായി യാത്രപറയേണ്ടിവരും. ഈ ദുർദ്ദശ പിണയാതിരിപ്പാൻ നമ്മാം ഉണന്നു് ശ്രമിക്കേണ്ടിയിരിക്കുന്നു.

'പത്മഭൂഷണ' കീത്തിമുദ്ര തലപ്പിള്ളി താസിൽദാർ 2-ാം തീയതി ഇവിടെ കൊണ്ടുവന്നു തന്നു.

മൗലാനാ ആസാദിനെ കണ്ട വിവരത്തിന്നും മററും വൈകാതെ മറുപടിയയയ്ക്കണമെന്നപേക്ഷ.

'ആമുഖ'ത്തിൽ തർജ്ജമയുദ്ധരിക്കുന്നതോടുകൂടി മൂലവും വേണ്ടയോ? മൂലം അവിടെ സക്കാർലൈബ്രറിയിലോ മറേറാ കണ്ടേക്കാം. ഇല്ലെങ്കിൽ വേണ്ടുന്ന ശ്ലോകകാം ഇവിടെനിന്നു് എഴുതി അയയ്ക്കാം. ഗദ്യതർജ്ജമയും ഉദ്ധരിക്കേണ്ടതല്ലേ?

സ്വന്തം

വി. നാരായണമേനോൻ

*(കത്തു് നമ്പർ 168)*

# വേദത്തിലെ കാവ്യഭംഗി

വള്ളത്തോാം

ചെറുതുരുത്തി
23-3-1955

പ്രിയ സുഹൃത്തെ,

താങ്കളുടെ 9-ാം തീയതിയിലെ എഴുത്തു് 11-ാം നു ഇവിടെ കിട്ടിയിരിക്കുന്നു. പിറേറന്നു് താങ്കാം പാരീസിലേക്കു പോകുമെന്നു കരുതിയിട്ടാണു് മറുപടി അയയ്ക്കാഞ്ഞതു്. മററന്നാാം 25-ാം തീയതി തിരിച്ചെത്തുമെന്നു കരുതി ഈ മറുപടി അയയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ആമുഖത്തിന്റെ നക്കൽ സദയമയച്ചതു് ഞങ്ങൾ വായിച്ചു. ആദ്യഭാഗം ഗംഭീരവും, പഠനീയവുംതന്നെ. അവശ്യവക്തവ്യങ്ങളെല്ലാം ചുരുക്കത്തിൽ എഴുതാതെ കഴിയില്ലല്ലോ. ഇത്തരം ആവുന്നത്ര കുറയ്ക്കണം. നമ്മുടെ ഒന്നാംവാള്യം. 500-ലധികം പേജുണ്ടാവില്ല. അതിന്നൊത്തതായിരിക്കണം മുഖവുര. താങ്കളെ ഓർമ്മപ്പെടുത്താൻവേണ്ടി ചിലതു് അവിടെയവിടെ എഴുതിച്ചേർത്തിട്ടുണ്ടു്. അവ വേണ്ടുന്നേടത്തു് ചേർത്തുകൊള്ളുമല്ലോ.

മരിച്ച ഭട്ടതിരിപ്പാടിന്റെ വൈദികോപന്യാസങ്ങൾ മററന്നാളത്തേക്കു് ഡൽഹിയിലെത്തത്തക്കവണ്ണം അയപ്പാൻ അദ്ദേഹത്തിന്റെ മകനെ ഏല്പിച്ചിട്ടുണ്ടു്. 'മാതൃഭൂമി' ആപ്പീസിൽ എന്തോ ജോലിയുള്ള ആ യുവാവു് എന്റെയടുക്കൽ വന്നിരുന്നു.

താങ്കൾക്കു് 11 ഫോറം മുമ്പയച്ചിട്ടുണ്ടു്. പിന്നീടു് അച്ചടി കഴിഞ്ഞ ഭാഗങ്ങൾ ആമുഖവും ഈ എഴുത്തോടുകൂടി അയയ്ക്കുന്നു. ഭട്ടതിരിയുടെ മറ്റൊരെഴുത്തു്, മറെറാരു അജ്ഞാതനാമാവിന്റെ എഴുത്തു് എന്നിവയും കെട്ടിൽ വെച്ചിട്ടുണ്ടു്. 'ആമുഖം' വേണ്ടുന്ന തിരുത്തൽ ചെയ്തു് അസ്സലെഴുതിയതു് മെയ്മാസം മദ്ധ്യത്തിൽ ഇവിടെ കിട്ടിയാൽ മതിയാവും.

അക്കാഡമി മീററിംഗ് ഏപ്രിൽ 2-ാം തീയതി മാററിയതായി കൃപലാനി രണ്ടാമതു് എഴുതിയയച്ചിട്ടുണ്ടു്. ഞാൻ ചെല്ലില്ലെന്നു മറുപടി അയച്ചു. എന്റെ ജലദോഷം വർദ്ധിച്ചു് എന്നെ വല്ലാതെ പീഡിപ്പിച്ചുവരുന്നു. മൂന്നുനാലുദിവസമായിട്ടു് തർജ്ജമപണിതന്നെയും മുടങ്ങിയിരിക്കുന്നു. ഈ ഗഡുവിൽ ഡൽഹിക്കു് വരിക വയ്യ

വേദതർജ്ജമ നാലു വാള്യമായിട്ടാണല്ലോ അച്ചടിക്കാൻ തീർച്ചയാക്കിയിട്ടുള്ളതു്. നാലിന്നും വെവ്വേറെ (ആ പുസ്തകങ്ങളിലെ വിഷയങ്ങളെയവലംബിച്ചു്) മുഖവുര വേണമെന്നു് അഭിപ്രായം പൊന്തിവന്നിരിക്കുന്നു. ഇതിനോടു താങ്കൾ യോജിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ മൂന്നുപേരെക്കൂടി കിട്ടണമല്ലോ മുഖവുരയെഴുതാൻ; ആരെയൊക്കെയാണു് പ്രേരിപ്പിക്കേണ്ടതു്.

ഈ വേദതർജ്ജമ 'സാഹിത്യഅക്കാഡമി'യുടെ അദ്ധ്യക്ഷനായ ജവഹർലാൽജിക്കു് സമർപ്പിക്കണമോ? അദ്ദേഹം ചെയ്ത ധനസാഹായ്യത്തിന്നു് നാം ഒരു നന്ദി കാണിക്കേണ്ടേയോ? സമർപ്പണം അങ്ങനെയാവണമെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ അനുമതി വാങ്ങാൻ നോക്കാം. ഇംഗ്ലീഷിൽ ഒരു സമർപ്പണക്കുറിപ്പും നെഹറുവിന്റെ ഛായാപടവും ഒരു പേജിൽ കൊടുക്കാം. ഈ വിഷയത്തിലും താങ്കളുടെ ഉപദേശം ഞാൻ പ്രതീക്ഷിക്കുന്നു.

ഋഗ്വേദത്തിൽ കാവ്യഭംഗി മിക്കഭാഗങ്ങളിലും ഏറെക്കുറെയുണ്ടു്. ഉഷോവർണ്ണനം മുമ്പയച്ച പേജുകളിൽതന്നെ കാണും. പേജ് 139—7-8 അഗ്നിസ്തുതിയായ ഋക്കു്—പേജ് 177-ലെ മരുൽസ്തുതി—എന്നിവ ഗദ്യത്തിന്റെ മാതൃകയ്ക്കായി എടുത്തുകാണിക്കാം—പേജ് 217-ലെ കാകളിവൃത്തിലുള്ള 18-ാം ഋക്കിലെ ഉപമ എത്ര കേമമായിരിക്കുന്നു. ഉദ്ധരിച്ചാൽ അവസാനിക്കില്ല. മാതൃകകാണിക്കാൻ അല്പാല്പം എടുക്കണമെന്നു മാത്രം.

ഇതിലടങ്ങിയ വിഷയങ്ങൾക്കൊക്കെ മറുപടി തരാൻ വൈകരുതേ!

ശ്രീ. നാരായണപ്പണിക്കർക്കു് 5000 ക. സംഭാവന കൊടുത്തതു പത്രത്തിൽ കണ്ടു് സന്തോഷിക്കുന്നു.

സ്വന്തം
വി. നാരായണമേനോൻ

Digitized By Kerala Sahitya Akademi

P. S. സംഗീതനാടക അക്കാഡമിയിൽനിന്നു് 1500 ക. കലാമണ്ഡലം ഡാൻസുവകുപ്പിലേക്കു് സാങ്ഷനായിട്ടുണ്ടു്. അതു പോരാ, 3000 ക. തന്നെ കൊല്ലംതോറും കിട്ടുമാറാക്കണം. അതിന്നു് താങ്കൾ മൗലാനാ ആസാദിനെ കണ്ടു് കിണഞ്ഞു് സംസാരിക്കണമെന്നപേക്ഷ. ആസാദിന്നു് ഞാനയച്ച എഴുത്തിൻെറ നേർപകർപ്പു് അന്നുതന്നെ താങ്കൾക്കയച്ചിട്ടുണ്ടു്. അതു് താങ്കൾ കണ്ടിരിക്കില്ല.

*(കത്തു്നമ്പർ 169)*

# വേദത്തിൻെറ മുഖവുര

വള്ളത്തോൾ

ചെറുതുരുത്തി
24-3-1955

പ്രിയ സുഹൃത്തെ,

ഞാൻ ഇന്നലെ രണ്ടെഴുത്തും പാർസലും അയച്ചിട്ടുണ്ടു്. അവ നാളെ താങ്കൾക്കു കിട്ടുമായിരിക്കും.

ഇന്നലെ വൈകുന്നേരം മറെറാരഭിപ്രായം പുറപ്പെട്ടിരിക്കുന്നു: താങ്കളുടെ മുഖവുര മലയാളത്തിലല്ല ഇംഗ്ലീഷിലാണു് വേണ്ടതെന്നാണതു്. വേദതർജ്ജമയെടുത്തു നോക്കിയാൽ അതിന്നതാണെന്നു് മലയാളികൾ എല്ലാത്തവക്കും മനസ്സിലാവുമല്ലോ, മുഖവുര ഇംഗ്ലീഷിലായാൽ; അതിൻെറ ഒരു തർജ്ജമ പുസ്തകത്തിൽ ചേർക്കുകയും ചെയ്യാം. ഈ അഭിപ്രായം സ്വീകരണീയമെന്നു് എനിക്കു തോന്നുന്നു.

ഓരോ വാല്യത്തിനും ഓരോ മുഖവുര വേണമെന്ന അഭിപ്രായം അത്ര കാമ്പുള്ളതല്ല. താങ്കൾ എഴുതുന്നതു് ഋഗ്വേദഗ്രന്ഥത്തെ മുഴുവൻ സ്പർശിച്ചായിരിക്കുമല്ലോ.

ഇന്നച്ചടിക്കുന്ന ഫോറത്തിൽ കുറെ ദീർഘമായ ഒരു ഉഷോവർണ്ണനമുണ്ടു്. അതു് ഈ ആഴ്ചയിൽത്തന്നെ അയച്ചുതരാം. മുഖവുര ഇംഗ്ലീഷിലായാലും ഉദ്ധൃതഭാഗങ്ങൾ മലയാള അക്ഷരത്തിൽ ചേർക്കാമല്ലോ—ഇംഗ്ലീഷ് ലേഖനങ്ങളിൽ സംസ്കൃതശ്ലോകങ്ങളും മററും നാഗരാക്ഷരങ്ങളിൽ ചേർക്കുന്നതുപോലെ.

മൗലാനാ ആസാദിൻെറ സിക്രട്ടറിയുടെ മറുപടി ഇന്നു കിട്ടിയിട്ടുണ്ടു്. അതിൽ കലാമണ്ഡലം ഡാൻസുവകുപ്പിലേക്കു് 1500 ക. അനുവദിച്ചതായിട്ടാണു് പറയുന്നതു്. ഇതു പോരാ. നമുക്കു 3000 ക. തന്നെ ആക്കിക്കിട്ടണം. അതിനു് ആസാദുമായി താങ്കൾ 5 മിനിട്ടു നേരം സംസാരിച്ചാൽ മതിയാകും. ഇതിൽ മടിക്കുകയോ വൈകിക്കുകയോ ചെയ്യരുതേ!

ശേഷം മറുപടിക്കുമേൽ.

സ്വന്തം
വി. നാരായണമേനോൻ

*(കത്തു്നമ്പർ 170)*

Digitized By Kerala Sahitya Akademi

## ഗ്രീക്ക് നാടകം

വള്ളത്തോാൾ

ചെറുതുരുത്തി
27-6-1955

പ്രിയ സുഹൃത്തെ,

താങ്കൾ മിനിഞ്ഞാന്നു സദയം അയച്ച എഴുത്തു് ഇന്നിവിടെ കിട്ടി. താങ്കൾ റിപ്പോർട്ടെഴുതുന്നതിൽ മുഴുകിയിരിക്കുകയായിരിക്കും എന്നു കരുതിയാണു് ഞാൻ എഴുതാതിരുന്നതു്. ഈ തിരക്കിൽ താങ്കൾ ഗ്രീക്കു് നാടകം തർജമചെയ്തതു് അത്ഭുതംതന്നെ. അതു് വായിക്കാൻ എനിക്കു വലിയ വെമ്പൽ തോന്നുന്നുണ്ടു്. എന്നാൽ ഒരു മൂന്നു മാസംകൂടി കഴിഞ്ഞാലേ മററു പുസ്തകങ്ങൾ എടുക്കാൻ ഞാൻ ആളാകയുള്ളു.

ഋഗ്വേദത്തിൻെറ ഒന്നാം വാള്യം അച്ചടിച്ചു കഴിഞ്ഞു. ഇന്നു ബയണ്ടു തുടങ്ങും. സാഹിത്യ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ എന്നു് ഇംഗ്ലീഷു് മലയാളം ടൈററിലുകളിന്മേൽ കാണിച്ചിട്ടുണ്ടു്. സംഭാവന തന്നതിനു് അക്കാഡമിയോടു നന്ദി പറയുന്ന ഒരു ഇംഗ്ലീഷു കുറിപ്പു് വേറെയും ചേർത്തിട്ടുണ്ടു്

ആമുഖത്തിന്റെ പ്രൂഫ് താങ്കൾക്കയയ്ക്കാഞ്ഞതു് പ്രസ്സുകാരുടെ മറവിയാലായിരിക്കും. ഇനി പുസ്തകംതന്നെ അയച്ചാൽ മതിയാകുമല്ലോ. ഒരു ഒന്നര ആഴ്ചയ്ക്കുള്ളിൽ ബൈണ്ടു് ചെയ്തു കഴിയുമെന്നു തോന്നുന്നു.

ഈ ഒന്നാം വാള്യത്തിനു് 7000 ക. ചിലവായി. ഇക്കണക്കിനു് അക്കാഡമിയുംടി.സി.ഗവണ്മെണ്ടുംകൂടിത്തന്ന 17500ക.കൊണ്ടു് അച്ചടി നടക്കില്ലല്ലൊ. ഒരുവിധം വില്പന ഉണ്ടായാൽ കാര്യം ഒപ്പിക്കാം.

മകളുടെ കല്യാണം ജൂലായ് 12-ാം തീയതിതന്നെയല്ലേ? നിശ്ചയത്തിനു വ്യത്യാസം വന്നിട്ടില്ലല്ലൊ. അതിൽ സംബന്ധിക്കാൻ എനിക്കു് അതിയായ കൗതുകം ഉണ്ടെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ഈയിടയിൽ ജലദോഷപീഡകൾ കൂടുതലായിത്തീർന്നിരിക്കുന്നു. ചിലപ്പോൾ രണ്ടുമൂന്നു ദിവസത്തേക്കു കിടപ്പിൽതന്നെയാകാറുണ്ടു്.

സ്വന്തം
വള്ളത്തോാൾ
*(കത്തു് നമ്പർ 171)*

## സദയം ക്ഷമിക്കുക

വള്ളത്തോാൾ

ചെറുതുരുത്തി
22-7-1955

പ്രിയ സുഹൃത്തെ,

ഞാൻ മുമ്പയച്ച എഴുത്തു കിട്ടിയിരിക്കുമല്ലൊ. പുത്രീവിവാഹം നീട്ടിവെച്ചതെന്തുകൊണ്ടെന്നറിഞ്ഞില്ല. നിങ്ങൾക്കൊക്കെ സുഖംതന്നെയാണല്ലൊ.



Digitized By Kerala Sahitya Akademi

വേദതജ്ജമയുടെ ഒന്നാം വാല്യത്തിൻെറ ഒരു കോപ്പി ഇന്നലെ രജിസ്റ്റ്രു ചെയ്തു് താങ്കറംക്കയച്ചിട്ടുണ്ടു്. ആമുഖം മുഴുവൻ വായിച്ചുനോക്കമല്ലൊ. അക്ഷരം ചുരുക്കാൻവേണ്ടി ഞാൻ അല്പം ചില ഭേദഗതികറം ആശയം ചോൻനുപോകാത്ത വിധത്തിൽ വരുത്തിയിട്ടുണ്ടു്; സമാപ്തി കാണിക്കാനായി ഒടുവിൽ ചില വാക്യങ്ങറം കൂട്ടികറം എഴുതി ചേത്തിട്ടുമുണ്ടു്. ഞങ്ങറം എടുത്ത ഈ സ്വാതന്ത്ര്യം സദയം ക്ഷമിക്കമാറാകണം.

ബയൻഡു നടക്കുന്നതേയുള്ളു. മഴ നിമിത്തം പശ ഉണങ്ങിക്കിട്ടാൻ താമസം. അതിനാൽ അക്കാഡമിക്കുള്ള 100 കോപ്പികറം അയച്ചിട്ടില്ല. അടുത്ത തിങ്കളാഴ്ച അയയ്ക്കാമെന്നാണു് ഉദ്ദേശം. ആ കെട്ടിൽ രാജേന്ദ്രപ്രസാദ്, ജവഹരിലാൽജി, രാധാകൃഷ്ണൻ, മൗലാനാ ആസാദ്, നന്ദലാൽ ഗുപ്ത എന്നിവക്കു് അഞ്ചു കോപ്പികറം ഉണ്ടായിരിക്കും. ഇവ അവക്കു കൊടുക്കാൻ വച്ചവസ്തു് എഴുത്തും അയയ്ക്കാം. അദ്ദേഹം അതു ചെയ്യില്ലേ എന്നു താങ്കറം ഒന്നന്വേഷിച്ചാൽ നന്നു്.

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കേരളകലാമണ്ഡലത്തെ കോളേജാക്കി, കീഴിൽ നാലഞ്ചു കഥകളി-ഡാൻസ് സ്കൂളുകറം കേരളത്തിൻെറ പല ഭാഗങ്ങളിലായി തുറക്കാൻ പത്തുലക്ഷം ഉറുപ്പിക നീക്കിവെയ്ക്കണമെന്നു് അപേക്ഷിക്കുന്നതായ ഒരു ഹരജി അയപ്പാൻ ഞങ്ങറം നിശ്ചയിച്ചിട്ടുണ്ടു്. ഹരജി ഗുൽസാരിലാൽനന്ദയ്ക്കല്ലയോ അയക്കേണ്ടതു്? ഏതു തീയതിക്കവിടെ കിട്ടണം? ഇത്യാദി വിവരങ്ങറം താങ്കളിൽനിന്നറിയാൻ ഞങ്ങറം ആഗ്രഹിക്കുന്നു. ഹരജിയുടെ ഒരു കരടു പകപ്പു് താങ്കറംക്കയച്ചാൽ വെടിപ്പു വരുത്തി തിരിച്ചയയ്ക്കാൻ താങ്കറംക്കു സൗകര്യമുണ്ടാവില്ലയോ? ഇതു് ഏററവും ഗൗരവമുള്ള ഒരു കാര്യമാകകൊണ്ടു് താങ്കളുടെ വിലയേറിയ നിർദ്ദേശവും ഉപദേശവും ഞങ്ങറംക്കു തരികതന്നെ വേണം; ഒട്ടും വൈകരുതുതാനും.

വേദത്തിന്റെ രണ്ടാം വാല്യം അച്ചടിച്ചുതുടങ്ങി. വേദം ഇങ്ങനെ തജ്ജമ ചെയ്യുകൂടാ എന്നും, അതിൻെറ ആദ്ധ്യാത്മികത്വം കളഞ്ഞുകൂടാ എന്നും, പണ്ഡിതന്മാരുടെ പരിശോധന കൂടാതെ തജ്ജമ സ്വീകരിച്ചു പണം കൊടുത്ത ഇന്ത്യാഗവണ്മെണ്ടിൻെറ നടപടി ആക്ഷേപയോഗ്യമാണെന്നും മററുമായി ഒരു ലേഖനം മദിരാശിയിലെ 'ഇന്ത്യൻ എക്സ്പ്രസ്സി'ൽ ഉണ്ടായിരുന്നുപോലും. ഒരു സ്വാമി ആത്മപ്രകാശാനന്ദനാണു് ഈ ലേഖകൻ. താങ്കറം കാണുകയുണ്ടായോ?

വിവരങ്ങറംക്കെല്ലാം മറുപടി കാത്തിരിക്കുന്നു.

സന്തം
വള്ളത്തോറം
(*കത്തു്നമ്പർ 172*)

Digitized By Kerala Sahitya Akademi

# കലാമണ്ഡലം കോളേജാക്കണം

വള്ളത്തോാൾ

ചെറുതുരുത്തി
2-8-1955

പ്രിയ സുഹൃത്തെ,

ജൂലായ് 28-ാം നു- അവിടെനിന്നയച്ച എഴുത്ത് 30-ാം നു- ഇവിടെ കിട്ടി. വേദതർജ്ജമയുടെ അച്ചടി ഇത്ര ഭംഗിയായതിൽ അത്ഭുതപ്പെടാനില്ല; ഉറുപ്പിക ഏഴായിരം ചിലവായി!

നിരൂപണത്തിന്ന ഞാൻ ആരേയും നേരിട്ട പ്രേരിപ്പിക്കുകയില്ല. വേദത്തിനൊരു തർജ്ജമ ഉണ്ടായിട്ടുണ്ടെന്നു നമ്മുടെ പത്രക്കാരിൽ ആരും അറിഞ്ഞിട്ടില്ലെന്നു തോന്നിപ്പോകം! ഡാക്ടർ കുഞ്ഞൻ രാജാവ് 'ഹിന്ദു' വിൽ എഴുതുന്നതു കൊള്ളാം. അദ്ദേഹത്തിന്നു ഞാൻ ബുക്ക് അയച്ചിട്ടില്ല. മേൽവിലാസം തന്നാൽ ഒരു കോപ്പി അയച്ചുകൊള്ളാം. അദ്ദേഹമാണ് നിരൂപണമെഴുതാൻ തികച്ചും അർഹൻ.

എന്റെ കൃതികൾ മലയാളപത്രങ്ങളുടെ അഭിപ്രായത്തിന്ന കൊടുക്കാറില്ല. ചില പത്രങ്ങൾക്ക് ഈരണ്ടു കോപ്പി കൊടുക്കണം; അവ ഒരു അയ്മ്പതു പേരെങ്കിലും കടം വാങ്ങി വായിച്ചുവെന്നും വരും. കേശവ മേനോന്ന് ഒരു ബുക്ക കൊടുപ്പാൻ വിരോധമില്ല. കുഞ്ഞൻരാജാവിനെ നിരൂപണമെഴുതാൻ താങ്കൾതന്നെ പ്രേരിപ്പിക്കുകയാണു നല്ലതു്.

ഇതൊന്നുമല്ല ഇപ്പോൾ എന്റെ പ്രധാന കാര്യം. കലാമണ്ഡലത്തിനെ ഒരു കോളേജാക്കി ഉയർത്താനും, കീഴിൽ നാലഞ്ചു കഥകളിവിദ്യാലയങ്ങൾ സ്ഥാപിപ്പാനും മററുമായി അഞ്ചുകൊല്ലത്തിനുള്ളിൽ പത്തുലക്ഷം ഉറുപ്പിക സംഭാവനയായി തരേണമെന്നൊരപേക്ഷ കലാമണ്ഡലം കമ്മിററിക്കാർ ഇന്ത്യാഗവണ്മെണ്ടിനയയ്ക്കാൻ ഒരു കരടു തയ്യാറാക്കിവെച്ചിട്ടുണ്ട്. 1. ഈ ഹരജി ഇന്ത്യാഗവണ്മെണ്ടിന്നോ പ്ലാനിങ്ങ് മന്ത്രിക്കോ അയയ്ക്കേണ്ടതു്? 2. നേരിട്ടയച്ചുകൂടയോ, അതോ സ്റ്റേററ് ഗവണ്മെണ്ട മുഖേന വേണമോ? 3. ഇതു് എന്നേക്ക പ്ലാനിങ്ങ് മന്ത്രിയുടെ ആപ്പീസിലെത്തണം?

ഈ മൂന്ന സംഗതികൾക്ക മറന്നാൾതന്നെ ഒരു മറുപടി തരുമാറാകണം. ചിലർ പറയുന്ന ഈ ഹരജി സ്റ്റേററ് ഗവണ്മെണ്ട് മുഖാന്തിരമാണ് അയയ്ക്കേണ്ടതെന്നും, സ്റ്റേററു ഗവണ്മെണ്ടിന്ന് ഈ ആഗസ്റ്റ് പത്താം തീയതിക്കുള്ളിൽ കിട്ടിക്കണമെന്നും. ഇതു വാസ്തവമെങ്കിൽ കരടെഴുതിയതു് അസ്സലാക്കി ടി.സി. ഗവണ്മെണ്ടിനയയ്ക്കുക എന്നതു് ഒരാഴ്ചയ്ക്കുള്ളിൽ കഴിക്കണമല്ലൊ. അതുകൊണ്ടാണ് താങ്കളുടെ വിലയേറിയ ശ്രദ്ധയെ ഈ വിഷയത്തിൽ പതിപ്പിക്കേണ്ടിവന്നതു്.

താങ്കളുടെ മറുപടി 6-ാം നു- ക്ക് ഇവിടെ കിട്ടുമാറാക്കാൻ ദയചെയ്യണം.

സ്വന്തം
വള്ളത്തോൾ

P.S. വേദതർജ്ജമയുടെ ഓരോ പ്രതി ഇന്ന് രാജേന്ദ്രപ്രസാദിനും നെഹ്റുവിനും അയച്ചിട്ടുണ്ട്

(കത്ത് നമ്പർ 173)

Digitized By Kerala Sahitya Akademi

## കഥാപ്രസംഗകോളേജ്

വള്ളത്തോൾ

ചെറുതുരുത്തി
9-8-1955

പ്രിയ സുഹൃത്തെ,

പ്രസിദ്ധ കാഥികനായ ശ്രീ. ജോസഫ് കൈമാപ്പറമ്പൻ താങ്കൾക്കു ശ്രവണപരിചിതനായിരിക്കും. സ്വഭാഷയിൽ കഥാകാലക്ഷേപം ചെയ്യുന്ന മലയാളികളിൽ ഒന്നാമനാണ് ഈ ചെറുപ്പക്കാരനെന്ന്, നിർമ്മത്സരം സമ്മതിക്കും. വളരെ ദിക്കുകളിൽനിന്നും കനകകീർത്തിമുദ്രകൾ കൈമാപ്പറമ്പനു കൈവന്നിട്ടുണ്ട്.

ഇപ്പോൾ ഒരു കഥാപ്രസംഗകോളേജ് ആലുവായിൽ സ്ഥാപിക്കാൻ തുടങ്ങുകയാണ്; അതിന്ന് ധനസഹായം അപേക്ഷിച്ച് സംഗീതനാടക അക്കാഡമിക്കു് അപേക്ഷ അയയ്ക്കാൻ തുടങ്ങുകയുമാണ്.

ഇതിൽ താങ്കൾ ഹൃദയപൂർവ്വം ഒത്താശ ചെയ്തു കൊടുക്കണമെന്ന ഞാൻ അപേക്ഷിക്കുന്നു. ഇത്തരം കറകളഞ്ഞ കലാവാസനയുള്ളവരുടെ മലർന്ന കൈകളിലാണ് സംഗീതനാടക അക്കാഡമിയുടെ ഔദാര്യം നിപതിക്കേണ്ടത്.

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 174)*

## ക്ഷണനം

*കേരളകലാമണ്ഡലം സിൽവർജൂബിലി സെലിബ്രേഷൻകമ്മറ്റി*

വള്ളത്തോൾ

ചെറുതുരുത്തി
17-8-1955

പ്രിയപ്പെട്ട സർദാർ പണിക്കർ,

കലാമണ്ഡലം രജതജൂബിലിസമ്മേളനത്തിൽ അദ്ധ്യക്ഷനാകാൻ അങ്ങയെ ഞങ്ങൾ സാദരം ക്ഷണിക്കുകയും, അങ്ങ് സദയം സമ്മതിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ആപ്പീസിൽ വെക്കാൻ ഇതിനൊരു മറുപടി അയച്ചേക്കുക.

Digitized By Kerala Sahitya Akademi

1955 ഡിസംബർ 26, 27, 28 തിയ്യതികളിലാണ് ജൂബിലി അടിയന്തിരം. ഈ മൂന്നു ദിവസങ്ങളിലും അങ്ങ് ഇവിടെ ഉണ്ടായിരിക്കണമെന്നുകൂടി ഞങ്ങൾക്കാഗ്രഹമുണ്ട്. വാസസൗകര്യം യഥാശക്തി ചെയ്തു കൊള്ളാം. സ്വകുടുംബനായിട്ടാണല്ലൊ അങ്ങ് വരിക.

ഞങ്ങൾ പ്ലാനിങ്ങ് കമ്മീഷനയച്ചുതായി ടി.സി. ഗവണ്മെണ്ടിലേക്കയച്ച അപേക്ഷയുടെ നേർ പകപ്പ് ഇതൊന്നിച്ചയക്കുന്നു. തക്ക ശ്രദ്ധ പാർശിയോടുകൂടി ഡൽഹിക്കയയ്ക്കണമെന്ന് ടി സി. മുഖ്യമന്ത്രിയോടപേക്ഷിച്ചിട്ടുണ്ട്. അദ്ദേഹം എന്താണ് ചെയ്യാൻപോകുന്നതെന്നറിഞ്ഞുകൂടാ.

മാന്യന്മാരുടെ തക്ക ശുപാർശി ഉണ്ടായാൽ അപേക്ഷയിൽ കാണിച്ച സംഖ്യ പ്ലാനിങ്ങിൽ നീക്കിവെക്കുമെന്നാണ് പലരുടേയും അഭിപ്രായം. താങ്കൾ തക്ക സാഹായ്യമൊക്കെ ചെയ്തുതരുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.

സ്നേഹാദരങ്ങളോടെ
വി. നാരായണമേനോൻ
*(കത്ത് നമ്പർ 175)*

# വേദതർജ്ജമയുടെ പ്രതികൾ

വള്ളത്തോൾ

ചെറുതുരുത്തി
17-8-1955

പ്രിയ സുഹൃത്തെ,

താങ്കൾ ഗോപിക്കയച്ച എഴുത്തു ഞാൻ വായിച്ചു. അപ്പോഴാണ് പുത്രീവിവാഹം അടുത്ത സെപ്തംബർ 8-ാം തീയതിയാണെന്നു മനസ്സിലായതു്.

1. താങ്കൾ സെപ്തംബർ എത്രാം തീയതി മദിരാശിയിലെത്തും?
2. എത്രനാൾ താമസിക്കും?
3. കല്യാണം രാവിലെയോ രാത്രിയിലോ?

ഇതൊക്കെ മുൻകൂട്ടി അറിയാൻ എനിക്കു താല്പര്യമുണ്ട്.

വേദതർജ്ജമയുടെ രണ്ടാംവാള്യം അച്ചടി തുടങ്ങിയിരിക്കുന്നു. ഞാനിവിടെ ഇല്ലാതിരുന്നാൽ അതു മുടങ്ങിപ്പോകും. അച്ചടി മൂന്നിലൊന്നു കഴിഞ്ഞിരിക്കുന്നു.

ഡാക്ടർ കുഞ്ഞൻരാജാവിന്നു പുസ്തകത്തിന്റെ ഒരു കോപ്പി അയച്ചു. കിട്ടിയെന്നും പതുക്കെപ്പതുക്കെ വായിച്ചുകൊള്ളാമെന്നുമാണ് മറുപടി. അദ്ദേഹം കല്യാണത്തിനു മദിരാശിയിൽ വരുമോ?

അക്കാദമിക്കു് നൂറു കോപ്പി ഒരാഴ്ചമുമ്പെ അയച്ചു. അന്നേ ഡൽഹിക്കു് തൃശ്ശൂരിൽനിന്നു് Goods train പുറപ്പെട്ടുള്ളൂ. ആ പുസ്തകപ്പെട്ടികളി

Digitized By Kerala Sahitya Akademi

ലൊന്നിൽ മൗലാനാ ആസാദിനും, ഡാ. രാധാകൃഷ്ണനും, ഗുൽസാരി ലാൽ നന്ദയ്ക്കും ഓരോ കോപ്പി പേരെഴുതിവെച്ചിട്ടുണ്ട്. അവ എത്തിച്ചു കൊടുപ്പാൻ ശ്രീ. മച്ച്വയെ താങ്കറം ഒന്നു ജാഗ്രതപ്പെടുത്തിക്കൂടയോ? ഡാക്ടർ രാജേന്ദ്രപ്രസാദിന്നും ജവഹർലാൽജിക്കും ഓരോ പ്രതി മുമ്പുതന്നെ ഇവിടെനിന്നു് രജിസ്റ്റർ ചെയ്തയച്ചിരിക്കുന്നു.

ശേഷം മറുപടിക്കുമേൽ

സ്വന്തം

വി. നാരായണമേനോൻ

*(കത്തു് നമ്പർ 176)*

# മറന്നുപോകരുതേ!

വള്ളത്തോറം

ചെറുതുരുത്തി

17-9-1955

പ്രിയ സുഹൃത്തെ,

ശ്രീ. ലക്ഷ്മണസ്വാമിമുതലിയാർ താങ്കറംക്കയച്ച മറുപടി മിനിഞ്ഞാന്നു് അവിടെനിന്നയച്ചതു് ഇന്നിവിടെ കിട്ടി.

ഞാൻ ഒക്ടോബർ 1-ാംതീയതി ഇവിടെനിന്നു ഡൽഹിക്കു പുറപ്പെടും. കൂടെ ഗോപിയുമുണ്ടാകും. രണ്ടാം തീയതി മദിരാശിയിൽ താമസിച്ച് 3-ാംതീയതി ന്യൂഡൽഹിയിലേക്കു വണ്ടികയറും. അങ്ങനെ നാം തമ്മിൽ പറഞ്ഞുറച്ചതുപോലെ, ഞാൻ ഒക്ടോബർ 5-ാംതീയതി താങ്കളുടെയടുക്കൽ വന്നെത്തും.

ഇതിൽ വല്ല മാററവും വരുത്തേണ്ടതുണ്ടെങ്കിൽ എന്നെ സദയം അറിയിക്കമാറാകണം; അതു മറന്നു പോകരുതേ!

ആയുർവ്വേദഡോക്ടർ ശങ്കുണ്ണിമേനോൻെറ ചികിത്സയാൽ എൻെറ ചെവിവേദന കുറഞ്ഞുവരുന്നുണ്ട്.

സ്വന്തം

വി. നാരായണമേനോൻ

*(കത്തു് നമ്പർ 177)*

Digitized By Kerala Sahitya Akademi

# ജൂബിലി ആലോചന

*കേരളകലാമണ്ഡലം സിൽവർജൂബിലി സെലിബറേഷൻകമ്മററി*

പ്രസിഡൻറ്:                                                    ചെറുതുരുത്തി
വള്ളത്തോൾ                                                    23-9-1955

പ്രിയ സുഹൃത്തേ,

21-ാം നു-ത്തെ എഴുത്തു് ഇന്നു കിട്ടി; ഇതിനു മുമ്പിലത്തെ കുറിപ്പും കിട്ടിയിരിക്കുന്നു. 'പടിഞ്ഞാറേ മുറി' ഒരാവൎത്തികൂടി അവഗാഢമായി വായിക്കേണ്ടിയിരിക്കുന്നു. അതു ഞാൻ ഡൽഹിക്കു വരുമ്പോൾ തീവണ്ടിയിൽവച്ചു കഴിച്ചുകൊള്ളാം. നന്നായി ഒരു വായനകൂടി കഴിഞ്ഞേ വല്ല നിരൂപണവും കുത്തിക്കുറിക്കാൻ സാധിക്കു.

ഞാൻ ഗോപിയോടുകൂടി ഒക്ടോബർ 1-ാം തിയ്യതി ഇവിടെനിന്നും പുറപ്പെടും. രണ്ടും മൂന്നും തിയ്യതികളിൽ മദിരാശിയിൽ താമസിച്ചു് 4-ാം തിയ്യതി ഉച്ചയ്ക്കുമുമ്പു് ന്യൂഡൽഹിക്കു വണ്ടികയറും. അങ്ങനെ 6-ാം തിയ്യതി താങ്കളുടെ അടുക്കലെത്തും.

ന്യൂഡൽഹിയിൽ എനിക്കു കാണേണ്ടവരെ കാണാനും സംസാരിപ്പാനും എല്ലാ ഒത്താശകളും താങ്കൾതന്നെ ചെയ്യുതരേണ്ടിവരും. ഇതൊരു ശല്യമായി താങ്കൾക്കു തോന്നരുതു്. നമ്മുടെ രാജ്യത്തിനുവേണ്ടിയുള്ള ശ്രമമാണല്ലൊ ഇതും.

ഞാൻ ഡൽഹിയിൽനിന്നു മടങ്ങുന്നതു് ഹൈദ്രാബാദ്, മൈസൂർ വഴിക്കായാൽ വല്ല ഗുണവും കിട്ടുമോ? നൈസാമിനെക്കൊണ്ടു സഞ്ചി തെല്ലൊന്നഴിപ്പിക്കാൻ വല്ല ഉപായവും താങ്കളുടെ കയ്യിലുണ്ടോ? മൈസൂർ രാജപ്രമുഖൻ, കണ്ടപേക്ഷിച്ചാൽ വല്ല സഹായവും ചെയ്യുമെന്നു് എനിക്കു തോന്നുന്നു. താങ്കളെപ്പോലുള്ളവർ ഒന്നു പ്രേരിപ്പിക്കുകൂടി ചെയ്താൽ ഏറെ നന്നാവും. ഈ രണ്ടു കാര്യത്തിലും ഒന്നു മനസ്സുവെക്കണേ.

ജവഹർലാൽജി ഡിസംബറിന്റെ അവസാനത്തിൽ ആന്ധ്രാസ്റ്റേററിൽ വരുമെന്നു് ഇന്നലെ പത്രത്തിൽ കണ്ടു. അതോടുകൂടി ഇവിടെവന്നു് ജൂബിലിമഹോത്സവോൽഘാടനവും സദയം ചെയ്യില്ലയോ? ഇന്നു ഞാൻ അദ്ദേഹത്തിന്നൊരെഴുത്തയയ്ക്കുന്നുണ്ടു്. നമ്മൾ രണ്ടുപേരുംകൂടി നേരിട്ടപേക്ഷിച്ചാൽ ആ മനസ്വിയായ മഹാൻ നിരസിക്കില്ലെന്നാണെന്റെ വിശ്വാസം. ഈ വിശ്വാസംതന്നെയാണു് എന്നെ ഈ ക്ഷീണിച്ച സമയത്തു് ഡൽഹിക്കു പുറപ്പെടുവിക്കുന്നതു്.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 178)*

Digitized By Kerala Sahitya Akademi

# ജൂബിലിപ്രശ്നങ്ങൾ

(Private)

*കേരളകലാമണ്ഡലം സിൽവർജൂബിലി സെലിബറേഷൻ കമ്മററി*

വള്ളത്തോൾ ചെറുതുരുത്തി
24–9–1955

പ്രിയ സുഹൃത്തേ,

ഇന്നലെ താങ്കൾക്ക് എഴുത്തയച്ചതിനുശേഷം പത്രത്തിൽ വായിച്ചു ശ്രീ പനമ്പിള്ളി 26-ാം തിയ്യതി ഡൽഹിക്കു പോകുമെന്നും, തിരു–കൊച്ചി സ്റ്റേററിലേക്കുള്ള പഞ്ചവൽസരപദ്ധതി ചർച്ച 28–ം, 29–ം തിയ്യതികളിലാണെന്നും. ഈ സ്ഥിതിക്ക് ഞാൻ ഒക്ടോബർ 6-ാം തിയ്യതി അവിടെ എത്തുമ്പോഴേക്കും ആ വിഷയം അവസാനിച്ചുപോകുമല്ലൊ. അതിനാൽ ആ ചർച്ചയിൽ കലാമണ്ഡലകാര്യംകൂടി ഉൾപ്പെടുത്തണമെന്ന് താങ്കൾ ശ്രീ. പനമ്പിള്ളിയെ ധരിപ്പിക്കുന്നതു് പ്രയോജനകരമായിരിക്കും.

പനമ്പിള്ളി ഡൽഹിയിൽ വന്നാൽ താങ്കളുടെ അടുക്കൽ വരാറില്ലയോ? ഫോണിൽ ആവശ്യപ്പെട്ടാൽ വരില്ലയോ! ഒരുവിധം സാധിക്കുമെങ്കിൽ ഈ ഘട്ടത്തിൽ നിങ്ങൾ തമ്മിൽ ഒന്നു കാണുക അത്യാവശ്യമാണ്.

ഇന്ത്യാഗവണ്മെണ്ടിന്റെ വിദ്യാഭ്യാസവകുപ്പിൽനിന്ന് ഇന്നലെ കിട്ടിയ മറുപടിയിൽ ജൂബിലിക്കു വേണ്ടുന്ന പണത്തിന്നു സംഗീതനാടക അക്കാഡമിയേയും സ്റ്റേററ്ഗവണ്മെണ്ടിനേയും സമീപിക്കുക എന്നാണ്. അതിനാൽ അക്കാഡമിയിൽനിന്നും നല്ല ഒരു തുക കിട്ടുമാറാക്കാൻ മൗലാന ആസാദിനോട് അപേക്ഷിക്കേണ്ടിയിരിക്കുന്നു. അതു ഞാൻ വരുന്നതിനുമുമ്പുതന്നെ ചെയ്യാൻ താങ്കൾക്കു സൗകര്യമുണ്ടാകുമോ?

സ്റ്റേററ്ഗവണ്മെണ്ട് എന്തു കൊടുക്കുമെന്നു പനമ്പിള്ളിയോടു ഞാൻ മദിരാശിയിൽവെച്ചു ചോദിച്ചു. തീർച്ചയായിട്ടില്ലാ എന്നായിരുന്നു മറുപടി. പിന്നീടു ഞാൻ എഴുതി ചോദിച്ചു. അതിന്നു മറുപടിയേയില്ലാ!

ആകപ്പാടെ സ്റ്റേററ്ഗവണ്മെണ്ടിന്റെ ഔദാര്യം പ്രതീക്ഷിച്ചുകൊണ്ടിരുന്നാൽ ഈ ജൂബിലിക്കാർ വഞ്ചിതരായേക്കുമെന്നു ഞാൻ ഭയപ്പെടുന്നു. സ്റ്റേററുഗവണ്മെണ്ട് കണ്ണുമിഴിക്കണമെങ്കിൽ മേലാവിന്റെ കൈവിരൽകൊണ്ട് ഒന്നു നുള്ളുകതന്നെ വേണ്ടിവരും. കൂടുതൽ വിവരം ഞാൻ മുഖദാവിൽ പറയാം.

ജൂബിലിക്കു പണം ഒരുങ്ങേണമെങ്കിൽ കുറെ ധനികന്മാരെ ആശ്രയിക്കേണ്ടതായിത്തന്നെ വരും. ഞാൻ ഒക്ടോബർ 2–ം, 3–ം തീയതികളിൽ മദിരാശിയിൽ താമസിക്കുന്നതിന്നിടയിൽ അളഗപ്പച്ചെട്ടിയാരെ കാണാൻ ശ്രമിക്കാം. അതിനുമുമ്പ് താങ്കളുടെ ഒരെഴുത്ത് അദ്ദേഹത്തിന്നു കിട്ടുമെങ്കിൽ നന്നായി

Digitized By Kerala Sahitya Akademi

നമ്മുടെ ചന്ദ്രശേഖരൻനായരുടെ ഒരെഴുത്ത് ഇതിൽ അടക്കം ചെയ്യുന്നു. ഇതു വായിച്ച് തിരിച്ചയച്ചേക്കണം. ചന്ദ്രശേഖരൻനായക്ക് താങ്കൾ ഒന്നെഴുതുമല്ലൊ. ഞാൻ ഒക്ടോബറിൻെറ അവസാനത്തിൽ കൊല്ലത്തു ചെല്ലാമെന്നാണ് അദ്ദേഹത്തിനു മറുപടി അയയ്ക്കുന്നതു്. അദ്ദേഹത്തിനു കൊല്ലത്തുള്ള മററു ധനികന്മാരേയും കാണണമെന്നുണ്ട്.

സ്വന്തം
വള്ളത്തോൾ

P.S. ഇന്നലത്തെ എഴുത്തിൻേറയും ഇതിൻേറയും സ്പഷ്ടമായ മറുപടി തിങ്കളാഴ്ചതന്നെ അയയ്ക്കുമല്ലോ.

(കത്ത് നമ്പർ 179)

# ഡൽഹിക്കു വീണ്ടും

വള്ളത്തോൾ

ചെറുതുരുത്തി
1-10-1955

പ്രിയ സുഹൃത്തെ,

27-9-56-ൽ അവിടെനിന്നയച്ച എഴുത്ത് മിനിഞ്ഞാന്ന് ഇവിടെ കിട്ടി.

താങ്കൾ പനമ്പിള്ളിയെ കണ്ടിരിക്കുമല്ലൊ.

താങ്കൾ നിർദ്ദേശിക്കുന്നതിനു മുമ്പുതന്നെ വി.പി. മേനോനു ഞാൻ എഴുത്തയച്ചിരുന്നു. അദ്ദേഹത്തിൻെറ മറുപടിയും മിനിഞ്ഞാന്നുതന്നെയാണു കിട്ടിയതു്. രാജപ്രമുഖന്മാക്ക് അലവൻസ് ചുരുങ്ങുമെന്ന പേടിമൂലം അവരുടെ ഔദാര്യമൊക്കെ ഒളിച്ചിരിക്കുന്നു എന്നാണു മേനോൻ പറയുന്നതു്. എലി നൈസാമിൻെറ നോട്ടുകൾ അളന്തത്തു കഴിച്ച കഥ മേനോൻ അറിഞ്ഞില്ലെന്നു തോന്നുന്നു. നൈസാമിൻെറ ട്രസ്റ്റുകളിൽനിന്ന് വല്ലതും കിട്ടിക്കാമോ എന്നു ചോദിച്ചുകൊണ്ട് ഒരെഴുത്തു മിനിഞ്ഞാന്നുതന്നെ ഞാൻ മേനോന്നയച്ചിട്ടുണ്ട്. മൈസൂർ രാജപ്രമുഖനെ പിടിക്കാൻ ഞാൻ വേറെ വഴി നോക്കിക്കൊള്ളാമെന്നും എഴുതിയിട്ടുണ്ട്. രാജപ്രമുഖനു് കാണാൻ സമയം ചോദിക്കുന്നതായ ഒരെഴുത്ത് ഇന്നലെ ഞാൻ അയച്ചിരിക്കുന്നു. മറുപടിക്ക് എൻെറ ന്യൂഡൽഹി മേൽവിലാസം അതിൽ കുറിച്ചിട്ടുമുണ്ട്.

ശ്രീ. ഇന്ദിരാഗാന്ധി കഴിഞ്ഞ ചൊവ്വാഴ്ച രാത്രി ചെറുതുരുത്തിയിൽ വന്നു. പാലക്കാട്ടുനിന്ന് ഊണു കഴിച്ചാണു വന്നതു്. കിടപ്പ് ശ്രീ. കൊളാടിയുടെ വീട്ടിലായിരുന്നു. ഇന്ദിരയെ ഞാൻ ജൂബിലിക്കു ക്ഷണിച്ചു. അച്ഛനോടു പറയണമെന്നും ഏല്പിച്ചു. ഡിസംബറിൽ അച്ഛനു വലിയ ബദ്ധപ്പാടായിരിക്കുമെന്നാണ് ഇന്ദിര പറഞ്ഞതു്.

Digitized By Kerala Sahitya Akademi

ഞാൻ ഇന്നു ഗോപിയോടുകൂടി മദിരാശിക്കു പോകും. നാളെയും മററന്നാളും അവിടെ അലഞ്ഞുതിരിഞ്ഞിട്ട് 4–ാം തിയ്യതി ന്യൂഡൽഹിക്കു വണ്ടികയറും. 6–ാം തിയ്യതി ആ വണ്ടി ന്യൂഡൽഹിയിലെത്തുമ്പോഴേക്ക് ഒരു കാർ സദയം അയച്ചേക്കണം. ഈ എഴുത്തിനു മറുപടി അയയ്ക്കേണമെന്നില്ല. അയയ്ക്കുകയാണെങ്കിൽ താഴെ കാണുന്ന മേൽവിലാസത്തിൽ അയച്ചാൽ മതി.

48 Egmore High Road
Madras

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 180)*

# നല്ല ഭൂമി

വള്ളത്തോൾ

Camp:40 Egmore High Road
Madras
15-10-1955

പ്രിയ സുഹൃത്തെ,

ഞങ്ങൾ ഇന്നലെ വൈകുന്നേരം ഇവിടെ എത്തി. ഇന്ന് ജസ്റ്റീസ് രാജമന്നാറെ കണ്ടു. ഇപ്പോഴും ആഘോഷങ്ങൾക്കു പണം കൊടുക്കില്ലെന്നാണ് അദ്ദേഹത്തിൻെറ വാദം. വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ആഘോഷമാണിതെന്നു ഞാൻ മറുപടി പറഞ്ഞു. പിന്നത്തെ ആവലാതി പണമില്ലെന്നും കേന്ദ്രവിദ്യാഭ്യാസവകുപ്പിൽനിന്നു കിട്ടിയാൽ പണം തരാമെന്നുമായി. ഈ പണം അനുവദിപ്പിക്കാൻ വല്ല വഴിയുമുണ്ടോ? ഉണ്ടെങ്കിൽ താങ്കൾ ആ വഴിയിലൂടെ പോയി നോക്കാൻ അമാന്തിക്കരുതെന്നപേക്ഷ. അപേക്ഷ വീണ്ടും രാജമന്നാർക്കു കൊടുത്തിരിക്കുന്നു.

അളകപ്പച്ചെട്ടിയാർ മദിരാശിയിൽ ഇല്ല. കുറെ ദിവസമായി സക്കീട്ടിലാണത്രെ.

മാർഷൽ ബുൾഗാനിനെ കഥകളി–മോഹിനിയാട്ടങ്ങൾ കാണിക്കാൻ മേലാവിലെ നിർദ്ദേശമനുസരിച്ച് മദിരാശി ഗവർണർ ഏർപ്പാടു ചെയ്യുമെങ്കിൽ നവംബർമാസത്തിൽ ആ രണ്ടു സെററുകളോടുകൂടി ഞാൻ ഇവിടെ വരും. അപ്പോൾ അളകപ്പനെ കണ്ടുകിട്ടിയാലായി.

ഞാൻ വായിച്ചിരുന്ന 'നല്ലഭൂമി' എന്ന പുസ്തകം പോരുമ്പോൾ എടുക്കാൻ മറന്നുപോയി. അതു താങ്കളുടെ പാർപ്പിടത്തിൽ പൂമുഖത്തോ മറോ കണ്ടേക്കും. ദയചെയ്ത് അതു ചെറുതുരുത്തിക്ക് അയപ്പിക്കാനപേക്ഷ. പുസ്തകം എൻേറതല്ല; ഉടമസ്ഥന്നു തിരിച്ചു കൊടുക്കണം.

നാളെ ഞാൻ ചെറുതുരുത്തിക്കു പോകും,

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 181)*

Digitized By Kerala Sahitya Akademi

# മൂന്നു സംഗതികൾ

വള്ളത്തോൾ

ചെറുതുരുത്തി
19-10-1955

പ്രിയ സുഹൃത്തേ,

താങ്കളുടെ മിനിഞ്ഞാന്നത്തെ എഴുത്ത് ഇന്നു കിട്ടി.

ശ്രീ. കാമരാജനെ ക്ഷണിക്കാൻവേണ്ടിയാണ് ഞാൻ അദ്ദേഹത്തോട് വീട്ടിൽ ചെല്ലട്ടെയോ എന്ന് അന്നു മുഖദാവിൽ ചോദിച്ചത്; അപ്പോൾ വലിയ തിരക്കാണെന്നാണല്ലൊ അദ്ദേഹം മറുപടി പറഞ്ഞത്.

മാർഷൽ ബുൾഗാനിനെ കാണിപ്പാൻ ഗവർണർ മദിരാശിയിൽവെച്ച് കഥകളി നടത്തുമെങ്കിൽ സെറ്റോടുകൂടി ഞാനും നവംബറിന്റെ ഒടുവിൽ മദിരാശിക്കു പോകും. ആ അവസരത്തിൽ കാമരാജനെ കാണാൻ ശ്രമിക്കാം. കണ്ടുകിട്ടിയില്ലെങ്കിൽ കത്തുമുഖേന ക്ഷണിച്ചുകൊള്ളാം. ജൂബിലിവക ക്ഷണക്കത്ത് അച്ചടിച്ചിട്ടില്ല. 27-ാംനു- കമ്മററി മീററിംഗ് കഴിഞ്ഞിട്ടുവേണം ജൂബിലി ഏർപ്പാടുകൾ ഒന്നൊന്നായി തുടങ്ങുവാൻ.

ജവഹർലാൽജി ചെറുതുരുത്തിയിൽ ഏതു തീയതിക്കാണു വരികയെന്ന് ഒട്ടും വൈകാതെ അറിവു തരാമെന്നാണല്ലൊ അന്നു നമ്മോടു പറഞ്ഞത്. എന്നാൽ ആ തീർച്ചമറുപടി ഇന്നുവരെ കിട്ടിയിട്ടില്ല; അതു കിട്ടിയിട്ടുവേണം വിശദവും വിശാലവുമായ നോട്ടീസച്ചടിപ്പിക്കാൻ. പ്രധാനമന്ത്രിയുടെ സിക്രട്ടറിയോട് ഫോണിൽ സംസാരിച്ച് ഈ ആഴ്ചയിൽതന്നെ അതയപ്പിക്കാൻ താങ്കൾതന്നെ മനസ്സിരുത്തണം; ഞാൻ സിക്രട്ടറിക്കു വേറെ എഴുതുന്നില്ല.

അയ്യായിരം ഉറുപ്പിക മൗലാനാ ആസാദ് അനുവദിച്ചിട്ടുണ്ടല്ലൊ. അതിന്റെ ഉത്തരവും ഇന്നുവരെ കിട്ടിയിട്ടില്ല. അഞ്ചുദിവസത്തിനുള്ളിൽ അയയ്ക്കുമെന്നാണ് ശ്രീ. കൃപലാനി പറഞ്ഞത്. കൃപലാനിയേയും ഫോൺവഴി ഒന്നോർമ്മപ്പെടുത്തിയാൽ നന്ന്.

ടി. സി. ഗവൺമെണ്ട് അയ്യായിരം ഉറുപ്പിക സാംക്ഷനാക്കിയിരിക്കുന്നുവെന്ന് ശ്രീ. പനമ്പിള്ളി താങ്കളോടു പറയുകയുണ്ടായല്ലൊ; താങ്കൾ അതു് ആസാദിനോടും പറഞ്ഞു. എന്നാൽ ആ ഉത്തരവ് ഇവിടെ കിട്ടിയിട്ടില്ല. 'താങ്കൾ സർദാർ പണിക്കരോടു പറഞ്ഞുവല്ലൊ ജൂബിലിക്ക് അയ്യായിരം ഉറുപ്പിക സാംക്ഷനാക്കിയിട്ടുണ്ട് എന്ന്. ആ ഉത്തരവ് ഇവിടെ കിട്ടിയിട്ടില്ലാ' എന്നർത്ഥത്തിൽ ഒരെഴുത്തു ഞാൻ പനമ്പിള്ളിക്ക് ഇന്നലെ അയച്ചിട്ടുണ്ട്.

ഈ കാര്യത്തിൽ പനമ്പിള്ളിക്ക് താങ്കൾ ഒരെഴുത്തയയ്ക്കേണമോ? വേണമെന്നു തോന്നുന്നുണ്ടെങ്കിൽ, എന്താണു ഉത്തരവ് പുറപ്പെടുവിക്കാഞ്ഞതെന്ന് അദ്ദേഹത്തോടു ചോദിച്ചുനോക്കുക.

Digitized By Kerala Sahitya Akademi

മുകളിൽ കാണിച്ച മൂന്നു സംഗതികൾക്കുമുള്ള മറുപടി ഈ ആഴ്ചയിൽ തന്നെ അയയ്ക്കുമെന്നു വിശ്വസിക്കുന്നു.

കുഞ്ഞുമുസലിയാരോടും മററും സംഭാവന വാങ്ങാൻ ശ്രമിക്കുന്നതിന്ന് മലയാളരാജ്യത്തിന്റെ ശ്രീ. ചന്ദ്രശേഖരൻനായരെ താങ്കൾ കത്തുമുഖേന ഒന്നു പ്രേരിപ്പിക്കുന്നതു് ഏററം ഗുണകരമായിരിക്കും. ഞാൻ നവംബർ ഒന്നാം ആഴ്ചയിൽതന്നെ പണപ്പിരിവിന്നു് തെക്കൻ ദിക്കിലേക്കു പുറപ്പെടും.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 182)*

# ജൂബിലിയുടെ ജോലിത്തിരക്കു്

വള്ളത്തോൾ

29–10–1955

പ്രിയ സുഹൃത്തേ,

താങ്കളുടെ 24-ാംനു-ത്തെ എഴുത്തു് ഇന്നലെ 28-ാംനു- ആണു് ഇവിടെ വന്നുചേർന്നതു്.

പ്രധാനമന്ത്രി 26-ാംനു- രാവിലെതന്നെ ഇവിടെ എത്തുമെന്നറിഞ്ഞതിൽ ഞങ്ങൾ ആശ്വസിക്കുന്നു. ശ്രീ. കെ. പി. മാധവൻനായർ എഴുത്തൊന്നും ഇങ്ങോട്ടയച്ചിട്ടില്ല. പ്രധാനമന്ത്രിയുടെ ആഗമനം എന്നു്, എപ്പോഴാണെന്നറിയാൻ ഞങ്ങൾക്കു വെമ്പലുണ്ടാകുമെന്നു് അദ്ദേഹം ഓർത്തിട്ടില്ലായിരിക്കും. അദ്ദേഹമാണു പ്രധാനമന്ത്രിയുടെ പ്രോഗ്രാം തീർച്ചപ്പെടുത്തുന്നതെങ്കിൽ, അതിൽ കലാമണ്ഡലത്തിൽ ഒരു ദിവസം രണ്ടു പ്രാവശ്യമായി ഒരൊറേഴമണിക്കൂർ വിനിയോഗിക്കൽ ഉൾപ്പെടുത്തണമെന്നു താങ്കൾ ശുപാർശ്ചെയ്താൽകൊള്ളാം.

ശ്രീ. പനമ്പിള്ളിയുടെ ഉത്തരവൊന്നും ഇവിടെ ഇന്നുവരെ കിട്ടിയിട്ടില്ല. ഞാൻ അയച്ച എഴുത്തുകൾക്കു മറുപടിയും അദ്ദേഹം തന്നിട്ടില്ല. കൊല്ലംയാത്രയിൽ തിരുവനന്തപുരത്തും പോയി കാണാൻ ശ്രമിച്ചുനോക്കാം.

ജൂബിലിക്കുള്ള കഥകളിയുടെ കഥകൾ തീർച്ചപ്പെട്ടു കഴിഞ്ഞിട്ടില്ല. തീർച്ചപ്പെട്ടാൽ വിശദമായ കഥാവിവരണം എഴുതി അയച്ചുകൊള്ളാം. അതും ഞാൻതന്നെ ചെയ്യേണ്ടിവരും. മലയാളത്തിൽ എഴുതി അയയ്ക്കാനേ പററു. അവിടെ ആരെക്കൊണ്ടെങ്കിലും ഇംഗ്ലീഷിൽ ആക്കിച്ചുകൊള്ളുക.

വാസ്തവത്തിൽ എനിക്കു് ജൂബിലിജോലികൾ മൂലം വീർപ്പുമുട്ടിപ്പോകുന്നുണ്ടു്. ഈ ആഴ്ചയിൽ രണ്ടുമൂന്നുദിവസം കിടപ്പിൽത്തന്നെ ആയി

Digitized By Kerala Sahitya Akademi

പ്പോയി. ഈ അസാധാരണമായ അസ്വാസ്ഥ്യം മൂലമാണ്, 'പടിഞ്ഞാറേ മുറി'യേപ്പററി ഒന്നെഴുതണമെന്ന് ആഗ്രഹിച്ചതു നിറവേറാഞ്ഞതു.

കോട്ടയം, പാലാ മുതലായ പ്രദേശങ്ങളിൽ ഒട്ടേറെ ധനികരായ ക്രിസ്ത്യാനികളുണ്ടല്ലോ. കൊട്ടകാപ്പള്ളിയോ മററോ വഴിക്ക് അവരെ സമീപിച്ചുനോക്കാം. ടി. എം. വർഗ്ഗീസിനേയും കണ്ടുപിടിക്കാം.

അടുത്ത നവംബർ മൂന്നാംതീയതി എൻെറ പിറന്നാളാണ്. അതു കഴിഞ്ഞ് ഏഴാംതീയതിക്കുള്ളിൽ തിരുവിതാംകൂർ ഭാഗത്തേക്കു പുറപ്പെടാം എന്നു വിചാരിക്കുന്നു.

ആ അയ്യായിരം ഉറുപ്പികയ്ക്കുള്ള ചെക്ക് മററന്നാൾതന്നെ, അല്ലെങ്കിൽ തീർച്ചയായും നാലാന്നാൾ സാഹിത്യ അക്കാദമിയിൽ നിന്നയപ്പിക്കണേ.

സ്വന്തം
വള്ളത്തോൾ

P S. ഇതൊന്നിച്ചയയ്ക്കുന്ന എഴുത്ത് വായിച്ചുകഴിഞ്ഞാൽ തിരിച്ചയയ്ക്കുമല്ലൊ.

*(കത്ത് നമ്പർ 183)*

# കലാമണ്ഡലം പ്രോഗ്രാം

വള്ളത്തോൾ

ചെറുതുരുത്തി
1-11-1955

പ്രിയ സുഹൃത്തെ,

താങ്കൾ ഒട്ടും സമയം കളയാതെ ശ്രീ. നെഹറുവിൻെറ കലാമണ്ഡലം പ്രോഗ്രാമിൽ കുറെ വ്യത്യാസം വരുത്തിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതു് കലാമണ്ഡലം പ്രോഗ്രാം ഡിസംബർ 26-ാംനു- രാവിലെ 11 മണിമുതൽ ഉച്ചതിരിഞ്ഞ് 3 മണിവരെയാണത്രെ. ഉൽഘാടനം ഒരുമണിക്കു കഴിയും. അതു കഴിഞ്ഞാൽ മൂന്നുമണിവരെ ആളുകൾക്കു ഭക്ഷണത്തിന്നും മററുമായി ഒഴിവുവെക്കാതെ നിവൃത്തിയില്ല. ഒഴിവു സമയത്തു് അദ്ദേഹം കലാമണ്ഡലത്തിലിരുന്നിട്ട് എന്തു പ്രയോജനം? നേരെ മറിച്ച് 3 മണിക്കു വീണ്ടും കലാമണ്ഡലത്തിൽ സന്നിഹിതനാവുകയാണു നമ്മുടെ ആവശ്യം. രാത്രി 11 1/2 മണിക്കുശേഷം അത്താഴത്തിനും കിടക്കാനും പോവുകയും ചെയ്യാം. അതിനു മുമ്പ് വൈകുന്നേരം 4 മണിക്ക് ഒരു ലഘുഭക്ഷണം കലാമണ്ഡലത്തിൽ ഒരുക്കും.

ഇത്രയും ദൂരത്തുനിന്ന് ആയിരമായിരം കാര്യങ്ങളെ നിർത്തിവെച്ച് ഇവിടെവന്നിട്ട്, കലാപ്രകടനങ്ങൾ ഒന്നും കാണാതെ ആ കലാരസികൻ വിട്ടുപോകുന്നതു് വ്യസനകരമല്ലയോ? അതുകൊണ്ട് താങ്കൾ അദ്ദേഹത്തെ

Digitized By Kerala Sahitya Akademi

ഒന്നു കാണുകതന്നെ ചെയ്യു്, കാര്യം ധരിപ്പിച്ചു്, കലാമണ്ഡലം പ്രോഗ്രാം 26-ാംനു- രാത്രി 11 1/2 മണിവരേക്കാക്കിത്തീക്കണമെന്നപേക്ഷ.

ശ്രീ. മാധവൻനായർ നെഹറുവിൻെറ ആഗമനത്തെപ്പററി ഇന്നുവരെ യാതൊരു വിവരവും ഇവിടെ അറിയിച്ചിട്ടില്ല. കലാമണ്ഡലത്തെ വിവരം അറിയിക്കുക ഈ കോൺഗ്രസ്സ് ജനറൽ സിക്രട്ടറിയുടെ ചുമതല അല്ലായിരിക്കാം. ഞാൻ മാധവൻനായരെ അറിയില്ല.

ശ്രീ. പനമ്പിള്ളിയും സാംക്ഷനോ പണമോ ഇന്നുവരെ കിട്ടിച്ചിട്ടില്ല. അദ്ദേഹത്തിനു മുഷിച്ചിൽ തോന്നിയാലോ എന്നു പേടിച്ചു് ഞാൻ കത്തയയ്ക്കലും നിർത്തിയിരിക്കുന്നു. ഞാൻ നവംബറിൽ തിരുവിതാംകൂർ ഭാഗങ്ങളിൽ ഒരു പിച്ചതെണ്ടൽ കഴിക്കാം.

ഇന്നത്തെ ഭരതനാട്യക്കാരികളിൽ അഗ്രഗണ്യയായ ശ്രീമതി കമലാ ലക്ഷ്മണൻ ഇവിടെ ഡാൻസിനു വരാമെന്നു സമ്മതിച്ചതു്, അവരുടെ നൃത്തം നെഹറുവിനെ കാണിക്കാമെന്ന ആഗ്രഹത്തിലാണു്. നെഹ്റു അന്നു മൂന്നുമണിക്കുശേഷം കലാമണ്ഡലത്തിൽ സന്നിഹിതനായില്ലെങ്കിൽ കമല ഡാൻസിന്നൊരുങ്ങാതെ മടങ്ങിപ്പോയി എന്നുകൂടി വരാം. ഇതു നമുക്കൊക്കെ അപമാനകരമല്ലയോ? ശ്രീ. കമലയുടെ ഡാൻസ് രാത്രി 9 മണിക്കാണു തുടങ്ങുക; ഒരു മണിക്കൂർനേരം മതി നെഹറു കാണുക എന്നു വെക്കാം, ഈ വിവരം നെഹറുവിനെ അറിയിക്കാനല്ല ഇതിലെഴുതിയതു്; താങ്കറം അറിയാൻ മാത്രമാണു്.

എങ്ങനെയെങ്കിലും പ്രോഗ്രാം രാത്രി 11 മണിവരേക്കാക്കണം. ഈ കാര്യത്തിലും എന്നെ സഹായിപ്പാൻ താങ്കറം മാത്രമേയുള്ളൂ. കഥകളികളുടെ വിവരണം ഒരാഴ്ചയ്ക്കുള്ളിൽ അയച്ചുതന്നുകൊള്ളാം.

കൃപലാനിയോ കപൂരോ ആ അയ്യായിരം ഉറുപ്പികയ്ക്കു ചെക്കയച്ചുതന്നിട്ടില്ല. ഈ ആഴ്ചയിലും കിട്ടിയില്ലെങ്കിൽ, ഞാൻ ഒരു കമ്പി അയച്ചുനോക്കാം. പണമില്ലായ്കയാൽ നെടുമ്പുരയ്ക്കു തൂൺ നാട്ടിക്കുകതന്നെ കഴിഞ്ഞിട്ടില്ല!

സ്വന്തം
വള്ളത്തോറം
*(കത്തു് നമ്പർ 184)*

# നെഹ്റുവിൻെറ പരിപാടി

വള്ളത്തോറം

ചെറുതുരുത്തി
5-11-1955

പ്രിയ സുഹൃത്തെ,

താങ്കളുടെ രണ്ടെഴുത്തുകളും കിട്ടി. കേന്ദ്ര വിദ്യാഭ്യാസ വകുപ്പിൽനിന്നു് 4000 ക. യുടെ ഒരു ബില്ലു് 2-ാംനു- ഇവിടെ കിട്ടിയതിന്നു് 3-ാം നു-

Digitized By Kerala Sahitya Akademi

മറുപടി അയച്ചു. സംഭാവന 6000 ക. ആക്കിയിട്ടുണ്ട് എന്ന് N.R. പിള്ളയുടെ എഴുത്തിനെ ആസ്പദമാക്കി 6000 ക. യ്ക്കു് ബില്ലയയ്ക്കാനാണ് മറുപടി അയച്ചതു്. പണം അയയ്ക്കാൻ അവർ അമാന്തിക്കുന്നുണ്ടെന്നുള്ളതു് പ്രത്യക്ഷമാണല്ലൊ. അതിന്നു സമ്മതിക്കരുതു്; കൃപലാനിയെ കൂടെക്കൂടെ തിടുക്കപ്പെടുത്തുകതന്നെ വേണം.

മാർഷൽ ബുൾഗാനിന്നു കാണാൻ മോഹിനിയാട്ടവും കഥകളിയും മദിരാശിയിൽ വച്ചു നടത്താമെന്നാണ് N.R. പിള്ള അന്നെന്നോടു പറഞ്ഞതു്. എന്നാൽ മദിരാശി ഗവൺമെന്റിന്റെ മറുപടി, മദിരാശി പ്രോഗ്രാമിൽ ഇതു ചേർക്കാൻ യാതൊരു പഴുതുമില്ലെന്നാണ്. ആ വിവരം ഞാൻ പിള്ളയെ അറിയിച്ചിട്ടുണ്ടു്; എന്നാൽ ഡൽഹിയിൽ വച്ചുതന്നെ നടത്താൻ നോക്കാമെന്ന മറുപടി പിള്ളയും തന്നിട്ടുണ്ടു്. അതുപ്രകാരം ഡൽഹിയിൽ വെച്ചു് ഏർപ്പാടു ചെയ്തിരിക്കുന്നു എന്നാണോ, താങ്കൾ കഥാവിവരണം ആവശ്യപ്പെട്ടതിൽനിന്നു ഞാൻ ഊഹിക്കേണ്ടതു്? ഏതായാലും കഥാവിവരണം മലയാളത്തിലെഴുതിയതു് ഇതൊന്നിച്ചുവെക്കുന്നു; തക്ക ഒരാളെക്കൊണ്ടു് നല്ല ഇംഗ്ലീഷിലാക്കിക്കാൻ അവിടെ പ്രയാസമുണ്ടാകയില്ലല്ലൊ.

മൈസൂർ രാജപ്രമുഖൻ ഒടുക്കം ഒരു മറുപടി അയച്ചിരിക്കുന്നു. മദിരാശിക്കയച്ച ആ മറുപടി ഈ മാസം 3-ാം നു- ഇവിടെ കിട്ടി. 14-ാം നു- രാവിലെ 10 3/4 മണിക്കു് കാണുന്നതു സന്തോഷമാണെന്നാണു മറുപടി. 13-ാം നു- വൈകുന്നേരം അവിടെ ചെന്നുകൊള്ളാം എന്നു ഞാൻ മറുപടിയും അയച്ചു. 14-ാം നു- അവിടെ കിട്ടുമാറു് രാജപ്രമുഖന്നു താങ്കൾ ഒരു ശക്തിമത്തായ ശുപാർശിക്കത്തയയ്ക്കുന്നതാവശ്യമാണ്, പ്രധാനമന്ത്രി ഹനുമന്തയ്യായും ഒരെഴുത്തു സദയം അയച്ചേക്കണം.

ഡിസംബർ 26-ാംനു- രാവിലെ 10 1/2 മണിക്കാണ് ജവഹരിലാൽജി ജൂബിലി തുറക്കാൻ ഇവിടെ വന്നുചേരുക. ഉച്ചയ്ക്കു് ഊണ് ശ്രീ. കൊളാടിയുടെ ഗൃഹത്തിലായിരിക്കും. താങ്കൾക്കും അവിടെത്തന്നെയെന്നു മുമ്പുതന്നെ നിശ്ചയിച്ചിട്ടുണ്ടല്ലൊ. അന്നു സന്ധ്യയ്ക്കും കലകൾ കേൾക്കാനും കാണാനുമായി അദ്ദേഹം ജൂബിലിഹാളിൽ സന്നിഹിതനാകുമാറാകണം. പ്രോഗ്രാം എന്നു ഞാൻ മാധവൻനായരെ ധരിപ്പിച്ചിട്ടുണ്ട്. ഇതിൽ താങ്കളും മനസ്സിരുത്തിയേ പററൂ.

മൈസൂർ രാജപ്രമുഖനെ ഈ വിവരം ധരിപ്പിച്ചു് 27-ാം നു- കലോത്സവം തുറക്കാൻ ഞാൻ ക്ഷണിക്കും.

ഞാൻ മൈസൂർക്കു പോകുന്നതു കാറിലാണു്. തീവണ്ടിക്കായാൽ അധികം ദിവസം ചെലവാകുമല്ലൊ. മൈസൂരിൽനിന്നും വന്ന ഉടനെ തിരുവനന്തപുരത്തുപോയി നമ്മുടെ രാജപ്രമുഖനേയും ശ്രീ. പനമ്പിള്ളിയേയും കാണാം. ഗവൺമെണ്ടുവക ധനസഹായം അപേക്ഷിച്ചുകൊണ്ടു് ഞാനയച്ച രണ്ടെഴുത്തിന്നും ഒരു മറുപടി തരാൻ ശ്രീ. പനമ്പിള്ളി ദയ ചെയ്തിട്ടില്ല!

ബുൾഗാനിന്നു കാണാൻ ഡൽഹിയിൽ കഥകളിയും മോഹിനിയാട്ടവും നിശ്ചയിച്ചിട്ടുണ്ടോ എന്ന വിവരം അന്വേഷിച്ചു് മററന്നാൾതന്നെ ഒരു മറുപടി ഇങ്ങോട്ടയയ്ക്കണമെന്നപേക്ഷ. അതിൽ ഈ എഴുത്തിലെ എല്ലാ വിഷയങ്ങൾക്കുമുള്ള മറുപടിയും അടങ്ങിയിരിക്കണം.

സ്വന്തം

വള്ളത്തോൾ

P.S. ശ്രീരാം ഏററ സംഭാവനയ്ക്കു് ചെക്കയയ്ക്കാൻ അദ്ദേഹത്തെ ഒന്നോർമ്മപ്പെടുത്തേണ്ടയോ?

*(കത്തു് നമ്പർ 185)*

Digitized By Kerala Sahitya Akademi

# മൈസൂർയാത്ര

വള്ളത്തോൾ

ചെറുതുരുത്തി
12-11-1955

മാന്യ സുഹൃത്തെ,

എന്റെ എഴുത്തുകൾക്ക താങ്കൾ മറുപടി തന്നില്ലാ.

ഞാൻ നാളെ മൈസൂർ രാജപ്രമുഖനെ കാണ്മാൻ മൈസൂർക്ക പോകും. അദ്ദേഹത്തിന്ന താങ്കൾ വല്ല കത്തും അയച്ചിട്ടുണ്ടോ? 15-ാംനു- ഇവിടെ തിരിച്ചെത്തീയിട്ട്, നമ്മുടെ രാജപ്രമുഖനെ കാണാനും പോകും. തിരുവിതാംകൂർ ഭാഗത്തു തിരിച്ചുവരാൻ രണ്ടാഴ്ചവട്ടം പിടിക്കും.

കേന്ദ്രവിദ്യാഭ്യാസവകുപ്പിൽനിന്നു 6000 ക.യുടെ ബില്ല് ഇവിടെ വന്നതു ഒപ്പിട്ടയച്ചിരിക്കുന്നു; പണം ഈയാഴ്ച കിട്ടുമായിരിക്കാം.

കേന്ദ്രവിദ്യാഭ്യാസവകുപ്പിൽനിന്നു, ഞങ്ങളുടെ അപേക്ഷയ്ക്കു കിട്ടിയ മറുപടി T. C. ഗവണ്മെണ്ടിൽനിന്നു, ഇവിടെ അയച്ചുകിട്ടിയതിന്റെ നേർപകർപ്പ് ഇതൊന്നിച്ചയയ്ക്കുന്നു. ഇപ്പോൾ ധനസഹായം ചെയ്യില്ലെന്നു നിശ്ചയം പുനരാലോചിപ്പിക്കാൻ താങ്കൾ ഒന്നു കൊണ്ടുപിടിച്ചു ശ്രമിക്കുകതന്നെ വേണം. അഞ്ചുലക്ഷമാണു, കലാമണ്ഡലത്തിനെ വലുതാക്കാൻ വേണ്ടിതരണമെന്നു ഞങ്ങൾ അപേക്ഷിച്ചിരിക്കുന്നതു. അതു മുഴവനല്ലെങ്കിലും, ഒരുലക്ഷം കിട്ടുമെന്നാകിയാൽ ഇവിടെ ചിലതു ചെയ്യാൻ സാധിക്കും. താങ്കൾ മൗലാനാ ആസാദിനെ കണ്ടു, കാര്യത്തിന്റെ ഗൗരവം വഴിപോലെ ധരിപ്പിച്ചാൽ, ഒരുലക്ഷമെങ്കിലും തരാൻ അദ്ദേഹം കനിയുമെന്നാണ് എന്റെ വിശ്വാസം. ശ്രമിച്ചുനോക്കാൻ മടിക്കരുതേ!

നമ്മുടെ, ശ്രീരാം അഞ്ഞൂറിന്റെ ചെക്കുകൊണ്ടു കാര്യം കഴിച്ചുകളഞ്ഞു!

സ്വന്തം
വള്ളത്തോൾ
*(കത്തുനമ്പർ 186)*

Digitized By Kerala Sahitya Akademi

# ബുൾഗാനിനും കഥകളിയും

വള്ളത്തോറം

ചെറുതുരുത്തി
17-11-1955

മാന്യ സുഹൃത്തെ,

ഞാൻ 13-ാംനു- രാവിലെ ഗ്രഡല്ലൂർവഴി മൈസൂർക്ക പോയി. ഇന്ന ലെ, 16-ാംനു-, രാത്രിയേ തിരിച്ചുവന്നുള്ള. അപ്പോഴാണ് താങ്കളുടെ 11-ാംനു-യിലെ എഴുത്തു കണ്ടതു്.

മൈസൂർ രാജപ്രമുഖനെ ക്ഷണിച്ചു. ഏററവും മര്യാദയോടും ഒതുക്ക ത്തോടുംകൂടിയാണ്, അദ്ദേഹം എന്നെ സ്വീകരിച്ചതു്. വളരെ അധികം കേട്ടിട്ടുണ്ടെന്നും, വള്ളോടി വിശേഷാൽ എഴുതിയിട്ടുണ്ടെന്നുമാണ് അദ്ദേ ഹം ആദ്യം പറഞ്ഞതു്. ജൂബിലിക്ക വരുമെന്നു് ഏറുപറയാൻ ഇപ്പോറം ധൈര്യമില്ലെന്നും ഒരാഴ്ചക്കള്ളിൽ തീർച്ചവിവരം അറിയിച്ചു കൊള്ളാമെന്നും കഴിയുന്ന സാഹായ്യം ചെയ്യുകൊള്ളാമെന്നും അദ്ദേഹം പറഞ്ഞപ്പോറം 'മൈസൂർ മഹാരാജാവിനു കഴിവുള്ള സാഹായ്യം ചെയ്താൽ മതി' എന്നു ഞാൻ നേരമ്പോക്ക പറഞ്ഞു.

അന്നുതന്നെ, 14-ാംനു- വൈകുന്നേരം ബാങ്കളൂരിലെത്തിച്ചേർന്നു. പിറേറന്നേ വി. പി. മേനോനെ കണ്ടുകിട്ടിയുള്ള. ഇവിടെ പണം പിരി ച്ചുണ്ടാക്കുക പ്രയാസമാണെന്നും, താൻ ആരേയും കാണാറില്ലെന്നുമാണ് വി. പി. മേനോൻ പറഞ്ഞതു്. ബാങ്കളൂരിൽനിന്നു് മേട്ടൂർ-കോയമ്പ ത്തൂർവഴിക്കാണു തിരിച്ചുപോന്നതു്. കർണൽ പണ്ടാല ബാങ്കളൂരിലില്ലാ യിരുന്നു; കണ്ടെത്തിയാൽ ഒരു മുന്നൂറു റുപ്പികയെങ്കിലും തന്നേനെ.

മാർഷൽ ബുറംഗാനിനെ കഥകളി കാണിപ്പാൻ ഒന്നരമാസത്തോള മായി ഞാൻ ശ്രമിച്ചുതുടങ്ങിയിട്ടു്. അദ്ദേഹത്തിന്നു ഡൽഹിയിൽ സമയ മില്ലാ, മദിരാശിയിൽ സമയമില്ലാ; ബാങ്കളൂരിൽ ഒരു പതിനഞ്ചു മി നിട്ടു് സമയമുണ്ടാക്കാമെന്നു് ഉപദേഷ്ടിയായ ദേവികാറാണി സമ്മതിച്ചു. എന്നാൽ ഇത്രയും നേരംകൊണ്ടു് കഥകളി കാണിക്കുക സാദ്ധ്യമല്ലെന്നു പറഞ്ഞു ഞാൻ ഒഴിഞ്ഞു. (പ്രസിദ്ധ അഭിനയക്കാരിയായ റാണി റഷ്യാ ക്കാരനായ ഭർത്താവോടുകൂടി ബാങ്കളൂരിൽനിന്നു് 12 മൈൽ അകലെ ഒരു എസ്റ്റേററിൽ താമസിക്കുകയാണ്. അവർ രണ്ടുപേരുംകൂടി മിനിഞ്ഞാ ന്നു് എന്നെ കാണാൻ ഗസ്റ്റ്ഹൗസിൽ വന്നു.) ഞാൻ ആ നാട്യവിദഗ്ദ്ധ യെ ആദ്യം കാണുകയാണ്. രസം പുറപ്പെടുന്ന നല്ല മുഖം. ഇപ്പോറം ഗർഭിണിയായിരിക്കുന്നുവെന്നു തോന്നി.

പിന്നീടു മനസ്സിലായി, ബുറംഗാനിൻ 26-ാംനു- ഊട്ടിയിൽ വിശ്ര മിക്കുമെന്നു്. അന്നു് അദ്ദേഹത്തെ ഒരു കഥകളി കാണിപ്പാൻ എനിക്ക വലിയ താല്പര്യമുണ്ടെന്നു് ഒരു കമ്പി ഞാൻ ഇന്നലെ ജവഹർലാൽജിക്ക തന്നെ ബാങ്കളൂരിൽ നീന്നയച്ചിട്ടുണ്ടു്. അതദ്ദേഹം ബുറംഗാനിൻ പ്രോഗ്രാം



Digitized By Kerala Sahitya Akademi

പ്രണേതാവിനു കൊടുക്കാമല്ലൊ. ആ ഉദ്യോഗസ്ഥൻ അനുകൂലമായ മറുപടി തന്നാൽ, കഥകളിയോഗത്തെ 26–ാം-നു രാവിലെ ഊട്ടിയിലെത്തുമാറു് അയച്ചുകൊള്ളാം; സ്പഷ്ടമായ കഥാവിവരണവും അയയ്ക്കാം.

6000 ക യുടെ ബില്ലു് ഇവിടെനിന്നു് ഒപ്പിട്ടയച്ചിട്ടു കുറെ ദിവസമായി. എന്നാൽ പണം അവർ അയച്ചുതന്നിട്ടില്ല. അവരെ താങ്കൾ ഒന്നുകൂടി ജാഗ്രതപ്പെടുത്തുന്നതു നന്നു്. അയ്യായിരം ഉറുപ്പിക അനുവദിക്കാൻ നമ്മുടെ ശ്രീ പനമ്പിള്ളിക്കു ദയയുണ്ടായി. ഈ അയ്യായിരം ഉറുപ്പിക ഉടനെ കിട്ടുമെന്നു തോന്നുന്നു.

ഇന്നു വൈകുന്നേരം ഒരു ജൂബിലികമ്മിററി മീററിങ്ങുണ്ടു്, അതിൽ വെച്ചു തീച്ചയാവും, എന്റെ തിരുവിതാംകൂർ യാത്രാദിനം. മുക്കാലും നാളെ രാവിലെത്തന്നെ പുറപ്പെട്ടേക്കും. വളരെയധികം നേരം കാറിലിരിക്കുന്നതുകൊണ്ടും മററും എനിക്കു ക്ഷീണമില്ലായ്കയില്ല. അതു സഹിക്കുകയേ നിവൃത്തിയുള്ളുവല്ലൊ!

ഞാൻ ഏതാണ്ടു് 25–ാം-നു-യോടുകൂടി തിരുവനന്തപുരത്തെത്തി, രാജപ്രമുഖനെ കാണും. രാജപ്രമുഖന്നു് താങ്കൾ ഒരു പ്രബലമായ ശുപാർശിക്കത്തയയ്ക്കുകതന്നെ വേണം. ആയിരം എങ്കിലും കിട്ടിയാലായല്ലൊ.

ശ്രീ. രാജമന്നാർക്കു ദേഹസുഖം പോരാ എന്നും, അതുകൊണ്ടു ജൂബിലി കലോത്സവം തുറക്കാൻ വരില്ലെന്നും, ക്ഷമിക്കേണമെന്നും എഴുതിയിരിക്കുന്നു. പകരം രാജപ്രമുഖന്മാരിൽ ഒരാളെ കിട്ടിയാൽ മതിയാവും.

ഈവക കാര്യങ്ങൾ തീച്ചപ്പെടാത്തതുകൊണ്ടു് പ്രോഗ്രാമോടുകൂടിയ വലിയ നോട്ടീസു് അച്ചടിക്കാൻ താമസം നേരിടുന്നു.

ശ്രീ. കെ. പി. മാധവൻനായർക്കു ഞാനയച്ച എഴുത്തിനു മറുപടി വന്നിട്ടില്ല. ഫോണിൽ സംസാരിച്ചു്, അദ്ദേഹത്തെക്കൊണ്ടു വിശദമായ ഒരു മറുപടി അയപ്പിക്കാൻ അപേക്ഷ.

ഞാൻ തിരുവനന്തപുരം യാത്രയിൽ, മററന്നാൾ വൈകുന്നേരം ആലപ്പുഴയിൽ എത്തിയേക്കും. താമസിക്കുക താങ്കളുടെ ജ്യേഷ്ഠന്റെ വസതിയിൽതന്നെയായിരിക്കും. അദ്ദേഹത്തോടു പണം ഇരക്കുകയും വേണം.

സ്വന്തം

വള്ളത്തോൾ

P. S. എന്റെ കവിസാർവ്വഭൗമ അലവൻസു് 50–ൽനിന്നു 100 ക.യാക്കാനും നമ്മുടെ പനമ്പിള്ളി ദയ ചെയ്തിരിക്കുന്നു; അതിനുള്ള ഉത്തരവു് ഇന്നു കിട്ടി.

*(കത്തു് നമ്പർ 187)*

Digitized By Kerala Sahitya Akademi

# തിരക്കിട്ട സംഘാടനം

വള്ളത്തോൾ

ചെറുതുരുത്തി
5-12-1955

മാന്യ സുഹൃത്തേ,

കുറെ ദിവസമായി താങ്കളുടെ കത്തു കിട്ടുന്നില്ലാ.

കഴിഞ്ഞ നവംബർ 2൦-ാംതീയതി താങ്കൾ മദിരാശിയിൽ പ്രസംഗിച്ചതായി മാതൃഭൂമിയിൽ കണ്ടു. 'ആരുമറിഞ്ഞീല വന്നതും പോയതും '

ഞാൻ നവംബർ 14-ാംനു- മൈസൂർരാജപ്രമുഖനെ ചെന്നു കണ്ടു. ജൂബിലിക്കു വരുമോ ഇല്ലയോ എന്ന വിവരം നാലുദിവസത്തിനുള്ളിൽ അറിയിക്കാമെന്നാണു് അദ്ദേഹം അപ്പോൾ പറഞ്ഞതു്. എന്നാൽ അതു ചെയ്യുകയുണ്ടായില്ലാ. ഒന്നുരണ്ടെഴുത്തും കമ്പിയും അയച്ചതിനു മറുപടിയും കിട്ടിയില്ലാ. അദ്ദേഹത്തിനു പകരം ഉൽഘാടനത്തിനു് ശ്രീ. പനമ്പിള്ളിയേയാണു തിരഞ്ഞെടുത്തതു്. പനമ്പിള്ളി മൂന്നു ദിവസങ്ങളിലും ജൂബിലിയിൽ ഉണ്ടായിരിക്കും

രാജമന്നാർക്കു വരാൻ സൗകര്യമില്ലെന്നറിയിച്ചതിനാൽ, ആ സ്ഥാനത്തേക്കു മദിരാശി ഹൈക്കോർട്ടു ജഡ്ജി പി. ഗോവിന്ദമേനോനോടാണു്—അപേക്ഷിച്ചതു്; അദ്ദേഹം സമ്മതിക്കുകയും ചെയ്തു. നിങ്ങൾ രണ്ടു പേരേയും ഇവിടെ സ്റ്റേററ് ഗസ്റ്റുകളാക്കുമെന്നു് പറയേണ്ടതില്ലല്ലൊ.

ഞാൻ ഗോപിയോടുകൂടി തിരുവിതാംകൂർഭാഗത്തേക്കു പോയതു് നവംബർ 19-ാംതീയതി ആണു്. അന്നു രാത്രി ആലപ്പുഴയിൽ താങ്കളുടെ ഇളയ മരുമകന്റെ ഹരിമന്ദിരത്തിൽ താമസിച്ചു. പിറേറന്നു രാവിലെ ജ്യേഷ്ഠനെ കണ്ടു. സംഭാവന ചോദിച്ചപ്പോൾ പണമില്ലെന്നാണു ഡാക്ടർ മറുപടി പറഞ്ഞതു്. ജ്യേഷ്ഠൻ വരികയുണ്ടാവില്ലെന്നും പറഞ്ഞു. അനന്തിരവന്മാരിൽ ചിലരൊക്കെ വരും. അവർ തൃശ്ശൂരിൽ താമസിച്ചുകൊള്ളാമെന്നാണു നാരായണപ്പണിക്കർ പറഞ്ഞതു്.

കൊല്ലത്തു ശ്രീ. ചന്ദ്രശേഖരൻനായരുടേയും കമ്പളത്തിന്റേയും ശ്രമത്താൽ ഒരു അറുനൂറു ഉറുപ്പിക കിട്ടി; തിരുവനന്തപുരത്തുനിന്നു് അതിലും താഴെയും. അഞ്ചാറു ധനികന്മാർ അവിടെ ഇല്ലായിരുന്നു.

മടക്കത്തിൽ കോട്ടയത്തു പോയിയെങ്കിലും, അവിടെ മനോരമാ പത്രാധിപർ ഇല്ലാതിരുന്നതിനാൽ, പണപ്പിരിവു് ഇത്തിരി നീട്ടിവെക്കുകയാണു നല്ലതെന്നു് ശ്രീ. എ. വി. ജോർജ്ജ് അഭിപ്രായപ്പെട്ടു. അതനുസരിച്ചു് ഞാൻ വീണ്ടും നാലുദിവസത്തിനുള്ളിൽ കോട്ടയത്തേക്കു പോകും.

ശ്രീ. കെ. പി. മാധവൻനായർ പനമ്പിള്ളിയോടുകൂടി 2-ാംനു- ഇവിടെ വന്നിരുന്നു. ഞാൻ ഉറങ്ങുകയായിരുന്നതിനാൽ കണ്ടില്ലാ. കൊളാടിയെക്കണ്ടു് ജവഹർലാൽജിയുടെ ചെറുതുരുത്തി പ്രോഗ്രാമെല്ലാം മാധവൻ

Digitized By Kerala Sahitya Akademi

നായർ അറിയിച്ചിട്ടുണ്ട്. ജവഹർലാൽജി 26-ാം തീയതി രാവിലെ കോയമ്പത്തൂരിൽനിന്ന പുറപ്പെട്ട് പത്തുമണിക്കിവിടെയെത്തും. അതിന്നിത്തിരി മുമ്പായിരിക്കുമല്ലൊ താങ്കൾ മദിരാശി-മംഗലാപുരം എക്സ്പ്രസ്സിന്നിവിടെ എത്തിച്ചേരുക. നിങ്ങൾ രണ്ടുപേരേയും എതിരേൽക്കുക ഒന്നിച്ചു മതിയോ? അതു് അനുചിതമായേക്കുമോ? ജസ്റ്റീസ് ഗോവിന്ദമേനോൻ എപ്പോൾ വരുമെന്നറിയിച്ചു കഴിഞ്ഞിട്ടില്ല. പ്രധാനമന്ത്രിയുടെ ഭക്ഷണവും വിശ്രമവുമൊക്കെ കൊളാടിയുടെ പത്മാലയത്തിൽതന്നെ ആയിരിക്കും. അദ്ദേഹം തൃശ്ശൂർക്കു പോകുന്നേയില്ലാ. താങ്കൾക്ക് അന്നു നാം സംസാരിച്ചതിന്മണ്ണം രാത്രി കിടക്കാൻ തൃശ്ശൂർ രാമനിലയത്തിലേക്കു പോകാം. അതു ക്ലേശകരമാകുമെങ്കിൽ, ഇവിടെ ടി. ബി. യിൽ താമസിക്കാം. ടി. ബി. ഗവണ്മെണ്ടുചെലവിൽ വെടിപ്പാക്കിവരുന്നുണ്ട്.

നമ്മുടെ രാജപ്രമുഖന്നു് ജൂബിലിയിൽ സംബന്ധിപ്പാൻ സൗകര്യമില്ലത്രെ; 21-ാംതീയതി കലാമണ്ഡലം സന്ദർശിച്ചുകൊള്ളാമെന്നേററിരിക്കുന്നു. അമ്മയും ഒരുമിച്ചുണ്ടാവും. അവരേയും എതിരേൽക്കണം. കലാമണ്ഡലത്തിൽ കൊണ്ടുപോയി പകലും രാത്രിയും ചില കലാപ്രകടനങ്ങൾ കാണിക്കണം. അവർ അന്നു താമസിക്കുക ഇവിടെ ടി. ബി. യിൽതന്നെയാണു്.

താങ്കളുടെ തീച്ചപ്രോഗ്രാം അറിയിക്കാൻ ഒട്ടും വൈകരുതെന്നപേക്ഷ. മററന്നാൾതന്നെ മറുപടി അയയ്ക്കണേ.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 188)*

# സ്റ്റേററ്ഗസ്റ്റ്

വള്ളത്തോൾ

ചെറുതുരുത്തി
17-12-1955

പ്രിയ സുഹൃത്തെ,

താങ്കൾ 15-12-1955 തീയതിവെച്ചു് ജൂബിലി സ്പെഷ്യൽ ആഫീസർക്കു് അയച്ച കത്തു കണ്ടുകൊണ്ടു് ആംസ്ട്രാങ്ങ്, മിസ്സിസ് കസൂംനയ്യർ ഇവരുടെ താമസത്തിനും മററും വേണ്ട സൗകര്യം ചെയ്യുന്നതുമാണു്. താങ്കൾ ഇവരുടെ വരവിനെപ്പററി മി. പനമ്പിള്ളി ഗോവിന്ദമേനോന്നു് അയച്ചിരുന്ന കത്തിന്റെ ഒരു പകപ്പും ഇവിടെ ഇന്നു കിട്ടിയിരിക്കുന്നു. താങ്കളുടെ കൂടെയുള്ള രണ്ടു പേരേയും സ്റ്റേററ് ഗസ്റ്റാക്കുമെന്നു തോന്നുന്നു; ഇല്ലെങ്കിൽ അവക്കുള്ള ഏർപ്പാടും ഇവിടെ ചെയ്തുകൊള്ളാം.

സ്വന്തം
വള്ളത്തോൾ
*(കത്തു്നമ്പർ 189)*

Digitized By Kerala Sahitya Akademi

# കേശവദേവിൻെറ പ്രസംഗം

വള്ളത്തോൾ
കേരളകലാമണ്ഡലം

ചെറുതുരുത്തി
13-1-1956

പ്രിയ സുഹൃത്തെ,

താങ്കളുടെ കൽക്കത്താ പ്രസംഗങ്ങളുടെ സംഗ്രഹം ഇടയ്ക്കിടയ്ക്കു മാതൃഭൂമിയിൽ കാണുന്നുണ്ടു്. താങ്കൾ തിരിച്ചു ഡൽഹിയിൽ എത്തിയിരിക്കമെന്ന കരുതിയാണു് ഞാനീയെഴുത്തയയ്ക്കുന്നതു്.

ശ്രീ. പനമ്പിള്ളിയെ ഞാൻ കണ്ടില്ല. എന്നാൽ പ്ലാനിങ്ങ് കമ്മിറ്റിയിൽ കലാമണ്ഡലത്തിനുവേണ്ടി ശുപാശ് ചെയ്യാൻ അദ്ദേഹത്തോടു് എഴുത്തു മുഖേന അപേക്ഷിച്ചിരുന്നു. അദ്ദേഹം അതു ചെയ്യുവോ, ആവോ. താങ്കൾ ദയചെയ്തു് അദ്ദേഹത്തോടൊന്നന്വേഷിക്കുക.

ഞാൻ പാർലമെണ്ടുയോഗം തുടങ്ങിയതിനുശേഷം, ഫിബ്രവരി 20–22-നു് ഡൽഹിയിൽ വന്നു് ഒരാഴ്ച താമസിക്കണമെന്നുദ്ദേശിക്കുന്നുണ്ടു്. ആ അവസരത്തിൽ ആസാദിനേയും, വേണ്ടിവന്നാൽ പണ്ഡിററ്ജിയേയും കണ്ടു കാര്യങ്ങൾ ധരിപ്പിക്കാം. എന്നാൽ അന്നു് എന്നെ സഹായിപ്പാൻ ആരാണു്? താങ്കൾ ഫിബ്രവരി 15-ാംതീയതിയോടുകൂടി ലണ്ടനിലേക്കു പോകുമെന്നാണല്ലൊ പറഞ്ഞതു്. സപത്നീകനായിട്ടാണോ പോകുന്നതു്? അങ്ങനെയാണെങ്കിൽ എനിക്കു താമസിക്കാൻ മറെറാരിടം അന്വേഷിക്കണമല്ലൊ.

വിവരങ്ങൾക്കൊരു മറുപടി വൈകാതെ തരണമെന്നപേക്ഷ.

ശ്രീ. കേശവദേവിൻെറ അതിഘോരമായ ഒരു പ്രസംഗം അടങ്ങിയ 'കേരളഭൂഷണം' ലക്കം ബുക്ക്പോസ്റ്റായി അയയ്ക്കുന്നു. വായിച്ചിട്ടു തിരിച്ചയച്ചേക്കണം. ആ എഴുത്തുകാരൻ താങ്കളിൽ അരിശപ്പെടാൻ കാരണമെന്തെന്നെനിക്കറിഞ്ഞുകൂടാ. എന്നോടു പണ്ടേ മുഷിച്ചിലുണ്ടു്.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 190)*

Digitized By Kerala Sahitya Akademi

# പദ്ധതിവിഹിതം കിട്ടുമോ?

വള്ളത്തോൾ
കേരളകലാമണ്ഡലം

ചെറുതുരുത്തി
12-2-1956

പ്രിയ സുഹൃത്തെ,

താങ്കൾ അവിടവിടെ സഞ്ചരിക്കുകയായിരുന്നതുകൊണ്ടായിരിക്കാം, എന്റെ എഴുത്തുകളിലൊന്നിനും മറുപടി വന്നില്ലാ. ഇന്നു സാഹിത്യ അക്കാദമിയിൽനിന്നു ശ്രീ. ജോർജ്ജിന്റെ ഒരു കത്തു കിട്ടിയതിൽനിന്നു് താങ്കൾ ഡൽഹിയിൽതന്നെ ഉണ്ടെന്നു മനസ്സിലായി.

54-55 കൊല്ലങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട കവിതകളിൽനിന്നു് ഏറ്റവും നല്ലതായ പത്തെണ്ണം തിരഞ്ഞെടുത്തു് താങ്കൾക്കയയ്ക്കുമെന്നാണു് ജോർജ്ജ് എഴുതിയിരിക്കുന്നതു്. ഇതു ഗോപി അയച്ചിട്ടുണ്ടാവും. അവൻ ഇപ്പോൾ ഇവിടെ ഇല്ല. അവനയച്ചു കഴിഞ്ഞിട്ടില്ലെങ്കിൽ ഞാൻ ഉടനെ അയപ്പിച്ചുകൊള്ളാം. രണ്ടാഴ്ചയ്ക്കുള്ളിൽ താങ്കളുടെ അടുക്കലെത്തിയാൽമതി യെന്നാണു ജോർജ്ജ് പറയുന്നതു്. പത്തു കവിത ഉടനെ ഞാൻ അയപ്പിച്ചു കൊള്ളാം എന്ന വിവരം ജോർജ്ജിനെ ഫോൺവഴിയോ മറ്റോ അറിയിച്ചാൽ നന്നു്; ഞാൻ വേറെ മറുപടി അയയ്ക്കുന്നില്ലാ.

പഞ്ചവത്സരപദ്ധതിയിൽനിന്നു കലാമണ്ഡലത്തിനു വല്ലതും കിട്ടാൻ വഴി നോക്കണമല്ലൊ. അതിനു ഞാൻ മാർച്ചു് 15-ാം തീയതിക്കുശേഷം ഡൽഹിയിൽ വന്നു് ഒരാഴ്ചവട്ടം താമസിക്കാമെന്നാണുദ്ദേശിക്കുന്നതു്. താങ്കൾ അപ്പോഴേക്കു് ലണ്ടനിലേക്കു പൊയ്ക്കുളയുമോ? അഥവാ ഇവിടെ വന്നപ്പോൾ പറഞ്ഞതിൻവണ്ണം, ഈ മാസം പകുതിയോടുകൂടി ലണ്ടനിലേക്കു പോയി, അടുത്ത മാസം പകുതിയോടുകൂടി തിരിച്ചുവരുമോ? ഇങ്ങനെയല്ലെങ്കിൽ എന്നെ അവിടെ സഹായിപ്പാനാരുണ്ടു്? ഞാനും എന്റെ സിക്രട്ടറിയും (ഗോപി തന്നെയായിരിക്കും) എവിടെ താമസിക്കും? രണ്ടുപേർക്കു ഹോട്ടലിൽ താമസിക്കാൻ തക്കവണ്ണം പണമെടുക്കാൻ കലാമണ്ഡലത്തിൽ ഉണ്ടാവില്ലെന്നറിയാമല്ലൊ. ജൂബിലിക്കു പിരിഞ്ഞ മുപ്പത്തേഴായിരത്തോളം ഉറുപ്പികയിൽ മുപ്പത്തയ്യായിരത്തിൽപുറം ചെലവായിരിക്കുന്നു; കണക്കു് ആഡിററു ചെയ്യിക്കുക മുതലായവയുടെ ചിലവു് വരാൻ പോകുന്നതേയുള്ളു. ആഡിററു് അടുത്ത ആഴ്ചയിൽ തുടങ്ങും. ഡൽഹിയിലേക്കു വരാൻ അവിടങ്ങളിലെ തണുപ്പു് ശമിക്കുന്നതു കാത്തിരിക്കയാണു ഞാൻ. മാർച്ചു് 10-15-നു തണുപ്പു മാറുമല്ലൊ. താങ്കൾ അക്കാലത്തു് അവിടെയുണ്ടാവില്ലെങ്കിൽ, എനിക്കു വരാൻ ഉത്സാഹം നന്നെ കുറയും.

കഥകളിയേയും താങ്കളേയും എന്നേയും പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്ന കേശവദേവിന്റെ പ്രസംഗമടങ്ങിയ 'കേരളഭൂഷണം' ലക്കം ഞാൻ ഡൽഹിയിലേക്കയച്ചിരുന്നതു കണ്ടില്ലയോ?

Digitized By Kerala Sahitya Akademi

ഋഗ്വേദതർജ്ജമയെപ്പററി 'അയ്യപ്പൻ' മാസികയുടെ മൂന്നു ലക്കങ്ങളിൽ വേദബന്ധു എന്നൊരാൾ (ഒരു പട്ടരാണത്രെ) ഒരു നിരൂപണം എഴുതിയിട്ടുണ്ട്. ആ ലക്കങ്ങൾ ഒരു തിരുവിതാംകൂർ സ്നേഹിതൻ എനിക്കയച്ചു തന്നു. ഞാൻ അവിടവിടെ അല്ലാല്ലം നോക്കിയതേയുള്ളൂ. തർജ്ജമ മുഴുവൻ തെററാണെന്നാണ്, ആ വേദപണ്ഡിതന്റെ അഭിപ്രായം. പണ്ഡിതന്മാരെക്കൊണ്ടു പരിശോധിപ്പിക്കുന്നതിന്നു മുമ്പ് ഇന്ത്യാഗവണ്മെണ്ടും സ്റ്റേററു ഗവണ്മെണ്ടും ധനസാഹായ്യം ചെയ്തതിനേയും ആക്ഷേപിച്ചിട്ടുണ്ട്.

ഋഗ്വേദതർജ്ജമയുടെ രണ്ടാം വാല്യം ഒരു രണ്ടുമൂന്നാഴ്ചവട്ടത്തിന്നുള്ളിൽ പുറത്തിറങ്ങും. അപ്പോൾതന്നെ തുടങ്ങും, മൂന്നാംവാല്യത്തിന്റെ പണിയും. കടലാസിന്നു വില മുന്നിരട്ടിച്ചിരിക്കുന്നു. ആറു റുപ്പികയ്ക്കു കിട്ടിയിരുന്ന ഒരു റീമിന്ന് ഇപ്പോൾ പതിനേഴര ഉറുപ്പികയാണ് വില. അതിനാൽ കുറെ പണംകൂടി കിട്ടിയാലേ, നാലു വാല്യത്തിന്റെയുംകൂടി അച്ചടി അവസാനിക്കുകയുള്ളൂ. അതിന്നു വഴിയൊന്നും ഞാൻ കണ്ടിട്ടില്ല.

1. താങ്കളുടെ ലണ്ടൻ യാത്ര എപ്പോഴാണ്?
2. പോയാലും മാർച്ചു പകുതിക്കു തിരിച്ചുവരുമോ?
3. താങ്കളുടെ സാഹായ്യത്തോടുകൂടി ഞാൻ ശ്രമിച്ചാൽ പ്ലാനിങ്ങ് വകുപ്പിൽനിന്നു വല്ലതുമൊക്കെ കിട്ടില്ലയോ?

ഇവ അറിയാനാണ് എനിക്കു തിടുക്കം.

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 191)*

# നേരിൽ കാണാം

*(Private)*

വള്ളത്തോൾ

ചെറുതുരുത്തി
21-4-1956

പ്രിയ സുഹൃത്തേ,

താങ്കളുടെ ഇന്നലത്തെ എഴുത്ത് ഇന്നു കിട്ടി. ഞാൻ അങ്ങോട്ടെഴുതയച്ചതിന്നുശേഷം ഒരു പത്രത്തിൽ കണ്ടു, താങ്കൾ 18-ാം തീയതി ആലപ്പുഴയിൽ എത്തിയിരിക്കുന്നുവെന്ന്.

ഇപ്പോൾ കയ്യിൽ കാശില്ലാത്തതിനാലും, ദേഹസുഖമില്ലാത്തതിനാലും എന്നെ ഈ യാത്രയിൽ സ്റ്റേററ് ഗസ്റ്റാക്കാമോ എന്നു നമ്മുടെ ബി. വി. കെ. മേനോനോടു നിഗൂഢമായി ചോദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മറുപടി കിട്ടിയിട്ടില്ല. മററന്നാളും തിങ്കളാഴ്ചയും—ചീഫ് സെക്രട്ടറിയുടെ മറുപടി കിട്ടിയിട്ടില്ലെങ്കിൽ വിവരം ഞാൻ കമ്പിവഴിയായി നാരായണപ്പണിക്കരെ അറിയിക്കാം. അല്ലെങ്കിൽ ജ്യേഷ്ഠനുതന്നെ കമ്പി അയച്ചുകൊള്ളാം.

Digitized By Kerala Sahitya Akademi

കാർ എറണാകുളം നോത്തിലേക്കാണ് അയയ്ക്കേണ്ടതു്. ബാലൻ ഭാര്യയോടുകൂടി താമസിക്കുന്നതു് അതിനടുത്താണ്. ആ വീട്ടിൽ ഉച്ചയ്ക്ക് ഊണുകഴിച്ചു് ഒട്ടറങ്ങിയിട്ടു് ആലപ്പുഴയ്ക്കു പുറപ്പെടാം. വൈകുന്നേരം ആലപ്പുഴയിൽ എത്തിക്കൊള്ളാം. സ്റ്റേററ് ഗസ്റ്റാക്കപ്പെട്ടുവെങ്കിൽ ഉച്ചയ്ക്കണും ഉറക്കവും ഗവണ്മെണ്ടു് ഗസ്റ്റ്ഹൗസിൽ ആയിരിക്കുമെന്നേ ഒരു വ്യത്യാസമുള്ളു. എങ്ങനെയായാലും 24-ാം തീയതി വൈകുന്നേരം ഞാൻ ഗോപിയോടുകൂടി ആലപ്പുഴയിൽ എത്തും. നാരായണപ്പണിക്കരെ എറണാകുളത്തേക്കയയ്ക്കണമെന്നില്ല. കാററയപ്പിച്ചാൽ മതി.

ശ്രീ. റാവുവിന്നു് ഞാൻ കാണാൻ അവസരംചോദിക്കുന്നതായ ഒരെഴുത്തയച്ചിട്ടുണ്ടു്. അതിൻെറ നേർപകർപ്പു് ചീഫ് സിക്രട്ടറിക്കും അയച്ചിട്ടുണ്ടു്. എന്നാൽ റാവു ഇന്നു ഡൽഹിയിലേക്കു പോകുമെന്നും 27-നു തിരുവനന്തപുരത്തു തിരിച്ചെത്തുമെന്നും ഇന്നലെ ഒരു പത്രത്തിൽ കണ്ടു. അതിനാൽ റാവു ചാലയിൽ കല്യാണത്തിനു വരുമെന്നു് ഉറപ്പുകൂടാ. അദ്ദേഹത്തിന്നു താങ്കൾ എന്നെപ്പററി എഴുതുകതന്നെ ചെയ്യണം. കലാമണ്ഡലം കാര്യത്തിലും എൻെറ കാര്യത്തിലും റാവു ദയ ചെയ്യേണ്ടതുണ്ടു്.

കലാമണ്ഡലംകാര്യം ശ്രീ. എൻ. ആർ. പിള്ളയ്ക്കു് എഴുതിയതിനു പ്രധാന കാരണം, താങ്കൾ ന്യൂഡൽഹിയിൽ ഉണ്ടാവില്ലെന്ന കരുതലാണ്. മന്ത്രി വി. കെ. കൃഷ്ണമേനോനും ഒരെഴുത്തയച്ചിട്ടുണ്ടു്. അതിൽ ഞാൻ എപ്പോഴാണു ന്യൂഡൽഹിയിലേക്കു ചെല്ലേണ്ടതെന്നു ചോദിച്ചിരിക്കയാണു്. അദ്ദേഹത്തിൻെറയും മറുപടി കിട്ടിയിട്ടില്ല. ഇക്കാര്യത്തെപ്പററി നമുക്കു് മുഖദാവിൽ സംസാരിച്ചുറയ്ക്കാമല്ലൊ.

സ്വന്തം

വള്ളത്തോറം

*(കത്തു് നമ്പർ 192)*

# മകനെ കണ്ടു

വള്ളത്തോറം

ചെറുതുരുത്തി

26-5-1956

പ്രിയ സുഹൃത്തെ,

താങ്കൾ നിർബ്ബാധം ചീനത്തെത്തിച്ചേർന്നതുംമററും പത്രങ്ങളിൽ കണ്ടു സന്തോഷിക്കുന്നു.

ഞാൻ ഈ മേയ് 14-ാം തീയതി കോഴിക്കോട്ടു റേഡിയോ ഉൽഘാടനമഹോത്സവത്തിലെ കവിസമ്മേളനം തുറക്കാൻ പോയിരുന്നു. അവിടെ വെച്ചു താങ്കളുടെ മകനെക്കണ്ടു വളരെനേരം സംസാരിച്ചു. മധുവിനെ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിപ്പിപ്പാൻ അച്ഛനമ്മമാർ ആലോചിച്ചു തുടങ്ങിയിട്ടുണ്ടെന്നും മധു സലജ്ജം പറഞ്ഞില്ലെന്നില്ല.

Digitized By Kerala Sahitya Akademi

എന്റെ ഇളയ മകൾ വാസന്തിയുടെ വിവാഹം (വരൻ അകന്ന തറവാട്ടിലെ ഒരു ഭാഗിനേയനാണ്") അടുത്ത ജൂൺ 14-ാം തിയ്യതി രാവിലെ ചുരുക്കത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു; മൂത്ത മകളുടെ മകൾ കമലയും വിവാഹപ്രായത്തിൽ എത്തിയിരിക്കുന്നു. തക്ക ഒരു വരനെ കിട്ടുന്നില്ല! കിട്ടിയാൽ രണ്ടടിയന്തിരം ഒന്നിച്ചു നടത്താമായിരുന്നു; എന്നാൽ തല്ക്കാലം വഴി കാണുന്നില്ല. തത്ര ഭവതിയോടും ഈ വിവരം അറിയിക്കേണമല്ലൊ. കമലയുടെ കമിതാവ് എവിടെയോ, ഏതൊരുവനോ!

അന്നു മദിരാശിയിൽ വച്ചു സംസാരിച്ചതിന്മണ്ണം 'കേരളോപഹാരം' എസ്. കെ. നായർ ഡൽഹിക്കയച്ചുതന്നുവോ? 'ഹാലഗാഥാസപ്തശതി' യിലെ പദ്യങ്ങളുടെ തർജ്ജമ വായിച്ചുവോ? വായിച്ചുവെങ്കിൽ അഭിപ്രായം എന്താണ്? ആ പുസ്തകം പുറത്താക്കുക എങ്ങനെ എന്നന്വേഷിക്കുകയാണിപ്പോൾ.

സ്വന്തം
വള്ളത്തോൾ

*(കത്ത് നമ്പർ 193)*

# പരിഷത് രജതജൂബിലി

വള്ളത്തോൾ
കേരളകലാമണ്ഡലം 1-6-1956

പ്രിയ സുഹൃത്തെ,

താങ്കൾ യൂറോപ്പിലേക്കു പോകുന്നതിനുമുമ്പേ ന്യൂഡൽഹിയിൽനിന്നയച്ച എഴുത്തനുസരിച്ച് അംബപാലിയെപ്പററി ഒരു ചെറു നിരൂപണം അഡ്വക്കേററ് പണിക്കർക്ക് അയച്ചുകൊടുത്തു. അദ്ദേഹം അതു വല്ലതിലും പ്രസിദ്ധീകരിച്ചോ എന്നറിഞ്ഞുകൂടാ. ഞാൻ ഈയിടെയിൽ മാസികകൾ വായിക്കാറില്ലല്ലൊ. അതു പുറത്തുവന്നിട്ടുണ്ടാവാം; ഇല്ലെങ്കിൽ വരും.

കഴിഞ്ഞ മെയ് 13-ാം തീയതിമുതൽ ആറുദിവസം എറണാകുളത്തുവെച്ച് സാഹിത്യപരിഷദ്രജതജൂബിലി കേമമായി നടന്നു. ഒന്നാമത്തെ ദിവസം ഞാൻ പോയിരുന്നു; മന്ത്രി കേശ്കറെ കണ്ട് പരിചയപ്പെടാനും മററുമായി. ഒടുക്കത്തെ ദിവസങ്ങളിൽ വടക്കേ ഇന്ത്യയിലെ പത്തു പന്ത്രണ്ടു കവികൾ സന്നിഹിതരായിരുന്നു. അവരിൽ പഞ്ചാബി കവയിത്രിയായ അമൃതാപ്രീതത്തിന്റെ പ്രസംഗം ഒരു കവിയുടെ പ്രസംഗംതന്നെയായിരുന്നു. ഇതും, കോഴിക്കോട്ടുകാരുടെ ഒരു നാടകാഭിനയവും സഹൃദയരെ രസിപ്പിച്ചു. മററു പ്രസംഗങ്ങളും കലകളും ഒരു ഹൈസ്കൂൾ വാർഷികത്തിന്റേവയേക്കാൾ മീതെയായിരുന്നില്ല എന്നാണു ചില പത്രങ്ങളുടെ പ്രസ്താവം.

പുരോഗമനസാഹിത്യത്തിന്റെ പുരോഹിതത്വം കൈക്കലാക്കിയ സാക്ഷാൽ ജോസഫ് മുണ്ടശ്ശേരിയായിരുന്നു യോഗങ്ങളിൽ ഒന്നിന്റെ

Digitized By Kerala Sahitya Akademi

അദ്ധ്യക്ഷൻ. ആ യോഗത്തിൽ ഒരു പേരെടുത്തപ്രഭാഷകനിൽനിന്നു് 'ഇന്ത്യാഗവണ്മെണ്ടിൻെറ സാഹിത്യ അക്കാദമി പിരിച്ചുവിടുകതന്നെ വേണം' എന്ന ഒരു പുതിയ ആശയം ഉദിച്ചുപൊങ്ങിപോലും. നമ്മുടെ മുണ്ടശ്ശേരിയെപ്പോലെ സമസ്തസാഹിത്യപരിഷത്തു് പിരിച്ചുവിടണമെന്നും പറഞ്ഞുനടന്നിരുന്ന കുറെ ആളുകളും ഈ രജതജൂബിലിക്കു ക്ഷണിക്കപ്പെട്ടിരുന്നതു് ജൂബിലി പ്രവർത്തകന്മാരുടെ സമഭാവനയിലായിരിക്കാം! അവർ മേല്പറഞ്ഞ പുതിയ ആശയത്തെ കൊണ്ടാടിയെങ്കിൽ അതിൽ അത്ഭുതമില്ലല്ലൊ.

ഇന്ത്യയിലെ സാഹിത്യങ്ങളേയും സാഹിത്യകാരന്മാരേയും ഗ്രന്ഥവിവർത്തനങ്ങൾകൊണ്ടു് തമ്മിൽ അടുപ്പിക്കുക എന്നതാണല്ലൊ സാഹിത്യ അക്കാദമിയുടെ പ്രധാനോദ്ദേശം. ഇതു ഭാരതീയ സാഹിത്യത്തിന്നു എങ്ങനെ ഹാനികരമാകുമെന്നു്, ഈ പിരിച്ചുവിടൽ പ്രസ്ഥാനക്കാരോടു് ആരും, അധൈര്യം കൊണ്ടായിരിക്കാം, ചോദിക്കുകയുണ്ടായില്ലാ. നമ്മുടെ എൻ.വി. കൃഷ്ണവാര്യർതന്നെയാണു്, ഈ പുതുമ പുറപ്പെടുവിച്ചതു്.

ഈ വകതിരിവില്ലാത്ത, കർമ്മപദ്ധതിയുമില്ലാത്ത പരിഷത്തിൻെറ ആജീവനാദ്ധ്യക്ഷത്വം എന്നെ വാസ്തവത്തിൽ ലജ്ജിപ്പിക്കുന്നുണ്ടു്. ഞാൻ രാജിവെച്ചു കൊള്ളട്ടെയോ?

താങ്കളുടെ യൂറോപ്പുപ്രസംഗങ്ങൾ പ്രായേണ ചരിത്ര വിഷയകങ്ങളായിരിക്കുമല്ലൊ. അവയിൽ കേരള ചരിത്രം വരുന്ന സന്ദർഭത്തിൽ, നമ്മുടെ കഥകളി–മോഹിനിയാട്ടങ്ങളെപ്പററി ഊന്നി സംസാരിക്കണമെന്നപേക്ഷ. ആ പ്രദേശത്തുകാൎക്കു് കാണാൻ കൊതി തോന്നണം: അതു നമുക്കു തുലോം അഭിമാനകരമാകുമല്ലൊ.

താങ്കൾ ന്യൂ ഡൽഹിയിൽവച്ചു് അഡ്മിനിസ്റ്റ്രേററർ ശ്രീ. റാവുവിനെ കാണുകയുണ്ടായോ? മെയ് 3–ാം തീയതി കാണുമെന്നു താങ്കൾ എന്നോടു പറഞ്ഞിരുന്നുവല്ലൊ. ഞാൻ ഒരു മെമ്മോറാണ്ഡം ഏപ്രിൽ 27–ാം നു- റാവുവിൻെറ കയ്യിൽ കൊടുത്തു. ശമ്പളക്കൂടുതലിന്നായി കലാമണ്ഡലഗ്രാൻറിൽ 9000 ക. കൂടി ചേർക്കണമെന്നാണു് അതിൽ അപേക്ഷിച്ചിട്ടുള്ളതു്. മറുപടി മെയ്മാസം കഴിയുന്നതിന്നുമുമ്പേ കിട്ടിക്കണമെന്നും ഞാൻ പറഞ്ഞിരുന്നു. എന്നാൽ ഇന്നുവരെ മറുപടി കിട്ടിയിട്ടില്ല. താങ്കൾ റാവുവിനു് ഒരു ചുട്ട എഴുത്തയയ്ക്കുന്നതുകൊള്ളാം. ആണ്ടുതോറും ഒരു ഒമ്പതിനായിരം ഉറുപ്പിക കൂടുതലായി കിട്ടാഞ്ഞാൽ കലാമണ്ഡലം ഭരണം ശരിക്കു നടക്കുകയില്ല. വാസ്തവത്തിൽ ജോലിക്കാരിൽ ആൎക്കും പോരാ, ഇപ്പോൾ കൊടുക്കുന്ന ശമ്പളം. എല്ലാവൎക്കും യഥാർഹം ശമ്പളം വർദ്ധിപ്പിക്കുകതന്നെ വേണം. ഇതുകൊണ്ടാണു്, ഇപ്പോൾ ആറായിരം നാഴിക ദൂരത്തിരിക്കുന്ന താങ്കൾ റാവുവിനെ ഒന്നു മുറുകി പിടിക്കേണമെന്നഭ്യർത്ഥിച്ചു് ഞാൻ ബുദ്ധിമുട്ടിക്കുന്നതു്; ക്ഷമിക്കണം.

അതിപ്രധാനവും അടിയന്തിരവുമായ കാര്യം ഒടുവിൽ എഴുതട്ടെ. എൻെറ ഒരു മരുമകനായ ഡാക്ടർ വി.ആർ. മേനോനെ ഞാൻ കലാമണ്ഡല രജതജൂബിലിപ്പന്തലിൽവച്ചു് താങ്കളെ തെല്ലൊന്നു പരിചയപ്പെടുത്തുകയുണ്ടായി. അയാളുടെ മിടുമിടുക്കനായ രണ്ടാമത്തെ മകൻ സി. മോഹൻദാസ് മെഡിക്കൽ കോളേജുകളിലൊന്നിൽ പ്രവേശനംകിട്ടാൻ ഉഴറുകയാ

Digitized By Kerala Sahitya Akademi

ണ്ട്. ഒറീസയിലെ കട്ടാക്ക് മെഡിക്കൽകോളേജിൽ പ്രവേശനം കിട്ടിക്കാൻ താങ്കൾക്ക് പ്രയാസമുണ്ടാവില്ലെന്നറിയുന്നു. അയാൾ അപേക്ഷ അയച്ചിട്ടുണ്ട്. ദയ ചെയ്ത് പ്രഥമസൗകര്യത്തിൽതന്നെ, ആ കോളേജിലെ അധികൃതന്നു് ഒരു ശുപാർശിക്കത്തയച്ച്, ഈ വിദ്യാർത്ഥിയെ സഹായിപ്പാൻ അപേക്ഷ; മററു കോളേജുകളിലൊന്നിൽ പ്രവേശിപ്പിച്ചാലും മതി.

ശ്രീ. റാവുവിന്നും കോളേജധികൃതന്നും ശുപാശിക്കത്തയച്ച വിവരം എന്നെ അറിയിപ്പാനും വൈകിക്കരുത്.

5000 ക. ഗ്രന്ഥകാരന്മാൎക്ക പങ്കിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും, ഈ സംഖ്യ ഒരൊററ ഉത്തമഗ്രന്ഥത്തിനു കൊടുപ്പാനുള്ളതാണെന്നും സാഹിത്യഅക്കാദമി സിക്രട്ടറി എന്നെ അറിയിച്ചിരിക്കുന്നു.

ശേഷം മറുപടിക്കുമേൽ.

സ്വന്തം
വള്ളത്തോൾ
*(കത്ത്നമ്പർ 194)*

# സഹായം തേടി

വള്ളത്തോൾ
സൗത്ത് അവന്യു

ന്യൂഡൽഹി
12-9-1956

പ്രിയ സുഹൃത്തെ,

ഞാൻ ഇന്നു വൈകുന്നേരം മദിരാശിക്കു മടങ്ങുകയാണ്. അവിടെ ചെന്നാലപ്പോൾ ശ്രീ. ഭാസ്കരമേനോനേയുംകൂട്ടി വരദരാജലുനായിഡുവിനെ കാണാം. എന്നാൽ അതുകൊണ്ടു മതിയായില്ലെങ്കിൽ താങ്കൾ ഒരു ചുട്ട ശുപാർശിക്കത്തു് അദ്ദേഹത്തിന്നയയ്ക്കണമെന്നാണ് കുട്ടികൃഷ്ണമേനോൻെറ ദൃഢാഭിപ്രായം. അതു നാളെത്തന്നെ ചെയ്യാനപേക്ഷ.

ഞാൻ ഇന്നു ശ്രീ. വി.ടി. കൃഷ്ണമാചാരിയെ കണ്ടു. അദ്ദേഹം ആസാദിനെ പ്രേരിപ്പിച്ചുകൊള്ളാമെന്നു് ഏററിട്ടുണ്ടു്. ആസാദ് കലാമണ്ഡലത്തെ പൂൎണ്ണമായും സഹായിച്ചുകൊള്ളാമെന്ന സന്ദേശത്തോടുകൂടി സിക്രട്ടറി കൃപാലിനിയെ എൻെറ അടുക്കലേക്കു് അയച്ചിരുന്നുവെന്നും, ഞാൻ മുഖദാവിൽ പറകയുണ്ടായല്ലൊ.

താങ്കൾ 19-ാം തീയതി ഇവിടെ തിരിച്ചെത്തിയാൽ കൃഷ്ണമാചാരിയേയും ആസാദിനേയും ഒന്നു കണ്ടു് ഈ കാര്യത്തിൽ ഒരു തീരുമാനം ചെയ്യിക്കണം. തുക മുഴുവൻ കിട്ടുമെന്നു നാം ആശിച്ചിട്ടില്ലെങ്കിലും പകുതിയെങ്കിലും കിട്ടാൻ വേണ്ടതൊക്കെ ചെയ്യിക്കണം.

ഞാൻ നവംബർ 6-ാംനു- സാഹിത്യ അക്കാദമിമീററിങ്ങിനു ചെല്ലുന്ന അവസരത്തിൽ 'മറുപടി' തരുവിക്കാമെന്നാണു ശ്രീ. കൃഷ്ണമാചാരി

Digitized By Kerala Sahitya Akademi

പിരിയുമ്പോൾ പറഞ്ഞതു്. നമുക്കു മറുപടിയല്ല, തുക സാംക്ഷനായ ഉത്തരവാണു കിട്ടേണ്ടതു്. ആ ഉത്തരവു് നവംബർ 6-ാം തിയ്യതിതന്നെ കയ്യിൽ കിട്ടുമാറാകണം.

പ്രധാനമന്ത്രിയുടെ സ്വന്തം സംഭാവന 50,000 ക.യാക്കിയിരിക്കുന്നു എന്നു് ഇന്നലെ രാത്രി സിക്രട്ടറി മത്തായി ഫോണിൽ എന്നെ അറിയിച്ചു. എത്ര അഭിനന്ദനീയം അദ്ദേഹത്തിന്റെ ഔദാര്യം.

ആചാരി ആസാദ് എന്നിവരെ കണ്ടു സംസാരിച്ച വിവരവും താങ്കൾ കാശ്മീരത്തേക്കു് എന്നു പോകുന്നു എന്ന വിവരവും അടങ്ങുന്ന ഒരു മറുപടി ചെറുതുരുത്തിക്കയയ്ക്കാൻ അമാന്തിക്കരുതു്.

ശ്രീ. രാഘവൻനായർ, പാറുക്കുട്ടി എന്നിവരോടു് എന്റെ കുശലാന്വേഷണം പറയുമല്ലൊ.

സ്വന്തം

വള്ളത്തോൾ

*(കത്തു് നമ്പർ 195)*

# നെഹ്റുവിന്റെ സംഭാവന

വള്ളത്തോൾ

കേരളകലാമണ്ഡലം

ചെറുതുരുത്തി

17-9-1956

പ്രിയ സുഹൃത്തെ,

ഞാൻ ഇന്നലെ ഇവിടെ എത്തിച്ചേർന്നു.

25,000 ക.യാണല്ലൊ നമ്മളോടു പ്രധാനമന്ത്രി സമ്മതിച്ചതു്. അതിന്നു നന്ദിപറയുന്നതും, അതു കലാമണ്ഡലത്തിൽ അത്യാവശ്യ കെട്ടിടം പണിക്കാക്കാമെന്നു കാണിച്ചതുമായ ഒരെഴുത്തു ഞാൻ അയച്ച വിവരം 11-ാംതീയതി രാത്രി താങ്കളെ അറിയിച്ചില്ലയോ? ഇല്ലെങ്കിൽ അതെന്റെ മറവികൊണ്ടാണു്. അന്നു നമ്മൾ തമ്മിൽ പിരിഞ്ഞു്, ഞാൻ പാർപ്പിടത്തിൽ തിരിച്ചെത്തിയപ്പോഴാണു്, സംഭാവന 50,000 ക. യാക്കിയിരിക്കുന്നുവെന്നും, പത്രങ്ങളിൽ പ്രസിദ്ധീകരിക്കാമെന്നും ശ്രീ. മത്തായി ഫോണിൽ വിളിച്ചു പറഞ്ഞതു്. ഇതിൽനിന്നു നാം ഊഹിക്കേണ്ടതു്, അത്യാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു് സംഖ്യ ഉപയോഗിക്കുന്നതു് അദ്ദേഹത്തിനു സമ്മതമാണെന്നല്ലേ? ഏതായാലും അടുത്ത ശനിയാഴ്ച, 22-ാം തീയതി ചേരാൻപോകുന്ന മാനേജിങ്ങ് കമ്മററിയിൽവെച്ചു് കാര്യം തീർച്ചപ്പെടുത്തും. അപ്പോഴേക്കു് 50,000 ക.യുടെ ചെക്കും വന്നുചേ

Digitized By Kerala Sahitya Akademi

സ്നേഹം. ഒരു മൂന്നു ദിവസത്തിനുള്ളിൽ അയയ്ക്കുമെന്നാണു മത്തായി ഫോണിൽ പറഞ്ഞതു്.

ശ്രീ. നെഹ്റുവിൻെറ ചോദ്യത്തിനു താങ്കൾ എന്തു മറുപടി പറഞ്ഞു? ഒരു നല്ല കഥകളിടീച്ചറെ 75 ക.യ്ക്കു കിട്ടുകയില്ലാ. ശമ്പളം കൂട്ടി കൊടുക്കാനും മററുമായി ഇപ്പോഴത്തെ ഗ്രാണ്ടിൽ 9600 ക.കൂടി ചേർക്കണമെന്ന ഒരു ഹരജി എസ്റ്റിമേററോടുകൂടി ശ്രീ. റാവുവിന്നയച്ചതിനു് 2000 ക.യേ സാങ്ഷനായിട്ടുള്ളു.

പ്ലാനിങ്ങ്കമ്മററിയിൽനിന്നു കിട്ടാൻപോകുന്ന (കിട്ടിയാലായി) സംഖ്യതന്നേയും ട്രസ്റ്റാക്കി നിർത്തണമെന്നല്ലാ എൻെറ അഭിപ്രായം; കലാമണ്ഡലത്തെ കോളേജാക്കി കീഴിൽ നൃത്തഹൈസ്കൂളുകൾ ഏർപ്പെടുത്തണമെന്നാണു്.

താങ്കൾ ഡെറാഡൂണിൽനിന്നും തിരിച്ചെത്തിയിട്ടു് അഞ്ചു ദിവസം ന്യൂഡൽഹിയിൽ താമസിക്കുമല്ലൊ. ആ ദിവസങ്ങളിലൊന്നിൽ ശ്രീ. വി. ടി. കൃഷ്ണമാചാരിയേയും മൗലാനാ ആസാദിനേയും ഒന്നമർത്തു പിടിച്ചാൽ, പത്തുലക്ഷമില്ലെങ്കിലും കുറെ ലക്ഷമെങ്കിലും കലാമണ്ഡലത്തിനു കിട്ടിയേക്കും. ഈ വിവരത്തിനും മററും ഒരെഴുത്തു ഞാൻ ഡൽഹിയിൽനിന്നും ഡറാഡൂണിലേക്കയച്ചിരുന്നു. അതനുസരിച്ചു് താങ്കൾ വരദരാജുലുനായിഡുവിനു് കത്തയച്ചിട്ടില്ലെങ്കിൽ ഉടനടി അയയ്ക്കണമെന്നപേക്ഷ. ഞാൻ 14-ാംതീയതി വൈകുന്നേരം നായിഡുവിനേയും ഭാസ്കരമേനോനേയും കാണാൻവേണ്ടി ഫോൺവിളിച്ചു. 'കാണേണ്ടതില്ലാ, ഹരജി മന്ത്രിസഭയിൽ ഒരാഴ്ചയ്ക്കുള്ളിൽ ആലോചനയ്ക്കു ചെല്ലും' എന്നാണു് ഇരുവരും മറുപടി പറഞ്ഞതു്.

മുമ്പു വള്ളത്തോൾഗ്രന്ഥാലയത്തിൽനിന്നയച്ച ഒരപേക്ഷയിൽ ആയിരം ഉറുപ്പിക സാങ്ഷനാക്കിയതായി ഒരു ഗവണ്മെണ്ടുത്തരവു്ഇവിടെ വന്നു കിടപ്പുണ്ടു്.

മഹാകവി കുറുപ്പു് എന്തു പറഞ്ഞു? സാഹിത്യ അക്കാദമി പിരിച്ചുവിടണമെന്ന പ്രസ്താവം പിൻവലിപ്പിക്കാമെന്നും, ഞാൻ അദ്ധ്യക്ഷസ്ഥാനത്തുനിന്നും ഒഴിയരുതെന്നുമാണു് അദ്ദേഹം എന്നോടു പറഞ്ഞതു്. ഇതനുസരിച്ചുതന്നെയോ, താങ്കളോടും പറഞ്ഞതു്?

വിവരങ്ങൾക്കൊക്കെ സദയം മറുപടി അയയ്ക്കുമല്ലൊ.

സ്വന്തം
വള്ളത്തോൾ
(*കത്തു്നമ്പർ 196*)

Digitized By Kerala Sahitya Akademi

## അക്കാദമിയെപ്പററി

വള്ളത്തോാം ചെറുതുരുത്തി
10-10-1956

പ്രിയ സുഹൃത്തെ,

താങ്കൾ ഇന്നു്, 10-ാംതീയതി തിരുവനന്തപുരത്തു് എത്തിച്ചേന്നിട്ടുണ്ടാവുമെന്നു് പത്രപ്രസ്താവത്തിൽ അറിഞ്ഞതുകൊണ്ടാണു് ഞാൻ ഈ കുറിപ്പെഴുതുന്നതു്.

ഞാൻ 13-ാംതീയതി ഉച്ചയ്ക്കു് എയറിൽ തിരുവനന്തപുരത്തു് എത്തിക്കൊള്ളാം. എന്നേയും സിക്രട്ടറിയായ ഗോപിയേയും ആർ, എവിടെ പാർപ്പിക്കുമെന്നറിഞ്ഞുകൂട. ഇന്നു ശ്രീ. ഗോസ്സരൻനായക്കു് (അഡൈ്വസറുടെ സിക്രട്ടറി) ഒരെഴുത്തയച്ചിട്ടുണ്ടു്. 13-ാംതീയതി ഉച്ചയ്ക്കു് വിമാനത്താവളത്തിലേക്കു് ഒരു സ്റ്റേററ്കാർ അയക്കണമെന്നും മററും—

കേരളസാഹിത്യ അക്കാദമിയുടെ സംഘടനയെപ്പററി പത്രങ്ങളിൽ വളരെവളരെ ആക്ഷേപങ്ങളുണ്ടു്. അവയ്ക്കു് അടിസ്ഥാനമുണ്ടെങ്കിൽ അക്കാദമി ഒരു പുനരാലോചന ചെയ്യേണ്ടയോ? ഇതിൽ താങ്കളുടെ ശ്രദ്ധ കാലേ പതിയുന്നതു നന്നായിരിക്കും.

ബാക്കിയെല്ലാം 13-ാം തീയതി കാഴ്ചയിൽ.

സ്വന്തം
വള്ളത്തോാം
*(കത്തു് നമ്പർ 197)*

## വിമാനയാത്ര

വള്ളത്തോാം 40 ഹൈറോഡ്
മദ്രാസു് 8
3-11-1956

പ്രിയ സുഹൃത്തെ,

ഞാൻ ഇന്നുരാവിലെ ഗോപിയോടുകൂടി ഇവിടെ വന്നുചേന്നതു് നാളെ രാവിലെ ഇവിടെനിന്നു ഡൽഹിക്കു വിമാനം കേറാമെന്നുദ്ദേശിച്ചാണു്. എന്നാൽ നാളെ പകൽ വിമാനത്തിൽ സീററു കിട്ടുകയില്ല. അതി

Digitized By Kerala Sahitya Akademi

നാൽ മററന്നാൾ 7 മണിക്കുള്ള വിമാനത്തിൽ മതിയെന്നു നിശ്ചയിച്ചു. മററന്നാൾ, തിങ്കളാഴ്ച, (5–ാംനു-) ഉച്ച തിരിഞ്ഞു് 3 മണിക്കു് ഞങ്ങൾ ന്യൂഡൽഹിയിൽ എത്തും. എത്തിയാൽ ഒന്നാമതായി വേണ്ടതു താങ്കളെ കാണുകതന്നെയാണു്.

ഞങ്ങളുടെ താമസം ജസ്റ്റീസ് ഗോവിന്ദമേനോന്റെ വസതിയിലായിരിക്കും. ഞാൻ മററന്നാളേ ഡൽഹിയിൽ എത്തൂ എന്ന വിവരം ശ്രീ. കൃപലാനിയെ ഫോൺവഴി അറിയിച്ചാൽ നന്നു്. ബാക്കി എല്ലാം കാഴ്ചയിൽ.

സ്വന്തം

വള്ളത്തോൾ

*(കത്തു് നമ്പർ 198)*

# വല്ലാത്ത മനോവേദന

വള്ളത്തോൾ

ചെറുതുരുത്തി
16-11-1956

പ്രിയ സുഹൃത്തെ,

ഞാൻ മിനിയാന്നു് അയച്ച എഴുത്തു് ഇന്നു താങ്കൾക്കു കിട്ടിയിരിക്കുമല്ലൊ.

ഇന്ത്യാവിദ്യാഭ്യാസവകുപ്പിൽനിന്നും ഇന്നിവിടെ കിട്ടിയ ഒരെഴുത്തിന്റെ നേർ പകർപ്പു് ഇതൊന്നിച്ചയയ്ക്കുന്നു. സംഗീതനാടക അക്കാദമിക്കു് അഭിപ്രായം പറയാനല്ലാതെ, സംഭാവനയുടെ തുക നിശ്ചയിപ്പാനും മററും അധികാരമില്ലെന്നു് അതിന്റെ അദ്ധ്യക്ഷനും സിക്രട്ടറിയും എന്നോടു പറയുകയുണ്ടായിട്ടുണ്ടു്.

താങ്കളും തീർത്തു പറയുകയുണ്ടായല്ലൊ, പ്ലാനിങ്ങ് വകുപ്പിൽനിന്നുള്ള സംഭാവനയുടെ കാര്യം തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും ഞാൻ ഇതിന്നായി ഇനി ആരേയും കാണേണ്ടതില്ലെന്നും. അങ്ങനെയിരിക്കെ ഈ കിട്ടിയ എഴുത്തു് എന്നെ എത്രയധികം സംഭ്രമിപ്പിക്കുകയില്ല? ഇനി ഞാൻ എന്തു ചെയ്യേണ്ടു? വല്ലാത്ത മനോവേദന!

താങ്കൾ ദയചെയ്തു സിക്രട്ടറി സെയ്യദിനെ ഇത്തിരിനേരം പിടിച്ചിരുത്തി, താങ്കൾ പറഞ്ഞമാതിരിയുള്ള ഓർഡർ അടുത്ത ആഴ്ചയിൽത്തന്നെ അയപ്പിക്കുമാറാകണം. മററു് ഉപായമൊന്നും ഞാൻ കണ്ടില്ല. അമാന്തിക്കരുതേ. മറുപടി കാത്തിരിക്കുന്നു.

സ്വന്തം
വള്ളത്തോൾ

Digitized By Kerala Sahitya Akademi

P·S· താങ്കാം പ്രധാനമന്ത്രിയെത്തന്നെ ഒന്നു കണ്ടാൽ കാര്യത്തിന്ന് അതേ നിമിഷത്തിൽ തീർച്ച വരും. അദ്ദേഹം ഓർഡർ അയപ്പിക്കും. യഥോചിതം പ്രവർത്തിക്കുക.

*(കത്ത് നമ്പർ 199)*

# ചിലരുടെ ആഗ്രഹം

വള്ളത്തോാം

ചെറുതുരുത്തി
10-1-1957

പ്രിയ സുഹൃത്തെ,

കഴിഞ്ഞ നവംബർ പത്താംതീയതിയാണല്ലൊ നമ്മാം ഡൽഹിയിൽ വച്ചു പിരിഞ്ഞതു്. അതിനുശേഷം ഞാൻ താങ്കാംക്കു് രണ്ടെഴുത്തുകളും ഒരു കമ്പിയും അയച്ചു. വിദേശയാത്രാവ്യഗ്രതകൊണ്ടായിരിക്കാം താങ്കാം അവയിൽ ഒന്നിനും മറുപടി അയയ്ക്കാഞ്ഞതു്.

താങ്കാം സുഖമായി പാരീസിൽ എത്തിയെന്നും ജോലിയിൽ പ്രവേശിച്ചു എന്നും കണ്ടിട്ടു ഞങ്ങാം സമാശ്വസിച്ചു.

ഇന്ത്യാഗവണ്മെണ്ടിൻെറ പ്ലാനിങ്ങ് വകയിൽനിന്നും ഒന്നും കലാമണ്ഡലത്തിനു കിട്ടിക്കഴിഞ്ഞിട്ടില്ല. സംഗീതനാടക അക്കാദമിയുടെ ആലോചനയിലിരിക്കുന്നുവെന്നാണു് സിക്രട്ടറി സയ്യദിൻ ഇപ്പോഴും എനിക്കെഴുതിയിരിക്കുന്നതു്. സംഗീതനാടക അക്കാദമിക്കു് അഭിപ്രായം പറയാമെന്നല്ലാതെ മററധികാരമൊന്നുമില്ലെന്നു ശ്രീ. രാജമന്നാരും പറയുന്നു. താങ്കാംക്കിതിൽ ഇനി വല്ലതും ചെയ്യാനുണ്ടോ? സയ്യദിന്നോ, പണ്ഡിററ് നെഹ്റുവിന്നുതന്നെയോ താങ്കാം ഒരു കത്തയച്ചാൽ പ്രയോജനമുണ്ടായേക്കാം; ആലോചിച്ചു് യഥോചിതം ചെയ്യുക.

ജവഹർലാൽജീ ഈ ജനുവരി ഒടുവിൽ മദിരാശിയിൽ വരുന്നുണ്ടത്രെ. അന്നവിടെവെച്ചു കാണാൻ ഞാൻ സമയം അഭ്യർത്ഥിച്ചിട്ടുണ്ടു്. അനുവദിച്ചാൽ അന്നു പോകേണമല്ലൊ. അതുകൊണ്ടു് 23-ാംനു- താങ്കളുടെ ജ്യേഷ്ഠന്റെ മകൻ ശ്രീ. ലളിതയെ വിവാഹം ചെയ്യുന്ന അടിയന്തിരത്തിനു ഞാൻ പോകയില്ലെന്നുവരാം. അടുത്തടുത്തു രണ്ടു മദിരാശിയാത്ര ഇത്തണുപ്പുകാലത്തു് എനിക്കപഥ്യമായിത്തീരും. ഇവിടങ്ങളിലെ തണുപ്പുതന്നെ എന്റെ ജലദോഷം വർദ്ധിപ്പിച്ചു ചുമപിടിപ്പിച്ചു; അതു രണ്ടുനാലു ദിവസമേ ആയുള്ളു മുക്കാലും ശമിച്ചിട്ടു്.

കേരളസാഹിത്യ അക്കാദമിയിൽ സിക്രട്ടറിയാക്കപ്പെടണമെന്നുംമററും ചിലർ ആഗ്രഹിക്കുന്നുണ്ടു്. ഈ അക്കാദമിയുടെ പ്രവർത്തനംതന്നെ എങ്ങനെയൊക്കെയാണെന്നു് എനിക്കറിഞ്ഞുകൂടാ. ശ്രീ. കെ. പി. കേശവമേനോനെക്കൂടി വൈസ്പ്രസിഡണ്ടാക്കിയിട്ടുണ്ടത്രെ.

Digitized By Kerala Sahitya Akademi

നമ്മുടെ ഗവർണർ ഡാക്റ്റർ രാമകൃഷ്ണറാവുവും അഡ്വൈസറും കഴിഞ്ഞ ഡിസംബർമാസത്തിൽ കലാമണ്ഡലം സന്ദർശിച്ചു സന്തോഷിക്കുകയുണ്ടായി. കലാമണ്ഡലത്തിൽ കെട്ടിടങ്ങൾ പണിയാൻ പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞിട്ടു മാസം രണ്ടുമൂന്നായി. എന്നാൽ മരാമത്തിന്റെ വട്ടം കാണാനില്ല. തിരുവനന്തപുരത്തു നടക്കുന്ന ഹൈക്കോർട്ടുബെഞ്ചു പ്രക്ഷോഭം അധികൃതന്മാരെ അസ്വസ്ഥരാക്കിയിട്ടുള്ളതാവാം, ഒരു കാരണം.

ശ്രീ.ഗൗരിയമ്മയും കുട്ടിയോടുകൂടിയ മകളും താങ്കളോടൊന്നിച്ചു പാരീസിലേക്കു പോന്നിട്ടില്ലേ? അവർക്കൊക്കെ സുഖംതന്നെയല്ലേ?

ഋഗ്വേദത്തിന്റെ മൂന്നാംവാല്യം ഫിബ്രുവരി ആദിയിൽ പുറത്താവും. അതെങ്ങനെ താങ്കൾക്കെത്തിക്കും? ഇന്ത്യാഗവണ്മെണ്ടിന്റെ വിദേശവകുപ്പു വഴിക്കയച്ചാൽ മതിയോ?

ദയചെയ്തു് വിവരങ്ങൾക്കൊക്കെ ഒരു മറുപടി അയച്ചു് എന്നെ തെല്ലൊന്നാശ്വസിപ്പിക്കുക.

മോസ്കോവിൽ ചികിത്സയ്ക്കു താമസിച്ചിരുന്ന ബാലകൃഷ്ണൻ (എന്റെ മൂത്തമകൻ) തിരിച്ചു ബോംബയിലെത്തിയിരിക്കുന്നു. 15-ാംനു- ഇവിടെ വന്നുചേരും. ചൊറി മുക്കാലും അരക്കാലും മാറിയിരിക്കുന്നു. എന്നാൽ ചില്ലറ ചില ഉപദ്രവങ്ങൾ ഇല്ലായ്കയില്ല. അയാൾ റഷ്യയിലേക്കു പോയിട്ടു് രണ്ടു കൊല്ലമായി എന്നറിയാമല്ലൊ. എന്നിട്ടും പൂർണ്ണാരോഗ്യം കിട്ടാഞ്ഞതു ഭാഗ്യദോഷംതന്നെ.

സ്വന്തം
വള്ളത്തോൾ
*(കത്തു് നമ്പർ 200)*

# പാത്രം സമ്മതിച്ചാലും പട്ടി സമ്മതിക്കില്ല

വള്ളത്തോൾ

കേരളകലാമണ്ഡലം
ചെറുതുരുത്തി
13-4-1957

D.O. 8/57

പ്രിയ സുഹൃത്തെ,

ഞാൻ ഇതിന്നുമുമ്പയച്ച എഴുത്തു താങ്കൾക്കു കിട്ടിയിരിക്കാം.

നമ്മുടെ പണ്ഡിററ് നെഹ്റുവിന്റെ സംഭാവനയായ 50,000 ക. താൽക്കാലികച്ചിലവുകൾക്കു് എടുക്കാമെന്നു് സമ്മതിക്കുന്ന ഒരെഴുത്തിന്നായി അഡ്വൈസർ ശ്രീ. രാമുണ്ണിമേനോൻ മത്തായിക്കു് ഒരു കത്തയച്ചിരുന്നു. എന്നാൽ ഒന്നരമാസം കഴിഞ്ഞിട്ടും മത്തായിയുടെ മറുപടി കിട്ടിയില്ലെന്നും, അതു കിട്ടാതെ മരാമത്തു തുടങ്ങിക്കൂടാ എന്നുമാണു്, രാമുണ്ണിമേനോൻ എന്നോടു നേരിട്ടു പറഞ്ഞതു്. ഈ ഏപ്രിൽ 5-ാം നു- അദ്ദേഹം അഡ്വൈസർസ്ഥാനം വിടുകയും കഴിഞ്ഞുവല്ലൊ. താങ്കൾ ഗവർണർ രാമ

Digitized By Kerala Sahitya Akademi

കൃഷ്ണറാവുവിന്ന് വല്ല കത്തും അയച്ചുനോക്കിയോ? ഈ അയ്മ്പതിനായിരംകൊണ്ട് അല്ലെങ്കിൽ, കമ്മിററിവക അയ്മ്പതിനായിരത്തോളം ഉറപ്പിക്കകൊണ്ട് മരാമത്ത് കഴിപ്പിക്കാമെന്ന് ഞാൻ ഗവർണരെ എഴുത്തുമുഖേന ധരിപ്പിക്കുകയുണ്ടായി. അതിന്നദ്ദേഹം മറുപടിയേ അയച്ചില്ല. 'പാത്രം സമ്മതിച്ചാലും പട്ടി സമ്മതിക്കില്ലെ'ന്നേ പറയേണ്ടു. കലാമണ്ഡലത്തിൻെറ തലയിലെഴുത്ത്!

ഗ്രാണ്ടിന്ന് സംഗീതനാടക അക്കാഡമിയെ സമീപിക്കണമെന്ന് കേന്ദ്രവിദ്യാഭ്യാസവകുപ്പിൽനിന്ന് രണ്ടുപേർ എനിക്കു കത്തയച്ചിട്ടുണ്ട്. ആ കത്തുകളെ ആദരിച്ചു എന്നു വരുത്താൻ മാത്രം സംഗീതനാടക അക്കാദമിക്ക് ഒരപേക്ഷ ഞാൻ അയച്ചിട്ടുമുണ്ട്. അതിന്ന് അവിടെനിന്നു മറുപടി കിട്ടിയിട്ടില്ല. ഇനി എന്താണു നാം ഇതിൽ ചെയ്യേണ്ടത്?

കഴിഞ്ഞ മാർച്ച് 22-ം 23-ം തീയതികളിൽ കേരളസാഹിത്യ അക്കാഡമിയുടെ യോഗങ്ങളിൽ സംബന്ധിപ്പാൻ ഞാൻ തിരുവനന്തപുരത്തു പോയിരുന്നു. ഗോപി, അവൻെറ അമ്മ എന്നിവരും കൂടെയുണ്ടായിരുന്നു. പോക്കുവരവിന്ന് എല്ലാ ഏർപ്പാടും ഗവൺമെണ്ട് ചെയ്തുവെച്ചിരുന്നതിനാൽ ബുദ്ധിമുട്ടൊന്നുമുണ്ടായില്ല. ഞങ്ങൾ ആലപ്പുഴയിൽ, പോകമ്പോൾ ഒരു പകലും പോരുമ്പോൾ ഒരു രാത്രിയും താമസിച്ചു. താങ്കളുടെ ജ്യേഷ്ഠൻെറ ഇളയ മകൻ, നവോഢയായ ലളിത മുതലായവരെ സസന്തോഷം കണ്ടു. അവർക്കെല്ലാവർക്കും സുഖംതന്നെ.

22-ാം ന- തിരുവനന്തപുരത്തു കേരളസാഹിത്യഅക്കാഡമിയുടെ യോഗത്തിൽവെച്ച് പ്രസിഡണ്ടിൻെറ സ്ഥാനം ശ്രീ. കേശവമേനോന്ന് ഏല്പിച്ചുകൊടുക്കുക എന്നതായിരുന്നു എൻെറ പ്രധാന കൃത്യം. ഓരോന്നിന്നായി ഓരോ കമ്മററിയെ ഏല്പ്പെടുത്തിയിട്ടുണ്ട്. ഇതൊക്കെ താങ്കൾ അറിഞ്ഞിരിക്കുമല്ലൊ.

പരിഷന്മാസികത്തിൽ താങ്കളുടെ ഗ്രീസുനാടക തർജ്ജമയെപ്പററി ഒരു നിരൂപണം (എ. ഡി. ഹരിശർമ്മ) കണ്ടു. ആ പുസ്തകം ഞാൻ കണ്ടില്ല. പരിഷത്തിൻെറ അദ്ധ്യക്ഷസ്ഥാനം ത്യജിച്ച എൻെറ കത്തിന്ന് രാജി സ്വീകരിച്ചതായ മറുപടി കിട്ടിയില്ലെങ്കിലും, ഞാൻ നിർദ്ദേശിച്ചതിന്മണ്ണം ആദ്ധ്യക്ഷം നമ്മുടെ മഹാകവിതന്നെ സ്വീകരിച്ചിരിക്കുന്നു എന്നു മാസികത്തിൻെറ പുറംകടലാസിൽനിന്നറിഞ്ഞത് എന്നെ സമാശ്വസിപ്പിച്ചു. ശ്രീ. കറുപ്പ് കാശ്മീരത്തെപ്പററി എഴുതിയ സരസഗംഭീരമായ ഉപന്യാസംവും പ്രസ്തുത ലക്കത്തിലുണ്ട്. അദ്ദേഹത്തേയും മററും ഞാൻ അക്കാഡമിയിൽവച്ചു കണ്ടു എന്നു പറയേണ്ടതില്ലല്ലൊ.

'ജാൻസിറാണിയുടെ ആത്മകഥ' എന്ന താങ്കളുടെ പുതിയ കൃതിയുടെ ഒരു കോപ്പി ഇന്നലെ മംഗളോദയത്തിൽനിന്നയച്ചു കിട്ടിയിട്ടുണ്ട്; പരമസന്തോഷം!

ഋഗ്വേദത്തിൻെറ മൂന്നാം വാല്യം താങ്കൾക്ക് ഏതുവഴിയായി അയക്കേണ്ടു? ഡൽഹി വിദേശവകുപ്പിലേക്കയച്ചാൽ മതിയോ?

കൊച്ചു പൈതലിനോടുകൂടിയ രാധ ഇപ്പോൾ എവിടെയാണ്?

സ്വന്തം
വള്ളത്തോൾ
*(കത്ത് നമ്പർ 201)*

Digitized By Kerala Sahitya Akademi

# ഒരു അഭിലാഷം

വള്ളത്തോൾ | ചെറുതുരുത്തി
6-7-1957

പ്രിയ സുഹൃത്തെ,

കലാമണ്ഡലത്തിന്റെ കാര്യം ഇത്തിരി മുന്നോട്ടുപോയിട്ടു മതി താങ്കൾക്കു മറുപടി എഴുതുക എന്നു കരുതിയാണ്, ഇത്രയും താമസിച്ചതു്. അപ്പോഴേക്കു താങ്കളുടെ 26-6-57-ലെ കത്തും വന്നുചേർന്നു.

കലാമണ്ഡലം ഗവണ്മെണ്ടു് ഏറ്റെടുത്താൽ അതിനെ ജനിക്കാൻ പോകുന്ന സംഗീതനാടക അക്കാഡമിയുടെ കീഴിലാക്കരുതു് എന്നൊരു തിരഭിപ്രായമേ ഞാൻ അധികൃതരെ അറിയിച്ചുള്ളു. നേരെ മറിച്ചു് അക്കാഡമി കലാമണ്ഡലത്തിന്റെ ഒരു മുതൽപിടിക്കാരനായി നിൽക്കുകയേ പാടുള്ളു എന്ന എന്റെ അഭിലാഷം ഇപ്പോഴത്തെ കേരളഗവണ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. കലാമണ്ഡലത്തെ കോളേജാക്കാമെന്നു ഗവണ്മെണ്ടു സമ്മതിച്ചിരിക്കുന്നു. അതിന്നു വേണ്ടുവോളം കെട്ടിടങ്ങൾ പണിയാൻ ഉത്തരവും കൊടുത്തിരിക്കുന്നു. ഇന്ത്യാപ്രധാനമന്ത്രിയുടെ സംഭാവനയായ 50,000 ക.യിൽ പോരാത്തതു് ഗവണ്മെണ്ടിൽനിന്നെടുക്കും. ഇതൊക്കെ കലാമണ്ഡലത്തിന്റെ മാനേജിങ്ങ് കമ്മററിയോടു് ആലോചിച്ചു ചെയ്തതല്ല. ഉയർത്താനാണല്ലൊ പ്രാരംഭം എന്ന വിചാരംകൊണ്ടായിരിക്കാം, മെമ്പർമാരിൽ ആരും മറിച്ചു പറകയുണ്ടായില്ല.

ജവഹർലാൽജിയുടെ 50,000ക. താൽക്കാലികാവശ്യങ്ങൾക്കെടുക്കാനാണെന്നു് അദ്ദേഹം എന്നോടു മദിരാശിയിൽവെച്ചു പറഞ്ഞതു് രേഖപ്പെടുത്തി കിട്ടാൻ മുൻ അഡ്വൈസർ നമ്മുടെ കെ. രാമുണ്ണിമേനോൻ ഐ. സി. എസ്. ശ്രമിച്ചിട്ടു ഫലച്ചില്ലാ. അദ്ദേഹം ശ്രീ. മത്തായിക്കയച്ച എഴുത്തിന്നു ഒന്നരമാസം കഴിഞ്ഞിട്ടും മത്തായി മറുപടി അയച്ചില്ലത്രെ അതിനാൽ ഞാൻ നേരിട്ടു പണ്ഡിററ് നെഹറുവിനു് എഴുതേണ്ടിവന്നു. അപ്പോൾ അനുമതിയും കിട്ടി.

എന്നാൽ മരാമത്തു് മൂന്നുമാസത്തിനുള്ളിൽ കഴിയണമെന്നു് ഉത്തരവയച്ചിട്ടും അതിന്റെ പ്രാരംഭമൊന്നും കണ്ടു തുടങ്ങിയിട്ടില്ല. അധികൃതന്മാർക്കു് അത്ര തിടുക്കമൊന്നും ഉണ്ടാവില്ലല്ലൊ.

ഝാൻസിറാണി വായിക്കുകയാണു ഞാനിപ്പോൾ. സുഖമായി വായിച്ചുപോകാവുന്ന ഒരു സുകുമാരപ്രബന്ധം. സരളകോമളങ്ങളായ വാക്യങ്ങൾ താങ്കളുടെ ഈ കൃതിയിൽ കൊച്ചുകിടാങ്ങൾ വീട്ടുമുററത്തെന്നപോലെ പിച്ചനടക്കുന്നു.

താങ്കളുടെ തർജ്ജമനാടകം രണ്ടും ഇവിടെ കിട്ടിയിട്ടില്ല.

'താങ്കൾ ഒന്നരണയുള്ള അന്തർദേശീയപത്ര'ത്തിലാണല്ലൊ എന്ന

Digitized By Kerala Sahitya Akademi

ക്ക് എഴുത്തുകൾ അയയ്ക്കുന്നതു്. അതു് ഏതു വഴിക്കാണു്? ഋഗ്വേദത്തിന്റെ മൂന്നാം വാല്യം ആ വഴി അയച്ചാൽ താങ്കൾക്കു കിട്ടുമോ? ഡൽഹിയിൽ ശ്രീ. എൻ. ആർ. പിള്ളയുടെ ഡിപ്പാർട്ടുമെണ്ടിൽ എത്തിച്ചാൽ മതിയോ? സദയം ഒരു നിർദ്ദേശം തരിക. ലിയർനാടകം വായിക്കാൻ കൊതിച്ചിരിക്കയാണു്.

സ്വന്തം
വള്ളത്തോൾ
(കത്തു്നമ്പർ 202)

# സ്വപ്നം സാക്ഷാത്കരിക്കുന്നു

വള്ളത്തോൾ

ചെറുതുരുത്തി
12-10-1957

പ്രിയ സുഹൃത്തെ,

ഒരു മൂന്നു മാസത്തിൽ പുറമായി താങ്കൾക്കൊരെഴുത്തെഴുതാൻ ഞാൻ ശ്രമിച്ചുതുടങ്ങിയിട്ടു്. സമയം കിട്ടിയില്ലാ; ഇപ്പോഴും കിട്ടിയെന്നു പറഞ്ഞുകൂടാ. എന്നാലും നാലുവരി എഴുതാതിരിപ്പാൻ മനസ്സു സമ്മതിക്കുന്നില്ലാ.

ഋഗ്വേദത്തിന്റെ മൂന്നാം വാല്യം കഴിഞ്ഞ ജൂൺ മാസത്തിൽ ശ്രീ. എൻ. ആർ. പിള്ളയുടെ വകുപ്പിലേക്കു് ഒരാൾപക്കൽ കൊടുത്തയച്ചതു് അക്കാലത്തുതന്നെ താങ്കൾക്കു കിട്ടിയിരിക്കും. നാലാം വാല്യത്തിന്റെ അച്ചടി പകുതിയിലേറെയായി; അടുത്ത ഡിസംബറിൽ മുഴുമിച്ചേക്കും. അച്ചടിച്ചിലവിലേക്കു് ആദ്യം കണ്ട എസ്റ്റിമേറ്റൊന്നും പര്യാപ്തമായില്ലാ. അതിനാൽ ഒന്നും രണ്ടും വാല്യങ്ങൾ കഴിവുള്ളവരേക്കൊണ്ടു് വാങ്ങിപ്പിക്കാൻ പുസ്തകമാറാപ്പുമായി ഞാൻതന്നെ അവിടവിടെ ചുററി നടക്കേണ്ടി വന്നിരിക്കുന്നു. ഞാൻ പുറത്തുപോയാൽ നാലാം വാല്യത്തിന്റെ അച്ചടി മുടങ്ങും. പ്രസ്സ്പ്രൂഫ് ഞാൻതന്നെ വായിക്കുക പതിവാണു്. വായിക്കാഞ്ഞാൽ ആത്മപ്രത്യയം വരികയില്ലാ. തിമിരബാധമൂലം കണ്ണിന്റെ കാഴ്ച കുറഞ്ഞുകുറഞ്ഞും വരുന്നു.

ഈ കണ്ണുകൊണ്ടാണു് താങ്കളുടെ ഗ്രീക്കനാടകതർജ്ജമ ഒരിരിപ്പിൽ കൗതുകാതിരേകത്താൽ വായിച്ചുതീർത്തതു്. താങ്കളുടെ മററു തർജ്ജമനാടകങ്ങളിലൊന്നും എനിക്കു കിട്ടിയിട്ടില്ലാ. ഷേക്സ്പിയറുടെ ലിയർനാടകം തർജ്ജമചെയ്തതു് അച്ചടിച്ചില്ലയോ?

ഈ മാസം 3-ാംനു- മുതൽ 7-ാംനു-വരെ സാഹിത്യപരിഷൽസമ്മേളനം കോട്ടയത്തു കേമമായി നടന്നു. പ്രഥമയോഗത്തിന്റെ അദ്ധ്യക്ഷൻ ഞാനായിരുന്നു. എന്റെ പ്രസംഗം മുണ്ടശ്ശേരിമാസ്റ്ററെ ശുണ്ഠി പിടിപ്പിച്ചിരിക്കുന്നു; കൃഷ്ണവാരിയരെ അസുഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇവർ സാഹിത്യപരിഷത്തു പിരിച്ചു വിടണമെന്നും ഡൽഹിയിലെ സാഹിത്യ അക്കാഡമി പിരിച്ചുവിടണമെന്നും മററും പറഞ്ഞുനടന്നിരുന്നതിനെപ്പററി

Digitized By Kerala Sahitya Akademi

(ഇവരുടെ പേർ വെളിപ്പെടുത്താതെ) തെല്ലൊന്നു പരിഹസിച്ചിട്ടുണ്ട്. ഏഴെട്ടു കൊല്ലങ്ങൾക്കുമുമ്പെ, കമ്യൂണിസ്റ്റുപ്രവർത്തനം നടക്കുന്ന കലാമണ്ഡലം പൂട്ടിക്കളയണമെന്നു് കൊച്ചി അസംബ്ലിയിൽ മുണ്ടശ്ശേരി തട്ടിവിട്ടതും എന്റെ പ്രസംഗത്തിൽ വന്നിട്ടുണ്ടു്. എന്നാൽ ഈ പണ്ഡിതന്മാരിരുവരും, തങ്ങളെപ്പററിയാണു് വള്ളത്തോളിന്റെ ആക്ഷേപം എന്നു പറഞ്ഞു് മൂടുപടം നീക്കുകയാൽ, മുണ്ടശ്ശേരിയുടെ പത്രമായ നവജീവനിൽ എന്റെ പ്രസംഗം സമ്മേളനത്തെ അമംഗളമാക്കി എന്നും മററും ഒരു വിദ്വാൻ എഴുതിയിരുന്നു. ഞാൻ താങ്കളുടെ നിർദ്ദേശമനുസരിച്ചു് 195 ജൂണിൽ പരിഷൽകാര്യദർശിക്കു് രാജിക്കത്തയച്ചു; രാജി സ്വീകരിച്ചു എന്ന മറുപടി ഇന്നുവരെയുമില്ല. എങ്കിലും സ്ഥിരാദ്ധ്യക്ഷൻ മഹാകവി ജി. ശങ്കരക്കുറുപ്പ് എന്നു് പരിഷന്മാസികത്തിലും മററു ചിലതിലും അപ്പപ്പോളായി കണ്ടതുകൊണ്ടു് ഞാൻ ആശ്വസിക്കുന്നു, അർഹൻതന്നെയായല്ലൊ സ്ഥിരാദ്ധ്യക്ഷൻ എന്നു്.

ഞാൻ രാജിവെച്ചൊഴിഞ്ഞതു മുക്കാലേ അരയ്ക്കാലും നാട്ടുകാർ അറിഞ്ഞിട്ടില്ല. അതിനാൽ രാജിവെച്ചതെന്തുകൊണ്ടെന്നു് ആളുകളെ ധരിപ്പിക്കാൻ ചില പൂർവ്വകഥകൾ പറയേണ്ടിവന്നു. ഈ വാസ്തവം എന്റെ പ്രസംഗത്തിൽ ആദ്യമേ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്.

കലാമണ്ഡലത്തെ വിപുലീകരിക്കാൻ പുതിയ കേരളാഗവണ്മെണ്ടു് ശ്രമിച്ചു തുടങ്ങിയിട്ടുണ്ടു്. കാളേജാക്കാൻതന്നെയാണു ശ്രമം. അതിന്നു കെട്ടിടങ്ങൾ തീർപ്പിക്കാൻ പുറത്തു ഭൂമി അക്വയർ ചെയ്യിരിക്കുന്നു. 12,000 ക. വിലയ്ക്കുള്ള ഭൂമി വാങ്ങിക്കഴിഞ്ഞു.

കോട്ടയത്തുവച്ചു സാഹിത്യഅക്കാഡമിയുടെ മലയാളം അഡ്വൈസറി കമ്മററി യോഗമുണ്ടായി. ജോർജു് വന്നിരുന്നു. മെമ്പർമാരിൽ മുണ്ടശ്ശേരി ഉണ്ടായിരുന്നില്ല. അക്കാഡമിയുടെ പൊതുയോഗം ഡൽഹിയിൽവച്ചു് നവംബർ അവസാനത്തിൽ നടന്നേക്കുമെന്നു് ജോർജു് പറയുകയുണ്ടായി. അതിന്നു താങ്കൾ വരുമോ? വരുമെങ്കിൽതന്നെയും, തണുപ്പുകാലത്തു ഡൽഹിയിൽ വരാൻ എനിക്കു ധൈര്യമില്ല.

ഇന്ത്യാഗവണ്മെണ്ടിനു ഫിലിം എടുക്കാൻ കഥകളിയോഗത്തോടുകൂടി ഈ മാസം 16-ാംനു- ഞാൻ ബോംബെയ്ക്കു പോകും; തിരിച്ചെത്താൻ ഒരു മാസത്തോളം താമസം പററാം.

എന്റെ ബോംബെ മേൽവിലാസം:

C/o Films Division
Ministry of Infermation and Broad Casting
24, Peddar Foad
Bombay-26.

സ്വന്തം
വള്ളത്തോൾ
(കത്തു് നമ്പർ 203)

O

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi